# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 12, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 12, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

541/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....28
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....28
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...77

II അടിയന്തരപ്രമേയം

കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി
(അവതരണാനുമതി നിഷേധിച്ചു) ...388

III ശ്രദ്ധ ക്ഷണിക്കൽ

1. പുനരുദ്ധാരണ പാക്കേജ് —
   ശ്രീ. ആർ. രാമചന്ദ്രൻ ...405
2. ഇതര സംസ്ഥാന തൊഴിലാളിക്ഷേമം—
   ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...409

IV പ്രത്യേക പരാമർശം

ജാഗ്രതാ നിർദ്ദേശം
പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...414

V സബ്മിഷൻ

1. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി —
   പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...415
2. കുടുംബ കോടതി—
   ശ്രീ. കെ. ആൻസലൻ ...417
3. അദ്ധ്യാപകന്റെ മരണം—
   ശ്രീ. കെ. സി. ജോസഫ് ...418
4. വിദ്യാർത്ഥിനിയെ മർദ്ദിച്ച സംഭവം—
   ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ...420

പേജ്

5. പട്ടയ വിതരണം —

ശ്രീ. സി. കെ. ഹരീന്ദ്രൻ ...421

6. താലൂക്ക് ആശുപത്രി വികസനം—

ശ്രീ. ഇ. കെ. വിജയൻ ...423

7. കിടത്തി ചികിത്സ—

ശ്രീ. എൻ. ഷംസുദ്ദീൻ ...426

8. റോഡ് വികസനം—

ശ്രീ. ആർ. രാജേഷ് ...427

9. നെല്ല് സംഭരണം—

ശ്രീ. മുരളി പെരുനെല്ലി ...429

10. ടീച്ചിംഗ് ജോലി ഒഴിവാക്കൽ—

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...431

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...432

**VII റിപ്പോർട്ടു സമർപ്പണം**

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ
നാലും അഞ്ചും റിപ്പോർട്ടുകൾ ...432

**VIII ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...433

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

*2018 മാർച്ച് 12, തിങ്കൾ*

| വാല്യം 171] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 9 |
|---|---|---|

നിയമസഭ 2018 മാർച്ച് മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*241)

### പാലങ്ങളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും

1(*241) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 365 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതോ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തേണ്ടതോ ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാലങ്ങളുടെ പുനർനിർമ്മാണത്തിനുള്ള മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിനായുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; കിഫ്ബിയിൽ നിന്ന് ഇതിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സമയബന്ധിതമായി പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും പ്രത്യേക സംവിധാനമൊരുക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 370 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതോ പുനരുദ്ധാരണം നടത്തേണ്ടതോ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 162 പാലങ്ങൾ ഉടനടി പുനർനിർമ്മിക്കേണ്ടതാണെന്നും 208 പാലങ്ങൾ പുനർനിർമ്മാണമോ പുനരുദ്ധാരണമോ വേണ്ടിവരുമെന്നും അതിന് (ഹെവി മെയിന്റനൻസ്) ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്.

(സി) പുനർനിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 9 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റിലും 17 പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി മുഖേനയും നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്; അത് നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയവ പരിശോധിച്ചുവരുന്നു. ബാക്കിയുള്ള പുനർനിർമ്മാണം ആവശ്യമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായ പരിശോധന നടത്തി ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. കിഫ്ബി മുഖേന നടപ്പാക്കുന്ന പുനർനിർമ്മാണം ആവശ്യമുള്ള പാലങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) സമയബന്ധിതമായി പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുംവേണ്ട നടപടികൾ വകുപ്പുതലത്തിൽ സത്വരമായി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അപകടാവസ്ഥയിലായ പാലങ്ങളുടെ പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1806/2017/പൊ.മ.വ. തീയതി 1-12-2017 പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. റോജി എം. ജോൺ: സർ, അങ്ങിവിടെ സൂചിപ്പിച്ച ഉടൻ പുനർനിർമ്മാണം ആവശ്യമായ 162 പാലങ്ങളിൽ വളരെചുരുക്കം പാലങ്ങൾ മാത്രമാണ് ബഡ്ജറ്റ് മുഖാന്തരമോ കിഫ്ബി മുഖാന്തിരമോ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. മാത്രമല്ല, കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് വലിയ കാലതാമസം ഉണ്ടാകുന്നതിനാൽ പ്രത്യേകമായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പാലങ്ങളുടെ പുനർനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശ്രീ. ജി. സുധാകരൻ: സർ, ഇത്രയധികം പാലങ്ങളും കലുങ്കുകളും ഉള്ളതുകൊണ്ട് ഇതെല്ലാം ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല. കേരളത്തിൽ കഴിഞ്ഞ 100 വർഷമായി പാലങ്ങളുടെ അപകടാവസ്ഥ സംബന്ധിച്ച പഠനം ഒരു ഗവൺമെന്റും നടത്തിയിട്ടില്ല. പാലങ്ങൾ പണിയുകയും അതവിടെ കിടക്കുകയും ചെയ്യും. എന്നാൽ റോഡുകൾ കാലാവധിക്കുള്ളിൽ പണിയും. അതിനാണ് 2017 ജനുവരിയിൽ എഞ്ചിനീയർമാരെവച്ച് ഒരു കമ്മീഷനെ നിയമിച്ച് ഉത്തരവായത്. ആ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോഴാണ് ഈ വിവരങ്ങൾ കിട്ടിയത്. അതിന്മേൽ നടപടി സ്വീകരിക്കുകയാണ്. ഇപ്പോൾത്തന്നെ കേരളത്തിൽ 2529 പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുണ്ട്. അതിന്റെ ഏകദേശ ആസ്തി 30,000 കോടി രൂപയാണ്. അങ്ങ് പറയുന്ന കിഫ്ബി പ്രോജക്ടുകളും ബഡ്ജറ്റ് പ്രോജക്ടുകളും കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ചതടക്കം 25,000 കോടി രൂപയുടെ പ്രവർത്തനം ഇപ്പോൾ നടത്തേണ്ട തായിട്ടുണ്ട്. ഏതാണ്ട് 55,000 കോടി രൂപ ആസ്തി വരുന്ന ബൃഹത്തായ വർക്ക് ബജറ്റിൽ കൊണ്ടുവരാനാകില്ല. കിഫ്ബിയും ബഡ്ജറ്റും ആവശ്യമാണ്. പാലങ്ങളെല്ലാം പുനർനിർമ്മിക്കാനും പുനരുദ്ധരിക്കാനുമുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. ഏറ്റവും അപകടമുള്ള പാലങ്ങൾ ആദ്യമെടുക്കും. തീർച്ചയായും ഇക്കാര്യം ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. കമ്മീഷനെവച്ച് പഠനം നടത്തിയത് ഗൗരവമായ പ്രതിവിധി കണ്ടെത്താനാണ്.ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. ഏതാണ്ട് 370 പാലങ്ങൾ അപകടാവസ്ഥയിലാണ്. അത് ഗവൺമെന്റിന്റെ മുന്നിലുണ്ട്. ഇപ്പോൾ 89 പാലങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെ എടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, മധ്യകേരളത്തിലെ എം.സി. റോഡിൽ വളരെ പ്രധാനപ്പെട്ട പാലങ്ങളിൽ ഒന്നാണ് കാലടിപാലം. അവിടെ പുതിയ സമാന്തരപാലം നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിൽ വളരെക്കാലമായുണ്ട്. അതുസംബന്ധിച്ച് അങ്ങ് ഇതിനുമുമ്പ് മറുപടി പറഞ്ഞിട്ടുള്ളതുമാണ്. അതിന്റെ ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ വലിയ കാലതാമസം ഉണ്ടാകുന്നുണ്ട്. നമ്മൾ യോഗംകൂടി നിശ്ചയിക്കുന്ന സമയത്ത് തയ്യാറാക്കി കിട്ടാത്ത സാഹചര്യം നിലനിൽക്കുകയാണ്. അത് ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റിന്റെ മുമ്പാകെ ഉന്നയിക്കപ്പെട്ട പാലങ്ങളുടെ പുനർനിർമ്മാണത്തിൽ പ്രധാനപ്പെട്ട ഐറ്റമായിരുന്നു അത്. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ആവശ്യപ്പെട്ടതനുസരിച്ച് രണ്ടിൽ കുറയാത്ത യോഗങ്ങൾ ഞാൻ വിളിച്ചുകൂട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ നടക്കുകയാണ്. പെട്ടെന്ന് ഒരു പാലം നിർമ്മിക്കുന്നതുപോലെ ഡിസൈൻ

ചെയ്യാൻ പറ്റില്ല. അത് വളരെ കോംപ്ലിക്കേറ്റഡായ ഡിസൈനാണ്. ഡിസൈൻ നടക്കുന്നുണ്ട്; പാലം പുനർനിർമ്മിക്കാൻ തന്നെയാണ് തീരുമാനം, ശാസ്ത്രീയമായ കാര്യങ്ങൾ അവർക്ക് വിട്ടുകൊടുക്കുന്നുണ്ട്. അനാവശ്യമായ കാലതാമസം ഉണ്ടാകാൻ പാടില്ലെന്ന് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കിഫ്ബിയിൽ വന്ന പ്രൊപ്പോസലും സർക്കാരിന്റെ ബഡ്ജറ്റിൽ വന്നിട്ടുള്ള പ്രൊപ്പോസലും ചേർത്ത് പാലങ്ങളുടെ പ്രാഥമിക കാര്യമായ ഡിസൈൻ തയ്യാറാക്കുന്നത് വർഷങ്ങളായി DRIQ (Design, Research, Investigation and Quality)-ൽ കെട്ടിക്കിടക്കുകയാണ്. ഇത് ലഘൂകരിച്ച് സമയം ലാഭിക്കുന്നതിനുവേണ്ടി സ്വകാര്യ ഏജൻസികളല്ലാത്ത പ്രധാനപ്പെട്ട സർക്കാർ ഏജൻസികളെയും മറ്റ് ഏജൻസികളെയും ഏൽപ്പിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; കൂടാതെ പത്തിരുപത് വർഷങ്ങൾ മുമ്പ് നിർമ്മിച്ച പാലങ്ങളിൽ 60 ശതമാനവും വളരെ വീതി കുറഞ്ഞ പാലങ്ങളാണ്. പല സ്ഥലങ്ങളിലും റോഡിന്റെ വീതി കൂടിയപ്പോൾ പാലങ്ങൾ ബോട്ടിൽനെക്കായി മാറിയിരിക്കുന്നു. പഴയ പാലങ്ങൾ പുനർനിർമ്മിക്കുന്നതോടൊപ്പം വീതി കുറഞ്ഞ പാലങ്ങൾ വീതി കൂട്ടുന്നതിനുവേണ്ടിയുള്ള സംരംഭത്തിന് മുൻഗണന നൽകുമോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രസക്തമായ ചോദ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. അതിൽ ആദ്യം ഉന്നയിച്ച പ്രശ്നം നമ്മളായിത്തന്നെ എല്ലാം ചെയ്യാൻ കഴിയുമോ, മറ്റ് ഗവൺമെന്റ് ഏജൻസികളെ ഏൽപ്പിക്കണമോ എന്നുള്ളതാണ്. അക്കാര്യം നമുക്ക് ചർച്ചചെയ്യാം. പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്കുള്ള അറിവും നിരീക്ഷണവും ഉണ്ടാകുമെന്നുള്ള ഉറപ്പിൽ അക്കാര്യം ആലോചിക്കാം. മറ്റൊരുകാര്യം, നമുക്ക് എഞ്ചിനീയർമാർ ഇല്ലെന്നുള്ളതാണ്. 25,000 കോടി രൂപയുടെ വർക്ക് ഏറ്റെടുത്തപ്പോൾ പഴയ സിസ്റ്റം അനുസരിച്ച് 500 അസിസ്റ്റന്റ് എഞ്ചിനീയർമാരും 500 ഓവർസിയർമാരും ആവശ്യമാണ്. പി.എസ്.സി. വഴി നിയമിക്കാൻ കാലതാമസമുണ്ടാകും. ഇക്കാര്യം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുമുണ്ട്. ഇത്രയും ജീവനക്കാരില്ലാതെ ബൃഹത്തായ ഈ വർക്ക് ഏറ്റെടുക്കാൻ കഴിയില്ല. അതുസംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെയും തീരുമാനം എടുത്തിട്ടില്ല. തീർച്ചയായും നല്ല ഗവൺമെന്റ് ഏജൻസികൾക്ക് പി.ഡബ്ല്യു.ഡി.-യുടെ അനുവാദത്തോടെ വർക്ക് കൊടുക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ല. കാര്യങ്ങൾ ഭംഗിയായി നടക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് ബലക്ഷയംകൊണ്ട് ഗതാഗത യോഗ്യമല്ലാതായ പാലങ്ങൾക്കുപകരം പുതിയ പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഈ പാലങ്ങളിൽ ചെടികളും മറ്റും വളരുകയും തട്ടുകടകളും അതുപോലുള്ള ചെറിയ സ്ഥാപനങ്ങളും വരികയും വേസ്റ്റ് പുഴയിലേയ്ക്ക് വലിച്ചെറിയാനുള്ള തുരുത്തായി

മാറിയിരിക്കുകയുമാണ്. ഉപയോഗശൂന്യമായ പാലങ്ങൾ പൂർണ്ണമായും പൊളിച്ചു മാറ്റാനുള്ള നടപടി സ്വീകരിക്കുമോ? പല സ്ഥലങ്ങളിലും പാലങ്ങളോടുചേർന്നുള്ള ഫുട്പാത്ത് കേടാകുകയും ആളുകൾ നടന്നുപോകുമ്പോൾ അപകടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ട് പാലങ്ങളോടുചേർന്നുള്ള ഫുട്പാത്തുകളുടെ സ്ലാബുകൾ മാറ്റി അവ നന്നാക്കാനുള്ള നടപടി സ്വീകരിക്കുമോ; ഉപയോഗശൂന്യമായ പാലങ്ങൾ അനാവശ്യ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്; നടപടികൾ സ്വീകരിച്ചുവരുന്നെങ്കിലും പൂർത്തിയായിട്ടില്ല. ശ്രീ. അനിൽ അക്കരയും ശ്രീ. വി. ഡി. സതീശനും സൂചിപ്പിച്ചപോലെ റോഡുകൾക്ക് വീതി കൂടിയപ്പോൾ പാലങ്ങൾ ബോട്ടിൽനെക്കായെന്നുള്ളത് വസ്തുതയാണ്. അതെല്ലാം മാറ്റാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ചില സ്ഥലങ്ങളിൽ കയ്യേറിയ ആളുകളെ ഒഴിപ്പിക്കലല്ലാതെ മറ്റ് വഴിയില്ല. സ്ഥലമില്ലാത്ത ഇടങ്ങളിൽ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ കുറച്ച് പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഇതെല്ലാംകൂടി വന്നെങ്കിൽ മാത്രമേ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാകുകയുള്ളൂ. നല്ല പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോട്ടപ്പുറത്ത് 9 വർഷം കഴിഞ്ഞതിനുശേഷമാണ് പാലം ഓപ്പൺ ചെയ്തത്. ഞാൻ അവിടെ സന്ദർശിച്ചപ്പോഴാണ് അവിടത്തെ പ്രശ്നം മനസ്സിലായത്. ഉടൻതന്നെ മനോഹരമായ ആ പാലം പൂർത്തീകരിക്കുകയും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇപ്പോൾ നിർമ്മിക്കുന്നതെല്ലാം അതിമനോഹരമായ പാലങ്ങളാണ്. അത്തരത്തിലൊരു പാലം ആലുവ എം.എൽ.എ.-യുടെ മണ്ഡലത്തിലും ഉദ്ഘാടനം ചെയ്തു. എഞ്ചിനീയറിംഗിന്റെ ഏസ്റ്റെറ്റിക് സർവ്വേ ഇടയ്ക്ക് ഉപേക്ഷിച്ചിരുന്നു. ഇപ്പോൾ അത് പൂർണ്ണമായും തിരിച്ചുവരികയാണ്. ഈ ഗവൺമെന്റ് വന്നിട്ട് 21 മാസമല്ലേ ആയിട്ടുള്ളൂ. എല്ലാവരുടെയും സഹകരണമുണ്ട്. എല്ലാ തരത്തിലുള്ള കയ്യേറ്റങ്ങളും ഒഴിപ്പിച്ചേ മതിയാകൂ. രാഷ്ട്രീയ പാർട്ടികളും യൂണിയനുകളും കയ്യേറ്റക്കാരെ സഹായിക്കാൻ പാടില്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. വർഷങ്ങളായുള്ള കയ്യേറ്റക്കാർക്ക് എന്തെങ്കിലും കോമ്പൻസേഷൻ കൊടുക്കേണ്ടിവരും. പൈസ കിട്ടുമെന്നറിഞ്ഞ് ഇപ്പോൾ കയ്യേറ്റം നടത്തുകയാണ്. അതൊന്നും അംഗീകരിച്ചു കൊടുക്കരുത്. അതോടൊപ്പം പി.ഡബ്ല്യു.ഡി.-യുടെ സ്ഥലം മുഴുവൻ നമുക്ക് കിട്ടണം. അമ്പലപ്പുഴ-തിരുവല്ല റോഡ് വീതി കൂട്ടിയപ്പോൾ ഇത്രയും വീതിയുണ്ടായിരുന്നോയെന്ന് അത്ഭുതപ്പെടുകയാണ്. പുതിയ ടെക്നോളജിയും പുതിയ രീതിയും പുതിയ നിർമ്മാണവും വന്നു. സഭയുടെയും ജനങ്ങളുടെയും മൊത്തം പിന്തുണ ഉണ്ടെന്നുള്ളത് സന്തോഷകരമാണ്. എങ്കിലും ചില ബോട്ടിൽനെക്ക്സും ഹർഡിൽസുമുണ്ട്. അത് ചില നിക്ഷിപ്ത താല്പര്യക്കാർക്ക് വിഷമം ഉണ്ടാകുമെങ്കിലും ജനങ്ങൾക്ക് സന്തോഷകരമാണെന്നുള്ളതുകൊണ്ട് നടപടി സ്വീകരിക്കും.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, സംസ്ഥാനത്ത് ധാരാളം പൈതൃകവും ചരിത്രവും ഉൾക്കൊള്ളുന്ന സംസ്ഥാന ഗവൺമെന്റിന്റെ പട്ടികയിൽപ്പെടുന്ന പുരാതനമായ ധാരാളം പാലങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച വെണ്ടുരുത്തി പാലം. അതിന് ബലക്ഷയം ഉണ്ടാകുകയും അപകടാവസ്ഥ യിലാകുകയും ചെയ്തപ്പോൾ നാവികസേനയുടെ സഹായത്തോടെ പുതിയ പാലം പണിയുകയുണ്ടായി. അതാണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള ഈ പാലം ഉപയോഗശൂന്യമായ സാഹചര്യത്തിൽ അതിന്റെ ഡ്യൂറബിലിറ്റി ടെസ്റ്റ് നടത്തി ഗതാഗതയോഗ്യമാക്കാൻ സാധിക്കുമോ; അല്ലെങ്കിൽ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചതായതുകൊണ്ട് ഹെറിറ്റേജ് പ്രോപ്പർട്ടിയായി സംരക്ഷിക്കാൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, പഴയ പാലങ്ങളെ സംബന്ധിച്ചുള്ള രണ്ട് കാര്യങ്ങളും പ്രതിപക്ഷത്തുനിന്ന് ഉന്നയിച്ചുകഴിഞ്ഞു. മോശമായതെല്ലാം ഡിസ്മാന്റിൽ ചെയ്യുന്നതിനോട് യോജിക്കുകയാണ്. അതേസമയം ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പുരാതനമായ ചില പാലങ്ങളെ സംരക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്. വെണ്ടുരുത്തി പാലവും അക്കൂട്ടത്തിൽ പരിഗണിക്കാം.

<u>ശ്രീ. കെ. ജെ. മാക്സി:</u> സർ, കൊച്ചി തുറമുഖത്തേയ്ക്ക് വരുന്ന രണ്ട് പഴയ പാലങ്ങളാണ് ഹാർബർ പാലവും വെണ്ടുരുത്തി പാലവും. വെണ്ടുരുത്തിപ്പാലത്തിന് സമാന്തരമായി റെയിൽവേയും മറ്റും പണിത രണ്ട് പാലങ്ങളുണ്ട്. പഴയ പാലം റെയിൽവേ പൊളിച്ചുമാറ്റി. അത് കൊച്ചിയിൽ വലിയ വാർത്തയായിരുന്നു. അടുത്ത പാലവും പൊളിക്കുമെന്നുള്ള ആശങ്ക ജനങ്ങൾക്കുണ്ട്. രണ്ട് പാലങ്ങളും പൊതുമരാമത്തിന്റെ കീഴിലാണ്. അത് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ആ പാലം സംരക്ഷിക്കുന്ന കാര്യം പരിഗണിക്കാം. അതിനെപ്പറ്റി അടിയന്തരമായിത്തന്നെ റിപ്പോർട്ട് വാങ്ങി വേണ്ടത് ചെയ്യാം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പാലങ്ങളെക്കുറിച്ച് പഠിക്കാൻ നടത്തിയ തീരുമാനം നല്ലതാണ്. പ്രസ്തുത ലിസ്റ്റിൽ ആദ്യമുള്ളത് എന്റെ നിയോജകമണ്ഡലത്തിലെ തിരുവനന്തപുരം-പൊൻമുടി റോഡിലുള്ള ചിറ്റാർപാലമാണ്. അത് 1902-ൽ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ പാലമാണ്. 7.5 കോടി രൂപയുടെ നടപ്പാതയടക്കമുള്ള പുതിയ എസ്റ്റിമേറ്റ് നൽകിയതാണ്. പക്ഷേ ഔട്ട്പുട്ടായി അത് ശക്തിപ്പെടുത്താനുള്ള 16 ലക്ഷം രൂപയാണ് നൽകിയത്. ആളുകളെല്ലാം നടന്നുപോകുന്നത് ഇപ്പോഴും പാലത്തിലൂടെയാണ്. പി.ഡബ്ല്യൂ.ഡി.-യുടെ പ്രധാനപ്പെട്ട പാലങ്ങളിലെല്ലാം സമാന്തരമായി നടപ്പാതകൾ ഉണ്ടാക്കാൻ വലിയ കോസ്റ്റൊന്നും

വേണ്ട. 30-40 ലക്ഷം രൂപകൊണ്ട് പാലങ്ങൾക്ക് സമാന്തരമായി നടപ്പാത കൊണ്ടുവരാൻ സാധിക്കും. ചിറ്റാർ പാലമടക്കമുള്ള പാലങ്ങളിൽ സമാന്തരമായി നടപ്പാതകൾ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങുപറഞ്ഞ അതിമനോഹരമായി നിർമ്മിച്ചിട്ടുള്ള ആ പുതിയ പാലത്തിന്റെ ഉദ്ഘാടനത്തിന് ഞാനും വന്നിരുന്നു. നേരത്തെ ഉണ്ടായിരുന്ന പാലം വളരെ പ്രശസ്തരായ ബ്രിട്ടീഷ് എഞ്ചിനീയർമാർ നിർമ്മിച്ചതും സിംഹത്തിന്റെ രൂപത്തോടുകൂടിയതുമാണ്. അത് പൊളിച്ചു കളയാൻ തീരുമാനിച്ചിട്ടില്ല. അതിനാവശ്യമായ റിപ്പെയറിംഗും മെയിന്റനൻസും നടത്താൻ ഗവൺമെന്റ് തയ്യാറാണ്. അതിനായി പ്രൊവിഷൻ എന്തെങ്കിലും വച്ചിട്ടുണ്ടെങ്കിൽ, കൂടുതൽ തുക ആവശ്യമായി വന്നാൽ ഗവൺമെന്റ് നൽകാൻ തയ്യാറാണ്. അതിന്റെ ഡിസൈനും രൂപകല്പനയും വളരെ നല്ലതായതിനാൽ പുരാതന പാലങ്ങൾ സൂക്ഷിക്കുന്ന പട്ടികയിൽ നിലനിർത്താനാണ് ആഗ്രഹിക്കുന്നത്.

ശ്രീ. വി. ജോയി: സർ, പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ആർക്കിടെക്ചറും ഡിസൈനും കാലോചിതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. ധാരാളം ഒഴിവുകളുണ്ടെങ്കിലും അതിനാവശ്യമായ സാങ്കേതികമായ കാര്യങ്ങൾ ഇന്ന് വളരെ കുറവാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കൂടാതെ അമ്പല കമ്മറ്റികളും മറ്റ് മത സ്ഥാപനങ്ങളുമെല്ലാം നാഷണൽ ഹൈവേ അടക്കം കയ്യേറുന്നത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ആദ്യം ഉന്നയിച്ച കാര്യത്തോട് യോജിക്കുകയാണ്. അതിനുവേണ്ട നടപടികൾ ഗവൺമെന്റെടുക്കുന്നുണ്ട്. മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ ഒരു മാസത്തേക്കോ ആറുമാസത്തേക്കോ ഒരു വർഷത്തേക്കോ താൽക്കാലികമായി അധികാരത്തിൽ വരുന്ന ചില അമ്പല കമ്മിറ്റിക്കാർ അവിടെയുള്ള പ്രതിഷ്ഠയല്ല അവരാണ് ദൈവം എന്ന മട്ടിൽ നടക്കുന്നുണ്ട്. തിരുവനന്തപുരത്ത് വഴുതക്കാട്ടേയ്ക്ക് പോകുന്ന പ്രധാനസ്ഥലത്ത് റോഡിലാണ് ഒരു അമ്മൻകോവിൽ നിൽക്കുന്നത്. നമ്മൾ അതിൽ ഇടപെട്ടിരുന്നില്ല. എന്നാൽ പുതുതായി വന്ന അമ്പല കമ്മിറ്റിക്കാർ നടപ്പാതയും കഴിഞ്ഞ് റോഡിൽ 4 കോൺക്രീറ്റ് പില്ലറുകൾ ഇറക്കിയിരിക്കുകയാണ്. അവിടത്തെ കൗൺസിലറെയടക്കം വിളിച്ചുവരുത്തി അത് മാറ്റണമെന്ന് പറഞ്ഞു. മേയറും അത് മാറ്റണമെന്ന് പറഞ്ഞു. പോലീസ് വന്നപ്പോൾ അവരോട് ഒന്നും ചെയ്യേണ്ടെന്ന് ഞാൻ പറഞ്ഞു. എന്നാൽ ഇതുവരെ അത് മാറ്റിയിട്ടില്ല. തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാരാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതൊക്കെ തെറ്റാണ്. അതൊക്കെ ഞങ്ങളെടുക്കും. സർക്കാർ അതെല്ലാം എടുത്തുമാറ്റുമ്പോൾ ദൈവത്തിന്റെ പേരിൽ ആരും പ്രസ്താവനയിറക്കരുത്.

ദൈവത്തിന് ഒന്നും സംഭവിക്കുകയില്ല. ആലപ്പുഴ ബൈപ്പാസിൽ ഒരു ആൽമരം കാരണം ആറുമാസം പണി നടന്നില്ല. അവസാനം കളക്ടർ പൈസ പിരിച്ച് അത് മാറ്റേണ്ടിവന്നു. ഇതിനെ religious obscurantism എന്നുപറയും. കേരളത്തിൽ ഇത് അപൂർവ്വമായി നടക്കുന്നുണ്ടെങ്കിലും ഒറ്റക്കെട്ടായി നിന്നുകൊണ്ട് അത് മാറ്റിയെടുക്കണം. നമ്മളുടെ റോഡുകളിലല്ല, വളരെ പവിത്രമായ സ്ഥാനത്ത് ക്ഷേത്രം വയ്ക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. പണ്ടുമുതലുള്ള ക്ഷേത്രങ്ങൾ മാറ്റുന്നില്ല. എന്നാൽ പുതുതായി വച്ചതൊക്കെ മാറ്റും. അതിന് ഉദാഹരണമാണ് മാറ്റാൻ സമ്മതിക്കാതെ വച്ചിരിക്കുന്ന വഴുതക്കാട്ടുള്ള അമ്മൻകോവിൽ.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് വളരെ പോസിറ്റീവായ കാര്യമാണ്. പൊളിറ്റിക്കലായ ചില കൺസ്ട്രക്ഷനും നടന്നു കൊണ്ടിരിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യുടെ അനുവാദമില്ലാതെ ഏത് പൊളിറ്റിക്കൽ പാർട്ടി വെയിറ്റിംഗ് ഷെഡ്ഡുകളും മറ്റും നിർമ്മിച്ചാലും അവയും പൊളിച്ചുനീക്കലിന്റെ ഭാഗമായി വരണം. അങ്ങ് മന്ത്രിയായതിനുശേഷം 6 കോടി രൂപയുടെ പദ്ധതികൾ ഏതാണ്ട് എല്ലാവർക്കും തുല്യമായ രീതിയിൽത്തന്നെ ആദ്യ വർഷം കൊടുത്തത് വളരെ നല്ല കാര്യമാണ്. അതിനുശേഷം മെയിന്റനൻസ് ഫണ്ട് ഈ വർഷം വന്നു. പക്ഷെ മാർച്ച് 31-ഓടെ ഈ സാമ്പത്തികവർഷം തീരാൻപോകുകയാണ്. ഈ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ 10 കോടി രൂപയുടെ പ്രവൃത്തികൾ നിർദ്ദേശിക്കാൻ അങ്ങ് എം.എൽ.എ.മാരോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പത്തുകോടി രൂപയുടെ വർക്കുകൾ നിർദ്ദേശിക്കുകയും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥൻമാർ നല്ല രീതിയിൽത്തന്നെ എസ്റ്റിമേറ്റും മറ്റും ഗവൺമെന്റിന് സമർപ്പിക്കുകയുമുണ്ടായി. പക്ഷെ, മാർച്ച് 31-നുമുമ്പ് അതിന് ഭരണാനുമതി ലഭിച്ചിട്ടില്ലായെങ്കിൽ നടപ്പുവർഷം പുതിയ പദ്ധതികളൊന്നും അനുവദിക്കാത്ത വർഷമായി മാറും. ഏതാണ്ട് 1400 കോടി രൂപയുടെ പദ്ധതികൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് മാർച്ച് 31-ന് മുമ്പുതന്നെ അവയ്ക്ക് ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പി.ഡബ്ല്യു.ഡി.യുടെ അല്ലെങ്കിൽ ഗവൺമെന്റിന്റെ അധീനതയിലുള്ള ഗതാഗത സംവിധാനങ്ങൾക്കകത്ത് ഏത് തരത്തിലുള്ള edifice ഉണ്ടെങ്കിലും മാറ്റിയേ പറ്റൂ. അതിൽ കക്ഷിയോ രാഷ്ട്രീയമോ ജാതിയോ മതമോ ഇല്ല. അതിൽ ഉറച്ചുനിൽക്കുകയാണ്. ദേശീയപാത വരുമ്പോൾ ഇതൊന്നും തടസ്സമാകില്ല. എല്ലാവരും മാറ്റണം. പക്ഷെ പി.ഡബ്ല്യു.ഡി.യുടെ സ്വന്തം സ്ഥലം വരുമ്പോൾ കുറച്ച് വ്യത്യാസം വരും. പട്ടാളം വരുമ്പോൾ പേടിയാണ്, പക്ഷെ പോലീസിനെ പേടിയില്ലാ എന്നു പറഞ്ഞതുപോലെ. അത് കേരളത്തിന്റെ ഒരു സംസ്കാരമാണ്.

അത് ശരിയാവില്ല. രണ്ടാമത്തെ കാര്യം, ശരാശരി പത്ത് കോടി രൂപ വച്ച് സ്പെഷ്യൽ സാങ്ഷനുവേണ്ടി കൊടുത്തിട്ടുണ്ട്. ചെറിയ വ്യത്യാസമൊക്കെയുണ്ടാവും. കഴിഞ്ഞ തവണ ബഡ്ജറ്റിൽ 121 കോടി രൂപയുണ്ടായിരുന്നു. ബഡ്ജറ്റിൽ പണമില്ലാത്തതുകൊണ്ടാണ്, അല്ലാതെ സ്പെഷ്യൽ സാങ്ഷൻ നമുക്കാവശ്യമില്ല. പല കാരണങ്ങളാലും കമ്മി വർദ്ധിക്കാതിരിക്കാനാണ് അങ്ങനെ ചെയ്യുന്നത്. മുൻ ഗവൺമെന്റും അങ്ങനെ ചെയ്തിട്ടുണ്ട്. ഇത്തവണ നമ്മൾ പത്ത് കോടി രൂപ വച്ച് 1400 കോടി ചോദിച്ചിട്ടുണ്ട്. അത് നാല് മാസമായി ധനകാര്യ വകുപ്പിലുണ്ട്. അവർ ഇതുവരെ എതിരു പറഞ്ഞിട്ടില്ല. അവർ അനുകൂലിക്കുമെന്നും അതിലേയ്ക്ക് എത്തുമെന്നുമാണ് എന്റെ വിശ്വാസം. കഴിയുന്നതുവേഗം കിട്ടണമെന്നതാണ് നമ്മുടെ ആവശ്യം. അനുകൂലമായ മനോഭാവമാണ് കാണുന്നത്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u> സർ, അങ്ങ് റോഡ് സംരക്ഷണത്തിന് വളരെ താല്പര്യമെടുത്തിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ മുൻഭാഗത്ത് മണൽ പിടിച്ച വണ്ടികളും അതുപോലെ മറ്റ് നിലയിൽ പോലീസ് പിടിച്ച വണ്ടികളും റോഡിന്റെ ഇരുഭാഗത്തും കിടക്കുകയാണ്. ആളുകൾക്ക് നടന്നുപോകാൻ ഒരു മാർഗ്ഗവുമില്ല. അത് റോഡിൽനിന്നും മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, സർവ്വത്ര കാഴ്ചയാണ് കേരളത്തിൽ. കല്ല്, കട്ട, ഉരുപ്പടികൾ, തല്ലിപ്പൊളിഞ്ഞ വണ്ടികൾ, മണൽ എല്ലാം റോഡിലാണ് ഇട്ടിരിക്കുന്നത്. ആരുടെയും അനുവാദമില്ല. എല്ലാ സൗകര്യവുമുണ്ട്. ചില സ്ഥലങ്ങളിൽ ചില വീടുകൾ പണിയാൻ അകത്തോട്ട് കൊണ്ടുപോകാൻ സ്ഥലം കാണില്ല. അതുകൊണ്ട് അതിന് ഒരാഴ്ചത്തേയ്ക്ക് അനുവാദം കൊടുക്കും. പക്ഷേ എല്ലാം റോഡിലെ ഇട്ടു, നടപ്പാതയില്ല. നമ്മുടെ പൗരബോധത്തിന്റെ പ്രശ്നമാണിത്. അതീവ ഗുരുതരമായ പ്രശ്നമാണിത്. പോലീസ് പിടിച്ചെടുക്കുന്ന വണ്ടികളും റോഡിൽ കിടക്കുകയാണ്. ഇതിനെപ്പറ്റി പൊതുവായ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കണം. ഇത് മൊത്തത്തിൽ മാറ്റേണ്ടതായിട്ടുണ്ട്. പോലീസ് പിടിക്കുന്ന വാഹനങ്ങൾ ലേലം ചെയ്തുവിൽക്കാൻ പോകുന്നു എന്നുള്ള വാർത്ത കണ്ടു. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിലെല്ലാം മാറ്റം വരുത്തേണ്ടതാണ്. റോഡ് ഗതാഗതത്തിനുള്ളതാണ്. സഞ്ചാരം ഫണ്ടമെന്റൽ റൈറ്റാണ്. അതിന് തടസ്സമായി നിൽക്കുന്നതിനെ ശരിയായ രൂപത്തിൽ മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, കോഴിക്കോട്-കണ്ണൂർ ഹൈവേയിലെ മൂരാട് പാലംവഴി വടകര നിന്ന് കോഴിക്കോട് പോകാൻ 45 കി. മീറ്റർ ദൂരമുണ്ട്. മുക്കാൽ മണിക്കൂർ അല്ലെങ്കിൽ ഒരു മണിക്കൂറാണ് വേണ്ടത്. എന്നാൽ അതുവഴി കടന്നു

പോകാൻ രണ്ടര മണിക്കൂർ എടുക്കും. അവിടെ എല്ലാ വാഹനങ്ങളും വന്നു കുടുങ്ങുകയാണ്. ആ പാലത്തിലൂടെ ഒരു വാഹനത്തിനുമാത്രമേ പോകാൻ സാധിക്കുകയുള്ളൂ. മംഗലാപുരംവഴി വരുന്ന വാഹനങ്ങളൊക്കെ ആ പാലത്തിൽ എല്ലാ ദിവസവും രണ്ടര-മൂന്ന് മണിക്കൂർ ബ്ലോക്കായി കിടക്കുകയാണ്. അതിന് എന്തെങ്കിലുമൊരു പരിഹാരം കാണുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതിന് വളരെ നല്ലൊരു പരിഹാരം ഇപ്പോൾ ആയിക്കഴിഞ്ഞു. പുതിയ നാഷണൽ ഹൈവേ വന്നിട്ട് 50 വർഷക്കാലമായി. നമ്മൾ ഈ റോഡിൽക്കൂടി തന്നെയാണ് പോകുന്നത്. വാഹനം കൂടിയപ്പോഴാണ് ഈ പ്രശ്നം വരുന്നത്. രാത്രിയിലൊന്നും പ്രശ്നമുണ്ടാകുന്നില്ല. പലപ്പോഴും പകലാണ് പ്രശ്നങ്ങളുണ്ടാകാറുള്ളത്. ദേശീയപാത നാലുവരിയാക്കുമ്പോൾ ഈ പാലം മാറ്റി വേറെ പാലമുണ്ടാക്കണം. ദേശീയപാത പണിഞ്ഞുവരാൻ താമസിക്കുമെന്നതിനാൽ അതിനുമുമ്പുതന്നെ സ്റ്റാന്റ് എലോൺ പ്രോജക്ടായി മൂരാട് പാലവും അതിനടുത്തുള്ള പാലോളി പാലവുമെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിന് എഴുതുകയും ശ്രീ. നിതിൻ ഗഡ്കരി അത് സമ്മതിച്ച് സ്റ്റാന്റ് എലോൺ പ്രോജക്ടായി നിർമ്മിക്കാനുള്ള ഉത്തരവ് തരികയും ചെയ്തിട്ടുണ്ട്. ബാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചെയ്തുകൊള്ളും. ബഹുമാന്യനായ മെമ്പർ ശ്രീ. സി. കെ. നാണു ഇതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിച്ചതിന്റെ ഫലമായി ഞങ്ങൾ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി നേടിയെടുത്തതാണിത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, അപകടങ്ങൾ വന്ന് പാലങ്ങൾ നന്നാക്കുന്നതിനെക്കാൾ അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി കേടുവന്ന പാലങ്ങൾ മുൻകൂട്ടി നന്നാക്കാൻ അങ്ങെടുക്കുന്ന നടപടികൾ മാതൃകാപരമാണ്. അതുപോലെ കേരളത്തെ ഒന്നായി കണ്ടുകൊണ്ട് ഭരണ/പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലെയും റോഡുകൾ നന്നാക്കാനെടുക്കുന്ന നടപടികളും ശ്രദ്ധേയമാണ്. ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തേണ്ടതുണ്ട്. അധ്വാനഭാരവും റോഡുകളുടെ നീളവും വർദ്ധിച്ച സാഹചര്യത്തിൽ പഴയ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താത്തതുമൂലം കാലതാമസം വരുന്നുണ്ട്. അതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ? റോഡുകളും പാലങ്ങളും നന്നായ സാഹചര്യത്തിൽ വാഹനങ്ങളുടെ വേഗതയും എണ്ണവും വർദ്ധിച്ചതുകൊണ്ട് ധാരാളം അപകടങ്ങൾ സംഭവിക്കുന്നുണ്ട്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് അപകടങ്ങൾ ഒഴിവാക്കാൻ ആവശ്യമായ ഊന്നൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നിയോജകമണ്ഡലങ്ങളെ ഒരേതരത്തിൽ കാണണമെന്നാണ് നമ്മൾ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളത്. സമഗ്ര വികസനമാണ്. അതിന് കക്ഷിരാഷ്ട്രീയം നോക്കേണ്ടതില്ല. എവിടെയാണോ കുറവുള്ളത് അവിടെ

കൂടുതൽ കൊടുക്കേണ്ടിവരും. അതിനെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്. കാരണം ഒരു അസംബ്ലി മണ്ഡലവും ഒരു രാഷ്ട്രീയ പാർട്ടിയുടെയും കുത്തകയല്ല. അവിടെ ആരാണോ എം.എൽ.എ. അദ്ദേഹത്തിന് എതിരായി നിൽക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ പഞ്ചായത്തും മുനിസിപ്പാലിറ്റിയുമുണ്ടാകും. ഇതൊന്നും ആരും ഓർക്കുന്നില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ സമീപനം തികച്ചും ശരിയും കഴിഞ്ഞ കാലങ്ങളിൽ വേണ്ടത്ര പരിഹരിക്കാതിരുന്നൊരു പ്രശ്നം പരിഹരിക്കാനുള്ള ഒരു എളിയ തുടക്കവുമായിരുന്നു. അതിൽ നല്ല മാറ്റമുണ്ടായിട്ടുണ്ട്. സ്റ്റാഫ് പാറ്റേണിന്റെ കാര്യം ഞാൻ പറഞ്ഞു. ആയിരത്തി ഒരുന്നൂറോളം ആൾക്കാർകൂടി ഉണ്ടെങ്കിലേ ഇന്നെടുക്കുന്ന ഈ ജോലി ചെയ്യാൻ കഴിയൂ. അത് ഗവൺമെന്റിന്റെ മൗലികമായൊരു തീരുമാനമാണ്. കുറച്ച് സാമ്പത്തിക ഭാരമൊക്കെ വരും. അത് പി.ഡബ്ല്യു.ഡി. വകുപ്പ് എടുത്തിട്ടുള്ള ഒരു സമീപനമാണ്. റോഡ് സേഫ്റ്റി അതോറിറ്റിയുണ്ടെങ്കിലും പത്തിരുപത് വർഷത്തെ അനുഭവമെടുത്താൽ അവർ വേണ്ടത്ര സേഫ്റ്റി നോക്കുന്നില്ലായെന്നുള്ളതാണ് വാസ്തവം. അതൊരു ഔപചാരിക കമ്മിറ്റിയായിരി ക്കുകയാണ്. അതിന് ഫണ്ടുള്ളതാണ്. പലപ്പോഴും പി.ഡബ്ല്യു.ഡി. തന്നെയാണ് അതുംകൂടി പലയിടത്തും ചെയ്യുന്നത്. ഏതായാലും റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഈ പോരായ്മയെപ്പറ്റി ഗതാഗത വകുപ്പും പി.ഡബ്ല്യു.ഡി.-യുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ ഏകീകരണം

2(*242) <u>ശ്രീ. സി. കെ. നാണു:</u>

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ തസ്തികയിൽനിന്നും ഒരാളെ സ്കൂളിന്റെ മൊത്തത്തിലുള്ള മേധാവിയായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ തസ്തികയിലുള്ളവർ തമ്മിൽ അധികാരപരിധി സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കാൻ സർക്കാരിന് എന്ത് നിർദ്ദേശമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളെ മാതൃകയാക്കി ഈ സ്ഥാപനങ്ങളെ ഏകീകൃത സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഇല്ല.

(ബി) ഇത്തരം തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള ചട്ടപ്രകാരം പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാവശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്റെ നിയോജകമണ്ഡലത്തിലെ സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് നല്ല റിസൾട്ട് കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നല്ല കെട്ടിടങ്ങൾ നൽകിയിട്ടുണ്ട്. പക്ഷെ ഹയർസെക്കണ്ടറി സ്കൂളും ഹൈസ്കൂളും ചിലയിടത്ത് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളും ഒരു കോമ്പൗണ്ടിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത്. വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്ന് പറഞ്ഞു. സർക്കാർ സ്കൂളുകൾ നല്ല വളർച്ചയിലേയ്ക്ക് വരികയാണ്. അതുസംബന്ധിച്ച് പഠനം നടത്തി ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ സർക്കാർ സന്നദ്ധമാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് പൊതു വിദ്യാഭ്യാസയജ്ഞം ആരംഭിച്ചപ്പോൾത്തന്നെ നിരവധി ചർച്ചകൾ നടത്തുകയും അതിന്റെ ഫലമായാണ് ഡോ. എം. എ. ഖാദർ നേതൃത്വം നൽകുന്ന ഒരു കമ്മിറ്റി ഇക്കാര്യത്തിൽ പഠനം നടത്തുകയും ചെയ്യുന്നത്. ഒരു ക്യാമ്പസിനകത്തുള്ള പ്ലസ് ടു, ഹൈസ്കൂൾ, എൽ.പി./യു.പി. സ്കൂളുകൾ എങ്ങനെ ഘടനാപരമായി കുറേക്കൂടി മെച്ചപ്പെടുത്തിയെടുക്കാൻ കഴിയും എന്നുള്ളൊരു പഠനമാണ് ഡോ. എം. എ. ഖാദറിന്റെ നേതൃത്വത്തിൽ നടത്തുന്നത്. അത് എത്രയുംവേഗം പൂർത്തിയാക്കാനും തുടർന്ന് വിവിധ തലങ്ങളിൽ ചർച്ചചെയ്യാനുമുള്ള ശ്രമവും നടത്തും.

ശ്രീ. സി. കെ. നാണു: സർ, കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുപോലെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലും ഏതെങ്കിലും തരത്തിലുള്ള പുതിയ കോഴ്സുകൾ അനുവദിക്കാൻ സാധിക്കുമോ; അതിനെ സംബന്ധിച്ച് പരിശോധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇക്കാര്യത്തിലും വളരെ വിശദമായൊരു പഠനം ആവശ്യമാണ്. കഴിഞ്ഞ വർഷം ഇരുപതിനായിരത്തോളം പ്ലസ് ടു സീറ്റുകളാണ് ഒഴിഞ്ഞുകിടന്നത്. പക്ഷെ ചില ജില്ലകളിൽ സീറ്റ് കിട്ടാത്ത അവസ്ഥയും ഉണ്ടായിരുന്നു. അതിനർത്ഥം മുമ്പ് കോഴ്സുകൾ ശാസ്ത്രീയമായിട്ടല്ല നൽകിയിരുന്നതെന്നാണ്. അതുകൊണ്ടാണ് ചില ജില്ലകളിൽ സീറ്റുകൾ കൂടുതൽ ഒഴിഞ്ഞുകിടക്കുകയും ചില ജില്ലകളിൽ സീറ്റ് തികയാതെ വരികയും ചെയ്തത്. അതുകൊണ്ട് ഇക്കാര്യം നല്ലരീതിയിൽ പഠിച്ചുവരികയാണ്. ഈ വർഷംതന്നെ ഇത്തരത്തിലുള്ള പ്രശ്നം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാധാരണ ജനങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരാൻ കേന്ദ്രസർക്കാർ നേരിട്ട് നടത്തുന്ന കേന്ദ്രീയ വിദ്യാലയം, നവോദയ വിദ്യാലയം, സൈനിക സ്കൂൾ പോലെയുള്ള അധ്യയന സംവിധാനങ്ങളും അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡങ്ങളും അധ്യാപക നിയമന രീതികളും സ്കൂളിന്റെ മൊത്തത്തിലുള്ള നടത്തിപ്പും മാതൃകയാക്കി കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ അഴിച്ചുപണി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിന്റെ തനതായ മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഇക്കാലംവരെയുള്ള പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ ഗുണങ്ങളും പ്രശ്നങ്ങളും വിശദമായി പഠിച്ച് പൊതുവിദ്യാലയങ്ങളുടെ വളർച്ചയും തളർച്ചയും മനസ്സിലാക്കി അതിൽനിന്നും വർത്തമാനകാലത്ത് ഏറ്റവും ഉദാത്തമായി ലോകോത്തര നിലവാരത്തിലേയ്ക്ക് എങ്ങനെ എത്തിക്കാമെന്നുള്ള പഠനമാണ് നടക്കുന്നത്. അതിന്റെ വെളിച്ചത്തിലുള്ള മാറ്റങ്ങളാണ് ഇപ്പോൾ സ്കൂളുകളിൽ നടത്തിവരുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോനുവേണ്ടി ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറിയുമായി ബന്ധപ്പെട്ട് നടപടി ഉണ്ടാകുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷനുകളെ ബാധിക്കാതെ ഒരു ഏകീകൃത സംവിധാനം അധ്യാപക സംഘടനകളുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. ഞാൻ ആദ്യത്തെ ചോദ്യത്തിനുത്തരം അതുതന്നെയാണ് പറഞ്ഞത്. ഡോ. എം. എ. ഖാദറിന്റെ നേതൃത്വത്തിലൊരു പഠനം നടക്കുന്നുണ്ട്. ആ പഠന റിപ്പോർട്ട് എല്ലാ തലങ്ങളിലും വിശദമായി ചർച്ച ചെയ്യും. ഇപ്പോൾ നിലനിൽക്കുന്ന സംവിധാനത്തിൽനിന്നും എങ്ങനെ ഇതിനെക്കാൾ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകാം എന്നുള്ളതായിരിക്കും അടിസ്ഥാന കാഴ്ചപ്പാട്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യത്തെ ചോദ്യത്തിന് 'ഇല്ല' എന്നാണ് മറുപടി പറഞ്ഞത്. എന്നാൽ അത് തെറ്റാണ്. പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററും വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രിൻസിപ്പാളുമൊക്കെ തമ്മിലുള്ള ഈഗോ പ്രശ്നം കാരണം ഒരു സ്കൂളിന്റെയും വികസനം നടക്കുന്നില്ല. ഇക്കാര്യം ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ. മാർക്കും മന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്കുമറിയാം. സർക്കാർ അഞ്ചുകോടി രൂപ കിഫ്ബിയിൽ തന്നിട്ടുണ്ടെങ്കിലും അത് നടപ്പിലാക്കാൻ ഇവർ സമ്മതിക്കുന്നില്ല. എന്റെ മണ്ഡലത്തിന്റെ സ്ഥിതി വളരെ വ്യക്തമായി പറയാം. ഹെഡ്മാസ്റ്ററുടെയും പ്രിൻസിപ്പാളിന്റെയും വഴക്കുകാരണം അവിടെയുണ്ടായിരുന്ന ഒരു പഴയ കെട്ടിടം പൊളിച്ചുമാറ്റാൻ 16 മാസത്തെ കാലതാമസമുണ്ടായി. ഇത് അനുഭവിക്കുന്ന നമ്മളോട് ഉദ്യോഗസ്ഥർ 'ഇല്ല' എന്ന് എഴുതിത്തന്നാൽ വലിയ പ്രശ്നം തന്നെയാണ്. സ്കൂളുകളുടെ നാഥൻ ആരാണ്? സംസ്ഥാനത്തിന്റെ കമാൻഡറായി മുഖ്യമന്ത്രിയും രാജ്യത്തിന്റെ കമാൻഡറായി പ്രധാനമന്ത്രിയുണ്ട്. എന്നാൽ ഒരു സ്കൂളിന്റെ നാഥൻ ആരാണെന്ന് ഇപ്പോഴും ഡിഫൈൻ ചെയ്തിട്ടില്ല എന്നുള്ളത് വളരെ ദയനീയമായ കാര്യമാണ്. So many cooks spoil the dish. സ്കൂളുകളിലിപ്പോൾ ഒരു തീരുമാനവും ഉണ്ടാകുന്നില്ല. പ്രിൻസിപ്പാളാണോ ഹെഡ്മാസ്റ്ററാണോ നാഥൻ എന്ന ചോദ്യത്തിന് ഉത്തരമില്ല. അത് പഠിച്ചുകൊണ്ടിരിക്കുകയാണ് എന്നുപറയുന്നത് നല്ല കാര്യം തന്നെയാണ്. ഒരു കാര്യംകൂടി ഇതിനോടൊപ്പം പറയാനുണ്ട്. ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാൾമാർ പ്രിൻസിപ്പാളിന്റെയും പ്യൂണിന്റെയും ക്ലർക്കിന്റെയും ജോലി ചെയ്യണം. കാരണം, ക്ലർക്കിനും പ്യൂണിനും പോസ്റ്റ് അനുവദിച്ചിട്ടില്ല. വേണമെന്ന് ഞാൻ പറയുന്നില്ല. കൂടാതെ, 24 ക്ലാസ്സുകളിൽ മറ്റ് അധ്യാപകരെപ്പോലെ പ്രിൻസിപ്പാൾമാർ പഠിപ്പിക്കുകയും വേണം. നൂറിൽത്താഴെ കുട്ടികളുള്ള ഒരു സ്കൂളിൽപ്പോലും ഹെഡ്മാസ്റ്റർക്കോ ഹെഡ്മിസ്ട്രസ്സിനോ പഠിപ്പിക്കേണ്ട. ഇതാണ് ഹയർസെക്കണ്ടറിയിലെ പ്രിൻസിപ്പാളിന്റെ അവസ്ഥ. ഇതൊരു പീഡനമാണ്. അത് പരിഹരിക്കാൻ എല്ലാ ചുമതലയും പ്രിൻസിപ്പാളിനെ ഏൽപ്പിച്ച് ക്ലാസ് എടുക്കുന്നതിൽനിന്ന് അവരെ ഒഴിവാക്കണം. പ്രൈമറി സ്കൂളിൽപ്പോലും ഹെഡ്മാസ്റ്റർക്കും ഹെഡ്മിസ്ട്രസ്സിനും ക്ലാസ്സെടുക്കണ്ട. ഇത് കുട്ടികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നതിനാൽ അതിനൊരു പരിഹാരം കാണുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. ഇത്തരം പ്രശ്നം നിലനിൽക്കുന്നതുകൊണ്ടാണ് എല്ലാ തലങ്ങളിലും ചർച്ചനടത്തി തീരുമാനമുണ്ടാക്കുന്നതിനുവേണ്ടി കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. ആ കമ്മിറ്റി വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വരുന്ന നിർദ്ദേശങ്ങൾ കേവലമോ ഏകപക്ഷീയമോ അല്ലാതെ എല്ലാ തലത്തിലും ചർച്ചചെയ്ത് വിവിധ വശങ്ങളെക്കുറിച്ച് മനസ്സിലാക്കും. പ്ലസ്ടു കോളേജിൽനിന്നും മാറ്റി സ്കൂളിന്റെ

ഭാഗമാക്കിയപ്പോൾ നടത്തേണ്ട യഥാർത്ഥ ചർച്ചകളൊക്കെ നടന്നിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകില്ലായിരുന്നു. അങ്ങ് ചോദിച്ച ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളിൽ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിൽനിന്നും ഒരാളെ സ്കൂളിന്റെ മൊത്തത്തിലുള്ള മേധാവിയായി നിശ്ചയിച്ചിട്ടുണ്ടോ എന്നതിനാണ് 'ഇല്ല' എന്ന ഉത്തരം നൽകിയിട്ടുള്ളത്. അത് ഇല്ലാത്തതാണ് പ്രശ്നം. അതുകൊണ്ട് ഇപ്പോഴത്തെ അറേഞ്ച്മെന്റ്സ് അനുസരിച്ച് ഹെഡ്മാസ്റ്ററും പ്രിൻസിപ്പാളും ചേർന്ന് പി.ടി.എ.യും ഹയർ സെക്കണ്ടറിയിൽ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രിൻസിപ്പാളും പത്താം ക്ലാസ്സിൽ ഹെഡ്മാസ്റ്ററും എന്ന രീതിയാണുള്ളത്. ഇത് എങ്ങനെ ഇന്റഗ്രേറ്റ് ചെയ്ത് പ്രശ്നം ഒഴിവാക്കും എന്നതാണ് ലക്ഷ്യം. മുമ്പുണ്ടായിരുന്ന പ്രശ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് ലക്ഷ്യം നിറവേറ്റുന്നതിനാണ് പഠനം നടക്കുന്നത്. പഠനത്തെത്തുടർന്ന് ചർച്ചകൾ നടത്തും. ക്ലാസ്സെടുക്കുന്നതിന്റെയും ഭരണത്തിന്റെയും പ്രശ്നമുണ്ട്. ഓരോ പ്രശ്നവും ഞാൻ എടുത്തുപറയുന്നില്ല. വളരെ വിശദമായ പഠനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കത്തക്കവിധമുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യണമെന്നാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക അധികാരപരിധി നിശ്ചയിച്ച് എല്ലാവർക്കും ശ്രദ്ധ ലഭ്യമാകത്തക്ക രീതിയിലാണ് പ്രശ്നം പരിഹരിക്കേണ്ടത്. എല്ലാവരും പറയുന്ന പ്രശ്നം ഒന്നാണ്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കുന്ന പരിഹാരം ശരിയല്ല. ഒരു പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററും ഏകീകൃത സംവിധാനത്തിൽ വന്നാൽ ടെക്നിക്കലായി പ്രശ്നം പരിഹരിക്കുമെങ്കിലും മാനസികമായി പരിഹരിക്കില്ല. വിദ്യാഭ്യാസ/സാംസ്കാരിക/കലാ കായിക/ശാസ്ത്ര സാങ്കേതിക വകുപ്പുകൾ ഒന്നാക്കി ഒരു മന്ത്രിയെ നിയമിച്ചാൽ കുറെ ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും എണ്ണം കുറയുമെങ്കിലും എല്ലാ വകുപ്പിനും ആവശ്യമായ ശ്രദ്ധ ലഭിക്കില്ല. അതുകൊണ്ട് ഹയർ സെക്കണ്ടറിയെ ദ്രോഹിക്കുന്ന, വിദ്യഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുന്ന ഏകീകരണ സംവിധാനം ഉപേക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നേരത്തെ ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിച്ചതുപോലെയുള്ള ചോദ്യം പലരും ചോദിക്കുന്നതിന്റെ അർത്ഥം അത്തരത്തിലുള്ള അനുഭവം നാട്ടിലുണ്ടെന്നതാണ്. ഈ അനുഭവങ്ങൾ വച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതെങ്ങനെയെന്ന് പഠനം നടത്തുമ്പോൾ അങ്ങ് പറഞ്ഞ പ്രശ്നവും പരിശോധിക്കും. ഇത്തരത്തിൽ നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങൾ പരിശോധിച്ചുകൊണ്ട് മുൻകാല അനുഭവങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രശ്നങ്ങളില്ലാത്ത രീതിയിൽ ഈ സെക്ടറിനെ എങ്ങനെ കൊണ്ടുപോകാമെന്ന് പഠിക്കുകയാണ്. അത് വിവിധ തലങ്ങളിൽ ചർച്ച ചെയ്യുകയും ചെയ്യും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഹയർ സെക്കൻഡറിയിലെയും വി.എച്ച്.എസ്.ഇ.യിലെയും സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകളിൽ വി.എച്ച്.എസ്.ഇ. പാസ്സായ കുട്ടികൾക്ക് ജോലി ചെയ്യണമെന്നുണ്ടെങ്കിൽ പ്രത്യേക പരിശീലനം നൽകിയാൽ മാത്രമേ അവരുടെ സേവനം ലഭ്യമാക്കാൻ കഴിയൂ. ഹയർ സെക്കൻഡറി പാസ്സാകുന്ന കുട്ടിക്ക് നീറ്റ് എക്സാമിനേഷൻ വിജയിക്കണമെങ്കിൽ ഒരു വർഷം പിന്നെയും പുറത്തുപോയി പഠിക്കണം. എല്ലാ വിഷയത്തിനും എ പ്ലസും നൂറ് ശതമാനം മാർക്കും ലഭിച്ചാൽപോലും അഡ്മിഷൻ ലഭിക്കുന്നതിന് അതൊരു മാനദണ്ഡമായി എടുക്കാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ അക്കാദമിക് പരിഷ്കരണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാൻ ശ്രമിക്കുകയാണെന്ന് മൂന്നോ നാലോ പ്രാവശ്യം നിയമസഭയിൽ ഉത്തരം പറഞ്ഞതാണ്. നമ്മുടെ രാജ്യത്ത് ഇതുവരെ അത് നടന്നിട്ടില്ല. കാരണം കേവല പരീക്ഷകൾക്ക് അതായത് എസ്.എസ്.എൽ.സി., പ്ലസ്ടു തുടങ്ങിയ പരീക്ഷകൾക്കുവേണ്ടിയാണ് എസ്.എസ്.എൽ.സി.യും പ്ലസ്ടുവും പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്നത്. അതിലൂടെ എസ്.എസ്.എൽ.സി.ക്കും പ്ലസ്ടുവിനും എ പ്ലസ് ലഭിക്കും. പക്ഷെ നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ നീറ്റ് എക്സാമിനേഷനോ ഐ.ഐ.റ്റി. എൻട്രൻസിനോ, ഭാഭ അറ്റോമിക് റിസർച്ച് സെന്റർ ട്രെയിനിംഗ് സ്കൂളിന്റെ പരീക്ഷയ്ക്ക് പോകാനോ ജയിക്കാനോ പലപ്പോഴും കഴിയുന്നില്ല. അതിന്റെ കാരണം നമ്മൾ യഥാർത്ഥത്തിൽ പഠിക്കേണ്ട രീതിയിൽ പഠിക്കുന്നില്ലെന്നതും അക്കാദമിക്കായി ആഴത്തിൽ പഠിക്കുന്നില്ലെന്നതുമാണ്. ആഴത്തിലുള്ള വായന ഉപേക്ഷിക്കപ്പെടുകയാണ്. അതുകൊണ്ട് കേരളത്തിൽ പഠിക്കുന്ന ഓരോ കുട്ടിയും ഉയർന്ന തലത്തിലുള്ള ഏത് സംവാദത്തിലും മത്സരത്തിലും ലോകോത്തര നിലവാരത്തിലെത്താൻവേണ്ടിയാണ് അക്കാദമിക് പരിഷ്കാരം വരുത്തുന്നതിനായി അക്കാദമിക് മാസ്റ്റർ പ്ലാൻ ആരംഭിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, അങ്ങയുടെ മറുപടിയിൽ ഏകീകരണത്തിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചതായി സൂചിപ്പിച്ചു. 9, 10, 11, 12 എന്നീ വിഭാഗങ്ങൾ ഒരുമിക്കാൻ പോകുന്നുവെന്നും ഇതിനെല്ലാം ഒരു പ്രിൻസിപ്പാളും 9-ാം ക്ലാസ്സിന് താഴെയുള്ളതിന് വൈസ് പ്രിൻസിപ്പാളും എന്ന രീതിയിൽ വരാൻ പോകുന്നുവെന്ന് ഇപ്പോൾത്തന്നെ അദ്ധ്യാപകരുടെയിടയിൽ സംസാരമുണ്ട്. ചില വിദ്യാലയങ്ങളിൽ മാത്രമേ ഹെഡ്മാസ്റ്ററും പ്രിൻസിപ്പാളും തമ്മിൽ സംഘർഷമുള്ളൂ. അതിനാൽ മൊത്തത്തിൽ ഏകീകരിച്ചാൽ തലവേദന പരിഹരിക്കാൻ തല വെട്ടുന്നതുപോലെയാകും. അതുകൊണ്ട് സാങ്കേതികമേന്മ നിലനിർത്തണമെങ്കിൽ

ഹയർ സെക്കണ്ടറി വിഭാഗം നിലനിർത്തണം, തർക്കം തീർക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് ആലോചിക്കണം. ഏകീകരണ നീക്കം ഉപേക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അക്കാര്യം വ്യക്തമാക്കിക്കഴിഞ്ഞതാണ്. കമ്മീഷനെ നിയമിച്ചത് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടിയാണ്. അതുസംബന്ധിച്ച് ചർച്ചകൾ നടക്കുന്നുവെന്ന് അങ്ങ് സൂചിപ്പിച്ചത് ശരിയല്ല. അത്തരത്തിൽ ഒരു തീരുമാനവും സർക്കാരെടുത്തിട്ടില്ല. അങ്ങ് അടക്കമുള്ള എല്ലാവരുമായും വിശദമായി ചർച്ച നടത്തിയിട്ടേ ഇക്കാര്യങ്ങളിൽ തീരുമാനത്തിലെത്തുകയുള്ളൂ. ഇത് രണ്ടും ഒന്നിപ്പിക്കണമെന്ന ദിശയിലുള്ള പഠനത്തിനാണ് സർക്കാർ ശ്രമിക്കുന്നത്, ലക്ഷ്യം അതുതന്നെയാണ്. എല്ലാവരെയും ബോധ്യപ്പെടുത്തി ജനാധിപത്യപരമായ ചർച്ചകൾക്കുശേഷമേ അതുസംബന്ധിച്ച് തീരുമാനത്തിലെത്തൂ.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഹയർ സെക്കൻഡറി, ഹൈസ്കൂൾ വിഭാഗം ഏകീകരിക്കുന്ന നീക്കം ഉപേക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറഞ്ഞു. എന്റെ വിനയപൂർവ്വമായ അഭിപ്രായം അത് ചില ഉദ്യോഗസ്ഥരുടെ വീക്ഷണകോണിൽ നിന്ന് നോക്കുന്നതുകൊണ്ടാണെന്നാണ്. വിദ്യാഭ്യാസ സംബന്ധിയായ ഏത് പരിഷ്കാരവും വിദ്യാർത്ഥികളുടെ പക്ഷത്തുനിന്ന് ആലോചിക്കണം. അങ്ങനെ ആലോചിച്ചാൽ ദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടിന് വിരുദ്ധവും വികൃതവും വികലവുമായ ഒരു സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ചില സ്ഥലങ്ങളിൽ മാത്രമല്ല തർക്കമുള്ളത്. ഹയർ സെക്കൻഡറി പിന്നീട് വന്നതാണ്. അതുകൊണ്ട് ഹൈസ്കൂളുകാർ അവരോട് ജന്മിമാരുടെ സമീപനമാണ് സ്വീകരിക്കുന്നത്. ഷെഡ്ഡുകളിലൊക്കെയാണ് ഹയർസെക്കൻഡറിക്ക് അവർ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത്. ഞങ്ങൾ സ്കൂളിലല്ല കോളേജിൽ പഠിപ്പിക്കേണ്ടവരാണെന്ന സമീപനമാണ് ഹയർസെക്കൻഡറിക്കാർക്കുള്ളത്. ഇങ്ങനെ സങ്കുചിതമായി, അദ്ധ്യാപനമെന്ന ഉദ്യോഗത്തിന്റെ മഹത്വമറിയാതെ പെരുമാറുന്നതിന്റെ ഭാഗമായു ണ്ടാകുന്ന സംഘർഷങ്ങളാണ് അവിടെ ഉണ്ടാകുന്നത്. ഹയർ സെക്കൻഡറിയുടെയും ഹൈസ്കൂളിന്റെയും കലോത്സവം രണ്ടായി നടത്താൻ ഒരു സ്കൂൾ തീരുമാനിച്ചപ്പോൾ അവിടെ 'നടത്തിയതേ ഓർമ്മയുണ്ടാകൂ' എന്ന് വളരെ സ്നേഹപൂർവ്വം പറയേണ്ട ഒരു സാഹചര്യം വന്നു. ഏകീകരണ സാധ്യതയെക്കുറിച്ച് പഠനം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗൗരവമായി അക്കാര്യം ആലോചിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിരുന്നു. അതിവേഗതയിൽ ഇക്കാര്യം നടപ്പാക്കണം. എല്ലാ ഭാഗവും പരിഗണിക്കണം, സംഘർഷമുണ്ടാക്കുകയല്ല, ലഘൂക രിക്കുകയാണ് വേണ്ടത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മഹത്തായ ഇടപെടലാണ്. അതിന്റെ ലക്ഷ്യം സഫലമാക്കാൻ ഏകീകരണം എത്ര നാൾകൊണ്ട് നടപ്പാക്കാൻ കഴിയും?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ പഠനം എത്രയുംവേഗം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 1 മുതൽ പ്ലസ്ടു വരെ ഒറ്റ സ്കീമിലാക്കാനുള്ള നടപടിയുമെടുക്കും. അതിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് ചർച്ചയും നടത്തും.

## ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി

3(*243) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക സൗകര്യങ്ങൾപോലും ലഭ്യമല്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്.

(ബി &സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2016-17 വർഷങ്ങളിൽ 38 സ്കൂളുകളിലും 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 26 സ്കൂളുകളിലും 2017-18 വർഷത്തെ നബാർഡിന്റെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 2 സ്കൂളുകളിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു :

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 229 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും അടിസ്ഥാന സൗകര്യവികസനത്തിന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

2. ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം 4775 സ്കൂളുകളുടെ 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി മാറ്റാൻ 493.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3. നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 442 സ്കൂളുകൾക്ക് ഏഴ് ഇനങ്ങളിലായി (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്, ടോയ്ലറ്റ്, കുടിവെള്ളം) 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

4. ഐഡിയൽ ലാബ് സജ്ജീകരിക്കുന്നതിന് സംസ്ഥാനത്തെ ചുവടെ ചേർക്കുന്ന നാല് സ്കൂളുകൾക്ക് 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് :

    1. ജി.എച്ച്.എസ്.എസ്. മയ്യിൽ, കണ്ണൂർ.
    2. എ.ജി.എച്ച്.എസ്.എസ്. കോടോത്ത്, കാസർഗോഡ്.
    3. ജി.എച്ച്.എസ്.എസ്. കോട്ടായി, പാലക്കാട്.
    4. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്., ഹരിപ്പാട്, ആലപ്പുഴ.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഹയർ സെക്കൻണ്ടറി ക്ലാസ്സുകളിലെ സമയദൈർഘ്യം ആരോഗ്യ പ്രശ്നങ്ങളുൾപ്പെടെയുള്ള നിരവധി ബുദ്ധിമുട്ടുകൾ ഉളവാക്കുന്നതായും സ്കൂളുകളിലെ വെള്ളത്തിന്റെ അഭാവവും ശുചിത്വമില്ലായ്മയും ദുരിതത്തിലാക്കിയിരിക്കുകയാണെന്നും കാണിച്ച് ഒരുകൂട്ടം വിദ്യാർത്ഥിനികൾ ബാലാവകാശ സംരക്ഷണ കമ്മീഷനെ സമീപിച്ചിരുന്നു. ബാലാവകാശ കമ്മീഷൻ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശം പുറപ്പെടുവിക്കുകയും നിലവിലുള്ള സ്കൂളുകളിൽ 31-5-2017-ൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിരുന്നു. ഇപ്രകാരമുള്ള എല്ലാ സൗകര്യങ്ങളും എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ സർക്കാർ എന്ത് നടപടിയാണ് തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളടക്കം എല്ലാ സ്കൂളുകളിലും ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 90 ശതമാനത്തിലധികം സ്കൂളുകളിലും ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പണവും നൽകുന്നത്. ഈ ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നേരത്തെ പറഞ്ഞ ഭൗതികമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാധ്യതയുണ്ടാകും. ഏതായാലും ഏപ്രിൽ ആദ്യം മുതൽ ആരംഭിക്കുന്ന ഇൻഫ്രാസ്ട്രക്ചറൽ ക്രമീകരണ പരിപാടിയിലൂടെ കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലുണ്ടായിരുന്ന ഭൗതിക സാഹചര്യക്കുറവ് പരിഹരിക്കാൻ കഴിയുമെന്ന് കരുതുകയാണ്. മറ്റ് കാര്യങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഫലമായി വരുന്ന ചർച്ചകൾക്കുശേഷം നടപ്പാക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.@സ്കൂൾ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് എല്ലാ ജില്ലകളിലും ഹാർഡ്‌വെയർ ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. പക്ഷെ ഈ ക്ലിനിക്കുകൾ മിക്കവാറും വെക്കേഷൻ സമയത്ത് പ്രവർത്തിക്കുന്നില്ല. തകരാറിലായ കമ്പ്യൂട്ടറുകൾ നന്നാക്കാനോ അതുപയോഗിക്കാനോ സ്കൂളുകൾക്ക് കഴിയുന്നില്ല. അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വെക്കേഷൻ സമയത്ത് എല്ലാ ഹാർഡ്‌വെയർ ക്ലിനിക്കുകളും പ്രവർത്തിപ്പിക്കുന്നതിനായി കെൽട്രോണിന്റെ സഹകരണം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും നല്ലൊരു നിർദ്ദേശമാണ്. ഹാർഡ്‌വെയർ ക്ലിനിക് നടക്കുന്നുണ്ട്. പല വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹയർ സെക്കൻഡറി, ഹൈസ്കൂളുകൾ എന്നിവിടങ്ങളിലെ പഴയ കമ്പ്യൂട്ടറുകൾ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. വെക്കേഷനിലുംകൂടി അത്തരത്തിൽ നടത്താൻ കഴിയുമോ എന്നുള്ള കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞതുപ്രകാരം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ചും മറ്റും ഇവിടെ പറയുകയുണ്ടായി. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പണം അനുവദിച്ചുകൊണ്ട് അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന

തിനുവേണ്ടി ഗവൺമെന്റ് തന്നെ മറ്റ് ചില ഏജൻസികളെ ഏൽപ്പിച്ചിരിക്കുകയാണ്. അതിനുപകരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുതന്നെ അത് പൂർണ്ണമായും വിട്ടുകൊടുത്ത് അവരെക്കൊണ്ടുതന്നെ ഇതിന്റെ പ്രവൃത്തികൾ ചെയ്യിക്കാനാവശ്യമായ നടപടി ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, മൂന്ന് തരത്തിലാണ് ഭൗതിക സാഹചര്യ വികസനത്തിന് നേതൃത്വം കൊടുക്കുന്നത്. സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഹയർ സെക്കൻഡറി വകുപ്പിന് കിട്ടുന്ന തുക ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. വഴി കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് വഴിയും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അവർ എസ്റ്റിമേറ്റുകൾ എടുത്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം കിഫ്ബിയിലൂടെ നൽകുന്ന പണം കിഫ്ബി മുഖേന മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് കിഫ്ബിവഴി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിലൂടെ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. കിഫ്ബി ഫണ്ട് എസ്.പി.വി. വഴിയും RIDF, പ്ലാൻ ഫണ്ട് എന്നിവ തദ്ദേശസ്വയംഭരണ വകുപ്പുവഴിയും പി.ഡബ്ല്യു.ഡി. വഴിയും നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, ഹയർസെക്കൻഡറി സ്കൂളിന്റെ അതേ കോമ്പൗണ്ടിൽ തന്നെയായിരിക്കും ചിലപ്പോൾ ഹൈസ്കൂളുമുണ്ടാകുന്നത്. പലയിടങ്ങളിലും മനോഹരമായ ഡിസൈൻ സൗജന്യമായി ചെയ്തുതരുന്ന ആർക്കിടെക്ടുകളുണ്ട്. പക്ഷെ ഇതിനുപുറമെ കിറ്റ്കോ വന്ന് അദ്ധ്യാപകരോടോ വിദ്യാർത്ഥികളോടോ ഒന്നും ആലോചിക്കാതെ മാസ്റ്റർ പ്ലാനുണ്ടാക്കുകയാണ്. അതുമൂലം ചില സ്കൂളുകളിൽ വലിയ സംഘർഷം രൂപപ്പെട്ടിരിക്കുകയാണ്. സൗജന്യമായി ലഭിച്ചിട്ടുള്ള മനോഹരമായ മാസ്റ്റർ പ്ലാൻ ഒരുഭാഗത്തും ഒരു ആലോചനയും കൂടാതെ കിറ്റ്കോ നേരിട്ട് കിഫ്ബിയിൽ കൊണ്ടുകൊടുക്കുന്ന മാസ്റ്റർ പ്ലാൻ മറ്റൊരു ഭാഗത്തും ഉണ്ട്. ഇനിയും സോപ്പുകട്ട വച്ച പോലെയുള്ള യാതൊരു സൗകര്യങ്ങളുമില്ലാത്ത സ്കൂളുകളിലേയ്ക്ക് പോകാൻ കഴിയില്ല എന്നുള്ളതുകൊണ്ട് മന്ത്രി മുൻകയ്യെടുത്ത് ഇക്കാര്യത്തിൽ ഒരു ഏകീകരണമുണ്ടാക്കുമോ? സൗജന്യമായി ചെയ്യുന്ന ആർക്കിടെക്ടുകളുണ്ടെങ്കിൽ, ഗവൺമെന്റ് ലിസ്റ്റ് ചെയ്തിട്ടുള്ളവരാണെങ്കിൽ എന്തുകൊണ്ട് കിറ്റ്കോയെപ്പോലെ അവരെയും ഒരു ഏജൻസിയായി എടുത്തുകൂടാ? സൗജന്യമാണ്, ഗവൺമെന്റിന് ഒരു നഷ്ടവുമില്ല. നല്ലൊരു ഡിസൈൻ വരാൻ പാടില്ലെന്ന് വാശിപിടിക്കേണ്ട ആവശ്യമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അദ്ദേഹം സൂചിപ്പിച്ചതുപോലെ സോപ്പുപ്പെട്ടി വച്ചതുപോലെയുള്ള സംവിധാനങ്ങൾ സ്കൂളുകളിൽ വരരുത് എന്ന ലക്ഷ്യത്തിൽ തന്നെയാണ് മാസ്റ്റർ പ്ലാനുണ്ടാക്കാൻ ശ്രമിച്ചത്. അത് വലിയ വിജയമാണെന്നാണ് എന്റെ അഭിപ്രായം. ധാരാളം സ്കൂളുകളിൽ ഞാൻ പോയപ്പോഴും അല്ലാതെയുമുള്ള ഫീഡ് ബാക്ക്, നല്ല മാസ്റ്റർ പ്ലാനുണ്ടാക്കുകയും കൃത്യമായ സ്പേസ് യൂട്ടിലൈസ്

ചെയ്തുകൊണ്ട് നല്ല ഭാവി ലക്ഷ്യംവച്ചുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയുള്ള മാസ്റ്റർ പ്ലാനുണ്ടായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. അങ്ങ് പറഞ്ഞ ചില സ്പെഷ്യൽ കേസുകളുണ്ടാകാം. ആ സ്കൂളുകളിൽ പഠിച്ച് എഞ്ചിനീയർമാരായവർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുണ്ട്. ഒരു കുഴപ്പവുമില്ല. പക്ഷെ സർക്കാർ സംവിധാനമായ കിഫ്ബി അംഗീകരിച്ച കിറ്റ്കോ അത് വെറ്റ് ചെയ്യണമെന്നുമാത്രമേയുള്ളൂ. അങ്ങനെ വെറ്റ് ചെയ്യുമ്പോൾ അത് ആലോചിച്ചിട്ടില്ലെങ്കിൽ അക്കാര്യം നമുക്ക് സൂചിപ്പിക്കാം. പക്ഷെ പൊതുവിൽ കിറ്റ്കോയ്ക്ക് കൊടുത്തിട്ടുള്ള നിർദ്ദേശം, പ്രാദേശികമായി ഏത് മാസ്റ്റർ പ്ലാനുണ്ടായാലും അത് പരിശോധിച്ച് ഗവൺമെന്റ് നോംസ് അനുസരിച്ചുള്ള താണെങ്കിൽ വെറ്റ് ചെയ്ത് എടുക്കുകയേ വേണ്ടൂ എന്നാണ്. അത്തരത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ നമുക്ക് ചർച്ചചെയ്യുന്നതിൽ കുഴപ്പമൊന്നുമില്ല. പക്ഷെ കിറ്റ്കോയെയാണ് അതിന് ഏൽപ്പിച്ചിരിക്കുന്നത്. കിറ്റ്കോ വെറ്റ് ചെയ്തിട്ട് തുടർന്ന് കിഫ്ബി അംഗീകരിക്കുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ സർക്കാർ സ്കൂളുകൾ മികച്ച നിലവാരം പുലർത്തുന്നുണ്ട്. പക്ഷെ ബാച്ചുകളും കോഴ്സുകളുമൊക്കെ വാങ്ങിക്കൊണ്ടുപോകുകയും അതിനനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ വേണ്ട വിധത്തിൽ ഒരുക്കാതിരിക്കുകയും ചെയ്യുന്ന എയ്ഡഡ് സ്ഥാപനങ്ങൾ വ്യാപകമായി കാണുന്നുണ്ട്. അതുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തിയില്ലെങ്കിൽ കോഴ്സ് പിൻവലിക്കുമെന്ന ഒരു ഭീഷണിയെങ്കിലും മുഴക്കി എയ്ഡഡ് സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഭീഷണിമുഴക്കലല്ല സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ജനകീയ വിദ്യാഭ്യാസം ആണെന്നുള്ളതുകൊണ്ട് എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജനകീയമായി ഇത് പരിഹരിക്കുക എന്നുള്ളതാണ് നമ്മുടെ കാഴ്ചപ്പാട്. എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി ജനങ്ങൾ നേരിട്ട് എന്റെ കയ്യിൽ സമ്പത്ത് തന്ന ധാരാളം അനുഭവങ്ങളുണ്ട്. തൃശ്ശൂരിലെ രണ്ട് സ്കൂളുകളിൽ വ്യക്തികൾ കെട്ടിടം പണിത് കൊടുത്തിട്ടുണ്ട്. ഒരു വ്യക്തി ഇരുപത് ലക്ഷം രൂപ മുടക്കി പുതിയ കെട്ടിടം പണിത് കൊടുത്തിട്ടുണ്ട്. അതുപോലെ മറ്റൊരു സ്കൂളും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളോടും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ട്. 99 ശതമാനം എയ്ഡഡ് സ്കൂളുകളും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്; പുതിയ കെട്ടിടം നിർമ്മിക്കാൻ തയ്യാറായിട്ടുണ്ട്. അവരോട് ജനകീയമായി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അവർ ജനങ്ങളോട് പറഞ്ഞിട്ടുമുണ്ട്. അതിനായി ജനങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ആ സമയത്ത് സർക്കാർ അവരെ സഹായിക്കാനായി

ചരിത്രത്തിലാദ്യമായി ചലഞ്ച് ഫണ്ട് രൂപപ്പെടുത്തി അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്കൂൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മാനേജ്മെന്റും ജനങ്ങളും എത്ര തുക മുടക്കുന്നുവോ അതിന് തുല്യമായ തുക (ഒരു കോടി രൂപ എന്ന പരിധിവച്ചിട്ടുണ്ട്) സർക്കാർ നൽകും എന്നതാണ് ചലഞ്ച് ഫണ്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ കേരളത്തിലെ എയ്ഡഡ് സ്കൂളുകളും ഇത്തരത്തിലുള്ള അവസ്ഥയിലേയ്ക്ക് എത്തും എന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗം ഒന്നിച്ചുനിൽക്കുന്നിടത്തെ പ്രശ്നം നമ്മൾ നേരത്തെ ചർച്ചചെയ്തതാണ്. അതിന് അനുബന്ധമായാണ് ഈ ചോദ്യവും വരുന്നത്. ലബോറട്ടറികൾ, ഐ.ടി. ലാബ്, ലൈബ്രറികൾ, ടോയ്ലെറ്റ്, കളിസ്ഥലങ്ങൾ എന്നിവപോലും സ്വകാര്യ സ്വത്തു പോലെ ഈ രണ്ട് വിഭാഗങ്ങൾ കൈവശം വച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി കുട്ടികൾ വലിയ ദുരിതം അനുഭവിക്കുകയാണ്. ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ആധുനിക രീതിയിലുള്ള ലബോറട്ടറികൾ സജ്ജമാക്കുകയും കുട്ടികളുടെ ടൈംടേബിളുകൾ ക്രമീകരിക്കുകയും ചെയ്താൽ ആധുനിക സംവിധാനങ്ങൾ എല്ലാ കുട്ടികൾക്കും ഉപയോഗപ്പെടുത്താൻ കഴിയും. ലബോറട്ടറികൾ, ഐ.ടി. ലാബ്, ലൈബ്രറികൾ തുടങ്ങിയ സംവിധാനങ്ങൾ ഒരു വിദ്യാലയത്തിൽ ഒന്ന് എന്ന രീതിയിലെങ്കിലും സജ്ജീകരിച്ച് രണ്ട് വിഭാഗത്തിൽപ്പെട്ടവർക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, 442 സ്കൂളുകൾക്ക് സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്സ്, ടോയ്ലെറ്റ്, കുടിവെള്ളം എന്നിവയ്ക്കായി 5251 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപയോഗിച്ച് നിലവിലുള്ള ലാബുകൾ മെച്ചപ്പെടുത്താനും നാല് പ്രത്യേക രീതിയിലുള്ള ഐഡിയൽ ലാബുകൾ സജ്ജീകരിക്കാനും ശ്രമിക്കുന്നുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഹൈസ്കൂളും ഹയർ സെക്കൻഡറിയും തമ്മിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവയെല്ലാം പരിഹരിക്കത്തക്കരീതിയിൽ ഒറ്റ സ്കീമായി ഇത് നടപ്പിലാക്കാൻ സർക്കാർ മുന്നോട്ടുവരുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. അബ്ദു റബ്ബ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിരുന്നു. എല്ലാ സ്കൂളുകളും അതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പല നിയോജക മണ്ഡലങ്ങളിലും താൽപ്പര്യമുള്ള

എം.എൽ.എ.-മാർ അത് നടപ്പിലാക്കുകയും ചെയ്തിരുന്നു. അതിൽ നിന്ന് എന്ത് വ്യത്യാസമാണ് ഇപ്പോഴുള്ളത്; അന്ന് തയ്യാറാക്കിയ ആ മാസ്റ്റർ പ്ലാനുകൾ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; അതിൽ എന്ത് മോഡിഫിക്കേഷൻ വരുത്തിയെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ നിയമസഭയിൽ ഞാനും എം.എൽ.എ. ആയിരുന്നു. ഞാൻ ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് കേട്ടിട്ടില്ല. എന്റെ മണ്ഡലത്തിൽ അങ്ങനെ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുമില്ല. അതുകൂടാതെ ശ്രീ. പി. കെ. അബ്ദു റബ്ബ് അല്ല, ആര് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാലും ഇപ്പോഴത്തെ സാഹചര്യത്തിൽ ആ മാസ്റ്റർ പ്ലാൻ അപ്ഡേറ്റ് ചെയ്യുകയാണ് വേണ്ടത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് എന്ത് അർത്ഥത്തിൽ ആയിരുന്നു എന്ന് അറിയില്ല. ഇതിനുമുമ്പ് ഏതെങ്കിലും തരത്തിലുള്ള മാസ്റ്റർ പ്ലാൻ നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും അത് ഉൾക്കൊണ്ടുകൊണ്ട് അപ്ഡേറ്റ് ചെയ്ത് ഇന്നത്തെ നിലയ്ക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. പുതിയ രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കണം, പഴയത് അപ്ഡേറ്റ് ചെയ്യണം. മുൻകാലത്ത് തയ്യാറാക്കിയതുകൊണ്ട് കാര്യമില്ല. കാരണം ലബോറട്ടറികളും ഹൈടെക് ക്ലാസ്സുകളും പുതിയതായി വരുന്നുണ്ട്. അതനുസരിച്ചുള്ള അപ്ഡേഷൻ വേണമെന്ന് പറഞ്ഞിട്ടുണ്ട്.

## ഡിഗ്രി തലത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം

4(*244) ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിഗ്രി തലത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) സെമസ്റ്റർ സമ്പ്രദായത്തിലേയ്ക്ക് മാറിയപ്പോൾ കരിക്കുലത്തിൽ ഘടനാ പരമായ എന്ത് മാറ്റങ്ങളാണ് വരുത്തിയത്; ഇതുമൂലം വിദ്യാർത്ഥികളുടെ പഠനഭാരം വർദ്ധിക്കുകയുണ്ടായോ; എങ്കിൽ ഇത് അക്കാദമിക ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച വിദഗ്ധ സമിതികളെ കുറിച്ചും അവയുടെ ലക്ഷ്യവും വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഡിഗ്രി തലത്തിൽ അക്കാദമിക നിലവാരം ഉയർത്താനായി നടപ്പിലാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS) കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. CBCSS സംവിധാനം അവലോകനം ചെയ്യുന്നതിനായി 2012-ൽ പ്രൊഫ. ബി. ഹൃദയകുമാരി അദ്ധ്യക്ഷയായ ഒരു കമ്മിറ്റിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയമിക്കുകയുണ്ടായി.

പ്രസ്തുത കമ്മിറ്റി 2009-ൽ നടപ്പിലാക്കിയ CBCSS സമ്പ്രദായത്തിന്റെ ഘടനയിലോ കരിക്കുലം ചട്ടക്കൂടിലോ കാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായില്ല. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ ശിപാർശ പ്രകാരം ഡയറക്ട് ഗ്രേഡിംഗിന് പകരം മാർക്ക് സമ്പ്രദായവും indirect ഗ്രേഡിംഗും പുനഃസ്ഥാപിക്കുകയും ചെയ്തു. കൂടാതെ ഓരോ കോഴ്സുകൾക്കും നേടേണ്ട കുറഞ്ഞ മാർക്ക് 40 ശതമാനം ആയി നിജപ്പെടുത്തുകയും CBCSS-മായി ബന്ധപ്പെട്ട് split variation സ്വീകരിച്ചത് ഉപേക്ഷി ക്കുകയും ചെയ്തു.

(ബി) ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS) നടപ്പിലാക്കിയപ്പോൾ ബിരുദ തലത്തിൽ പാർട്ട് I (ഇംഗ്ലീഷ്), പാർട്ട് II (സെക്കന്റ് ലാംഗ്വേജ്), പാർട്ട് III (മെയിൻ, സബ്സിഡിയറി) എന്ന രീതിയിൽ നിലനിന്നിരുന്ന പരമ്പരാഗത രീതിക്കുപകരം കോമൺ കോഴ്സ് -I (ഇംഗ്ലീഷ്), കോമൺ കോഴ്സ് II (സെക്കന്റ് ലാംഗ്വേജ്), കോർ & കോംപ്ലിമെന്ററി എന്ന രീതി നിലവിൽ വന്നു. അഞ്ചാം സെമസ്റ്ററിൽ ഓപ്പൺ കോഴ്സും ആറാം സെമസ്റ്ററിൽ ചോയ്സ് ബേസ്ഡ് കോഴ്സും പഠിക്കാവുന്ന സാഹചര്യമുണ്ടായി. വാർഷിക പരീക്ഷകൾക്കു പകരം അർദ്ധ വാർഷിക പരീക്ഷകൾ നിലവിൽ വന്നതോടുകൂടി പരീക്ഷകളുടെ എണ്ണം കൂടിയെങ്കിലും പഠനഭാരം കുറഞ്ഞതായും കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയോജനകരമാണെന്നുമാണ് വിലയിരുത്തിയിട്ടുള്ളത്. അതിനാൽ ഈ സമ്പ്രദായം അക്കാദമിക ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

(സി) ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റത്തെക്കുറിച്ച് വിലയി രുത്തുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രണ്ട് കമ്മിറ്റികളെ നിയോഗിച്ചിരുന്നു. സംസ്ഥാനത്ത് ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്താനായി നിയോഗിച്ച

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ്, ബാംഗ്ലൂരിലെ പ്രൊഫസർ ഡോ. എൻ. വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശ പ്രകാരം, 2009-10 അക്കാദമിക വർഷം മുതൽ CBCSS സമ്പ്രദായം നടപ്പിലാക്കാൻ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യം നൽകി. കേരള സർവ്വകലാശാല ഒഴികെയുള്ള അഫിലിയേറ്റഡ് സർവ്വകലാശാലകൾ 2009-10 മുതലും കേരള സർവ്വകലാശാല 2010-11 മുതലും പ്രസ്തുത സമ്പ്രദായം നടപ്പിലാക്കി. CBCSS സമ്പ്രദായം വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി നിയോഗിച്ച പ്രൊഫ. ബി. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CBCSS സമ്പ്രദായത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നിലവിൽ പി.ജി. വിദ്യാഭ്യാസത്തിന്റെ പുനഃസംഘടനയെക്കുറിച്ച് പഠിക്കാൻ ഐ.ഐ.എസ്.സി. പ്രൊഫസറായ ഡോ. ഇ. ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി അക്കാദമിക രംഗത്ത് ഗുണനിലവാരം ഉണ്ടായിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ? മൂന്ന് വർഷത്തെ ഡിഗ്രി കോഴ്സുകളൊക്കെ പൂർത്തിയാകുമ്പോൾ പലപ്പോഴും നാല് വർഷമായി മാറുകയാണ്. യഥാസമയം പരീക്ഷ നടത്തുകയോ ഫലം പ്രഖ്യാപിക്കുകയോ ഉത്തരക്കടലാസുകൾ സമയബന്ധിതമായി മൂല്യനിർണ്ണയം നടത്തുകയോ ചെയ്യാത്തതുകൊണ്ടാണ് സമയബന്ധിതമായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയാത്തത്. അദ്ധ്യാപകരുടെ ഷോർട്ടേജാണ് ഇതിന്റെ കാരണമെന്ന് പറയുന്നത്. അതുകൊണ്ട് സമയബന്ധിതമായി പരീക്ഷ നടത്താനും ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്താനും ആവശ്യമായ ഫലപ്രദമായ സംവിധാനത്തിലേയ്ക്ക് ഗവൺമെന്റ് പോകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ പല മാറ്റങ്ങളും ഉണ്ടായതായി കണ്ടിട്ടുണ്ട്. അത് കൂടുതൽക്കൂടുതൽ മെച്ചപ്പെടുത്തിയെടുക്കുക എന്നുള്ളതാണ് ഇപ്പോഴുള്ള നമ്മുടെ ദൗത്യം. യഥാർത്ഥത്തിൽ ചോയ്സ് ബേസ്ഡ് എന്ന സങ്കൽപ്പം കുറേക്കൂടി യാഥാർത്ഥ്യമാക്കണം. ഇപ്പോൾ സർവ്വകലാശാലയിലും കോളേജിലും നിലവിലുള്ള ചോയ്സ് അനുസരിച്ചുമാത്രമേ ഒരു വിദ്യാർത്ഥിക്ക് വിഷയം തെരഞ്ഞെടുക്കാൻ കഴിയുന്നുള്ളൂ. ചോയ്സ് ബേസ്ഡ് സിസ്റ്റത്തിന്റെ സങ്കൽപ്പം അതല്ല, ഒരു കുട്ടിക്ക് ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കാം എന്നുള്ളതാണ്. ആ സങ്കൽപ്പത്തിലേയ്ക്ക് വരാൻ കഴിയുമെങ്കിൽ അക്കാദമിക് എക്സലൻസ് വർദ്ധിപ്പിക്കാൻ കഴിയും. അതിനുള്ള ശ്രമം നടത്തേണ്ടതാണ്. അതോടൊപ്പം ശ്രീ. ആർ. രാജേഷ്

സൂചിപ്പിച്ചതുപോലെ, സെമസ്റ്റർ സിസ്റ്റം ആയതിനുശേഷം പരീക്ഷകളുടെ എണ്ണം വർദ്ധിച്ചു. അതിന്റെ ഫലമായി സർവ്വകലാശാലകളിൽ പലപ്പോഴും യഥാസമയം പരീക്ഷകൾ നടത്തി റിസൾട്ട് നൽകുന്നതിനുള്ള പരിമിതികളും ഉണ്ടാകുകയാണ്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം സർവ്വകലാശാലകളിൽനിന്നും പുറപ്പെടുവിക്കുന്ന ചില റിസൾട്ടുകളിൽ പ്രശ്നങ്ങൾ ഉണ്ടായത്. ആ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ സെമസ്റ്ററൈസേഷൻ നടന്നതിനുശേഷം ഉണ്ടാകുന്ന അധിക പരീക്ഷകൾ കുറേക്കൂടി കാര്യക്ഷമമാക്കാൻ ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കണം. ടെക്നോളജി ഉപയോഗിച്ചുകൊണ്ടുമാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ. അതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ട് എല്ലാ സർവ്വകലാശാലകളിലും പരീക്ഷ നടത്തുന്ന സമയം, പരീക്ഷാ രീതി, കലണ്ടർ ഇതെല്ലാം ഏകീകരിച്ച് ഓൺലൈൻ ആക്കുന്നതിനുള്ള ശ്രമം നടക്കുകയാണ്. അടുത്ത വർഷം ആ പ്രശ്നം പരിഹരിക്കാൻ കഴിയും.

ശ്രീ. ആർ. രാജേഷ്: സർ, അങ്ങയുടെ മറുപടിയിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ്. അങ്ങ് അവസാനം പറഞ്ഞതിൽ ആറ് യൂണിവേഴ്സിറ്റികളിലെയും പരീക്ഷയും പ്രവേശനവുമെല്ലാം ഏകീകരിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനാവശ്യമായ ഫലപ്രദമായ സംവിധാനം നടപ്പിലാക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സർവ്വകലാശാല ഏകീകരിക്കുക എന്നുള്ളതല്ല ഉദ്ദേശിച്ചത്. ഓരോ സർവ്വകലാശാലയും ഏത് സമയത്ത് പരീക്ഷ നടത്തും അതിന്റെ റിസൾട്ട് എന്ന് വരും തുടങ്ങിയ കാര്യങ്ങൾ ഒന്നിച്ച് ഒറ്റ പ്ലാറ്റ്ഫോമിൽ, ഒറ്റ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചുകൊണ്ട് ജനങ്ങളിൽ എത്തിക്കാനും അതുപോലെ എല്ലാ സർവ്വകലാശാലകളിലും ഓൺലൈൻവഴി അഡ്മിഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഏകീകരണമാണ് അല്ലാതെ സർവ്വകലാശാലയുടെ ഏകീകരണമല്ല.

ശ്രീ. എം. സ്വരാജ് : സർ, ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം ഉൾപ്പെടെ വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന മുഴുവൻ പരിഷ്കാരങ്ങളും വിദ്യാർത്ഥിപക്ഷത്തുനിന്നുകൊണ്ട് വിദ്യാർത്ഥി കേന്ദ്രീകൃതമായി ആലോചിച്ചു കൊണ്ടല്ലെന്ന വിമർശനം പൊതുവിൽ ഉണ്ട്. ഈ പരിഷ്കാരങ്ങളെ വിദ്യാർത്ഥികൾ എങ്ങനെയാണ് സമീപിക്കുന്നത്; അവരുടെ താൽപ്പര്യങ്ങളെയും അഭിരുചികളെയും പരിഗണിച്ചിട്ടുണ്ടോ? സിലബസും കരിക്കുലവും വിദ്യാർത്ഥികളിൽനിന്ന് വേണ്ടേ രൂപപ്പെടുത്തിയെടുക്കേണ്ടത്? ഈ വിഷയത്തിന്റെ മാത്രമല്ല, പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥി പഠിച്ചുവരുന്ന രീതിയുടെയും ശീലങ്ങളുടെയും തുടർച്ചയല്ല പ്ലസ്ടുവിൽ ഉണ്ടാകുന്നത്. അവർക്ക് താങ്ങാൻ കഴിയുന്ന സിലബസ് ആണോ, പഠന സമയം ക്രമീകരിച്ചിട്ടുള്ളത് അനുകൂലമായാണോ തുടങ്ങിയ കാര്യങ്ങൾ

പരിശോധിക്കേണ്ടതാണ്. വിദ്യാർത്ഥിപക്ഷത്തുനിന്ന് വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചു കൊണ്ട് ഈ പരിഷ്കാരങ്ങളെല്ലാം ആരംഭിക്കുന്നതിന് നമുക്ക് കഴിയേണ്ടതല്ലേ; ആ ദിശയിലുള്ള അന്വേഷണവും പരിശോധനയും നടത്തുമോ ?

പ്രൊഫ സി. രവീന്ദ്രനാഥ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ച അന്നുമുതൽ ഏറ്റവുമധികം പറയുന്ന കാര്യമാണ് വിദ്യാഭ്യാസം ശിശു കേന്ദ്രീകൃതമാകണമെന്ന്. അത് വർഷങ്ങളായി ലോകം മുഴുവൻ ആഗ്രഹിക്കുന്നതാണ്. പക്ഷെ, ഒരു ദിക്കിലും അങ്ങനെ കാര്യമായി നടന്നിട്ടില്ല. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ പക്ഷത്തുനിന്ന് മാത്രമേ എന്തിനെക്കുറിച്ചും വിദ്യാഭ്യാസത്തിൽ ചിന്തിക്കുകയുള്ളൂ. ക്ലാസ്സുകൾപോലും ശിശു കേന്ദ്രീകൃതമാക്കി മാറ്റാനാണ് നിർദ്ദേശങ്ങൾ നൽകുന്നത്. ആ അർത്ഥത്തിലാണ് ശ്രീ. ആർ. രാജേഷ് ചോദിച്ച ചോദ്യത്തിന് ഉത്തരം നൽകിയത്; ചോയ്സ് എന്നുപറയുന്നത് ഒരു കോളേജിലാണെങ്കിൽ അവിടെ അവൈലബിളായ വിഷയം തെരഞ്ഞെടുക്കുന്നതിന് മാത്രമാണ് അർഹതയുള്ളത്. ഒരു യൂണിവേഴ്സിറ്റിയിൽ ആണെങ്കിൽ അവിടെ ലഭ്യമായ കോഴ്സ് തെരഞ്ഞെടുക്കുന്നതിന് മാത്രമാണ് അർഹതയുള്ളത്. അതിനപ്പുറം ഒരു കുട്ടി മറ്റൊരു വിഷയം പഠിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതുപോലും കൊടുക്കത്തക്ക വിധത്തിൽ കുട്ടികളുടെ പക്ഷത്തുനിന്ന് ഈ സിസ്റ്റം മാറ്റത്തക്ക രീതിയിലുള്ള ആലോചനകൾ നടത്തണമെന്നുള്ളത് ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസ ശൈലിയുടെ ഒരു ഉദാഹരണമാണ്.

മി. സ്പീക്കർ: ഇനിയും രണ്ട് ചോദ്യകർത്താക്കൾ ഉള്ളതുകൊണ്ട് ഈ ചോദ്യം തുടരാൻ നിർവ്വാഹമില്ല. ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ അവകാശ നിയമം

5(*245) ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. തുടങ്ങിയ ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാന സിലബസ് പ്രകാരം അധ്യയനം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായ പാഠ്യപദ്ധതി പ്രകാരം വിദ്യാഭ്യാസം നൽകുന്നതും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തോന്നുംപടി ഫീസ് ഈടാക്കുന്നതും സൗജന്യമായും നിർബന്ധിതമായും ഉള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാക്കിയ 2009-ലെ നിയമത്തിന്റെ അന്തസ്സത്തക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അവസര സമത്വമെന്ന മൗലികാവകാശത്തിന് വിരുദ്ധമാണ് പാഠ്യ പദ്ധതികളിലെ ഐകരൂപ്യമില്ലായ്മയെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തു ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ;

(സി) അൺ എയ്ഡഡ് സ്കൂളുകൾ ഒന്നാംക്ലാസ്സിൽ പ്രവേശനം നൽകുന്നതിൽ ഇരുപത്തിയഞ്ചു ശതമാനം കുട്ടികളെങ്കിലും ദുർബലവിഭാഗങ്ങളിൽപ്പെട്ടതോ സാമ്പത്തികശേഷിയില്ലാത്തവരോ ആയിരിക്കണമെന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ അവർക്ക് സൗജന്യമായി വിദ്യാഭ്യാസം നൽകണമെന്നും 2009-ലെ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇതു പ്രാവർത്തികമാക്കുന്നത് പരിഗണിക്കുമോയെന്നറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. തുടങ്ങിയ ബോർഡുകളുടെ സിലബസ് പിന്തുടരുന്ന അംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. 'സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട്, 2009' 2-ാം വകുപ്പിലെ 2(n)iv-ൽ ഉൾപ്പെടുന്നവയാണ് ഈ വിദ്യാലയങ്ങൾ. ആക്ടിലെ 12-ാം വകുപ്പിലെ ഇനം 12(1)c പ്രകാരം ഇത്തരം വിദ്യാലയങ്ങളിൽ 1-ാം ക്ലാസ്സിലെ സംഖ്യാബലത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപപ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും (weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) ഉള്ള കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണം വരെ നൽകേണ്ടതുമുണ്ട്. അതിന് നേരിടുന്ന ചെലവ്, ഒരു കുട്ടിക്കുവേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽനിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ് ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഇനം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ചട്ടങ്ങൾ (കേരളം) 2011-ലെ ചട്ടം 11-ൽ ഈ ഫീസ് റീ-ഇംബേഴ്സ്മെന്റിനുള്ള വിശദമായ വ്യവസ്ഥകളും ചേർത്തിട്ടുണ്ട്. ആക്ടിലെ 2-ാം വകുപ്പിലെ ഇനം n(iv)-ൽ ഉൾപ്പെടുന്ന അൺഎയ്ഡഡ് സ്കൂളുകളിൽ ടി 25% കുട്ടികൾക്ക് മാത്രമാണ് സൗജന്യ വിദ്യാഭ്യാസത്തിന് അവകാശമുള്ളത് (അവരുടെ ഫീസ് സംസ്ഥാന സർക്കാർ റീ-ഇംബേഴ്സ് ചെയ്യുന്നതിനാൽ). ബാക്കിയുള്ള 75 ശതമാനത്തിന്റെ വിദ്യാഭ്യാസം സൗജന്യമാണെന്ന് ആക്ടിലൊരിടത്തും പരാമർശിച്ചിട്ടില്ല. മാത്രമല്ല 75 ശതമാനം വിദ്യാർത്ഥികൾ നൽകേണ്ട ഫീസിന്റെ കാര്യത്തിലും പരാമർശമില്ല. ടി വിദ്യാലയങ്ങളിൽ സമീപപ്രദേശങ്ങളിലെ 25 ശതമാനം കുട്ടികളുടെ പ്രവേശനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ 4-5-2013-ലെ ജി.ഒ.

(എംഎസ്.) നമ്പർ 158/2013/പൊ.വി.വ. പ്രകാരം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ആയതിനാൽ പ്രസ്തുത അൺഎയ്ഡഡ് സ്കൂളുകളിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., ഐ.എസ്.സി. തുടങ്ങിയ ബോർഡുകളുടെ സിലബസ് പിൻതുടരുന്നതും ഫീസ് ഈടാക്കുന്നതും വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമാകുന്നില്ല.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ പിന്തുടരുന്ന പാഠ്യപദ്ധതികളുടെ ഐകരൂപ്യമില്ലായ്മ ഭരണഘടന വിഭാവനം ചെയ്യുന്ന അവസര സമത്വമെന്ന മൗലികാവകാശത്തിന്റെ ലംഘനമല്ല. സിലബസ് ഏകീകരിക്കാനുള്ള നടപടികളൊന്നും സർക്കാർ ഇപ്പോൾ ആലോചിച്ചിട്ടില്ല.

(സി) ഉണ്ട്. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ ആക്ട്, 2009 ബാധകമായ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസ്സിലെ സംഖ്യാബലത്തിന്റെ ഏറ്റവും കുറഞ്ഞത് 25 ശതമാനം വരെയെങ്കിലും സമീപ പ്രദേശങ്ങളിലെ ദുർബല വിഭാഗത്തിലും (weaker section), പ്രതികൂലാവസ്ഥയിലുള്ള ഗണത്തിലും (disadvantaged group) ഉള്ള കുട്ടികളെ പ്രവേശിപ്പിക്കേണ്ടതും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം അതിന്റെ പൂർത്തീകരണം വരെ നൽകേണ്ടതുമുണ്ട്. ഒരു കുട്ടിക്കുവേണ്ടി സംസ്ഥാനം നേരിട്ട ചെലവിന്റെ അത്രയുമോ അല്ലെങ്കിൽ ആ കുട്ടിയിൽനിന്നും ഈടാക്കിയ യഥാർത്ഥ തുകയോ ഇതിൽ ഏതാണോ കുറവ് ആയത് സംസ്ഥാനം വഹിക്കണമെന്ന് 12-ാം വകുപ്പിന്റെ ഇനം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കേരളത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ 4-5-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 158/2013/പൊ.വി.വ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

## വിദ്യാർത്ഥികൾക്ക് സോഷ്യൽ മീഡിയയെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ

6(*246) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :

<u>ശ്രീ. സി. മമ്മൂട്ടി</u> :

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ മീഡിയയുടെ വർദ്ധിച്ചുവരുന്ന പ്രചാരവും അതോടൊപ്പം നാൾക്കുനാൾ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങളും പരിഗണിച്ച് പുതിയ തലമുറയ്ക്ക് വേണ്ട അവബോധവും സുരക്ഷയും ഒരുക്കുന്നതിലേക്കായി ഈ വിഷയത്തിൽ ഹൈസ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് വേണ്ട ബോധവത്ക്കരണ ക്ലാസുകൾ നൽകാനുള്ളനടപടികൾ സ്വീകരിക്കുമോ;

(ബി) ഈ വിഷയത്തിൽ ഇതിനോടകം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾ സ്കൂളുകളിൽ മൊബൈൽ ഫോൺ കൊണ്ടുവരുന്നത് കർശനമായി വിലക്കിയിട്ടുണ്ട്. കൂടാതെ ഇന്റർനെറ്റ് സൗകര്യം ദുരുപയോഗം ചെയ്ത് ഫെയ്സ് ബുക്ക്, വാട്സ്ആപ് എന്നിവ സ്കൂൾ വിദ്യാർത്ഥികൾ ഉപയോഗിക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ക്രമീകരണം സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി വകുപ്പിൽ 2017-18 അക്കാദമിക വർഷം NIMHANS, ബാംഗ്ലൂരുമായി ചേർന്ന് മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് 5 ദിവസത്തെ പരിശീലനത്തിൽ നൂറ്റിപ്പത്തോളം സൗഹൃദയ കോ-ഓർഡിനേറ്റർമാരായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നൽകിയ പരിശീലനത്തിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് ക്ലാസ് നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എസ്.സി.ഇ.ആർ.റ്റി.-യുമായി ചേർന്ന് സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ മേഖലകളിൽ 41 വിദ്യാഭ്യാസ ജില്ലയിലേയും ഓരോ അദ്ധ്യാപകർക്ക് വീതം ഈ മാസംതന്നെ പരിശീലനം നൽകാനും ഓരോ അദ്ധ്യാപകരെ മാസ്റ്റർ ട്രെയിനേഴ്സായി തെരഞ്ഞെടുത്തുകൊണ്ട് അടുത്ത അധ്യയന വർഷാരംഭത്തിൽ ഓരോ വിദ്യാഭ്യാസ ജില്ലയിലും മുഴുവൻ സൗഹൃദയ കോ-ഓർഡിനേറ്റർമാർക്കും ഒരു ഏകദിന പരിശീലനം നൽകാനും മേൽ അദ്ധ്യാപകർ വഴി മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കും ഈ മേഖലയിൽ ഒരു അവബോധം നൽകുന്നതിനായും സൗഹൃദയ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ സൈബർ ക്രൈം സംബന്ധിച്ച അവബോധന ക്ലാസ്സുകളും കൗൺസിലിംഗുകളും നടത്തുന്നുണ്ട്. പോലീസ് വകുപ്പിൽ നിന്നുള്ള സൈബർ ഉദ്യോഗസ്ഥരാണ് ടി ക്ലാസ്സുകൾ നയിക്കുന്നത്. ഹാപ്പി ലേണിംഗ്സ്, ഫെയ്സ് ടു ഫെയ്സ് എന്നീ പരിപാടികളിലൂടെ സോഷ്യൽ മീഡിയ സംബന്ധിച്ച അവബോധവും വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

## ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം അവസാനിപ്പിക്കാൻ ശിപാർശ

7(*247) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റി റിപ്പോർട്ടിൽ വിദ്യാർത്ഥികളെ വിധേയരാക്കാനായി മാനേജ്മെന്റുകൾ ദുരുപയോഗം ചെയ്യുന്ന ഇന്റേണൽ അസസ്സ്മെന്റ് സംവിധാനം അവസാനിപ്പിക്കാൻ ശിപാർശയുണ്ടോ; എങ്കിൽ ഇതവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നത് അവസാനിപ്പിക്കാൻ ശക്തമായ നടപടിയുണ്ടാകുമോ;

(സി) അധ്യയനത്തിലെ ഗുണനിലവാരം ഉയർത്തുന്നതിനും മാനേജ്മെന്റുകളുടെ അമിതാധികാരത്വര അവസാനിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശിപാർശ ഇല്ല. 3-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 179/2017/ഉ.വി.വ. പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ അസസ്സ്മെന്റ് സംബന്ധിച്ച ചൂഷണങ്ങൾ തടയുന്നതിന്റെ ഭാഗമായി എം.ജി. സർവ്വകലാശാല വൈസ്ചാൻസലർ കൺവീനറായി ഒരു സമിതി രൂപീകരിച്ചിരുന്നു. ടി സമിതിയുടെ വിശദമായ റിപ്പോർട്ട് പരിഗണിച്ച ജസ്റ്റീസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ച് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തത്വത്തിൽ അംഗീകരിച്ച ടി റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സർവ്വകലാശാലകളിലെയും ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെയും അദ്ധ്യാപനത്തിന്റെയും അദ്ധ്യാപകരുടെയും മികവും ഗുണനിലവാരവും വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. പ്രധാനമായവ ചുവടെ ചേർക്കുന്നു :

1. Graduate attributes and Outcome Based Education
2. അക്കാദമിക വോളന്റിയർ ബാങ്ക്
3. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനം
4. ബ്രെയിൻ ഗെയിൻ സമീപനം
5. അദ്ധ്യാപകരുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾ.

**അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം**

8(*248) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച്, അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കെ ഇത്തരം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V-ൽ പൊതുവായ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാലാകാലങ്ങളിൽ അതത് സർക്കാർ സ്വീകരിക്കുന്ന നയമനുസരിച്ച് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് വിദ്യാഭ്യാസ നിയമത്തിനും ചട്ടത്തിനുമനുസൃതമായി മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് അവ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം

നൽകുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. കേന്ദ്രസർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10-6-2013 തീയതിയിലെ സ.ഉ. (കൈ) നമ്പർ 184/2013/പൊ.വി.വ. പ്രകാരം അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അവ പാലിച്ച 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16-3-2016-ലെ CRMP No.4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻ പ്രകാരം സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 19-7-2017-ലെ GEDN-F1/27./2017-GEDN നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപപ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി

9(*249) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള പദ്ധതി പ്രകാരം എത്ര ഭൂരഹിതർക്ക് ഭൂമി നൽകേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; മുൻ സർക്കാരിന്റെ കാലത്ത് ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിരുന്നു;

(ബി) കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(സി) റവന്യൂ ഭൂമി മുഴുവൻ റീസർവേ നടത്തി ഉടമസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി 291,757 അപേക്ഷകളാണ് പദ്ധതി പ്രകാരം ലഭിച്ചിരുന്നത്. ഇതിൽനിന്നും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2,43,928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് 44,192 ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിരുന്നു. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്നും മറ്റുമുള്ള കാരണം പറഞ്ഞ് കുറെപേർ ഭൂമി കൈവശപ്പെടുത്താതെയിരിക്കുന്ന സാഹചര്യമുണ്ട്.

(ബി) നിലവിലുണ്ട്. സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേകപൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാംഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ച് www.kslb.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്. നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതും മറ്റ് ജില്ലകളിലും കൂടി സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുംവേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ ടിയാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കി കൊടുക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൾ ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകിവരുന്നു.

(സി) 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിലവിൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ പേഴ്സണൽസ് പ്രവർത്തിക്കുന്നുണ്ട്.

## കാമ്പസുകളിൽ ജനാധിപത്യാവകാശം സംരക്ഷിക്കപ്പെടാൻ നടപടി

10(*250) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും ലോകോത്തര നിലവാരത്തിലേക്കുയർത്തുവാനായി പരിപാടിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; അറിവുല്പാദന പ്രക്രിയയിലും അറിവ് സാമൂഹ്യ പുരോഗതിക്കായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇത്തരം സ്ഥാപനങ്ങൾ പ്രതീക്ഷിത നിലവാര ത്തിലേക്ക് ഉയർന്നിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) കേന്ദ്ര മന്ത്രിമാരും ചില ഭരണഘടനാ സ്ഥാപനങ്ങളിൽ മുഖ്യസ്ഥാനം വഹിക്കുന്നവരും അംഗീകൃത ശാസ്ത്രസത്യങ്ങളെയും ചരിത്ര വസ്തുതകളെയും നിരസിച്ചു കൊണ്ട് അന്ധവിശ്വാസജഡിലവും യുക്തിഹീനവുമായ സങ്കല്പങ്ങളെ ശാസ്ത്രത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നത് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും സർഗ്ഗാത്മകതക്കും സംവാദാത്മകതക്കും ഹാനികര മാകാതിരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ജനാധിപത്യപരമായ സംഘടനാവകാശങ്ങളെ തകർത്തുകൊണ്ട് പിന്തിരിപ്പൻ ആശയ സംഹിതയുടെ പുനരുജ്ജീവനത്തിന് ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നത് അവസാനിപ്പിക്കുവാനായി കാമ്പസുകളിൽ ഭരണഘടനാദത്തമായ ജനാധിപത്യാവകാശം സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും ലോകോത്തര നിലവാരത്തിലേയ്ക്കുയർത്താൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ചുവടെ പറയുന്ന കർമ്മ പദ്ധതികൾക്കാകുമെന്ന് പ്രതീക്ഷിക്കുന്നു :

1. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ആന്റ് ഗ്രാജുവേറ്റ് ആർട്രിബ്യൂട്ട്സ്
2. ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗെയിൻ കൺസെപ്റ്റ് ടു എറുഡൈറ്റ് സ്കീം
3. അക്കാദമിക് വോളന്റിയർ ബാങ്ക്
4. ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി

5. അദ്ധ്യാപക ഒഴിവുകൾ നികത്തുന്നത് പഠിക്കാൻ കമ്മിറ്റി
6. സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിന് കമ്മിറ്റി
7. ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയുടെ പുന:സംഘാടനം
8. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി
9. അഖില കേരള ഉന്നത വിദ്യാഭ്യാസ സർവ്വേ
10. സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും
11. പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)
12. ലേണർ എക്കോസിസ്റ്റം കാമ്പസുകൾ.

രാജ്യത്തെ തെരഞ്ഞെടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള 'Institutions of Eminence' (മികവിന്റെ കേന്ദ്രങ്ങൾ) എന്ന കേന്ദ്രസർക്കാരിന്റെ പദ്ധതിയിലേയ്ക്ക് കുസാറ്റും കേരള സർവ്വകലാശാലയും പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും കാമ്പസുകളിലും ശാസ്ത്രീയ ചിന്താധാരകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഭരണ ഘടനാദത്തമായ ജനാധിപത്യാവകാശം സംരക്ഷിക്കാനും സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളും സർക്കാരും പ്രതിജ്ഞാബദ്ധമാണ്.

## മരാമത്ത് നയത്തിൽ നൂതന സാങ്കേതികവിദ്യകളുടെ പ്രാധാന്യം

11(*251) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷിത പ്രവൃത്തികൾക്ക് പ്രത്യേക ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി റോഡ് സുരക്ഷാ ഓഡിറ്റ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റോഡ് സേഫ്റ്റിക്കും ഗവേഷണത്തിനും ഡിസൈനിംഗിനുമായി ഏതെല്ലാം നൂതന സാങ്കേതികവിദ്യകൾക്കാണ് മരാമത്ത് നയത്തിൽ പ്രാധാന്യം നൽകിയി രിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷാ പ്രവൃത്തികൾക്ക് പ്രത്യേകം ഊന്നൽ നൽകി റോഡ് സുരക്ഷാ സംവിധാനങ്ങൾ പദ്ധതികളിൽ ഉൾപ്പെടുത്തുകയും അവ നടപ്പാക്കുകയും ചെയ്തു വരുന്നു. കേരളത്തിലുടനീളമുള്ള എല്ലാ പൊതുമരാമത്ത് റോഡുകളിലും വകുപ്പിന്റെ പദ്ധതി/പദ്ധതിയേതര ഫണ്ടുപയോഗിച്ച് അപകട സാധ്യതമേഖലകളിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവരുന്നു.

(ബി) നിലവിൽ പത്ത് കോടിയിലധികം തുക നിർമ്മാണ ചെലവ് വരുന്ന റോഡ് പദ്ധതികളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനായി 11-11-2016 തീയതിയിലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1557/2016/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റോഡ് സേഫ്റ്റിക്കും ഗവേഷണത്തിനും ഡിസൈനിംഗിനുമായി നാട്പാക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. റോഡ് സുരക്ഷാ പദ്ധതികളുടെ ഭാഗമായി സൈൻ ബോർഡുകൾ, ഹമ്പുകൾ, തെർമോ പ്ലാസ്റ്റിക് പെയിന്റുകൾ, റോഡ് സ്റ്റഡുകൾ, ക്രാഷ് ബാരിയറുകൾ മുതലായവ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നു. ഡിസൈനിംഗ് സംബന്ധിച്ച് ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന നിബന്ധനകളാണ് അനുകരിച്ചു വരുന്നത്.

(ഡി) റോഡ് സുരക്ഷയും റോഡപകടങ്ങളുമായും ബന്ധപ്പെട്ട് സുരക്ഷാ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങൾ പരിശോധിക്കുകയും ട്രാഫിക് സംബന്ധമായ പഠനങ്ങൾ നടത്തുകയും അപകട സാധ്യത ഒഴിവാക്കുന്നതിനായുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയുമാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത്.

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികൾ

12(*252) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) കെ.ആർ.എഫ്.ബി.-യുടെ പ്രവർത്തനങ്ങൾക്ക് മുടക്കുന്ന തുകയുടെ തിരിച്ചടവ് എപ്രകാരമാണ്;

(സി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ പത്ത് ശതമാനം വിഹിതം കെ.ആർ.എഫ്.ബി.-ക്ക് ലഭ്യമാക്കേണ്ടതുണ്ടോ;

(ഡി) മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനം കിഫ്ബിയിലേക്ക് മാറ്റിയതുമൂലം കെ.ആർ.എഫ്.ബി.-ക്ക് ഫണ്ട് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

നിർമ്മാണം പൂർത്തിയാക്കിയ തിരുവനന്തപുരം, കോഴിക്കോട് നഗര റോഡ് വികസന പദ്ധതികൾ ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലാണ്.

ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

കണ്ണൂർ നഗര റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികളായതിനാൽ കൺസഷണർക്ക് 15 വർഷത്തേയ്ക്ക് ആന്വിറ്റിയിനത്തിലുള്ള തിരിച്ചടവാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ 10% വിഹിതം കെ.ആർ.എഫ്.ബി.-യ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) 2017-18 സാമ്പത്തിക വർഷം കെ.ആർ.എഫ്.ബി.-യ്ക്ക് 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 221.07 കോടി രൂപ (നോൺ പ്ലാൻ ഫണ്ട്) വകയിരുത്തിയിട്ടുണ്ട്. അതിൽ 100 കോടി രൂപ നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 121 കോടി രൂപ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ധനകാര്യ വകുപ്പ് നൽകുന്നതാണ്. 2018-19 സാമ്പത്തിക വർഷം 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 254.75 കോടി രൂപ മോട്ടോർ വാഹന നികുതിയിനത്തിൽ വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര പരിശോധനയ്ക്കായി സംവിധാനം**

13(*253) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നവീന ആശയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണത്തിനായി കൗൺസിലിനെ എത്തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യയന രംഗത്ത് നിലവാര പരിശോധനയ്ക്കായി അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ എന്ന സംവിധാനം ഏർപ്പെടുത്തിയത് അക്കാദമിക ഗുണനിലവാരം താഴ്ത്താൻ ഇടയാക്കിയത് പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള ആശയരൂപീകരണം നടത്താൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സാധ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കരിക്കുലം പരിഷ്കരണത്തിനും അക്കാദമിക പരീക്ഷാ കലണ്ടർ രൂപീകരണത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡോ. രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയമിക്കുകയും പ്രസ്തുത കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും എം.എച്ച്.ആർ.ഡി.-യുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ജനാധിപത്യ സ്വഭാവം ഉറപ്പുവരുത്തുന്ന തരത്തിലാണ് കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിൽ ഭാഗഭാക്കുകളാകുന്നവർക്കും നേരവകാശികൾക്കും (stakeholders) പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഘടന. സമൂഹത്തിന്റെ പരിച്ഛേദം പ്രതിഫലിക്കുന്ന തരത്തിലാണ് കൗൺസിലിന്റെ ത്രിതല സംവിധാനം ഒരുക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട ഗവർണറാണ് കൗൺസിലിന്റെ പേട്രൺ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിസിറ്ററും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനുമാണ്. അഡ്വൈസറി ബോഡിയും ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് ബോഡിയും അടങ്ങുന്ന ത്രിതല സംവിധാനമാണ് കൗൺസിലിനുള്ളത്. അഡ്വൈസറി ബോഡിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അംഗങ്ങളാണ്. കൃഷി, ആരോഗ്യം, നിയമം എന്നീ വകുപ്പുമന്ത്രിമാർക്ക് പുറമെ രാജ്യസഭയിലേയും ലോക്സഭയിലേയും ഓരോ എം.പി.-മാർ, ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ നോമിനേറ്റ് ചെയ്യുന്ന 5 എം.എൽ.എ.-മാർ, ഒരു കോർപ്പറേഷൻ മേയർ, ഒരു മുനിസിപ്പൽ ചെയർപേഴ്സൺ, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർ, വിവിധ തുറകളിൽ പ്രാഗത്ഭ്യം തെളിയിച്ച വിദഗ്ദ്ധർ എന്നിവരും ഈ ബോഡിയിൽ അംഗങ്ങളാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അദ്ധ്യക്ഷത വഹിക്കുന്ന ഗവേണിംഗ് ബോഡിയിൽ സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാല കളിലേയും വൈസ് ചാൻസിലർമാർ അംഗങ്ങളാണ്. കൂടാതെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്ലാനിംഗ് ബോർഡ് അംഗം, 5 വിദ്യാഭ്യാസ വിചക്ഷണർ, 2 വിദ്യാർത്ഥി പ്രതിനിധികൾ, അനദ്ധ്യാപക ജീവനക്കാരുടെ ഒരു പ്രതിനിധി എന്നിവരും ഈ ബോഡിയിലുണ്ട്. തികച്ചും ജനാധിപത്യ സ്വഭാവത്തിലുള്ള സംഘടനാ സംവിധാനമാണ് കൗൺസിലിന്റേത്.

(ബി) അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (API) എന്ന സംവിധാനം ഏർപ്പെടുത്തുക വഴി അക്കാദമിക ഗുണനിലവാരം താഴാനിടയായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാനത്തിന്റെ പ്രത്യേകത പരിഗണിച്ച് അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ സ്കോർ നിർണ്ണയിക്കുന്ന രീതിയിൽ മാറ്റം വരുത്തുവാനാകുമോയെന്ന് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) കരിക്കുലം പരിഷ്കരണം ബന്ധപ്പെട്ട സർവ്വകലാശാലകളാണ് നടപ്പിൽ വരുത്തുന്നത്. സർവ്വകലാശാലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഇ-ഗവേണൻസ് പദ്ധതി പൂർത്തിയാകുമ്പോൾ സർവ്വകലാശാലകളിലെ പ്രവേശനം, പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വകലാശാലകളുടെ നിലവാരം ഉയർത്താനുള്ള നടപടികൾ

14(*254) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മാനവവിഭവവികസന മന്ത്രാലയത്തിന്റെ റാങ്കിംഗ് പ്രകാരം ആദ്യത്തെ നൂറ് സർവ്വകലാശാലകളിൽ കേരളത്തിലെ സർവ്വകലാശാലകളുടെ സ്ഥാനം വളരെ താഴ്ന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ സർവ്വകലാശാലകളെ റാങ്കിംഗിൽ മുൻനിരയിൽ എത്തിക്കുന്നതിന് അർത്ഥപൂർണമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്ത് മുന്നേറ്റം കുറിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യത്തെ 100 റാങ്കിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ താഴെപ്പറയും പ്രകാരം ഉൾപ്പെട്ടിട്ടുണ്ട് :

| | | | |
|---|---|---|---|
| 1. | കേരള സർവ്വകലാശാല | – | റാങ്ക് 29 |
| 2. | കാലിക്കറ്റ് സർവ്വകലാശാല | - | റാങ്ക് 57 |
| 3. | മഹാത്മാഗാന്ധി സർവ്വകലാശാല | - | റാങ്ക് 67 |
| 4. | കുസാറ്റ് | - | റാങ്ക് 86 |

(ബി&സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ ആന്റ് ഗ്രാജുവേറ്റ് ആർട്രിബ്യൂട്ട്സ്

2. ഇന്റഗ്രേഷൻ ഓഫ് ബ്രെയിൻ ഗെയിൻ കൺസെപ്റ്റ് ടു എറുഡൈറ്റ് സ്കീം

3. അക്കാദമിക് വോളന്റിയർ ബാങ്ക്

4. ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി

5. അദ്ധ്യാപക ഒഴിവുകൾ നികത്തുന്നത് പഠിക്കാൻ കമ്മിറ്റി

6. സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതി പഠിക്കുന്നതിന് കമ്മിറ്റി

7. ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയുടെ പുനഃസംഘാടനം

8. ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി

9. അഖില കേരള ഉന്നത വിദ്യാഭ്യാസ സർവ്വേ

10. സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷ കലണ്ടറും

11. പ്രബുദ്ധത (കമ്മ്യൂണിറ്റി ഹയർ എഡ്യൂക്കേഷൻ)

12. ലേണർ എക്കോസിസ്റ്റം കാമ്പസുകൾ

കൂടാതെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

**ഡിജിറ്റൽ സർവ്വേയും പോക്കുവരവും**

15(*255) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജുകളിൽ, പുറംകരാർ മുഖേന യോഗ്യരായ ഏജൻസികളെ കൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാ വില്ലേജുകളിലെയും പോക്കുവരവ് നടപടികൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്ന പ്രക്രിയ ഏതു ഘട്ടം വരെയായി; വിവരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സമയബന്ധിതമായി സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടെയും റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും അതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ചിട്ടുള്ള ഏജൻസികളെക്കൊണ്ടും സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരെയും സർവ്വേ സംബന്ധിച്ച സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവരെയും ഉപയോഗപ്പെടുത്തി കേന്ദ്ര ഫണ്ട് ഉപയോഗിച്ച് സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും സർവ്വേ വാലിഡേഷൻ നടപടികൾ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനുമായി മന്ത്രിസഭാതലത്തിൽ തീരുമാനമെടുക്കുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരിക്കുകയാണ്.

(ബി) 1464 വില്ലേജുകളിലെ അടിസ്ഥാന വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുകയും ഈ വില്ലേജുകൾ ഓൺലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിലെ അടിസ്ഥാന വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റൈസെഷൻ പുരോഗമിച്ചുവരുന്നു. ഓൺലൈനാക്കിയ വില്ലേജുകളിൽ പോക്കുവരവ് നടപടികൾ ഓൺലൈനായി നടന്നുവരുന്നു.

**മലയോര-തീരദേശ പാതകളുടെ നിർമ്മാണം**

16(*256) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഗതാഗത ശൃംഖലയിലെ പ്രധാന കണ്ണികളായിട്ടുള്ള മലയോര-തീരദേശ പാതകളുടെ നിർമ്മാണത്തിനായി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അറിയിക്കുമോ;

(ബി) മലയോര ഹൈവേയുടെ ചില ഭാഗങ്ങൾ വനമേഖലയിലൂടെ കടന്ന് പോകുന്നത് ഈ പാതയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) എല്ലായിടത്തും പന്ത്രണ്ട് മീറ്റർ ഉണ്ടെങ്കിൽ മാത്രമേ തീരദേശ ഹൈവേ പദ്ധതിക്ക് അനുമതി നൽകുകയുള്ളൂ എന്ന കിഫ്ബി നിലപാട് പ്രായോഗികത കൂടി കണക്കിലെടുത്ത് പുനഃപരിശോധിക്കാനുള്ള നിർദ്ദേശം നൽകുവാൻ ആവശ്യപ്പെടുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരത്ത് പാറശ്ശാല വരെയുള്ള മലയോര ഹൈവേയുടെ നിർമ്മാണത്തിനായി ജി.ഒ. (ആർറ്റി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി തീയതി 10-7-2017 ഉത്തരവ് പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കാനാണ് ഉത്തരവായിരിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികളാണ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ 19 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. 4 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. ഈ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് കേരള റോഡ് ഫണ്ട് ബോർഡാണ്. മറ്റ് പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലയോര ഹൈവേ നിർമ്മാണത്തിന് 9 ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നുണ്ട്. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി നാറ്റ്പാക്കിനെ ഏർപ്പെടുത്തുകയും നാറ്റ്പാക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഫൈനൽ അലൈൻമെന്റ് സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 679/2017/ പി.ഡബ്ല്യു.ഡി. തീയതി 21-5-2017 പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നുപോകുന്നത്. പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി ജി.ഒ. (ആർ.റ്റി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി തീയതി 10-7-2017 പ്രകാരം 6500 കോടി രൂപയുടെ പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി KRFB-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. നിർദ്ദിഷ്ട തീരദേശ പാതയുടെ നീളം 653.40 കിലോമീറ്ററാണ്. ആയത് തിരുവനന്തപുരം ജില്ലയിലെ പൂവാർ ജംഗ്ഷനിൽ ആരംഭിച്ച് വിവിധ ജില്ലകളിൽക്കൂടി കടന്നുപോകുകയും കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂരിൽ അവസാനിക്കുന്നതുമാണ്. വിവിധ ജില്ലകളിലായി 242 കിലോമീറ്റർ നീളത്തിൽ വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഒന്നാം ഘട്ടത്തിൽ ചെയ്യേണ്ട 13 റീച്ചുകളിൽ 12 എണ്ണത്തിന്റെ ഡി.പി.ആർ. KRFB-യിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിന് 9 ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നതാണ്. ഇത് 161.470 കിലോമീറ്റർ നീളത്തിലാണ് മൊത്തത്തിൽ ആവശ്യമായി വരുന്നതെന്നും ഇതിന് ഉദ്ദേശം 66.20 ഹെക്ടർ വനഭൂമിയാണ് ആവശ്യമായി വരുന്നതെന്നുമാണ് കണക്കാക്കിയിട്ടുള്ളത്. വനഭൂമി ലഭ്യമാക്കുന്നതിനായി 22-11-2017-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം

ചേരുകയുണ്ടായി. ഈ യോഗത്തിലെടുത്ത തീരുമാന പ്രകാരം അലൈൻമെന്റ് പ്ലാൻ വനം വകുപ്പിന് നൽകുകയും ചെയ്തു. യോഗ തീരുമാന പ്രകാരം ഡി.എഫ്.ഒ.-മാരുമായി അലൈൻമെന്റിന്റെ സംയുക്ത പരിശോധന പൂർത്തിയാക്കാനുണ്ട്. ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിലും ഡി.എഫ്.ഒ.-മാരുമായുള്ള സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നാറ്റ്പാക്കിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ടിൽ സ്ഥലപരിമിതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് തീരദേശപാതയുടെ വീതി 8 മീറ്റർ, 10 മീറ്റർ, 12 മീറ്റർ എന്ന തരത്തിലാണ് നിജപ്പെടുത്തിയിരിക്കുന്നത്. 8 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 5.5 മീറ്റർ ടാർ റോഡും 10 മീറ്റർ വീതി നിർദ്ദേശി ച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെയും കാൽനട യാത്രക്കാരുടെയും എണ്ണത്തിനനുസരിച്ച് 5.5 മീറ്റർ അല്ലെങ്കിൽ 7 മീറ്റർ ടാർ റോഡും 12 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 7 മീറ്റർ ടാർ റോഡുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അടുത്ത ഘട്ടമായി വീതി 12 മീറ്ററിൽ കുറവുള്ള റോഡുകൾ സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

**നഗരങ്ങളിലെ റോഡുകളുടെ ശോചനീയാവസ്ഥ**

17(*257) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ റോഡുകളുടെ ഗണ്യമായ ഭാഗം ശോചനീയാവസ്ഥയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ രീതിയിലെ അപാകതയും മഴക്കാലത്തെ റോഡ് നിർമ്മാണവും ഇതിന് എത്രമാത്രം കാരണമാകുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരമുണ്ടാകുന്ന നഷ്ടം അതിന് കാരണക്കാരാകുന്നവരിൽ നിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൈപ്പ്ലൈനിനും കേബിൾ ഇടാനും വേണ്ടി വെട്ടിപ്പൊളിക്കുന്ന റോഡുകൾ ഉപഭോക്താക്കളിൽനിന്നും പണം ഈടാക്കിയിട്ടും പൂർവസ്ഥിതിയിലാക്കാതിരിക്കുന്നത് റോഡുകളുടെ, പ്രത്യേകിച്ച് നഗര പ്രദേശങ്ങളിലുള്ളവയുടെ ശോചനീയാവസ്ഥയ്ക്ക് പ്രധാന കാരണമാണെന്നിരിക്കെ ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള നഗരങ്ങളിലെ റോഡുകളുടെ ഗണ്യമായ ഭാഗം ശോചനീയാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ, കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ ആന്വിറ്റി മാതൃകയിൽ നടപ്പാക്കിയ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളും ശോചനീയാവസ്ഥയിലല്ല.

(ബി) നിർമ്മാണത്തിനിടെ സംഭവിച്ച അപാകതകൊണ്ട് റോഡ് തകർന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത് പ്രസ്തുത പ്രവൃത്തിയുടെ ഡിഫെക്ട് ലയബിലിറ്റി പീരീഡി ലുള്ളതാണെങ്കിൽ പ്രവൃത്തിയിൽ സംഭവിച്ച അപാകതകൾ പ്രവൃത്തിചെയ്ത കരാറുകാരനെക്കൊണ്ടുതന്നെ പരിഹരിക്കുന്നതാണ്. മഴക്കാലത്തുള്ള റോഡ് നിർമ്മാണം ഒഴിവാക്കിയിട്ടുണ്ട്. നിർമ്മാണ രീതിയിലെ അപാകതകൊണ്ട് ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകൾ തകർന്നിട്ടില്ല. കൂടാതെ മഴക്കാലത്ത് ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം നടത്തുന്നില്ല.

(സി) പൈപ്പ് ലൈനുകൾ, കേബിളുകൾ എന്നിവ ഇടുന്നതിനുവേണ്ടി ഗുണഭോക്താക്കളിൽനിന്നും പണം ഈടാക്കിയിട്ടുള്ളവ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തി വകുപ്പ് യഥാസമയംതന്നെ പൂർത്തീകരിക്കുന്നുണ്ട്. എന്നാൽ പൈപ്പ് ലൈനുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. ഇത്തരം സാഹചര്യം ഒഴിവാക്കു ന്നതിലേയ്ക്കായി റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചുകൊണ്ട് 5-1-2018 തീയതിയിൽ ജി.ഒ. (ആർ.റ്റി.) 30/2018/പി.ഡബ്ല്യു.ഡി. നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടു വിച്ചിട്ടുള്ളതാണ്. ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 22-11-2016 തീയതിയിലെ കത്ത് നമ്പർ RW/NH-33044/29/2015/S&R(R)-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത കത്ത് പ്രകാരം അഞ്ചുവർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത കത്ത് പ്രകാരം റോഡുകൾ കുഴിക്കുന്ന കക്ഷി തന്നെ റോഡ് പൂർവ്വ സ്ഥിതി യിലാക്കേണ്ടതാണ്.

മുൻകൂട്ടി പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതെയും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരുടെ സാന്നിദ്ധ്യത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രോജക്ട് പ്ലാൻ ചെയ്യാത്തതുമാണ് പല പദ്ധതികൾക്കുംവേണ്ടി റോഡ് കുഴിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ടെലികോം തുടങ്ങിയ സേവനദാതാക്കൾ വിവിധ പദ്ധതികൾക്കായി റോഡുകൾ വെട്ടിമുറിക്കുന്ന

പ്രവൃത്തിയിലേയ്ക്ക് ഇരുകക്ഷികൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി 6-12-2017-ൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്: കേരള വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയുടെ പ്രവൃത്തികൾക്കായി റോഡ് കുഴിക്കേണ്ടി വരുന്ന അവസരങ്ങളിൽ പ്രസ്തുത വിവരം ആറുമാസം മുമ്പെങ്കിലും പൊതുമരാമത്ത് വകുപ്പിനെ അറിയിക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രഞ്ച് ലെസ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിന് ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. വീതി കുറഞ്ഞ റോഡുകളിൽ ടാർ കട്ടിംഗ് ആവശ്യമായി വരുമ്പോൾ മറ്റ് റൂട്ടുകൾ തെരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതും സ്വകാര്യവ്യക്തികളുടെ സ്ഥലത്തുകൂടി പൈപ്പുകൾ ഇടുന്നതിനുള്ള സാധ്യതയും ആരായേണ്ടതുമാണ്. ഇപ്രകാരം രണ്ട് കക്ഷികളുമായും സഹകരിച്ച് പ്രവൃത്തികൾ നടത്തുകയാണെങ്കിൽ പ്രസ്തുത പ്രശ്നത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരുപരിധി വരെ പരിഹരിക്കാൻ സാധിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ നിലവിലുള്ള പാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ/പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി/സ്പേസ് യൂട്ടിലിറ്റി ഡക്ട് ഉൾപ്പെടുത്താവുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ്**

18(*258) ശ്രീ. ഡി. കെ. മുരളി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ് നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീസൗഹൃദപരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീസൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാർക്കായി പബ്ലിക് ഓഫീസുകളിൽ റാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബജറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ല/താലൂക്ക്/വില്ലേജ് ഓഫീസുകളിൽ സ്ത്രീകൾക്കുള്ള ടോയ്‌ലറ്റ്, വിശ്രമമുറി, കാത്തിരിപ്പ് കേന്ദ്രങ്ങൾ തുടങ്ങിയവയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്നത്.

(സി) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പരിശീലനം നൽകിയിട്ടില്ല. ആവശ്യം പരിഗണിക്കുന്നതാണ്.

(ഡി) എല്ലാ കെട്ടിടങ്ങളിലും റാമ്പുകൾ ഉൾപ്പെടെയുള്ള ഡിസൈൻ അനുസരിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. റാമ്പ് നിർമ്മാണത്തിന് മാത്രമായി ജൻഡർ ബജറ്റിംഗിൽ തുക അനുവദിച്ചിട്ടില്ല. ഒരു പ്രവൃത്തിയുടെ ഭരണാനുമതിയിൽ റാമ്പ് നിർമ്മാണത്തിനുള്ള തുകയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് പ്രവൃത്തി നടത്തി വരുന്നത്.

(ഇ) ജെൻഡർ ബജറ്റിംഗിനുവേണ്ടി 300 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നത്.

## പാഠ്യപദ്ധതിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടുത്താൻ നടപടി

19(*259) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിത ബുദ്ധിയിലോ മറ്റ് നൂതന സാങ്കേതിക വിദ്യകളിലോ ഫലപ്രദമായ പരിശീലനം യുവാക്കൾക്ക് ലഭിക്കാതിരിക്കുകയാണെങ്കിൽ ഭാവിയിൽ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(ബി) നിർമ്മിത ബുദ്ധി, ത്രി ഡി പ്രിന്റിംഗ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) ഏതെങ്കിലും പഠന മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിത ബുദ്ധി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിർമ്മിത ബുദ്ധി മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാന തത്വങ്ങൾ അനുബന്ധ എഞ്ചിനീയറിംഗ് വിഷയത്തിലെ പാഠ്യപദ്ധതിയിൽ സ്പെഷ്യലൈസേഷനായി ഉൾപ്പെടുത്തി പ്രസ്തുത മേഖലയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി പ്രാവീണ്യമുള്ളവരാക്കി വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾ സാങ്കേതിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ ആരംഭിച്ചുകഴിഞ്ഞു. പ്രോജക്ട്, മിനി പ്രോജക്ട്, സെമിനാർ, വർക്ക്ഷോപ്പ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് അവരുടെ നൈപുണ്യം തെളിയിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതികവിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാറുണ്ട്. തുടർ പരിശീലനത്തിനായി സർക്കാർ തലത്തിലുള്ള സ്റ്റാർട്ട്-അപ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്. ക്യാമ്പസ് സെലക്ഷൻ പോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ അവസരങ്ങളും ലഭിക്കുന്നുണ്ട്.

(ബി) നിർമ്മിത ബുദ്ധി, ത്രീ ഡി പ്രിന്റിങ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കാനുള്ള അടിസ്ഥാന തത്വങ്ങൾ അതാത് എഞ്ചിനീയറിംഗ് ശാഖകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രോജക്ട്, മിനി പ്രോജക്ട്, സെമിനാർ, വർക്ക്ഷോപ്പ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾ അവരുടെ നൈപുണ്യം പ്രകടമാക്കുന്നുണ്ട്. ടെക്-ഫെസ്റ്റ് പോലുള്ള മേളകളിലും വിദ്യാർത്ഥികൾക്ക് മത്സരിക്കാനുള്ള അവസരങ്ങൾ നൽകുന്നുണ്ട്. ഇതിനായുള്ള എല്ലാ പ്രോത്സാഹനങ്ങളും സാങ്കേതിക സർവ്വകലാശാലയിൽ നൽകുന്നുണ്ട്. നൈപുണ്യ വികസനത്തിനായി സർക്കാർ തലത്തിലുള്ള സ്റ്റാർട്ട്-അപ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്.

(സി) സർക്കാർ സഹായത്തോടെ നിലവിൽ ഇരുപതോളം ഫാബ് ലാബുകൾ പല എഞ്ചിനീയറിംഗ് കോളേജുകളിലും ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാനതത്വങ്ങൾ കുട്ടികൾക്ക് അനുഭവിച്ചറിയുന്നതിനുള്ള വേദിയാണ് ഫാബ് ലാബുകൾ. നൂതന സാങ്കേതികവിദ്യകൾ വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കുന്ന അദ്ധ്യാപകർക്കും ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകളിൽ ഈ പാഠ്യപദ്ധതിയെ സംബന്ധിച്ച് പരിശീലനം നൽകുന്നുണ്ട്. അതാത് എഞ്ചിനീയറിംഗ് മേഖലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിക്കുന്ന പ്രകാരം ഇനിയും ഫാബ് ലാബുകൾ സ്ഥാപിച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സാങ്കേതിക സർവ്വകലാശാലയുടെ സജീവ പരിഗണനയിലുണ്ട്.

## പാട്ടക്കുടിശ്ശിക

20(*260) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും വൻകിട കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ 18-2-2017-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ട കാലാവധി കഴിഞ്ഞതുമായ എത്ര ഏക്കർ ഭൂമി ഈ സർക്കാർ നിലവിൽ വന്നശേഷം തിരിച്ചെടുത്തിട്ടുണ്ട്;

(ഡി) പാട്ടക്കുടിശ്ശികയിനത്തിൽ ലക്ഷക്കണക്കിന് രൂപ സർക്കാരിന് ലഭിക്കാൻ ഉണ്ടെന്നിരിക്കെ ഇത് പിരിച്ചെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും വൻകിട കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 18-2-2017-ലെ സ.ഉ. (എംഎസ്.)55/2017/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ) നിയമ വകുപ്പ് സെക്രട്ടറി, കമ്മീഷണർ (ലാന്റ് റവന്യൂ), ജോയിന്റ് കമ്മീഷണർ (ലാന്റ് റവന്യൂ) എന്നിവരെയും സർക്കാരിന്റെ 17-1-2018-ലെ സ.ഉ. (എംഎസ്) 15/2018/റവ നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ (വ്യയം) വകുപ്പ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമികളെക്കുറിച്ചുള്ള വിശദമായ വിവരം ശേഖരിച്ച് വരികയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ടക്കാലാവധി കഴിഞ്ഞതുമായ 38.34 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്.

(ഡി) സർക്കാർ, കോടതി എന്നിവ നൽകുന്ന സ്റ്റേ ഉത്തരവുകൾ ഒഴികെയുള്ള പാട്ട/ലീസ് കേസുകളിൽ കുടിശ്ശിക തുക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സർവ്വകലാശാലകൾക്ക് നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ നൽകിയ ഗ്രേഡിംഗ്

21(*261) ശ്രീ. ആന്റണി ജോൺ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക്, നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഗ്രേഡിംഗ് അറിയിക്കാമോ;

(ബി) ഗ്രേഡിംഗിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കുന്നതെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ മിക്ക സർവ്വകലാശാലകളിലും അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കാനായി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) അടിസ്ഥാന സൗകര്യങ്ങളും ഗവേഷണ സൗകര്യങ്ങളും വർദ്ധിപ്പിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ഡി) തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആവിഷ്കരിക്കണമെന്ന നിർദ്ദേശം, ജ്ഞാന സമ്പാദനത്തേക്കാൾ തൊഴിൽ സമ്പാദന ഇടങ്ങളായി ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിന് ഇടയാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റികൾക്ക് നൽകിയിട്ടുള്ള ഗ്രേഡിംഗ് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | കേരള യൂണിവേഴ്സിറ്റി | 'എ' ഗ്രേഡ് |
| 2 | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി | 'എ' ഗ്രേഡ് |
| 3 | കണ്ണൂർ യൂണിവേഴ്സിറ്റി | 'ബി' ഗ്രേഡ് |

| | | |
|---|---|---|
| 4 | ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി | 'എ' ഗ്രേഡ് |
| 5 | കൊച്ചിൻ യൂണിവേഴ്സിറ്റി | 'എ' ഗ്രേഡ് |
| 6 | കാലിക്കറ്റ് യൂണിവേഴ്സിറ്റി | 'എ' ഗ്രേഡ് |
| 7 | ന്യുവാൽസ് | NAAC-ന്റെ അക്രഡിറ്റേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല | |

(ബി) ഗ്രേഡിംഗിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ് :

1. ക്രൈറ്റീരിയൻ തിരിച്ചുള്ള വിശകലനം
2. കരിക്കുലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ
3. റ്റീച്ചിംഗ്-ലേണിംഗ് വിലയിരുത്തൽ
4. അടിസ്ഥാനസൗകര്യങ്ങളും ലേണിംഗ് റിസോഴ്സുകളും
5. സ്റ്റുഡന്റ്സ് സപ്പോർട്ടും പുരോഗതിയും
6. ഗവേണൻസ്, ലീഡർഷിപ്പ്, മാനേജ്മെന്റ് എന്നിവ
7. ഗവേഷണം, കൺസൾട്ടൻസി & എക്സ്റ്റൻഷൻ
8. ഇന്നവേഷനുകളും നല്ല പ്രവണതകളും
9. മൊത്തമായ വിലയിരുത്തൽ.

വിവിധ സർവ്വകലാശാലകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകൾ നടപടി സ്വീകരിച്ചുവരുന്നു.

(സി) മറുപടി അനുബന്ധമായി ചേർക്കുന്നു*.

(ഡി) പരമ്പരാഗത രീതിയിലുള്ള കോഴ്സുകളുടെ കരിക്കുലത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി സർവ്വകലാശാലകളിൽ തൊഴിൽ നൈപുണ്യത്തോടുകൂടി വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കുന്നതിന് ബോർഡ് ഓഫ് സ്റ്റഡീസ് അക്കാദമിക് കൗൺസിൽ എന്നീ സമിതികൾ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കശുവണ്ടി സംഭരണം**

22(*262) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ മേഖല സ്തംഭനാവസ്ഥയിൽ ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ ആശയങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കശുവണ്ടി സീസൺ ആരംഭിക്കാനിരിക്കെ അതിന് മുന്നോടിയായി വിദേശ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) രണ്ടുലക്ഷത്തോളം തൊഴിലാളികളുള്ള ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ; വ്യക്തമാക്കുമോ;

(ഇ) ഗുണമേന്മയിലും വലിപ്പത്തിലും മുന്തിയ തോട്ടണ്ടി ന്യായവില നല്കി കർഷകരിൽനിന്ന് സംഭരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ;

(എഫ്) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് കശുവണ്ടി സംഭരിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ ഫലവത്തായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ):

(എ-ഡി) എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലിനെത്തുടർന്ന് തുറന്ന് പ്രവർത്തിപ്പിച്ച കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ ഇന്ന് തോട്ടണ്ടി ദൗർലഭ്യം കാരണം പ്രതിസന്ധി നേരിടുന്നുണ്ട്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും ഇതിന് കാരണമാണ്. തോട്ടണ്ടിയുടെ വില വർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽനിന്നും വിലക്കയറ്റത്തിന് ആനുപാതികമായി ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും സ്വകാര്യ ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽനിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശ

വ്യവസായികളെ കടക്കെണിയിലാക്കുകയും പല ഫാക്ടറികളും അടച്ചിടേണ്ട സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിയറ്റ്നാമിൽനിന്നും കുറഞ്ഞ വിലയ്ക്ക് കശുവണ്ടിപരിപ്പ് ഇറക്കുമതി ചെയ്യുന്നതും കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതാണ്. കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന ഈ പ്രതിസന്ധി പരിഹരിക്കുന്നതിനാണ് സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇതിനെ അതിജീവിക്കാൻ മറ്റ് മാർഗ്ഗങ്ങൾ വഴി തോട്ടണ്ടി സംഭരിക്കാനുള്ള പരിശ്രമത്തിലാണ്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചുവരികയാണ്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ലഭ്യതയ്ക്ക് പ്രയാസം നേരിടുന്ന സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. വനം, കൃഷി വകുപ്പുമന്ത്രിമാരുമായി സംയുക്തമായി നടത്തിയ ചർച്ചയെത്തുടർന്ന് സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽനിന്നും ഫാമുകളിൽ നിന്നും ലഭ്യമായ പരമാവധി തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ടാൻസാനിയ, മൊസാംബിക്, ഐവറികോസ്റ്റ് എന്നീ കശുവണ്ടി ഉല്പാദക ആഫ്രിക്കൻ രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാരുമായി തോട്ടണ്ടി സംഭരണം സംബന്ധിച്ച് കാഷ്യൂ ബോർഡ് നേരിട്ട് ചർച്ച നടത്തിവരികയാണ്. കശുവണ്ടി വ്യവസായ മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കി മാത്രമേ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. കടക്കെണിമൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ബാങ്കുകളുമായി ബന്ധപ്പെട്ട് ആലോചിച്ചുവരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടെയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 15-2-2018-ൽ വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 31-5-2018 വരെ വ്യവസായികളുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ കടക്കെണിയിലായ വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്ത് വീട്ടിൽനിന്നും അവരെ പുറത്താക്കുന്ന നടപടികളും നിർത്തി വച്ചിരിക്കുകയാണ്.

<u>വ്യവസ്ഥകൾ</u> :

1. 31-3-2018-ന് മുമ്പ് വ്യവസായികൾ ബന്ധപ്പെട്ട ബാങ്കിന് പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കണം.
2. ഇങ്ങനെ സമർപ്പിക്കുന്ന പ്രൊപ്പോസൽ ഒരു മാസത്തിനകം പരിശോധിച്ച് ബാങ്കുകൾ തീരുമാനം വ്യവസായിയെ അറിയിക്കും.
3. ആർ.ബി.ഐ. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ പ്രൊപ്പോസൽ പരിഗണിച്ച് സ്വീകാര്യമാണെങ്കിൽ പ്രൊപ്പോസലുമായി മുന്നോട്ട് പോകുന്നതാണ്.
4. സ്വീകാര്യമല്ലാത്ത പ്രൊപ്പോസലുകൾ സംബന്ധിച്ച് വ്യവസായിയെ അറിയിക്കുകയും 31-5-2018-നകം സ്വീകാര്യമായ ഒറ്റത്തവണ തീർപ്പാക്കലിന് ശ്രമിക്കുകയോ മറ്റ് മാർഗ്ഗത്തിലൂടെ കണക്ക് തീർപ്പാക്കുന്നതിന് ശ്രമിക്കേണ്ടതോ ആണ്. അല്ലാത്തപക്ഷം ജപ്തി നടപടികൾ തുടരുന്നതായിരിക്കും.
5. നിശ്ചിത സമയത്തിനകം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാത്തവർക്കും 31-5-2018-നകം ഒറ്റത്തവണ തീർപ്പാക്കൽ നടപടിക്ക് ശ്രമിക്കാവുന്നതും അല്ലാത്തപക്ഷം മറ്റ് മാർഗ്ഗങ്ങൾവഴി കണക്ക് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ്.

മേൽപ്പറഞ്ഞ തീരുമാനങ്ങൾ താഴെപ്പറയുന്ന 14 ബാങ്കുകൾക്ക് ബാധകമായിരിക്കും.

1. ആക്സിസ് ബാങ്ക്
2. ബാങ്ക് ഓഫ് ഇന്ത്യ
3. കാനറ ബാങ്ക്
4. കാത്തലിക് സിറിയൻ ബാങ്ക്
5. കോർപ്പറേഷൻ ബാങ്ക്

6. ഫെഡറൽ ബാങ്ക്

7. എച്ച്.ഡി.എഫ്.സി. ബാങ്ക്

8. ഐ.ഡി.ബി.ഐ.

9. ഇന്ത്യൻ ബാങ്ക്

10. പഞ്ചാബ് നാഷണൽ ബാങ്ക്

11. സൗത്ത് ഇന്ത്യൻ ബാങ്ക്

12. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

13. സിൻഡിക്കേറ്റ് ബാങ്ക്

14. തമിഴ്നാട് മർക്കന്റൈൻ ബാങ്ക്.

(ഇ) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള പ്രമുഖ പൊതുമേഖലാ സ്ഥാപനം തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേർന്ന് പരമാവധി തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷനിൽ ഇതിനകം ലേലം ചെയ്തുകഴിഞ്ഞ 70% ബ്ലോക്കുകളിൽനിന്നും ലേലം പിടിച്ചവർ മുഖാന്തിരം തോട്ടണ്ടി പൊതുമേഖലാ വ്യവസായത്തിന് ലഭ്യമാക്കാനും ലേലം ചെയ്യാൻ ബാക്കിയുള്ള 30% ബ്ലോക്കുകളുടെ ലേലവ്യവസ്ഥയായി സംഭരിക്കുന്ന തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും നൽകുമെന്നും തീരുമാനിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള മറ്റെല്ലാ തോട്ടങ്ങളിൽനിന്നും ഫാമുകളിൽനിന്നും കർഷകരിൽനിന്നും മറ്റിതര സ്ഥലങ്ങളിൽനിന്നും തോട്ടണ്ടി പരമാവധി ശേഖരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## ദേശീയപാതയിൽ മേൽപ്പാലങ്ങൾ

23(*263) ശ്രീ. എം. മുകേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത നാലുവരിയായി പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി തുറവൂരിനും കഴക്കൂട്ടത്തിനും ഇടയിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ദേശീയപാത അതോറിറ്റി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന് ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉയർന്ന ജനസാന്ദ്രതയും ഇടുങ്ങിയ റോഡുകളുമുള്ള ആലപ്പുഴ നഗരത്തിൽ ദേശീയ പാത കടന്നുപോകുന്ന റ്റി.ഡി.എച്ച്.എസ്.എസ്.-ന് സമീപം മുതൽ വൈ.എം.സി.എ. പാലം വരെയുള്ള ഭാഗത്ത് ഒരു മേൽപ്പാലം നിർമ്മിച്ചാൽ ഗതാഗത വികസനത്തിനും നഗരവികസനത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ഗുണകരമാകുമെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) ദേശീയപാത നാലുവരിയായി പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി തുറവൂരിനും കഴക്കൂട്ടത്തിനുമിടയിൽ കെ.വി.എം. ജംഗ്ഷൻ, ചേർത്തല, മാരാരിക്കുളം ജംഗ്ഷൻ, അമ്പലപ്പുഴ ജംഗ്ഷൻ, നങ്ങ്യാർക്കുളങ്ങര ജംഗ്ഷൻ, കരുനാഗപ്പള്ളി ജംഗ്ഷൻ, കൊട്ടിയം ജംഗ്ഷൻ, ചാത്തന്നൂർ ജംഗ്ഷൻ, പാരിപ്പള്ളി ജംഗ്ഷൻ, കല്ലമ്പലം ജംഗ്ഷൻ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖയുടെ വിശകലനം പൊതുമരാമത്ത് ദേശീയപാത വിഭാഗം നടത്തിയിട്ടില്ല.

(സി) ആലപ്പുഴ നഗരത്തിലെ നിലവിലെ ദേശീയപാത കടന്നുപോകുന്ന റ്റി.ഡി.എച്ച്.എസ്.എസ്.-ന് സമീപം മുതൽ വൈ.എം.സി.എ. വരെയുള്ള ഭാഗം കൊമ്മാടിയിൽ തുടങ്ങി കളർകോട് വരെ എത്തിച്ചേരുന്ന ദേശീയപാതയുടെ പുതിയ ബൈപ്പാസ് പൂർത്തിയാകുമ്പോൾ പ്രസ്തുത ഭാഗം ദേശീയപാതയിൽനിന്നും മാറ്റുന്നതായിരിക്കും.

## മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവും

24(*264) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിനും പഴയ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേരളത്തിലെ മത്സ്യസമ്പത്തിലെ മുക്കാൽ പങ്കിലധികവും കടൽ മത്സ്യമായതിനാൽ ഫിഷിംഗ് ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവയുടെയും അവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളുടെയും വികസനത്തിനായി ഉള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) മത്സ്യോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവ് ലക്ഷ്യമിട്ട് ഫിഷിംഗ് ഹാർബറുകളുടെയും സംസ്കരണ കേന്ദ്രങ്ങളുടെയും ശുചിത്വ നിലവാരം ഉയർത്തുന്നതിനായി പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ):

(എ) കേന്ദ്രാവിഷ്കൃത പദ്ധതി, ആർ.കെ.വി.വൈ. (രാഷ്ട്രീയ കൃഷി വികാസ് യോജന), നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതി, എൻ.എഫ്.ഡി.ബി. എന്നിവ വഴിയാണ് പ്രധാനമായും മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നവീകരണവും നടത്തിവരുന്നത്. മത്സ്യബന്ധന തുറമുഖങ്ങളിലേയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലേയും ഡ്രെഡ്ജിംഗ് നടത്താനായി കേന്ദ്രവിഹിത പദ്ധതിയിലുൾപ്പെടുത്തി 10 പ്രവൃത്തികൾക്കായി 372.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അർത്തുങ്കൽ, ചേറ്റുവ, താനൂർ, തലായ്, കൊയിലാണ്ടി, വെള്ളയിൽ, ചെറുവത്തൂർ, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും മുനയ്ക്കക്കടവ് മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണവും വിവിധ മത്സ്യബന്ധന തുറമുഖങ്ങളിലെ ഡ്രെഡ്ജിംഗുമാണ് ഇതിൽ ഉൾപ്പെടുന്ന പദ്ധതികൾ. ഇതിൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 2015 ആഗസ്റ്റ് മാസം കമ്മിഷൻ ചെയ്തിട്ടുണ്ട്. തലായ്, ചേറ്റുവ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2018 ഏപ്രിൽ മാസത്തിൽ

കമ്മിഷൻ ചെയ്യാൻ കഴിയും. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം 2018 മേയ് മാസത്തിൽ കമ്മിഷൻ ചെയ്യാൻ സാധിക്കും. താനൂർ, വെള്ളയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം 80 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ പുതുക്കിയ ഭരണാനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാത്തതിനാൽ ഇതുവരെയും നിർത്തിവച്ച നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി ഫണ്ട് ലഭിക്കാത്തതിനാൽ പ്രവൃത്തിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 372.16 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്രവിഹിതമായി ലഭിക്കേണ്ടത് 247.07 കോടി രൂപയാണ്. ഈ ഇനത്തിൽ ഇനിയും 119.50 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുണ്ട്.

കേന്ദ്രസർക്കാരിൽനിന്നും മത്സ്യബന്ധന തുറമുഖങ്ങൾക്കാവശ്യമായ ഫണ്ട് ലഭിക്കാത്തതുകൊണ്ടും പുതുക്കിയ അനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാത്ത സാഹചര്യത്തിലും പ്രവൃത്തികളുടെ നടത്തിപ്പിനായി 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നബാർഡ് മുഖേന 584 കോടി രൂപ ലഭ്യമാക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ ചെത്തി, പരപ്പനങ്ങാടി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾക്ക് വേണ്ടി വരുന്ന 244 കോടി രൂപ കിഫ്ബി ധനസഹായത്തോടെ ലഭ്യമാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിക്കായി 31.02 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ ഡ്രെഡ്ജിംഗും ഷോർ പ്രൊട്ടക്ഷൻ വർക്കിനായുള്ള ഗ്രോയിനിന്റെ നിർമ്മാണവുമാണ് ശേഷിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പാറ ലഭ്യമാകാത്തതുകൊണ്ട് പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഹാർബറിന്റെ അഴിമുഖത്ത് മൺസൂൺ കാലയളവിലുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗ്ലോബൽ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുകയും ലഭിച്ച ഓഫറുകൾ പരിശോധിച്ച് വരികയുമാണ്. കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ നബാർഡ് ധനസഹായ പദ്ധതിയായി പ്രഖ്യാപിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുള്ള മോഡൽ സ്റ്റഡി പൂനെ CWPRS മുഖാന്തിരം നടത്തിവരുന്നു.

എൻ.എഫ്.ഡി.ബി.-യുടെ സാമ്പത്തിക സഹായത്തോടെ പുതിയാപ്പ, കായംകുളം, തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര, ചോമ്പാൽ, മുനമ്പം, ബേപ്പൂർ, തോട്ടപ്പള്ളി എന്നീ ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള നവീകരണ പ്രവൃത്തികൾ

ലഭ്യമായ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ചെറുവത്തൂർ, ന്യൂമാഹി, മാപ്പിളബേ ഫിഷിംഗ് ഹാർബറുകൾ നവീകരിക്കുന്നതിനുള്ള 1392 ലക്ഷം രൂപയുടെ പ്രൊപ്പോസൽ എൻ.എഫ്.ഡി.ബി.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച ഹാർബറുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഓപ്പറേഷൻ മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിലുൾപ്പെടുത്തിയും ഡ്രെഡ്ജിംഗ്, ക്യാപ്പിറ്റൽ റിപ്പയർ എന്നീ പ്രവൃത്തികൾ ക്യാപിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രെഡ്ജിംഗ് എന്ന പുതുതായി സർക്കാർ അനുവദിച്ച ശീർഷകത്തിൽ ഉൾപ്പെടുത്തിയും ചെയ്തുവരുന്നു. ഹാർബറുകളുടെ നവീകരണത്തിനായി ഇപ്പോൾ എൻ.എഫ്.ഡി.ബി. ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് "കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ" എന്ന ഒരു പദ്ധതിക്കായി പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടും ഏകദേശ അലൈൻമെന്റും (ഉദ്ദേശ അടങ്കൽ തുക 7900 കോടി രൂപ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് തീരദേശ ഹൈവേ കിഫ്ബി സഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഈ പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. തീരദേശ റോഡുകൾ മെച്ചപ്പെടുത്തുന്നതിനായി 100 കോടി രൂപ ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) മത്സ്യോത്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവ് ലക്ഷ്യമിട്ട് ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വനിലവാരം ഉയർത്തുന്നതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളെയും ഫിഷ് ലാന്റിംഗ് സെന്ററുകളെയും യൂറോപ്യൻ യൂണിയൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എൻ.എഫ്.ഡി.ബി. പദ്ധതിയിലുൾപ്പെടുത്തി 8 ഫിഷിംഗ് ഹാർബറുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

25(*265) ശ്രീമതി സി. കെ. ആശ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അടച്ചുറപ്പില്ലാത്തതും ചോർന്നൊലിക്കുന്നതും ദുർബലാവസ്ഥയിലുള്ളതുമായ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വില്ലേജ് ഓഫീസുകളിൽ കുടിവെള്ളം, ടോയ്‌ലെറ്റ് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കിമാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം ഇത്തരത്തിലുള്ള വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി/ പുനർനിർമ്മാണം നടത്തിവരുന്നു. കൂടാതെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയും സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിച്ചുവരുന്നു. (വിശദീകരണ കുറിപ്പ് കണ്ടാലും)*

(സി) സംസ്ഥാനത്ത് ടോയ്‌ലറ്റ് സൗകര്യമില്ലാത്ത 63 വില്ലേജാഫീസുകളും കുടിവെള്ള സൗകര്യമില്ലാത്ത 673 വില്ലേജാഫീസുകളും ഉള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി പണികൾക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഒന്നാം വർഷ പദ്ധതിയായി 2017-18 സാമ്പത്തിക വർഷത്തിൽ 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 673 വില്ലേജ് ഓഫീസുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനും 63 വില്ലേജാഫീസുകളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പണികൾ പുരോഗമിച്ചു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 13-ാം പഞ്ചവത്സര പദ്ധതിയിൽ വാഹന സൗകര്യം കുറഞ്ഞ ഉൾപ്രദേശങ്ങളിലെ വില്ലേജാഫീസുകളോട് ചേർന്ന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ഒന്നാം വർഷ പരിപാടിയനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ 800 ലക്ഷം രൂപ അനുവദിക്കുകയും 32 സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## വിഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം

26(*266) ശ്രീ. പി. ഉണ്ണി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായകമായ അധ്യാപന-പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ മോഡിലുള്ള ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കുള്ള പരിശീലനത്തിനും ഓഡിയോ ലോജിക്കൽ ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക കലോത്സവം, തൊഴിൽ പരിചയ മേളകൾ, അത്‌ലറ്റിക് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിനായി സംയോജിത വിദ്യാഭ്യാസ പദ്ധതി, അന്ധ/ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്രത്യേകം സ്പെഷ്യൽ സ്കൂളുകൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്പെഷ്യൽ സ്കൂൾ, ഭിന്നശേഷിയുള്ള കുട്ടികൾക്ക് സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) വഴി തൊഴിൽ പരിശീലനം തുടങ്ങിയ വിപുലമായ പദ്ധതികളാണ് ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

(ബി) സംസ്ഥാനത്തെ അന്ധ/ബധിര വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനുമായി ആവശ്യമായ സാമ്പത്തിക സഹായം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിവരുന്നുണ്ട്. വൈകല്യമുള്ള കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) മുഖേന സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ ഉള്ള 849 റിസോഴ്സ് അദ്ധ്യാപകരെ പൊതുവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഈ അദ്ധ്യാപകർക്കും മറ്റ് റഗുലർ അദ്ധ്യാപകർക്കും കരിക്കുലം അനുരൂപീകരണം, പഠനോപകരണ അനുരൂപീകരണം, പാഠാസൂത്രണം, വിനിമയ മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകിവരുന്നുണ്ട്. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലായി 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 19096 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആർ.എം.എസ്.എ. മുഖേന നടപ്പ് സാമ്പത്തിക വർഷം ചുവടെപ്പറയും പ്രകാരം വ്യക്തിഗത സഹായം നൽകിവരുന്നുണ്ട്.

(എ) ബുക്ക്/സ്റ്റേഷനറി എന്നിവ വാങ്ങുന്നതിന് ഒരു കുട്ടിക്ക് 470 രൂപ വീതം

(ബി) എസ്കോർട്ട് അലവൻസ് ഒരു കുട്ടിക്ക് 470 (1500 കുട്ടികൾക്ക്)

(സി) ഹോസ്റ്റലിൽ താമസിക്കുന്ന 30 കുട്ടികൾക്ക് മാസംതോറും 1000 രൂപാ ക്രമത്തിൽ പത്തുമാസത്തേയ്ക്ക് ഒരു കുട്ടിക്ക് 10,000 രൂപ ഹോസ്റ്റൽ അലവൻസ്

(ഡി) പൂർണ്ണമായും കാഴ്ചയില്ലാത്ത 455 കുട്ടികൾക്ക് 470 രൂപ ക്രമത്തിൽ റീഡർ അലവൻസ്

(ഇ) 7547 ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് 2000 രൂപ ക്രമത്തിൽ സ്റ്റൈപെന്റ്

(എഫ്) ഭിന്നശേഷിക്കാരായ 19096 കുട്ടികൾക്ക് 470 രൂപ വീതം യൂണിഫോം അലവൻസ്

(ജി) 1500 കുട്ടികൾക്ക് 1245 രൂപ ക്രമത്തിൽ സഹായ ഉപകരണങ്ങൾ.

കൂടാതെ 14 ജില്ലകൾക്കും ഹോർട്ടികൾച്ചർ തെറാപ്പിക്കായി 21 ലക്ഷം രൂപ എം.എച്ച്.ആർ.ഡി.-യും അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് അനുകൂല ചുറ്റുപാട് ഒരുക്കാൻ ഒരു ബ്ലോക്കിന് 10,000 രൂപ ക്രമത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു. ഇവരുടെ പഠനത്തിന് സഹായമായി 209 റിസോഴ്സ് റൂം, 23 റിസോഴ്സ് സെന്റർ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. എസ്.സി.ഇ.ആർ.റ്റി. മുഖേന വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി ചുവടെപ്പറയും പ്രകാരമുള്ള അക്കാദമിക് പ്രവർത്തങ്ങൾ നടത്തിവരുന്നു :

1. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതിയും 7 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്കായി പ്രവർത്തന പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.

2. കൂടാതെ അദ്ധ്യാപക പരിശീലനത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ, ബഡ്സ് സ്കൂൾ, എസ്.ഐ.എം.സി. എന്നിവരുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി 40 ബാച്ച് പരിശീലനം നടന്നുകഴിഞ്ഞു.

3. കാഴ്ചപരമായി വെല്ലുവിളികൾ നേരിടുന്നവർക്കായി 'ശാരദാ ബ്രെയിൽ റൈറ്റർ' എന്ന കമ്പ്യൂട്ടർ പ്രോഗ്രാം ഉപയോഗിക്കുന്നതിന്റെ അദ്ധ്യാപക ശാക്തീകരണ മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തിവരുന്നു.

4. ഹയർ സെക്കന്ററി സയൻസ് ബാച്ചിൽ പഠിക്കുന്ന കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്കായി പ്രാക്ടിക്കൽ ലാബ് വർക്കിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി ഹയർ സെക്കന്ററി വകുപ്പിന് നൽകിയിട്ടുണ്ട്.

5. ശ്രവണപരമായി വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സിലബസിലും അദ്ധ്യാപക സഹായിയിലും എല്ലാ വിഷയങ്ങളിലും അനുരൂപീകരണം നടത്തിയിട്ടുണ്ട്. കൂടാതെ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രവേശിക പാഠം വിനിമയം ചെയ്യുന്നതിനായി അദ്ധ്യാപക പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കുകയും സംസ്ഥാനതല പരിശീലനം 1, 2 ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂൾ (ശ്രവണ പരിമിതി) അദ്ധ്യാപകർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം, സംസ്ഥാന സ്പെഷ്യൽ സ്കൂൾ പ്രവൃത്തിപരിചയമേള എന്നിവ നടത്തിവരുന്നു. എന്നാൽ അത്‌ലറ്റിക് മീറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടില്ല.

## അൺഎയ്ഡഡ് സ്കൂളുകളുടെമേൽ നിയന്ത്രണം

27(*267) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനത്തിലോ, ഫീസിന്റെ കാര്യത്തിലോ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നതിലോ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇടപെടുമോ; വ്യക്തമാക്കുമോ;

(ബി) അൺ എയ്ഡഡ് സ്കൂളുകൾ പ്രവേശന കാര്യത്തിൽ യോഗ്യതയും സംവരണ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്നുറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അൺ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 'XIV-AA'-ൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിലെ ചട്ടങ്ങൾ പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ യോഗ്യതകൾ, പ്രായപരിധി, ശമ്പളം തുടങ്ങിയ കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള അധികാരം സർക്കാരിനുണ്ട്. സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനും വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസ് സംബന്ധിച്ചും വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പ്രതിമാസം 500 രൂപയും മറ്റ് ഫീസുകൾ പ്രതിവർഷം 1000 രൂപയും കോഷൻ ഡെപ്പോസിറ്റ് 1000 രൂപയും നൽകേണ്ടതാണ്. ഇതിൽ കൂടുതൽ തുക വാങ്ങിയതായി പരാതി ലഭിച്ചാൽ ടി സ്കൂളുകളിലെ ഹയർ സെക്കന്ററി കോഴ്സ് റദ്ദാക്കാൻ സർക്കാരിന് അധികാരമുണ്ട്.

(ബി) 1 മുതൽ X വരെ ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് സംവരണ മാനദണ്ഡങ്ങൾ ബാധകമല്ല. നിശ്ചിത ക്ലാസിൽ ചേരാനുള്ള യോഗ്യതയുള്ളവർക്ക് മാത്രമേ അൺഎയ്ഡഡ് സ്കൂളിലും പ്രവേശനം നൽകാൻ കഴിയൂ. അൺഎയ്ഡഡ് സ്കൂളുകളിൽ XI മുതൽ XII വരെയുള്ള പ്രവേശനകാര്യത്തിൽ യോഗ്യതയും സംവരണ മാനദണ്ഡങ്ങളും പാലിക്കപ്പെടാൻ വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. സർക്കാർ അനുമതി നൽകിയ ബാച്ചുകളിലെ നിശ്ചിത എണ്ണം സീറ്റുകളിലേയ്ക്ക് ഓപ്പൺ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 40 ശതമാനവും മാനേജ്മെന്റ് ക്വാട്ട 40%, എസ്.സി. 12%, എസ്.ടി. 8% എന്നിങ്ങനെ സംവരണം നിശ്ചയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ ടി സ്കൂളിനെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഇതുസംബന്ധിച്ച് യാതൊരു പരാതിയും നാളിതുവരെ ലഭ്യമായിട്ടില്ല.

(സി) ഇല്ല.

**തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം**

28(*268) ശ്രീ. അനിൽ അക്കര :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ കശുവണ്ടി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്രശതമാനം ചുങ്കമാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇറക്കുമതി ചുങ്കം വന്നതോടുകൂടി ചെറുകിട വ്യവസായികൾ തോട്ടണ്ടി ഇറക്കുമതിയിൽ നിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രതിസന്ധി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ):

(എ&ബി) കേന്ദ്രസർക്കാർ തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയതു വഴി തോട്ടണ്ടിയുടെ വില കൂടുകയും ലഭ്യത കുറയുകയും ചെയ്തു. ഇതിന്റെ ഫലമായി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാതെ അടച്ചിടേണ്ട സ്ഥിതിവന്നു. കശുവണ്ടിയുടെ ഇറക്കുമതിക്ക് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിരുന്ന 5% ഇറക്കുമതി ചുങ്കം 2018-19-ലെ കേന്ദ്ര ബഡ്ജറ്റിൽ 2.5% ആയി കുറച്ചിട്ടുണ്ട്. എന്നിരുന്നാലും ടി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയാൽ മാത്രമേ കശുവണ്ടി വ്യവസായ മേഖലയ്ക്ക് ഗുണകരമാകു.

(സി) ഇറക്കുമതി ചുങ്കം വന്നതോടുകൂടി സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാകുകയും തോട്ടണ്ടിയുടെ ഇറക്കുമതി കുറയുകയും ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ട്.

(ഡി) നിലവിൽ കേരളത്തിൽ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ബഹുഭൂരിഭാഗവും ഇറക്കുമതിയിലൂടെയാണ് കണ്ടെത്തുന്നത്. ഇറക്കുമതി നികുതി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിക്ക് കത്ത് നൽകിയിരുന്നു. കൂടാതെ വകുപ്പുമന്ത്രി കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം നിലവിലെ 5 ശതമാനത്തിൽനിന്നും 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്രസർക്കാരിന്റെ 2018-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകു എന്നാണ് സർക്കാർ കരുതുന്നത്. തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യു ബോർഡിന് രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലഭ്യമാക്കുന്നതിന് കേരള കാഷ്യു ബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകുമെന്ന് കരുതുന്നു. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യു ബോർഡ് സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ്, മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽനിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി 2017-ൽ തോട്ടണ്ടി സംഭരിക്കുകയും പ്രസ്തുത തോട്ടണ്ടി ഉപയോഗിച്ച് പ്രോസസിംഗ് നടത്തിയിട്ടുള്ളതുമാണ്.

2018-ലും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും അതാത് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽനിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിനും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യു കോർപ്പറേഷനും കാപെക്സിനുമായി നൽകുന്നതിനും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

**മത്സ്യവിപണന മേഖലയിൽ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ**

29(*269) ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ ഏറ്റവുമധികം ചൂഷണം നടക്കുന്നത് വ്യാപാരമേഖലയിൽ ആയതിനാൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുന്നതിനായി മത്സ്യ വിപണന മേഖലയിൽ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നേരിട്ട് മത്സ്യം സംഭരിക്കാനും കേന്ദ്രീകരിച്ച് വിൽക്കാനുമുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മത്സ്യഫെഡിനെ മത്സ്യത്തൊഴിലാളികളുടെ പുരോഗതിക്കും ക്ഷേമത്തിനുമായുള്ള സ്ഥാപനമായി ശാക്തീകരിക്കുന്നതിന് നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ):

(എ) മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളികൾ ചൂഷണത്തിന് വിധേയമാകുന്നത് പ്രധാനമായും മത്സ്യബന്ധന ഉപകരണങ്ങൾക്ക് ആവശ്യമായ മൂലധനം കണ്ടെത്തുന്നതിന് ഇടനിലക്കാരിൽനിന്ന് വായ്പയെടുക്കുന്നത് വഴിയാണ്. ഇതുമൂലം മത്സ്യത്തൊഴിലാളി പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വില്പനാവകാശം കവർന്നെടുക്കപ്പെടുന്നു. ഈ സാഹചര്യം മനസ്സിലാക്കി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിനാവശ്യമായ വായ്പ എൻ.സി.ഡി.സി.-യുടെ സഹായത്തോടുകൂടി സഹകരണ സംഘങ്ങൾ വഴി ലഭ്യമാക്കിവരുന്നു. ഇത്തരത്തിൽ

മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കിയ ഗ്രൂപ്പുകളുടെ മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിൽ തീരദേശ ലേലം വഴി നടത്തിവരുന്നു. ഇപ്പോൾ ലഭ്യമാകുന്ന വായ്പ കുറവായതിനാൽ തോത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നബാർഡുമായി ചേർന്ന് 100 കോടി രൂപ വായ്പ കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ ലേലം വഴി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുകയും അവയുടെ ഗുണമേന്മ ഉറപ്പാക്കി ശുചിയാക്കി മത്സ്യഫെഡിന്റെ 31 ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തുവരുന്നു. ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുകയും ഉപഭോക്താക്കൾക്ക് ശുദ്ധമായ മത്സ്യം ന്യായമായ വിലയ്ക്ക് ലഭിക്കുകയും ചെയ്യുന്നു. മത്സ്യഫെഡിന്റെ അധീനതയിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ലാന്റിംഗ് സെന്ററുകളിൽനിന്നും ഹാർബറുകളിൽ നിന്നും മത്സ്യം നേരിട്ട് സംഭരിച്ച് ഗുണമേന്മ നഷ്ടപ്പെടാതെ ശുചിയാക്കി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 30 ഫിഷ്മാർട്ടുകളും ഒരു മൊബൈൽ ഫിഷ്മാർട്ടും (അന്തിപച്ച) പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ അവരുടെ മത്സ്യം സഹകരണ സംഘങ്ങൾ മുഖേന ലേലം ചെയ്യുക വഴി അവരുടെ ഉൽപ്പന്നത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നു. ചില്ലറ വിപണനത്തിൽ ഇടപെടു ന്നതിനായി ഇതിലൂടെ മത്സ്യമാർക്കറ്റുകളിൽ കച്ചവടം ചെയ്യുന്ന ചില്ലറ വിൽപ്പനക്കാർക്ക് മത്സ്യഫെഡ് നേരിട്ട് ലാന്റിംഗ് സെന്ററുകളിൽനിന്ന് ശുദ്ധമായ മത്സ്യം എത്തിക്കുന്നു. ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവിടങ്ങളിലെ മത്സ്യത്തിന്റെ ലഭ്യത, വിലനിലവാരം എന്നിവ അറിയുന്നതിനായി ഒരു മൊബൈൽ ആപ് വികസിപ്പിച്ചെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്നു.

നിലവിലുള്ള 30 ഫിഷ്മാർട്ടുകൾക്കും മൊബൈൽ ഫിഷ്മാർട്ടിനും പുറമെ പുതിയ വിപുലീകരിച്ച ഫിഷ്മാർട്ടുകളും ഉപഭോക്താക്കൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഫിഷ്മാളുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. മത്സ്യലേലം, വിപണനം എന്നിവയിൽ സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും നിയമനിർമ്മാണം സർക്കാർ ഉദ്ദേശിക്കുന്നു. അതുപോലെ തന്നെ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ഉറപ്പുവരുത്താൻ മത്സ്യത്തിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കേന്ദ്രസർക്കാർ സ്ഥാപനമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തയ്യാറാക്കിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തുന്നതാണ്.

(ബി) ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് ഐസ് പ്ലാന്റുകൾ, ചിൽ റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിൽ മത്സ്യം സംഭരിച്ച് വിപണനം ചെയ്തുവരുന്നു. ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവിടങ്ങളിൽ മത്സ്യം സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ശുദ്ധമായ ഐസിന്റെ ലഭ്യത ടി സ്ഥലങ്ങളിൽ ഉറപ്പാക്കാനും ഉദ്ദേശിക്കുന്നു. ലാന്റിംഗ് സെന്ററുകൾ/ഹാർബറുകളിൽനിന്നും നേരിട്ട് മത്സ്യം സംഭരിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ വിവിധ സ്ഥലങ്ങളിലെ മത്സ്യത്തിന്റെ ലഭ്യത, വിലവിവരം എന്നിവ കൃത്യമായി അതാത് സമയത്ത് ലഭിക്കുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി ആദ്യഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ പ്രധാനപ്പെട്ട ലാന്റിംഗ് സെന്ററുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതാണ്. എറണാകുളത്തുള്ള മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ്, കോട്ടയം തിരുവാതുക്കൽ പ്രവർത്തിക്കുന്ന ബേസ് സ്റ്റേഷൻ, കൊല്ലം ശക്തികുളങ്ങരയിലുള്ള കോമൺ പ്രീ പ്രോസസ്സിംഗ് സെന്റർ എന്നിവിടങ്ങളിൽ മത്സ്യം നേരിട്ട് സംഭരിച്ച് പച്ച/ശീതീകരിച്ച രൂപത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായും മത്സ്യഫെഡിന്റെ സംസ്ഥാനത്തെ ഫിഷ്മാർട്ടിലൂടെ വിപണനം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് മത്സ്യം നേരിട്ട് സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നു.

(സി) മത്സ്യവിപണനത്തിനും മത്സ്യത്തൊഴിലാളി മേഖലയിലെ ചൂഷണം കുറയ്ക്കുന്നതിനും മത്സ്യഫെഡിനെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി അനുവദിക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിന് 675 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യമേഖലയിൽ ആവശ്യമായ വായ്പാ തുക കണ്ടെത്തുന്നതിന് നബാർഡുമായി ചർച്ചകൾ നടന്നുവരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 200 പ്രാഥമിക സംഘങ്ങളിൽ പെയിഡ് സെക്രട്ടറിമാരെ നിയമിക്കുന്നതാണ്. കൂടാതെ മത്സ്യഫെഡിനെ മത്സ്യത്തൊഴിലാളികളുടെ പുരോഗതിക്കും ക്ഷേമത്തിനുമായി ശാക്തീകരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.

1. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി
2. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ

(എ) ടേം വായ്പകൾ

(ബി) മൈക്രോഫിനാൻസ് വായ്പ

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

4. വലകൾക്കുള്ള സബ്സിഡി പദ്ധതി

5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

6. നാടൻ വള്ളങ്ങളുടെ നവീകരണം

7. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി

8. മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ് പദ്ധതി

9. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി

10. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

11. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ

12. വിജ്ഞാന വ്യാപന പരിശീലനം.

**സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നൂതന സംരംഭങ്ങൾ**

30(*270) ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന സംരംഭങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ പ്രാരംഭ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഐ.എസ്.ആർ.ഒ.യുമായി ചേർന്നുകൊണ്ട് വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉപഗ്രഹം വിക്ഷേപണം ചെയ്യുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസരംഗം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സർക്കാർ രൂപപ്പെടുത്തിയ വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ സാമൂഹ്യബോധമുള്ള സാങ്കേതിക വിദഗ്ദ്ധരെ വാർത്തെടുക്കാനും അക്കാദമിക നിലവാരമുയർത്തി അതുവഴി സംസ്ഥാനത്തിന്റെ വികസനത്തിൽ പങ്കാളികളാക്കാനും ലക്ഷ്യമിടുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക് കോളേജുകൾ, 3 ഫൈൻ ആർട്സ് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം, ഹോസ്റ്റൽ സൗകര്യങ്ങൾ, ലാബ്/ വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിജിറ്റൈസേഷൻ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ശാക്തീകരണം/കോ-എക്സ്ട്രാ കരിക്കുലർ പ്രവർത്തന ങ്ങൾക്കാവശ്യമായ സൗകര്യങ്ങളൊരുക്കൽ, സ്ഥലമെടുപ്പ് ആവശ്യമായ സ്ഥാപനങ്ങൾക്ക് അതിനുവേണ്ട നടപടിക്രമങ്ങളുടെ പൂർത്തീകരണം എന്നിവയിലൂടെ പഠന പ്രക്രിയ പൂർണ്ണതയിലെത്തിച്ച് സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരമുയർത്താനുള്ള പ്രവർത്തങ്ങൾ നടത്തിവരുന്നുണ്ട്. ജലവിനിയോഗം, മലിനജല സംസ്കരണം, ഊർജ്ജ സംരക്ഷണം, പാരമ്പര്യേതര ഊർജ്ജോല്പാദനവും വിനിയോഗവും, ഇവയ്ക്കുള്ള സാങ്കേതികവിദ്യകൾ, വിദ്യാർത്ഥികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ എന്നിവയിൽ ശ്രദ്ധ നൽകുന്നതോടൊപ്പം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും ലക്ഷ്യമിടുന്നു.

തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രോഡക്ട് ഡിസൈൻ & ഡെവലപ്മെന്റ് സെന്റർ, ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, ട്രാൻസ്‌ലേഷനൽ എഞ്ചിനീയറിംഗ്, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നടപ്പാക്കിയിട്ടുള്ള റീ-യൂസബിൾ ബിൽഡിംഗ് സിസ്റ്റം, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ എന്നിവ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പ്രധാന ഗവേഷണ സംരംഭങ്ങളാണ്. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമുകൾ

എന്നിവയും നടത്തപ്പെടുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ, നിർമ്മാണ സാമഗ്രികളുടെ പരിശോധനാ കേന്ദ്രങ്ങൾ ഇവ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നുണ്ട്. ദേശീയ, അന്തർദ്ദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇന്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തന ങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ട്-അപ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സാമൂഹ്യ വികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ പുനർജ്ജനി പദ്ധതി നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പുവരുത്താൻ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവ വിഭവശേഷി സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ/അന്തർദ്ദേശീയ സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ തലത്തിൽ നടപ്പാക്കിവരുന്ന NVEQF-ലേയ്ക്ക് സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സമന്വയിപ്പിക്കാനുള്ള നടപടികളും നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നിവ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി അതാത് എഞ്ചിനീയറിംഗ് മേഖലയിലെ പാഠ്യപദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുകയും അതിനോടൊപ്പംതന്നെ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. നൂതന സാങ്കേതികവിദ്യയിൽ ഫലപ്രദമായ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. പ്രായോഗികാനുഭവത്തോടു കൂടിയുള്ള പഠനത്തിനാണ് മുൻതൂക്കം നൽകുന്നത്. നൂതനമായിട്ടുള്ള ആവിർഭാവ തൊഴിൽ ശാസ്ത്ര പഠനത്തിനനുസൃതമായി പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും വിദ്യാർത്ഥികൾക്ക് യഥാവിധി പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. പ്രായോഗിക പരിശീലനം നൽകുന്ന സാങ്കേതിക മേഖലയിലെ മാർഗ്ഗദർശികൾക്കും പരിശീലനം നൽകുന്നുണ്ട്. പ്രോജക്ട്, മിനി പ്രോജക്ട്, സെമിനാർ, വർക്ക്ഷോപ്പ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് നൂതന

സാങ്കേതികവിദ്യയിൽ അവരുടെ നൈപുണ്യം തെളിയിക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നൂതന സാങ്കേതികവിദ്യയിൽ നൈപുണ്യം നേടിയ വിചക്ഷണന്മാരുമായി സംവദിക്കാനുള്ള അവസരങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാറുണ്ട്. ടെക്ഫെസ്റ്റ് പോലുള്ള മേളകളിലും വിദ്യാർത്ഥികൾക്ക് കഴിവ് തെളിയിക്കാനുള്ള അവസരങ്ങൾ നൽകുന്നുണ്ട്. ഇതിനായുള്ള എല്ലാ പ്രോത്സാഹനങ്ങളും സാങ്കേതിക സർവ്വകലാശാലയിൽനിന്നും നൽകുന്നുണ്ട്. തുടർ പരിശീലനത്തിനായി സർക്കാർ തലത്തിലുള്ള സ്റ്റാർട്ട്-അപ്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളും അവസരങ്ങൾ നൽകുന്നുണ്ട്. അത്തരം സേവനങ്ങൾ വലിയ അളവിൽ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. കുട്ടികളുടെ മറ്റ് കഴിവുകൾ വെളിച്ചത്ത് കൊണ്ടുവരുന്നതിനായി പാഠ്യേതര വിഷയങ്ങൾക്കും സാങ്കേതിക സർവ്വകലാശാല പ്രാധാന്യം നൽകുന്നുണ്ട്.

(ബി) ഉണ്ട്. വിദ്യാർത്ഥികളുടെ പ്രാരംഭ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും 'ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ' അനുവദിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് - തിരുവനന്തപുരം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്- ബാർട്ടൺഹിൽ, തിരുവനന്തപുരം, രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി-കോട്ടയം, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്-തൃശ്ശൂർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്-ശ്രീകൃഷ്ണപുരം, പാലക്കാട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്-കോഴിക്കോട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്-വയനാട്, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്-കണ്ണൂർ, സർക്കാർ പോളിടെക്നിക് കോളേജ്-കടുത്തുരുത്തി, കോട്ടയം, സർക്കാർ പോളിടെക്നിക് കോളേജ്-കളമശ്ശേരി, ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ്- തൃപ്രയാർ, തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക് കോളേജ്-തൊടുപുഴ എന്നീ സ്ഥാപനങ്ങളിലാണ് നിലവിൽ 'ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ' അനുവദിച്ചിട്ടുള്ളത്. ബിരുദ ഡിപ്ലോമ പാഠ്യപദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിന് 'ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ' എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. ഇതിനു വേണ്ടുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കമ്പ്യൂട്ടറും ഇന്റർനെറ്റ് സേവനവും ലഭ്യമാകുന്നതരത്തിലുള്ള സ്ഥല സൗകര്യം സജ്ജമാക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നടത്തിവരുന്നത്. 2017-18 ബഡ്ജറ്റിൽ ടി പദ്ധതിക്കായി എൺപത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്റ്റേറ്റ് സ്റ്റാർട്ട്-അപ് മിഷൻ, ഐ.ടി. വകുപ്പ് എന്നിവയുമായി ചേർന്ന് പ്രാരംഭ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാങ്കേതിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി വിദഗ്ധരുടെ സേവനം ലഭ്യമാക്കാനും ആവശ്യമെങ്കിൽ പഠനത്തിനിടയിൽ ഒരു വർഷത്തെ അവധിയോടെ പ്രാരംഭ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള വ്യവസ്ഥയും അക്കാദമിക നിയമങ്ങളിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2017-18-ലെ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതിയാണ് 'ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ'. പദ്ധതിയുടെ പ്രാരംഭ പഠനം നടത്തുകയും 2018-19-ലെ ബഡ്ജറ്റിൽ സർക്കാർ മേഖലയിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർ ഡിസിപ്ലിനറി സെന്ററുകൾ തുടങ്ങുന്നതിനായി നൂറ് ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിനാവശ്യമുള്ള വിഷയങ്ങളിന്മേൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണഫലങ്ങൾ രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും നൂതന സാങ്കേതികവിദ്യകളെപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുമാണ് ടി ഗവേഷണ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ഉപക്ഷേപം പ്രകാരം സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ രണ്ട് ഇന്റർ ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. ബിഗ് ഡാറ്റാ അനലിറ്റിക്സ്
2. സെന്റർ ഫോർ സ്പീച്ച് ആന്റ് ലാംഗ്വേജ് പ്രോസസിംഗ്.

(ഡി) ഉണ്ട്. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനുമായി സഹകരിച്ച് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 'സ്റ്റുഡന്റ്സ് സാറ്റലൈറ്റ്' വിക്ഷേപിക്കുന്നതിനുള്ള പദ്ധതി 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ഇതിനായി മുപ്പത്തിയൊന്ന് ലക്ഷത്തി പതിനായിരം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ പത്ത് അദ്ധ്യാപകരും നൂറ് വിദ്യാർത്ഥികളുമടങ്ങുന്ന പ്രോജക്ട് ടീമിനെ തയ്യാറാക്കിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി., ഐ.എസ്.എ.സി., ബംഗളൂരു, ഐ.ഐ.ടി, മുംബൈ എന്നിവിടങ്ങളിലെ വിദഗ്ദ്ധരുമായി നടത്തിയ ചർച്ചകളുടെയും പരിശീലന പരിപാടികളുടെയും അടിസ്ഥാനത്തിൽ ടെക്നിക്കൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രൗണ്ട് സ്റ്റേഷൻ, ക്ലീൻ റൂം എന്നിവ സുസജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ പ്രലോഡ് ഡിസൈൻ, ടെക്നിക്കൽ പ്രൊപ്പോസൽ എന്നിവ സമയബന്ധിതമായി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിവരുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ന്യൂടൈംസ് ന്യൂകൺസ്ട്രക്ഷൻ എന്ന പുതിയ നയം

1(2501) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ ന്യൂടൈംസ്-ന്യൂകൺസ്ട്രക്ഷൻ എന്ന പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ പുതിയ നയം എന്നാണ് പ്രാബല്യത്തിൽ വരുന്നത്;

(സി) നയത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ?

ഉത്തരം

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്തുവകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ നൂതന രീതിയിൽ കൂടുതൽ ഈടുനിൽക്കുന്ന, പ്രകൃതി സൗഹാർദ്ദപരമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ബി എം &ബി സി വർക്കുകളിൽ ഉപയോഗിക്കുന്നതിനും നാച്വറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ (N.R.M.B) ഉപയോഗിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, റോഡിന്റെ അടിത്തറയ്ക്ക് ബലമില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നതിനുമുള്ള നിർമ്മാണങ്ങളും നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണത്തിൽ ജോയിന്റില്ലാത്ത Integrated Continuous Slab സാങ്കേതിക വിദ്യ ഉപയോഗിക്കുന്നു. കിഫ്ബി സാമ്പത്തിക സഹായത്തോടെയുള്ള പ്രവൃത്തികൾ റോഡ് ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു.

(ബി) ഈ ആശയം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(സി) പുതിയ കാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യത്തിലൂടെ നൂതന സാങ്കേതിക രീതിയിൽ കൂടുതൽ കാലം ഈടു നിൽക്കുന്ന ഗുണമേന്മയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## വൺടൈം മെയിന്റനൻസ് പദ്ധതി

2(2502) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഒറ്റത്തവണ നവീകരിക്കുന്ന വൺടൈം മെയിന്റനൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

ഒറ്റത്തവണ നവീകരണ നിർമ്മാണം പ്രഖ്യാപിക്കുന്നത് ധനകാര്യ വകുപ്പാണ്. പ്രഖ്യാപിച്ചാൽ പണികൾ ചെയ്യുക മാത്രമാണ് മരാമത്തിന്റെ കടമ.

## പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ ഓഡിറ്റിംഗ്

3(2503) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ഓഡിറ്റിംഗും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇതു മൂലമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓച്ചിറ-ചേർത്തല റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിലെ അപാകത പരിശോധിക്കുന്നതിന് നിയുക്തമായ പ്രത്യേക സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപടികൾ പ്രാവർത്തികമാക്കാൻ തുടങ്ങിയിട്ടേയുള്ളൂ. ആലപ്പുഴയിൽ വളരെ മുന്നേറി. നല്ല വിജയമായിരുന്നു. നിർമ്മാണം കൂടുതൽ കുറ്റമറ്റതാക്കാൻ സഹായകമായതായി തെളിഞ്ഞിട്ടുണ്ട്.

(സി) അമ്പലപ്പുഴ, ആലപ്പുഴ നിയോജക മണ്ഡലങ്ങളിലാണ് ദേശീയപാത ഏറ്റവും കൂടുതൽ തകർന്നതായി കാണപ്പെട്ടിട്ടുള്ളത്. പ്രവൃത്തിയുടെ കരാർ കാലാവധി തീരുന്നതിനുമുമ്പേ പാത തകരുന്നതിനുണ്ടായ കാരണം നിർമ്മാണത്തിലുണ്ടായ പാകപ്പിഴയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയുമാണെന്ന് സാമൂഹ്യ ഓഡിറ്റ് സമിതി കണ്ടെത്തിയിട്ടുണ്ട്. റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ നടത്തുമ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതാണെന്നും തകരാൻ സാധ്യതയുള്ള ഭാഗങ്ങളിൽ ഹെവി സീൽ കോട്ട് ചെയ്താൽ ഒരുപരിധിവരെ തകർച്ചയുടെ ആധിക്യം കുറയ്ക്കാമെന്നും പ്രവൃത്തി പരിശോധിച്ച സാമൂഹ്യ ഓഡിറ്റ് സമിതി ശിപാർശ ചെയ്തിരുന്നു. കാനകളുടെ അഭാവവും വശങ്ങളിൽ ഇടതൂർന്ന വളരുന്ന മരങ്ങളും ഇരുവശങ്ങളിലുമുള്ള ഉയർന്ന നടപ്പാതകളും റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. നിലവിലുള്ള പല കാനകളും ചപ്പുചവറുകൾ മൂടിയും തകർന്നും കിടക്കുകയാണെന്നും കൂടാതെ ഇരുവശങ്ങളിലുമുള്ള നടപ്പാതകൾ ഉയർന്നുനിൽക്കുന്നതിനാൽ മഴവെള്ളം റോഡിലേയ്ക്ക് കയറിക്കിടക്കുകയും റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യുന്നു. അധികമുള്ള മണ്ണ് മാറ്റുകയും കാനയിലേയ്ക്ക് സ്ലോപ്പ് കൊടുത്ത് ലെവൽ ചെയ്യേണ്ടതാണെന്നും കമ്മിറ്റി നിർദ്ദേശിച്ചു. ആവശ്യമുള്ള ഭാഗങ്ങളിൽ കാനകൾ നിർമ്മിക്കുവാനും നിലവിലുള്ളവ മഴക്കാലത്തിനു മുമ്പ് പ്രവർത്തനസജ്ജമാക്കുവാനും മുന്തിയ പരിഗണന നൽകണമെന്ന് സംഘം നിർദ്ദേശിച്ചു. ഇതിനായി അതാത് ഓഫീസുകളിൽ രജിസ്റ്റർ സൂക്ഷിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത് പരിശോധിക്കുകയും വേണം. ചെറിയ കുഴികൾ വലുതാകുന്നതുവരെ കാത്തുനിൽക്കാതെ ചുരുങ്ങിയ ചെലവിൽ അപ്പപ്പോൾ അടയ്ക്കുവാനുള്ള സംവിധാനം ഉണ്ടാകണമെന്നും സാമൂഹിക പരിശോധനാ കമ്മിറ്റി നിർദ്ദേശിച്ചു.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്. വകുപ്പിലെ പ്രവൃത്തികളിൽ ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ കൂടുതൽ സുതാര്യത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three Tier Quality Control System നിലവിൽ വരുത്തുകയും അതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്തുന്നു. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 5 കോടി രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

## സബ്ടെണ്ടർ കൊടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം

4(2504) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ടെണ്ടർ എടുക്കുന്ന കോൺട്രാക്ടർമാർ ഏറ്റെടുത്ത പ്രവൃത്തി കുറഞ്ഞ നിരക്കിൽ സബ് ടെണ്ടർ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സബ് ടെണ്ടർ കൊടുക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) ടെണ്ടർ നൽകുന്ന പ്രവൃത്തികൾ സബ് ടെണ്ടർ കൊടുക്കാതിരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഡി) നിലവിൽ ഏതെങ്കിലും പ്രവൃത്തികളുമായി ബന്ധപ്പെട്ട്, സബ്ടെണ്ടർ നൽകുന്നതിലൂടെ ഗുണനിലവാരം കുറഞ്ഞത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും/പാലങ്ങളും ദേശീയപാത/ കെട്ടിട വിഭാഗങ്ങളിലൊന്നുംതന്നെ പ്രവൃത്തികൾ സബ് ടെണ്ടർ കൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടത്തുന്ന നഗര റോഡ് വികസന പദ്ധതികൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടിയായതിനാൽ സ്വകാര്യ കൺസഷണർ ആണ് പദ്ധതി നിർവ്വഹണം നടപ്പാക്കുന്നത്. ഇത്തരം പ്രവൃത്തികൾ സംസ്ഥാന പൊതുമരാമത്ത് പ്രവൃത്തികളിൽനിന്നും വ്യത്യസ്തമായി കേന്ദ്ര സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പാക്കുന്നത്. ഇത്തരം പ്രവൃത്തികളിൽ ഇ.പി.സി. കരാറിൽ പ്രവൃത്തികൾ നടത്തുന്ന തിനുള്ള നിബന്ധനകൾ നൽകിയിട്ടുണ്ട്. കെ.എസ്.സി.സി.-യിലും പ്രവൃത്തി സബ് ടെണ്ടർ ചെയ്യുന്നുണ്ട്. പൊതുവിൽ സബ് കോൺട്രാക്ട് ശരിയല്ലെന്നാണ് ഇപ്പോൾ സർക്കാർ നയം.

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവൃത്തികളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പൊതുമരാമത്ത് വകുപ്പിലെ എല്ലാ പ്രവൃത്തികൾക്കും നിലവിലെ മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

(സി&ഡി) പ്രവൃത്തികൾ സബ്ടെണ്ടർ കൊടുക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രവൃത്തികളുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരാർ ലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേരള റോഡ് ഫണ്ട് ബോർഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഇ.പി.സി. കോൺട്രാക്ട് കൊടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

**കെ.എസ്.ടി.പി. നിർമ്മിച്ച റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകൾ**

5(2505) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. നിർമ്മിച്ച റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകളുടെ ഉടമസ്ഥാവകാശം ആർക്കാണ്;

(ബി) നിരവധി വിളക്കുകൾ കാലങ്ങളായി കത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) വിളക്കുകൾ കത്തിക്കുന്നതിന് സ്ഥിരം സംവിധാനത്തിലൂടെ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിളക്കുകളുടെ വൈദ്യുതി ചാർജ് ആരാണ് അടയ്ക്കേണ്ടത് എന്നറിയിക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. ഇതുവരെ നിർമ്മിച്ച വഴിവിളക്കുകളുടെ ഉടമസ്ഥാവകാശം അതാത് പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വഴിവിളക്കുകളുടെ പുനരുദ്ധാരണവും പരിപാലനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) അതാത് പരിധിയിൽവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വൈദ്യുതി ചാർജ് അടയ്ക്കേണ്ടത്.

**മലയോര ഹൈവേയുടെ അലൈൻമെന്റ്**

6(2506) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് വഴി മലയോര ഹൈവേ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പുതിയ അലൈൻമെന്റ് ഏപ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്;

വിശദാംശം നൽകുമോ;

(സി) മലയോരഹൈവേ നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ കൂടി കടന്നുപോകുന്ന മലയോരഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏറനാട് മണ്ഡലത്തിലെ മലയോര ഹൈവേ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാറ്റ്പാക് തയ്യാറാക്കിയ അലൈൻമെന്റ് അനുസരിച്ച് 6-7-2009-ലെ സർക്കാർ ഉത്തരവ് (കൈ)44/2009/പൊ.മ.പ പ്രകാരമാണ് മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കോഴിക്കോട് ജില്ലയിൽ ടി അലൈൻമെന്റ് റിവൈസ് ചെയ്യണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) മലയോര ഹൈവേ നിർമ്മാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള 19 പദ്ധതികളിൽ അംഗീകാരം ലഭിച്ച 4 എണ്ണത്തിന്റെ (തിരുവനന്തപുരം-1, കൊല്ലം-1, കാസർഗോഡ്-2) പ്രവൃത്തികൾ സാങ്കേതികാനുമതി നൽകി ഉടനെ ആരംഭിക്കുന്നതാണ്.

(ഡി) മലയോര ഹൈവേയുടെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് പൊൻപാറ-പൂക്കോട്ടുപാടം-കരുളായി-എടക്കര-പാലുണ്ട-പോത്തുകല്ല്-തമ്പുരാട്ടിക്കല്ല് അരണപ്പുഴ ആണ്. അരണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ല് വരെയുള്ള പ്രദേശത്ത് റോഡുകൾ നിലവിൽ ഇല്ലാത്തതിനാലും വനപ്രദേശം ആയതിനാലും നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിരുന്നില്ല. ഈ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് വനപ്രദേശത്തിനു പുറത്ത് ഏറനാട് നിയോജക മണ്ഡലത്തിലൂടെ ഒരു ലൂപ്പ് റോഡ് നാറ്റ്പാക് സമർപ്പിച്ചത് അംഗീകരിക്കുകയുണ്ടായി. അതുപ്രകാരം പൂക്കോട്ടുപാടം-നിലമ്പൂർ-മൂലെപ്പാടം- വാളന്തോട്-കക്കോടംപൊയിൽ വഴിയാണ് അലൈൻമെന്റ് ഉള്ളത്. അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മങ്കട മണ്ഡലത്തിലെ വൈലോക്കര ഒരാടംപാലം ബൈപ്പാസ് നിർമ്മാണം**

7(2507) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജക മണ്ഡലത്തിലെ വൈലോക്കര ഒരാടംപാലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി .കെ തയ്യാറാക്കിയ ഡി.പി.ആർ-ന് കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകാൻ കാലതാമസം നേരിട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മങ്കടയിലെ മാനത്ത് മംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിറ്റ്കോ ചെയ്ത് വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച ഡി.പി.ആർ. വിശദമായ പരിശോധനയ്ക്കുശേഷം കിഫ്ബി സാങ്കേതിക അവലോകന റിപ്പോർട്ട് ആർ.ബി.ഡി.സി.കെ.-യ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള റിപ്പോർട്ട് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടില്ല.

**ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം**

8(2508) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിനായി എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കാമെന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, പോളിമർ തുടങ്ങിയവ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പുതുതായി പൂർത്തിയാക്കിയ റോഡുകൾ വിവിധ വകുപ്പുകളുടെ ആവശ്യത്തിനായി കുഴിയെടുത്ത് നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആവശ്യങ്ങൾ കഴിഞ്ഞ് റോഡ് പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ;വിശദമാക്കാമോ?

ഉത്തരം

(എ&ബി) ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാതാ വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ പുറക്കാട്-പാതിരപ്പള്ളി ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യയിൽ നിലവിൽ റോഡിന്റെ

ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗംവഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാകും. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ബിറ്റുമിനോടൊപ്പം പ്ലാസ്റ്റിക് കൂടി ചേർത്തുകൊണ്ട് പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗം തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി താഴെപ്പറയുന്ന 27.45 കി.മീ. ദൈർഘ്യം വരുന്ന റോഡുകളിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദ മാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-3044/24/2015 S&R(R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയിലുള്ള 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുതുതായി പൂർത്തിയാക്കിയ റോഡുകൾ വിവിധ വകുപ്പുകളുടെ ആവശ്യത്തിനായി കുഴിയെടുത്ത് നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്തുവകുപ്പിന്റെ റോഡുകളിൽ വിവിധ ആവശ്യങ്ങൾക്കായി റോഡ് കുഴിക്കുന്നതിന് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടച്ചതിനു ശേഷമാണ് അനുവാദം നൽകുന്നത്. റോഡുകളിൽ പൈപ്പ്, കേബിൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാറില്ല. അത്തരം സന്ദർഭങ്ങളിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് 5-1-20018-ലെ സ.ഉ.(സാധാ)നമ്പർ 30/2018/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

9(2509) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറുന്നത് തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ കയ്യേറ്റങ്ങൾ സമയാസമയങ്ങളിൽ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്;

(സി) നാഷണൽ ഹൈവേകളുടെ കയ്യേറ്റം ഒഴിപ്പിക്കുന്ന ചുമതലയും പൊതുമരാമത്ത് വകുപ്പിനുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കൊല്ലം - തിരുമംഗലം നാഷണൽ ഹൈവേ നമ്പർ 744-ൽ കേരളപുരം മുതൽ ഇളംപള്ളൂർ വരെയുള്ള ഭാഗത്ത് അനധികൃതമായി കച്ചവടസ്ഥാപനങ്ങൾ റോഡരുകിൽ താല്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് റോഡ് പുറമ്പോക്ക് കയ്യേറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറ്റങ്ങൾ തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ട്. അനധികൃത കയ്യേറ്റമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ഒഴിഞ്ഞു പോകുന്നതിനുള്ള നോട്ടീസ് നൽകുകയും അതിർത്തി നിർണ്ണയിക്കേണ്ട സാഹചര്യങ്ങളിൽ റവന്യൂ അധികാരികളുടെ സഹായത്തോടെ ഒഴിപ്പിക്കാൻ നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. കയ്യേറ്റങ്ങൾ ഒഴിയാത്തപക്ഷം നിയമ നടപടികളിലൂടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽവരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചുകൊണ്ട് 3-9-2016-ലെ സ.ഉ.(കൈ)നമ്പർ63/2016/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കയ്യേറ്റക്കാർക്ക് നേരിട്ട് നോട്ടീസ് നൽകുകയും ഒപ്പംതന്നെ പോലീസ് മേധാവിയെയും റവന്യൂ ഉദ്യോഗസ്ഥരെയും അറിയിക്കാറുള്ളതും നോട്ടീസ് പ്രകാരം ഒഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് ഒഴിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) ദേശീയപാതയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിനുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കാരണം, കയ്യേറ്റക്കാർ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തതിനാൽ ഒഴിപ്പിക്കൽ തൽക്കാലം നിർത്തിവയ്ക്കേണ്ടിവന്നു.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

10(2510) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ പട്ടിക ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇനി ഏതെങ്കിലും റോഡുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ റോഡുകളുടെ പട്ടിക നൽകാമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡുകളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി-ഡി) പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ/ധനകാര്യ വകുപ്പുകളുടെ അനുമതിയും കാബിനറ്റ് തീരുമാനവും ആവശ്യമാണ്. പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതുമരാമത്ത് റോഡുകളിലെ വഴിയോര കച്ചവടക്കാർ

11(2511) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളിൽ ഉപജീവന മാർഗ്ഗത്തിനായി വ്യാപാരം നടത്തുന്ന വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഗതാഗതത്തിന് തടസമില്ലാത്തവിധം കച്ചവടം ചെയ്യുന്ന വഴിയോര കച്ചവടക്കാരോട് മാനുഷിക പരിഗണന കാണിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് റോഡുകൾ കയ്യേറി വ്യാപാരം നടത്തുന്ന വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾത്തന്നെ അവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.മ.വ. തീയതി 3-9-2016 പ്രകാരം നടപ്പിലാക്കിവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ വഴിയോര കച്ചവടക്കാർ കച്ചവടം ചെയ്യുന്നത് റോഡിലൂടെയുള്ള സുഗമമായ യാത്രയ്ക്ക് ഹാനികരമാണ്. ഇത്തരത്തിലുള്ള കച്ചവടം വിവിധ തരത്തിലുള്ള റോഡപകടങ്ങൾക്ക് കാരണമാകുന്നു. ഗതാഗതത്തിന് തടസ്സമില്ലാത്തവിധമായാലും പൊതുമരാമത്ത് റോഡുകൾ കയ്യേറി കച്ചവടം നടത്തുന്നത് അനുവദനീയമല്ല.

## തീരദേശപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള കുടിയൊഴിപ്പിക്കൽ

12(2512) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിനായി പദ്ധതിയുടെ രൂപരേഖയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി എപ്പോഴാണ് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ ഏകദേശം എത്ര കെട്ടിടങ്ങളാണ് പൊളിച്ച് നീക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തീരദേശപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി നാറ്റ്പാക്കിന്റെ സാധ്യതാ പഠന റിപ്പോർട്ടിൽ തീരദേശപാതയുടെ വീതി 8, 10, 12 മീറ്റർ എന്ന രീതിയിലാണ് നിജപ്പെടുത്തിയിരിക്കുന്നത്. 8 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 5.5 മീറ്റർ ടാർ റോഡും 10 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളുടെയും കാൽനട യാത്രക്കാരുടെയും എണ്ണത്തിനനുസരിച്ച് 5.5 മീറ്റർ അല്ലെങ്കിൽ 7 മീറ്റർ ടാർ റോഡും, 12 മീറ്റർ വീതി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ 7 മീറ്റർ ടാർ റോഡുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. അടുത്ത ഘട്ടമായി വീതി 12 മീറ്ററിൽ കുറവുള്ള റോഡുകൾ സ്ഥലമേറ്റെടുത്ത് വികസിപ്പിക്കുവാനുമാണുദ്ദേശിക്കുന്നത്. നാറ്റ്പാക്ക് ഇതുവരെ നടത്തിയ സാധ്യതാ പഠനത്തിൽ പരിസ്ഥിതിക്ക് ദോഷം കുറയ്ക്കുന്നതിനായി നിലവിലുള്ള റോഡുകൾ കഴിവതും ഉപയോഗപ്പെടുത്തിയാണ് തീരദേശപാതയുടെ അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. തീർത്തും ഒഴിവാക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ മാത്രമാണ് പുതിയ റോഡുകളും പാലങ്ങളും നിർദ്ദേശിച്ചിരിക്കുന്നത്.

(ബി) തീരദേശ ഹൈവേയുടെ നിർമ്മാണം 2021 ജനുവരിയിൽ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്. ഇതിനായി വിവിധ ജില്ലകളിലായി 242 കി.മീ. നീളത്തിൽ വിവിധ റോഡുകളുടെ നവീകരണമാണ് ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഒന്നാം ഘട്ടത്തിൽ ചെയ്യേണ്ട 13 റീച്ചുകളിൽ 12 എണ്ണത്തിന്റെ ഡി.പി.ആർ. കെ.ആർ.എഫ്.ബി.-യിൽ നൽകിയിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ എത്ര കെട്ടിടങ്ങൾ പൊളിച്ച് മാറ്റേണ്ടതെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**മേൽപ്പാലങ്ങളും മേൽനടപ്പാതകളും**

13(2513) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ചെറുതും വലുതുമായ ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് അഴിയ്ക്കുവാൻ ഏറ്റവും നല്ല തരത്തിൽ മേൽപാലങ്ങൾ നിർമ്മിയ്ക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ;

(ബി) ജംഗ്ഷനുകളിൽ തിരക്ക കാരണം റോഡു മുറിച്ച് കടക്കുവാൻ കഴിയാത്ത അവസ്ഥ പരിഗണിച്ച് മേൽനടപ്പാതകൾ ആവശ്യാനുസരണം നിർമ്മിയ്ക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ചെറുതും വലുതുമായ ജംഗ്ഷനുകളിലെ ഗതാഗതകുരുക്ക് അഴിക്കാൻ അവശ്യംവേണ്ട സ്ഥലത്ത് ഏറ്റവും നല്ല തരത്തിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളിൽ മേൽപ്പാലങ്ങൾ നേരെ പോകുന്ന വാഹനങ്ങളെമാത്രമേ പരിഗണിക്കുന്നുള്ളൂ. ആകയാൽ ജംഗ്ഷനുകളിൽ തിരിയേണ്ട വാഹനങ്ങൾക്ക് അധിക സ്ഥലം കണ്ടെത്തേണ്ടി വരും. ആയതിന് സ്ഥലമേറ്റെടുപ്പ്, നിലവിൽ താമസിക്കുന്നവരുടെ പുനരധിവാസം, മേൽപ്പാലത്തിന്റെ നിർമ്മാണം, മുതലായവ കണക്കിലെടുത്ത് പദ്ധതിച്ചെലവ് കൂടുതലാകും. ആകയാൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നത് ഏറ്റവും ആവശ്യമായ ഇടങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

(ബി) ജംഗ്ഷനുകളിൽ തിരക്കുകാരണം റോഡ് മുറിച്ചുകടക്കാൻ ബുദ്ധിമുട്ടുന്ന കാൽനടയാത്രക്കാർക്ക് സുഗമമായി റോഡ് മുറിച്ചുകടക്കാൻ മേൽനടപ്പാതകൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ, ഗർഭിണികൾ തുടങ്ങിയവർക്ക് ഉൾപ്പെടെ ഉതകും വിധമുള്ള കൺവേയർ ബെൽറ്റ് ലിഫ്റ്റോടുകൂടി നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ ഇതിലേയ്ക്കായി ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം**

14(2514) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല പദ്ധതികൾക്കായി ഒരേ റോഡ് തന്നെ പലതവണ കുഴിക്കുന്നതും റോഡ് പണി നടത്തിയതിനുശേഷം വീണ്ടും കുഴിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും നടപടി സ്വീകരിക്കുമോ ;

(സി) റോഡ് കുഴിക്കുന്ന കോൺട്രാക്ടർമാർ തന്നെ പുനർനിർമ്മാണം നടത്തണമെന്ന തരത്തിൽ ചട്ടങ്ങൾ രൂപീകരിക്കുമോ ;

(ഡി) റോഡിൽ കേബിൾ ഇട്ടതിനുശേഷം പുനർനിർമ്മാണത്തിനും, അറ്റകുറ്റപ്പണിക്കും പണം നൽകേണ്ടത് ഐ.ടി.വകുപ്പാണ് എന്ന വ്യവസ്ഥ മാറ്റുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥിതി ആവർത്തിക്കാതിരിക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും നടപടി സ്വീകരിച്ചുവരുന്നു. റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 5-1-20018-ലെ സ.ഉ.(സാധാ) നമ്പർ 30/2018/പൊ.മ.വ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇത് ലംഘിക്കുന്നവരുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/29/ 2015 S&R(R) തീയതി 22-11-2016-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്.

(സി) റോഡ് കുഴിക്കുന്ന കോൺട്രാക്ടർമാർതന്നെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളും നടത്താവുന്നതാണെന്ന് ടി സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) അങ്ങനെ ഒരു വ്യവസ്ഥ പൊതുമരാമത്ത് വകുപ്പിൽ ഇല്ല.

## അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പണി പൂർത്തിയാകാത്ത പാലങ്ങൾ

15(2515) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2011 സർക്കാരിന്റെ കാലത്ത് അനുവദിച്ച പാലങ്ങളിൽ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പാലം പണി പൂർത്തിയാകാത്ത എത്ര പാലങ്ങൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) അപ്രോച്ച് റോഡിന് സ്ഥലം കിട്ടാത്ത സാഹചര്യത്തിൽ പാലം നിർമ്മിക്കാൻ അനുമതി നൽകിയത് എന്ത് അടിസ്ഥാനത്തിലായിരുന്നു; വ്യക്തമാക്കാമോ;

(സി) അത്തരത്തിലുള്ള പാലങ്ങൾ പൂർത്തിയാക്കാൻ എന്നത്തേയ്ക്ക് കഴിയും എന്നാണ് കണക്കാക്കുന്നത്;

(ഡി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത സ്ഥലങ്ങളിൽ പാലം പണി വേഗം പൂർത്തീകരിക്കുമോ;

(ഇ) കുന്നത്തുനാട്, പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കേശം കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2006-2011 സർക്കാരിന്റെ കാലത്ത് അനുവദിച്ച പാലങ്ങളിൽ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാത്തതിനാൽ പാലം പണി പൂർത്തിയാക്കാത്ത 7 പാലങ്ങളുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. പനച്ചിമൂട്ടിൽകടവ് പാലം (പത്തനംതിട്ട)
2. അരുവിത്തുറ പാലം (കോട്ടയം)
3. ഈരാറ്റുപേട്ട കോസ് വേ (കോട്ടയം)
4. കോരങ്കടവ് പാലം (മൂവാറ്റുപുഴ)
5. മാരിയിൽ കലുങ്ക് പാലം (തൊടുപുഴ, ഇടുക്കി)
6. കോവിലകംതാഴം പാലം (കോഴിക്കോട്)
7. ചീക്കല്ലൂർ പാലം (വയനാട്).

(ബി-ഡി) അപ്രോച്ച് റോഡിന് സ്ഥലം കിട്ടാത്ത സാഹചര്യത്തിൽ പാലം നിർമ്മിക്കാൻ അനുമതി നൽകിയത് സംബന്ധിച്ചുള്ള വിശദാംശം, പാലങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും, അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുത്ത സ്ഥലങ്ങളിൽ പാലം പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു :

1. പനച്ചിമൂട്ടിൽകടവ് പാലം (പത്തനംതിട്ട)

സമീപവാസികൾ അപ്രോച്ച് റോഡിനുള്ള സ്ഥലം ഫ്രീ സറണ്ടർ ആയി നൽകുമെന്ന് അറിയിച്ചതിനാലാണ് പാലം പണി ആരംഭിച്ചത്. എന്നാൽ പണികൾ പുരോഗമിച്ചപ്പോൾ അവർ അതിൽനിന്നും പിൻമാറി. അതിനാലാണ് പാലം പണി മാത്രം പൂർത്തീകരിച്ചത്. നിലവിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി സമീപവാസികളുമായി നടത്തിയ ചർച്ചയിൽ സ്ഥലം നൽകാമെന്ന് സമ്മതിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്രോച്ച് റോഡ്

നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതി നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ആഗസ്റ്റ് മാസത്തോടെ പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. അരുവിത്തുറ പാലം (കോട്ടയം), ഈരാറ്റുപേട്ട കോസ് വേ

പാലം നിർമ്മിക്കാൻ ആരംഭിച്ചത് അപ്രോച്ച് റോഡിലെ സ്ഥലം പുറമ്പോക്ക് ഭൂമി ആയതുകൊണ്ടാണ്. എന്നാൽ റവന്യൂ ഡിമാർക്കേറ്റ് ചെയ്തപ്പോൾ സ്വകാര്യ വ്യക്തികളുടെ സ്ഥലവും അപ്രോച്ച് റോഡിന് ഉപയോഗിക്കേണ്ട തായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ അരുവിത്തുറ പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി. പണി ഉടൻ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. ഈരാറ്റുപേട്ട കോസ് വേ (കോട്ടയം)

ഈരാറ്റുപേട്ട കോസ് വേയുടെ ഫണ്ട് ലഭിച്ചിട്ടില്ല. ഫണ്ട് ലഭിച്ചാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

4. കോരങ്കടവ് പാലം (മൂവാറ്റുപുഴ)

പാലം നിർമ്മാണത്തിനായി സ്ഥലം നൽകാമെന്ന് ബന്ധപ്പെട്ട ഉടമകളിൽ നിന്നു ലഭിച്ച മുൻകൂർ സമ്മതത്തിന്റെ അടിസ്ഥാനത്തിലായിരുന്നു നിർമ്മാണം ആരംഭിച്ചത്. കോരങ്കടവ് പാലത്തിനാവശ്യമായ സ്ഥലത്തിൽ തണ്ണീർത്തടം ഉൾപ്പെട്ടുവരുന്ന ഭാഗം ഒഴികെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. തണ്ണീർത്തടം ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന് പരിവർത്തനാനുമതി പാലം പണി പുരോഗമിക്കുന്ന നിലയ്ക്ക് നൽകാമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്. കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെയും പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസലിന്റെയും തീരുമാനത്തിന് വിധേയമായി മാത്രമേ നിർമ്മാണം പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

5. മാരിയിൽ കലുങ്ക് പാലം (തൊടുപുഴ, ഇടുക്കി)

അപ്രോച്ച് റോഡിനുള്ള സ്ഥലം ഉണ്ടായിരുന്നു. പാലത്തിന്റെ പണി പുരോഗമിക്കുന്ന സാഹചര്യത്തിൽ അമ്പലത്തിന്റെ ആചാരവുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് അലൈൻമെന്റ് മാറ്റേണ്ടിവന്നതിനാലാണ് അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ടത്. ഭൂമി ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ ഫോം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

6. കോവിലകംതാഴം പാലം (കോഴിക്കോട്)

സമീപന റോഡിന്റെ നിർമ്മാണത്തിനാവശ്യമായ 90 ശതമാനം സ്ഥലവും സൗജന്യമായി വിട്ടുതന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പാലം നിർമ്മാണവും സമീപന റോഡിന്റെ നിർമ്മാണവും ആരംഭിച്ചത്. ബാക്കി ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലം ലഭ്യമാവുന്ന മുറയ്ക്കുമാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

7. ചീക്കല്ലൂർ പാലം (വയനാട്)

ഈ പാലത്തിന്റെ നിർമ്മാണം കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് അധികൃതർ സ്ഥലം ഏറ്റെടുത്ത് കൈമാറണം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സ്ഥലം എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തിയതിൻ പ്രകാരം അനുമതി നൽകി ആരംഭിച്ചിരുന്നതാണ്. മേൽ സ്ഥലം സംബന്ധിച്ച കേസിൽ തീരുമാനമായിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്കുമാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. പിണറായി സർക്കാർ വന്നശേഷം സ്ഥലം ഏറ്റെടുക്കാതെ നിർമ്മാണം ആരംഭിക്കരുതെന്ന് തീരുമാനം എടുത്ത് നടപ്പാക്കിവരുന്നു.

(ഇ) കുന്നത്തുനാട്, പിറവം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പാലം നിർമ്മാണത്തിനുള്ള നിരക്ക് പുതുക്കി നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ നിരക്ക് പുതുക്കുന്നതിനും പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സി.ഇ./ആർ&ബി/എം.വി.എ./7220/2010, തീയതി 31-1-2018 പ്രകാരം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് വിശദമായ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച കേസിന്റെയും പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസലിന്റെയും തീരുമാനത്തിന് വിധേയമായി മാത്രമേ നിർമ്മാണം പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. കോരങ്കടവ് പാലത്തിനാവശ്യമായ സ്ഥലത്തിൽ തണ്ണീർത്തടം ഉൾപ്പെട്ടുവരുന്നത് ഒഴികെയുള്ള സ്ഥലത്തിന്റെ ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ട്. തണ്ണീർത്തടം ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന് പരിവർത്തനാനുമതി പാലം പണി പുരോഗമിക്കുന്ന നിലയ്ക്ക് നൽകാമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

## കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

16(2516) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖേന എത്ര റോഡുകളും പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്; ഇവയുടെ പേരുകളും മറ്റും ജില്ലതിരിച്ച് വിശദമാക്കുമോ;

(ബി) ഇനിയും ഏതൊക്കെ റോഡുകളും പാലങ്ങളും കിഫ്ബി വഴി നിർമ്മിയ്ക്കാൻ പദ്ധതിയിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി ടെണ്ടർ നൽകിയിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മിക്കുന്ന എത്ര റോഡ്/ പാലങ്ങൾ ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബി വഴി ടെണ്ടർ നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## റസ്റ്റ് ഹൗസുകളുടെ നവീകരണം

17(2517) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ നടപടികളിലൂടെ വരുമാനം എത്രകണ്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിലാക്കാൻ നടപടികളെടുത്തു വരുന്നു. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. റസ്റ്റ് ഹൗസുകളെ ക്ലാസ് 1 (31 എണ്ണം), ക്ലാസ് II (122 എണ്ണം) വിഭാഗങ്ങളായി തരംതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ലാസ് III ഒഴിവാക്കിയിട്ടുണ്ട്.
2. എല്ലാ ജീവനക്കാർക്കും യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്.
3. കാന്റീൻ സൗകര്യമുള്ള എല്ലാ റസ്റ്റ് ഹൗസുകളിലും കാന്റീൻ നടത്തിപ്പിനായി മത്സര ടെണ്ടറിലൂടെ പുറം കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. ചുറ്റുമതിലില്ലാത്ത വിശ്രമ മന്ദിരങ്ങളിൽ ചുറ്റുമതിലോ അതിർത്തി കല്ലുകളോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.
6. കടുത്തുരുത്തി റസ്റ്റ് ഹൗസ്, വൈക്കം റസ്റ്റ് ഹൗസിലെ അഡീഷണൽ ബ്ലോക്ക് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
7. ജീവനക്കാരുടെ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും താൽക്കാലികമായും ദിവസ വേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ച് പ്രവർത്തനം നടത്തുന്നുണ്ട്.
8. റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ റസ്റ്റ് ഹൗസിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൈക്കാട് റസ്റ്റ് ഹൗസിൽ 10 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പാലക്കാട് ഡിവിഷനുകീഴിൽ 4 റസ്റ്റ് ഹൗസുകളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
9. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം, ജീവനക്കാർക്ക് ട്രെയിനിംഗ് എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. നെടുമങ്ങാട് റസ്റ്റ് ഹൗസിൽ പുതിയ കെട്ടിട നിർമ്മാണം (303 ലക്ഷം), വെഞ്ഞാറമൂട് റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം (200 ലക്ഷം), ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ റസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം (700 ലക്ഷം), കായംകുളം റസ്റ്റ് ഹൗസ് നവീകരണ പ്രവർത്തനം (180 ലക്ഷം), കോട്ടയം റസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം (590 ലക്ഷം), മലപ്പുറം ജില്ലയിലെ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിട നിർമ്മാണം (515 ലക്ഷം), പത്തനംതിട്ട ജില്ലയിലെ റസ്റ്റ് ഹൗസിൽ പുതിയ വി.ഐ.പി. ബ്ലോക്ക് നിർമ്മാണം (250 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയതായി 11 പ്രവൃത്തികൾക്കുകൂടി ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധനയിലാണ്.

(ബി) മുൻവർഷത്തേക്കാൾ ഗണ്യമായ തോതിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിശ്രമകേന്ദ്രങ്ങൾ, ടൂറിസ്റ്റ് ബംഗ്ലാവുകൾ**

18(2518) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിശ്രമകേന്ദ്രങ്ങൾ, ടൂറിസ്റ്റ് ബംഗ്ലാവുകൾ എന്നിവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ പലതിലെയും മുറികളും പരിസരവും വൃത്തിഹീനമായതും ഉപയോഗശൂന്യമായതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളുടേയും നിലവാരം ഉയർത്തുന്നതിനായി ചെയ്ത നടപടികൾ എന്തെല്ലാമാണ്; ഏതെല്ലാം റസ്റ്റ് ഹൗസുകളാണ് അത്തരത്തിൽ നവീകരിച്ചത്; വ്യക്തമാക്കുമോ;

(ഡി) 2017-18 ബജറ്റിൽ റസ്റ്റ്ഹൗസുകളുടെ നവീകരണത്തിന് എത്ര രൂപയാണ് വകയിരുത്തിയത്; തുക പൂർണമായും വിനിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 2018-19 ബജറ്റിൽ ഇവയുടെ നവീകരണത്തിനും തുടർ ചെലവുകൾക്കുമായി എത്ര രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിശ്രമ മന്ദിരങ്ങളുടെയും ടൂറിസ്റ്റ് ബംഗ്ലാവുകളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) ശ്രദ്ധയിൽപ്പെടുകയും അതിന്റെ ഫലമായി റസ്റ്റ് ഹൗസുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിച്ച് ഉന്നത നിലവാരത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ, നവീകരണ പ്രവൃത്തികൾ എന്നിവ യഥാസമയം നടത്തുകയും കാട് വെട്ടിത്തെളിച്ച് പരിസരം വൃത്തിയായി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. നവീകരണ പ്രവൃത്തികൾക്കും പുതിയ നിർമ്മാണ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയ റസ്റ്റ് ഹൗസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി മാത്രം ഒരു പ്രത്യേക ശീർഷകം ബഡ്ജറ്റിൽ നിലവിലില്ല. 2017-18 ബജറ്റിൽ "4059-01-051-86-പൊതുമരാമത്ത് പ്രവൃത്തികൾ" എന്ന ശീർഷകത്തിൽ 28.93 കോടി രൂപ വകയിരുത്തിയിരുന്നു. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും പുതിയ നിർമ്മാണത്തിനുമായി 13 പ്രവൃത്തികൾക്ക് 34.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഇ) 2018-19 ബജറ്റിൽ 4059-01-051-86 എന്ന ശീർഷകത്തിൽ 27.70 കോടി രൂപയും 4059-600-051-86 എന്ന ശീർഷകത്തിൽ നോൺ പ്ലാനിൽ 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ സ്ഥലംമാറ്റം**

19(2519) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു മരാമത്ത് വകുപ്പിലെ ഡിവിഷൻ ഓഫീസുകൾ ഉൾപ്പെടെയുള്ളവയിൽ തുടർച്ചയായി മൂന്നോ അതിലധികമോ വർഷം ജോലി ചെയ്യുകയും തുടർന്ന് സ്ഥലം മാറ്റം വാങ്ങി ഒന്നോ രണ്ടോ മാസങ്ങൾക്കുള്ളിൽ പഴയ ഓഫീസിൽ തന്നെ ചില ഉദ്യോഗസ്ഥർ തിരികെ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പ്രവണതയുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തുടർച്ചയായി മൂന്ന് വർഷം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരേയും 2018 ലെ ജനറൽ ട്രാൻസ്ഫറിൽ സ്ഥലം മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിലെ പൊതു സ്ഥലംമാറ്റം ഏപ്രിൽ-മേയ് മാസങ്ങളിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ചട്ടപ്രകാരം നടപടിയെടുക്കും.

(സി&ഡി) പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് വകുപ്പ് ഓഫീസുകളുടെ ശാക്തീകരണം

20(2520) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുകളുടെ ശാക്തീകരണം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ ഓഫീസുകളുടെ ശാക്തീകരണത്തിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഓഫീസുകളുടെ ശാക്തീകരണം പരിഗണിക്കുന്നമുറയ്ക്ക് കമ്പ്യൂട്ടർവൽക്കരണം, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെർക്കള-കല്ലടുക്ക, ബദിയഡുക്ക-ഏത്തടുക്ക-സുള്ള്യപ്പദവ് റോഡുകളുടെ ശോചനീയാവസ്ഥ

21(2521) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് അസംബ്ലി നിയോജകമണ്ഡലത്തിലെ ചെർക്കള-കല്ലടക്ക, ബദിയഡുക്ക-ഏത്തടുക്ക-സുള്ള്യപ്പദവ് റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ശോചനീയാവസ്ഥ പരിഹരിക്കാൻ ഇതിനകം ചെയ്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ രണ്ട് റോഡുകൾക്കും ബജറ്റ് പ്രസംഗത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; ഏത് വർഷത്തെ ബജറ്റ് പ്രസംഗത്തിലാണ് ഈ റോഡുകളുടെ പുനനിർമ്മാണത്തിന് തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടാൽ സാധാരണ എത്ര സമയമെടുത്താണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തിയാക്കി റോഡു നിർമ്മാണം ആരംഭിക്കുക എന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഇ) കിഫ്ബി വരുന്നതിനു മുമ്പ് ബജറ്റിൽ പ്രസംഗത്തിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികൾ ആരംഭിക്കാൻ ഇത്രയും കാലതാമസം എടുത്തിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(എഫ്) മുകളിൽ പറഞ്ഞ രണ്ട് റോഡുകളുടെയും പണി ആരംഭിക്കാനുള്ള താമസം കിഫ്ബി നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടതാണോ എന്ന് വ്യക്തമാക്കാമോ;

(ജി) എങ്കിൽ കിഫ്ബി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2016-17 ബഡ്ജറ്റിൽ കല്ലടുക്ക-ചെർക്കള റോഡിന് രണ്ട് റീച്ചുകളായി 30 കോടി രൂപയും 2017-18 ബഡ്ജറ്റിൽ ബദിയഡുക്ക-ഏത്തടുക്ക-സുള്ള്യപ്പദവ് റോഡിന് 28 കോടി രൂപയും കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിരുന്നു.

<u>കല്ലടുക്ക-ചെർക്കള റോഡ്</u> :

രണ്ട് റീച്ചുകളിലായി ഈ റോഡ് മുഴവൻ പുനരുദ്ധരിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കല്ലടുക്ക-ചെർക്കള റോഡിൽ കി.മീ. 33/000 മുതൽ 52/194 വരെയുള്ള റീച്ചിന് കിഫ്ബിയിൽനിന്ന് 39.76 കോടി രൂപയുടെ ഫിനാൻഷ്യൽ സാങ്ഷൻ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഈ പ്രവൃത്തിയും എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്യുന്നതാണ്. രണ്ടാമത്തെ റീച്ചായ കല്ലടുക്ക-പെർള-ഉക്കിനടുക്ക (കി.മി.23/227 മുതൽ 33/000 വരെ) റോഡിന്റെ ഡി.പി.ആർ. കിഫ്ബിയുടെ ഫിനാൻഷ്യൽ സാങ്ഷനുവേണ്ടിയുള്ള സൂക്ഷ്മപരിശോധനയിലാണ്. ഈ റോഡിൽ അനുവദിച്ച അടിയന്തര അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു.

<u>ബദിയഡുക്ക-ഏത്തടുക്ക-സുള്ള്യപ്പദവ് റോഡ്</u> :

ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ റോഡ് നിലവിൽ ഗതാഗതയോഗ്യമാക്കുന്നതിന് എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

(സി) പ്രവൃത്തികളുടെ സ്വഭാവവും തുകയുമനുസരിച്ച് ബഡ്ജറ്റ് പ്രസംഗം മുതൽ പ്രവൃത്തി ആരംഭിക്കുന്നതുവരെയുള്ള വിവിധ പ്രവൃത്തികളുടെ സമയദൈർഘ്യം വ്യത്യസ്തമാണ്.

(ഡി-ജി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന പ്രവൃത്തികളെല്ലാംതന്നെ 10 കോടി രൂപയ്ക്കുമുകളിൽ പദ്ധതി അടങ്കലുള്ളവയാണ്. ആയതിനാൽ കിഫ്ബി പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തി കൃത്യമായ ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്താൻ പലപ്പോഴും ഏജൻസികളെ ലഭിക്കാറില്ല. കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിക്കാൻ പരിശോധന നടത്തുകയും ബോർഡ് യോഗം കൂടുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുമുണ്ട്. കൂടാതെ വിവിധ ഘട്ടങ്ങളിൽ വിശദമായ പരിശോധനകളുണ്ട്. ഇവ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിനായി മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ അനിവാര്യമാണ് എന്നതാണ് കിഫ്ബി-യുടെ തീരുമാനം.

**ഭഗവതിപ്പടി ഓലകെട്ടിയമ്പലം റോഡ്**

22(2522) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഭഗവതിപ്പടി ഓലകെട്ടിയമ്പലം റോഡ് വീതികൂട്ടി ബി.എം. ആന്റ് ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഭഗവതിപ്പടി ഓലകെട്ടിയമ്പലം റോഡ് വീതി കൂട്ടി ബി.എം. ആന്റ് ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.

**വഴുതയ്ക്കാട്-തൈക്കാട് മേൽപ്പാലം നിർമ്മാണ പദ്ധതി**

23(2523) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട്-തൈയ്ക്കാട് മേൽപ്പാലം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന തലസ്ഥാന നഗരിയിൽ പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വഴുതയ്ക്കാട്-തൈക്കാട് മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സൈറ്റ് സർവേ, ട്രാഫിക് സ്റ്റഡി എന്നിവ നടത്തി അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉൾപ്പെട്ടുവന്നിട്ടില്ല. ടി പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

**മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

24(2524) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ മങ്കട നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിയ ബി.എം.ആന്റ് ബി.സി., എസ്.എൽ.റ്റി. എഫ്, റോഡ് സേഫ്റ്റി തുടങ്ങിയ സ്കീമുകളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയപാതാ വിഭാഗത്തിൽ മങ്കട നിയോജകമണ്ഡലത്തിലെ ദേശീയപാത 966-ൽ കി.മി. 54/00 മുതൽ 64/00 വരെയുള്ള ഭാഗത്ത് ബി.സി. ചെയ്ത് ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് കേന്ദ്ര ഗതാഗത മന്ത്രാലയത്തിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ശബരിമല അലൈഡ് റോഡുകൾ**

25(2525) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല അലൈഡ് റോഡുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; ഇവയിൽ ബി.എം.ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്നറിയിക്കാമോ;

(ബി) ശബരിമല അലൈഡ് റോഡുകൾ എല്ലാ വർഷവും സീസണിന് മുമ്പ് പുനരുദ്ധരിക്കുന്നത് ഒഴിവാക്കാൻ അഞ്ച് വർഷ ഗ്യാരന്റിയോടു കൂടി ഇവ ബി.എം.ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ വർഷവും കുറഞ്ഞത് ഒരു റോഡെങ്കിലും ബി.എം.ബി.സി. നിലവാരത്തിൽ ഉയർത്താൻ നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് പുനരുദ്ധാരണം നടത്തുന്ന ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള റോഡുകൾ മറ്റ് പ്രധാന റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ച റോഡുകൾ എന്നിവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഭൂരിഭാഗം റോഡുകളും ബി.എം. ആന്റ് ബി. സി. നിലവാരത്തിലുള്ളതാണ്.

**കോന്നി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

26(2526) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇവയിൽ ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ; ഇതിൽ ഓരോ പ്രവൃത്തികളും ആരംഭിച്ചത് എന്നാണ്; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുവാനുണ്ട്; അവയിൽ ഓരോന്നിന്റെയും അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനിയും ആരംഭിക്കുവാനുള്ള പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ ഏതെല്ലാം ഓഫീസുകളിൽ, ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവ ഓരോന്നും എന്നത്തേയ്ക്ക് ആരംഭിക്കുവാനും, പൂർത്തീകരിക്കുവാനും കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇനിയും ആരംഭിക്കുവാൻ കഴിയാത്തവയുടെ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ആയതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിരത്തുകളും പാലങ്ങളും വിഭാഗം

1. ചിറ്റാർ-2017/4144, സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ് ദക്ഷിണ മേഖല, തിരുവനന്തപുരം

2. അട്ടച്ചാക്കൽ - 2016/7008, കേരള റോഡ് ഫണ്ട് ബോർഡ്

3. കലഞ്ഞൂർ-2016/7061, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, കെ.ആർ.എഫ്.ബി., തിരുവനന്തപുരം.

കെട്ടിട വിഭാഗം

കോന്നി പി.എച്ച്.സി.-ക്കുവേണ്ടി 3 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ഇ&എഫ്) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്ന മുറയ്ക്കും ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും പണികൾ ആരംഭിക്കുന്നതാണ്. കെട്ടിട വിഭാഗത്തിൽ ഭരണാനുമതി കിട്ടിയ ഉടനെതന്നെ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്നതാണ്. കലഞ്ഞൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം റെട്രോഫിറ്റിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ, കൂടലിന്റെ നിർമ്മാണം-കൂടൽ സൈറ്റിലെ കെട്ടിടം പൊളിച്ചുമാറ്റിയില്ല. ഇതിനുപകരം മറ്റൊരു സൈറ്റ് വള്ളിക്കോട് പി.എച്ച്.സി.-യിൽ ഡി.എം.ഒ. കാണിച്ചുതരികയും ആയത് സൈറ്റ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഡബ്ല്യൂ ആന്റ് സി ഹോസ്പിറ്റൽ, വള്ളിക്കോട് പി.എച്ച്.സി.-യുടെ സൈറ്റിലേയ്ക്ക് മാറ്റുന്നതിനെപ്പറ്റി യാതൊരുവിധ തീരുമാനങ്ങളും ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും അറിയിച്ചിട്ടില്ല.

**വേങ്ങര നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

27(T*2527) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വിവിധ റോഡുകൾ ജലനിധി പദ്ധതി പ്രകാരമുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ചതിന് ശേഷം നാളിതുവരെയും അറ്റകുറ്റപ്പണികൾ നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി റോഡ് കുഴിക്കുന്നത് ഇവ നന്നാക്കുന്നതിനായുള്ള തുക കെട്ടിവച്ചതിന് ശേഷമേ പാടുള്ളൂ എന്ന നിബന്ധനയുണ്ടോ;

(സി) മേൽപ്പറഞ്ഞ തുക കെട്ടിവച്ചിട്ടും ഇപ്രകാരം തകർന്ന റോഡുകൾ നാളിതുവരെ ശരിയാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എത്ര കാലം കൊണ്ട് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള തുക കെട്ടിവച്ചതിനുശേഷം മാത്രമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുവാദം നൽകിവരുന്നത്. പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 5-1-2018-ലെ സ.ഉ.(സാധാ) നമ്പർ 30/2018/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജലനിധി അവരുടെ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുകൊണ്ടാണ് പുനഃസ്ഥാപന പ്രവൃത്തികൾ തുടങ്ങാൻ സാധിക്കാത്തത്. ജലനിധിയുടെ പ്രവൃത്തി കഴിഞ്ഞ റോഡുകളിൽ പുനഃസ്ഥാപന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ജലനിധിയുടെ നിലവിലുള്ള പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏപ്രിൽ മാസത്തോടുകൂടി പൂർത്തിയാകുന്നതാണെന്ന് ജലനിധി അധികൃതർ അറിയിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ ടെസ്റ്റിംഗ് നടത്തിയതിനുശേഷംമാത്രമേ പ്രസ്തുത റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

## കൊല്ലം നഗരത്തിൽ എലിവേറ്റഡ് കോറിഡോർ

28(2528) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നഗരത്തിൽ പോളയത്തോട് മുതൽ ആനന്ദവല്ലീശ്വരം വരെ ഒരു എലിവേറ്റഡ് കോറിഡോർ നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കോറിഡോറിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് ആവശ്യമായി വരുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) JnNURM പദ്ധതിയുടെ രൂപീകരണസമയത്ത് കൊല്ലം കോർപ്പറേഷൻ പോളയത്തോട് മുതൽ ആനന്ദവല്ലീശ്വരംവരെ ഒരു എലിവേറ്റഡ് കോറിഡോർ നിർമ്മിക്കണമെന്ന ഒരു ആശയത്തിന് രൂപം കൊടുത്തിരുന്നു. എന്നാൽ JnNURM പദ്ധതി നിർത്തലാക്കിയതിനാൽ പിന്നീട് ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത എലിവേറ്റഡ് കോറിഡോറിന്റെ നിർമ്മാണം വീണ്ടും തുടങ്ങുന്നതിന് നഗരസഭ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയുടെ മറ്റ് വിശദാംശങ്ങൾ ആയിട്ടില്ല.

**ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡ് പ്രവൃത്തി**

29(2529) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട്-കാഞ്ഞാണി പാതയിൽ ഏനാമാവ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള റോഡിന്റെ ഇടുങ്ങിയ ഭാഗം വീതി കൂട്ടുന്നതിനായി 19-11-2015 ലെ ജി.ഒ(ആർ.ടി) നമ്പർ 1693/2015/പി.ഡബ്ല്യു.ഡി. പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കുന്നതിനായി ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുത്ത് റോഡ് വീതികൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) വളരെയേറെ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കല്ല് സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടർ പുതിയ അർത്ഥനയും അലൈൻമെന്റ് സ്കെച്ചും സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഉടമകളുടെ യോഗം വിളിച്ചുചേർത്ത് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

(സി) ഡയറക്ട് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സ്ഥലം ഏറ്റെടുത്ത് കിട്ടുന്ന മുറയ്ക്ക് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

30(2530) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന മുഴവൻ പ്രവൃത്തികളുടെയും വിശദവിവരം വ്യക്തമാക്കാമോ; മുഴവൻ പ്രവൃത്തികളുടെ പേരും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു.*

**തൈക്കാട് മുതൽ ചെങ്ങന്നൂർ വരെ എം.സി. റോഡ് നവീകരണം**

31(2531) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൈക്കാട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡ് കെ.എസ്.ടി.പി.-യുടെ നേതൃത്വത്തിൽ നിലവിൽ നവീകരിച്ചു കൊണ്ടിരിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) നവീകരണപ്രക്രിയയുടെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിയിൽ ആയൂരിനും ഏനാത്തിനും ഇടയിലുള്ള ഏതെല്ലാം ജംഗ്ഷനുകളുടെ നവീകരണത്തിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട് ; എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) എഗ്രിമെന്റ് പ്രകാരം 2018 ഏപ്രിൽ 27-ന് പദ്ധതിയുടെ കാലാവധി അവസാനിക്കും. സിവിൽ വർക്കുകൾ ഈ തീയതിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ഉൾപ്പെടെയുള്ള റോഡ് സേഫ്റ്റി വർക്കുകളുടെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ ടി പ്രവൃത്തികളും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 146,67,38,745.

(സി) എം.സി. റോഡിൽ ആയൂരിനും ഏനാത്തിനും ഇടയിൽ എട്ട് പ്രധാനപ്പെട്ട ജംഗ്ഷനുകളാണ് നവീകരണത്തിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രസ്തുത പദ്ധതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു :

1. ആയൂർ ജംഗ്ഷൻ
2. കൊല്ലം -ആയൂർ റോഡ് ജംഗ്ഷൻ
3. വാളകം ജംഗ്ഷൻ
4. കരിക്കം ജംഗ്ഷൻ
5. കൊട്ടാരക്കര ജംഗ്ഷൻ
6. കലയപുരം ജംഗ്ഷൻ
7. പൂത്തുർമുക്ക് ജംഗ്ഷൻ
8. ലക്ഷം വീട് ജംഗ്ഷൻ.

ടി ജംഗ്ഷനുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായുള്ള നടപ്പാത നിർമ്മാണം, പാർക്കിംഗ് ഏരിയ, ബസ്ബേയും ബസ് ഷെൽട്ടറും (സ്ഥല ലഭ്യത അനുസരിച്ച്) റോഡിനും ഫുട്പാത്തിനും ഇടയിലുള്ള ഭാഗം ഇന്റർലോക്ക് കട്ടകൾ പാകാനും അപകടകരമായ വളവുകൾ മുന്നറിയിപ്പ് ബോർഡുകൾ, മീഡിയൻ, റോഡ് മാർക്കിംഗ് (എഡ്ജ് ലൈൻ, സെന്റർ ലൈൻ), സൈൻ ബോർഡുകൾ, പെഡസ്ട്രിയൻ ക്രോസിംഗ്, റോഡ് സ്റ്റഡ്സ്, സ്കൂൾ സോണുകളിൽ വേണ്ട സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, കൈവരിയോടുകൂടിയുള്ള നടപ്പാത, ക്രാഷ് ബാരിയർ, സോളാർ പവേർഡ് സ്ട്രീറ്റ് ലൈറ്റ് മുതലായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**മലപ്പുറം മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണം**

32(2532) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ ഫണ്ടിൽ ഉൾപ്പെടുത്തി പി.ഡബ്ള്യു .ഡി. റോഡുകളുടെ നവീകരണത്തിനായി മലപ്പുറം മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റുകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ സ്പെഷ്യൽ ഫണ്ടിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനായി മലപ്പുറം മണ്ഡലത്തിൽനിന്നും രണ്ട് എസ്റ്റിമേറ്റുകളാണ് ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അനുവദിച്ച തുക**

33(2533) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ വിവിധ പ്രവൃത്തികൾക്കായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട് എന്നും പ്രവൃത്തികൾ ഏതൊക്കെയെന്നും അനുവദിക്കപ്പെട്ട തുക, പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്നിവ എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കായംകുളം നിയോജക മണ്ഡലത്തിൽ പുതിയിടം-ഗോവിന്ദമുട്ടം-പ്രയാർ-ആലുംപീടിക റോഡിന്റെ പുനരുദ്ധാരണത്തിനായി സെൻട്രൽ റോഡ് ഫണ്ടിൽ 11.44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി. പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. നിരത്തുകളും പാലങ്ങളുടെയും കെട്ടിട വിഭാഗങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ഇരവിപുരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

34(2534) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ 2016-17 ബജറ്റിൽ തുക അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും ഡി.പി.ആർ. സമർപ്പിക്കാത്തവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഇരവിപുരം മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന തീരദേശ പാതയുടെ പ്രവൃത്തികളുണ്ട്. അതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിന്റെ ഇരവിപുരം നിയോജക മണ്ഡലത്തിൽ 2016-17 ബഡ്ജറ്റിൽ തുക അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം റസ്റ്റ് ഹൗസിന്റെ എക്സ്റ്റൻഷൻ പ്രവൃത്തികൾ 7.97 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

2. കൊല്ലം റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ - പൂർത്തീകരിച്ചു.

3. വെള്ളമണൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് വർക്ക്ഷോപ്പ്, ലാബ്, ലൈബ്രറി - പൂർത്തീകരിച്ചു.

4. വാളത്തുംഗൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് വർക്ക്ഷോപ്പ്, ലാബ്, ലൈബ്രറി - പൂർത്തീകരിച്ചു.

5. തട്ടാമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിടം - പൂർത്തീകരിച്ചു.

6. കോയിക്കൽ ജി.എച്ച്.എസ്.എസ്.-ന് പുതിയ ബ്ലോക്ക് - പൂർത്തീകരിച്ചു.

7. വില്ലേജ് ഓഫീസ് വടക്കേവിള – പൂർത്തീകരിച്ചു.

8. ജില്ല ലീഗൽ മെട്രോളജി ഓഫീസ് കെട്ടിടം - പ്രവൃത്തി പുരോഗമിക്കുന്നു.

9. ടാങ്കർ ലോറി കാലിബറേഷൻ യൂണിറ്റ്, കൊല്ലം - പൂർത്തീകരിച്ചു.

ഇതിൽ ഡി.പി.ആർ. സമർപ്പിക്കാത്തവ ഒന്നുംതന്നെ ഇല്ല.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2016-17 ബഡ്ജറ്റിൽ 3 പാലങ്ങൾ ഉൾപ്പെടെ 11 പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിലവിലെ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇനിയും ഡി.പി.ആർ. സമർപ്പിക്കാത്ത നിരത്തുവിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കണ്ണൂർ - കാസർഗോഡ് കെ.എസ്.ടി.പി. റോഡ് നിർമ്മാണം

35(2535) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ പ്രവൃത്തിയുടെ അന്തിമഘട്ടത്തിലെത്തിയ കണ്ണൂർ-കാസർകോട് കെ.എസ്.ടി.പി. റോഡ് പണി നിർത്തിവെച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) രണ്ട് ജില്ലകളിലും കൂടി എത്ര കുടിശ്ശികത്തുക കരാറുകാരന് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ,കാസർകോട് ജില്ലകളിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് കെ.എസ്.ടി.പി. റോഡ് നിർമ്മാണം നടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കിലോമീറ്റർ പ്രവൃത്തി പൂർത്തിയായെന്നും ബാക്കിയുള്ള കിലോമീറ്ററിൽ ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) കണ്ണൂർ,കാസർകോട് ജില്ലകളിലെ റോഡ് പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിൽ എത്ര രൂപയുടെ പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പണി നിർത്തിവച്ചിട്ടില്ല.

(ബി) കണ്ണൂർ ജില്ല-പിലാത്തറ-പാപ്പിനിശ്ശേരി റോഡ് - കുടിശ്ശിക തുക -2.43 കോടി രൂപ കാസർഗോഡ് ജില്ല-കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് - കുടിശ്ശിക തുക -93 ലക്ഷം രൂപ

(സി) കണ്ണൂർ ജില്ല -പിലാത്തറ-പാപ്പിനിശ്ശേരി റോഡ് - 20.9 കി. മീറ്റർ കാസർഗോഡ് ജില്ല-കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്- 27.78 കി. മീറ്റർ

(ഡി) കണ്ണൂർ ജില്ല -പിലാത്തറ-പാപ്പിനിശ്ശേരി റോഡ് 17.17 കി. മീറ്റർ പൂർത്തിയായി. ബാക്കിയുള്ളത് 3.73 കി.മീ. പ്രധാന പാത -രാമപുരം പാലം, താവം റെയിൽവേ മേൽപ്പാലവും സമീപ റോഡും ഒഴികെ പൂർത്തിയായി. മറ്റ് അനുബന്ധ പ്രവൃത്തികൾ നടന്നുവരുന്നു. കാസർഗോഡ് ജില്ല-കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പ്രധാന പാത– കാഞ്ഞങ്ങാട് നഗരപരിധി ഒഴികെ 25.965 കി.മീ. പൂർത്തിയായി. ബാക്കിയുള്ളത് 1.815 കി. മീ. കാഞ്ഞങ്ങാട് നഗരത്തിലെ സർവ്വീസ് റോഡും മറ്റ് അനുബന്ധ പ്രവൃത്തികളും പൂർത്തിയാക്കാനുണ്ട്.

(ഇ) കണ്ണൂർ ജില്ല -പിലാത്തറ-പാപ്പിനിശ്ശേരി റോഡ് - 118.29 കോടി രൂപ കാസർഗോഡ് ജില്ല-കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് - 133.05 കോടി രൂപ

(എഫ്) കണ്ണൂർ ജില്ല-പിലാത്തറ-പാപ്പിനിശ്ശേരി റോഡ്- 83.50 കോടി രൂപ കാസർഗോഡ് ജില്ല-കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ്-88 കോടി രൂപ.

## കരുവന്തല-ചക്കംകണ്ടം റോഡിന്റെ അഭിവൃദ്ധി

36(2536) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിന്റെ എത്ര കിലോമീറ്റർ ദൂരം ഇതുവരെ അഭിവൃദ്ധിപ്പെടുത്തുകയുണ്ടായി;

(ബി) അവശേഷിക്കുന്ന ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 5.22 കി.മീ (ചെയിനേജ് 8/642 മുതൽ 13/862 വരെ) ദൂരം ഇതുവരെ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഡ്ജറ്റ് വർക്കിൽ സ്പെഷ്യൽ സാങ്ഷനിൽ ഉൾപ്പെടുത്തി ചെയിനേജ് 0/000 മുതൽ 8/650 വരെ പ്രവൃത്തിക്കായി 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

## പാലക്കാട് - കുളപ്പുള്ളി റോഡിലെ തെരുവ് വിളക്കുകൾ

37(2537) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കുളപ്പുള്ളി റോഡിന്റെ (കെ.എസ്.ടി.പി- IV) നിർമ്മാണം എന്നാണ് പൂർത്തീകരിച്ചത്; ഇതിനായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റോഡിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ചശേഷം നാളിതുവരെ കത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ടി.പി-IV റോഡിലെ തെരുവ് വിളക്കുകൾ പ്രകാശിക്കാത്തത് കാരണം ധാരാളം അപകടങ്ങൾ സംഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി തെരുവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 28-2-2011-ൽ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തിക്ക് 15,41,26,755 രൂപ ചെലവായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് 30-1-2014-ന് പൊതുമരാമത്ത് പാലക്കാട് നിരത്ത് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിച്ച് കത്തിച്ച് ബോദ്ധ്യപ്പെടുത്തി അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) അതാതു പരിധിയിൽവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വൈദ്യുതി ചാർജ് അടയ്ക്കേണ്ടത്.

**ആലത്തൂരിലെ കണ്ണാടി - പന്നിക്കാട് റോഡ് നിർമ്മാണം**

38(2538) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17-ലെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് 1-11-2016-ലെ സ.ഉ. (സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ സാങ്കേതിക പരിശോധന റിപ്പോർട്ടിന്റെ (റ്റി.എ.ആർ.) മറുപടിയും കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം ബൈപ്പാസ് റോഡ്

39(2539) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ റോഡിനായി ഏറ്റെടുക്കേണ്ട സ്ഥലങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിലെ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. 26-2-2018-ൽ കിഫ്ബി-യിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചതിനുശേഷമേ സ്ഥലമെടുപ്പ് നടപടി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചശേഷമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ പദ്ധതി അംഗീകാരത്തിനുശേഷം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിലെ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തേണ്ടത് എന്ന് തീരുമാനിക്കുന്നത് ജില്ലാ കളക്ടറാണ്.

## ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണം

40(2540) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ബൈപ്പാസ് പ്രവൃത്തിക്കായി തയ്യാറാക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണത്തിനായി നിലവിൽ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം എത്ര ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ:

(ഡി) ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിനുള്ള നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) ബാലുശ്ശേരി ബൈപ്പാസ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം 1.673 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലുമാണ് സ്ഥലമേറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാരിക്കോട്-അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡ് നിർമ്മാണം**

41(2541) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കാരിക്കോട്- അഞ്ചിരി-ആനക്കയം-കാഞ്ഞാർ റോഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പരിശോധന പൂർത്തീകരിച്ച് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**നെടുമങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

42(2542) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികൾക്കായി എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 191.295 കി. മീ. റോഡുകളുണ്ട്.

(ബി) 42 പ്രവൃത്തികളുടെ അറ്റകുറ്റപ്പണികൾക്കായി 575 ലക്ഷം രൂപയും മഴക്കാലപൂർവ്വ പ്രവൃത്തികൾക്കായി 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) 29 പ്രവൃത്തികളും, മഴക്കാലപൂർവ്വ പ്രവൃത്തികളും പൂർത്തിയായി. 13 എണ്ണം പൂർത്തിയാകാനുണ്ട്.

## കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷനിൽ ഫ്ലൈഓവർ നിർമ്മാണം

43(2543) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷനിൽ (കൊളത്തൂർ) സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഫ്ലൈഓവർ നിർമ്മാണം സംബന്ധിച്ച് കൈക്കൊണ്ട നടപടിക്രമം വിശദമാക്കാമോ;

(ബി) പ്രസ്തുത ഫ്ലൈഓവർ നിർമ്മാണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ഫ്ലൈഓവറുകളിൽ ഏതെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയിൽപ്പെട്ട കാലിക്കറ്റ് എയർപോർട്ട് ജംഗ്ഷൻ ഫ്ലൈ ഓവറിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും അത് 15-12-2017-ന് കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. കിഫ്ബിയുടെ സാങ്കേതിക വിഭാഗം ഡി.പി.ആർ. പരിശോധിക്കുകയും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും അതിന് മറുപടി ആർ.ബി.ഡി.സി.കെ. 2-3-2018-ൽ നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽനിന്ന് പദ്ധതിക്ക് അനുമതി ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) കിഫ്ബിയിൽനിന്നും പദ്ധതിക്ക് അനുമതി ലഭിക്കാനുണ്ട്. വേറെ സാങ്കേതിക തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗം മഞ്ചേരിയുടെ കീഴിൽ 2016-17-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫ്ലൈ ഓവറുകളുടെ പ്രവൃത്തികൾ നിലവിലില്ല. ആർ.ബി. ഡി.സി.കെ.-യുടെ കീഴിൽ കുണ്ടന്നൂർ ഫ്ലൈ ഓവറിന്റെ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്.

## മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണം

44(2544) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതെന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഈ പ്രവൃത്തി ആരംഭിക്കാൻ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-7-2016-ലെ സ.ഉ. (സാധാ)നമ്പർ 1093/2016/പൊ.മ.വ. പ്രകാരമാണ് മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയത്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി കൾവർട്ടിനും കൾവർട്ടിലേയ്ക്കുള്ള റോഡിനും ആവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ സഹിതം സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങൾ കൈമാറുന്നതിന് ചെല്ലാനം ഗ്രാമപഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടെങ്കിലും ആയത് ഇതുവരെയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

## കുരുതിക്കളം-ചേലച്ചുവട് റോഡ് നിർമ്മാണം

45(2545) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ കുരുതിക്കളം-ചേലച്ചുവട് റോഡ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുരുതിക്കളം-ചേലച്ചുവട് റോഡ് നിർമ്മാണം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ. ഉത്തരവുപ്രകാരം തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഡി.പി.ആർ. തയ്യാറാകുന്ന മുറയ്ക്ക് കേരള റോഡ് ഫണ്ട് ബോർഡ് എസ്.പി.വി. മുഖാന്തിരം ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കാനും സാങ്കേതികാനുമതി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

## കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ്

46(2546) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് പണി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഈ പ്രവൃത്തി ആരംഭിച്ചത് എപ്പോഴാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) എത്ര കോടി രൂപയുടെ പദ്ധതിയാണിതെന്നും കരാറുകാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഇ) കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ; ചെയ്തുതീർത്ത പ്രവൃത്തികൾക്ക് പണം നൽകാത്തതിനാൽ കരാറുകാർ പണി നിർത്തിയെന്നത് ശരിയാണോ;

(എഫ്) ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ജി) ബി.എസ്.എൻ. എൽ. ന്റെയും വൈദ്യുതിയുടെയും കേബിളുകൾ, ശുദ്ധജല പൈപ്പുകൾ എന്നിവ മാറ്റിയിടാനുള്ള നടപടിപോലും കെ.എസ്.ടി.പി. സ്വീകരിച്ചിട്ടില്ലെന്നത് ശരിയാണോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) നിർമ്മാണ സാമഗ്രികളുടെ അഭാവവും സ്വന്തം ക്വാറിക്ക് അംഗീകാരം കിട്ടാത്തതിനാലും പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രവൃത്തി ആരംഭിച്ചത് 24-4-2013, പ്രവൃത്തിയുടെ നീട്ടിയ കാലാവധി 28-2-2018 ആണ്.

(ഡി) പദ്ധതിയുടെ അടങ്കൽ തുക 133,05,79,485 രൂപ, കരാറുകമ്പനി-M/s RDS Ltd. Cochin

(ഇ) കരാറുകാർക്ക് അംഗീകരിച്ച പ്രവൃത്തികൾക്ക് സമർപ്പിച്ച ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. ചെയ്തുതീർത്ത പ്രവൃത്തികൾക്ക് പണം നൽകാത്തതു കാരണം പണി നിർത്തിയ അവസ്ഥ നിലവിലില്ല.

(എഫ്) പ്രധാനമായും കാഞ്ഞങ്ങാട് ടൗൺ ഭാഗത്തിന്റെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികളും, ബസ്ബേ നിർമ്മാണം, ബസ് ഷെൽട്ടർ നിർമ്മാണം, ജംഗ്ഷനുകളുടെ വികസനം എന്നിവയും നടന്നുവരുന്നു.

(ജി) ബി.എസ്.എൻ.എൽ.-ന്റെയും വൈദ്യുതിയുടെയും കേബിളുകൾ, ശുദ്ധജല പൈപ്പുകൾ എന്നിവ മാറ്റിയിടുന്ന ജോലികൾ കരാറിൽ ഉൾപ്പെട്ടിട്ടുള്ളതും കരാറുകാരന്റെ ഉത്തരവാദിത്വവുമാണ്. ജോലികൾ പുരോഗമിക്കുന്ന മുറയ്ക്ക് പ്രസ്തുത ജോലികൾ വൈദ്യുതി ബോർഡ്, ജല അതോറിറ്റി ഉദ്യോഗസ്ഥരുടെയും കെ.എസ്.ടി.പി. യൂട്ടിലിറ്റി കൺസൾട്ടന്റുമാരുടെയും മേൽനോട്ടത്തിൽ ചെയ്തിട്ടുണ്ട്. ചെറിയ ചെറിയ പ്രശ്നങ്ങൾ അതാതു സമയങ്ങളിൽ പരിഹരിക്കാറുണ്ട്.

**കുണ്ടന്നൂർ നിന്നും മറ്റക്കുഴിയിലേയ്ക്കുള്ള ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

47(2547) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടന്നൂർ നിന്നും കൊച്ചി-മധുര ദേശീയ പാതയിലെ മറ്റക്കുഴിയിൽ എത്തിച്ചേരുന്ന ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതുവരെയായെന്നറിയിക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ എന്ന് പൂർത്തിയാകുമെന്നും സ്ഥലം ഉടമകൾക്ക് വിലകൊടുക്കാനുള്ള നടപടി എന്നത്തേക്കാകുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) തൃപ്പൂണിത്തുറ ബൈപ്പാസിന്റെ ഒന്നാം ഘട്ടത്തിൽ ആകെ 16.309 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. അതിൽ 5.079 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 34.159 ഹെക്ടർ ഏറ്റെടുക്കാനുണ്ട്. ഒന്നാം ഘട്ടത്തിലെ ബാക്കി ഭൂമി ഏറ്റെടുക്കലിനുവേണ്ടി സമർപ്പിച്ച 214.2 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ**

48(2548) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് ഡയറക്ട് പർച്ചേയ്സിനു വേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 17-10-2016-ൽ കോട്ടയം ജില്ലാകളക്ടർ ഡയറക്ട് പർച്ചേയ്സിന് ശിപാർശ

ചെയ്തുവെങ്കിലും പൊതുമരാമത്ത് വകുപ്പ് സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വിസിഷൻ ഇതുവരെയും സമർപ്പിക്കാത്തതുകാരണം പദ്ധതി നീണ്ടുപോകുന്നത് തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇനിയുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പെൻഡിങ്ങ് ജോലികൾ എത്ര ദിവസം കൊണ്ട് തീർക്കും എന്നറിയിക്കാമോ;

(ഡി) സർക്കാരിന്റെ വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിന് മനഃപൂർവ്വം കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്ഥലമുടമകളുടെ സമ്മതപത്രം സഹിതമുള്ള റിക്വിസിഷൻ കോട്ടയം ജില്ലാ കളക്ടർക്ക് 29-01-2018-ന് സമർപ്പിച്ചിരുന്നെങ്കിലും തിരുത്തലിനുവേണ്ടി മടക്കിയിരുന്നു. ആയത് 5-3-2018-ൽ ജില്ലാ കളക്ടർക്ക് പുനഃസമർപ്പിച്ചിട്ടുണ്ട്.

(സി) ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വില റവന്യൂ വകുപ്പ് നിശ്ചയിച്ച് സർക്കാരിലേയ്ക്ക് ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമുടമകൾക്ക് വില നൽകി രജിസ്ട്രേഷൻ നടത്തി സ്ഥലം ഏറ്റെടുക്കുകയുമാണ് ചെയ്യുന്നത്. ടി നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) വികസന പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിന് മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല.

**വഴുതയ്ക്കാട്-തൈക്കാട് നാലുവരിപ്പാത**

49(2549) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട്-തൈക്കാട് നാലുവരിപ്പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;

(സി) രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഈ ഭാഗത്തെ യാത്രാസൗകര്യം സുഗമമാക്കുന്നതിനായി പ്രവൃത്തി എത്രയും വേഗം നിർവ്വഹിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വഴതയ്ക്കാട്-തൈക്കാട് നാലുവരിപ്പാതയുടെ സ്ഥലമേറ്റെടുപ്പ് പുരോഗമിച്ചു വരുന്നു. പ്രസ്തുത റോഡ് പ്രവൃത്തി ആരംഭിക്കുന്നതിന് ടിഡ ഭൂമി ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്.

(ബി) കച്ചവടക്കാർക്ക് പുനരധിവാസം നൽകുന്നതിന് ടിഡയും റവന്യൂ വകുപ്പും നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചശേഷം സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്കുമാത്രമേ ടി റോഡിന്റെ വികസന പ്രവൃത്തിക്കായുള്ള പദ്ധതി രൂപീകരിച്ച് പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവാൽ റോഡ് നിർമ്മാണം**

50(2550) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവാൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ,അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ആയത് ഉടനെ തയ്യാറാക്കി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ് കി.മി. 0/000 മുതൽ 9/820 വരെ പുനരുദ്ധാരണത്തിനായി 6.67 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ കഴിയുകയുള്ളൂ.

**ചാലക്കുടിയിലെ നിർമ്മാണ പ്രവൃത്തികൾ**

51(2551) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ, ചാലക്കുടി മണ്ഡലത്തിലുൾപ്പെടുന്ന ഭാഗങ്ങളിൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതക്കുരുക്കും, അപകടങ്ങളും കുറയ്ക്കുന്നതിന് ചാലക്കുടി കോടതി ജംഗ്ഷനിൽ ഡിവൈൻ മോഡൽ അടിപ്പാത നിർമ്മിക്കുന്നതിനും, പേരാമ്പ്രയിൽ സബ്ബ് വേ, വിവിധ ജംഗ്ഷനുകളിൽ ഡ്രൈനേജ് നിർമ്മാണം, കൊരട്ടിയിൽ ഓവർബ്രിഡ്ജ്, ബസ്സ്ബേകൾ, ബസ്സ്ഷെൽട്ടറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയപാത 47-ൽ ചാലക്കുടി മണ്ഡലത്തിലുൾപ്പെടുന്ന ഭാഗങ്ങളിൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ കി.മീ. 294.100 (സുന്ദരിക്കവല, പോട്ട) മുതൽ 294.540 (പോട്ട ആശ്രമം ജംഗ്ഷൻ) വരെയുള്ള ഭാഗത്ത് ഇടതുവശത്ത് സർവ്വീസ് റോഡ് പൂർത്തീകരിക്കാനുണ്ട്. നിലവിലുള്ള റോഡിന് 3.75 മീറ്റർ മുതൽ 4 മീറ്റർ വരെയാണ് വീതിയുള്ളത്. സർവ്വീസ് റോഡ് ചെയ്യേണ്ടതിലേയ്ക്ക് കുറഞ്ഞത് 5.50 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ബി) ചാലക്കുടി കോടതി ജംഗ്ഷനിൽ ഡിവൈൻ മോഡൽ അടിപ്പാതയ്ക്കായി പുതുക്കിയ റേറ്റിലുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് മറുപടി ലഭിച്ചിട്ടില്ല. നിലവിലുള്ള എഗ്രിമെന്റ് പ്രകാരം പേരാമ്പ്രയിൽ സബ് വേ നിർമ്മിക്കുന്നതിനായുള്ള നിബന്ധന ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ജംഗ്ഷനിൽ ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനായി ഡിസൈൻ വർക്ക് നടന്നുകൊണ്ടിരിക്കുന്നു. ഡ്രെയിനേജ് വൃത്തിയാക്കുന്നത് കരാറുകാരന്റെ മെയിന്റനൻസ് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊരട്ടി ജംഗ്ഷനിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ കരാർ പ്രകാരം സൂചിപ്പിച്ചിട്ടുള്ള എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

**തിരുവനന്തപുരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

52(2552) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ.

<u>ദേശീയപാത വിഭാഗം</u>

1. മംഗലപുരം മുതൽ കരമന വരെയുള്ള ദേശീയപാത 47-ൽ നടന്നുവരുന്ന കേന്ദ്ര മന്ത്രാലയത്തിന്റെ പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തിയുടെ തമ്പാനൂർ മുതൽ കിള്ളിപ്പാലം വരെയുള്ള തിരുവനന്തപുരം മണ്ഡലത്തിലെ ഭാഗത്തിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

2. സി.ആർ.എഫ്. 2017-2018 പദ്ധയിലുൾപ്പെടുത്തി ജഗതി-തിരുവല്ലം (എം.ഡി.ആർ.) റോഡിന്റെ അഭിവൃദ്ധിപ്പെടുത്തലിന്റെ റീടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

<u>നിരത്തുകളും പാലങ്ങളും വിഭാഗം</u>

1. വഴുതയ്ക്കാട്-ഇടപ്പഴിഞ്ഞി-പാങ്ങോട് മിലിട്ടറി ക്യാമ്പ് പള്ളിമുക്ക് റോഡ് കി.മീ. 0/000 മുതൽ 3/500 വരെ - 400 ലക്ഷം രൂപ

2. സ്പെൻസർ-ബേക്കറി-വഴുതയ്ക്കാട്-പൂജപ്പുര റോഡിന്റെ ബി.എം. ആന്റ് ബി.സി. പ്രവൃത്തി - 235 ലക്ഷം രൂപ

3. ആയുർവ്വേദ കോളേജ്-കുന്നുംപുറം റോഡിന്റെ വീതി കൂട്ടൽ-234 ലക്ഷം രൂപ

4. വെസ്റ്റ് ഫോർട്ട് - കാഞ്ഞിരിവിളാകം റോഡ് അഭിവൃദ്ധിപ്പെടുത്തൽ - 150 ലക്ഷം രൂപ

5. റെക്ടിഫിക്കേഷൻ വർക്ക് ഓഫ് എം.ഡി.ആർ. നിയർ എൻ.എസ്. ഡിപ്പോ ഇൻ വള്ളക്കടവ് പുത്തൻ റോഡ് ജംഗ്ഷൻ പൊന്നറ ബ്രിഡ്ജ് ചെയിനേജ് 1/295 മുതൽ 1/410 അലൈഡ് വർക്ക്സ് - 60 ലക്ഷം രൂപ

1, 2 പ്രവൃത്തികൾ നടന്നുവരുന്നു. മൂന്നാമത്തെ പ്രവൃത്തിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 4, 5 പ്രവൃത്തികൾക്ക് റീ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പ്രവൃത്തികളെല്ലാം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുലിക്കുറുമ്പ-പുറഞ്ഞാൺ ബൈപ്പാസ് റോഡ് നിർമ്മാണം**

53(2553) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ആർ.എഫ്.സ്കീമിൽ പ്രവൃത്തി ആരംഭിച്ച ഒടുപള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡിന് ലഭ്യമായ സേവിംഗ്സ് ഉപയോഗിച്ച് പുലിക്കുറുമ്പ-പുറഞ്ഞാൺ ബൈപാസ് റോഡ് കൂടി നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പുലിക്കുറുമ്പ-പുറഞ്ഞാൺ ബൈപ്പാസ് റോഡ് നിർമ്മാണ പ്രവൃത്തി കേന്ദ്ര ഗവൺമെന്റിന്റെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡിന്റെ സ്കോപ്പിൽ വരുന്നതല്ല.

**പൂക്കിപ്പറമ്പ് - പതിനാറുങ്ങൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

54(2554) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽപ്പെടുത്തി പ്രഖ്യാപിച്ച 100 കോടിയുടെ പൂക്കിപ്പറമ്പ്-പതിനാറുങ്ങൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ ഡി.പി.ആർ. കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം കിഫ്ബിക്ക് സാമ്പത്തികാനുമതിക്കായി സമർപ്പിക്കാൻ കഴിയുകയുള്ളൂ.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ റോഡുപണികൾ**

55(2555) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വട്ടവിള-പിരായുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, തിരുപുറം- മാവിളക്കടവ്, അറക്കുന്ന്-മാരായമുട്ടം എന്നീ റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പണികൾ ആരംഭിക്കുന്നതിന് ഉത്തരവാദപ്പെട്ടവർ വീഴ്ച വരുത്താൻ ഉണ്ടായ കാരണം വിശദമാക്കാമോ;

(ബി) വർഷകാലത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വർക്കുകൾ കാലതാമസം കാരണം മഴക്കാലത്തേയ്ക്ക് നീങ്ങുമ്പോൾ ഉണ്ടാകുന്ന റോഡ് തകർച്ചയ്ക്കും അതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ധനനഷ്ടത്തിനും ആരാണ് ഉത്തരവാദി എന്ന് വ്യക്തമാക്കാമോ;

(സി) വർഷകാലത്ത് പണി നടത്താൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കെ ഇത്തരം ഉത്തരവുകൾക്ക് ഒരു പ്രാധാന്യവും കൊടുക്കാതെ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വട്ടവിള-പിരയുംമൂട്, ഉദിയൻകുളങ്ങര-വ്ലാത്താങ്കര, തിരുപുറം-മാവിളക്കടവ് എന്ന പ്രവൃത്തി 29-11-2017-ൽ കരാർ ചെയ്ത് 8-12-2017-ൽ സൈറ്റ് ഹാന്റ് ഓവർ ചെയ്തു. ഓടകളുടെ പണി പുരോഗമിക്കുന്നു. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന മൂന്ന് റോഡുകളും ഒറ്റ പ്രവൃത്തിയായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. നെയ്യാറ്റിൻകര മണ്ഡലത്തിലുൾപ്പെ ടുന്നതിലെ അറക്കുന്ന്-മാരായമുട്ടം എന്ന റോഡ് നെയ്യാറ്റിൻകര- മാരായമുട്ടം എന്ന പേരിലാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഈ റോഡിന്റെ ചെയിനേജ് 0/000 മുതൽ 1/550 വരെയുള്ള ഭാഗം ബഡ്ജറ്റ് പ്രവൃത്തിയായും 1/550 മുതൽ 2/050 വരെയുള്ളതും 2/650 മുതൽ 3/200 വരെയുള്ളതും പൊതുമരാമത്ത് വകുപ്പിന്റെ നോൺ പ്ലാൻ വിഭാഗത്തി ലുമായിട്ടാണ് അനുമതി നൽകിയിട്ടുള്ളത്. ടി പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പണി നടത്തിപ്പിൽ വീഴ്ച വരുത്തിയിട്ടില്ല. ഈ റോഡിന്റെ ചെയിനേജ് 2/050 മുതൽ 2/650 വരെയുള്ള ഭാഗത്ത് ബി.എം. ആന്റ് ബി.സി. നിലവാരത്തിലുള്ള പുനരുദ്ധാരണം എന്ന പ്രവൃത്തി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) മഴക്കാലപൂർവ്വ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുമ്പോൾത്തന്നെ ടെണ്ടർ ചെയ്ത് കാലതാമസമില്ലാതെ പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. സമയ ബന്ധിതമായി മഴക്കാലപൂർവ്വ പ്രവൃത്തികൾ നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കാറുണ്ട്. കൂടാതെ അവിചാരിതമായി ഉണ്ടാകുന്ന സാധന സാമഗ്രികളുടെ ക്ഷാമംമൂലം ചില സന്ദർഭങ്ങളിൽ പ്രവൃത്തിക്ക് കാലതാമസം നേരിടാറുണ്ട്.

(സി) ഉപരിതല പുനരുദ്ധാരണ പ്രവൃത്തികൾ മഴക്കാലത്ത് ചെയ്യാറില്ല. കുഴിയടച്ച് റോഡ് ഗതാഗതയോഗ്യവും അപകടരഹിതവുമാക്കുന്ന പ്രവൃത്തികളാണ് മഴക്കാലത്ത് അവശ്യ ഘട്ടങ്ങളിൽ ചെയ്യുന്നത്.

(ഡി) ഭരണാനുമതി ലഭ്യമായ റോഡുകളുടെ പ്രവൃത്തി ഈ മാസംതന്നെ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരിമല പാത**

56(2556) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരിമല പാത എന്നാണ് അവസാനമായി ബി.എം.ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ചത്; എത്ര വർഷത്തെ ഗാരന്റിയാണ് കരാർ ചെയ്തിരിക്കുന്നത്; എന്നാണ് കരാർ കാലാവധി അവസാനിക്കുന്നത്;

(ബി) പുനരുദ്ധാരണം കഴിഞ്ഞപ്പോൾ മുതൽ റോഡിന്റെ പല ഭാഗങ്ങളും പൊളിഞ്ഞു തുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ;

(സി) റോഡ് ഇത്തരത്തിൽ തകരാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇതിനുമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാറക്കുളഞ്ഞി-ചാലക്കയം ശബരിമല പാതയുടെ 0/000 മുതൽ 32/000 വരെ 26-3-2015-ലും 32/000 മുതൽ 53/480 വരെ 8-1-2014-ലുമാണ് ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ 18 മാസത്തെ ഗ്യാരന്റി പിരീഡോടെ പൂർത്തീകരിച്ചത്. 7-1-2019-ലും 25-3-2020-ലുമാണ് കരാർ കാലാവധി അവസാനിക്കുന്നത്.

(ബി&സി) പുനരുദ്ധാരണം കഴിഞ്ഞപ്പോൾ ടി പ്രവൃത്തിയെക്കുറിച്ച് പരാതികൾ ഉയർന്നുവരികയും ആയത് പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി ഗുരുതരമായ ക്രമക്കേടുകളോ വൈകല്യങ്ങളോ ഇല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ തകരാറുകൾ കരാറുകാരനെ കൊണ്ടുതന്നെ മെയിന്റനൻസ് കരാറിൽ ഉൾപ്പെടുത്തി ശരിയാക്കിയിട്ടുണ്ട്. ടി റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടിയതുമൂലം പൊതുമരാമത്ത് വകുപ്പിന് ചെലവായ തുക ജലനിധിയോട് ആവശ്യപ്പെടുകയും തകരാറുകൾ ഉണ്ടായതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടി ആയത് ആവർത്തിക്കാതിരിക്കാൻ കർശനമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**റാന്നി വലിയപാലം, വടശ്ശേരിക്കരപാലം എന്നിവയ്ക്ക് തുക**

57(2557) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി വലിയപാലം, വടശേരിക്കരപാലം എന്നിവയ്ക്ക് കിഫ്ബിവഴി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോയെന്നും ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്നും നടപടികൾ പൂർത്തിയാക്കി പ്രവൃത്തി എന്ന് ടെൻഡർ ചെയ്യാനാകും എന്നും അറിയിക്കാമോ?

ഉത്തരം

(എ) റാന്നി വലിയപാലം-26.76 കോടി രൂപ, വടശേരിക്കരപാലം-14.06 കോടി രൂപ

(ബി) റാന്നി പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി നൽകുകയും 3-3-2018-ൽ സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വടശ്ശേരിക്കര പാലത്തിന്റെ ഡി.പി.ആർ. സാങ്കേതികാനുമതിക്കായി കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

**നൂറനാട് മുക്കാട് പാലത്തിന് ഭരണാനുമതി**

58(2558) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട് പാലത്തിന്റെ പ്രവൃത്തിക്ക് അടിയന്തര ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

27-12-2017-ലെ സർക്കാർ കത്ത് നമ്പർ പി.ഡബ്ല്യു.ഡി.-ഡി1/454/2017/പി.ഡബ്ല്യു.ഡി. പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നൽകിയ മുക്കാട് പാലത്തിന്റെ മണ്ണുപരിശോധന റിപ്പോർട്ടും ഡിസൈനും പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, ഫയൽ നമ്പർ സി.ഇ./ആർ. ആന്റ് ബി./എ.എൽ.പി./1560/2018 പ്രകാരം 28-2-2018-ന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് പ്രൂഫ് ചെക്കിംഗ് ചെയ്ത് തിരികെ നൽകാൻ കൈമാറിയിട്ടുണ്ട്. പ്രൂഫ് ചെക്ക് ചെയ്ത് ഡിസൈൻ ലഭിച്ചശേഷം അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്കുമാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ഇരവിപുരം മണ്ഡലത്തിലെ പാലങ്ങൾ**

59(2559) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇരവിപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

ഇരവിപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന മൂന്ന് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. താന്നി പാലം, ഇരവിപുരം പാലം, ഈഴവപാലം എന്നിവയാണ് ഇവ. ഇതിൽ താന്നി പാലവും ഇരവിപുരം പാലവും കാലാകാലങ്ങളിലെ അറ്റകുറ്റപ്പണി നടത്തുന്നതിനായി ഭരണാനുമതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ്, സാധാരണ അറ്റകുറ്റപ്പണിക്കുള്ള 283 പാലങ്ങളുടെ എസ്റ്റിമേറ്റുകളോടൊപ്പം 29-11-2017-ലെ സി.ഇ./ആർ.&ബി./ ജി.എൽ./ബ്രിഡ്ജസ്/ 2017/(3) നമ്പർ കത്തുപ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഇപ്രകാരം ലഭ്യമാക്കിയിരിക്കുന്ന 283 എസ്റ്റിമേറ്റുകൾ ഒരുമിച്ച് ഒരു ഇ-ഓഫീസ് ഫയലായി ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ 10-20 എസ്റ്റിമേറ്റുകളുടെ കൂട്ടമായി അബ്സ്ട്രാക്ട് സഹിതം സർക്കിൾ അടിസ്ഥാനത്തിൽ പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മേൽ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമെന്ന് കരുതുന്നു. ഈഴവപാലം വർക്ക് ബഡ്ജറ്റ് 2016-17-ൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പ്രവൃത്തി ശ്രീ. എം. ഡി. ഫയസ്, ബർക്ക ഹൗസ്, ചെങ്കള പി.ഒ., കാസർഗോഡ് എന്നയാളിന് 7-2-2018-ൽ സെലക്ഷൻ നോട്ടീസ് കൊടുക്കുകയും എഗ്രിമെന്റ് വയ്ക്കാനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

**പാലക്കാട് ജില്ലയിലെ ടോൾ പിരിവ്**

60(2560) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നിലവിൽ ടോൾ പിരിവ് നടത്തുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഏത് വർഷം മുതലാണ് ഈ കേന്ദ്രങ്ങളിൽ ടോൾ പിരിവ് തുടങ്ങിയതെന്നും ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിലും ദേശീയപാതാ വിഭാഗത്തിലും പാലക്കാട് ജില്ലയിൽ ടോൾ പിരിവ് നടത്തുന്നില്ല. എന്നാൽ ജില്ലയിൽ ആർ.ബി.ഡി.സി.കെ. നടത്തുന്ന ടോൾ പിരിവ് കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

1. കടുക്കാംകുന്ന്
2. വിക്ടോറിയ കോളേജ്
3. സുൽത്താൻപേട്ട്
4. പുലാമന്തോൾ.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ടോൾ പിരിവ് കേന്ദ്രം | ടോൾ പിരിവ് തുടങ്ങിയ തീയതി | ടോൾപിരിവ് അവസാനിക്കുന്ന തീയതി |
|---|---|---|---|
| 1 | കടുക്കാംകുന്ന് | 1-8-2014 | 7-12-2019 |
| 2 | വിക്ടോറിയ കോളേജ് | 18-1-2009 | 9-12-2023 |
| 3 | സുൽത്താൻപേട്ട് | 6-6-2010 | 9-12-2023 |
| 4 | പുലാമന്തോൾ | 9-3-2005 | 7-12-2019 |

**കരുവഞ്ചാൽ, ആലക്കോട്, നച്യാട് പാലങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

61(2561) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര ഹൈവേയിൽപ്പെട്ട കരുവഞ്ചാൽ, ആലക്കോട്, നച്യാട് പാലങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) മലയോര ഹൈവേക്കുള്ള പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഈ പാലങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മലയോര ഹൈവേയിൽപ്പെട്ട ആലക്കോട് പാലം (3.50 കോടി രൂപ) കരുവഞ്ചാൽ പാലം (4.7 കോടി രൂപ) നച്യാട് പാലം (10 കോടി രൂപ) എന്നീ പാലങ്ങൾ നേരത്തെ നീക്കിയിരുപ്പുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ തുകയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിൽ പരിശോധനയിലാണ്.

**പുലാമന്തോൾ, ചെറുതുരുത്തി എന്നീ പാലങ്ങളിലെ ടോൾ പിരിവ്**

62(2562) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ-പട്ടാമ്പി റോഡിലെ പുലാമന്തോൾ പാലത്തിനും പാലക്കാട് തൃശ്ശൂർ ജില്ലാ അതിർത്തിയിലെ ഷൊർണ്ണൂരിലെ ചെറുതുരുത്തി പാലത്തിനും നിലവിൽ വാഹനങ്ങൾക്ക് ടോൾ പിരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരാണ് ടോൾ പിരിക്കുന്നത് എന്നത് വിശദമാക്കാമോ; ഏതു തീയ്യതി വരെ /എത്ര കാലം വരെയാണ് ഇവിടങ്ങളിൽ ടോൾ പിരിവ് തുടരുക എന്ന് വ്യക്തമാക്കാമോ;

(സി) ടോൾ പിരിക്കുന്നതിന് അനുമതിയില്ലെങ്കിലും അന്യായമായി ചിലർ ടോൾ പിരിവ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ നടപടി യെടുക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുലാമന്തോൾ പാലത്തിന്റെ ടോൾ ആർ.ബി.ഡി.സി.കെ. ആണ് പിരിക്കുന്നത്. ഡയറക്ട് ടോൾ കൺസഷൻ എഗ്രിമെന്റ് തീയതി മുതൽ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. 8-12-2004 മുതൽ 7-12-2019 വരെയാണ് കാലാവധി. ഷൊർണ്ണൂരിലെ ചെറുതുരുത്തി പാലത്തിൽ പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് ടോൾ പിരിക്കുന്നത്. 27-1-2003 തീയതിയിലാണ് ടോൾ പിരിവ് ആരംഭിച്ചത്. ഈ പാലത്തിന്റെ നിർമ്മാണച്ചെലവ് (11.9548 കോടി രൂപ) പത്ത് കോടി രൂപയേക്കാൾ അധികമായതിനാൽ പാലത്തിന്റെ നിർമ്മാണച്ചെലവും 9% സാധാരണപ്പലിശയും ഉൾപ്പെടെയുള്ള തുക തിരിച്ചെടുക്കുന്നതുവരെയോ അല്ലെങ്കിൽ 20 വർഷമോ ഏതാണോ ആദ്യം വരുന്നത് അതുവരെയാണ് ടോൾ കാലാവധി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിലെ ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാധകമല്ല.

**തൃപ്പൂണിത്തുറ മണ്ഡലത്തിലെ പുനർനിർമ്മിക്കേണ്ട പാലങ്ങൾ**

63(2563) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാലങ്ങളുടെ ബലക്ഷയത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എത്ര പാലങ്ങൾ പരിശോധിച്ചെന്നും അതിൽ മോശം അവസ്ഥയിലുള്ളവ എത്രയെന്നും അറിയിക്കുമോ;

(സി) ഇതിൽ തൃപ്പൂണിത്തുറ മണ്ഡലത്തിലെ എത്ര പാലങ്ങൾ പരിശോധിച്ചു എന്ന് അറിയിക്കുമോ;

(ഡി) അവയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവയിൽ അടിയന്തരമായി പുനർനിർമ്മിക്കേണ്ട പാലങ്ങൾ ഏതെല്ലാം എന്ന് അറിയിക്കുമോ;

(എഫ്) ഇവയുടെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള പരിശോധന നടത്തിയ 2445 പാലങ്ങളിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്നും, 208 പാലങ്ങൾ പുനഃപരിശോധനയ്ക്കുശേഷം പുനർനിർമ്മാണമോ പുനരുദ്ധീകരണമോ (ഹെവി മെയിന്റനൻസ്) ആവശ്യമുള്ളതാണെന്നും കണ്ടെത്തിയിട്ടുണ്ട്.

(സി) 10 എണ്ണം.

(ഡി) 2 പാലങ്ങൾ അടിയന്തരമായി പുനർനിർമ്മിക്കേണ്ടതുണ്ട്.

(ഇ) ഇരുമ്പുപാലം, കുലയത്തൊട്ടിൽ പാലം

(എഫ്) ഇരുമ്പുപാലത്തിന്റെ മണ്ണുപരിശോധനയ്ക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കുലയത്തൊട്ടിൽ പാലത്തിന്റെ മണ്ണുപരിശോധന പുരോഗമിക്കുന്നു.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന തോട്ടുകര പാലം**

64(2564) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന തോട്ടുകര പാലം പണിയുടെ ടെണ്ടർ പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പാലം പണി ആരംഭിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇപ്പോൾ എന്തു തടസ്സമാണുള്ളതെന്നും ഏതു ഓഫീസിലാണ് ഫയൽ തടസ്സപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടന്ന-തോട്ടുകര പാലത്തിന്റെ ദർഘാസ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽനിന്നും 22-2-2016-ന് ക്ഷണിച്ചിരുന്നു. ദർഘാസ് അംഗീകരിച്ച് കിട്ടുന്നതിനായുള്ള നടപടിക്രമങ്ങൾക്കിടയിൽ കരാറുകാരന്റെ Firm period കഴിഞ്ഞിരുന്നു. Firm period extend ചെയ്യാൻ കരാറുകാരൻ തയ്യാറാകാത്തതിനാൽ ദർഘാസ് റദ്ദായി. തുടർന്ന് 9-11-2017-ൽ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പുനർ ദർഘാസ് ചെയ്യുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ ദർഘാസ് അംഗീകരിച്ചു നൽകുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറിയെങ്കിലും ജി.ഒ.(പി)നമ്പർ16/2017/ഫിൻ. തീയതി 6-2-2017 ഉത്തരവിൽ പറയുന്ന പ്രകാരം ചീഫ് എഞ്ചിനീയറുടെ ടെണ്ടർ കമ്മിറ്റിയിൽവച്ച് ടെണ്ടർ പാസ്സാക്കുന്നതിനാവശ്യമായ എൽ.എം.ആർ. നിരക്കിലെ പ്രൈസ് മുഖാന്തരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാനുണ്ടായിരുന്നു. ആയത് നൽകുന്നതിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും 8-3-2018-ന് എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധനകൾക്കുശേഷം ചീഫ് എഞ്ചിനീയറുടെ ടെണ്ടർ കമ്മിറ്റിയിൽവച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എടത്തറക്കാവ്കടവ്, ആറങ്ങാലിക്കടവ് പാലങ്ങളുടെ നിർമ്മാണം**

65(2565) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ബജറ്റുകളിൽ ഉൾപ്പെടുത്തി അനുവദിച്ച ചാലക്കുടി മണ്ഡലത്തിലെ എടത്തറക്കാവ്കടവ് പാലം, ആറങ്ങാലിക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എടത്തറക്കാവ്കടവ് പാലം - പ്രസ്തുത പാലം നിർമ്മാണത്തിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി എ.പി.ആർ.1/76/2017/കിഫ്ബി തീയതി 21-8-2017 പ്രകാരം 10.28 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയോടെയുള്ള അനുമതി ലഭിച്ചിട്ടുണ്ട്. General Design Drawing ലഭ്യമാക്കുന്നതിനായി Design Wing ആവശ്യപ്പെട്ടിട്ടുള്ള പാലത്തിന്റെ മുകളിലൂടെ കടന്നുപോകുന്ന High Tension Line-ന്റെ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി Power Grid Corporation India Ltd, Madakkathara-ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയിട്ടുണ്ട്. ജനറൽ ഡിസൈൻ ലഭ്യമായതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി നൽകാൻ കഴിയുകയുള്ളൂ. സ്ഥലം ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അർത്ഥന സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച സ്പെഷ്യൽ തഹസിൽദാർ എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അതിർത്തി മാർക്ക് ചെയ്യുന്നതിനുള്ള 1.40 ലക്ഷം രൂപയുടെ (PRICE ID 2017/9529) Part T.S. ലഭ്യമായിട്ടുണ്ട്. ആറങ്ങാലിക്കടവ് പാലം-കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി ജി.ഒ.(ആർ.ടി.)നമ്പർ 942/2017/പി.ഡബ്ല്യു.ഡി. തീയതി 10-7-2017 പ്രകാരം ടി പാലം പ്രവൃത്തിക്കായി 15 കോടി രൂപയുടെ In Principal Sanction ലഭിച്ചിട്ടുള്ളതും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി സ്ട്രക്ചറൽ ഡിസൈൻ ലഭിക്കുന്നതിന് DRIQ-ന് കൈമാറിയിട്ടുള്ളതുമാണ്. ടെൻറ്റേറ്റീവ് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കിഫ്ബിക്ക് നൽകാൻ കഴിയുകയുള്ളൂ.

**ദേശീയപാതാ വികസനം**

66(2566) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിൽ ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ റീച്ചുകളിലെ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നത്;

(സി) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം മുതൽ പട്ടംവരെയുള്ള സ്ഥലമേറ്റെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇവിടുത്തെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പും പണിയുടെ പുരോഗതിയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ദേശീയപാതാ വികസനപ്രവർത്തനങ്ങൾ എന്ന് ആരംഭിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കഴക്കൂട്ടം മുതൽ പട്ടം വരെയുള്ള ദേശീയപാത 66-ന്റെ ഭാഗം 24 മീറ്റർ റൈറ്റ് ഓഫ് വേയിൽ തിരുവനന്തപുരം മോണോ റെയിലിന്റെകൂടെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഇതിന്റെ സ്ഥലമെടുപ്പ് തുടങ്ങിയിട്ടില്ല.

(ഡി) കണ്ണൂർ ജില്ലയിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2020 മേയ് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കോഴിക്കോട് ബൈപ്പാസ് നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി 2018 മേയ് മാസത്തോടെ ആരംഭിച്ച് രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്ന ഭാഗങ്ങളിലെ നാലുവരിപ്പാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ എടുത്തുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് 2020 ഓടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കിഫ്ബിവഴി പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

67(2567) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പ് കിഫ്ബിവഴി പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇതിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; അവയുടെ തുടർ പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബിവഴി നടപ്പിലാക്കുന്ന ഭഗവതിപ്പടി-മല്ലിക്കാട്ട് കടവ്-ബാക്ക് വാട്ടർ റോഡ്**

68(2568) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലി മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കുന്ന ഭഗവതിപ്പടി-മല്ലിക്കാട്ട് കടവ്ബാക്ക് വാട്ടർ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡ് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി ആരംഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മറ്റ് നടപടികൾ ഇതിന്റെ തുടർച്ചയായി സ്വീകരിക്കുന്നതാണ്. കാലതാമസം വരുത്താതെ നിർമ്മാണ നടപടികൾ കൈക്കൊള്ളുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

69(2569) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികൾ എതെല്ലാമാണ്; വിശദവിവരം നൽകാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ കിഫ്ബി പദ്ധതികളുടേയും ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിൽ ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പൊതുമരാമത്ത് പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* ഇതിൽ ചിറക്കൽ-കാഞ്ഞിരപ്പുഴ റോഡ് കി.മീ. 0/000 മുതൽ 8/000 വരെ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് 30.26 കോടി രൂപയുടെ സാമ്പത്തിക അംഗീകാരം ലഭിച്ചു.

(സി) 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ ആകെ അനുവദിച്ച 5 പ്രവൃത്തികളിൽ 3 പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. എഴുത്തുംപാല പാലം, ഓടന്നൂർ പാലം എന്നീ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി ടെണ്ടർ ക്ഷണിച്ചെങ്കിലും പ്രവൃത്തി ഏറ്റെടുക്കാൻ ആളില്ലാത്തതിനാൽ യഥാസമയം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. വീണ്ടും ടെണ്ടർ നടത്തുകയും ഇപ്പോൾ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഡിസൈൻ ലഭ്യമാകുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഡിസൈൻ ലഭ്യമായാലുടൻതന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ

70(2570) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാനോ പുനർനിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പുനർനിർമ്മാണങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നിള ഹോസ്പിറ്റൽ - ഷൊർണ്ണൂർ ഐ.പി.ടി. റോഡ് കി.മീ. 0/000 മുതൽ 11/000 വരെ അഭിവൃദ്ധിപ്പെടുത്തൽ | 15 കോടി രൂപ | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| 2 | പട്ടാമ്പി - ആമയൂർ റോഡ് കി. മീ. 4/500 മുതൽ 11/316 വരെ അഭിവൃദ്ധിപ്പെടുത്തൽ | 10 കോടി രൂപ | വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

## കിഫ്ബിയിൽ ഉൾപ്പെടുത്തി പൂന്തൂർ പാലം, പൂന്തൂർ അങ്ങാടി എന്നിവയുടെ നവീകരണം

71(2571) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പൂന്തൂർ പാലം, പൂന്തൂർ അങ്ങാടി നവീകരണം എന്നീ പ്രവൃത്തികൾക്ക് 10 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഈ പ്രവൃത്തിയിൽ പൂന്തൂർ പാലത്തിന്റെ നവീകരണം ഏത് രീതിയിൽ ആണ് ചെയ്യാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) കാലതാമസമല്ല. പുതിയ നിർമ്മാണ രീതികളുടെ തടസ്സമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കുകയും അതനുസരിച്ച് ഡിസൈൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ നടന്നുവരികയാണ്.

(സി) പൂന്തൂർ പാലത്തിന്റെ നവീകരണം പഴയ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ അയത്തിൽ, കല്ലുംതാഴം ഫ്ലൈഓവറുകളുടെ നിർമ്മാണം

72(2572) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരവിപുരം നിയോജകമണ്ഡലത്തിൽ ബജറ്റിൽ അനുമതി ലഭിച്ചതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതുമായ അയത്തിൽ, കല്ലുംതാഴം എന്നീ ഫ്ലൈ ഓവറുകളുടെ നിർമ്മാണത്തിന് മുന്നോടിയായി പൂർത്തീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും എൻ.ഒ.സി ലഭിക്കേണ്ടതുണ്ടോ; എങ്കിൽ ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇരവിപുരം നിയോജകമണ്ഡലത്തിലെ അയത്തിൽ ഫ്ലൈ ഓവർ നാഷണൽ ഹൈവേയുടെ കൊല്ലം ബൈപ്പാസിൽ വരുന്ന പദ്ധതി ആയതിനാലും പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ.എച്ച്.എ.ഐ. നടത്തി കൊണ്ടിരിക്കുന്നതിനാലും കിഫ്ബിയിൽനിന്ന് ഒഴിവാക്കുന്നതിനായി 16-11-2016-ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽവച്ചുനടന്ന

യോഗത്തിൽ തീരുമാനമായതും സ.ഉ.(സാധാ)നമ്പർ329/17/പൊ.മ.വ. തീയതി 14-3-2017 പ്രകാരം പ്രസ്തുത ഫ്ലൈ ഓവർ കിഫ്ബി പ്രവൃത്തികളിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതുമാണ്. കല്ലുംതാഴം ജംഗഷൻ ഫ്ലൈ ഓവർ സംബന്ധിച്ച് സ്ഥിരീകരണത്തിനായി ആർ.ബി.ഡി.സി.കെ. സമർപ്പിച്ച കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന് ചുറ്റുമതിൽ**

73(2573) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന് ചുറ്റുമായി സംരക്ഷണ മതിലും കവാടങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന് ചുറ്റുമായി സംരക്ഷണ മതിലും കവാടങ്ങളും നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**കക്കാട് മിനി സ്റ്റേഡിയം**

74(2574) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, അഴീക്കോട് നിയോജക മണ്ഡലത്തിലെ കക്കാട് മിനിസ്റ്റേഡിയം ആസ്തിവികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കണ്ണൂർ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ നിന്ന് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ശിപാർശ സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് പണി പൂർത്തിയാക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടില്ല.

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 1-1-2016 തീയതിയിൽ എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) മിനി സ്റ്റേഡിയം നിർമ്മിക്കേണ്ട സ്ഥലം കക്കാട് പുഴയുടെ പുറമ്പോക്ക് സ്ഥലമായതിനാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് കണ്ണൂർ കോർപ്പറേഷന് ലഭ്യമായാൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി നൽകി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കോതമംഗലം മിനി സിവിൽ സ്റ്റേഷൻ**

75(2575) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ക്യാബിനുകൾ തിരിക്കുന്നതിനുവേണ്ടി സമർപ്പിച്ച ഐറ്റം റിവൈസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടി പൂർത്തിയാകാത്തതുമൂലം സിവിൽ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഐറ്റം റിവൈസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നത്തേക്ക് പൂർത്തിയാകുമെന്നും മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷന്റെ കാബിനുകൾ തിരിക്കുന്നതിനുള്ള അധിക ഇനങ്ങൾ ഉൾപ്പെട്ട പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടായത്.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച ഉടൻതന്നെ പ്രവൃത്തി തുടങ്ങാൻ കഴിയും.

## തൊടുപുഴ മുണ്ടേക്കല്ലിൽ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം

76(2576) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ മുണ്ടേക്കല്ലിൽ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുവാൻ നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊടുപുഴ മുണ്ടേക്കല്ലിൽ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് ആർക്കിടെക്ചറൽ വിംഗിൽ തയ്യാറാക്കിവരുന്നു.

(ബി) ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ നടത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

## ചിറക്കൽ മന്ന മിനി സ്റ്റേഡിയം നിർമ്മാണം

77(2577) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള ചിറക്കൽ മന്ന മിനി സ്റ്റേഡിയം നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട് ട്രൻസ്ഫർ ചെയ്ത് നൽകിയിട്ടും പൊതുമരാമത്ത് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽനിന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള ചിറക്കൽ മന്ന മിനി സ്റ്റേഡിയവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ഫെബ്രുവരി അവസാന വാരത്തോടുകൂടിയാണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായത്. ഫണ്ട് ലഭ്യമായ സാഹചര്യത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയും.

(ബി) മാർച്ച് അവസാനവാരത്തോടുകൂടി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയും.

## നരിപ്പറ്റ വില്ലേജ് ഓഫീസിന്റെ ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം

78 (2578) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ വില്ലേജ് ഓഫീസ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം വൈകുന്നതിന്റെ സാങ്കേതിക കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച തീയതിയും അനുവദിച്ച തുകയും വ്യക്തമാക്കാമോ;

(സി) കെട്ടിടനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ വില്ലേജ് ഓഫീസ് ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണത്തിനും ഓഫീസിന്റെ മെയിന്റനൻസിനുംവേണ്ടി 50 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാറുകാരൻ പണി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ രണ്ട് ക്വാർട്ടേഴ്സും എസ്റ്റിമേറ്റിൽ പറയുന്നതുപോലെ രണ്ട് ബ്ലോക്കായി നിർമ്മിച്ചാൽ നിലവിലുള്ള വില്ലേജ് ഓഫീസ് മറയും എന്ന പരാതി റവന്യൂ വകുപ്പ് ഉന്നയിച്ചതിനാൽ പണി തുടങ്ങുവാൻ സാധിച്ചില്ല. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ക്വാർട്ടേഴ്സ് ഇരുനില കെട്ടിടമായി മാറ്റുകയും കിണറും ചുറ്റുമതിലുംകൂടി ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്.

(ബി) ടി പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി 4-6-2015-ൽ നൽകിയിട്ടുണ്ട്.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിയായാലുടൻതന്നെ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## കുട്ടമ്പുഴ പി.എച്ച്.സി.-ക്ക് കെട്ടിട നിർമ്മാണം

79 (2579) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 ആസ്തി വികസന ഫണ്ടിൽ നിന്നും കുട്ടമ്പുഴ പി.എച്ച്.സി.-യുടെ കെട്ടിടനിർമ്മാണത്തിന് 25 ലക്ഷം രൂപ ഫണ്ട് അനുവദിച്ച് പൊതുമരാമത്ത് കെട്ടിടവിഭാഗം വഴി G.O. (RT) 1526/17 H&FWD പ്രകാരം 30-5-2017-ൽ ഭരണാനുമതി ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭ്യമായി ഇത്ര നാൾ കഴിഞ്ഞിട്ടും പ്രസ്തുത വർക്കിന്റെ ടെണ്ടർ നടപടി പൂർത്തിയായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വർക്ക് ടെണ്ടർ ചെയ്യാൻ കാലതാമസം നേരിടുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ നടപടി പൂർത്തീകരിച്ച് എന്നത്തേക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കുട്ടമ്പുഴ പി.എച്ച്.സി.-ക്ക് ആസ്തിവികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടി വർക്കിന്റെ എസ്റ്റിമേറ്റിൽ തിരുത്തൽ ആവശ്യമായി വന്നതിനാലും ക്ലയന്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിക്കാൻ കാലതാമസം വന്നതിനാലുമാണ് ടെണ്ടർ നടപടികൾ വൈകിയത്.

(ഡി) 2018 ഏപ്രിൽ മാസംതന്നെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട പ്രവൃത്തികൾ**

80 (2580) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾ ഏതെല്ലാം ഓഫീസുകളിലെ എ.ഇ.മാർ കൈകാര്യം ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജ് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളിയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, മെഡിക്കൽ കോളേജിലെ മരാമത്ത് പണികളുടെ ആധിക്യം കണക്കിലെടുത്ത് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഒരു സെക്ഷൻ ആഫീസ് പാരിപ്പള്ളിയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിവരവും ആയതിന് മേൽനോട്ടം വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ പരിഗണനയിലില്ല.

## സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ

81 (2581) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമരാമത്ത് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) അവർ ആരെല്ലാമാണെന്നും, സസ്പെന്റ് ചെയ്യുവാനുണ്ടായ കാരണ മെന്താണെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 58 പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പാലക്കാട് ജില്ലയിലെ പൊതുമരാമത്ത് വകുപ്പിലെ ഓവർസിയർ തസ്തികകൾ

82(2582) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ എത്ര ഓവർസിയർമാരുടെ (I, II, and III ഗ്രേഡ്) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) പാലക്കാട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ നിലവിലില്ല. രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ 5 ഒഴിവുകളും മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ 14 ഒഴിവുകളും നിലവിലുണ്ട്.

(ബി) പി.എസ്.സി. നിയമന ശിപാർശ നൽകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം**

83 (2583) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂ പ്രിന്റർ എന്നീ തസ്തികയിലെ ജീവനക്കാർ നിലവിൽ ഒരു ജോലിയും ചെയ്യാതെ ശമ്പളം വാങ്ങുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോളർ ഡ്രൈവർ, റോളർ ക്ലീനർ, ബ്ലൂ പ്രിന്റർ എന്നീ തസ്തികകൾ അബോളിഷ് ചെയ്ത് മേൽ സൂചിപ്പിച്ച ജീവനക്കാരെ റെസ്റ്റ് ഹൗസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിലേക്കോ ജീവനക്കാരുടെ യോഗ്യതയനുസരിച്ചുള്ള മറ്റ് തസ്തികകളിലേക്കോ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ പുനർവിന്യസിക്കേണ്ട മറ്റേതെങ്കിലും തസ്തികകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് കണ്ടെത്തി കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുനർവിന്യസിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. താമസംവിനാ തീരുമാനമെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

(സി) ഇല്ല.

**പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ തസ്തിക സൃഷ്ടിക്കൽ**

84(2584) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തികയും ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇലക്ട്രിക്കൽ വിഭാഗത്തിൽ ചീഫ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിനും കണ്ണൂർ ജില്ലയിൽ ഇലക്ട്രിക്കൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തികയും ഓഫീസും അനുവദിക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**അഴീക്കോട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന പ്രവൃത്തികൾ**

85(2585) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഴീക്കോട് നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കേണ്ട എത്ര പ്രവൃത്തികൾക്ക് പി. ഡബ്ല്യു. ഡി. കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽനിന്നും ഫണ്ട് ട്രാൻസ്ഫർ ശിപാർശ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് സമർപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഫണ്ട് ട്രാൻസ്ഫർ ശിപാർശ സമർപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞ എത്ര പ്രവൃത്തികളുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 6 പ്രവൃത്തികൾക്ക് ഇനിയും തദ്ദേശസ്വയംഭരണ വകുപ്പ് ഫണ്ട് ട്രാൻസ്ഫർ ചെയ്യാനുണ്ട്.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഇനി കണ്ണൂർ ഡിവിഷൻ കാര്യാലയത്തിൽനിന്നും ഫണ്ട് ശിപാർശ ചെയ്യാൻ ബാക്കിയില്ല. കെട്ടിട വിഭാഗത്തിൽ എല്ലാ പ്രവൃത്തികളുടെയും ഫണ്ട് ട്രാൻസ്ഫർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) കെട്ടിട വിഭാഗത്തിൻ കീഴിൽ നാല് പ്രവൃത്തികളുണ്ട്.

**വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം**

86(2586) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഫസീല ടീച്ചർ 24-6-2017-ന് നൽകിയ നിവേദനം പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ തിരുവേഗപ്പുറ

പാലത്തിനോട് ചേർന്ന് കിടക്കുന്ന പി.ഡബ്ല്യൂ.ഡി.-യുടെ അധീനതയിലുള്ള 10 സെന്റ് ഭൂമി വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിന് വേണ്ടി ആവശ്യപ്പെട്ടതിൽ പൊതുമരാമത്ത് വകുപ്പ് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെയുള്ള പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി നൽകുവാൻ വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി &സി) തിരുവേഗപ്പുറ പാലത്തോട് ചേർന്ന് കിടക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 10 സെന്റ് ഭൂമി വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടതായുള്ള വിവരം ലഭിച്ചിട്ടില്ല.

**വസ്തു ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ**

87(2587) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്തു ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനുവേണ്ടി സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചെയ്തെന്ന് വ്യക്തമാക്കാമോ;

(സി) ആധാരം കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി സ്ഥലമുടമകൾക്ക് ലഭിക്കുന്ന അധിക സൗകര്യങ്ങൾ/സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ആധാരം-ആധാർ ബന്ധിപ്പിക്കൽ ആവശ്യമാണോ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(ഇ) ആധാരം-ആധാർ ബന്ധിപ്പിക്കൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ 1989 മുതലുള്ള ആധാര വിവരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. സബ്-രജിസ്ട്രാർ ആഫീസുകളിലെ ആധാരങ്ങളുടെ ശരിപകർപ്പുകൾ ഉൾക്കൊള്ളുന്ന വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ആധാരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികളുടെ ഭാഗമായി സംസ്ഥാനത്തെ

എല്ലാ സബ്-രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല (KSWAN) വഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഡാറ്റാ സെന്ററിൽ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ സെർവർ സ്ഥാപിക്കുകയുണ്ടായി. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സബ്-രജിസ്ട്രാർ ഓഫീസുകളിലേയ്ക്ക് പുതിയ കമ്പ്യൂട്ടറുകളും സ്കാനറുകളും വിതരണം ചെയ്യുകയും വകുപ്പിലെ ജീവനക്കാർ, ആധാരമെഴുത്ത് ലൈസൻസികൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്ക് പരിശീലനം നൽകുകയും ചെയ്തു. കൂടാതെ, ഇ-സ്റ്റാമ്പിംഗ്, ഇ-പേമെന്റ് സേവനങ്ങൾ സംബന്ധിച്ച് SMS സന്ദേശങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചറോടുകൂടിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ഓൺലൈൻ പോക്കുവരവ് എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ വേഗത്തിലാക്കുന്നതിനു പുറമെ ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അത്യാവശ്യം വിവരങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റിലൂടെ കാണുവാനും ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നു.

(ഡി&ഇ) ആധാരം-ആധാർ ബന്ധിപ്പിക്കൽ എന്നതിന് ഉപരിയായി വസ്തുകൈമാറ്റം ചെയ്യുമ്പോൾ വ്യക്തികളുടെ അനന്യത (Identity) തെളിയിക്കുന്നതിന് 'consent based Aadhaar authentication' നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ കത്തും കരട് ചട്ടങ്ങളും ലഭ്യമായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. വസ്തു വാങ്ങുന്ന ആളിന്റെയും വിൽക്കുന്ന ആളിന്റെയും ഫോട്ടോയും വിരൽ പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് 1908-ലെ രജിസ്ട്രേഷൻ നിയമം, വകുപ്പ് 32 എ അനുശാസിക്കുന്നു. അതുപോലെതന്നെ ആധാരം ഹാജരാക്കുന്ന ആളിന്റെയും വസ്തു എഴുതി കൊടുക്കുന്ന ആളിന്റെയും വിരൽ പതിപ്പ് ആധാരത്തിലും രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആധാര കക്ഷികളുടെ അനന്യത തെളിയിക്കുന്ന രണ്ട് സാക്ഷികളുടെ വിവരങ്ങളും ആധാരത്തിൽ രേഖപ്പെടുത്താറുണ്ട്. രജിസ്ട്രേഷൻ ആക്റ്റിലെയും ചട്ടങ്ങളിലെയും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന് കമ്പ്യൂട്ടർ അധിഷ്ഠിത മാർഗ്ഗം എന്ന നിലയിൽ ആധാർ ഓതന്റിക്കേഷൻ ഉപയോഗിക്കാവുന്നതാണ്. ആധാർ അധിഷ്ഠിത വെരിഫിക്കേഷൻ നടപ്പാക്കുകയാണെങ്കിൽ ഇടപാടുകൾ സുതാര്യമാക്കാനും ആൾമാറാട്ടം പൂർണ്ണമായി തടയുവാനും ബിനാമി ഇടപാടുകൾ കണ്ടുപിടിക്കുവാനും ആധാര കക്ഷികളുടെ വിരൽ പതിപ്പും ഫോട്ടോയും ഡിജിറ്റലായി സൂക്ഷിക്കുവാനും കഴിയും. ഇത് പരാതികൾ കുറയ്ക്കുവാനും തട്ടിപ്പുകൾ അവസാനിപ്പിക്കുവാനും സഹായകരമാകും.

## പ്രമാണങ്ങളുടെ ഡിജിറ്റൈസേഷൻ

88(2588) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമാണങ്ങളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കാൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിവരിക്കാമോ ;

(ബി) നൂറ് വർഷത്തിലേറെ പഴക്കമുള്ള രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സബ് രജിസ്ട്രാർ ആഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷനുവേണ്ടി അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സി-ഡിറ്റുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ നൂറ് വർഷത്തിലേറെ പഴക്കമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിച്ച് ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേക്കായി സി-ഡിറ്റുമായി ചേർന്ന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കിവരുന്നു.

## വസ്തുക്കളുടെ ഓൺലൈൻ രജിസ്ട്രേഷൻ

89(2589) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വസ്തുക്കളുടെ രജിസ്ട്രേഷൻ ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഓൺലൈൻ അക്കൗണ്ട് വഴി ശേഖരിക്കുമോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ അധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുമോ;

(സി) ഈ സാഹചര്യത്തിൽ ആധാരമെഴുത്തുകാരുടെ വിഷയങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വസ്തുക്കളുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഓൺലൈനായി ശേഖരിക്കുന്നതാണ്. നിലവിൽ മുദ്രവില ഓൺലൈനായി ഒടുക്കുന്നതിലേയ്ക്കായി ഇ-സ്റ്റാമ്പിംഗ് സമ്പ്രദായവും ഫീസ് ഓൺലൈനായി ഒടുക്കുന്നതിലേയ്ക്കായി ഇ-പേമെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന (ആധാരത്തിൽ വസ്തുവിന്റെ വില 12,50,000 രൂപയിൽ കൂടുതൽ വരുന്നത്) ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗിലൂടെ മാത്രമേ തുക ഒടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല.

(സി) ചോദ്യം (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**പാലക്കാട് ജില്ലയിലെ രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം**

90(2590) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കുമരനല്ലൂർ, വടക്കഞ്ചേരി, കുഴൽമന്ദം, കൊഴിഞ്ഞമ്പാറ, ഷൊർണ്ണൂർ, ഒലവക്കോട്, കോട്ടായി എന്നീ 7 സബ് രജിസ്ട്രാർ ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) കുമരനല്ലൂർ, വടക്കഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൊഴിഞ്ഞമ്പാറ, ഷൊർണ്ണൂർ, കോട്ടായി, ഒലവക്കോട് എന്നീ ഓഫീസുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കെട്ടിടം നിർമ്മിക്കുന്നതിന് കഴിയുകയുള്ളൂ.

## നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ്

91(2591) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ജ്വലിക്കുന്ന സ്മാരകമായി നിലനിർത്തേണ്ടുന്ന നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പൊളിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള കെട്ടിടം സ്വാതന്ത്ര്യസമര ചരിത്രത്തിലെ ക്വിറ്റ് ഇന്ത്യ സമര സ്മാരകമായി നില നിർത്താനും സംരക്ഷിക്കാനും തയ്യാറാവുമോ;

(സി) നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാതെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിന് 100 കോടി രൂപ വകയിരുത്തിക്കൊണ്ട് കാലപ്പഴക്കം കാരണം നശിച്ചുകൊണ്ടിരിക്കുന്നതും സ്ഥലപരിമിതികൊണ്ട് ഓഫീസ് പ്രവർത്തനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നതുമായ രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളവയിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസും ഉൾപ്പെട്ടിട്ടുണ്ട്. നിലവിലെ കെട്ടിടം പൊളിച്ച് ആ സ്ഥലവുംകൂടി ഉപയോഗപ്പെടുത്തിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) നിലവിലുള്ള പഴയ കെട്ടിടം സ്വാതന്ത്ര്യ സമര സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളൊന്നും നിലവിലില്ല.

(സി) നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി മാത്രമേ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

## റെയിൽവേ വികസന പദ്ധതികൾ

92(2592) ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പാതയുടെ നിർമ്മാണവും സ്ഥലം ഏറ്റെടുപ്പും ഏറെ കാലതാമസവും വലിയ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കുന്നതായതിനാൽ, ആധുനിക സിഗ്നൽ സംവിധാനം ഏർപ്പെടുത്തി സബർബൻ ട്രെയിൻ സർവീസ് ആരംഭിക്കാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് റെയിൽവേ സോൺ വേണമെന്ന ആവശ്യം നേടിയെടുക്കാൻ വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി) ചെങ്ങന്നൂരിൽനിന്നും തിരുവനന്തപുരംവരെ ആട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി സബർബൻ ട്രെയിൻ സർവ്വീസ് പ്രാവർത്തികമാക്കാൻ 2014-15 കാലയളവിൽ ദക്ഷിണ റെയിൽവേയെ സമീപിച്ചെങ്കിലും പ്രായോഗികമല്ല എന്ന കാരണത്താൽ തള്ളപ്പെടുകയുണ്ടായി. ഇതേ ആവശ്യം റെയിൽവേയുടെ പരിഗണനയിലേയ്ക്ക് വീണ്ടും കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി റെയിൽവേ സോൺ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്ത് മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ നൽകിയിട്ടുണ്ട്. അനുകൂല തീരുമാനം കൈക്കൊണ്ടിട്ടില്ല. റെയിൽവേ സോൺ അനുവദിക്കുന്നതിന് സമ്മർദ്ദം ചെലുത്തിവരുന്നു.

**റെയിൽവേ വികസനത്തിനായി പുതിയ പദ്ധതികൾ**

93(2593) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി കേരള റെയിൽവേ വികസന കോർപ്പറേഷൻ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ,

(ബി) എങ്കിൽ പുതുതായി ആരംഭിക്കേണ്ട റെയിൽവേ പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഷൊർണ്ണൂർ-നിലമ്പൂർ പാതയുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ താഴെപ്പറയുന്ന നാല് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ചെയ്തു.

1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.
4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേയ്ക്കുള്ള ബ്രോഡ്ഗേജ് ലൈൻ.

(ബി) ചുവടെ ചേർക്കുന്ന ക്രമമനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് :

1. തലശ്ശേരി - മൈസൂർ ബ്രോഡ് ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
3. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം-തിരുവനന്തപുരം - ചെങ്ങന്നൂർ
4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബാക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(സി) ഷൊർണ്ണൂർ നിലമ്പൂർ പാതയുടെ വികസനത്തിനായി നിലവിൽ കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. പരിഗണിക്കുന്നതാണ്.

**കാപ്പിൽ റെയിൽവേ അണ്ടർ പാസേജ്**

94(2594) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിലെ കാപ്പിൽ റെയിൽവേ അണ്ടർ പാസ്സേജ് നിർമ്മാണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അണ്ടർ പാസ്സേജ് നിർമ്മാണത്തിന് എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വർക്കല മണ്ഡലത്തിലെ കാപ്പിൽ റെയിൽവേ അണ്ടർ പാസേജ് നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രവൃത്തിയല്ല.

**ചാലക്കുടി മണ്ഡലത്തിലെ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം**

95(2595) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചെറങ്ങരയിൽ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ) ചിറങ്ങര ആർ.ഒ.ബി.-യുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി സർവ്വേക്കല്ലുകൾ സ്ഥാപിക്കുകയും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി എൽ.എ. റിക്വിസിഷൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികൾ**

96(2596) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതിയും കിഫ്ബി അംഗീകാരവും ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ 'കൈറ്റി'ന്റെ നേതൃത്വത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം സജ്ജമായ അഞ്ച് ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഹൈടെക് സ്കൂൾ പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ 2019-ൽ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഹൈടെക് സ്കൂൾ പദ്ധതി ക്ലാസ് മുറികൾ സജ്ജമാക്കുന്ന മുറയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്ത് പൂർത്തീകരിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

97(2597) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് റൂം വിനിമയം ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ ഭാഗമായി അദ്ധ്യാപക പരിശീലന പരിപാടികളിൽ കാലോചിതമായ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്കൂൾ വിദ്യാഭ്യാസ പഠനനിലവാരം പരിശോധിക്കുന്നതിന് ബേസ് ലൈൻ സ്റ്റഡി നടത്താറുണ്ടോ; അതിന് അനുസൃതമായി പഠന അവബോധന രീതി പുനരാവിഷ്കരിച്ചിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തന പരിപാടികൾ നിമിത്തം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന ജോലിയിൽ പൂർണ്ണമായും മുഴുകാൻ സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സാങ്കേതികവിദ്യയുടെ വിവിധ തലങ്ങൾ പ്രയോജനപ്പെടുത്തി കൊണ്ട് കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിന്റെ സഹായത്തോടെ അദ്ധ്യാപനം നടത്തുവാനും മികച്ച ഡിജിറ്റൽ വിഭവങ്ങൾ പോർട്ടലിൽ കൂട്ടിച്ചേർക്കാനും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ബി) ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി. നാഷണൽ അച്ചീവ്മെന്റ് സർവെ നടത്തുന്നുണ്ട്. സമാനമായ നിലവാര പരീക്ഷ സംസ്ഥാനം നടത്തുന്നതുകൊണ്ട് പുതിയ കണ്ടെത്തലുകൾക്ക് സാധ്യതയില്ലെന്ന നിരീക്ഷണം പരിഗണിച്ച് സംസ്ഥാനത്ത് പ്രത്യേക പരീക്ഷ നടത്തുന്നില്ല. ടേം പരീക്ഷകളിലെ കുട്ടികളുടെ പ്രതികരണം സാമ്പിളുകൾ അടിസ്ഥാനമാക്കി വിശകലനം ചെയ്തുവരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

(സി) അദ്ധ്യാപകരുടെ ഇതര മേഖലകളിലെ പ്രവർത്തനങ്ങൾ പഠനത്തിന് തടസ്സമാകുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടില്ല. അക്കാദമിക പ്രവർത്തനങ്ങളിൽ അദ്ധ്യാപകരുടെ ശ്രദ്ധയും താൽപ്പര്യവും ഉയർത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. എസ്.സി.ഇ.ആർ.ടി. അദ്ധ്യാപകരുടെ വ്യക്തിഗത ഗവേഷണത്തിന് സാമ്പത്തിക സഹായം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണം**

98(2598) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങളും അതുമൂലം സംസ്ഥാനങ്ങളിൽ ഉണ്ടായ നേട്ടങ്ങളും നിലവാരം ഉയർത്താനുള്ള നടപടികളും സംബന്ധിച്ച് കേന്ദ്രസർക്കാരോ കേന്ദ്ര ഏജൻസികളോ മറ്റ് സ്ഥാപനങ്ങളോ 2015-16, 2016-17, 2017-18 വർഷങ്ങളിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുള്ള തായി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഏജൻസികളുടെ കണക്കുകൾ പ്രകാരം ഓരോ റിപ്പോർട്ടുകളിലും കേരളം എത്രാം സ്ഥാനത്താണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കുന്നതിനും അക്കാദമിക മികവ് ഉയർത്തുന്നതിനും കണക്ക്/ സയൻസ്/ ഭാഷകൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ കുഞ്ഞുകുട്ടികൾ മുതലുള്ള വിദ്യാർഥികൾ നിശ്ചിത നിലവാരം ആർജ്ജിക്കുന്നതിനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2015-16, 2016-17, 2017-18 വർഷങ്ങളിൽ 10-ാം ക്ലാസിൽ ദേശീയ പഠനനേട്ട സർവ്വേ നടത്തിയിട്ടുണ്ട്. ഇതിൽ 2017-18 വർഷത്തേത് 2018 ഫെബ്രുവരി 5-ന് നടന്നു. ഇതിന്റെ ഫലം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) 2015-ൽ സംസ്ഥാന റിപ്പോർട്ട് കാർഡ് ആണ് ലഭ്യമാക്കിയിരുന്നതെങ്കിൽ 2017-ൽ ജില്ലാ റിപ്പോർട്ട് കാർഡാണ് ലഭ്യമാക്കിയിരിക്കുന്നത്. അതുകൊണ്ടുതന്നെ സംസ്ഥാനങ്ങൾ തമ്മിലുള്ള താരതമ്യം ലഭ്യമല്ലാത്തതിനാൽ കേരളം എത്രാമത്തെ സ്ഥാനത്താണെന്ന് പറയുവാൻ സാധ്യമല്ല.

(സി) പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനും അക്കാദമിക മികവ് ഉയർത്തുന്നതിനും കണക്ക്/സയൻസ്/ഭാഷകൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ കുഞ്ഞുകുട്ടികൾ മുതലുള്ള വിദ്യാർത്ഥികൾ നിശ്ചിത നിലവാരം ആർജ്ജിക്കുന്നതിന് നിരന്തര വിലയിരുത്തൽ സംവിധാനത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. കൂടുതൽ പഠനാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്ത് നവീകരിക്കുന്നു. ഡിജിറ്റൽ സാമഗ്രികളും ചോദ്യശേഖരവും ഉൾപ്പെട്ട 'സമഗ്ര' പോർട്ടൽ വികസിപ്പിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത് അന്തിമഘട്ടത്തിലാണ്. പരിസ്ഥിതി വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണി വിദ്യാഭ്യാസത്തിനും പ്രത്യേക ഊന്നൽ നൽകിവരുന്നു. അവധിക്കാല പരിശീലനം ഏർപ്പെടുത്തി അദ്ധ്യാപകരെ സുസജ്ജരാക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ അക്കാദമിക മികവിന്റെ ഭാഗമായി കണക്കിന് ഗണിത വിജയം, സയൻസിന് ലിറ്റിൽ ഗലീലിയോ, ഭാഷാ വികസനത്തിനായി സുരീലി ഹിന്ദി, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'നവപ്രഭ', 'ശ്രദ്ധ' തുടങ്ങിയ പ്രവർത്തനങ്ങളും നടന്നുവരുന്നു.

**സ്കോൾ എന്ന സ്ഥാപനത്തിലെ ജീവനക്കാർ**

99(2599) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കോൾ (SCOLE-State Council for Open and Life Long Education) എന്ന സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കു ന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ തിരുവനന്തപുരം കാര്യലയത്തിലും പതിനാല് ജില്ലാ സെന്ററുകളിലും മലബാർ റീജിയണൽ കേന്ദ്രത്തിലുമായി എത്ര ജീവനക്കാരാണ് ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നത്; ഇപ്പോൾ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ളത് എത്ര പേർക്കെന്നും അവരുടെ വേതനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) മുമ്പ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന ദിവസവേതനക്കാരിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ളത് ആർക്കെല്ലാമെന്ന് അറിയിക്കാമോ;

(ഇ) ഇപ്രകാരം ദിവസവേതനക്കാരിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(എഫ്) വർഷങ്ങളായി ഈ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്നവർക്ക് ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടത് വഴി ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 'സ്കോളി'ൽ സ്പെഷ്യൽ റൂൾസ് നിലവിലില്ല. നിലവിൽ കരാർ/ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരുന്നത്. തസ്തിക സൃഷ്ടിക്കുന്ന തിനുള്ള പ്രാരംഭനടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ആകെ 84 ദിവസ വേതന ജീവനക്കാർ, ഇതിൽ 55 ദിവസവേതന ജീവനക്കാരെ കരാർ വ്യവസ്ഥയിൽ മാറ്റി നിയമിച്ചു. ക്ലറിക്കൽ തസ്തികയ്ക്ക് കരാർ നിയമനത്തിൽ സർക്കാർ നിശ്ചയിച്ച 19,950 രൂപ (പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ) 54 പേർക്കും, ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് നിശ്ചയിച്ച 17,325 (പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ഒരാളിനും പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഓരോ തസ്തികയ്ക്കും കരാർ നിയമനത്തിനായി അതാത് തസ്തികയ്ക്ക് പി.എസ്.സി. നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയാണ് മാനദണ്ഡം.

(ഡി) കരാർ വ്യവസ്ഥയിൽ നിയമിതരായ 55 ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ&എഫ്) 17-1-2018-ൽ ചേർന്ന എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനാടിസ്ഥാനത്തിലാണ് താൽക്കാലികാടിസ്ഥാനത്തിൽ തുടർന്നുവന്നിരുന്ന 55 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചത്.

## തലശ്ശേരി മണ്ഡലത്തിലെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ പ്രവൃത്തികൾ

100(2600) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

1. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ 2017-18 വർഷത്തിൽ, മികവിന്റെ കേന്ദ്രമാക്കുന്നതിന് തെരഞ്ഞെടുത്ത ചിറക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് ഭരണാനുമതിയും കിഫ്ബി ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയ 'കൈറ്റി'ന്റെ നേതൃത്വത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.
2. കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനായി കതിരൂർ ജി.വി.എച്ച്.എസ്.എസ്.-ന് ഭരണാനുമതിയും കിഫ്ബി ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി ഗവ. യു.പി.എസ്. തലശ്ശേരിയെ തെരഞ്ഞെടുക്കുകയും അപ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിലെ 34 സ്കൂളുകളിലെ 306 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ആദ്യഘട്ടമായി 128 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ. വഴി ധനസഹായം

101(2601) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 3(1) അനുശാസിക്കുന്ന വിധത്തിലുള്ള സ്കൂൾ സംവിധാനം ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ. വഴി ധനസഹായം ലഭിക്കുന്നുണ്ടോയെന്നും ഏതൊക്കെ കാര്യങ്ങൾക്കാണ് ഇത് വിനിയോഗിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒരു സ്കൂളിൽത്തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം നൽകണമെന്ന് ചട്ടങ്ങളിലോ നിയമങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. പതിനാല് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്താനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണ്. നിശ്ചിത ദൂരപരിധിക്കുള്ളിൽ സ്കൂളില്ലെങ്കിൽ കുട്ടികൾക്ക് തൊട്ടടുത്തുള്ള സ്കൂളുകളിൽ ചേരുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗതാഗതസൗകര്യം ഉറപ്പുവരുത്തിക്കൊണ്ട് 9-6-2017-ലെ സ.ഉ.(സാധാ)നമ്പർ1813/17/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ. വഴി ധനസഹായം ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്തെ 2 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ പാഠപുസ്തകങ്ങൾ നൽകുന്നതിന് ധനസഹായം നൽകുന്നു.

2. 2 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ വിഭാഗം പെൺകുട്ടികൾക്കും എസ്.സി./എസ്.റ്റി വിഭാഗത്തിലെ എല്ലാ ആൺകുട്ടികൾക്കും മറ്റ് വിഭാഗങ്ങളിലെ ബി.പി.എൽ. കുട്ടികൾക്കും രണ്ട് ജോടി യൂണിഫോം സൗജന്യമായി നൽകുന്നതിനുള്ള പണം നൽകുന്നു.

3. കലാകായിക പ്രവൃത്തിപരിചയ പരിശീലനം കുട്ടികൾക്ക് നൽകുന്നതിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

4. സ്കൂളിൽ എത്തിപ്പെടാൻ കഴിയാത്ത ദുർഘടമായ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് ഒരു വർഷത്തിൽ ഒരു കുട്ടിക്ക് 3,000 രൂപ ട്രാൻസ്പോർട്ട് അലവൻസായി നൽകുന്നു.

**അക്കാഡമിക് മാസ്റ്റർപ്ലാൻ**

102(2602) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വരുന്ന അദ്ധ്യയനവർഷം മുതൽ അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏതൊക്കെ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെയാണ് ചുമതലപ്പെടുത്തിയിരുന്നത് ;

(സി) പഠനം ആസ്വാദ്യകരമാക്കുന്നതിന് അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതോടുകൂടി സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾതല എസ്.ആർ.ജി. (സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്) യാണ് മാസ്റ്റർ പ്ലാനിന്റെ കരട് തയ്യാറാക്കുന്നത്. തദ്ദേശഭരണ പ്രതിനിധികൾ, ജനപ്രതിനിധികൾ, രക്ഷകർത്താക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി), അദ്ധ്യാപക-രക്ഷാകർത്തൃ സമിതി, ക്ലാസ് പി.ടി.എ., വിദ്യാഭ്യാസ തത്പരായവർ എന്നിവരിൽ നിന്നെല്ലാം നിർദ്ദേശം സ്വീകരിച്ചാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. അപ്രകാരം തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അദ്ധ്യാപക രക്ഷകർത്തൃ സമിതി, വിദ്യാലയ വികസന സമിതി, തദ്ദേശഭരണ പ്രതിനിധികൾ, പൂർവ്വാദ്ധ്യാപകർ, അതാതു പ്രദേശത്തെ വിദ്യാഭ്യാസ വിചക്ഷണർ, സാമൂഹിക/സാംസ്കാരിക പ്രവർത്തകർ, വിദ്യാഭ്യാസ തത്പരായ നാട്ടുകാർ എന്നിവരുടെ മുമ്പിൽ അവതരിപ്പിച്ച് ചർച്ച ചെയ്താണ് അന്തിമ രൂപം നൽകിയത്.

(സി) ഉണ്ട്. അക്കാഡമിക് മാസ്റ്റർപ്ലാനിൽ പഠനത്തോടൊപ്പം ഭാഷാ വികസനം 'ഗണിത വിജയം', 'സുരീലി ഹിന്ദി', 'മലയാളത്തിളക്കം', 'ലിറ്റിൽ ഗലീലിയോ', 'ഹായ് കുട്ടിക്കൂട്ടം', കുട്ടികളുടെ രംഗവേദികൾ, കുട്ടികളുടെ ആകാശവാണി, സംവേദ സദസ്സുകൾ, സർഗ്ഗാത്മക നാടക പ്രവർത്തനങ്ങൾ, ബാലസഭ/ബാലസാഹിത്യം, കുട്ടികളുടെ ചലച്ചിത്രങ്ങൾ, ഐ.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ, പ്രവൃത്തി പരിചയം, കലാപരിശീലനം, ആരോഗ്യ-കായിക വിദ്യാഭ്യാസം, ഹരിത പരിസരം എന്നിവയെല്ലാം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുന്നു. ഇവയെല്ലാം പഠനം മെച്ചപ്പെടുത്തുന്നതിനും ആസ്വാദ്യകരമാക്കുന്നതിനും സഹായിക്കുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണം

103(2603) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ അനുവദിക്കപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ വിദ്യാലയത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ് സ്കൂളിലും പുതിയങ്കം ജി.യു.പി. സ്കൂളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ രൂപരേഖക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ 12 സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽനിന്നും 26 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളതിൽ 23 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം നരിക്കുനി ഗവൺമെന്റ് എച്ച്.എസ്.എസ്., ബേപ്പൂർ ഗവ.എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ മൂന്ന് കോടി രൂപയുടെ കിഫ്ബി ധനസഹായത്തിലുൾപ്പെട്ട സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും കിഫ്ബിയുടെ അംഗീകാരവും ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കിഴക്കഞ്ചേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ട സ്കൂൾ അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽനിന്നും പുതിയങ്കം ജി.യു.പി. സ്കൂളിനെ തെരഞ്ഞെടുക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

104(2604) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തിനാകെ മാതൃകയായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സംബന്ധിച്ച് പൊതുജനങ്ങൾക്കും രക്ഷിതാക്കൾക്കും അവബോധമുണ്ടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകാരമില്ലാതെ കോഴ്സുകൾ നടത്തുന്നതും വൻ സാമ്പത്തിക ചൂഷണം നടത്തുന്നതും ഇവിടങ്ങളിൽ കുട്ടികൾ നേരിടുന്ന കടുത്ത മാനസിക സമ്മർദ്ദം സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് കൂടുതൽ ചർച്ചകളും സംവാദങ്ങളും മറ്റ് പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംബന്ധിച്ച് പൊതു ബോധം ഉണരത്തക്കവിധം മേന്മകൾ ജനങ്ങളിലെത്തിക്കുന്നതിന് സന്നദ്ധസംഘടനകളേയും അദ്ധ്യാപക സംഘടനകളേയും ദൃശ്യമാധ്യമങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ നേരിടുന്ന വെല്ലുവിളികളെ നേരിടുന്നതിന് സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും വേണം. ഈ ദിശയിലേയ്ക്കുള്ള ബഹുജന കൂട്ടായ്മയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

ഭരണകർത്താക്കളും ഭരണനിർവ്വഹകരും പൊതുസമൂഹവും ഒരുമിച്ചുചേർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനനുഗുണമായി സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ നടപ്പാക്കുന്നത്. സ്കൂളിന്റെ അക്കാദിമിക മികവിനായി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പൊതുസമൂഹവും രക്ഷകർത്താക്കളും ഒരുപോലെ പങ്കുചേരുന്നു. അപ്രകാരം തയ്യാറാക്കുന്ന മാസ്റ്റർപ്ലാൻ പൊതുസമൂഹത്തിന് മുമ്പിൽ സമർപ്പിച്ച് ചർച്ച ചെയ്തുശേഷമാണ് അന്തിമമാകുന്നത്. പ്രസ്തുത രേഖക്കനുസൃതമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഘട്ടത്തിലും സമൂഹത്തിന്റെ പങ്കാളിത്തം എല്ലാ തലത്തിലും ഉറപ്പാക്കുന്നു. അതോടൊപ്പം രക്ഷകർത്തൃ പരിശീലനവും കുട്ടികളുടെ മികവുകൾ രക്ഷകർത്താക്കളെയും പൊതുസമൂഹവുമായും പങ്കുവയ്ക്കാൻ സർഗ്ഗോത്സവം പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ, വിദ്യാലയത്തെ ഒറ്റ യൂണിറ്റായി കണ്ട് അവിടെ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളുടെ (എൽ.പി./യു.പി./ എച്ച്.എസ്./എച്ച്.എസ്.എസ്./വി.എച്ച്.എസ്.എസ്.)കൂട്ടായ ആലോചനകളുടെയും വിഭവ പങ്കാളിത്തത്തോടെയും മാത്രമേ ജനകീയ വിദ്യാഭ്യാസ മാതൃക സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ പശ്ചാത്തലം ഒരുക്കാൻ സ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന എസ്.എം.സി./പി.ടി.എ. മുതൽ ക്ലാസ് പി.ടി.എ. വരെയുള്ള സംവിധാനങ്ങളുടെ ഏകോപിതമായ പ്രവർത്തനം അനിവാര്യമാണ്. ക്ലാസ് പി.ടി.എ., വിദ്യാലയ വികസന സമിതി, പൂർവ്വ വിദ്യാർത്ഥികൾ എന്നിവയുടെ പരിപൂർണ്ണ സഹകരണം, വിവിധ മേഖലകളിൽ പ്രഗത്ഭരായ കർഷകർ, തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ തുടങ്ങി സമൂഹത്തിലെ എല്ലാ മേഖലയിലെയും വിദഗ്ധരെ ഈ മേഖലയുമായി ബന്ധിപ്പിക്കും.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി നടപ്പിലാക്കുന്നത് ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും പൊതുജനങ്ങളിൽ അവബോധ മുണ്ടാക്കുന്നതിനും വേണ്ടിയാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടം

105(2605) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പ്രൈമറി/അപ്പർ പ്രൈമറി വിദ്യാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സംസ്ഥാനത്തെ സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂൾ തലത്തിൽ പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സർക്കാർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ച് സംസ്ഥാനത്തെ 140 സർക്കാർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 140 സർക്കാർ പ്രൈമറി/അപ്പർ പ്രൈമറി സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ചതിനുശേഷം പ്രഥമാദ്ധ്യാപകൻ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെയും മാസ്റ്റർപ്ലാനിന്റെയും അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പാണെങ്കിൽ സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും അക്രഡിറ്റഡ് ഏജൻസിയാണ് നിർവ്വഹണ ഏജൻസിയെങ്കിൽ സാങ്കേതികാനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുമായി ബന്ധപ്പെടേണ്ടതും തുടർന്ന് കരാറിൽ ഏർപ്പെടേണ്ടതുമാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നമുറയ്ക്ക് അക്രഡിറ്റഡ് ഏജൻസിയാണെങ്കിൽ പ്രഥമാദ്ധ്യാപകൻ മുഖേന ഫണ്ട് വിനിയോഗം നടത്താവുന്നതുമാണ്.

## അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നേടുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ

106(2606) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നേടിയെടുക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം എപ്രകാരം സൗകര്യങ്ങളുള്ള സ്കൂളുകൾക്കാണ് അംഗീകാരം നൽകാൻ വ്യവസ്ഥയുള്ളത്;

(സി) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും പ്രസ്തുത സൗകര്യങ്ങളെല്ലാം ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V-ൽ പൊതുവായ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാലാകാലങ്ങളിൽ അതത് സർക്കാർ സ്വീകരിക്കുന്ന നയമനുസരിച്ച് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് വിദ്യാഭ്യാസ നിയമത്തിനും ചട്ടത്തിനുമനു സൃതമായി മാനദണ്ഡങ്ങൾ നിഷ്കർഷിച്ച് അവ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10-6-2013 തീയതിയിലെ സ.ഉ. (കൈ)നമ്പർ 184/2013/പൊ.വി.വ. പ്രകാരം അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അവ പാലിച്ച 395 സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാനും പൊതു വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താനും സ്കൂളുകൾ ഹൈടെക്കാക്കാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

## പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ഹെൽപ്പറുടെയും എണ്ണം

107(2607) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിന് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) നടപ്പു വർഷത്തിലെ പ്രീ-പ്രൈമറി കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപകരുടെയും ഹെൽപ്പറുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 30 കുട്ടികൾക്ക് ഒരു അദ്ധ്യാപിക, ഒരു ആയ എന്ന അനുപാതത്തിൽ പ്രീപ്രൈമറികൾ പ്രവർത്തിച്ചുവരുന്നു.

(ബി) പരിഗണനയിലില്ല.

**സ്കൂൾ കുട്ടികളിൽനിന്നും അനധികൃത പണപ്പിരിവ്**

108(2608) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ്, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ മത്സര പരീക്ഷകളും സ്കോളർഷിപ്പുകളും നടത്തുന്നതിനായി അനധികൃത പണപ്പിരിവ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്ക് തുച്ഛമായ സമ്മാനത്തുക നൽകിയ ശേഷം അവരിൽ നിന്നും ഭീമമായ തുക നടത്തിപ്പുകാർ തട്ടിയെടുക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) വിദ്യാഭ്യാസ സംരക്ഷണ നിയമപ്രകാരം എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ നിന്നും യാതൊരുവിധ പണപ്പിരിവും നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശത്തിന് വിരുദ്ധമായ ഇത്തരം പണപ്പിരിവ് നടത്തുന്ന ഏജൻസികൾക്കും സ്കൂൾ അധികൃതർക്കുമെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രക്ഷകർത്താക്കളിൽനിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത സ്കൂളുകൾ എന്നിവിടങ്ങളിൽ അനധികൃതമായ പണപ്പിരിവുകളും മത്സരപ്പരീക്ഷകളും നടത്താൻ പാടില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മതിയായ തെളിവുകൾ സഹിതം വ്യക്തമായ പരാതികൾ ലഭിച്ചാൽ നടപടി കൈക്കൊള്ളുന്നതാണ്.

## സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം

109(2609) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം, പഠനം പൂർത്തിയാക്കിയ കുട്ടികൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും ലക്ഷ്യമിടുന്ന ഗുണനിലവാരം നേടി എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരുടെ പഠനശേഷി പരിപോഷിപ്പിക്കുന്നതിനായും സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി 'ശ്രദ്ധ', 'നവപ്രഭ' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ അക്കാദമിക മികവ് പൊതുസമൂഹത്തിന്റെ മുമ്പാകെ അവതരിപ്പിക്കുന്നതിന് എല്ലാ വിദ്യാലയങ്ങളും സർഗ്ഗോത്സവം നടത്തുന്നതാണ്. സമഗ്രമായ നിരന്തര വിലയിരുത്തൽ സംവിധാനത്തിലൂടെയാണ് ഓരോ കുട്ടിയും നമ്മൾ ഉദ്ദേശിച്ച ഗുണനിലവാരത്തോടെ പഠനം പൂർത്തിയാക്കുന്നുവെന്ന് നമ്മുക്ക് ഉറപ്പുവരുത്താനാകുന്നത്. ഇതിനായി നിരന്തര വിലയിരുത്തൽ സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അവധിക്കാല പരിശീലനത്തിൽ നിരന്തര വിലയിരുത്തൽ ഫലപ്രദമായി നടത്താൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുവാനുദ്ദേശിക്കുന്നു.

(സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനം
2. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം (ഡിജിറ്റലൈസ് ക്ലാസ് മുറികൾ)
3. ഗണിതം, ശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയവ കൂടുതൽ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ.

4. വിദ്യാർത്ഥികളുടെ കായികക്ഷമത വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ.

5. മതനിരപേക്ഷ ജനാധിപത്യ സമൂഹത്തിന് അനിവാര്യമായ മൂല്യബോധങ്ങൾ ഉളവാക്കാനാവശ്യമായ പ്രവർത്തനങ്ങൾ

6. കൃഷിയെ സംസ്കൃതിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

7. ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

8. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള പദ്ധതികൾ

9. സമൂഹവും സ്കൂളുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

10. അദ്ധ്യാപക പരിശീലനം.

**സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് പദ്ധതികൾ**

110(2610) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാം;

(ബി) ഇത്തരം പദ്ധതികൾ കാര്യമായ പുരോഗതി കൈവരിക്കാത്തതും എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പദ്ധതികൾ ഒന്നും നിലവിലില്ല.

**ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകൾ**

111(2611) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ജൂനിയർ റെഡ് ക്രോസ് യൂണിറ്റുകളിൽ അംഗങ്ങളായ കുട്ടികൾക്ക് 2017-18 അധ്യയന വർഷത്തെ C ലെവൽ പരീക്ഷ ഇതുവരെയും നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരീക്ഷ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതുമൂലം എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) എത്രയും വേഗം പരീക്ഷ നടത്തുവാനും അർഹരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് ഉറപ്പുവരുത്തുവാനും സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജെ.ആർ.സി., സി-ലെവൽ പരീക്ഷ ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ കേരള ഘടകമാണ് നടത്തിവന്നിരുന്നത്. എന്നാൽ പ്രസ്തുത സംഘടനയിലെ ആഭ്യന്തര പ്രശ്നങ്ങൾ കാരണം പരീക്ഷ നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായപ്പോൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് പരീക്ഷ നടത്തുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത പരീക്ഷ 3-2-2018-ൽ നടത്തുന്നതിന് ചോദ്യപേപ്പർ പരീക്ഷാ സെന്ററുകളിൽ എത്തിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ 2-2-2018-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നടപടികൾ നിർത്തിവയ്ക്കുകയാണുണ്ടായത്.

(ബി) ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. പരീക്ഷ നടത്തുന്നതിന് കേരള ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സി-ലെവൽ പരീക്ഷയുടെ നടത്തിപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത കോടതിയിൽനിന്നും ഉത്തരവ് ലഭിച്ചാൽ മാത്രമേ പരീക്ഷ നടത്തുവാൻ കഴിയുകയുള്ളൂ. പരീക്ഷ നടത്തുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ലഭിച്ചാലുടൻതന്നെ പരീക്ഷ നടത്തുന്നതും കുട്ടികൾക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

112(2612) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട നൂറിലേറെ വർഷം പഴക്കമുള്ള സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ: വ്യക്തമാക്കാമോ?

ഉത്തരം

നൂറിലേറെ വർഷം പഴക്കമുള്ള സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട രാമപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ തെരഞ്ഞെടുക്കുകയും അപ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായുള്ള മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും**

113(2613) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന എത്ര റിസോഴ്സ് അദ്ധ്യാപകർ കേരളത്തിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്താണെന്ന് വിശദമാക്കാമോ ; ഇവർക്ക് എല്ലാ മാസവും മുടങ്ങാതെ ശമ്പളം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്കു എത്ര മാസത്തെ ശമ്പളം കുടിശ്ശിക ഉണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) കേന്ദ്രാവിഷ്കൃതമായ ഐ.ഇ.ഡി.എസ്.എസ് (ഇൻക്ലൂസീവ് എജ്യുക്കേഷൻ ഫോർ ഡിസേബിൾഡ് അറ്റ് സെക്കണ്ടറി സ്റ്റേജ്) പദ്ധതി ഫണ്ടിൽ നിന്നാണോ ഈ അധ്യാപകർക്ക് ശമ്പളം നൽകുന്നതെന്ന് വ്യക്തമാക്കാമോ ; എങ്കിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മുൻവർഷങ്ങളിലെ ഫണ്ട് വിനിയോഗക്കണക്ക് യഥാസമയം കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സംസ്ഥാനത്ത് നിന്ന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) കേന്ദ്ര ഫണ്ട് കൃത്യസമയത്ത് കിട്ടാറുണ്ടോ എന്നും ഇപ്പോൾ എത്ര തുക കിട്ടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; ഫണ്ട് വിനിയോഗക്കണക്ക് നൽകാത്തതാണോ കേന്ദ്ര ഫണ്ട് വൈകുന്നതിന് കാരണമാകുന്നത് ; വിശദമാക്കുമോ;

(ജി) പത്ത് വർഷം പൂർത്തീകരിച്ച റിസോഴ്സ് അധ്യാപകരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നും അധ്യാപകരുടെ സേവനവേതന വ്യവസ്ഥ നിജപ്പെടുത്താൻ പ്രത്യേക സ്കീം തയ്യാറാക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടതെന്നും എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എസ്.എസ്.എ. മുഖേന 1 മുതൽ 8 ക്ലാസുകളിലെയും ആർ.എം.എസ്.എ. മുഖേന 9 മുതൽ 12 ക്ലാസുകളിലെയും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കുന്നതിനായി വിവിധ ജില്ലകളിൽ നിലവിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർ.എം.എസ്.എ. മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം പ്രതിമാസം 28,815 (ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനഞ്ച്) രൂപയാണ്. 2017 നവംബർ മാസംവരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. എസ്.എസ്.എ. മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് 19,800 (പത്തൊമ്പതിനായിരത്തി എണ്ണൂറ്) രൂപയാണ് പ്രതിമാസ ശമ്പളം. ഇവർക്ക് ശമ്പളം മുടങ്ങാതെ നൽകിവരുന്നു.

(സി) ആർ.എം.എസ്.എ.-യുടെ കീഴിലുള്ള റിസോഴ്സ് അദ്ധ്യാപകർക്ക് മൂന്ന് മാസത്തെ ശമ്പള കുടിശ്ശികയാണുള്ളത്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ കേന്ദ്രവിഹിതം അനുവദിക്കുമ്പോൾ അതിന് ആനുപാതികമായ സംസ്ഥാന വിഹിതവും ചേർത്താണ് ഐ.ഇ.ഡി.എസ്.എസ്. അദ്ധ്യാപകരുടെ ശമ്പളവും ഇതര ഇനങ്ങളിലുള്ള ചെലവും നിർവ്വഹിക്കുന്നത്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിലാണ് കുടിശ്ശികയുണ്ടായത്.

(ഡി) അതെ, ഐ.ഇ.ഡി.എസ്.എസ്. പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം എം.എച്ച്.ആർ.ഡി. അംഗീകരിച്ച കേന്ദ്ര വിഹിതം 2173.422 (ഇരുപത്തിയൊന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ) ലക്ഷം രൂപയും സംസ്ഥാന വിഹിതം 1448.948 (പതിനാല് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ് രൂപ) ലക്ഷം രൂപയുമാണ്.

(ഇ&എഫ്) ഡി.പി.ഐ.-യിൽ നിന്ന് ഐ.ഇ.ഡി.എസ്.എസ്.-ന്റെ നിർവ്വഹണ ചുമതല ആർ.എം.എസ്.എ.-യ്ക്ക് കൈമാറിയത് 2015-16 വർഷം മുതലാണ്. ഈ രണ്ടുവർഷങ്ങളിലെ വിനിയോഗ കണക്ക് ആർ.എം.എസ്.എ.-യിൽനിന്ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്. നാളിതുവരെ ആദ്യ ഗഡുവായി കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ 506.75 (അഞ്ച് കോടി ആറ് ലക്ഷത്തി എഴുപത്തയ്യായിരം രൂപ) ലക്ഷം രൂപ മാത്രമേ അനുവദിച്ച് കിട്ടിയിട്ടുള്ളൂ. ബാക്കിത്തുകയായ 3115.62 (മുപ്പത്തിയൊന്ന് കോടി പതിനഞ്ച് ലക്ഷത്തി അറുപതിനായിരം) ലക്ഷം രൂപ ലഭിക്കാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) ബഹുമാനപ്പെട്ട കോടതിയുടെ 30-6-2016-ലെ വിധിയിൽ 10 വർഷം പൂർത്തീകരിച്ച റിസോഴ്സസ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനും അവരുടെ സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമായി ഒരു സ്കീം തയ്യാറാക്കണമെന്ന് പ്രസ്താവിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ അപേക്ഷ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

## ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾ ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ

114 (2614) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾ ഒന്നിച്ചുള്ള വിദ്യാലയങ്ങളിൽ ഹെഡ് മാസ്റ്ററും പ്രിൻസിപ്പാളും രണ്ടായി നേതൃത്വം വഹിക്കുന്നത് സ്കൂളിന്റെ പൊതുവായ കാര്യങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും തടസ്സമായി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിനു മാറ്റം വരുത്തി സ്കൂൾ ഒറ്റ യൂണിറ്റായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്ന സ്കൂളുകൾ ഹയർസെക്കണ്ടറി വിഭാഗത്തിലെ അഡ്മിനിസ്ട്രേഷൻ, ഫിനാൻസ് അക്കാഡമിക് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരാണ്. എന്നാൽ പി.ടി.എ.-യുടെ പ്രവർത്തനങ്ങൾ നടത്തുന്നത് ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ഹയർസെക്കണ്ടറി പ്രിൻസിപ്പാളും ചേർന്നാണ്. പി.ടി.എ.-യുടെ എക്സ് ഒഫിഷ്യോ സെക്രട്ടറി പ്രിൻസിപ്പാളും എക്സ് ഒഫിഷ്യോ ഖജാൻജി ഹെഡ്മാസ്റ്ററുമാണ്. പുതുതായി അനുവദിക്കുന്ന ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതുവരെ ടി സ്കൂളിലെ ഹെഡ്മാസ്റ്ററാണ് ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ ചുമതലകൂടി വഹിക്കേണ്ടത്. ടി അദ്ധ്യാപകർ സംയുക്തമായി പരിശ്രമിച്ചാണ് ഹൈസ്കൂളും ഹയർസെക്കണ്ടറി വിഭാഗവും കുറ്റമറ്റ രീതിയിൽ മുന്നോട്ടുപോകുന്നത്. പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലുള്ളവർ തമ്മിൽ അധികാരപരിധി സംബന്ധിച്ച തർക്കങ്ങൾ ചുരുക്കം ചില സ്കൂളുകളിലുണ്ട്.

(ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതു സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശവും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ചാലക്കുടിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ

115(2615) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ അഡീഷണൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ചാലക്കുടി എ.ഇ.ഒ. ഓഫീസിന് പുതിയ കെട്ടിടം, ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് ഗേൾസ് എച്ച്.എസി.ന് പുതിയ കെട്ടിടം എന്നീ ബജറ്റ് വർക്കുകൾക്ക് അനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ അഡീഷണൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ 2 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചാലക്കുടി ഈസ്റ്റ് ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. എന്നിവയുടെ കെട്ടിട നിർമ്മാണത്തിന്റെ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ഭരണാനുമതി നൽകുവാൻ കഴിഞ്ഞിട്ടില്ല.

## അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ

116(2616) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ അടച്ചു പൂട്ടുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇതിനോടകം എത്ര സ്ഥാപനങ്ങൾ ഇപ്രകാരം അടച്ചു പൂട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് ഇപ്രകാരം പ്രവർത്തിച്ചു വരുന്ന എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന വിശദാംശം നൽകാമോ;

(സി) ഇപ്രകാരമുള്ള സ്കൂളുകൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള അംഗീകാരം നേടിയെടുക്കുന്നതിനും മറ്റുമായി ആവശ്യത്തിന് സമയം നൽകിയിരുന്നോ എന്നറിയിക്കാമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2018-2019 അധ്യയന വർഷംമുതൽ സംസ്ഥാനത്തെ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1091 സ്കൂളുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടപ്രകാരവും അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാന പാഠ്യ പദ്ധതിയിൽ അംഗീകാരം നൽകുന്നതിനായി നടപടി സ്വീകരിച്ചിരുന്നു. പ്രസ്തുത ചട്ടത്തിലെ ചട്ടം (14) പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നിശ്ചിത മാനദണ്ഡം പാലിച്ചു കൊണ്ട് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. അതിൻപ്രകാരം 10-6-2013-ലെ സ.ഉ.(കൈ)നമ്പർ 184/2013/ പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ സംസ്ഥാന പാഠ്യപദ്ധതിയിൽ അംഗീകാരം നേടുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 31-7-2013 വരെ അപേക്ഷ സമർപ്പിക്കുന്നതിന് സമയം അനുവദിക്കുകയും ചെയ്തിരുന്നു. തുടർന്ന് മൂന്ന് ഘട്ടങ്ങളിലായി സമയം ദീർഘിപ്പിച്ചുനൽകുകയും 31-12-2014 വരെ അപേക്ഷ സമർപ്പിക്കുന്നതിന് സ്കൂളുകൾക്ക് അവസരം നൽകുകയും ചെയ്യുകയുണ്ടായി. ആവശ്യമായ സമയം നൽകിയശേഷമാണ് നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച 395 സ്കൂളുകൾക്ക് അംഗീകാരം നൽകി ഉത്തരവായത്.

**പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം**

117(2617) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷണം തയ്യാറാക്കുന്ന അടുക്കളയുടെ ശുചിത്വം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത് വിലയിരുത്തുന്നതിന് നിലവിൽ ഏതെങ്കിലും സമിതികളുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷണം, വെള്ളം എന്നിവയുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശമുള്ളതിന്റെ അടിസ്ഥാനത്തിൽ NABL അക്രെഡിറ്റേഷനുള്ള ലാബുകളിൽനിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുകയും തൃശ്ശൂർ ആസ്ഥാനമായുള്ള CARE KERALAM, കൊല്ലം ആസ്ഥാനമായുള്ള CEPCI ലബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ സ്വീകരിക്കുകയും കുറഞ്ഞ തുക നൽകിയ CEPCI ലബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് സാമ്പിൾ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെയുള്ള 163 ഉപജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെ നൂൺമീൽ ഓഫീസർമാർ, സംസ്ഥാനതല മോണിറ്ററിംഗിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസിൽനിന്നുള്ള പ്രത്യേക സംഘം, തൃശ്ശൂർ മുതൽ കാസർഗോഡ് വരെ ജില്ലകളുടെ മേൽനോട്ട ചുമതലയുള്ള വടക്കൻ മേഖലാ കോ-ഓർഡിനേറ്റർ തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളുടെ മേൽനോട്ട ചുമതലയുള്ള തെക്കൻ മേഖല കോ-ഓർഡിനേറ്റർ എന്നിവർ സ്കൂളുകൾ സന്ദർശിക്കുകയും അടുക്കളയുടെ ശുചിത്വം (പാചകത്തൊഴിലാളികളുടെ ശുചിത്വമുൾപ്പെടെ) പരിശോധന നടത്തുകയും ന്യൂനതകൾ കണ്ടെത്തുന്നപക്ഷം അവ പരിഹരിക്കാനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു. കൂടാതെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പ്രഥമാദ്ധ്യാപകനെ സഹായിക്കുന്നതിനായി 2 അദ്ധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ട്. അതിൽ ഒരദ്ധ്യാപകൻ ഇത് സംബന്ധമായ കണക്കുകളും രണ്ടാമത്തെ അദ്ധ്യാപകൻ ഗുണനിലവാരം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(സി) നിലവിൽ ഇത് വിലയിരുത്തുന്നതിന് സ്കൂൾതല നൂൺഫീഡിംഗ് കമ്മിറ്റിയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

**സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് സ്കൂളാക്കി മാറ്റുന്ന പ്രവൃത്തി**

118(2618) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതു സ്കൂളിനെയാണ് അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് സ്കൂളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവർത്തനത്തിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 37 സ്കൂളുകൾ ഹൈടെക് ആക്കുന്നതാണ്. ഇതിൽ 28 സ്കൂളുകളിലെ 139 ക്ലാസ് മുറികളിലേയ്ക്കുള്ള ഉപകരണങ്ങൾ ഒന്നാം ഘട്ടമായി വിതരണം ചെയ്തു. സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പുലാപ്പറ്റ എം.എൻ.കെ.എം. ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി

119(2619) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടാണ് വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച സ്കൂളുകളുടെ പ്രവർത്തനം എന്ന് മുതൽ ആരംഭിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനായി എം.എൽ.എ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുമ്പോൾ ആയതിന് പ്രത്യേക നിബന്ധനകളെന്തെങ്കിലുമുണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിനെ അഞ്ചുകോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള വിശദമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും കിഫ്ബി ധനസഹായത്തിനുള്ള അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മാവേലിക്കര നിയോജകമണ്ഡലത്തിലെ കെ.കെ.എം.ജി.വി. എച്ച്.എസ്.എസ്. ഇലിപ്പക്കുളം, വള്ളിക്കുന്നിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിക്കായി എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് വിനിയോഗിക്കുന്നതിൽ 1-12-2017-ലെ സ.ഉ.(അച്ചടി)153/2017/ധന നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ നടപടി**

120(2620) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മങ്കട മണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സ്കൂളിന്റെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മങ്കട മണ്ഡലത്തിൽ എൽ.പി./യു.പി. സ്കൂളുകൾക്ക് ഒരു കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മങ്കട നിയോജകമണ്ഡലത്തിലെ കടുങ്ങാപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എൽ.പി./യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് ഗവൺമെന്റ് യു.പി. സ്കൂളിന്റെ ഒരു കോടി രൂപയുള്ള പദ്ധതിക്ക് 1-3-2018-ലെ സ.ഉ. (സാധാ)915/2018/പൊ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ബി.ആർ.സി. കോ-ഓർഡിനേറ്റർമാരായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർ

121(2621) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ ഡി.ഇ.ഒ.യുടെ അധികാര പരിധിയിൽപെട്ട വിദ്യാഭ്യാസ ഉപജില്ലയിൽ 15-7-2010-നും 24-6-2012-നും ഇടയിലുള്ള കാലയളവിൽ എച്ച്.എസ്.എ. തസ്തികയിൽ ജോലി ചെയ്തിരുന്ന എത്ര പേർ തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാധ്യാപകരായിത്തീർന്നു എന്ന് വ്യക്തമാക്കാമോ;

(ബി) മേല്പറഞ്ഞ കാലയളവിൽ സംരക്ഷിതാധ്യാപകരായി സർവ്വീസിന് പുറത്ത് നില്ക്കേണ്ടിവന്നവർക്ക് പിന്നീട് ബി.ആർ.സി. കോ-ഓർഡിനേറ്റർമാരായി നിയമനം നൽകിയിട്ടുണ്ടോ;എങ്കിൽ എത്ര പേർക്ക് ; വിശദമാക്കാമോ;

(സി) ഇപ്രകാരം ബി.ആർ.സി. കോ-ഓർഡിനേറ്റർമാരായി ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് സർവ്വീസ് റഗുലറൈസ് ചെയ്ത് ശമ്പള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സമാന സ്വഭാവത്തിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സംസ്ഥാനത്തെവിടെയെങ്കിലും മുഴുവൻ സർവ്വീസ് ആനുകൂല്യങ്ങളും നൽകി വരുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങളെന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 7 പേർ.

(ബി) 7 പേർക്കും ബി.ആർ.സി. കോ-ഓർഡിനേറ്റർമാരായി പുനർവിന്യാസം വഴി നിയമനം നൽകിയിട്ടുണ്ട്.

(സി) ഇല്ല. പരിശോധിച്ചുവരികയാണ്.

(ഡി) ഇല്ല.

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി വിദ്യാഭ്യാസ പദ്ധതികൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

122(2622) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി-യിലൂടെ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ; ബാക്കിയുള്ള പദ്ധതികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കോങ്ങാട് നിയോജക മണ്ഡലത്തിൽനിന്നും കിഫ്ബി മുഖേനയുള്ള അഞ്ച് കോടി രൂപയുടെ ധനസഹായത്തോടെ പത്തിരിപ്പാല ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മണ്ഡലത്തിൽ നിന്നും മൂന്ന് കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കാരകുറിശ്ശി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മങ്കര ഗവൺമെന്റ് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ കാരകുറിശ്ശി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും അപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മങ്കര ഗവൺമെന്റ് ഹൈസ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ 8 മുതൽ 12 വരെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്.

## ധൈഷണിക പര്യാവരൺ പദ്ധതി

123(2623) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ധൈഷണിക പര്യാവരൺ എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ക്ലാസ്സുകൾ മരച്ചുവട്ടിലും തുറസ്സായ പുൽത്തകിടിയിലും നടത്തി പ്രകൃതി സൗഹാർദ്ദ അന്തരീക്ഷത്തിൽ പഠനം നടത്താനാകുന്ന വിധം ക്യാമ്പസ്സുകളെ മാറ്റുന്നതിന് പ്രസ്തുത പദ്ധതി ഉപയുക്തമാക്കുമോ;

(സി) ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗംകൂടി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പ്രയോജനപ്പെടുത്തുവാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2017-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതിയാണ് ധൈഷണിക പര്യാവരൺ അഥവാ ലേണർ ഇക്കോ സിസ്റ്റം. ഉന്നത വിദ്യാഭ്യാസ കാമ്പസുകളെ വിജ്ഞാന സമ്പാദനത്തിനുള്ള സജീവ ജൈവ മേഖലകളായി പുനർനിർമ്മിക്കാനുള്ള പദ്ധതിയാണ് ധൈഷണിക പര്യാവരൺ അഥവാ ലേണർ ഇക്കോ സിസ്റ്റം. അദ്ധ്യാപക കേന്ദ്രീകൃതമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സൃഷ്ടിപരതയ്ക്കും നിരൂപണപരതയ്ക്കും പ്രാമുഖ്യമുള്ള വിദ്യാർത്ഥി കേന്ദ്രീകൃത പഠന സമ്പ്രദായത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം. 'കേട്ടു പഠിക്കൽ' രീതി 'ചെയ്തു പഠിക്കൽ' സമ്പ്രദായത്തിന് വഴി മാറേണ്ടിയിരിക്കുന്നു. നൂതന ശൈലികളിൽ കാര്യങ്ങൾ ഗ്രഹിക്കാനും കാണുവാനും അപഗ്രഥിക്കാനും ചെയ്യാനും കഴിയുന്ന സ്വതന്ത്ര അന്തരീക്ഷമാണ് കാമ്പസുകളിൽ സംജാതമാകേണ്ടത്. പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന ഭൗതിക സാഹചര്യങ്ങളാണ് ലേണർ എക്കോസിസ്റ്റത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രകൃതിയുമായി ചേർന്ന് നിൽക്കുന്ന ഭൗതിക സാഹചര്യമാണ് പഠന പ്രക്രിയയ്ക്ക് ധൈഷണിക പര്യാവരൺ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി ഇപ്പോൾ പഠനഘട്ടത്തിലാണ്. പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി, ട്രയൽ&എറർ സമ്പ്രദായത്തിൽ പദ്ധതി പൂർണ്ണമായും വികസിപ്പിച്ചെടുക്കുകയാണ് ഉദ്ദേശ്യം. ഇതിനായി പദ്ധതിയുടെ ആദ്യരൂപം കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ വികസിപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. മറ്റ് സ്ഥാപനങ്ങൾക്ക് ഈ മാതൃക തങ്ങളുടെ ക്യാമ്പസുകളിൽ ആവശ്യമായ മാറ്റങ്ങളോടെ പകർത്താൻ കഴിയും.

(സി) ഇലക്ട്രോണിക് ഡിസ്പ്ലേ സങ്കേതങ്ങൾ ധൈഷണിക പര്യാവരൺ പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശ്യമുണ്ട്. പൈലറ്റ് സ്റ്റേജിലുള്ള പദ്ധതി, ട്രയൽ & എറർ രീതിയിൽ വികസിപ്പിച്ചെടുക്കുമ്പോൾ കൂടുതൽ ആധുനിക സങ്കേതങ്ങൾ പദ്ധതിയുമായി സംയോജിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു.

### മണക്കാട് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് അനുവദിച്ച തുക

124(2624) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മണക്കാട് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതി നിർവ്വഹിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാനിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ കാർത്തിക തിരുനാൾ ഗവ. വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ്, മണക്കാടിനെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ 7.95 കോടി രൂപയുടെ ഭരണാനുമതിയും 5 കോടി രൂപയുടെ കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനും അനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകൃത ഏജൻസിയായ 'കിറ്റ്കോ' തയ്യാറാക്കുകയും ആയത് പ്രകാരം കിഫ്ബി മുഖേനയുള്ള അഞ്ചുകോടി രൂപയുടെ സർക്കാർ ധനസഹായത്തിന് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനായുള്ള കോൺട്രാക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂളുകളിൽ നിർഭയ പദ്ധതി

125(2625) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിർഭയ പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ശ്രദ്ധ പദ്ധതി

126(2626) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാരണങ്ങളാൽ പഠനത്തിൽ മികവു പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് 'ശ്രദ്ധ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കുട്ടികളെയാണ് ഈ പദ്ധതിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) 'ശ്രദ്ധ'യുടെ ഭാഗമായി ഗണിത ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രവർത്തന ഗണിത ശാസ്ത്രം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂന്ന്, അഞ്ച്, എട്ട് ക്ലാസ്സുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെയാണ് 'ശ്രദ്ധ' പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) ഉണ്ട്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് കൈത്താങ്ങ് നൽകുന്ന 'ശ്രദ്ധ' പദ്ധതിക്കായി പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാനശേഷികൾ വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ക്ലാസ്സിൽ നടപ്പിലാക്കുന്നത്. ഇതിന് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്ക് പരിശീലന മൊഡ്യൂൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്നതിനുള്ള മൊഡ്യൂൾ 'ശ്രദ്ധ'യുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

**വിദ്യാർത്ഥികൾക്കുള്ള ശാസ്ത്രായനം പദ്ധതി**

127(2627) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്രായനം എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ദേശീയ തലത്തിൽ തെരഞ്ഞെടുത്ത അദ്ധ്യാപകർക്കും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രത്യേക റിഫ്രഷർ കോഴ്സുകളും ശാസ്ത്രസംബന്ധമായ സന്ദർശന പരിപാടികളും സംഘടിപ്പിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പ്രത്യേക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സയൻസ് വിഷയങ്ങളിൽ പ്രത്യേക അഭിരുചിയുള്ള വിദ്യാർത്ഥികളിൽ അധികമായ കഴിവുകൾ കണ്ടെത്താനും അവ പ്രോൽസാഹിപ്പിക്കുന്നതിനുമായി 2018-19 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'ശാസ്ത്രായനം പദ്ധതി'.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഒരു വിദ്യാഭ്യാസ ജില്ലയിൽനിന്നും 20 കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്. ഇതിൽ 20% എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് പരിഗണന നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി**

128(2628) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) പാഠപുസ്തക വിതരണത്തിൽ എല്ലാവർഷവും ഉണ്ടാകുന്ന അപാകതകളും ആക്ഷേപങ്ങളും വരുംഅദ്ധ്യയനവർഷത്തിൽ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണ്;

(സി) പാഠപുസ്തകങ്ങൾ മൂന്ന് ടേമുകളിൽ വിതരണം ചെയ്യുന്നവിധത്തിൽ മൂന്ന് ഭാഗമാക്കുവാനും പുസ്തകങ്ങളുടെ ഭാരം കുറയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വരുന്ന അദ്ധ്യയന വർഷം ഏതെങ്കിലും ക്ലാസ്സിലെ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തുവാൻ കരിക്കുലം കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2018-19 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ എത്തിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അച്ചടിയും വിതരണവും

കെ.ബി.പി.എസ്-നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഒന്ന മുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ടെൻടേറ്റീവ് പ്രിന്റ് ഓർഡർ 16-10-2017-ൽ കെ.ബി.പി.എസിന് നൽകുകയും തുടർന്ന് 22-11-2017 മുതൽ 18-12-2017 വരെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തക ങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടുത്താനുള്ള സമയം അനുവദിക്കുകയും ആയത് പ്രകാരം ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22-12-2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തു. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15-ാം തീയതി മുതൽ കെ.ബി.പി.എസ്. ആരംഭിച്ചു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചു തുടങ്ങി. രണ്ടു മുതൽ ഒൻപതുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലേയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടിനെയും രണ്ടു ക്ലാർക്കുമാരെയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെയും ചുമതല പ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്. 19-10-2017-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാന പ്രകാരം 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ് :

| | | |
|---|---|---|
| ഒന്നാം വാല്യം | - | 2018 ഏപ്രിൽ 15 |
| രണ്ടാം വാല്യം | - | 2018 ആഗസ്റ്റ് 30 |
| മൂന്നാം വാല്യം | - | 2018 ഒക്ടോബർ 30 |

2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞു. 2018-19 അദ്ധ്യയന വർഷത്തെ ഓൺലൈൻ ഇൻഡന്റ് ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ്ടു പാഠപുസ്തകങ്ങൾ മാർച്ച് 31-ന് മുമ്പും പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാനത്തോടു കൂടിയും വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018-19 അദ്ധ്യയന വർഷത്തേയ്ക്ക് ഇൻഡന്റ് ചെയ്യുവാനുള്ള ടെക്സ്റ്റ് ബുക്ക് മോണിട്ടറിംഗ് സിസ്റ്റം എന്ന സോഫ്റ്റ് വെയറിൽ 'കൈറ്റി'ന്റെ സഹായത്താൽ വേണ്ട ഭേദഗതികൾ വരുത്തി ടി പോരായ്മ പരിഹരിക്കുകയും അതുപ്രകാരം എല്ലാ സ്കൂളുകൾക്കും എളുപ്പത്തിൽ ഇൻഡന്റ് ചെയ്യാനുള്ള അവസരം ഒരുക്കുകയും ചെയ്തു. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ മധ്യവേനൽ അവധിക്കുമുമ്പ് നൽകുന്നതിനാൽ വർഷാരംഭത്തിൽ തന്നെ ഷോർട്ടേജ് ഉണ്ടെങ്കിൽ ആയത് ബഫർ സ്റ്റോക്കിൽനിന്നും നൽകി പരിഹരിക്കുവാനുള്ള എല്ലാ മുൻകരുതലുകളും കൈക്കൊണ്ടു കഴിഞ്ഞു. പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തകങ്ങൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2017-18 അദ്ധ്യയന വർഷം മുതൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം നടത്തിയത്. 2018-19 അദ്ധ്യയന വർഷത്തിലും മൂന്ന് വാല്യങ്ങളായാണ് അച്ചടിച്ച് വിതരണം നടത്തുന്നത്.

(ഡി) 2018-19 അദ്ധ്യയന വർഷത്തിൽ ഒന്ന് മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളിൽ മാറ്റംവരുത്തുന്നില്ല.

## സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുന്നതിനായി ഹലോ ഇംഗ്ലീഷ് പദ്ധതി

129(2629) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടോടെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പാക്കിയ ഹലോ ഇംഗ്ലീഷ് പദ്ധതി വിജയപ്രദമായിരുന്നോ; വിശദമാക്കാമോ;

(സി) അദ്ധ്യാപക പരിശീലനത്തിലൂടെ പഠനബോധന തന്ത്രങ്ങൾ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ പരിപോഷിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുന്നതിനും പാകപ്പിഴകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. മലയാളത്തിളക്കം
2. ഹലോ ഇംഗ്ലീഷ്
3. ഗണിതവിജയം
4. എല്ലാവരും സ്വതന്ത്ര വായനക്കാർ
5. ക്ലാസ് ലൈബ്രറി
6. ക്ലാസ് ഗണിതലാബ്
7. ടാലന്റ് ലാബ്
8. ജൈവവൈവിധ്യ ഉദ്യാനം
9. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ
10. അദ്ധ്യാപക പഠന കൂട്ടായ്മകൾ
11. വിദ്യാലയ കൂട്ടുചേരൽ പരിപാടി
12. സാമൂഹിക ഉൾച്ചേർക്കൽ പരിപാടി
13. ശാസ്ത്രോത്സവം
14. ഗണിതോത്സവം
15. രക്ഷാകർതൃ പരിശീലനം
16. ശാസ്ത്ര പഠനയാത്രകൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള മെന്ററിംഗ്
17. പഠന നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ
18. എന്റെ മലയാളം
19. സുരീലി ഹിന്ദി
20. ലിറ്റിൽ ഗലീലിയോ

കൂടാതെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. തുല്യത, ഗുണത എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി ഓരോ സ്കൂളിനും തനതായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കു ന്നതിനും അതിന്റെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരി ച്ചിട്ടുണ്ട്.

(ബി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. നടത്തിയ പഠന റിപ്പോർട്ട് പ്രകാരം പദ്ധതിയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ക്ലാസ് റൂം വിനിമയം നടത്താൻ അദ്ധ്യാപകർക്ക് ആത്മവിശ്വാസം കൈവരിച്ചിട്ടുള്ളതായും അപ്രകാരം ഇംഗ്ലീഷ് പഠനം മെച്ചപ്പെട്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. അവധിക്കാല അദ്ധ്യാപക പരിശീലനത്തിലൂടെ പാഠ്യപദ്ധതി വിനിമയത്തിൽ നൂതന മാർഗ്ഗങ്ങൾ അവലംബിക്കാൻ അദ്ധ്യാപകരെ സജ്ജരാക്കാൻ കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം, ഭിന്ന ശേഷിക്കാരുടെ പഠനം തുടങ്ങിയവയ്ക്ക് പരിശീലനത്തിൽ ഊന്നൽ നൽകിവരുന്നു. വിലയിരുത്തലിനുള്ള ശേഷി വികസിപ്പിക്കാനുള്ള അനുഭവങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) സ്കൂൾ മോണിറ്ററിംഗ്, പദ്ധതികളുടെ അവലോകനം, പാകപ്പിഴകൾ സമയബന്ധിതമായി പരിഹരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാട്ടിപ്പരുത്തി ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് സ്ഥലം ലഭ്യമാക്കാൻ നടപടി

130(2630) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കാട്ടിപ്പരുത്തി ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളിന് സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് വളാഞ്ചേരി നഗരസഭ അദ്ധ്യക്ഷ ശ്രീമതി ഷാഹിന നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ;

(ബി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) മുഖാന്തരം ക്രമീകര ണങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ;

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പുരോഗതിക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായുള്ള പ്രൊപ്പോസൽ തയ്യാറാക്കി ധനവകുപ്പിന് നൽകുമോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളിന്റെ കാര്യം ധനവകുപ്പിനെ അറിയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി-ഡി) സംസ്ഥാനത്ത് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സ്ഥലം, ഭൗതിക സാഹചര്യ വികസനത്തിനാവശ്യമായ ഫണ്ട് എന്നിവ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ ലഭിക്കുന്നപക്ഷം ആയതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**മാതിരപ്പിള്ളി ഗവൺമെന്റ് വി.എച്ച്.എസ്.-ൽ പ്ലസ് ടു കോഴ്സ്**

131(2631) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ 100 വർഷത്തിൽ അധികം പഴക്കമുള്ളതും തുടർച്ചയായി SSLC-ക്ക് 100% വിജയവും സ്കൂൾ കായികമേളകളിൽ തുടർച്ചയായി ഒന്നാം സ്ഥാനത്ത് വരികയും ചെയ്യുന്ന സർക്കാർ സ്കൂളായ മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്.-ൽ പ്ലസ് ടു കോഴ്സ് തുടങ്ങുന്നതിനുള്ള അപേക്ഷ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനായി നയപരമായ തീരുമാനമെടുത്ത് അപേക്ഷകൾ ക്ഷണിക്കുമ്പോൾ മാത്രമേ കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്ന വിഷയവും പരിഗണിക്കാൻ കഴിയുകയുള്ളൂ.

**ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവ്**

132(2632) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 അധ്യയനവർഷം കേരളത്തിൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകൾക്ക് 2016-17,2017-18 അധ്യയന വർഷങ്ങളുടെ തുടക്കത്തിൽ ഗവൺമെന്റ് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ

ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിരുന്നോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കാത്ത രീതിയിൽ അധ്യയനം നടത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 4-8-2016 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 2539/2016 ഉത്തരവ് പ്രകാരം 2016-17 വർഷത്തിലും 2-6-2017 സ.ഉ.(സാധാ) 1698/17 പ്രകാരം 2017-18 വർഷത്തിലും ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തിയ എല്ലാ സ്കൂളുകളും ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാത്തതും എന്നാൽ സംസ്ഥാന സർക്കാർ ചെലവിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ച എല്ലാ സ്കൂളുകളും സർക്കാർ സ്കൂളായി കണക്കാക്കി പ്രസ്തുത സ്കൂളിലേയ്ക്ക് ആവശ്യമായ അദ്ധ്യാപക/അദ്ധ്യാപകേതര തസ്തികകൾ സർക്കാർ സ്കൂളിലേതുപോലെ തന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലംമാറ്റവും നിയമനവും നടത്താൻ 7-10-2016 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 173/2016/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സങ്ങളൊന്നും നേരിടേണ്ടി വരുന്നില്ല.

## സ്കൂളുകളിൽ ദിവസ വേതന ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

133(2633) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ദിവസ വേതനത്തിന് അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മറ്റും നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഉണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ദിവസ വേതനത്തിന് അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

**മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം**

134(2634) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലർക്കുമാർ ഉൾപ്പെടെയുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി**

135(2635) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ പ്രിൻസിപ്പൽമാർ എത്ര മണിക്കൂർ അദ്ധ്യാപനം നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഓഫീസിന്റെ പ്രവർത്തനം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന പ്രിൻസിപ്പൽമാരെ അദ്ധ്യാപന ചുമതലയിൽ നിന്ന് ഒഴിവാക്കുമോ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേന പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നവർ 16 പിരീഡും പ്രൊമോഷൻ മുഖേന പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർ 21 പിരീഡും പഠിപ്പിക്കേണ്ടതുണ്ട്.

(ബി) നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. സർക്കാർ/എയ്ഡഡ് മേഖലകളിലായി 1450 സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തിക നിലവിലുണ്ട്. ടി തസ്തികകൾ അദ്ധ്യാപന തസ്തികകൾ അല്ലാതാക്കുമ്പോൾ അത്രയും എച്ച്.എസ്.എസ്.ടി. തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്നതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾമാരെ അദ്ധ്യാപന ചുമതലയിൽ നിന്ന് ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No. 29618/2005, 5835/2013, 7358/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്**

136(2636) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എത്ര സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് പ്രസ്തുത തസ്തിക അനുവദിക്കുകയെന്നും എത്രയെണ്ണം കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിലാണ് ഇത് അനുവദിക്കുകയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.)നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള സെലക്ഷൻ സമിതിയിലെ സർക്കാർ നോമിനികൾ

137(2637) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള സെലക്ഷൻ സമിതിയിൽ സർക്കാർ നോമിനികൾ ഉണ്ടോ; എങ്കിൽ അവരെ ആരാണ് നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ നോമിനിയെ മാനേജർക്ക് നിർദ്ദേശിക്കാവുന്ന തരത്തിൽ ഇതു സംബന്ധിച്ച ഉത്തരവ് പുതുക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലെ കെ.ഇ.ആർ. ചട്ടപ്രകാരം സർക്കാർ നോമിനിയെ ഹയർ സെക്കണ്ടറി ഡയറക്ടർ ഓരോ അക്കാദമിക വർഷത്തേയ്ക്കുമായി തയ്യാറാക്കുന്ന ഡെപ്യൂട്ടി കളക്ടർ/ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ പാനലിൽനിന്ന് മാനേജർക്ക് തെരഞ്ഞെടുക്കാവുന്നതാണ്. പ്രസ്തുത ഉദ്യോഗസ്ഥനെ സർക്കാർ നോമിനിയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത സർക്കാർ നോമിനിയടങ്ങുന്ന പാനൽ അദ്ധ്യാപക തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്.

(ബി) അദ്ധ്യാപക നിയമനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും അക്കാദമീയമായ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി പാനലിൽ ഉൾപ്പെടാത്ത ചട്ടപ്രകാരമുള്ള റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരെ മാനേജർ ശിപാർശ ചെയ്താൽ അവരെ സർക്കാർ നോമിനിയായി അനുവദിച്ചു നൽകാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ ജോലിഭാരം**

138(2638) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിലും എൽ.പി. സ്കൂളുകളിലും സ്ഥാപനമേധാവി ഭരണപരമായ കാര്യങ്ങൾ മാത്രം ചെയ്യുമ്പോൾ കേരളത്തിലെ ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർ ഇതോടൊപ്പം ഒരു പൂർണ്ണസമയ അദ്ധ്യാപകൻ കൂടിയാകയാൽ ജോലിഭാരം നിമിത്തം അദ്ധ്യാപനത്തിൽ മികവ് പുലർത്താനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ലാർക്കിന്റെയും പ്യൂണിന്റെയും തസ്തിക പോലുമില്ലാതെ ആ ജോലി കൂടി നിർവ്വഹിക്കേണ്ടി വരുന്ന ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ സങ്കീർണ്ണമായതും സമയബന്ധിതവുമായ ഓഡിറ്റിംഗ് ഉൾപ്പെടെയുള്ള വിവിധ ഫയലുകൾ കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ അവരുടെ അമിത ജോലിഭാരവും മാനസിക സംഘർഷവും കുറയ്ക്കുന്നതിനായി അദ്ധ്യാപന ജോലി ഒരു ഗസ്റ്റ് അദ്ധ്യാപകനെ നിയമിച്ച് പുനഃക്രമീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളായി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കണ്ടറി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കണ്ടറിയിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾ കൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടിവന്നത്. ഹയർ സെക്കണ്ടറിയിൽ, നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ആയതിനാൽ പ്രിൻസിപ്പൽമാരെ അദ്ധ്യാപന ജോലിയിൽ നിന്നും ഒഴിവാക്കുമ്പോൾ അത്രയും തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടിവരും. തസ്തിക സൃഷ്ടിക്കുന്നതും ഗസ്റ്റ് ലക്ചർമാരെ നിയമിക്കുന്നതും സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രിൻസിപ്പൽമാരെ അദ്ധ്യാപനത്തിൽ നിന്നും ഒഴിവാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സ്കൂൾ പ്രവേശനത്തിന് പ്രതിരോധ കുത്തിവയ്പിന്റെ സാക്ഷ്യപത്രം

139(2639) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ പ്രവേശനത്തിന് പ്രതിരോധ കുത്തിവെയ്പ്പിന്റെ സാക്ഷ്യപത്രം ഇപ്പോൾ നിർബന്ധമാണോ; ഇല്ലെങ്കിൽ പ്രസ്തുത സാക്ഷ്യപത്രം നിർബന്ധമാക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) കുത്തിവെയ്പ്പെടുക്കാൻ സാഹചര്യങ്ങളില്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് സമയബന്ധിതമായി കുത്തിവെയ്പ്പ് എടുക്കാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കുത്തിവെയ്പ്പില്ലാത്തതിനാൽ കുട്ടികൾക്ക് ലഭിക്കേണ്ട സൗജന്യ വിദ്യാഭ്യാസം മുടങ്ങാതിരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആരോഗ്യ വകുപ്പുമായി ചേർന്ന് ഇത്തരം പ്രദേശങ്ങളിൽ സ്കൂളുകളിൽ തന്നെ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) ബാധകമല്ല.

## സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനം

140(2640) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ മുൻ വർഷത്തേക്കാൾ അധികമായി എത്ര കുട്ടികൾ പ്രവേശനം നേടിയെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളിൽ മുൻ വർഷത്തേക്കാൾ അധികമായി 61,250 കുട്ടികൾ പ്രവേശനം നേടി.

(ബി) ഇവയുടെ വിശദാംശം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | 2017-18-ൽ ഉണ്ടായ കുട്ടികളുടെ വർദ്ധനവ് | | |
|---|---|---|---|---|
| | | ഒന്നാം ക്ലാസ്സ് | രണ്ടാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെ | ആകെ |
| 1 | തിരുവനന്തപുരം | 452 | 4251 | 4703 |
| 2 | കൊല്ലം | 133 | 3687 | 3820 |
| 3 | പത്തനംതിട്ട | 185 | 0 | 185 |
| 4 | ആലപ്പുഴ | 265 | 1066 | 1331 |
| 5 | കോട്ടയം | 288 | 0 | 288 |
| 6 | ഇടുക്കി | 97 | 1825 | 1922 |
| 7 | എറണാകുളം | 363 | 0 | 363 |
| 8 | തൃശ്ശൂർ | 529 | 7102 | 7631 |
| 9 | പാലക്കാട് | 292 | 8112 | 8404 |
| 10 | മലപ്പുറം | 1042 | 4065 | 5107 |
| 11 | കോഴിക്കോട് | 655 | 10718 | 13373 |
| 12 | വയനാട് | 60 | 1393 | 1453 |
| 13 | കണ്ണൂർ | 463 | 8640 | 9103 |
| 14 | കാസർഗോഡ് | 879 | 4688 | 5567 |
| | ആകെ | 5723 | 55547 | 61250 |

## സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ

141(2641) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വിവിധ ഇനം മത്സരങ്ങളിൽ ഇത്തവണ എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; ഇതിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും കണക്ക് പ്രത്യേകം നല്കാമോ?

### ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ കേരള സർക്കാർ നടത്തിയ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം - 14212.

(ബി) വിദ്യാഭ്യാസ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.* വിദ്യാഭ്യാസ ജില്ലവഴി സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം ആകെ-12910. എല്ലാ വിദ്യാഭ്യാസ ജില്ലകളിൽനിന്നും അപ്പീൽവഴി പങ്കെടുത്ത കുട്ടികളുടെ എണ്ണം - 1135.

## സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

142(2642) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽപ്പെട്ട മൂന്നർക്കോട് സർക്കാർ ഹയർസെക്കണ്ടറി സ്കൂളിൽ കായികരംഗത്തെ മുന്നേറ്റത്തിനായി ഗെയിംസ് വിഭാഗത്തിൽ മൂന്ന് വിഭാഗം കോർട്ടുകൾ ഒന്നിച്ച പ്രവർത്തിക്കുന്നതിനുള്ള ക്ലസ്റ്റർ കോർട്ട് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്ക് വിദ്യാഭ്യാസ വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിൽ പി.എസ്.സി. വഴി മുഴുവൻ തസ്തികകളിലും നിയമനം നടത്തുകയും ആയതിനുപുറമെ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ. വഴി പാർട്ട് ടൈം കായിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ എല്ലാ കുട്ടികൾക്കും യോഗാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ മാനുവൽ പരിഷ്കരിച്ച് പുതിയ കായിക ഇനങ്ങൾ കൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ അവസരമൊരുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തയ്യാറെടുക്കുന്നു. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി 'കായിക ക്ഷമത മിഷൻ' എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ

1. നഴ്സറി മുതൽ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ
2. അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
3. യൂണിവേഴ്സിറ്റി തലം
4. യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനായി കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ലഭിച്ചിട്ടില്ല.

**സർക്കാർ സ്കൂളുകളിൽ ലാപ്ടോപ് വിതരണ പദ്ധതി**

143(2643) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐറ്റി അറ്റ്സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കുന്ന ലാപ്ടോപ്പ് വിതരണപദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) കഴിഞ്ഞ വർഷം ഈ പദ്ധതിയിൽ ലാപ്ടോപ്പുകൾ വാങ്ങിയത് ഏത് സ്ഥാപനത്തിൽ നിന്നായിരുന്നുവെന്ന് അറിയിക്കുമോ; എത്ര ലാപ്ടോപ്പുകൾ വാങ്ങിയെന്നും അതിന് ഒരോന്നിനും എത്ര രൂപയായിയെന്നും അറിയിക്കുമോ;

(സി) ഇപ്രാവശ്യം കഴിഞ്ഞ തവണ ലാപ്ടോപ്പ് നൽകിയ സ്ഥാപനത്തെ ഒഴിവാക്കി ഐറ്റി അറ്റ് സ്കൂൾ നേരിട്ട് ടെൻഡർ ക്ഷണിച്ച് ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം ലാപ്ടോപ്പ് വാങ്ങിയത് എത്ര രൂപയ്ക്കായിരുന്നുവെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പ്രാവശ്യത്തെക്കാൾ കൂടിയവിലയ്ക്കാണ് വാങ്ങിയതെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിവരികയാണ്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ഓരോ ക്ലാസിലേയ്ക്കും ലാപ്ടോപ് കമ്പ്യൂട്ടർ ഉൾപ്പെടെ സീലിംഗിൽ ഉറപ്പിച്ചിട്ടുള്ള മൾട്ടിമീഡിയ പ്രൊജക്ടർ, പ്രൊജക്ഷന് അനുയോജ്യമായ സ്ക്രീൻ/ഭിത്തി പെയിന്റ് ചെയ്ത് സ്ക്രീനിന് സമാനമാക്കുന്ന തിനുള്ള തുക, യു.എസ്.ബി. സ്പീക്കർ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം, സ്കൂളിന് പൊതുവായി കമ്പ്യൂട്ടർ ലാബ്, ടി.വി., മൾട്ടിഫംഗ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, ഐ.സി.ടി. അധിഷ്ഠിത പഠന വിഭവങ്ങൾ, പരിശീലനം തുടങ്ങിയവ കിഫ്ബിയുടെ ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ - കൈറ്റ് (മുൻ ഐ.ടി. @ സ്കൂൾ പ്രോജക്ട്) ലഭ്യമാക്കുന്നു. 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതി 2018 ജനുവരി 22-ന് ആരംഭിച്ചു. 2018 ജൂൺ 1-നുമുമ്പ് ഈ ക്ലാസ് മുറികളിലേയ്ക്ക് ഐ.സി.ടി. ഉപകരണ വിതരണം പൂർത്തിയാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പദ്ധതിയുടെ ഒന്നാംഘട്ടമായി 21043 ക്ലാസ് മുറികളിലേയ്ക്കുള്ള 20260 ലാപ്ടോപ് കമ്പ്യൂട്ടർ, 20234 മൾട്ടി മീഡിയ പ്രൊജക്ടർ, 8545 വൈറ്റ് സ്ക്രീൻ, 11236 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 11701 ഫേസ് പ്ലേറ്റ്, 11752 എച്ച്.ഡി.എം.ഐ. കേബിൾ എന്നിവ വിതരണം ചെയ്തു.

(ബി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ വഴി ദേശീയ ടെണ്ടർ വിളിച്ചാണ് കഴിഞ്ഞ വർഷംവരെ ഐ.ടി. @ സ്കൂൾ ലാപ്ടോപുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമാക്കിയിരുന്നത്. ഇതിനുമുമ്പ് കെൽട്രോണിൽ നിന്നും ഇങ്ങനെ നടത്തിയ രണ്ട് പർച്ചേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| സ്കീം | വാങ്ങിയ മാസം, വർഷം | വാങ്ങിയ എണ്ണം | യൂണിറ്റ് വില | നികുതി (5%) | ഒരു ലാപ്ടോപിന്റെ ആകെ തുക (രൂപ) |
|---|---|---|---|---|---|
| ഐ.ടി. @സ്കൂൾ | 2015 മാർച്ച് | 4400 | 35857.5 | 1792.875 | 37650.375 |
| ഹൈടെക് സ്കൂൾ | 2017 ജനുവരി | 3173 | 26400 | 1320 | 27720 |

(സി) ഐ.ടി. @ സ്കൂൾ പ്രോജക്ടിനെ 'കൈറ്റ് ' എന്ന പേരിൽ സർക്കാർ കമ്പനിയാക്കി മാറ്റി 'കിഫ്ബി' പ്രോജക്ടുകൾ നടപ്പാക്കാൻ ചുമതലപ്പെടുത്തിയതനുസരിച്ച് 'കൈറ്റ് ' നേരിട്ട് ടെണ്ടർ വിളിച്ചാണ് ഹൈടെക് സ്കൂൾ പദ്ധതിക്കായുള്ള ഐ.ടി. ഉപകരണങ്ങൾ വാങ്ങുന്നത്.

(ഡി) 2017 ആഗസ്റ്റിൽ നടത്തിയ ഹൈടെക് സ്കൂൾ പ്രോജക്ട് ടെണ്ടർ വഴി ലാപ് ടോപ് വാങ്ങിയ വിശദാംശങ്ങൾ.

| | | |
|---|---|---|
| യൂണിറ്റ് വില | : | 24,960 |
| നികുതി (ജി.എസ്.ടി. @ 18%) | : | 4,493 |
| ആകെ | : | 29,453 |

ലാപ്ടോപിന്റെ യൂണിറ്റ് വില കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കൂടിയിട്ടില്ല.

## സ്കൂൾ ഹാർഡ് വെയർ ക്ലിനിക് പദ്ധതി

144(2644) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കേടായ കമ്പ്യൂട്ടർ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള സ്കൂൾ ഹാർഡ് വെയർ ക്ലിനിക്ക് പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) ഇതിനായി ചുമതല നൽകിയിട്ടുള്ളത് ഏത് ഏജൻസിയ്ക്കാണെന്നും പ്രസ്തുത ഏജൻസിയുടെ ചുമതലകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള കമ്പ്യൂട്ടർ ഹാർഡ് വെയർ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഹാർഡ് വെയർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 15-11-2017-ലെ സ.ഉ. (സാധാ) നമ്പർ 4390/17/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെയാണ് ഈ ചുമതല ഏല്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസ ജില്ലാതലത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിലേയ്ക്ക് സ്കൂളുകൾ കൊണ്ടെത്തിക്കുന്ന കേടായ കമ്പ്യൂട്ടറുകളുടെ പ്രവർത്തനക്ഷമമായ ഭാഗങ്ങൾ പരസ്പരം മാറ്റിയോജിപ്പിച്ച് കേടുപാടുകൾ പരിഹരിക്കുകയും ഇങ്ങനെ പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതും ഇ-മാലിന്യമാക്കി മാറ്റാൻ കഴിയാത്തതുമായ കമ്പ്യൂട്ടറുകളുടെ നിശ്ചിത ഹാർഡ്‌വെയർ ഭാഗങ്ങൾ പുതുതായി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുകയാണ് ഹാർഡ്‌വെയർ ക്ലിനിക് നടത്തുന്ന ഏജൻസിയുടെ ചുമതല.

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി**

145(2645) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ എത്ര തുകയാണ് 2017-18 വർഷത്തിൽ വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചു?

ഉത്തരം

(എ) ആർ.എം.എസ്.എ.-യുടെ വിവിധ പദ്ധതികൾ സംബന്ധിച്ച അവസ്ഥ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. 'നവപ്രഭ' ഐ.ഇ.ഡി.എസ്.എസ്., സ്കൂൾ ഗ്രാന്റുകളുടെ വിനിയോഗം, എസ്.ടി. കുട്ടികളുടെ പഠനം എന്നിവയാണ് ഈ വർഷം പഠന വിധേയമാക്കാൻ ഉദ്ദേശിക്കുന്ന മേഖലകൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആർ.എം.എസ്.എ.-യ്ക്കായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 265 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം 6658.569 ലക്ഷം രൂപ (അറുപത്തിയാറ് കോടി അൻപത്തിയെട്ട് ലക്ഷത്തി അൻപത്തി ആറായിരത്തി തൊള്ളായിരം രൂപ) (കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. 2017-18-ൽ സംസ്ഥാന വിഹിതമായി 2915.58 ലക്ഷം രൂപ (ഇരുപത്തി ഒൻപത് കോടി പതിനഞ്ച് ലക്ഷത്തി അമ്പത്തിയെട്ടായിരം രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 2815.37187 ലക്ഷം രൂപ (ഇരുപത്തിയെട്ട് കോടി പതിനഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഒരുന്നൂറ്റി എൺപത്തിയേഴ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

## സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ

146(2646) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരം ക്ലബ്ബുകൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) മദ്യത്തിന്റെ വ്യാപനത്തിന് സർക്കാർ തലത്തിൽ തന്നെ സ്വീകരിച്ച നടപടികൾ ഇത്തരം പദ്ധതികളെ പുറകോട്ടടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധ പരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (NIMHANS)-ൽ നിന്നും നൽകിയിട്ടുണ്ട്. വിദഗ്ദ്ധ പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രാഥമിക കൗൺസിലിംഗ് നൽകി ഈ വിപത്തിൽനിന്നും രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ, സൗഹൃദ ക്ലബ്ബിന്റെ

ഡ്രോപ് ബോക്സിൽ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചാൽ എക്സൈസ് വകുപ്പിന് കൈമാറാറുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. എക്സൈസ് വകുപ്പ്, ക്ലബ്ബിന്റെ പ്രവർത്തനത്തിന് ധനസഹായം നൽകാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

147(2647) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾ അപരിചിതരായ ആളുകളുടെ വാഹനങ്ങൾക്ക് കൈകാണിക്കുകയും അവരോടൊപ്പം യാത്ര ചെയ്യുന്നതും വിദ്യാർത്ഥികളെ എളുപ്പത്തിൽ മയക്കു മരുന്ന് മാഫിയകളുടെ കൈകളിലെത്തിക്കാൻ കാരണമാവുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപരിചിതരോടൊപ്പം സ്കൂൾ വിദ്യാർത്ഥികൾ യാത്ര ചെയ്യുന്നത് തടയാൻ സ്കൂൾ കേന്ദ്രീകരിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാനും സ്കൂളുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്കൂളുകളിൽ നടക്കുന്ന ബോധവൽക്കരണ ക്ലാസ്സുകളിൽ ഈ വിഷയം കൂടി ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണ്.

**മങ്കട മക്കരപ്പറമ്പ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി**

148(2648) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർസെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനുള്ള പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി ബോർഡിന് നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി കിഫ്ബി ബോർഡ് അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും അപ്രകാരം പദ്ധതി നിർവ്വഹണത്തിനായി അഞ്ച് കോടി രൂപയുടെ സർക്കാർ ധനസഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

**നിലമ്പൂർ ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ സംബന്ധിച്ച പരാതി**

149(2649) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ ജി.എം.യു.പി. സ്കൂൾ ഹെഡ്മാസ്റ്ററെ സംബന്ധിച്ച് സർക്കാരിന് എസ്.എം.സി. അംഗങ്ങൾ പരാതി നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;പരാതി പരിശോധിച്ച് നടപടി എടുത്തിട്ടുണ്ടോ; ഏത് തരത്തിലുള്ള നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ പി.ടി.എ., മദർ പി.ടി.എ., ഉച്ചഭക്ഷണ വിതരണ കമ്മറ്റി,എസ്.എസ്.ജി.എന്നീ കമ്മിറ്റികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് രൂപീകരിക്കാത്തതിന് പ്രാധാനധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; കമ്മിറ്റി നിലവിലുണ്ടെങ്കിൽ രൂപീകരിച്ച തീയതിയും ആദ്യകമ്മിറ്റിയിൽ പങ്കെടുത്തവരുടെ ഹാജരും മിനിറ്റ്സിന്റെ കോപ്പിയും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുമായി ബന്ധപ്പെട്ട എല്ലാ ബില്ലിലും വൗച്ചറിലും ഒപ്പിടേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒപ്പിട്ടത് ആരാണെന്ന് അറിയിക്കാമോ; നിയമ വിരുദ്ധമായി ഒപ്പുവച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂൾ പ്രാധാനധ്യാപകനെതിരെ എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ഏതൊക്കെ വിഷയത്തിലാണെന്ന് വ്യക്തമാക്കാമോ; നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ എസ്.എം.സി. ചെയർമാൻ ഉൾപ്പെടെ 11 പേർ ഒപ്പിട്ട ഒരു പരാതി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ആയത് മലപ്പുറം വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപഡയറക്ടർക്ക് അനന്തര നടപടികൾക്കായി നൽകിയിട്ടുമുണ്ട്. ഇതിനുമുമ്പുതന്നെ ടി സ്കൂളിലെ എസ്.എം.സി. ചെയർമാൻ ശ്രീ. കെ. പി. സന്തോഷ് നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി 11-10-2017-ന് നൽകിയിട്ടുണ്ടായിരുന്നു. ആയതിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി, നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, 15-11-2017-ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടു. തുടർന്ന് സ്കൂളിന് അവശ്യം വേണ്ട കമ്മിറ്റികൾ രൂപീകരിക്കാൻ 18-11-2017-ൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം പ്രധാന അദ്ധ്യാപകനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഹെഡ്മാസ്റ്റർ, എസ്.എം.സി. ചെയർമാനെ തൽസ്ഥാനത്തു നിന്നും നീക്കിയെന്നു കാണിച്ച് എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ് കെ. പി.-ക്ക് കത്ത് നൽകുകയാണുണ്ടായത്. തുടർന്ന് എസ്.എം.സി. ചെയർമാൻ ശ്രീ. സന്തോഷ് കെ.പി.ടി വിവരം നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കുകയും തർക്കങ്ങൾ ഉടൻ പരിഹരിക്കാൻവേണ്ടി ഹെഡ്മാസ്റ്റർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 23-11-2017-ന് വീണ്ടും കത്ത് നൽകുകയുണ്ടായി. ജനറൽ ബോഡി വിളിച്ചുചേർത്തതായി ഹെഡ്മാസ്റ്റർ 20-1-2018-ന് എ.ഇ.ഒ.-യെ അറിയിച്ചിട്ടുണ്ടെങ്കിലും പ്രശ്നപരിഹാരത്തിന് പര്യാപ്തമായ ഒരു തീരുമാനം ഹെഡ്മാസ്റ്റർ ഇതുവരെ അറിയിച്ചിട്ടില്ല. ഈ വിഷയം വിശദമായി പരിശോധിച്ച് പരിഹരിക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കണമെന്ന് മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(ബി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിൽ പി.ടി.എ. കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എം.പി.ടി.എ. കമ്മിറ്റി 21-12-2017-ന് രൂപീകരിച്ചിട്ടുണ്ട്. 29-6-2017-ന് നൂൺ ഫീഡിംഗ് കമ്മിറ്റി രൂപീകരിച്ചതായി എസ്.എം.സി. മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രഥമാദ്ധ്യാപകൻ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 9 അംഗങ്ങളാരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. പങ്കെടുത്തവരുടെ ഹാജരും മിനിറ്റ്സിന്റെ കോപ്പിയും അനുബന്ധമായി ചേർക്കുന്നു.*

(സി) സ്കൂളുമായി ബന്ധപ്പെട്ട ബില്ലിലും വൗച്ചറുകളിലും പ്രധാന അദ്ധ്യാപകൻ, നൂൺ ഫീഡിംഗ് കമ്മിറ്റി ചെയർമാൻ (വരവ് ചെലവ് കണക്കുകൾക്ക്) എന്നിവരാണ് ഒപ്പിടേണ്ടത്. ബില്ലിൽ ഒപ്പിട്ടിരിക്കുന്നത് പ്രാധാന അദ്ധ്യാപകനാണ്. നിയമവിരുദ്ധമായി ഒപ്പ് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലമ്പൂർ ജി.എം.യു.പി. സ്കൂളിലെ എസ്.എം.സി. ചെയർമാൻ ഉൾപ്പെടെ 11 പേർ ഒപ്പിട്ട ഒരു പരാതിയിൽ സ്കൂൾ പ്രധാന അദ്ധ്യാപകനെതിരെ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഈ ആരോപണങ്ങൾ പരിശോധിക്കാൻ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ

150(2650) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ ഇതുമായി ബന്ധപ്പെട്ട് ബാലാവകാശ കമ്മീഷൻ എന്തെങ്കിലും ശിപാർശകൾ സർക്കാരിലേക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നയം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ കുട്ടികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) എങ്കിൽ നിലവിൽ എല്ലാവിധ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും തുടർ പ്രവർത്തനം നടത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. 16-3-2016-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലും 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള നടപടി സ്വീകരിക്കാൻ ഉത്തരവായിരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിത വുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018-19 അദ്ധ്യയന വർഷം മുതൽ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി

പൊതുവിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ അവ ഹൈടെക്കാക്കാനും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാന മെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. തുടർന്നാണ് 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം കൈക്കൊണ്ടത്.

## ഐ.എച്ച്.ആർ.ഡി. പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനം

151(2651) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ ഓരോന്നിലും എത്ര വീതം പാർട്ട്-ടൈം-സ്വീപ്പർമാർ ജോലിചെയ്യുന്നുണ്ടെന്നും ഓരോരുത്തരും എന്നു മുതൽ പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ജോലിചെയ്യുന്ന പാർട്ട്-ടൈം-സ്വീപ്പർമാരിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏത് ഉത്തരവുകൾ മുഖേന ആരെയൊക്കെ സ്ഥിരപ്പെടുത്തിയെന്നും വ്യക്തമാക്കുമോ; പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ സ്ഥിരപ്പെടുത്തപ്പെട്ട പാർട്ട്-ടൈം-സ്വീപ്പർമാർക്ക് നൽകുന്ന പ്രതിമാസ വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ 7 സ്ഥിരം പാർട്ട് ടൈം സ്വീപ്പർമാർ ജോലി നോക്കിവരുന്നു. അവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. ശ്രീമതി അമ്മിണി പി., കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മാവേലിക്കര – 1-3-1997 മുതൽ.

2. ശ്രീമതി സാറാമ്മ എം., കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അടൂർ - 1-9-1998 മുതൽ.

3. ശ്രീമതി ജാനകി ടി., കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട് - 1-9-1998 മുതൽ.

4. ശ്രീമതി കല്യാണി എം., കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കോഴിക്കോട് - 1-9-1998 മുതൽ.

5. ശ്രീമതി വിലാസിനി കെ.പി., കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ - 1-9-1998 മുതൽ.

6. ശ്രീമതി അമ്മിണി കെ.ഇ., മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ, കപ്രാശ്ശേരി - 11-10-1999 മുതൽ.

7. ശ്രീമതി സുജാത പി., ഐ.എച്ച്.ആർ.ഡി. ഹെഡ് ഓഫീസ് - 2-2-2015 മുതൽ.

കൂടാതെ സ്ഥാപന മേധാവികൾ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചും സ്ഥാപനത്തിന്റെ ആവശ്യകത പരിഗണിച്ചും താൽക്കാലിക അടിസ്ഥാനത്തിൽ (ദിവസ വേതന വ്യവസ്ഥയിൽ) പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ 9-12-2014-ൽ നടന്ന 21-ാമത് ഗവേണിംഗ് ബോഡി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29-1-2015-ലെ ഉത്തരവ് നമ്പർ ഇ.ബി.2/14391/2012/എച്ച്.ആർ.ഡി. പ്രകാരം ശ്രീമതി സുജാത പി-യെ സ്ഥിരപ്പെടുത്തി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ മുകളിൽ പറഞ്ഞിരിക്കുന്ന മറ്റ് ആറ് പാർട്ട് ടൈം സ്വീപ്പർമാരെയും അതാത് കാലഘട്ടത്തിലുള്ള ഭരണ സമിതിയുടെ തീരുമാന പ്രകാരമാണ് സ്ഥിരപ്പെടുത്തിയത്.

(സി) ഐ.എച്ച്.ആർ.ഡി.-യിൽ നടപ്പിലാക്കിയിട്ടുള്ള 9-ാം ശമ്പള കമ്മീഷൻ പ്രകാരം 4250-6700 സ്കെയിലിലെ ശമ്പളമാണ് നൽകി വരുന്നത്.

## അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം ഉറപ്പാക്കുന്നതിന് നടപടി

152(2652) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ തൊഴിൽ ചൂഷണത്തിന് വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ മേഖലയിലെ അദ്ധ്യാപകർക്ക് അർഹമായ വേതനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ തൊഴിൽ ചൂഷണം ഇല്ലാതാക്കുന്നതിനും മാന്യമായ വേതനം ഉറപ്പാക്കുന്നതിനും ഉള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നിയമനിർമ്മാണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിലെ തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും അദ്ധ്യാപകരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഭാഷാദ്ധ്യാപക നിയമനം**

153(2653) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം ഭാഷാധ്യാപക നിയമനത്തിന് എത്ര കുട്ടികളാണ് ഏറ്റവും കുറഞ്ഞത് ഉണ്ടാകേണ്ടത് ; സ്പെഷ്യൽ റൂൾ പകർപ്പ് അടക്കം വിശദാംശം ലഭ്യമാക്കുമോ;

(ബി) 2011 മുതൽ 2014 വരെയുള്ള കാലയളവിൽ ഭാഷാധ്യാപക നിയമനത്തിന് സ്വീകരിച്ചിരുന്ന മാനദണ്ഡം എന്തായിരുന്നു;

(സി) പ്രസ്തുത കാലയളവിൽ ഓരോ സ്കൂളിനും ഭാഷാധ്യാപക തസ്തിക അനുവദിച്ചത് എത്ര കുട്ടികൾ കണക്കാക്കിയാണ്; വ്യക്തമാക്കുമോ;

(ഡി) 2014-15 വർഷം സ്കൂളുകളിൽ പുതിയ തസ്തിക സൃഷ്ടിച്ചപ്പോൾ കുറഞ്ഞത് 25 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമെ പുതിയ തസ്തിക അനുവദിക്കുകയുള്ളൂ എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധമായി എന്തെങ്കിലും ഉത്തരവ് സ്പെഷ്യൽ റൂളിന് വിരുദ്ധമായി ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; എന്തടിസ്ഥാനത്തിലാണ് ഉത്തരവിറക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഇ) ഇല്ലെങ്കിൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താതെ യാതൊരു കാരണവുമില്ലാതെ 25 കുട്ടികളിൽ കുറവുള്ള ബാച്ചുകളിൽ ഭാഷാധ്യാപക തസ്തിക തടഞ്ഞതിന്റെ കാരണം വിശദീകരിക്കുമോ;

(എഫ്) എങ്കിൽ സ്പെഷ്യൽ റൂൾസ് പ്രകാരം പഴയരീതിയിൽ തന്നെ ഭാഷാധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) നിലവിലുള്ള ഹയർ സെക്കണ്ടറി വിശേഷാൽ ചട്ടത്തിൽ ഭാഷാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എത്ര കുട്ടികളാണ് ഉണ്ടാകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ 1-10-1991-ലെ സ.ഉ.നമ്പർ 162/191/പൊ.വി.വ. ഉത്തരവ് പ്രകാരം ഭാഷാ അദ്ധ്യാപക തസ്തികയ്ക്ക് മിനിമം 10 വിദ്യാർത്ഥികൾ ഒരു ബാച്ചിലുണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) മലയാളം, ഹിന്ദി ഉപഭാഷാ അദ്ധ്യാപക നിയമനത്തിന് 25 കുട്ടികളും മറ്റ് ഉപഭാഷാ അദ്ധ്യാപക നിയമനത്തിന് 10 കുട്ടികളും എന്നതാണ് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(സി) തസ്തിക അനുവദിക്കുന്നത് പിരീഡുകളുടെ എണ്ണം കണക്കാക്കിയാണ്. മലയാളം, ഹിന്ദി ഉപഭാഷയ്ക്ക് മിനിമം 25-60 വരെ കുട്ടികളുണ്ടെങ്കിൽ ഒരു ബാച്ചായി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് ഉപഭാഷാ തസ്തിക അനുവദിക്കുന്നത്. മറ്റ് ഉപഭാഷകൾക്ക് ടി കണക്ക് 10-60 കുട്ടികൾ വരെയാണ്.

(ഡി-എഫ്) നിലവിലുള്ള ഹയർ സെക്കണ്ടറി വിശേഷാൽ ചട്ടത്തിൽ ഭാഷാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് എത്ര കുട്ടികളാണ് ഉണ്ടാകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടില്ല. 2014-15 അദ്ധ്യയന വർഷം കുട്ടികളുടെ എണ്ണം കണക്കാക്കി ഭാഷാദ്ധ്യാപക തസ്തിക അനുവദിക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

### ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

154(2654) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ക്ലറിക്കൽ തസ്തികയിലുള്ള ജീവനക്കാരുടെ അഭാവത്തിൽ ക്ലറിക്കൽ ജോലികൾ നിർവ്വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അദ്ധ്യാപകർ ക്ലറിക്കൽ ജോലിയിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാം കുമാർ മുതൽപേർ ഫയൽ ചെയ്ത WP (C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി & സി) പ്രിൻസിപ്പൽമാരാണ് മറ്റ് അദ്ധ്യാപകരുടെ സഹായത്തോടെ ക്ലറിക്കൽ ജോലികൾ ചെയ്തുവരുന്നത്.

**അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ**

155(2655) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ ഉണ്ട് ;

(ബി) പ്രസ്തുത അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ എത്ര തസ്തികകൾ ഏതെല്ലാം വിഭാഗങ്ങളിലായി ഒഴിഞ്ഞു കിടപ്പുണ്ട് എന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) സംസ്ഥാനത്ത് 14 അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുണ്ട്.

(ബി) സീനിയർ ലക്ചറർ 55, ലക്ചറർ 93 ഉൾപ്പെടെ ആകെ 148 തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡയറ്റുകളിൽ 2017-18 വർഷത്തിൽ അദ്ധ്യാപകരുടെ നിലവാരം ഉയർത്തുന്നതിലേയ്ക്കായി കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകാരം നൽകിയ താഴെ സൂചിപ്പിക്കുന്ന ശീർഷകങ്ങളിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. റിസർച്ച് &ആക്ഷൻ റിസർച്ച്
2. റിസോഴ്സ് സെന്റർ & ഡോക്യുമെന്റേഷൻ

3. ട്രെയിനിംഗ്

4. ഇന്നവേഷൻ

5. കണ്ടന്റ് & മെറ്റീരിയൽ ഡെവലപ്മെന്റ്

6. ഓൺസൈറ്റ് സപ്പോർട്ട്

7. ഡയറ്റ് ഫാക്കൽറ്റികൾക്കായുള്ള ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം.

**അദ്ധ്യാപകരുടെ സർവ്വീസ് ക്രമവൽക്കരിച്ചിറക്കിയ ഉത്തരവിലെ അനിശ്ചിതാവസ്ഥ**

156(2656) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-2011 കാലയളവിൽ നിയമിതരായ അദ്ധ്യാപകരുടെ സർവ്വീസ് ക്രമവൽക്കരിച്ചിറക്കിയ ഉത്തരവ് സംബന്ധിച്ച് ഇന്ന് ഉണ്ടായിരിക്കുന്ന അനിശ്ചിതാവസ്ഥ വ്യക്തമാക്കാമോ ;

(ബി) ഈ അധ്യാപകരുടെ സേവനവേതന വ്യവസ്ഥകളിൽ സർക്കാർ എന്ത് പരിഹാര മാർഗമാണ് നിർദ്ദേശിച്ചിരിക്കുന്നത് ;

(സി) 2006-2011-ൽ നിയമിതരായ അധ്യാപകരുടെ സീനിയോറിറ്റി പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) അദ്ധ്യാപക പാക്കേജുവഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ചവരുടെ 1-6-2011-നമുമ്പുള്ള സർവ്വീസ് നോഷണലായി അംഗീകരിക്കാൻ നിർദ്ദേശം നൽകി 16-2-2018 സ.ഉ. (പി) നമ്പർ 2/2018/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പ്രസ്തുത വിഷയത്തിൽ സുപ്രീം കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തു.

(ബി&സി) സുപ്രീംകോടതിയിൽ നിലവിലുള്ള കേസിലുണ്ടാകുന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾ പൂട്ടണമെന്ന സർക്കാർ തീരുമാനം

157(2657) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകൾ പൂട്ടണമെന്ന സർക്കാർ തീരുമാനം വർഷങ്ങളായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന ലക്ഷക്കണക്കിന് അദ്ധ്യാപകരെയും അനദ്ധ്യാപകരെയും എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള ജീവനക്കാരെ എങ്ങനെ സംരക്ഷിക്കാനാണ് ഈ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇപ്രകാരം സ്കൂളുകൾ അടച്ചു പൂട്ടുന്നതു വഴി തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാർക്ക് മറ്റെന്തെങ്കിലും ജോലി നൽകാനാകുമോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16-3-2016-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പ്രസക്തമായ എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ചാണ് അനംഗീകൃത അൺ-എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്.

## പ്രീ പ്രൈമറി ടീച്ചർമാരുടെ തസ്തികകൾ

158(2658) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി എൽ. പി. സ്കൂളുകളോട് അനുബന്ധിച്ച് പ്രീ പ്രൈമറി ടീച്ചർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

### ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയിക്കുന്നതിന് നടത്തിയ സൂപ്പർ ചെക്ക് സെൽ പരിശോധന

159(2659) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2016-2017,2017-2018 അധ്യായന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ മാനേജർമാർ വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട് എന്ന് ജില്ല തരം തിരിച്ച് സ്കൂൾ കോഡ് സഹിതം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് 2016-2017,2017-2018 അധ്യയന വർഷത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര സ്കൂളുകളിൽ സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തിയിട്ടുണ്ട് എന്ന് ജില്ല തരം തിരിച്ച് വിശദമാക്കാമോ ;

(സി) പരിശോധനയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഉണ്ടെങ്കിൽ കണ്ടെത്തിയ പരാതികൾ ജില്ല തരം തിരിച്ച് സ്കൂളിന്റെ കോഡ് സഹിതം വെളിപ്പെടുത്താമോ ;

(ഡി) ഇതിൽ മലബാർ മേഖലയിൽ എത്ര സ്കൂളുകളിൽ പരിശോധന നടത്തിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഇ) ഇതിൽ തിരുവനന്തപുരം മേഖലയിൽ എത്ര സ്കൂളുകളിൽ പരിശോധന നടത്തിയിട്ടുണ്ട് വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് 2016-17, 2017-18 അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 14 വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽനിന്നും ലഭിച്ച റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തിയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| കൊല്ലം | - | 06 |
| ആലപ്പുഴ | - | 02 |
| കോഴിക്കോട് | - | 72 |
| മലപ്പുറം | - | 32 |
| തൃശ്ശൂർ | - | 42 |
| പാലക്കാട് | - | 13 |
| കണ്ണൂർ | - | 23 |
| വയനാട് | - | 12 |
| കാസർഗോഡ് | - | 11 |

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തസ്തിക നിർണ്ണയ സൂപ്പർ ചെക്ക് പരിശോധനയ്ക്കായി മലബാർ മേഖല സൂപ്പർ ചെക്ക് സെൽ 2016-17 വർഷത്തിൽ 24-ഉം 2017-18 വർഷത്തിൽ 181-ഉം സ്കൂളുകളിൽ സന്ദർശനം നടത്തി പരിശോധന നടത്തിയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം മേഖലയിൽ സൂപ്പർ ചെക്ക് സെൽ 20 സ്കൂളുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

## മഞ്ച ലക്ഷ്മീ വിലാസത്തിൽ അർച്ചന എന്ന വിദ്യാർത്ഥിനിയുടെ ആത്മഹത്യാ ശ്രമം

160(2660) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് മഞ്ച ലക്ഷ്മീ വിലാസത്തിൽ അർച്ചന എന്ന വിദ്യാർഥിനി വെള്ളനാട് സത്യസായി ഇംഗ്ലീഷ് മീഡിയം സ്കൂൾ അധികൃതരുടെ പീഡനത്തെ തുടർന്ന് ആത്മഹത്യക്ക് ശ്രമിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ സ്കൂൾ അധികൃതരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. തിരുവനന്തപുരം വെള്ളനാട് സത്യസായി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗം വിദ്യാർത്ഥിനിയായ കുമാരി അർച്ചന ആത്മഹത്യാ ശ്രമം നടത്തിയതുമായി ബന്ധപ്പെട്ട് സി.ഐ.ഡി. സ്പെഷ്യൽ ബ്രാഞ്ചിലെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 18-11-2017-ലെ 2434/ ഡിവൈ.എസ്.പി./ എസ്.ബി.റ്റി.ആർ./ 2017 പ്രകാരം ടി സ്കൂൾ അദ്ധ്യാപകർക്ക് കൗൺസിലിംഗ് നൽകണമെന്ന് ശിപാർശ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വിജിലൻസ് വിഭാഗത്തിൽ ലഭിക്കുകയും ആയതിൽ അന്വേഷണം നടത്തി ടി സ്കൂളിന്റെ അംഗീകാരം സംബന്ധിച്ച വിവരങ്ങളടക്കം ശേഖരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കണ്ടറി - പൊതുവിദ്യാഭ്യാസ ലയനം**

161(2661) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വകുപ്പും-പൊതു വിദ്യാഭ്യാസ വകുപ്പും തമ്മിൽ ലയിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഘടനാപരവും അക്കാദമികവുമായ മാറ്റങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. എം. എ. ഖാദർ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോം വിതരണം**

162(2662) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂൾ കുട്ടികൾക്ക് നല്കുവാനുള്ള യൂണിഫോമിനുവേണ്ടിയുള്ള തുണി വിതരണത്തെ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2018-19 അദ്ധ്യയന വർഷത്തിൽ സർക്കാർ മേഖലയിലെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും 1 മുതൽ 7 വരെയും 5 മുതൽ 7 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി സ്കൂളുകളിലാണ് സൗജന്യ കൈത്തറി യൂണിഫോം വിതരണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി സ്കൂൾ തലത്തിൽ നൽകേണ്ട കൈത്തറി തുണിയുടെ നിറം തെരഞ്ഞെടുത്ത് KITE തയ്യാറാക്കിയ software ഉപയോഗിച്ച് ക്രോഡീകരിക്കുകയും കൈത്തറി ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആകെ 18,20,737.9 മീറ്റർ തുണിയാണ് അടുത്ത അദ്ധ്യയന വർഷത്തിൽ ആവശ്യമുള്ളതായി കണക്കാക്കിയിട്ടുള്ളത്.

**ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ വിഭജനം**

163(2663) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ വിഭജനം ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് വിഭജനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്‌വേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) വിദ്യാർത്ഥികളുടെ എണ്ണം, സ്കൂളുകളുടെ എണ്ണം എന്നിവ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ ഏറ്റവും വലിയ അഞ്ച് വിദ്യാഭ്യാസ ഉപജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിദ്യാഭ്യാസ ഉപജില്ലകളുടെ വിഭജനം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) വിദ്യാർത്ഥികളുടെയും സ്കൂളുകളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഉപജില്ലകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കെ.ഇ.ആർ. ഭേദഗതി ഉത്തരവ് തിരുത്താൻ നടപടി**

164(2664) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3-12-2016-ലെ 199/2016 നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കെ.ഇ.ആർ. ഭേദഗതിക്ക് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയത് കാരണം 1-6-2016 മുതൽ 2-12-2016 വരെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാത്തതിനാൽ ശമ്പളം ലഭിക്കാതെ പ്രയാസം അനുഭവിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.ഇ.ആർ. ഭേദഗതി ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയ നടപടി തിരുത്തി ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.ഇ.ആർ. ഭേദഗതിമൂലം നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമില്ല. 3-12-2016-ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ. പ്രകാരമുള്ള കെ.ഇ.ആർ. ഭേദഗതിക്ക് 29-1-2016 മുതൽ മുൻകാല പ്രാബല്യം നൽകിയിരുന്നു. ടി ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക സംരക്ഷണത്തിനും നിയമനങ്ങൾക്കുമുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് 3-12-2016-ലെ ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നത്. ആയതിനാൽ ഈ ഭേദഗതികൾക്ക് നൽകിയ മുൻകാല പ്രാബല്യം (29-1-2016) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഈ കെ.ഇ.ആർ. ഭേദഗതിക്കുള്ള മുൻകാല പ്രാബല്യം ചട്ടവിരുദ്ധമല്ല. 29-1-2016-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തപ്പെട്ട നിയമനങ്ങളുടെ അംഗീകാരങ്ങളൊന്നും തടസ്സപ്പെടുന്നില്ല.

(ബി) ഇപ്പോൾ ഈ കെ.ഇ.ആർ. ഭേദഗതി ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്. ഭേദഗതി ഉത്തരവിന്റെ മുൻകാല പ്രാബല്യം മാറ്റുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾ**

165(2665) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ എണ്ണം എൽ.പി., യു. പി., ഹൈസ്കൂൾ തിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

| | | |
|---|---|---|
| (എ) എൽ. പി. സ്കൂളുകൾ | - | 69 |
| യു. പി. സ്കൂളുകൾ | - | 18 |
| ഹൈസ്കൂളുകൾ | - | 2 |

(ബി&സി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഡയറ്റിൽ അദ്ധ്യാപക നിയമനം**

166(2666) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറ്റിൽ (District Institute of Education and Training) അദ്ധ്യാപക നിയമനം നടത്തുന്നത് പി.എസ്.സി മുഖേനയാണോ;

(ബി) അല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഡയറ്റ് നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയത് രൂപപ്പെടുത്താൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഡയറ്റിലെ ലക്ചറർ തസ്തികയിലെ 50 ശതമാനം ഒഴിവുകൾ പി.എസ്.സി. മുഖേനയും 50 ശതമാനം ഒഴിവുകൾ യോഗ്യരായ അദ്ധ്യാപകരിൽ നിന്ന് ബൈ-ട്രാൻസ്ഫർ മുഖേനയുമാണ് നിയമനം നടത്തേണ്ടത്.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

## കൊട്ടാരക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ

167(2667) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇവയിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) നവീകരണത്തിലൂടെ ഉപയോഗപ്രദമാക്കാൻ കഴിയുന്ന എത്ര കെട്ടിടങ്ങൾ ഉണ്ട് ; ആയതിലേയ്ക്ക് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ജില്ലാ വിദ്യാഭ്യാസ ഓഫീസ് | - | 1 |
| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് | - | 2 |
| ഹൈസ്കൂൾ | - | 5 |
| യു.പി. സ്കൂൾ | - | 9 |
| എൽ.പി. സ്കൂൾ | - | 39 |
| അദ്ധ്യാപക പരിശീലന കേന്ദ്രം | - | 1 |

ടി ഓഫീസുകൾക്കും അദ്ധ്യാപക പരിശീലന കേന്ദ്രത്തിനുമായി 1.96 ഏക്കർ വസ്തുവും 13000 ചതുരശ്ര അടി കെട്ടിടവും ഹൈസ്കൂളിൽ 14.08 ഏക്കർ വസ്തുവും 127000 ചതുരശ്ര അടി കെട്ടിടവും നിലവിലുണ്ട്. യു. പി. സ്കൂളുകൾക്ക് 7.66 ഏക്കർ വസ്തുവും അതിൽ 24 കെട്ടിടങ്ങളും എൽ. പി. സ്കൂളുകൾക്ക് 23.25 ഏക്കർ 92 കെട്ടിടങ്ങളും നിലവിലുണ്ട്.

(ബി) ഗവൺമെന്റ് എൽ. പി. സ്കൂൾ ഇരിങ്ങൂർ, ഗവൺമെന്റ് എൽ. പി. സ്കൂൾ അയിക്കള്ളൂർ, ജി.ഡബ്ല്യൂ.എൽ.പി. സ്കൂൾകുളക്കട ഈസ്റ്റ്.

(സി) വിവിധ സ്കൂളുകളിലായി ഏകദേശം 12500 ച. അടി വരുന്ന കെട്ടിടങ്ങളുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ലഭിക്കുന്ന പക്ഷം സർക്കാർ ആയത് പരിശോധിക്കുന്നതാണ്.

## സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

168(2668) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാചകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) പാചകത്തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമോ;

(സി) ഇവർക്ക് നിലവിൽ ഏതെങ്കിലും തരത്തിലുള്ള ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) പാചകത്തൊഴിലാളികളെ മിനിമം വേജസ് ആക്റ്റിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ക്ഷേമനിധി/ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിൽവരുത്തുന്നതും സംബന്ധിച്ച വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഫയൽ പെൻഡിംഗ്

169(2669) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പെൻഷൻ പറ്റിയ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെ എത്ര ഫയലുകൾ തീർപ്പാകാതെ കിടക്കുന്നു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യം ബന്ധപ്പെട്ട അദ്ധ്യാപകരെ അറിയിച്ചിട്ടുണ്ടോ;

(ബി) ഓരോ ഫയലും എത്ര മാസമായി സെക്ഷനിൽ പെൻഡിങ്ങിൽ ഇരിക്കുന്നു എന്നറിയിക്കാമോ;

(സി) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ അക്കൗണ്ട്സ് വിഭാഗം ഇവ യഥാസമയം ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിലെ ന്യൂനതകൾ ബന്ധപ്പെട്ട കക്ഷികളെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) കാര്യക്ഷമതയില്ലാത്ത ജീവനക്കാരാണ് ഇവിടെയിരിക്കുന്നതെങ്കിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ തിരികെ മാതൃ സ്ഥാപനങ്ങളിലേക്ക് അയക്കുന്നതിന് നടപടി സ്വീകരിക്കുമോ; എത്ര ഡെപ്യൂട്ടേഷൻ ജീവനക്കാർ ഈ ഓഫിസിൽ ജോലി നോക്കുന്നു എന്നറിയിക്കാമോ;

(ഇ) ജീവനക്കാരുടെ കാര്യക്ഷമത കുറവിനെതിരെ പ്രതിഷേധിച്ച അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യം തടഞ്ഞുവയ്ക്കുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ; ഒരോ സീറ്റിലും എത്ര വർഷമായി ജീവനക്കാർ സീറ്റ് മാറാതെയും സ്ഥലമാറ്റം ഇല്ലാതെയും ഇരിക്കുന്നു എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പെൻഷൻ പറ്റിയ 23 പ്രിൻസിപ്പാൾമാരുടെ ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട്. ഇവരുടെ സ്കൂളിൽ നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ സർക്കാരിലേയ്ക്കുള്ള സാമ്പത്തിക സാദ്ധ്യതകൾ സംബന്ധിച്ചും ക്രമവിരുദ്ധമായ പ്രവൃത്തികൾ സംബന്ധിച്ചും ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതാണ് ഇവരുടെ കേസ് തീർപ്പാക്കുന്നതിലെ തടസ്സം.

(ഡി) അക്കൗണ്ട്സ് ഓഫീസർ മാത്രമാണ് ചെങ്ങന്നൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നത്. മറ്റുള്ളവർ വകുപ്പിലെ ജീവനക്കാരാണ്.

(ഇ) ജീവനക്കാരുടെ അപര്യാപ്തത മൂലമല്ലാതെ മറ്റെന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായാൽ ആയത് ഗൗരവമായികണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ഓഫീസിലെ ജീവനക്കാരുടെ സീറ്റ് മാറ്റി 5-6-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**യു. ജി. സി. ശമ്പള സ്കെയിൽ**

170(2670) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകർക്കും, സർവ്വകലാശാല അദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും പുതുക്കിയ യു.ജി.സി. ഗ്രാന്റ്സ് കമ്മീഷൻ ശമ്പളസ്കെയിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശമ്പള സ്കെയിൽ നടപ്പിലാക്കിയെങ്കിലും ഇതുമൂലമുണ്ടാകുന്ന അധിക ബാധ്യതയുടെ 50 ശതമാനം മാത്രമേ കേന്ദ്രം വഹിക്കുകയുള്ളൂ എന്നും ശേഷിക്കുന്ന തുക സംസ്ഥാന സർക്കാരും സർവ്വകലാശാലകളും കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ തവണ യു.ജി.സി. ശമ്പള സ്കെയിൽ നടപ്പിലാക്കിയപ്പോൾ അഞ്ചു വർഷം അധികബാധ്യതയുടെ 80 ശതമാനം കേന്ദ്ര സർക്കാർ നൽകുകയുണ്ടായോ;

(ഡി) പുതുക്കിയ മാനദണ്ഡപ്രകാരം സംസ്ഥാന സർക്കാരിന്റെയും യൂണിവേഴ്സിറ്റികളുടെയും ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടില്ല.

(ഡി) സാമ്പത്തിക ബാദ്ധ്യത തയ്യാറാക്കി സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിരിക്കുകയാണ്.

**ബി. വോക് കോഴ്സുകൾ**

171(2671) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ഏതെല്ലാം എയ്ഡഡ് കോളേജുകളിൽ ബി.വോക് കോഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്; എങ്കിൽ എത്ര കോഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും ഏതെല്ലാം കോഴ്സുകൾക്ക് യൂണിവേഴ്സിറ്റി അഫിലിയേഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) യു.ജി.സി ധനസഹായം നിർത്തുന്ന മുറയ്ക്ക് ബി.വോക് കോഴ്സുകൾ എയ്ഡഡ് ആക്കാൻ എത്ര കോളേജുകൾ അഭ്യർത്ഥിച്ചിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്ത കോളേജിൽ ഇത്തരം കോഴ്സുകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര; വളരെയധികം ആവശ്യക്കാരുള്ള ഇത്തരം കോഴ്സുകൾ റഗുലറൈസ് ചെയ്ത് എയ്ഡഡ് ആക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) യു.ജി.സി ധനസഹായം നിർത്തിയശേഷം ബി.വോക് കോഴ്സുകൾ തുടരുന്ന കോളേജുകൾ എത്രയാണ്; അത്തരം കോളേജുകളിലെ വിദ്യാർത്ഥികൾ അഡ്മിഷൻ ഫീ, എക്സാം ഫീ എന്നീ ഇനങ്ങളിൽ എത്ര തുക യൂണിവേഴ്സിറ്റിയിലേക്ക് അടച്ചിട്ടുണ്ടെന്നും ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ എനത്തിൽ എത്ര തുക ഗവൺമെന്റിലേക്ക് അടച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റും യൂണിവേഴ്സിറ്റിയും എത്ര തുക കോളേജുകളിലേയ്ക്ക് കോഴ്സിന്റെ നടത്തിപ്പിനായി നൽകിയിട്ടുണ്ടെന്നും അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും നിലവിൽ ശമ്പളം നൽകുന്നതാരാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല.

(സി) കുട്ടികളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. എയ്ഡഡ് ആക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ജീവനക്കാരുടെ ശമ്പള ഇനത്തിൽ സർവ്വകലാശാല കോളേജുകൾക്ക് ധനസഹായം നൽകുന്നില്ല. ആദ്യ മൂന്ന് വർഷങ്ങളിൽ യു.ജി.സി. ധനസഹായ ത്തോടുകൂടിയും തുടർന്ന് സ്വാശ്രയ രീതിയിലുമാണ് കോഴ്സ് നടത്തിപ്പിനുള്ള തുക കണ്ടെത്തുന്നത്.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ**

172(2672) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഉന്നത വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം പരിഷ്കാരങ്ങൾ കൊണ്ടുവന്നുവെന്ന് അറിയിക്കുമോ ;

(ബി) ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. കേരളത്തിലെ സർക്കാർ കോളേജുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി എറണാകുളം മഹാരാജാസ് കോളേജ് ഡിജിറ്റലൈസ് ആക്കുന്നതിനും ആട്ടോണമി ആക്കുന്നതിനുമായി 2016-17 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപയും 2017-18 വർഷത്തിൽ 100 ലക്ഷം രൂപയും അനുവദിച്ചു.

2. 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ സർക്കാർ കോളേജുകളിലായി പുതിയ 11 കോഴ്സുകളും അവയുടെ പഠനത്തിനായി 37 തസ്തികകളും സൃഷ്ടിച്ചു.

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം കേരളത്തിലെ വിവിധ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലായി 256 അദ്ധ്യാപകരെയും 407 അനദ്ധ്യാ പകരെയും നിയമിച്ചു.

4. ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതിക്കും ആധുനികവത്ക്കരണത്തിനുമായി കിഫ്ബിയുടെ സഹായത്തോടെ 5 പൈതൃക കോളേജുകൾ ഉൾപ്പെടെ 52 കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2016-17, 2017-18 വർഷങ്ങളിലെ പ്ലാൻ ഫണ്ട് സ്കീമുകളിലെ തുകയോടൊപ്പം കിഫ്ബി ഫണ്ടും ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകി.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശ രേഖകൾ (Title deed കൈവശാവകാശ സർട്ടിഫിക്കറ്റ്, സ്കെച്ച്, പ്ലാൻ, മാപ്പ്, underground utility location) എന്നിവ ലഭ്യമാക്കുകയെന്ന വലിയ ലക്ഷ്യത്തോടെ ഒരു പ്രോപ്പർട്ടി മാനേജ്മെന്റ് സെൽ രൂപീകരിച്ചു.

6. ഗിരിവർഗ്ഗ പ്രാമുഖ്യമുള്ള പ്രദേശങ്ങളായ അട്ടപ്പാടി, മൂന്നാർ, കട്ടപ്പന തുടങ്ങിയ പ്രദേശങ്ങളിലെ സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു.

7. ഉന്നത വിദ്യാഭ്യാസ രംഗത്തെ കോളേജുകളുടെ ഗ്രേഡിംഗ് സമ്പ്രദായം അനുസരിച്ച് 29 കോളേജുകളെ NAAC അക്രഡിറ്റേഷന്റെ പരിധിയിൽ കൊണ്ടുവന്നു.

8. സംസ്ഥാനത്തെ മുഴുവൻ എയ്ഡഡ് കോളേജുകളിലെയും അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് GAINPF (Government Aided Institution Provident Fund) മുഖേന ഓൺലൈൻ ക്രെഡിറ്റ് കാർഡ് നൽകുന്നതിനും അതുവഴി പി.എഫ്. വിതരണത്തിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും പ്രൈവറ്റ് എയ്ഡഡ് കോളേജ് ജീവനക്കാരുടെ പി.എഫ്. ആനുകൂല്യങ്ങളായ NRA, Closure, T.A., Admission എന്നിവ പൂർണ്ണമായും Online Software വഴി നടപ്പിലാക്കുവാൻ കഴിഞ്ഞു.

9. സ്വന്തമായി കെട്ടിടം ഇല്ലാത്ത എല്ലാ ഗവൺമെന്റ് കോളേജുകൾക്കും വിവിധ ഫണ്ടുകൾ ഏകോപിപ്പിച്ച് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

10. സർക്കാർ കോളേജുകളിലെ ഹോം സയൻസ്, സൈക്കോളജി, ബോട്ടണി എന്നീ വിഷയങ്ങളിലെ നേട്ടങ്ങൾ സാധാരണക്കാരായ ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി RUSA-യുടെ ആഭിമുഖ്യത്തിൽ 2018 ഫെബ്രുവരിയിൽ എല്ലാ ജില്ലകളിലും "ശാസ്ത്രയാൻ" പദ്ധതി നടപ്പിലാക്കി.

11. സർക്കാർ എയ്ഡഡ് മേഖലയിൽ പീരുമേട് എസ്.എൻ. ആർട്സ് & സയൻസ് കോളേജും മുണ്ടക്കയത്ത് ശ്രീ. സാരാഭായ് ആർട്സ് & സയൻസ് കോളേജും അനുവദിച്ചു.

12. എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയും തുടർന്ന് പുതിയതായി സൃഷ്ടിച്ച തസ്തികകളിലേയ്ക്ക് നിയമനങ്ങളും പ്രൊമോഷനുകളും നടത്തുകയും ചെയ്തുവരുന്നു.

13. കിഫ്ബിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി എഞ്ചിനീയറിംഗ് കോളേജുകളിൽ 75 കോടി രൂപയും പോളിടെക്നിക്കുകൾക്ക് 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പഠന നിലവാരം ഉറപ്പുവരുത്താനും ദേശീയ അന്തർദ്ദേശിയതല അംഗീകാരം ഉറപ്പാക്കാനും അക്രഡിറ്റേഷൻ നടപടികൾ പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജുകളിൽ 2017-18 മുതൽ സ്വീകരിച്ചിട്ടുണ്ട്. പുതുതലമുറയിലെ എഞ്ചിനീയർമാർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനും റോബോട്ടിക്സ്,

ആട്ടോമേഷൻ തുടങ്ങിയ നൂതന സാങ്കേതിക വിദ്യയിൽ പ്രാവീണ്യരാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് "റോബോട്ടിക്സ് ലാബുകൾ" സർക്കാർ പോളിടെക്നിക്കുകളിൽ സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമൂഹത്തിനാവശ്യമുള്ള ഗുണ നിലവാരമുള്ള ഗവേണഷ പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിനും ഇന്റർഡിസിപ്ലിനറി സ്വഭാവമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 2018-19-ൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഭാരതത്തിലും വിദേശത്തുമുള്ള പ്രശസ്തമായ സർവ്വകലാശാലകളിൽ വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ പങ്കെടുക്കാനുള്ള അവസരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപന രീതിയിൽ ആധുനിക പരിശീലനം അദ്ധ്യാപകർക്ക് നൽകുന്നതിനായും സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലുമായി സംയോജിപ്പിച്ച് അക്കാദമിക് സ്റ്റാഫ് കോളേജ് 2018-19 -ൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ പുതിയ രണ്ട് സബ് സെന്ററുകൾ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാടും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിയിലും ആരംഭിച്ചിട്ടുണ്ട്.

## സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം

173(2673) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ അൺ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വയംഭരണാവകാശം ലഭിച്ച ഏതെങ്കിലും എയ്ഡഡ് കോളേജുകൾ ഇതിന് വിരുദ്ധമായി അൺ എയ്ഡഡ് കോഴ്സുകൾ സ്വന്തം നിലയിൽ ആരംഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) ഉണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഇല്ലാതാക്കുന്നതിന് യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾ**

174(2674) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് യു.ജി.സി. എന്തെങ്കിലും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വംശീയവും, ഭാഷാപരവും, ജാതീയവുമായ അതിക്രമങ്ങൾക്കെതിരെയും ലൈംഗീക അതിക്രമങ്ങൾക്കെതിരെയും വിവിധ പരിപാടികൾ ക്യാമ്പസുകളിൽ സംഘടിപ്പിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) കുട്ടികളിൽ ജനാധിപത്യം, പരസ്പര ബഹുമാനം, അക്രമരാഹിത്യം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കേരള സർവ്വകലാശാലയിൽ ബയോ ഇൻഫർമാറ്റിക്സിന് പഠിക്കുന്ന ആന്ധ്രാപ്രദേശ് സ്വദേശിയായ പട്ടിക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയെ 2016 ഒക്ടോബറിൽ ഹോസ്റ്റലിൽ വച്ച് ക്രൂരമായി റാഗിംഗിന് ഇരയാക്കി എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയോ; കുറ്റക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രതികളായ വിദ്യാർത്ഥികൾ ഏത് വിദ്യാർത്ഥി സംഘടനയിലെ അംഗങ്ങളാണെന്ന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. യു.ജി.സി. 2009-ൽ ആന്റി റാഗിംഗുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച റെഗുലേഷന് 2016-ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഭേദഗതി പ്രകാരം നിറത്തിന്റെയോ വർഗ്ഗത്തിന്റെയോ മതത്തിന്റെയോ ജാതിയുടെയോ

ജെന്ററിന്റെയോ ദേശീയതയുടെയോ പ്രദേശത്തിന്റെയോ ഭാഷയുടെയോ സാമ്പത്തിക സ്ഥിതിയുടെയോ പേരിലുള്ള അധിക്ഷേപങ്ങളും കളിയാക്കലുകളും ആന്റി റാഗിംഗ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി അപ്പീൽ നമ്പർ 887/2009-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ റാഗിംഗിനെതിരെ കാമ്പസുകളിൽ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു. ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ആക്ഷൺ ടേക്കൺ റിപ്പോർട്ടുകൾ സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് സമർപ്പിക്കണമെന്നും സർവ്വകലാശാല രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടികളിൽ ജനാധിപത്യം, പരസ്പര ബഹുമാനം, അക്രമരാഹിത്യം തുടങ്ങിയവ പരിപോഷിപ്പിക്കുന്നതിന് വിവിധ സർവ്വകലാശാലകൾ യുവജന ക്ഷേമബോർഡ്, എൻ.എസ്.എസ്. യൂണിറ്റ്, സ്റ്റുഡന്റ്സ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി&ഇ) കേരള സർവ്വകലാശാലയിലെ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് വിദ്യാർത്ഥിയായ ശ്രീ. രാജേഷ് ബാബു റാഗിംഗിന് വിധേയനായി എന്നൊരു പരാതി കേരള സർവ്വകലാശാല വൈസ് ചാൻസിലർക്ക് ലഭിച്ചതിന്മേൽ രജിസ്ട്രാർ പ്രാഥമികാന്വേഷണം നടത്തുകയും രാഹുൽ ജി. ദേവ് എന്ന രണ്ടാം വർഷ എം.എ. വിദ്യാർത്ഥിയെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ഹോസ്റ്റലിൽ നിന്നും പുറത്താക്കുകയും ചെയ്തു.

### ഉന്നതവിദ്യാഭ്യാസ മേഖലയിൽ റൂസ പദ്ധതി

175(2675) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂസ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗവേഷണം, നൂതന ആശയങ്ങൾ എന്നിവയിൽ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇതിലൂടെ എത്ര നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ എത്രമാത്രം വിജയം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) സർവ്വകലാശാലകൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനും റൂസ പദ്ധതി എത്രമാത്രം സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) റൂസ പദ്ധതി പ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.
2. കേരള സർവ്വകലാശാലയിലെ യു.ജി.സി. അക്കാദമിക് സ്റ്റാഫ് കോളേജിന് അദ്ധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.
3. സർവ്വകലാശാലകൾ/കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർ ദ്ദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.
4. മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന് 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
5. 30 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.
6. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി-നിലവിൽ 18 ഗവൺമെന്റ് കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.
7. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവൺമെന്റ് കോളേജുകളിൽ ഇ-ജേർണലും ലാപ്ടോപ്പും നൽകി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.
8. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 40 ഗവൺമെന്റ് കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും സോഫ്റ്റ്‌വെയറും നൽകുന്ന പദ്ധതി.
9. 'ശാസ്ത്രയാൻ പദ്ധതി 2018'- സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി.

(ബി) 'ശാസ്ത്രയാൻ 2018 ' എന്ന പദ്ധതി ഒരു നൂതന ആശയമായി റൂസ വഴി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സർവ്വകലാശാലകളുടെയും കോളേജുകളുടെയും അക്കാദമിക്-ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള

"ഓപ്പൺ ഹൗസ്" പ്രോഗ്രാമാണ് ശാസ്ത്രയാൻ. പ്രസ്തുത പദ്ധതിയിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും സമീപ പ്രദേശത്തുള്ള പൊതുസമൂഹത്തിന് സ്ഥാപനം നേടിയ ഗവേഷണ നേട്ടങ്ങൾ നേരിട്ട് അനുഭവിക്കാൻ സാധിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ റൂസ ആരംഭിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാനുള്ള പദ്ധതി കേരള റൂസ MHRD -ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായിട്ടില്ല.

(ഡി) ഉണ്ട്. സംസ്ഥാനത്തെ 6 യൂണിവേഴ്സിറ്റികളിലും 20 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലും കേരള യൂണിവേഴ്സിറ്റിക്ക് കീഴിലെ യു.ജി.സി. അക്കാദമിക് സ്റ്റാഫ് കോളേജിനും റൂസയുടെ ധനസഹായം പ്രത്യേകിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനുമായി നൽകിവരുന്നു. പൊതുവിൽ പ്രസ്തുത തുകയുടെ 35 ശതമാനം പുതിയ നിർമ്മാണ പ്രവൃത്തികൾക്കും 35 ശതമാനം പുനരുദ്ധാരണ പ്രവൃത്തികൾക്കും 30 ശതമാനം അക്കാദമിക് മികവ് ഉയർത്തുവാൻ വേണ്ട വാങ്ങലുകൾക്കുമാണ് പ്രസ്തുത ധനസഹായം വിനിയോഗിക്കുന്നത്. അനുവദിക്കപ്പെട്ട തുക മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കാനുള്ള രണ്ടാം ഘട്ടം, മൂന്നാം ഘട്ടം തുകയും റൂസ അനുവദിച്ചിട്ടുണ്ട്.

**ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ഭൗതിക സാഹചര്യങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി**

176(2676) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുള്ള ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കെട്ടിടം അടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഉദുമ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ള ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളുടെ വികസന പദ്ധതി KIIFB-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. KIIFB പദ്ധതിയിൽ ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. 16-6-2017-ലെ 1131/2017/ H.Edn. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ഉൾപ്പെടെയുള്ള കേരളത്തിലെ 69 ഗവൺമെന്റ് കോളേജുകളുടെ (48 ആർട്സ് ആന്റ് സയൻസ് കോളേജുകൾ, 5 പൈതൃക കോളേജുകൾ, 7 എഞ്ചിനീയറിംഗ് കോളേജുകൾ, 9 പോളിടെക്നിക് കോളേജുകൾ) അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള DPR തയ്യാറാക്കുന്നതിനായി കിറ്റ്കോയെ ചുമതല പെടുത്തിയിട്ടുണ്ട്.

(ബി) KIIFB പദ്ധതിയിലുൾപ്പെടുത്തി ഉദുമ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് 885 ലക്ഷം രൂപയുടെ നീക്കിയിരുപ്പ് നടത്തിയിട്ടുണ്ട്. 3-3-2018-ൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വച്ചുനടന്ന മീറ്റിംഗിൽ കോളേജിന്റെ വികസന പ്രവർത്തനത്തിന്റെ രൂപരേഖ അവതരിപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഓഡിറ്റോറിയം, അഡ്മിൻ/അക്കാദമി ബ്ലോക്ക്, ലൈബ്രറി, രണ്ടാം ഘട്ടത്തിൽ ഹോസ്റ്റൽ ബ്ലോക്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് കാന്റീൻ, പി.ജി. ബ്ലോക്ക്, ഇൻഡോർ സ്റ്റേഡിയം, ലേഡീസ് റെസ്റ്റ് റൂം, പ്രിൻസിപ്പൽ ക്വാർട്ടേഴ്സ്, പ്ലേ ഗ്രൗണ്ട് മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ**

177(2677) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത -സാങ്കേതിക വിദ്യാഭ്യാസമേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടു വരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ട് വച്ച ശിപാർശകൾ വിശദീകരിക്കുമോ; ഈ ശിപാർശകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് നടപ്പിലാക്കുവാൻ ഏതെങ്കിലും എജൻസികളെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം മാറ്റങ്ങൾ കൊണ്ടുവരാൻ നീതി ആയോഗ് എന്തെങ്കിലും മാർഗ്ഗനിർദേശം മുന്നോട്ട് വച്ചിട്ടുണ്ടോ ; ഇതു സംബന്ധമായ എന്തെങ്കിലും കത്തുകളോ നിർദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഗുണഫലങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി അദ്ധ്യാപന-പഠന പ്രക്രിയ, ഗവേഷണം, അടിസ്ഥാന സൗകര്യം, നൈപുണ്യ വികസനം, നവീകരണം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രത്യേക ശിപാർശകൾ നടത്തിയിട്ടുണ്ട്.

<u>പ്രധാന ശിപാർശകൾ - ഉന്നത വിദ്യാഭ്യാസം</u>

ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവച്ച ശിപാർശകൾ താഴെപ്പറയുന്നവയാണ് :

1. മാസ്സിവ് ഓപ്പൺ ഓൺലൈൻ പ്രോഗ്രാമുകൾ (MOOCS)
2. ദേശീയ വിജ്ഞാന ശൃംഖല (എൻ.കെ.എൻ)
3. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC)
4. ശരിയായ അദ്ധ്യാപക -വിദ്യാർത്ഥി അനുപാതം ഉറപ്പാക്കുക.
5. വ്യവസായ-വിദ്യാർത്ഥി-സർവ്വകലാശാല ബന്ധം
6. വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും സംയോജനവും പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
7. അന്തർ സർവ്വകലാശാല സെന്ററുകൾ കൂടുതൽ വിഭവങ്ങൾ ഉപയോഗിച്ച് ശക്തിപ്പെടുത്തുക.
8. നൈപുണ്യശേഷി വികസന സംരംഭങ്ങൾ ആരംഭിക്കുക.
9. വിദ്യാർത്ഥികൾക്ക് വിവിധ ജോലികളിലുള്ള പരിശീലനവും അപ്രന്റീസ് ഷിപ്പും.
10. വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ
11. ഫാക്കൽറ്റി സപ്പോർട്ട് പ്രോഗ്രാമുകൾ, എമേരിറ്റസ് പ്രൊഫസ്സർഷിപ്പ്
12. സ്കോളർഷിപ്പ്, ഗ്രാന്റുകളും മറ്റ് ധനസഹായങ്ങളും വിദ്യാർത്ഥികൾക്ക് നൽകുക.

സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കേരള സംസ്ഥാന ആസൂത്രണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവച്ച ശിപാർശകൾ താഴെപ്പറയുന്നവയാണ് :

1. എൻ.എസ്.ക്യൂ.എഫ്.-മായി ചേർന്ന് ഒരു ക്വാളിറ്റി അഷ്വറൻസ് ഫ്രെയിം വർക്ക് വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

2. പ്രൊഫഷണൽ/വൊക്കേഷണൽ എഡ്യൂക്കേഷൻ ട്രെയിനിംഗിൽ (ടി.വി.ഇ.ടി.) മിനിസ്റ്റീരിയൽ, അക്കാദമിക് ഉദ്യോഗസ്ഥർ എന്നിവർക്കായി പ്രൊഫഷണൽ ആന്റ് കരിയർ ഡെവലപ്മെന്റ് പോളിസി (പി.സി.ഡി.) വികസിപ്പിക്കുക.

3. ആർ.ആന്റ്ഡി. ഇൻസ്റ്റിറ്റ്യൂട്ടുകളും വൊക്കേഷണൽ വിദ്യാഭ്യാസ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിന് ഒരു സംഘടന രൂപീകരിക്കുക.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും വ്യവസായത്തിൽ തൊഴിൽ പരിശീലനം നേടിയ വ്യക്തികളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ദേശീയ തലത്തിലോ ആഗോള തലത്തിലോ അക്രെഡിറ്റേഷൻ ലഭിച്ച വൊക്കേഷണൽ കേന്ദ്രീയ തൊഴിൽ പരിശീലന നിലവാര വ്യവസ്ഥ കൊണ്ടുവരിക.

5. പ്രാദേശിക അന്തർദ്ദേശീയ ജോലി സാദ്ധ്യതകൾ പരിഗണിച്ചുകൊണ്ടുള്ള പരിശീലന ആവശ്യകത വിശകലനം ചെയ്യുക.

ഈ ശിപാർശകൾ പ്രാവർത്തികമാക്കാൻവേണ്ടി പ്രസ്തുത പദ്ധതി/ പരിപാടികൾ വാർഷിക പദ്ധതി വഴി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇത് നടപ്പിലാക്കാൻ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശാസ്ത്രയാൻ പദ്ധതി**

178(2678) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആർജ്ജിക്കുന്ന സാങ്കേതിക വിദ്യയും ഗവേഷണ ഫലവും സമൂഹവുമായി പങ്കുവയ്ക്കുന്ന ശാസ്ത്രയാൻ എന്ന പേരിലുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുവാൻ 'റൂസ' യിൽനിന്നും ധനസഹായം ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴ് സർവ്വകലാശാലകൾക്ക് മൂന്ന് ലക്ഷം രൂപ വീതവും നാക് അക്രഡിറ്റേഷനുള്ള ഏഴ് സ്പെഷ്യൽ ഗ്രേഡ് കോളേജുകൾക്ക് 2.5 ലക്ഷം രൂപ വീതവും 28 കോളേജുകൾക്ക് 2 ലക്ഷം രൂപ വീതവും 'റൂസ' പദ്ധതി പ്രകാരം ശാസ്ത്രയാൻ പദ്ധതിക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

**പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ എം.എ. മലയാളം കോഴ്സ്**

179(2679) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ഗവ. വിക്ടോറിയ കോളേജിൽ എം.എ. മലയാളം കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ എം.എ. മലയാളം കോഴ്സ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**കോളേജുകളിലെ താത്കാലിക അദ്ധ്യാപകർക്ക് നിശ്ചിത വേതനം**

180(2680) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ശമ്പളം കിട്ടാത്ത താത്ക്കാലിക അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-ൽ അനുവദിച്ച പുതിയ കോളേജുകളിലും 2012-ൽ അനുവദിച്ച പുതിയ കോഴ്സുകളിലും അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സ്വകാര്യ, സർക്കാർ കോളേജുകളുടെ എണ്ണം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ എത്ര തസ്തികകളിൽ സ്ഥിരം അദ്ധ്യാപകരില്ല എന്ന് വ്യക്തമാക്കാമോ;

(ഡി) അഞ്ച് കൊല്ലത്തിനിടെ ഈ കോളേജുകളിൽ എത്ര കോഴ്സുകൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ; ഈ കോഴ്സുകൾക്ക് വേണ്ട തസ്തികകളുടെ എണ്ണവും സർക്കാർ അനുവദിച്ച തസ്തികകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) എയ്ഡഡ് കോളേജുകളിലെ താത്ക്കാലിക അദ്ധ്യാപകർക്ക് ഓണം അലവൻസ് പലയിടത്തും നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഏത് വർഷത്തിൽ നിശ്ചയിച്ച വേതനമാണ് ഇപ്പോൾ സർക്കാർ കോളേജുകളിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഗസ്റ്റ് അധ്യാപകരുടെ വേതനം പരിഷ്കരിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ഫയലുകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇവയുടെ നിലവിലെ സ്ഥിതിയും ഫയൽ തീരുമാനത്തിന് താമസം വന്നെങ്കിൽ കാരണവും വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ കോളേജുകളിൽ ശമ്പളം ലഭിക്കാതെ താല്കാലിക അദ്ധ്യാപകർ ജോലി ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എയ്ഡഡ് കോളേജുകളിൽ താല്കാലിക അദ്ധ്യാപക നിയമനമില്ല. അതിഥി അദ്ധ്യാപകരെയാണ് നിയമിക്കുന്നത്. അവർക്ക് യഥാസമയം പ്രതിഫലം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-ൽ അനുവദിച്ച എയ്ഡഡ് കോളേജുകളിൽ തസ്തികകൾ അനുവദിച്ചിട്ടില്ല. 2012-ൽ എയ്ഡഡ് മേഖലയിൽ കോഴ്സുകൾ അനുവദിച്ചിട്ടില്ല. 2013-ൽ അനുവദിച്ച കോഴ്സുകളിൽ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 2017-ൽ അനുവദിച്ച പുതിയ സർക്കാർ കോളേജുകളിലും 2012-ൽ അനുവദിച്ച കോഴ്സുകളിലും (സർക്കാർ കോളേജുകളിൽ) അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 72 സർക്കാർ കോളേജുകളും 184 എയ്ഡഡ് കോളേജുകളുമുണ്ട്. കേരളത്തിലെ 5 ഡെപ്യൂട്ടി ഡയറക്ടറേറ്റിനു കീഴിൽ വരുന്ന കോളേജുകളുടെ മണ്ഡലം തിരിച്ചുള്ള പട്ടികയും സർക്കാർ കോളേജുകളിലെ മണ്ഡലം തിരിച്ചുള്ള കണക്കും അനുബന്ധമായി ഉൾപ്പെടുത്തുന്നു.* സർക്കാർ കോളേജുകളിൽ 267 തസ്തികകളിൽ സ്ഥിരം അദ്ധ്യാപകരില്ല. സ്വാശ്രയ കോളേജുകളിൽ 1305 തസ്തികകളിൽ സ്ഥിരാദ്ധ്യാപകർ ഇല്ല.

(ഡി) സർക്കാർ കോളേജുകളിൽ 85 കോഴ്സുകളും എയ്ഡഡ് കോളേജുകളിൽ 239 കോഴ്സുകളും തുടങ്ങിയിട്ടുണ്ട്. കോഴ്സുകൾക്ക് സൃഷ്ടിക്കേണ്ട തസ്തികകളുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. സർക്കാർ കോളേജുകളിൽ 253 തസ്തികകളും എയ്ഡഡ് കോളേജുകൾ 41 തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) 28-4-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 56/2017/ധന. ഉത്തരവ് പ്രകാരമാണ് വേതനം നിശ്ചയിച്ചിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) ജി.ഒ. (പി) നമ്പർ 56/2017/ഫിൻ. തീയതി 28-4-2017 പ്രകാരം ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ദിവസ വേതനമായി 1470 രൂപ അനുവദനീയമാണെങ്കിലും അതിഥി അദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പ്രസ്തുത ഉത്തരവനുസരിച്ച് പ്രതിഫലം നൽകുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതിനാൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം ദിവസ വേതനമായി ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

181(2681) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ അട്ടപ്പാടി രാജീവ് ഗാന്ധി മെമ്മോറിയൽ ആർട്സ്&സയൻസ് കോളേജിൽ പുതുതായി കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എം.എ.(പബ്ലിക് അഡ്മിനിസ്ട്രേഷൻ), എം.എ.(മലയാളം), ബി.എ. (തമിഴ്) എന്നീ കോഴ്സുകൾ ആരംഭിക്കുവാനായുള്ള അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോഴ്സുകൾ ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ലഭിച്ചിട്ടുണ്ട്. ഈ കോഴ്സുകൾക്ക് പകരം കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള കൊമേഴ്സ്, ഹിസ്റ്ററി കോഴ്സുകൾ തുടങ്ങുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിട നിർമ്മാണം

182 (T* 2682) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക കിറ്റ്കോയ്ക്ക് അനുവദിക്കുവാൻ ഉണ്ടായ കാലതാമസം വിശദീകരിക്കുമോ;

(സി) നിലവിൽ കിറ്റ്കോ സമർപ്പിച്ചിരിക്കുന്ന ബിൽ തുക അനുവദിക്കുന്നതിനുള്ള സീനിയോറിറ്റി സംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് 21-8-2014-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1989/14/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 4,48,96,764 (നാല് കോടി നാല്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി അറുപത്തിനാല് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. KITCO മുഖാന്തരം നടന്നുവരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച തുകയുടെ 20 ശതമാനമായ 89,79,353 (എൺപത്തൊമ്പത് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തിമൂന്ന് രൂപ മാത്രം) രൂപ General Letter of Credit വഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി&സി) 2014-ൽ സംസ്ഥാന സീനിയോറിറ്റി പ്രകാരം ബില്ല് മാറി നൽകുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. ഭരണാനുമതി പുറപ്പെടുവിച്ച പ്രവൃത്തി ആരംഭിച്ച് ആദ്യത്തെ ബില്ലും മാറിയതിനുശേഷം ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി 5-6-2015-ലെ സ.ഉ. (അച്ചടി) നമ്പർ 213/15/ധന. ഉത്തരവിനനുസരിച്ച് ബില്ല് മാറി നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ മുഴുവൻ ബില്ലുകളും സംസ്ഥാന സീനിയോറിറ്റിയിൽ ഉൾപ്പെടുത്തി മാത്രമെ മാറ്റിനൽകുവാൻ സാധിക്കുകയുള്ളൂ. ഇക്കാരണത്താലാണ് രണ്ടാം ഗഡു KITCO-ക്ക് അനുവദിച്ച് നൽകാൻ കാലതാമസമുണ്ടാകുന്നത്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## വാമനപുരം മണ്ഡലത്തിലെ സർക്കാർ ആർട്സ് & സയൻസ് കോളേജ്

183(2683) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാമനപുരം നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആർട്ട്സ് & സയൻസ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്

184(2684) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2017-18-ൽ പുതിയ കോഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കോഴ്സ് എന്ന് വിശദമാക്കാമോ;

(ബി) കുളത്തൂർ ഗവൺമെന്റ് കോളേജിൽ ടൂറിസം കോഴ്സുമായി ബന്ധപ്പെട്ട് കോളേജ് അധികൃതർ എം.എൽ.എ വഴി EM/08/18-15/2/18 നൽകിയ നിവേദന ത്തിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കുളത്തൂർ ഗവൺമെന്റ് കോളേജിനായി 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് സർക്കാർ അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ സ്ഥലം കൈമാറ്റവുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പും, ടെക്നിക്കൽ വിദ്യാഭ്യാസവകുപ്പും സംയുക്ത യോഗം ചേരുന്നതിന് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുളത്തൂർ ഗവൺമെന്റ് കോളേജിൽ 2017-18 വർഷം പുതിയ കോഴ്സ് അനുവദിച്ചിട്ടില്ല.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2017-18 സാമ്പത്തിക വർഷം 30,74,400 രൂപ പദ്ധതി വിഹിത പ്രകാരം വിവിധ ശീർഷകങ്ങളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ടി വിഷയം സംബന്ധിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം**

185(2685) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിൽ പുതിയതായി അനുവദിച്ച ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്, പത്തിരിപ്പാല-യുടെ കെട്ടിട നിർമ്മാണത്തിനായി 10 കോടി രൂപ ലഭ്യമാക്കിയിട്ടും നാളിതുവരെ ആയതിന്റെ പണി തുടങ്ങുന്നതിന് കഴിയാത്തതെന്തുകൊണ്ടാണ് ; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് ഇനിയും കാലതാമസമുണ്ടാകുമോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) കോങ്ങാട് മണ്ഡലത്തിലെ പുതുതായി അനുവദിച്ച പത്തിരിപ്പാല ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ടിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി KITCO-യിൽ പുരോഗമിക്കുന്നു. ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 22-11-2017-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തി കോളേജിനുവേണ്ട സൗകര്യങ്ങളുടെ പട്ടിക തയ്യാറാക്കിയിരുന്നു. ഇത് പ്രകാരമുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് നിരക്ക്**

186(2686) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് പഠനത്തിന് അടുത്ത വർഷം മുതൽ കുറഞ്ഞ ഫീസ് 1.44 ലക്ഷവും കൂടിയ ഫീസ് 1.58 ലക്ഷം രൂപയും ആക്കണമെന്ന് എ.ഐ.സി.റ്റി.ഇ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എ.ഐ.സി.റ്റി.ഇ നിർദ്ദേശം നടപ്പിലാക്കിയാൽ സ്വാശ്രയ കോളേജുകളിലെ ഫീസ് നിരക്ക് കുത്തനെ ഉയരുന്ന സാഹചര്യം ഉണ്ടാകില്ലെ;

(സി) ഇപ്പോൾ തന്നെ പല എഞ്ചിനീയറിംഗ് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ഫീസ് വർദ്ധനവ് സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരും ജീവനക്കാരും നേരിടുന്ന ചൂഷണങ്ങൾ**

187(2687) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരും ജീവനക്കാരും നേരിടുന്ന ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവരുടെ സേവന വേതന വ്യവസ്ഥകൾ പല മാനേജ്മെന്റുകളും നടപ്പിലാക്കുന്നില്ല എന്നതിന് പുറമെ മാനസിക പീഡനവും മാനേജ്മെന്റുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കി സ്വാശ്രയമേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ടി റിപ്പോർട്ട് 22-2-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2018/ഉ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തത്വത്തിൽ അംഗീകരിച്ച ടി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കോളേജുകളിൽ പുതിയ കോഴ്സുകളും ബാച്ചുകളും**

188(2688) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കോളേജുകളിൽ പുതിയ കോഴ്സുകൾ/ബാച്ചുകൾ അനുവദിച്ചുവെന്നും, അവയുടെ വിശദാംശവും അറിയിക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കോളേജിന്റെ പേര് | കോഴ്സ് |
|---|---|---|
| 1 | ഗവൺമെന്റ് കോളേജ്, മൂന്നാർ | എം.എ. തമിഴ്, എം.കോം |
| 2 | എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജ്, കൽപ്പറ്റ | എം.സി.ജെ., എം.എ. എക്കണോമിക്സ് |
| 3 | ഗവൺമെന്റ് കോളേജ്, മാനന്തവാടി | എം.എ. ഇംഗ്ലീഷ്, എം.എ. ഡെവലപ്മെന്റ് എക്കണോമിക്സ് |
| 4 | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി | ബി.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എസ്.സി. സുവോളജി |
| 5 | ഗവൺമെന്റ് കോളേജ്, കട്ടപ്പന | എം.എ. എക്കണോമിക്സ്, എം.എസ്.സി. കെമിസ്ട്രി |
| 6 | സി.കെ.ജി.എം. ഗവൺമെന്റ് കോളേജ്, പേരാമ്പ്ര | ബി.എസ്.സി. ഫിസിക്സ് |
| 7 | ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് |
| 8 | മഹാരാജാസ് കോളേജ്, എറണാകുളം | എം.എ. മ്യൂസിക് (വോക്കൽ) |

**കോളേജ് അദ്ധ്യാപകരുടെ പെൻഷൻ**

189(2689) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവീസിൽ നിന്നും വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കോളേജ് അദ്ധ്യാപകരുടെ ശമ്പളം യു.ജി.സി. നിരക്കിൽ പരിഷ്ക്കരിച്ച നടപടിക്ക് പിൻതുടർച്ചയായി സർവീസിൽനിന്നും വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) യു.ജി.സി. 6-ാം ശമ്പള പരിഷ്കരണ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് 27-3-2010-ന് പുറപ്പെടുവിച്ച സ.ഉ. (പി) നമ്പർ 58/2010/ ഉ.വി.വ. നമ്പർ ഉത്തരവ് സംസ്ഥാനത്തെ യു.ജി.സി./ എ.ഐ.സി.ടി.ഇ./ മെഡിക്കൽ വിദ്യാഭ്യാസം എന്നിവയുടെ പരിധിയിൽ വരുന്ന പെൻഷൻകാർക്കും ബാധകമാക്കി 7-5-2011-ലെ സ.ഉ. (പി) നമ്പർ 211/2011/ധന. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സ്വകാര്യ കോളേജുകളിലെ വിദ്യാർത്ഥി പീഡനം**

190(2690) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ കോളേജ് മാനേജ്മെന്റുകൾ ശാരീരികവും മാനസികവുമായ പീഡനങ്ങൾക്ക് വിദ്യാർത്ഥികളെ വിധേയരാക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാമ്പാടി നെഹ്റു കോളേജിൽ വിദ്യാർത്ഥി മരണപ്പെട്ടതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ കോളേജുകളിലും നിയമാനുസൃതമായി പി.ടി.എ. സംവിധാനം നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**സോണി ജോസഫിന് പോലീസ് സംരക്ഷണം**

191(2691) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലെ പാലയാട് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥിനി സോണി ജോസഫിന് കാമ്പസിൽ പോലീസ് സംരക്ഷണം നൽകുവാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) എസ്.എഫ്.ഐ. പ്രവർത്തകർ സോണി ജോസഫിനെ ഭീകരമായി മർദ്ദിക്കുകയും പല്ല് അടിച്ച കൊഴിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണോ ഹൈക്കോടതി ഈ ഉത്തരവ് നൽകിയത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ പാലയാട് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ സോണി ജോസഫ് എന്നൊരു വിദ്യാർത്ഥിനി പഠിക്കുന്നില്ല.

**മലയാളം സർവ്വകലാശാലയിൽ നടത്തിവരുന്ന കോഴ്സുകൾ**

192 (2692) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാളം സർവ്വകലാശാലയിൽ ഏതൊക്കെ കോഴ്സുകളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ കോഴ്സുകൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടെന്നും പി.എസ്.സി അംഗീകാരത്തിനായി ഏതൊക്കെ കോഴ്സുകളാണ് സമർപ്പിച്ചിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) മലയാളം സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു :

1. എം. എ. ഭാഷാശാസ്ത്രം
2. എം.എ. മലയാള സാഹിത്യ പഠനം
3. എം.എ. മലയാള സാഹിത്യ രചന
4. എം.എ. സംസ്കാര പൈതൃക പഠനം
5. എം.എ. മാസ് കമ്മ്യൂണിക്കേഷൻ & ജേർണലിസം
6. എം.എ. തദ്ദേശ വികസന പഠനം
7. എം.എ. പരിസ്ഥിതി പഠനം
8. എം.എ. സോഷ്യോളജി
9. എം.എ. ചരിത്രപഠനം
10. എം.എ. ചലച്ചിത്ര പഠനം

(ബി) 1. എം.എ. തദ്ദേശ വികസന പഠനം

2. എം.എ. പരിസ്ഥിതി പഠനം

3. എം.എ. സംസ്കാര പൈതൃക പഠനം

4. എം.എ. ചലച്ചിത്ര പഠനം

എന്നീ 4 കോഴ്സുകളൊഴികെ മറ്റ് ആറ് കോഴ്സുകളും പി.എസ്.സി.-യുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 4 കോഴ്സുകൾ കൂടി അംഗീകരിച്ച് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ് റദ്ദ് ചെയ്തതിനാൽ ഗവേഷണം തുടരാൻ ബുദ്ധിമുട്ടനുഭവിച്ച ഗവേഷകർ

193(2693) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി.യുടെ 2016 റഗുലേഷൻ പ്രകാരം നിലവിൽ കോളേജുകളിലോ സർവ്വകലാശാലകളിലോ ജോലിയെടുത്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് മാത്രമേ ഗവേഷക വിദ്യാർത്ഥികളുടെ ഗൈഡായി പ്രവർത്തിക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റഗുലേഷൻ പ്രകാരം വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ്പ് റദ്ദ് ചെയ്തതിനാൽ ഗവേഷണം തുടരാൻ ബുദ്ധിമുട്ടനുഭവിച്ച ഗവേഷകരുടെ പേരും മറ്റ് വിശദാംശങ്ങളും സർവ്വകലാശാല, വിഷയ വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ റഗുലേഷൻ പ്രകാരം വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ്പ് ഒഴിവാക്കുമ്പോൾ അവരുടെ മേൽനോട്ടത്തിൽ ഗവേഷണം ആരംഭിച്ച വിദ്യാർത്ഥികൾക്ക് ഗവേഷണം തുടരാനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ സർവ്വകലാശാല, പഠന വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഗൈഡ് ഷിപ്പ് ചെയ്ഞ്ച് ചെയ്യാൻ സാധിക്കാതെ ഗവേഷണം തുടരാനാവാത്ത ഗവേഷക വിദ്യാർത്ഥികളുണ്ടെങ്കിൽ അത്തരം ഗവേഷക വിദ്യാർത്ഥികളുടെ പേര് വിവരവും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ; ഗവേഷണം തുടരുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) കേരള സർവ്വകലാശാലയിൽ യു.ജി.സി. 2016 റെഗുലേഷന്റെ പരിധിയിൽ വരുന്ന ആർക്കും തന്നെ വിരമിച്ച അദ്ധ്യാപകർക്ക് കീഴിൽ രജിസ്ട്രേഷൻ നൽകിയിട്ടില്ല. എന്നാൽ ഇവരുടെ ഗവേഷണം പുരോഗമിക്കുന്നതിനിടയിൽ അദ്ധ്യാപകൻ വിരമിക്കുന്നപക്ഷം ഗവേഷകരെ യോഗ്യരായ ഗൈഡുമാർക്ക് കീഴിൽ ഡോക്ടറൽ കമ്മിറ്റി മാറ്റിനൽകുന്നതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ 2016-ലെ യു.ജി.സി. റെഗുലേഷന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഗവേഷണ നിയമാവലി പ്രകാരം അദ്ധ്യാപന ത്തിൽനിന്നും വിരമിക്കുന്ന ഗവേഷണ ഗൈഡുകൾക്ക് വിരമിക്കുന്ന സമയത്ത് അവരുടെ കീഴിൽ രജിസ്ട്രേഷന് എടുത്തിട്ടുള്ള ഗവേഷണ വിദ്യാർത്ഥികളുടെ മേൽനോട്ടം തുടരാനുള്ള അനുമതിയുള്ളതിനാൽ അത്തരം ഗവേഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി.-യുടെ 2016 റെഗുലേഷൻ നടപ്പിലാക്കിയതിനുശേഷം വിരമിച്ച അദ്ധ്യാപകർക്ക് ഗൈഡ്ഷിപ് അനുവദിക്കുന്നില്ല. സംസ്ഥാനത്തെ ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഡോ. ജെ. രാജന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കേരളത്തിലെ ഗവേഷണ രംഗത്ത് റെഗുലേഷൻ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ MHRD-യുടെയും യു.ജി.സി.-യുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുമെന്ന് കരുതുന്നു.

## പുതിയതായി അനുവദിച്ച കോളേജുകൾ

194(2694) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കോളേജുകൾ പുതിയതായി അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ പേരുവിവരം, ജില്ല ഇവ അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു സർക്കാർ കോളേജും 5 എയ്ഡഡ് കോളേജുകളും പുതിയതായി അനുവദിച്ചിട്ടുണ്ട്.

(ബി) വൈപ്പിൻ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, എറണാകുളം ജില്ല.

എയ്ഡഡ് കോളേജുകൾ :

1. ശ്രീശബരീശ ആർട്സ് & സയൻസ് കോളേജ്, കോട്ടയം ജില്ല
2. സായിഗ്രാം ആർട്സ് & സയൻസ് കോളേജ്, തിരുവനന്തപുരം ജില്ല
3. ശ്രീശങ്കരാ കോളേജ്, തിരുവനന്തപുരം ജില്ല
4. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജ്, തിരുവനന്തപുരം ജില്ല
5. ബജാ മോഡൽ കോളേജ് ഓഫ് ആർട്സ് & സയൻസ്, കാസർഗോഡ് ജില്ല.

## സർവ്വകലാശാലകളുടെ അനുമതിയില്ലാതെ പുതിയ കോഴ്സുകൾ നടത്തുന്ന സ്വയംഭരണ കോളേജുകൾ

195(2695) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വയംഭരണ കോളേജുകളിൽ എത്ര കോളേജുകൾ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ അനുമതിയില്ലാതെ പുതിയ കോഴ്സുകൾ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്വയംഭരണ കോളേജുകളാണ് ഇത്തരത്തിൽ പുതിയ കോഴ്സുകൾ തുടങ്ങിയതെന്നും ഏതൊക്കെ കോഴ്സുകളാണ് തുടങ്ങിയതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നിലപാട് എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ 6 കോഴ്സുകൾ തുടങ്ങിയെങ്കിലും സർവ്വകലാശാല ഇത് അംഗീകരിച്ച് അഫിലിയേഷൻ നൽകിയിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കുട്ടിക്കാനം മരിയൻ കോളേജിൽ എം.എ. കമ്മ്യൂണിക്കേഷൻ ആന്റ് മീഡിയ സ്റ്റഡീസ് എന്ന പുതിയ കോഴ്സും ബികോം, എംകോം എന്നിവയ്ക്ക് അധിക ബാച്ചുകളും എറണാകുളം സെന്റ് തെരേസാസ് കോളേജിൽ 19 കോഴ്സുകളും (പ്രസ്തുത കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു)* സർവ്വകലാശാലയുടെ അനുമതിയില്ലാതെ തുടങ്ങിയിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ കീഴിലുള്ള രണ്ട് കോളേജുകളിൽ സർവ്വകലാശാലയുടെ അനുമതിയില്ലാതെ ഏഴ് കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വയംഭരണ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇയർ ഔട്ട് സമ്പ്രദായത്തിൽ ഇളവ് നൽകാൻ തീരുമാനം**

196(2696) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇയർ ഔട്ട് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സമ്പ്രദായത്തിൽ ഇളവുകൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പുതിയ തീരുമാന പ്രകാരം നിശ്ചിത ക്രെഡിറ്റ് വേണമെന്ന നിബന്ധന അഞ്ച്, ഏഴ് സെമസ്റ്ററുകളിലെ പ്രവേശനത്തിന് മാത്രമായി ചുരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പരീക്ഷ, ഫലപ്രഖ്യാപനം, പുനർ മൂല്യനിർണ്ണയം എന്നിവ സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിന് വിദഗ്ദസമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ഉയർന്ന സെമസ്റ്ററുകളിലേയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കുള്ള യോഗ്യതാ മാനദണ്ഡം പുനഃക്രമീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പ്രൊ. വൈസ് ചാൻസലർ കൺവീനറായി സർവ്വകലാശാലയുടെ Statutory Officer-മാർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഈ-ഗവേണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ പുനഃപരിശോധനകൾക്കായി സർവ്വകലാശാലയുടെതന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും

197(2697) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സ്വകാര്യ, സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് 118 എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനിടെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഒഴിവു വന്ന സീറ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സ്ഥാപനങ്ങളുടെ ഭൗതിക അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ഇടപെടുമോ; ഇതിനായി ആവശ്യമെങ്കിൽ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളാക്കി മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഒഴിവുവന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യമുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടെ സ്വാശ്രയ മേഖലയിൽ ഒഴിവുവന്ന സീറ്റുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യ നീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമൊരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക തുടങ്ങിയവയ്ക്കും ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ പ്ലേസ്മെന്റുകൾ

198(2698) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 2016-17-ൽ സർക്കാർ എൻഞ്ചിനിയറിംഗ് കോളേജുകളിൽനിന്ന് പ്ലേയിസ്മെന്റ് വഴി എത്ര വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ കോളേജിന്റെയും വിവരങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ഒമ്പത്, എയ്ഡഡ് മേഖലയിൽ മൂന്ന്, സർക്കാർ നിയന്ത്രണത്തിൽ ഇരുപത്തിരണ്ട് എഞ്ചിനീയറിംഗ് കോളേജുകൾ എന്നിങ്ങനെയാണ് നിലവിലെ കണക്ക്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലാകെ പന്ത്രണ്ടായിരം സീറ്റുകൾ എല്ലാ എഞ്ചിനീയറിംഗ് ശാഖയിലുമായുണ്ട്.

(സി&ഡി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് പ്ലേസ്മെന്റ് വഴി തൊഴിൽ ലഭിച്ചവരുടെ കോളേജ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം | - | 960 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ | - | 132 |
| രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം | - | 129 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി | - | 13 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് | - | 35 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ | - | 353 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്- | - | 4 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട് | - | 3 |
| സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ | - | 101 |

**എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തൽ**

199(2699) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എ.ഐ.സി.ടി.ഇ.-ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ പ്രധാന ശിപാർശകൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എ.ഐ.സി.ടി.ഇ. അധികൃതർ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സർക്കാർ തലത്തിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾക്കായുള്ള ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കർമ്മ പദ്ധതി എ.ഐ.സി.ടി.ഇ.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഏതാനും ശിപാർശകളും ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായ അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുക, അദ്ധ്യാപകരുടെ ഗുണനിലവാരം സ്ഥിരമായി വിലയിരുത്തുക, അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും നിലവാരം യഥാസമയങ്ങളിൽ വിലയിരുത്തുക തുടങ്ങിയവ വഴി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് ശിപാർശകളിൽ വിഭാവനം ചെയ്തിരുന്നത്. ഇതുസംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**എഞ്ചിനീയറിംഗ് കോളേജുകൾക്ക് ശേഷി വികസന പദ്ധതി**

200(2700) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്കായി ശേഷിവികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിലൂടെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പുതിയ സാങ്കേതികവിദ്യകളിൽ പരിശീലനം ലഭിക്കുമോ;

(സി) ഇതിനായുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന വിദഗ്ദ്ധരുടെ പാനൽ എപ്രകാരമാണ് തയ്യാറാക്കുന്നത്;

(ഡി) ഇതിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ് ഫോം കേരള (എസ്.ഡി.പി.കെ.) നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. സാങ്കേതിക വൈദഗ്ദ്ധ്യത്തോടൊപ്പം തൊഴിൽപരമായ ഔചിത്യം കൂടി വികസിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഐ.സി.റ്റി. അക്കാദമി ഓഫ് കേരള ആണ് ഈ ശേഷി വികസന പരിശീലനത്തിന്റെ പാഠ്യപദ്ധതി തയ്യാറാക്കലും നടത്തിപ്പും ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് അന്തിമ രൂപം നൽകിവരുന്നു.

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

201(2701) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകൾക്ക് ആകർഷണീയത കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിലായി സീറ്റൊഴിവ് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ കോളേജുകളിലാണ് ഇത് കണ്ടുവരുന്നത്. ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല.

(ബി) അടിസ്ഥാന സൗകര്യ വികസനവും പ്രായോഗിക പരിശീലനത്തിനാവശ്യമായ ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണവുംവഴി എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ വകുപ്പുതലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അദ്ധ്യയന നിലവാരം മെച്ചപ്പെടുത്താനായി പരിശീലന പരിപാടികളും അദ്ധ്യാപകർക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത കൈവരിക്കാൻ അവസരങ്ങളും നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യത്തോടൊപ്പം നൈപുണ്യ വികസനവും ഉണ്ടാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്വയം തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആധുനിക സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിനുള്ള പരിപാടികളും നടപ്പാക്കിവരുന്നു. ഇന്റേൺഷിപ്പുകൾ, വ്യവസായ രംഗത്തെ വിദഗ്ദ്ധരുമായുള്ള സംവാദം, സെമിനാറുകൾ, കൊളോക്വിയങ്ങൾ ഇവയും സംഘടിപ്പിക്കുന്നു.

## ഐ.എച്ച്.ആർ.ഡി.-ക്ക് ഗവൺമെന്റ് നൽകിയ ധനസഹായം

202(2702) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.-ക്ക് 2000-2001 മുതൽ 2017-18 വരെ വിവിധ സാമ്പത്തിക വർഷങ്ങളിൽ ഗവൺമെന്റ് നൽകിയ ധനസഹായം എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2000-2001 മുതൽ 2017-18 വരെ ഓരോ സാമ്പത്തിക വർഷങ്ങളിലെയും ഐ.എച്ച്.ആർ.ഡി.-യുടെ വരവുചെലവു കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഐ.എച്ച്.ആർ.ഡി.-ക്ക് 2000-2001 മുതൽ 2017-18 വരെ വിവിധ സാമ്പത്തിക വർഷങ്ങളിൽ ഗവൺമെന്റ് നൽകിയ ധനസഹായം ചുവടെ ചേർക്കുന്നു :

1. <u>പ്ലാൻ ഫണ്ട്</u> :

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2000-2001 | 297.50 |
| 2001-2002 | 206.66 |
| 2002-2003 | 200 |
| 2003-2004 | 125 |
| 2004-2005 | 83 |
| 2005-2006 | 250 |
| 2006-2007 | 200 |
| 2007-2008 | 75 |
| 2008-2009 | 300 |
| 2009-2010 | 425 |
| 2010-2011 | 500 |
| 2011-2012 | 600 |
| 2012-2013 | 1000 |
| 2013-2014 | 1200 |
| 2014-2015 | 1100 |
| 2015-2016 | 1300 |
| 2016-2017 | 1350 |
| 2017-2018 | 500 (5-3-2018 വരെ) |

2. നോൺ പ്ലാൻ ഫണ്ട്

2000-2001 മുതൽ 2015-2016 വരെ നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ തുകയൊന്നും അനുവദിച്ചിരുന്നില്ല.

2016-17 മുതൽ അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2016-2017 | 1000 |
| 2017-2018 | 2745 (5-3-2018 വരെ) |

(ബി) 2000-2001 മുതൽ 2012-2013 വരെ ഓരോ സാമ്പത്തിക വർഷങ്ങളിലെയും ഐ.എച്ച്.ആർ.ഡി.-യുടെ ഓഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* 2013-2014 മുതൽ 2017-2018 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റ് നടന്നുവരുന്നതേയുള്ളൂ.

**ഐ.എച്ച്.ആർ.ഡി. വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കപ്പെട്ട തസ്തികകളും**

203(2703) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്. ആർ.ഡി.-യുടെ കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാമാണ് സ്ഥാപനങ്ങൾ;

(ബി) ഓരോ സ്ഥാപനത്തിലും സർക്കാർ ഉത്തരവിലൂടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥാപനത്തിലും സർക്കാർ ഉത്തരവുകളിലൂടെ അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓരോന്നിലും സർക്കാർ ഉത്തരവുകളിലൂടെ അനുവദിക്കപ്പെടാത്ത തസ്തികകളിൽ എത്ര ജീവനക്കാരുണ്ടെന്നും ഓരോ സ്ഥാപനത്തിലെയും അത്തരം ജീവനക്കാരുടെയും തസ്തികയുടെയും വിശദാംശങ്ങളും അത്തരം ഓരോ ജീവനക്കാർക്കും നിശ്ചയിച്ച നൽകിയിരിക്കുന്ന പ്രതിമാസ വേതനം എത്രയെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതന വർദ്ധനവ് നൽകുവാൻ ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി എപ്പോഴെല്ലാം തീരുമാനമെടുത്തിട്ടുണ്ടെന്നും പ്രസ്തുത തീരുമാന പ്രകാരം ഓരോ മാസവും എത്ര തുകയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഐ.എച്ച്.ആർ.ഡി.-യിലെ വിവിധ വിഭാഗം ജീവനക്കാർക്ക് കഴിഞ്ഞ പതിനഞ്ചു വർഷങ്ങൾക്കുള്ളിൽ എത്ര തവണ വേതന വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ജി) ഇത്തരം വേതന വർദ്ധനവിനാധാരമായ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ടതെപ്പോഴെല്ലാമാണെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പതിനഞ്ച് വർഷത്തെ വേതനവർദ്ധനവിന്റെ ആനുകൂല്യങ്ങൾ ഏതെല്ലാം വിഭാഗം ജീവനക്കാർക്ക് ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 85 വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ആ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 14-2-2014-ലെ G.O. (Ms.) No. 76/14/H. Edn. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി - ജി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഐ.എച്ച്.ആർ.ഡി. ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ

204(2704) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.-യുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ എത്ര ജീവനക്കാരെ സ്ഥിരമായിട്ടെടുത്തിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ; എത്ര വീതം ജീവനക്കാരെ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഓരോ ഘട്ടത്തിലും വിവിധ വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തിയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ സ്ഥിരപ്പെടുത്തപ്പെടുന്നതിനു മുൻപ് മേൽസ്ഥിരപ്പെടുത്തപ്പെട്ട ജീവനക്കാർ കരാർ അടിസ്ഥാനത്തിലാണോ ദിവസവേതന അടിസ്ഥാനത്തിലാണോ മറ്റേതെങ്കിലും വ്യവസ്ഥ പ്രകാരമാണോ ജോലി നോക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇത്തരത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ അക്കാലയളവിൽ ഐ.എച്ച്.ആർ.ഡി.-യിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥ എന്തായിരുന്നുവെന്നു വ്യക്തമാക്കാമോ ;

(ഇ) ഇത്തരത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ ഘട്ടത്തിലെല്ലാം ഐ.എച്ച്.ആർ.ഡി. ലാഭകരമായാണോ പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ 15 വർഷത്തിനിടയിൽ ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) G. O. (Ms.) നമ്പർ 76/14/H. Edn. തീയതി 14-2-2014 പ്രകാരമാണ് ഐ.എച്ച്.ആർ.ഡി.-യിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചത്.

(സി) ദിവസവേതനാടിസ്ഥാനത്തിലും അഡ്ഹോക് അടിസ്ഥാനത്തിലുമാണ് ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുമുമ്പ് ജോലി നോക്കിയിരുന്നത്.

(ഡി) ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി എന്നിവയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ ജീവനക്കാരെ ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥിരപ്പെടുത്തിയത്.

(ഇ) ലാഭകരമായിട്ടാണ് പ്രവർത്തിച്ചത്.

**പാലക്കാട് സിവിൽ സർവ്വീസ് അക്കാദമി**

205(2705) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അധീനതയിലുള്ള പാലക്കാട്ടെ സിവിൽ സർവ്വീസ് അക്കാദമിയുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ പാലക്കാട് സെന്ററിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് റൂമുകളുടെ അപര്യാപ്തതയെക്കുറിച്ച് വിദ്യാർത്ഥികളുടെ പരാതിയിന്മേൽ ഡയറക്ടർ സ്ഥലം സന്ദർശിക്കുകയും പാലക്കാട് എം.എൽ.എ. ശ്രീ. ഷാഫി പറമ്പിലുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ നിലവിലുള്ള കെട്ടിടത്തിന് ഒന്നാം നില പണിയുന്നതിനായുള്ള നിർദ്ദേശം ലഭിക്കുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആയതിന് ഉദ്ദേശം 125 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. (ഉദ്ദേശം 5380 ചതുരശ്ര അടി). വിദ്യാർത്ഥികൾക്ക് കൂടുതൽ മെച്ചപ്പെട്ട ലൈബ്രറി സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി ഏർപ്പെടുത്തുന്നതിന് 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 2018-19 വർഷത്തിൽ മേൽ ആവശ്യത്തിനായി അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ ശനിയാഴ്ച അവധി നൽകണമെന്ന നിർദ്ദേശം**

206(2706) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ സ്കൂൾ കുട്ടികൾക്ക് ലഭിക്കുന്നതുപോലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ വിദ്യാർത്ഥികൾക്കും ശനിയാഴ്ച അവധി നൽകണമെന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. സംസ്ഥാനത്തെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ദേശീയ നിലവാരത്തിലേയ്ക്ക് (NSQF) ഉയർത്തുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഇ-ഗവേണൻസ് പദ്ധതിയുടെ ലക്ഷ്യം**

207(2707) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളീജിയേറ്റ്/സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നറിയിക്കാമോ;

(സി) വിദ്യാർത്ഥി പ്രവേശനം,പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ ഏകീകൃത സ്വഭാവത്തിൽ കൊണ്ടുവരുവാൻ ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പ്രവേശന നടപടികൾ മുതൽ പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ എല്ലാ സർവ്വകലാശാലകളിലും നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രമായ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിന് എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ എല്ലാ മേഖലയിലും ഏകീകൃത സ്വഭാവം കൈവരിക്കാനാകുമെന്ന് കരുതുന്നു.

**റൂസ പദ്ധതി പ്രകാരമുള്ള ഫണ്ടിന്റെ വിനിയോഗം**

208(2708) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം മുഖേന ഉന്നതവിദ്യാഭ്യാസത്തെ അടിസ്ഥാന വികസനം ലക്ഷ്യമിട്ട് റൂസ പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ അനുവദിച്ച ഫണ്ടിന്റെ വിനിയോഗം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്കൃത സർവ്വകലാശാല പ്രസ്തുത ഫണ്ടിന്റെ 50 ശതമാനം മാത്രമെ വിനിയോഗിച്ചുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) റൂസ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സർവ്വകലാശാലകൾ ഇതിന്റെ രണ്ടാം ഘട്ടത്തിലൂടെ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തൊക്കെയാണ്;വിശദമാക്കാമോ;

(ഡി) റൂസ മുഖേന ലഭിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചില്ലെങ്കിൽ അടുത്ത ഘട്ടത്തിൽ ഫണ്ട് ലഭിക്കില്ലായെന്നതിനാൽ സർവ്വകലാശാലകൾക്ക് ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒന്നാംഘട്ടം അനുവദിച്ച തുക യൂണിവേഴ്സിറ്റികൾ 86 ശതമാനവും കോളേജുകൾ 88.85 ശതമാനവും UGC HRDC 100 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്.

(ബി) സംസ്കൃത സർവ്വകലാശാല ഒന്നാംഘട്ടം അനുവദിച്ച തുകയുടെ 80.11 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്.

(സി) ആരംഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു.

(ഡി) കേരള സർവ്വകലാശാല ഇതുവരെ അനുവദിച്ച റൂസ ഗ്രാന്റ് 100 ശതമാനം വിനിയോഗിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകൾ ശരാശരി 82 ശതമാനം ഗ്രാന്റും വിനിയോഗിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും റൂസ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ് നേരിട്ട് പരിശോധന നടത്തി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ലഭിച്ച ഗ്രാന്റ് പൂർണ്ണമായി വിനിയോഗിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ തന്നെ കേന്ദ്ര സർക്കാരിന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാറുണ്ട്.

### യൂണിവേഴ്സിറ്റി ക്യാമ്പസുകളിലെ അദ്ധ്യാപക നിയമനങ്ങൾ

209(2709) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാല ക്യാമ്പസുകളിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ സർവ്വകലാശാല ക്യാമ്പസുകളിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ സർവ്വകലാശാല ക്യാമ്പസുകളിലെ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാത്തതുമൂലം പ്രസ്തുത നിയമനങ്ങളിലുള്ള സംവരണ തത്വം അട്ടിമറിക്കപ്പെടുന്നുവെന്നുള്ള കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

#### ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കേരളത്തിലെ സർവ്വകലാശാല ക്യാമ്പസുകളിലെ അദ്ധ്യാപക നിയമനങ്ങൾ അതാത് സർവ്വകലാശാല നിയമങ്ങളിലുള്ള സംവരണ തത്വം പാലിച്ചാണ് നടത്തപ്പെടുന്നത്.

## ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സാംസ്കാരിക പരിപാടികൾ

210(T*2710) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാംസ്കാരിക പുരോഗതിക്കും നവോത്ഥാനത്തിനും നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് കൂടുതൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ;

(സി) ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമീണ ഉത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രന്ഥശാലകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് ഗ്രേഡ് നിർണ്ണയത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകളുടെ പുരോഗതിക്കും നവോത്ഥാനത്തിനും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ ഇൻഫർമേഷൻ സെന്ററുകളായി ഗ്രന്ഥശാലകളെ രൂപപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത 1000 ഗ്രന്ഥശാലകളിൽ ഇ-വിജ്ഞാന സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും മൂന്ന് തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ എന്ന നിലയിൽ സംസ്ഥാനത്ത് 42 ഗ്രന്ഥശാലകളിൽ ഇ-റീഡിംഗിനുള്ള സാങ്കേതിക സംവിധാനങ്ങളോടെ സ്മാർട്ട് ഇ-റീഡിംഗ് റൂമുകൾ പ്രവർത്തിക്കുന്നു. കുട്ടികളെയും വിദ്യാർത്ഥികളെയും ഗ്രന്ഥശാലകളുടെ സജീവ ഭാഗമാക്കുന്നതിന് 2000 ഗ്രന്ഥശാലകളിൽ ബാലവേദി, സ്ത്രീ ശാക്തീകരണത്തിനായി 500 കേന്ദ്രങ്ങളിൽ വനിതാവേദികൾ, യുവജനങ്ങൾക്കായി 1000 ഗ്രന്ഥശാലകളിൽ യുവത, മുതിർന്ന പൗരന്മാർക്ക് 150 കേന്ദ്രങ്ങളിൽ ഗുരുസംഗമം എന്നിവയും നടത്തിവരുന്നു. പഞ്ചായത്ത് നേതൃ സമിതികളുടെ നേതൃത്വത്തിൽ നാട്ടുവെളിച്ചം, തൊഴിലാളി സന്ധ്യ തുടങ്ങിയവയും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ കൂടുതൽ സജീവമാക്കുന്നുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഗ്രന്ഥശാലകൾ തനതായി സംഘടിപ്പിക്കുന്ന പൊതു സാംസ്കാരിക പരിപാടികൾക്ക് അവസരം നൽകിവരുന്നുണ്ട്. ഗ്രന്ഥശാലകൾ മാസത്തിൽ ഇത്തരത്തിൽ ഒരു പരിപാടിയെങ്കിലും നടത്തിയിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും വർഷത്തിൽ ആറ് പരിപാടികളെങ്കിലും നടത്തുന്ന ഗ്രന്ഥശാലകൾ ഗ്രന്ഥശാലാ പ്രവർത്തന ഗ്രാന്റിന് അർഹത നേടുന്നുണ്ട്. അപ്രകാരം ഒരു വർഷം 12,000 രൂപ വരെ നൽകിവരുന്നുണ്ട്.

(സി) ഗ്രാമീണ ഉത്സവങ്ങൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഗ്രന്ഥശാലയിൽ അംഗങ്ങളായ കുട്ടികൾക്കുവേണ്ടി സംഗീത നാടക അക്കാദമിയുടെ സഹായത്തോടെ ജില്ലാടിസ്ഥാനത്തിൽ നാടക കളരി സംഘടിപ്പിച്ചുവരുന്നുണ്ട്. ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് ആരംഭിച്ച 150 ഫിലിം ക്ലബ്ബുകളുടെ പ്രവർത്തനം ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ നടത്തിവരുന്നുണ്ട്. സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ രാഷ്ട്രപിതാവിന്റെ രക്തസാക്ഷ്യത്വത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് ഗ്രന്ഥശാലകളിൽ പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

**ജനസൗഹൃദമായ വില്ലേജ് ഓഫീസുകൾ**

211(2711) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനികവത്ക്കരിക്കുന്നതിനും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനും സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ വില്ലേജുകളുടെ ഭൗതിക സാഹചര്യവും കമ്പ്യൂട്ടർവത്ക്കരണവും സമഗ്രമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ എത്തുന്ന അപേക്ഷകർക്കും പരാതിക്കാർക്കും സൗകര്യപ്രദമായി സേവനം പ്രദാനം ചെയ്യുന്നതിന് ജനസൗഹൃദമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനികവൽക്കരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് വിശ്രമത്തിനും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്.

**കേരള ലാൻഡ് ബാങ്ക് പദ്ധതി**

212(2712) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള ലാൻഡ് ബാങ്ക് പദ്ധതി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവകപൂർവ്വം വിനിയോഗിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008-ൽ രൂപീകരിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ച് www.kslb.kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്. നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതും മറ്റ് ജില്ലകളിലും കൂടി സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുംവേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ ടിയാന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കി കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൾ ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകിവരുന്നു.

**ജാതി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടികൾ**

213(T*2713) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ സമുദായ സംഘടനകളുടെ സാക്ഷ്യപത്രം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം വില്ലേജ് ഓഫീസർമാരോട് നിർദ്ദേശിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് വില്ലേജ് ഓഫീസറുടെ സ്വതന്ത്രമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകരുതെന്നും 1-9-2008-ലെ 47261/റ്റി2/2008/ആർ.ഡി. നമ്പർ കത്ത് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതും ആയത് നിലവിലുള്ളതുമാണ്.

**ലാന്റ് ബാങ്ക്**

214(2714) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ലാന്റ് ബാങ്കിൽ എത്ര ഭൂമി ഉണ്ട് എന്ന് വിശദമാക്കാമോ? ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

സർക്കാരിന്റെ ലാന്റ് ബാങ്കിൽ 69991.255 ഹെക്ടർ ഭൂമിയുണ്ട്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| ക്രമ നമ്പർ | ജില്ല | ഭൂമിയുടെ അളവ് |
|---|---|---|
| 1 | തിരുവനന്തപുരം | 1017.4593 |
| 2 | കൊല്ലം | 3505.3991 |
| 3 | പത്തനംതിട്ട | 1684.4483 |
| 4 | ആലപ്പുഴ | 1394.4047 |
| 5 | കോട്ടയം | 3656.3755 |
| 6 | ഇടുക്കി | 51077.7997 |
| 7 | എറണാകുളം | 2176.7744 |
| 8 | തൃശ്ശൂർ | 1056.5075 |
| 9 | പാലക്കാട് | 739.4891 |
| 10 | മലപ്പുറം | 2478.3831 |
| 11 | കോഴിക്കോട് | 464.6029 |
| 12 | വയനാട് | 220.6927 |
| 13 | കണ്ണൂർ | 270.0243 |
| 14 | കാസർഗോഡ് | 248.8944 |
| | ആകെ | 69991.255 ഹെക്ടർ |

## റവന്യൂ റിക്കവറി കുടിശ്ശിക തവണയായി അടയ്ക്കാനുള്ള അനുവാദം

215(2715) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കവറി കുടിശ്ശികയ്ക്ക് തവണ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ;

(ബി) തവണ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്കുള്ള അധികാരം ഉയർത്തി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എത്ര തുക വരെയുള്ള കുടിശ്ശികയ്ക്ക് തവണകൾ അനുവദിക്കുന്നതിനാണ് തഹസിൽദാർമാർക്ക് അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) തവണ അനുവദിക്കുന്ന പ്രക്രിയ ഓൺലൈൻ ആക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) റവന്യൂ റിക്കവറി കുടിശ്ശിക കേസുകളിൽ കുടിശ്ശിക തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് 14-3-2002-ലെ സ.ഉ.(കൈ.) നമ്പർ 37/2002/റവ., 29-5-2012-ലെ സ.ഉ.(കൈ.) നമ്പർ 217/2012/റവ. എന്നിവ പ്രകാരം സാമ്പത്തിക പരിധി നിശ്ചയിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. റവന്യൂ റിക്കവറി കുടിശ്ശിക കേസുകളിൽ ഗഡുക്കൾ അനുവദിക്കുന്ന തുകയുടെ പരിധി ഗണ്യമായി ഉയർത്തിയാൽ ഗഡുക്കൾ അനുവദിച്ച് കിട്ടുന്നതിനായി സമീപിക്കുന്നവരുടെ എണ്ണം കുറയ്ക്കാനും വടക്കൻ ജില്ലയിലെ ജനങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ട് കുറയ്ക്കാനും കഴിയുമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി കുടിശ്ശിക കേസുകളിൽ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തുകയുടെ സാമ്പത്തിക പരിധി ഉയർത്തിക്കൊണ്ട് 17-1-2017-ൽ സ.ഉ.(കൈ.) നമ്പർ 20/17/റവ. ആയി താഴെ സൂചിപ്പിക്കും പ്രകാരം ഉത്തരവ് പുറപ്പെടിവിച്ചിട്ടുണ്ട് :

| | | |
|---|---|---|
| തഹസിൽദാർ | - | 25,000 രൂപ വരെ (പരമാവധി 10 ഗഡുക്കൾ) |
| ജില്ലാ കളക്ടർ | - | സർക്കാർ കുടിശ്ശിക – 1 ലക്ഷം രൂപ വരെ |

| | | |
|---|---|---|
| | - | ബാങ്ക് വായ്പാ കുടിശ്ശിക 2 ലക്ഷം രൂപ വരെ |
| റവന്യൂ മന്ത്രി | - | 5 ലക്ഷം രൂപ വരെ |
| ധനകാര്യ മന്ത്രി | - | 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ |
| മുഖ്യമന്ത്രി | - | 10 ലക്ഷം രൂപയ്ക്ക് മുകളിൽ |

(ബി) 17-1-2017-ൽ സ.ഉ.(കൈ.) നമ്പർ 20/17/റവ. പ്രകാരം സർക്കാർ കുടിശ്ശികയ്ക്ക് ഒരു ലക്ഷം രൂപ വരെയും ബാങ്ക് വായ്പാ കുടിശ്ശികയ്ക്ക് 2 ലക്ഷം രൂപ വരെയും പരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 17-1-2017-ൽ സ.ഉ.(കൈ.) നമ്പർ 20/17/റവ. ഉത്തരവ് പ്രകാരം തഹസിൽദാർക്ക് 25,000 രൂപ വരെ (പരമാവധി 10 ഗഡുക്കൾ) തവണകൾ അനുവദിക്കുന്നതിനുള്ള അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) റവന്യൂ റിക്കവറി നടപടികൾ ഓൺലൈൻ മുഖേന നിർവ്വഹിക്കുന്നതിന്റെ ഭാഗമായി 1-1-2017 മുതൽ സംസ്ഥാനമൊട്ടാകെ ആർ.ആർ. ഓൺലൈൻ എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെ വെബ് വിലാസം rr.kerala.gov.in എന്നാണ്. 17-1-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 20/2017/റവ. നമ്പർ ഉത്തരവിന് വിധേയമായി പ്രസ്തുത ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖാന്തരം ഗഡുക്കൾ അനുവദിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## കടുത്ത വരൾച്ചയിൽ ദുരന്തനിവാരണ അതോറിറ്റിയുടെ പരിഹാര മാർഗ്ഗങ്ങൾ

216(2716) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്ത വേനൽമൂലം കഷ്ടതയനുഭവിക്കുന്ന കർഷകരേയും ജനങ്ങളേയും സംരക്ഷിക്കാനായി എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അതിനായി എന്തെങ്കിലും കേന്ദ്ര സഹായം ആവശ്യപ്പെട്ടുമോ, വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള വേനലും കടുത്ത വരൾച്ചയും (2017-18) സംബന്ധിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കണ്ടെത്തലുകളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വേനൽ സംബന്ധിച്ച നടപടികൾ ദുരന്തനിവാരണ അതോറിറ്റിയുടെ പരിധിയിൽ വരുന്നില്ല. മഴക്കുറവുമൂലം രൂക്ഷമായ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനും ജലപുനരുപയോഗത്തിനും ആവശ്യമായ ബോധവത്കരണം കൃഷി വകുപ്പ് കർഷകർക്ക് നൽകിവരുന്നുണ്ട്. വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയുടെ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ എന്നിവ കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. മൂപ്പ് കുറഞ്ഞ വിത്തുകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, എന്നിവ അവലംബിക്കുന്നതിനും ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് തുടങ്ങിയ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന കനാലുകൾ മണ്ണ് നീക്കി കൃഷിയിടങ്ങളിലേയ്ക്കുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി നാശം ഒഴിവാക്കാൻ പാടശേഖരങ്ങളിൽ തടയണ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കൂടുതൽ കൃഷിനാശം ഉണ്ടാകാതിരിക്കാനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേയ്ക്ക് നയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജലവിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനുമുള്ള നടപടികൾ ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/അരുവികൾ എന്നിവ മാലിന്യ മുക്തമാക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, തടയണകൾ നിർമ്മിക്കുക, ശുദ്ധജല സ്രോതസ്സുകളിലേയ്ക്ക് ലവണ ജലം കലരാതിരിക്കുന്നതിനായി ഓരു മുട്ടുകൾ/ തടയണകൾ നിർമ്മിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ് ചെയ്തുവരുന്നു.

(ബി) കേന്ദ്ര വരൾച്ചാ മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടായാൽ മാത്രമേ ദുരന്ത പ്രതികരണ നിധിയിൽനിന്നും അധിക ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കാനാവുകയുള്ളൂ.

(സി) കേന്ദ്ര വരൾച്ചാ മാന്വൽ 2016-ന്റെ മാനദണ്ഡങ്ങൾ പ്രകാരം വിവിധ ജില്ലകളിലെ താലൂക്കുകൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ സാധിക്കുമോയെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ചുവരുന്നു. പ്രസ്തുത മാന്വൽ

പ്രകാരം മാർച്ച് 31-നുമുമ്പ് ഈ വിശകലനം പൂർത്തിയാക്കി, സംസ്ഥാന അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗ്ഗങ്ങൾ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

### തലശ്ശേരി ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിന് ഭൂമി

217(2717) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും (ഫയൽ നമ്പർ LRKZ-4553/14) ഫയൽ പ്രിൻസിപ്പൽ സെക്രട്ടറി റവന്യൂ (എൽ) വകുപ്പിലേക്ക് 24-11-2014-ന് അയച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; റവന്യൂ വകുപ്പിൽ ഈ ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നും അതിന്റെ ഫയൽ നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിന് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 65749/L2/14/റവ. നമ്പർ ഫയൽ അഭിപ്രായത്തിനായി ജലവിഭവ വകുപ്പിന് 19-1-2015-ൽ നൽകിയിരിക്കുകയാണ്. ആയത് തിരികെ ലഭ്യമായിട്ടില്ല.

(ബി) കെട്ടിട നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതും ഭരണാനുമതി നൽകിയിട്ടില്ലാത്തതുമാണ്.

### മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

218(2718) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ മേഖലയിലെ പരിസ്ഥിതി സന്തുലനം, വിനോദസഞ്ചാരം എന്നീ ഘടകങ്ങൾ പരിശോധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിയമവിരുദ്ധമായി സർക്കാർ ഭൂമി കയ്യേറിയ കേസുകളിൽ നിയമ നടപടികളിലൂടെ കയ്യേറ്റമൊഴിപ്പിച്ച് അവ പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിൽ വൻകിട കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; 2017-ൽ എത്ര വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു;

(ഡി) വൻകിട കയ്യേറ്റക്കാർ കോടതിയിൽനിന്നും സ്റ്റേ വാങ്ങുന്ന സാഹചര്യത്തിൽ പ്രസ്തുത കേസുകൾ ആർജ്ജവത്തോടെ നടത്തുന്നതിനും, സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 1801/2010-ാം നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം മൂന്നാർ മേഖലയിലെ പരിസ്ഥിതി സന്തുലനം, മറ്റു ഘടകങ്ങൾ എന്നിവ പരിഗണിച്ച് മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) അനധികൃതമായി സർക്കാർ ഭൂമി കയ്യേറിയ കേസുകളിൽ ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും കോടതികളുടെ പരിഗണനയിലിരിക്കുന്ന കേസുകളിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ഡി) കയ്യേറ്റക്കാർ കോടതിയിൽനിന്നും സ്റ്റേ വാങ്ങുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കോടതി കേസുകൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യതയോടെ നടത്തിവരുന്നതും സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതുമാണ്.

**ഓൺലൈൻ പോക്കുവരവ് സമ്പ്രദായം**

219(2719) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സർട്ടിഫിക്കറ്റുകളും നടപടിക്രമങ്ങളുമാണ് ഓൺലൈൻ ആക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ പോക്കുവരവ് സമ്പ്രദായം സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പോക്കുവരവുകൾ ഓൺലൈനായി നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഓൺലൈൻ പോക്കുവരവ് നടത്തുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ദിവസമാണെന്നും സമയബന്ധിതമായി പോക്കുവരവ് നടപടി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. <u>ഇ-ഡിസ്ട്രിക്ട്</u>

വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടു കൂടി ഓൺലൈനായി നൽകിവരുന്നു.

താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനംവഴി നൽകിവരുന്നു :

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്

8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോറിറ്റി സർട്ടിഫിക്കറ്റ്.

2. <u>ആർ. ആർ. ഓൺലൈൻ</u>

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ഇതിലൂടെ അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്താനും ജില്ല, താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കാനും കഴിയും.

3. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പേമെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1464 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 408085 പോക്കുവരവുകൾ ഓൺലൈനായി നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സേവനാവകാശ നിയമം 2012 പ്രകാരം നിയമ തടസ്സമോ സാങ്കേതി തടസ്സമോ ഇല്ലാത്ത കേസുകളിൽ 40 ദിവസമാണ് പോക്കുവരവ് അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലാവധി സമയബന്ധിതമായി പോക്കുവരവ് നടപടി പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഓൺലൈൻ പോക്കുവരവ് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടികളെടുത്തുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വില്ലേജാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

220(2720) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളുടെ പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും, അഴിമതി മുക്തമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സർവ്വീസ് അറ്റ് ഫിംഗർ ടിപ്പ് എന്ന ആധുനിക കാഴ്ചപ്പാടിന് അനുസൃതമായി റവന്യൂ ഓഫീസുകളെ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കാലാനുസൃതമല്ലാത്ത നിയമങ്ങളും, ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്രമാത്രം മുന്നേറുവാൻ കഴിഞ്ഞെന്ന് അറിയിക്കുമോ;

(ഡി) റവന്യൂ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി 14-11-2016-ൽ പുറപ്പെടുവിച്ച സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്ക് വിശ്രമ സൗകര്യമുൾപ്പെടെ ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ടി പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ആഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേയ്ക്കായി മൂന്ന്

വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളിലായി തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചുവരുന്നു. കൂടാതെ അഴിമതി രഹിത ഭരണ നിർവ്വഹണത്തിനു വേണ്ടി സർക്കാർ നിർദ്ദേശപ്രകാരമുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, മേൽവിലാസം എന്നിവ കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളതും പൊതുജനങ്ങൾ കാര്യക്ഷമമായും അഴിമതിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ/ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ജില്ലാതല അഴിമതി നിവാരണ സമിതി എല്ലാ മാസവും ഒന്നാമത്തെ പ്രവൃത്തിദിനങ്ങളിൽ യോഗം ചേരുകയും ലഭിക്കുന്ന പരാതികളിൽ സർക്കാർ ജീവനക്കാരുടെ അഴിമതി സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായി ജില്ലാ കളക്ടർ ചെയർമാനും വിജിലൻസ് ഡിവൈ.എസ്.പി. കൺവീനറുമായി ജില്ലാ വിജിലൻസ് കമ്മിറ്റി നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് 24-ഓളം സർട്ടിഫിക്കറ്റുകൾക്കു നേരിട്ട് അപേക്ഷിക്കുന്നതിനും അത് ലഭിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. ഇ-പേമെന്റ് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതിയും മറ്റു ഫീസുകളും അടയ്ക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. മൂന്ന് ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഇത് സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(സി) കാലാനുസൃതമല്ലാത്ത നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിച്ച് റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ലാൻഡ് റവന്യൂ കമ്മീഷണറുടെ 14-11-2016-ലെ എൽ.ആർ.(പി) 1-44700/2016 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ജില്ലാ കളക്ടറേറ്റ് എന്നീ കാര്യാലയങ്ങളിൽ നിന്നുള്ള പരിശോധനാ വിഭാഗം വില്ലേജ് ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിലും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**ഭൂമിയില്ലാത്തവർക്ക് മൂന്ന് സെന്റ് സ്ഥലം**

221(2721) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമിയില്ലാത്തവർക്ക് മൂന്ന് സെന്റ് സ്ഥലം എന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ഭൂമി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ നാളിതുവരെ എത്ര ഭൂമി അക്വയർ ചെയ്തിട്ടുണ്ട് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലിസ്റ്റിൽ അവശേഷിക്കുന്നതിൽ അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 3240 ഹെക്ടർ ഭൂമി ഇനി ആവശ്യമുള്ളതാണ്. അതിനായി നിലവിൽ 270 ഹെക്ടർ ഭൂമി ജില്ലാ കളക്ടർമാർ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് പകരമായി ലൈഫ് മിഷൻ എന്ന പദ്ധതി പ്രകാരം മണ്ണും വീടും നൽകുന്നതിനുള്ള പ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നു. ടി പദ്ധതിക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതി**

222(2722) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതി പഠിക്കാനായി എത്ര തുക വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ;

ഉത്തരം

(എ) കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ് മൂലമുണ്ടാകുന്ന അപകടസാധ്യത വ്യാപ്തി കുറയ്ക്കുന്നതിനുവേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി. കേന്ദ്ര ഗവൺമെന്റിന്റെയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 2015 ആഗസ്റ്റ് 11-ന് ആരംഭിച്ച പദ്ധതിയാണ്. കേരളത്തിലെ തീരദേശ ജില്ലയിലെ കടലോരങ്ങളിൽ വസിക്കുന്നവർക്ക് ചുഴലിക്കാറ്റ് സംബന്ധമായി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവരെ മാറ്റിപ്പാർപ്പിക്കുന്നതിന് അഭയ കേന്ദ്രങ്ങൾ പണിയുക, അവർക്ക് ചുഴലിക്കാറ്റ് സംബന്ധമായി യഥാസമയം മുന്നറിയിപ്പ് നൽകുക, കടലോരത്ത് താമസിക്കുന്ന ജനങ്ങൾക്ക് ചുഴലിക്കാറ്റിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക, ഇത്തരം ദുരന്തത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും പരിശീലനം നൽകുക മുതലായവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) തുക വകയിരുത്തിയിട്ടില്ല.

**അഴീക്കോട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ**

223 (2723) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-2018 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് ശുപാർശ ചെയ്ത അഴീക്കോട് നിയോജക മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് കണ്ണൂർ കളക്ടറേറ്റിൽ നിന്നും ഭരണാനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പ്രവൃത്തികളെന്ന് പറയാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഭരണാനുമതി നടപടികൾ പൂർത്തിയാക്കി അന്തിമ ഉത്തരവ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 9 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എസ്റ്റിമേറ്റ്, ഡി.പി.ആർ., ചെക്ക് ലിസ്റ്റ് എന്നിവ ലഭ്യമാകാത്തതിനാലാണ് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത്.

(സി) എസ്റ്റിമേറ്റ്, ഡി.പി.ആർ., ചെക്ക് ലിസ്റ്റ് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കണ്ണൂർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മൂന്നാറിലെ പരിസ്ഥിതി അവലോകന റിപ്പോർട്ട്

224(2724) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ലാന്റ് റവന്യൂ കമ്മീഷണർ അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) കൊട്ടക്കമ്പൂർ വില്ലേജിലെ ഭൂരേഖകളും, വ്യാജപട്ടയങ്ങളും പരിശോധിക്കുവാനുള്ള വകുപ്പിന്റെ ശ്രമം ഫലപ്രദമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ വ്യാപകമായ കയ്യേറ്റം ഉണ്ടായതായി കണ്ടെത്തിയിട്ടും അതിനെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പിന് കഴിയാത്തത് എന്തുകൊണ്ടാണ് ;

(ഇ) മൂന്നാർ വികസന അതോറിറ്റി രൂപീകരണം സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ&ബി) പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)-ന്റെ നിർദ്ദേശപ്രകാരം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളും ഭൂമി സംബന്ധമായ പ്രശ്നങ്ങളും സംബന്ധിച്ച് മൂന്നാർ സന്ദർശിച്ച് ലാന്റ് റവന്യൂ കമ്മീഷണർ തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രസ്തുത സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ടി റിപ്പോർട്ട് പരിശോധിച്ച് സമിതി സർക്കാരിന് ശിപാർശകൾ നൽകിയിട്ടുള്ളതും ടി റിപ്പോർട്ടിലെ 8-ഉം 9-ഉം ശിപാർശകളിൽ റവന്യൂ വകുപ്പിൽനിന്നും നടപടി സ്വീകരിക്കുന്നതും മറ്റ് ശിപാർശകൾ

പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, വനം വന്യജീവി വകുപ്പ്, വിനോദ സഞ്ചാര വകുപ്പ് എന്നീ വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

(സി) കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ രേഖകൾ ദേവികുളം സബ്കളക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) കയ്യേറ്റത്തിനെതിരെ സത്വര നടപടികളാണ് സ്വീകരിച്ചുവരുന്നത്. കെ.ഡി.എച്ച്., പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും 31-5-2010-ലെ സ.ഉ.(കൈ.) 201/2010/ ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെയും സ്പെഷ്യൽ റവന്യൂ ഓഫീസറെയും നിയമിക്കുകയും ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചുവരുന്നതുമാണ്. കൂടാതെ ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സേവനം ഉപയോഗപ്പെടുത്തിവരുന്നതുമാണ്.

(ഇ) മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ടി.എസ്. കനാലിനോട് ചേർന്നുള്ള റവന്യൂ പുറമ്പോക്ക് കയ്യേറ്റം

225(2725) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലൂടെ കടന്നു പോകുന്ന ദേശീയ ജലപാതയായ ടി. എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിലെ റവന്യൂ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽക്കൂടി കടന്നുപോകുന്ന ദേശീയ ജലപാതയായ ടി.എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിൽ റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലില്ല. ടി.എസ്. കനാലിനോട് ചേർന്ന് കാണപ്പെടുന്ന പുറമ്പോക്ക് ഭൂമി റീസർവ്വെ രേഖകൾ പ്രകാരം ടി കനാലിന്റെതന്നെ ഭാഗമായ കായൽ പുറമ്പോക്ക് ഭൂമിയാണ്.

കായൽ, കനാൽ, തോട്, നദികൾ, കുളങ്ങൾ തുടങ്ങിയ ജലാശയങ്ങളും അതിന്റെ ഭാഗമായി അതിനോട് ചേർന്നുവരുന്ന പുറമ്പോക്ക് ഭൂമികളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 218 പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയാണ്. കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം, ആദിനാട്, അയണിവേലിക്കുളങ്ങര, കരുനാഗപ്പള്ളി, പന്മന, ചവറ, നീണ്ടകര എന്നീ വില്ലേജുകളുമായി അതിർത്തി പങ്കിടുന്ന ടി.എസ്. കനാലിനോട് ചേർന്നുവരുന്ന കായൽ പുറമ്പോക്ക് ഭൂമിയിലെ മുഴവൻ കയ്യേറ്റങ്ങളും കണ്ടെത്തുന്നതിന് ഒരു പ്രത്യേക ദൗത്യം എന്ന നിലവിലുള്ള സമഗ്രമായ സർവ്വേ നടപടികൾ സ്വീകരിച്ചുവരുന്നു. കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട 12 കേസുകളിൽ സർവ്വേ അതിർത്തി 33.61 ആർസ് സ്ഥലത്തെ കയ്യേറ്റം തിട്ടപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്തിന്റെ അധീനതയിലുള്ള ടി പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കയ്യേറ്റ സ്കെച്ചും അനുബന്ധ രേഖകളും ആലപ്പാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതും രണ്ട് കേസുകളിൽ കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

(ബി) ടി.എസ്. കനാലിനോട് ചേർന്ന് റവന്യൂ പുറമ്പോക്ക് ഭൂമി നിലവിലില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള കായൽ പുറമ്പോക്ക് ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കയ്യേറ്റ സ്കെച്ചും അനുബന്ധ രേഖകളും ആലപ്പാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

## മൂന്നാറിലെ അനധികൃത കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ

226(2726) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ അനധികൃത കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിനായുള്ള റവന്യൂ വകുപ്പിന്റെ നടപടികളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ശക്തമായ നടപടികൾ സ്വീകരിച്ച റവന്യൂ ഉദ്യോഗസ്ഥരെ ഭീഷണി പെടുത്തിയും അവഹേളിച്ചും ഉന്നത തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നതായുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രസ്തുത ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതിന് കാരണമായിട്ടില്ലേയെന്ന് വ്യക്തമാക്കുമോ;

(സി) ദേവികുളം താലൂക്ക് ഓഫീസിന് സമീപത്തെ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുവാനായി 12-4-2017-ന് അവിടെ എത്തിയ ഉദ്യോഗസ്ഥരെ തടഞ്ഞവർക്കെതിരെ നടപടി സ്വീകരിക്കാത്ത പോലീസുദ്യോഗസ്ഥർക്കെതിരെ അന്നത്തെ സബ് കളക്ടർ നടപടിക്ക് ശിപാർശ ചെയ്തിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു വെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നാറിൽ അനധികൃത കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും തടയുന്നതിൽ തടസ്സങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. എന്നിരുന്നാലും ചില കേസുകളിൽ കക്ഷികളുടെയും കക്ഷികളെ പിന്താങ്ങുന്നവരുടെയും പ്രതിഷേധങ്ങൾ ഉണ്ടാകാറുള്ളതാണ്.

(ബി) അനധികൃത കയ്യേറ്റങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ ഉന്നത തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

(സി) ശിപാർശ ചെയ്തിരുന്നു. ഈ വിഷയം സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ച ശിപാർശയിന്മേൽ H3/97/2017/Home നമ്പർ ഫയലിൽ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് പോലീസ് ചീഫിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**പുറമ്പോക്ക് ഭൂമി അളന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

227 (2727) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ എം.സി. റോഡിലെ വല്ലം, കുറുപ്പംപടി-പാണംകുഴി റോഡിലെ വേങ്ങൂർ പള്ളിത്താഴം എന്നീ കവലകളിലെ പുറമ്പോക്ക് അളന്ന് തിരിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കവലകളിലെ പുറമ്പോക്ക് അളന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വല്ലം, വേങ്ങൂർ കവലകളിലെ പുറമ്പോക്ക് കണ്ടെത്തി ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ഡി) വല്ലം, വേങ്ങൂർ കവലകൾ അളന്നുതിരിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുമ്പാവൂർ എം.സി. റോഡിലെ വല്ലം, കുറുംപ്പംപടി-പാണംകുഴി റോഡിലെ വേങ്ങൂർ പള്ളിത്താഴം എന്നീ കവലകളിൽ പുറമ്പോക്ക് അളന്നു തിരിക്കുന്നതിന്റെ ഭാഗമായി താലൂക്ക് സർവ്വേയർ ഫീൽഡ് പരിശോധന നടത്തിയിട്ടുള്ളതും പരിശോധന വേളയിൽ കൂടുതൽ രേഖകൾ ആവശ്യമായതിനാൽ ആയവ ശേഖരിച്ച് ഉടൻ തിട്ടപ്പെടുത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിക്കുന്നതുമാണ്.

(ബി) താലൂക്ക് സർവ്വേയർമാരുടെ അപര്യാപ്തതമൂലമാണ് കയ്യേറ്റങ്ങൾ അളന്നുതിട്ടപ്പെടുത്തുന്ന നടപടി സമയബന്ധിതമായി തീർക്കാൻ സാധിക്കാത്തത്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നടപടി ഉടൻ പൂർത്തിയാക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുലമൺതോടിന്റെ വശങ്ങളിലുള്ള കയ്യേറ്റക്കാരുടെ പട്ടിക**

228(2728) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊട്ടാരക്കര മണ്ഡലത്തിലെ പുലമൺതോടിന്റെ വശങ്ങളിലുള്ള കൈയേറ്റക്കാരുടെ പട്ടിക റവന്യൂ വകുപ്പ് തയ്യാർ ചെയ്തിട്ടുണ്ടോ; പട്ടികയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

കൊട്ടാരക്കര മണ്ഡലത്തിലെ പുലമൺ തോട് പുറമ്പോക്ക് കയ്യേറി കൈവശം വച്ചുവരുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പേരും മേൽവിലാസവും | വിസ്തീർണ്ണം (ഏകദേശം) ഹെക്ടറിൽ | ബ്ലോക്ക് നമ്പർ സർവ്വേ നമ്പർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വിജയൻ<br>S/o. നാരായണൻ,<br>മണിവിലാസം, പുലമൺ പി.ഒ. | 0.01.01 | B1-22<br>Sy 121/2 |
| 2 | വിജയൻ<br>S/o. വേലായുധൻ,<br>കാരാളിക്കുഴിയിൽ വീട്,<br>മണ്ണടി, കടമ്പനാട് പി.ഒ. | 0.01.80 | B1-22<br>Sy 121/2 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | ബാബുരാജ്<br>S/o. രാജൻ, പണയിൽ വീട്,<br>പുലമൺ പി.ഒ. | 0.0018 | 22<br>144 |
| 4 | കുഞ്ഞുമോൻ<br>S/o. മത്തായി,<br>മരുതിയിൽ വീട്, പുലമൺ | 0.0303 | 22<br>144 |
| 5 | അച്ചൻകുഞ്ഞ്<br>S/o. ചാക്കോ,<br>ചന്തവിള പുത്തൻവീട്, പുലമൺ | 0.0020 | 22<br>144 |
| 6 | മലങ്കര ഓർത്തഡോക്സ് സിറിയൻ<br>ക്രിസ്ത്യൻ സെന്റർ കൊട്ടാരക്കര പുനലൂർ<br>ഭദ്രാസനാധിപൻ ഡോ.<br>തേവ്യോദോറോസ് തിരുമനസ്സ്<br>(കോട്ടപ്പുറം അരമന) | 0.0326 | 22<br>144 |
| 7 | ബിന്ദു തോമസ്<br>S/o. കെ. സി. തോമസ്,<br>കിഴക്കേവീട്, പുലമൺ പി.ഒ. | 0.0081 | 22<br>201/11 |
| 8 | ധന്യ മറിയം ജേക്കബ്<br>D/o. ജേക്കബ്, ധന്യ ഹൗസ്,<br>കോട്ടപ്പുറം | 0.0060 | 22<br>101/11 |
| 9 | ജോസ്<br>S/o. ഡാനിയൽ,<br>വട്ടവിള തെക്കേതിൽ, കിഴക്കേക്കര | 0.0090 | 22<br>196/6 |
| 10 | റ്റി.പി.എം. വിശ്വാസ മന്ദിരത്തിൽ<br>താമസം വർഗ്ഗീസ് തോമസ് മകൻ<br>പാസ്റ്റർ മായലിൽ തോമസ് തോമസ് | 0.0230 | 22<br>196/6 |
| 11 | ഗോമതി<br>തോട്ടിൻകരവീട്,<br>പുലമൺ | 01.0100 | 22<br>121/2 |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | തങ്കപ്പൻ<br>തോട്ടിൻകരവീട്,<br>പുലമൺ | 0.0130 | 22<br>121/2 |
| 13 | കരുണാകരൻ<br>തോട്ടിൻകരവീട്<br>പുലമൺ | 0.0118 | 22<br>121/2 |
| 14 | കുഞ്ഞമ്മ ഡാനിയൽ<br>തോട്ടിൻകരവീട്,<br>പുലമൺ | 0.0205 | 22<br>121/2 |
| 15 | സോമൻ<br>ചരുവിള വീട്,<br>പുലമൺ | 0.0320 | 22<br>121/2 |
| 16 | ശീലാ വൽസൺ,<br>തോട്ടിൻകരവീട്,<br>പുലമൺ | 0.0121 | 22<br>121/2 |
| 17 | ഫസലുദ്ദീൻ,<br>ഷെഫീക്ക് മൻസിൽ,<br>തോട്ടിൻകരവീട്, പുലമൺ | 0.0071 | 22<br>118/2 |
| 18 | രേണുക<br>തോട്ടിൻകരവീട്,<br>പുലമൺ | 0.0230 | 22<br>118/2 |
| 19 | സി. സെൽവരാജ്<br>തോട്ടിൻകരവീട്<br>പുലമൺ | 0.0210 | 22<br>118/2 |
| 20 | യോഹന്നാൻ<br>തോട്ടിൻകരവീട്<br>പുലമൺ | 0.0162 | 22<br>118/2 |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | എം. ഓമന<br>തോട്ടിൻകരവീട്<br>പുലമൺ | 0.0370 | 22<br>118/2 |
| 22 | പൊന്നമ്മ<br>കിഴക്കേചെരുവിള വീട്,<br>പുലമൺ | 0.0490 | 22<br>118/2 |
| 23 | പ്രദീവ്<br>പുത്തൻപുരയിൽ | 0.0210 | 22<br>118/2 |
| 24 | ബൈജു റ്റി.കെ.,<br>തുണ്ടിൽ പുത്തൻവീട്,<br>നെല്ലിക്കുന്നം പി.ഒ., കൊട്ടാരക്കര | 0.0033 | 22<br>141/19 |
| 25 | തോമസ് മാത്യു<br>ഹിൽവ്യൂ, പുലമൺ | 0.0280 | 22<br>141/19 |
| 26 | ശോശാമ്മ ജോൺ,<br>പോപ്പിയോ,<br>പുലമൺ പി.ഒ. | 0.0478 | 22<br>141/19 |

**ചെറുവത്തൂർ പുഴ പുറമ്പോക്ക് - പട്ടയം ലഭിക്കാൻ നടപടി**

229(2729) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിൽ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അൻപത് വർഷത്തിലധികമായി ഇവിടെ ജീവിച്ചുവരുന്ന ദരിദ്രരായ കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം

പുഴപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമി പതിവ് വിധേയമല്ല എന്നും പുഴ തീരങ്ങളിലുള്ള ഭൂമി പതിച്ചു നൽകരുതെന്ന സുപ്രീംകോടതി വിധിന്യായമുള്ളതായും കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) വകുപ്പ്, മുനിസിപ്പാലിറ്റി ആക്ടിലെ 208 എ(1) വകുപ്പ് എന്നിവ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ പുഴപുറമ്പോക്ക് പതിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ. പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകളാൽ വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ സാധാരാണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചുവരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട്ടുനമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചുവരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പൊതു വിഷയം 28565/യു3/15/റവ. നമ്പർ ഫയലിൽ പരിശോധനയിലാണ്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നമുറയ്ക്ക് മാത്രമേ പട്ടയത്തിനായുള്ള അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

## പവിത്രാനന്ദപുരം കോളനിയിലെ പട്ടയം

230(2730) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭയിലുൾപ്പെട്ട പവിത്രാനന്ദപുരം കോളനിയിൽ എത്ര പേർക്ക് ആണ് പട്ടയം നൽകേണ്ടത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്; പട്ടയം ലഭിച്ചവരുടെ പേരുവിവരം നൽകാമോ;

(സി) പട്ടയം ഇനി ലഭിക്കേണ്ട അപേക്ഷകരുടെ പേര് വിവരം വിശദമാക്കാമോ;

(ഡി) പട്ടയം നൽകുന്നതിന് ടി കോളനിയിൽ താമസിക്കുന്നവരുടെ അപേക്ഷകൾ ഏതു വർഷത്തിൽ ആണ് താലൂക്ക് അധികാരികൾക്ക് ലഭ്യമായത് എന്ന് വിശദമാക്കാമോ;

(ഇ) പട്ടയം നൽകുന്നതിനു താലൂക്ക് അധികാരികൾ ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(എഫ്) പട്ടയം നൽകുന്നതിനു നെയ്യാറ്റിൻകര നഗരസഭ എന്തെങ്കിലും നടപടി എടുക്കാൻ ഉണ്ടോ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര പവിത്രാനന്ദപുരം കോളനിയിൽ ആകെ 35 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്.

(ബി) പ്രസ്തുത കോളനിയിൽ ആർക്കുംതന്നെ പട്ടയം നൽകിയിട്ടില്ല.

(സി) പട്ടയം ലഭിക്കേണ്ട അപേക്ഷകരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | അപേക്ഷകരുടെ പേര് |
|---|---|
| (1) | (2) |
| 1 | അപ്പുക്കുട്ടൻ |
| 2 | എൻ. മണിയൻ |
| 3 | തങ്കമണി |
| 4 | ജയകുമാർ |
| 5 | എ. ഓമന |
| 6 | ജ്യോതിഷ്മതി |
| 7 | പി. തങ്കരാജൻ |
| 8 | രാജപ്പൻ |
| 9 | ലളിത |
| 10 | യശോദ |
| 11 | റോയൽ ഡാനിയേൽ |
| 12 | എസ്. ഓമന |
| 13 | എസ്തർ |
| 14 | ആർ. ഓമന |

| (1) | (2) |
|---|---|
| 15 | എസ്. ബേബി |
| 16 | വസന്ത |
| 17 | ലീല |
| 18 | ജെ. ശശി |
| 19 | ഗൗരിക്കുട്ടി |
| 20 | ടി. കുമാർ |
| 21 | ചെല്ലൻ |
| 22 | മഹേശ്വരി |
| 23 | ശശികുമാർ |
| 24 | അശോകൻ |
| 25 | സുമതി |
| 26 | ബിജു, രാധ |
| 27 | സുശീല |

അനുവാദ പത്രിക ലഭിച്ചവരിൽനിന്നും കൈമാറ്റത്തിലൂടെ ഭൂമി കൈവശത്തിലുള്ളവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണ്. ഇത്തരത്തിലുള്ള അപേക്ഷകരുമുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | അപേക്ഷകരുടെ പേര് |
|---|---|
| (1) | (2) |
| 1 | ശാന്ത |
| 2 | നൂർജഹാൻ |

| (1) | (2) |
|---|---|
| 3 | മണിയൻ |
| 4 | ഗോപി |
| 5 | സബിത |
| 6 | കുമാർ |
| 7 | വിജയൻ |
| 8 | ഫെൽസി |

(ഡി) 2003, 2008 വർഷങ്ങളിലാണ് താലൂക്ക് അധികാരികൾക്ക് ലഭ്യമായത്.

(ഇ) നഗരസഭയിൽ നിന്ന് അനുവാദപത്രിക ലഭ്യമായാൽ മാത്രമേ താലൂക്കിൽ തുടർ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) അനുവാദപത്രിക നഗരസഭയിൽ നിന്ന് ലഭ്യമാകണം.

**ഗ്രോ മോർ ഫുഡ്" പദ്ധതി പ്രകാരം കൈമാറി കിട്ടിയ കൈവശഭൂമി**

231(2731) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി താലൂക്കിലെ വിവിധ വില്ലേജുകളിൽ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം കൈമാറി കിട്ടിയ കൈവശ ഭൂമിയിലെ പട്ടയ വിതരണത്തിനുള്ള തടസ്സം വ്യക്തമാക്കുമോ;

(ബി) ഫോറസ്റ്റ് ആക്ട് 1980 (ഹാന്റ് ബുക്ക്) പാർട്ട് സി.ചാപ്റ്റർ - I ൽ 25-10-1980-ന് മുൻപ് വനേതര ആവശ്യത്തിന് കൈമാറിയ ഭൂമി സംബന്ധിച്ചും 1956-ന് മുൻപ് കൈമാറിയ വനഭൂമിയെ സംബന്ധിച്ചും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് വിടേണ്ട ആവശ്യമില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ടോ;

(സി) 1956-ന് മുൻപ് കൈമാറിയ സ്ഥലത്തിന് ഫോറസ്റ്റ് ആക്ട് ബാധകമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം കൈമാറിയിട്ടുള്ള ഭൂമി ആണെങ്കിലും ടി ഭൂമി നിലവിൽ റിസർവ് സ്റ്റാറ്റസിൽ ആണെന്നും ആയതിനാൽ ഡിസ്റിസർവ് ചെയ്താൽ മാത്രമേ ടി ഭൂമിക്ക് പട്ടയം നൽകാൻ കഴിയുകയുള്ളൂവെന്നും വനം വകുപ്പ് അറിയിച്ചിരിക്കുകയാണ്.

(ബി) ഭക്ഷ്യോത്പാദന മേഖലയിൽപ്പെട്ടതും നാളിതുവരെ പട്ടയം ലഭിക്കാത്തതുമായ ഭൂമിക്ക് പട്ടയം നിലവിൽ അനുവദിക്കുന്നതിന് 1980-ലെ വനസംരക്ഷണ നിയമ പ്രകാരം കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും ഫുഡ് പ്രൊഡക്ഷൻ ഡിസ്റിസർവ് ചെയ്യാത്തതിനാൽ റിസർവ് സ്റ്റാറ്റസ് ഉള്ളതാണെന്നും വനം വകുപ്പ് അധികൃതർ അറിയിച്ചിട്ടുള്ളതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റാന്നി മണ്ഡലത്തിൽ പട്ടയം

232(2732) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇനി പട്ടയം ലഭിക്കാനുള്ളത്; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്നും എത്ര അളവ് വസ്തുവിന് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പട്ടയം ലഭിക്കാനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നടപടികൾ പൂർത്തിയാക്കി ഓരോ പ്രദേശത്തും കൈവശക്കാർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാനാവും എന്ന് പറയാമോ;

(ഡി) ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായ സ്ഥലങ്ങൾ ഏതൊക്കെ; ഇതിന് ഇനി വേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി)

| ക്രമ നമ്പർ | വില്ലേജ് | പ്രദേശം | കൈവശങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | പഴവങ്ങാടി | കരികുളം കോളനി | 96 | 24.5244 |
| നിലവിലെ സ്ഥിതി | | | | |
| സ.ഉ.(കൈ.) നമ്പർ 326/17/റവ. തീയതി 25.09.2017 പ്രകാരം പട്ടയം നൽകുന്നതിന് സർക്കാർ ഉത്തരവായി. എന്നാൽ സ്റ്റാറ്റസ് വനഭൂമി ആയതിനാൽ പട്ടയം നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. | | | | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2. | അത്തിക്കയം | തെക്കേത്തൊട്ടി | 214 | 24.0487 |

നിലവിലെ സ്ഥിതി

1-1-1977-ന് മുമ്പുള്ള വനഭ്രമി കയ്യേറ്റ് പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാത്ത ടി പ്രദേശത്തിന്റെ സ്റ്റാറ്റസ് വനഭ്രമി ആയതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്.

| | | | | |
|---|---|---|---|---|
| 3. | അത്തിക്കയം | 46 ഏക്കർ | 101 | 13.2132 |

നിലവിലെ സ്ഥിതി

സ.ഉ.(Rt) 1222/71/RD തീയതി 27-2-1971 നമ്പർ ഉത്തരവ് പ്രകാരം ഒരിക്കൽ 23 പേർക്കായി പട്ടയം അനുവദിച്ച ഭ്രമി വീണ്ടും നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

| | | | | |
|---|---|---|---|---|
| 4. | ചേത്തയ്ക്കൽ | വലിയപതാൽ | 224 | 30.6775 |

നിലവിലെ സ്ഥിതി

2 ഏക്കർ വച്ച് 38 ആദിവാസികൾക്കായി 1971-ൽ വിതരണം ചെയ്ത ഭ്രമിയിൽ നിലവിൽ മറ്റ് വിഭാഗക്കാർ താമസിച്ചുവരുന്നു. ടി ഭ്രമിയുടെ സ്റ്റാറ്റസ് വനഭ്രമിയായതിനാൽ പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്.

| | | | | |
|---|---|---|---|---|
| 5 | കൊല്ലമുള | എക്സ്സർവ്വീസ് മെൻസ് കോളനി | ഏകദേശം 300 | തിട്ടപ്പെടുത്തി യിട്ടില്ല |

നിലവിലെ സ്ഥിതി

തിരു-കൊച്ചി സർക്കാരിന്റെ 17-3-1953-ലെ 1-5-13547/52/ഡി.ഡി. ഉത്തരവ് പ്രകാരം 1500 ഏക്കർ ഭ്രമി വിമുക്തഭട കോളനിക്ക് അനുവദിച്ചു. ടി ഉത്തരവ് പ്രകാരം 4 ഏക്കർ വീതം 300 പേർക്ക് പട്ടയം നൽകി വനമായി നിലനിർത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. പട്ടയം നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്.

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6. | കൊല്ലമുള | മണ്ണടിശാല പരുവ | | തിട്ടപ്പെടുത്തി യിട്ടില്ല |

നിലവിലെ സ്ഥിതി

എക്സ് സർവ്വീസ് മെൻസ് കോളനി, ആദിവാസി സെറ്റിൽമെന്റ് ഏരിയ എന്നിവയിൽ ഉൾപ്പെടുന്ന പ്രദേശം

| | | | | |
|---|---|---|---|---|
| 7. | കൊല്ലമുള | അരയാഞ്ഞിലി മണ്ണ് | | തിട്ടപ്പെടുത്തി യിട്ടില്ല |

നിലവിലെ സ്ഥിതി

1-1-1977-നുമുമ്പുള്ള വനഭൂമി പ്രദേശവും ആദിവാസി സെറ്റിൽമെന്റ് ഏരിയായും ടി പ്രദേശത്തെ ഭൂരിഭാഗം ആദിവാസികൾക്കും വനാവകാശ കൈവശരേഖ നൽകിയിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 8. | കൊല്ലമുള | എയ്ഞ്ചൽവാലി | | തിട്ടപ്പെടുത്തി യിട്ടില്ല |

നിലവിലെ സ്ഥിതി

കോട്ടയം - പത്തനംതിട്ട ജില്ലകളുടെ അതിർത്തി പ്രദേശം, സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയിച്ച് പട്ടയം നൽകാവുന്നതാണ്.

| | | | | |
|---|---|---|---|---|
| 9. | പെരുനാട് | കോട്ടപ്പാറ | 67 | 2.9952 |

നിലവിലെ സ്ഥിതി

പെരുനാട് വില്ലേജിലെ സർവ്വെ 735/1, 741/1, 751/1, 742/2 ബി1, 736/1 എന്നീ സർവ്വെ നമ്പരുകളിലായുള്ള പ്രദേശങ്ങൾ സെറ്റിൽമെന്റ് രജിസ്റ്ററിൽ റിമാർക്സിൽ ചില പ്രദേശങ്ങൾ വനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വനം എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങൾക്ക് പട്ടയം നൽകാവുന്നതാണ്.

| | | | | |
|---|---|---|---|---|
| 10. | വടശ്ശേരിക്കര | മുക്കുഴി | 58 | 12740 |

നിലവിലെ സ്ഥിതി

1974-ൽ മിച്ചഭൂമി പട്ടയമായി നൽകിയ ഭൂമി. നിലവിലെ കൈവശക്കാർക്ക് പട്ടയം നൽകേണ്ടതുണ്ട്.

(സി) നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(ഡി) റാന്നി താലൂക്കിൽ ജോയിന്റ് വേരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പ്രദേശങ്ങൾ

| ക്രമ നമ്പർ | വില്ലേജ് | വിസ്തീർണ്ണം | കൈവശങ്ങളുടെ എണ്ണം | ഉൾപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|---|---|
| 1 | കൊല്ലമുള | 123.9919 | 335 | കുറുമ്പൻമൂഴി, മണക്കയം, അരയാഞ്ഞിലിമണ്ണ്, തുലാപ്പള്ളി |
| 2 | പെരുനാട് | 63.3600 | 148 | അട്ടത്തോട്, ളാഹ |
| 3 | വടശ്ശേരിക്കര | 9.6400 | 31 | ഒളികല്ല്, കൊട്ടമുടി |
| 4 | അത്തിക്കയം | 26.7318 | 110 | കുടമുരുട്ടി, ചണ്ണ, കൊച്ചുകുളം |
| | | 223.3237 | 624 | |

ടി പ്രദേശങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നടപടി സ്വീകരിച്ചുവരുന്നു.

**പട്ടയം നൽകുന്നതിനുള്ള നടപടികൾ**

233(2733) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ താലൂക്കിലെ വിവിധ പുറമ്പോക്ക് സ്ഥലങ്ങളിൽ കാലങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് നിലവിൽ തീർപ്പാക്കാൻ ഉള്ളത് എന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പുറമ്പോക്കുകളിൽ താമസിക്കുന്ന അർഹതപ്പെട്ട മുഴുവൻ പേർക്കും പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിറ്റൂർ താലൂക്കിലെ വിവിധ പുറമ്പോക്ക് സ്ഥലങ്ങളിൽ കാലങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള 29 കേസുകളിൽ പതിച്ചു നൽകാവുന്ന ഭൂമി, അസൈൻമെന്റ് കമ്മിറ്റി അംഗീകരിച്ചവയിൽ പതിവിനുള്ള നിയമാനുസൃത നടപടി സ്വീകരിച്ചുവരുന്നു.

(ബി)

| വില്ലേജ് | എണ്ണം |
|---|---|
| കോഴിപ്പതി | 5 |
| വലിയവല്ലംപതി | 10 |
| മൂലത്തറ | 13 |
| നല്ലേപ്പുള്ളി | 1 |

(സി) താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി മുമ്പാകെ ലഭിക്കുന്ന അപേക്ഷകളിൽ പരിശോധന നടത്തി സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം**

234(2734) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇതിൽ റവന്യൂ പുറമ്പോക്ക്, പഞ്ചായത്ത് പുറമ്പോക്ക്, ഇറിഗേഷൻ ഭൂമി കൈവശം, ഫോറസ്റ്റ് ഭൂമി കൈവശം എന്നീ വിഭാഗങ്ങളിലുള്ള പട്ടയങ്ങളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(സി) പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും പട്ടയം അനുവദിച്ചു നൽകുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽ നൽകിയ പട്ടയങ്ങൾ**

235(2735) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽ 1999-ലെ സർക്കാരിന്റെ കാലത്ത് നൽകിയ പട്ടയം സാധൂകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ദേവികുളം താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ആയിരുന്ന ശ്രീ. എം. ഐ. രവീന്ദ്രൻ അഡീഷണൽ തഹസിൽദാരുടെ ചാർജ് വഹിച്ചിരുന്ന 1999 കാലത്ത് നൽകിയിരുന്ന പട്ടയങ്ങളുടെ നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പട്ടയങ്ങളുടെ സാധുത സംബന്ധിച്ച പരിശോധനയും വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

236(2736) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്ന എത്ര പേർക്ക് ഈ സർക്കാർ പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയും മണ്ഡലവും അടിസ്ഥാനമാക്കി വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 9266 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ജില്ലയും മണ്ഡലവും അടിസ്ഥാനമാക്കിയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടയവിതരണവും ഭൂമികൈമാറ്റ ചട്ടവും

237(2737) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയുടെ പട്ടയ വിതരണം സംബന്ധിച്ച നടപടി ക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ ;

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതിലൂടെ കാലാകാലങ്ങളായി പരിഹാരമാകാതെ കിടന്ന ഏതൊക്കെ ഭൂപ്രശ്നങ്ങൾക്കാണ് പരിഹാരം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി കുറച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പെരിഞ്ചാംകുട്ടിയിലെ ദീർഘകാല ഭൂപ്രശ്നത്തിന് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) എല്ലാ ജില്ലകളിലും ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും പതിവിനുള്ള അപേക്ഷകളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നവയിൽ പതിവ് റിക്കാർഡു തയ്യാറാക്കുന്ന നടപടികളും പതിവ് റിക്കാർഡുകൾ തയ്യാറാക്കിയ കേസുകൾ പതിവുലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഭൂമി പതിവായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പത്ത് ജില്ലകളിലായി 21 പട്ടയമേളകൾ നടത്തിയിട്ടുള്ളതും പട്ടയമേള സംഘടിപ്പിക്കാനുള്ള ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം) അതിനുള്ള നടപടികൾ പുരോഗമിച്ചും വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 54859 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. നിയമപരമായി തടസ്സമില്ലാത്ത അപേക്ഷകളിൽ എല്ലാം സമയബന്ധിതമായി പട്ടയവിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 17-8-2017-ലെ ജി.ഒ.(പി) നമ്പർ 60/2017/ആർ.ഡി. ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമി പതിച്ചു കിട്ടുന്നതിന് മുൻഗണന നൽകുന്നതിന് ഉണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. ടി ഭേദഗതിക്ക് മുമ്പ് അപേക്ഷകന്റെ

വരുമാനപരിധി കവിയുന്ന കേസുകളിൽ താലൂക്ക്/ജില്ലാതലത്തിൽ നടപടി സ്വീകരിക്കുവാൻ സാധിച്ചിരുന്നില്ല. ടി ഭേദഗതി വന്നതുമൂലം ഇത്തരം കേസുകളിൽ താലൂക്ക്/ ജില്ലാ തലത്തിൽതന്നെ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. കൈവശത്തിൽ ഇല്ലാത്ത പതിച്ചുകിട്ടുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമായി കുറച്ചിട്ടുണ്ട്. പട്ടയം ലഭിച്ച ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച് വരുത്തിയിട്ടുള്ള ഇളവ് പൊതുജനങ്ങൾക്ക് ആശ്വാസകരമാണ്. പതിച്ചുകിട്ടിയ ഭൂമി ഭവന നിർമ്മാണം, കൃഷി, ഭൂവികസനം എന്നീ ആവശ്യങ്ങൾക്കായി ഗവൺമെന്റിനോ ധനകാര്യ സ്ഥാപനങ്ങൾക്കോ റബർ ബോർഡിനോ ജാമ്യമെന്ന രീതിയിൽ പട്ടാദാർക്ക് പണയപ്പെടുത്തുന്നതിനുള്ള അവകാശം ഭേദഗതിയിലൂടെ ഉത്തരവായിട്ടുണ്ട്.

(സി) കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ ഭൂമി കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമായി കുറച്ചു ജി.ഒ. (പി) 60/17/റവ. തീയതി 17-8-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പെരിഞ്ചാംകുട്ടിയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് പട്ടയം നൽകുന്നത് സംബന്ധിച്ച് ദീർഘകാലമായി നിലനിന്ന ഭൂപ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്. അർഹരായ ആളുകൾക്ക് പട്ടയം നൽകിവരുന്നു. 17-2-2018-ൽ ഇടുക്കി ജില്ലയിൽ നടന്ന പട്ടയമേളകളിൽ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് 2224 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

**ഓഖി ചുഴലിക്കാറ്റുമൂലം വാമനപുരം മണ്ഡലത്തിലുണ്ടായ നാശനഷ്ടങ്ങൾ**

238(2738) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ചുഴലിക്കാറ്റുമൂലം വാമനപുരം നിയോജകമണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) നഷ്ടപരിഹാരമായി പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര തുക ഏതെല്ലാം പ്രദേശത്തു വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ചുഴലിക്കാറ്റുമൂലം വാമനപുരം നിയോജകമണ്ഡലത്തിൽ 199 വീടുകൾക്ക് ഭാഗികമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജമണ്ഡലത്തിൽ നഷ്ടപരിഹാരത്തുകയായി തെന്നൂർ, പെരിങ്ങമ്മല, കല്ലറ, വാമനപുരം, പുല്ലമ്പാറ, നെല്ലനാട്, പനവൂർ, കറുപുഴ എന്നീ വില്ലേജുകളിലായി ആകെ 22,65,000 രൂപ 199 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്.

## ഓഖി ദുരന്തനിവാരണത്തിനായി ചെലവഴിച്ച തുക

239(2739) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തനിവാരണത്തിനായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദവിവരം നൽകുമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനോടകം തന്നെ സർക്കാർ വിതരണം ചെയ്തിട്ടുള്ളത്;

(സി) ഇനിയും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ദുരന്ത ബാധിതർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ദുരന്തനിവാരണ ഫണ്ട് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതികരണനിധിയിൽ നിന്നും 133 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 116 ലക്ഷം രൂപയും അനുവദിച്ച നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ ധനസഹായമായി 16 ലക്ഷം രൂപയും ദുരന്ത പ്രതികരണ ഫണ്ടിൽനിന്ന് 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22 ലക്ഷം രൂപ അനുവദിച്ചു. കാണാതായവരുടെ കുടുംബങ്ങൾക്ക് ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരും മത്സ്യത്തൊഴിലാളികളല്ലാത്തവരുമായവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2 ലക്ഷം രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. വള്ളം, വല, മറ്റ് ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും ടി നഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനും ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് വീട് തകർന്നവർക്ക് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. ഗുരുതരമായ പരിക്കേറ്റവർക്ക് 5 ലക്ഷം രൂപയും ബോട്ടിനും വള്ളത്തിനും തത്തുല്യ നഷ്ടപരിഹാരം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മരണമടയുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം എന്നിവ നൽകുന്നതാണ്. മൊബൈലിൽ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്ന സംവിധാനം കൊണ്ടുവരും. കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തുകയും പ്രത്യേക പോലീസ് സംവിധാനത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന നൽകുന്നതുമാണ്.

(ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും അധിക സഹായമായി 431 കോടി രൂപ ആവശ്യപ്പെട്ട് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഇതിൽ 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

**ഓഖി ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക**

240(2740) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരിതാശ്വാസത്തിനായി ചെലവഴിച്ച തുക എത്രയാണ്; ഓരോ ജില്ലയിലും എത്രവീതം ചെലവഴിച്ചു;

(ബി) മരണമടഞ്ഞവർക്കും കാണാതായവർക്കും സർക്കാർ ധനസഹായമായി എത്ര തുകയാണ് വിതരണം ചെയ്തതെന്നും; ആർക്കെല്ലാമാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയാണ്; ഓരോരുത്തർക്കും നൽകിയ കേന്ദ്രസർക്കാർ വിഹിതം എത്രയാണ്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ ധനസഹായമായി 16 ലക്ഷം രൂപയും ദുരന്ത പ്രതികരണ ഫണ്ടിൽ നിന്ന് 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിധിയിൽനിന്നുള്ള 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22 ലക്ഷം രൂപ അനുവദിച്ചു. കാണാതായവരുടെ കുടുംബങ്ങൾക്ക് ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരും മത്സ്യത്തൊഴിലാളികളല്ലാത്തവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. തുക നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

241(2741) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലുള്ള "ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്" ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ട്രെയിനിംഗ് നൽകി വരുന്നതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിവരുന്നു.

(ബി) ഐ.എൽ.ഡി.എം.-ലെ പരിശീലന പരിപാടികൾ മെച്ചപ്പെടുത്തുന്നതിനും പരിശീലന പരിപാടികളിൽ പ്രൊഫഷണൽ സമീപനം കൊണ്ടുവരുന്നതിനും ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലനങ്ങൾ ക്രമീകരിക്കുന്നതിനും പ്രമുഖ പരിശീലന സ്ഥാപനമായ ഐ.എം.ജി.-ലെ വിദഗ്ധരുടെ സഹായത്തോടെ ഐ.എൽ.ഡി.എം.-ൽ ട്രെയിനിംഗ് നീഡ് അനാലിസിസ് (TNA) നടത്തി കേന്ദ്രീകൃതമായി നടത്തേണ്ട 21 വിഷയങ്ങളും ജില്ലാതലത്തിലും താലൂക്ക് തലത്തിലും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വികേന്ദ്രീകൃതമായി നടത്തേണ്ട 10 വിഷയങ്ങളും കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രീകൃതമായി നടത്തേണ്ട വിഷയങ്ങൾ രണ്ട് ദിവസങ്ങളിലായി നടത്തുന്നതിനുവേണ്ടുന്ന വിശദമായ ഷെഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച 21 പരിശീലന പരിപാടികളിൽ ILDMCTPS03 എന്ന പരിശീലന പരിപാടി 5 വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ള റവന്യൂ ഉദ്യോഗസ്ഥർക്കായി ഐ.എം.ജി.-യുടെ സഹായത്തോടെ നടപ്പിലാക്കുന്നതും ആകെ 18 ദിവസം നീണ്ടുനിൽക്കുന്നതുമാണ്. ഇതിന്റെ ഒന്നാം ഘട്ടവും മൂന്നാം ഘട്ടവും ഐ.എം.ജി.-യിൽ നടത്തിവരുന്നു. 5 ദിവസം നീണ്ടുനിൽക്കുന്ന 2-ാം ഘട്ടത്തിൽ റവന്യൂ വിഷയങ്ങളിൽ ഐ.എൽ.ഡി.എം.-ൽ 5 ദിവസത്തെ പരിശീലനം നൽകുന്നു. ഐ.എം.ജി.-യിൽ നൽകുന്ന 1-ാം ഘട്ട പരിശീലനത്തിൽ soft skill (Time Management, Stress Management, Good Governance തുടങ്ങിയവ) RTI, RTS എന്നിവ സംബന്ധിച്ചും മൂന്നാം ഘട്ടത്തിൽ ജീവനക്കാര്യം (KSR, KFC, KCS & CCA Rules) തുടങ്ങിയവ സംബന്ധിച്ചുള്ള പരിശീലനങ്ങളാണ് നൽകുന്നത്. ഇതേ മാതൃകയിൽ ILDMCTPS04 എന്ന പരിശീലന പരിപാടിയിൽ Prospective Village Officer, Prospective Tahsildar, Prospective Deputy Collectors എന്നിവർക്കുള്ള Refresher പരിശീലനങ്ങളും ഐ.എം.ജി.-യുടെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ പരിശീലനാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ക്ലാസ് റൂമുകളും ലൈബ്രറിയും ആധുനിക രീതിയിൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

വികേന്ദ്രീകൃത പരിശീലനത്തിന്റെ ഭാഗമായി ജില്ലാ/താലൂക്കുതല ട്രെയിനിംഗുകൾ മികവുറ്റതാക്കുന്നതിനായി 10 വിഷയങ്ങളിൽ Training of Trainers (TOT) ജില്ലാ/താലൂക്കുതലത്തിൽ പഠിപ്പിക്കുന്നതിന് സജ്ജരാക്കിയിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള പരിശീലനങ്ങളുടെ ഏകീകൃതരൂപം നിലനിർത്തുന്നതിനായി പ്രസന്റേഷൻ സ്ലൈഡുകളും നോട്ടുകളും ട്രെയിനിംഗ് ഷെഡ്യൂളും തയ്യാറാക്കി ഐ.എൽ.ഡി.എം.-ന്റെ www.ildm.kerala.gov.in/Training എന്ന പുതിയ വെബ്സൈറ്റിൽ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരേ വിഷയത്തിൽ ഉദ്യോഗസ്ഥർ ട്രെയിനിംഗിനായി ആവർത്തിച്ച് എത്തുന്നത് ഒഴിവാക്കുന്നതിലേയ്ക്കായി ട്രെയിനിംഗിന് ഹാജരാകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരുടെ പരിശീലന വിവരങ്ങൾ SPARK ഡാറ്റാബേസിൽ ഉൾക്കൊള്ളിച്ചുവരുന്നു. ഐ.എൽ.ഡി.എം.-ൽ നടക്കുന്ന പരിശീലന പരിപാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'ഫാക്കൽറ്റി റേറ്റിംഗ് ' വളരെ കൃത്യമായി നിർണ്ണയിക്കുന്നതിന് ശാസ്ത്രീയമായ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്യാമ്പസിനെ പൂർണ്ണമായും "free wifi campus" ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ

ഭാഗമായി ILDM മാന്വൽ പ്രസിദ്ധീകരിക്കുകയും ഹാജർനില കൃത്യമായി രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചതുപ്രകാരം ഐ.എൽ.ഡി.എം.-നെ "സെന്റർ ഓഫ് എക്സലൻസ്" ആക്കി മാറ്റുന്നതിനായി ചുവടെ പറയുന്ന 6 ഉപകേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് :

1. സെന്റർ ഫോർ ലാൻഡ് ഗവേണൻസ്
2. റിവർ മാനേജ്മെന്റ് സെന്റർ
3. സെന്റർ ഫോർ സേഫ്റ്റി ആന്റ് ക്രൗഡ് റിസ്ക് റിസേർച്ച്
4. സെന്റർ ഫോർ ലൈറ്റനിംഗ് ആൻഡ് ആൾട്ടർനേറ്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം
5. സെന്റർ ഫോർ മോഡേൺ സർവ്വേ ട്രെയിനിംഗ്
6. ഇഗ്നോ സ്റ്റഡി സെന്റർ

(സി) റവന്യൂ സംബന്ധമായ വിഷയങ്ങളിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് മുതൽ ഡെപ്യൂട്ടി കളക്ടർമാർ വരെയുള്ള റവന്യൂ ഉദ്യോഗസ്ഥർക്കും ദുരന്ത നിവാരണ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിലേയും ഇതര സർക്കാർ വകുപ്പിലേയും വിവിധ എൻ.ജി.ഒ.-കൾക്കും സന്നദ്ധ സംഘടനകൾക്കും പരിശീലനം നൽകിവരുന്നു.

## എസ്.ഡി.ആർ.എഫ്.-ന്റെ സബ്ഹെഡ്ഡിൽ അനുവദിച്ച തുക

242(2742) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മുതൽ 2016 മേയ് വരെ എസ്. ഡി. ആർ. എഫ് (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) ന്റെ വിവിധങ്ങളായ ഇരുപത്തി രണ്ടിൽ പരം സബ് ഹെഡുകളിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണ്;

(ബി) വർഷം, ജില്ല, തുക, അനുവദിച്ച ഹെഡ് എന്നിവ തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി

243(2743) ശ്രീ. ബി. സത്യൻ :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദുരന്തനിവാരണ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) 2005-ലെ ഡി. എം. ആക്റ്റ് (ദുരന്തനിവാരണ നിയമം) പാസ്സായി പത്തു വർഷത്തിലേറെയായിട്ടും സംസ്ഥാന/ജില്ലാ തലങ്ങളിലും തദ്ദേശീയ തലങ്ങളിലും ദുരന്ത നിവാരണ പദ്ധതികളുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുകയെന്ന ബാധ്യത പോലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിയിട്ടില്ല എന്ന സി & എ. ജി.-യുടെ 2017-ലെ റിപ്പോർട്ടിലെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ഡി.എം.എ. (കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി) കഴിഞ്ഞ വർഷത്തെ പദ്ധതിയുടെ വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ദുരന്തവുമായി ബന്ധപ്പെട്ട അപകട സാധ്യതകളും ബാഹ്യ ഏജൻസി കളുടെമേലുള്ള ആശ്രിതത്വവും കുറയ്ക്കുന്നതിനായി രൂപീകരിക്കേണ്ട വില്ലേജ് ദുരന്ത നിവാരണ സമിതികൾ രൂപീകരിക്കുന്നതിന് മുൻകാലങ്ങളിൽ കുറ്റകരമായ അനാ സ്ഥയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദുരന്ത നിവാരണ നിയമം 2005, Section 70(2) പ്രകാരം സംസ്ഥാന അതോറിറ്റിയാണ് വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ജില്ലാതല അതോറിറ്റി കൾക്ക് വാർഷിക റിപ്പോർട്ട് സമർപ്പിക്കാൻ നിയമപരമായ ബാധ്യതയില്ല. 2011 മുതലുള്ള വാർഷിക റിപ്പോർട്ടുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്.

(സി) 2016-17-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് തയ്യാറാക്കിവരുന്നു.

(ഡി) ഇല്ല. Disaster Management Act, 2005 പ്രകാരം Village Disaster Managements Committees രൂപീകരിക്കാൻ നിയമപരമായി ബാധ്യതയില്ലായെങ്കിലും തദ്ദേശ സ്ഥാപനങ്ങളിൽ അതാത് പ്രദേശത്തിന്റെ ആവശ്യകത മാനിച്ച് ഇത്തരം സമിതികൾ രൂപീകരിക്കാൻ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP)-യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ-ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP) സഹായത്തോടെ നടപ്പാക്കിയ ദുരന്ത-കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കൽ പദ്ധതിയിൽ (2013-2017) ഉൾപ്പെടുത്തി മൺറോതുരുത്ത് (കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ എല്ലാ വാർഡുകളിലും പ്രാദേശിക ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിൽതന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതിയും മുന്നറിയിപ്പ് പദ്ധതിയും തിരുവനന്തപുരം നഗരത്തിനുവേണ്ടി 2015-ൽ തയ്യാറാക്കുകയും ജില്ലാ അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കുവാൻ തിരുവനന്തപുരം നഗരസഭ സ്വന്തം ഫണ്ടിൽനിന്നും പണം വകയിരുത്തുകയും ചെയ്തു.

**ദുരന്ത നിവാരണ അതോറിറ്റി**

244(2744) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റി അഴിച്ചു പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ അതതു മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാകുമോ ഈ മാറ്റം വരുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ അടിയന്തര സാഹചര്യങ്ങളിൽ യഥാവിധി പ്രവർത്തിക്കാൻ അതോറിറ്റിക്ക് കഴിയാതെ വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ അതോറിറ്റിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭാവിയിൽ ഏതു തരത്തിൽ അതോറിറ്റിയെ പുനഃസംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭാവിയിൽ ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയോഗിക്കുന്നതിനും സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 6-12-2017-ലെ സ.ഉ. (കൈ.) നമ്പർ 1/2017/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അടിയന്തര സാഹചര്യങ്ങളിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമപ്രകാരം എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) 2005-ലെ ദുരന്ത നിവാരണ നിയമം സെക്ഷൻ 14 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വൈസ് ചെയർമാൻ റവന്യൂ മന്ത്രിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറിയുമാണ്. കൃഷി വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, ഹെഡ് (സയന്റിസ്റ്റ്) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവരാണ് നിലവിലെ അംഗങ്ങൾ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി ധനകാര്യ വകുപ്പ് എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് ദുരന്ത നിവാരണ നിയമനം അനുശാസിക്കുന്ന പ്രകാരമുള്ള ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല.

(ഡി) ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. രമൺ ശ്രീവാസ്തവ ഐ.പി.എസ്. (Rtd.), Advisor to Chief Minister അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിരുന്നു. ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വരവും ചെലവും**

245(2745) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ വകയിരുത്തിയിരുന്നുവെന്നും ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

ഉത്തരം

5 കോടി രൂപ വകയിരുത്തി. 1.75 കോടി രൂപ ചെലവഴിച്ചു.

**വരൾച്ചാ ദുരിതാശ്വാസമായി അനുവദിച്ച തുക**

246(2746) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-ലെ വരൾച്ചാ ദുരിതാശ്വാസമായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഫണ്ട് അനുവദിച്ചതെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം ലഭിച്ച തുക ഏതെല്ലാം പ്രദേശങ്ങളിൽ ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണനിധി, National Rural Drinking Water Programme (NRDWP) എന്നിവയിൽ നിന്ന് ഫണ്ട് അനുവദിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തി ലഭ്യമായതിനുശേഷം മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

**പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം**

247(2747) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം പുതിയ കിണർ രൂപപ്പെടുകയും ഇപ്രകാരം രൂപപ്പെട്ട കിണറിലെ മണ്ണ് വീണ് നിലവിലുണ്ടായിരുന്ന വീട്ടുകിണർ ഭാഗികമായി മൂടപ്പെടുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ മാനദണ്ഡപ്രകാരം ഇവർക്ക് റവന്യൂവകുപ്പിൽ നിന്നും 1500 രൂപയുടെ ധനസഹായം ലഭിക്കുന്നതിന് മാത്രമാണ് അർഹതയുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യങ്ങളിൽ മതിയായ ധനസഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം പ്രകാരം വ്യക്തികളുടെ വീടുകളിലുള്ള കിണർ തകരുന്നതിന് ദുരിതാശ്വാസ സഹായം നൽകാൻ വ്യവസ്ഥയില്ല.

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കാലവർഷക്കെടുതി**

248(2748) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ കാലവർഷക്കെടുതിയിലുണ്ടായ നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തി യിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 65 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ട്.

(സി) ആകെ 620 അപേക്ഷകരിൽ 115 പേർക്കുകൂടി ധനസഹായം വിതരണം ചെയ്യാനുണ്ട്. നടപടികൾ നടന്നുവരുന്നു.

**മാവേലിക്കരയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

249(2749) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അനുവദിച്ച പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ;

(സി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ വകയിരുത്തിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കു ന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

(ബി&സി) ബാധകമല്ല.

**നദീതീര സംരക്ഷണം**

250(2750) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത മണൽ വാരൽ, കരയിടിച്ചിൽ, കൈയ്യേറ്റം എന്നിവമൂലം സംസ്ഥാനത്തെ നദീതീരങ്ങളും നദികളും തന്നെ വ്യാപകമായ തോതിൽ നശിപ്പിക്കപ്പെടുന്നത് കണക്കിലെടുത്ത് നദീതീര സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത ഫണ്ടിൽ മിച്ചം തുകയുണ്ടായിട്ടും വേണ്ട വിധത്തിൽ നദീതീര സംരക്ഷണ പദ്ധതികൾ നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നദീതീര സംരക്ഷണത്തിനായുള്ള ജില്ലാവിദഗ്ധസമിതിയുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത വിദഗ്ധസമിതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) അനധികൃത മണൽ വാരൽ, കരയിടിച്ചിൽ, കയ്യേറ്റം എന്നിവ തടയുന്നതിനായി താലൂക്ക്, ജില്ലാതലങ്ങളിൽ റവന്യൂ വകുപ്പും പോലീസ് വകുപ്പും സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ഖനനം, കയ്യേറ്റം, കരയിടിച്ചിൽ എന്നിവമൂലം നദീതീരങ്ങളും നദികളും നശിക്കുന്നത് തടയുന്നതിലേയ്ക്ക് നദീതീരങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടിയും കണ്ടൽ ചെടികൾ ഉൾപ്പെടെയുള്ള സസ്യങ്ങളും മരങ്ങളും നട്ടുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22(3) അനുശാസിക്കുന്ന കാര്യങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത്. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കാനുള്ള ചെലവ്, മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ധ സമിതി എന്നിവയിലെ അംഗങ്ങളുടെ യോഗനടപടികളുമായി ബന്ധപ്പെട്ട യാത്രാബത്ത, ദിനബത്ത, ഓഡിറ്റ് ഫീസ്, പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി

സർക്കാർ നടത്തിയതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകുന്ന ചെലവുകൾ, കടവ് നിർത്തൽ ചെയ്യുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും ആവശ്യമായ ചെലവുകൾ, ജീവനക്കാരുടെ ദിവസ വേതനത്തിലുള്ള ചെലവുകൾ, വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ, സാൻഡ് ഓഡിറ്റിംഗ്, റിവർ ബാങ്ക് മാപ്പിംഗ് തുടങ്ങിയവയ്ക്കുള്ള ചെലവുകൾ എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങൾ യഥാസമയം നിർവ്വഹിച്ചുവരുന്നു.

(സി) കടവ് കമ്മിറ്റി രൂപീകരിക്കൽ, കടവുകളിൽനിന്നും വാരാവുന്ന മണലിന്റെ അളവ് നിർണ്ണയിക്കുക, മണൽ വാരലുമായി ബന്ധപ്പെട്ട പ്രാദേശിക തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കുക, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, നദീതീര വികസന പദ്ധതികൾ ആവിഷ്കരിക്കുക, സർക്കാരോ കളക്ടറോ പുറപ്പെടുവിക്കുന്ന മണൽ വാരൽ ഉത്തരവ് നടപ്പിലാക്കുക തുടങ്ങിയവയാണ് ജില്ലാ വിദഗ്ധ സമിതിയുടെ കർത്തവ്യങ്ങൾ. ജില്ലാ വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം തുടർന്നു കൂടുന്ന ജില്ലാ വിദഗ്ധ സമിതിയിലും സംസ്ഥാന ഉന്നതതല സമിതിയിലും അവലോകനം ചെയ്യപ്പെടുന്നുണ്ട്. ജില്ലാ വിദഗ്ധ സമിതി അതാത് സമയങ്ങളിൽ കൂടുകയും യോഗനടപടിക്കുറിപ്പ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗം - തിരുവനന്തപുരം ജില്ല**

251(2751) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രണ്ട് സാമ്പത്തിക വർഷങ്ങളിലും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 6,02,378 രൂപയും 2017-18 സാമ്പത്തിക വർഷം 21,60,835 രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉണ്ട്.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം കോർപ്പറേഷൻ, കരമന, തമലം, ചുള്ളമുക്ക് തോപ്പ് തോടിന്റെ വലതുകരയുടെ സംരക്ഷണഭിത്തി പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു.

## കൊല്ലം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട്

252(2752) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയാണ്; അറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ കൊല്ലം ജില്ലയ്ക്ക് സർക്കാരിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല. റിവർ മാനേജ്മെന്റ് ഫണ്ട് സർക്കാർ അനുവദിക്കുന്ന ഫണ്ട് അല്ല. മറിച്ച് അതത് ജില്ലകളിലെ നദികളിൽ നിന്നുമുള്ള വരുമാനത്തിൽനിന്നും സംഭരിക്കുന്നതാണ്.

(ബി) ബാധകമല്ല.

## റിവർ മാനേജ്മെന്റ് ഫണ്ട്

253(2753) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നുള്ള സഹായത്തിനായി കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും ലഭിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17,2017-18 വർഷങ്ങളിൽ ലഭിച്ച പ്രൊപ്പോസലുകളിന്മേൽ മലപ്പുറം കളക്ടർ എത്ര ഉത്തരവുകൾ നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) നിലവിൽ കളക്ടറേറ്റിൽ ഉള്ള പ്രെപ്പോസലുകളിൽ കോട്ടയ്ക്കൽ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ടതിൽ സർക്കാരിന് സമർപ്പിച്ചത് ഏതെല്ലാം;

(ഡി) പ്രസ്തുത പ്രെപ്പോസലുകളിൽ സർക്കാർ തിരികെ അയച്ചത് ഏതെല്ലാം; തിരിച്ച് അയച്ചതിൽ കളക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 'കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശനൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ വലതുകര സംരക്ഷണ ഭിത്തി നിർമ്മാണം' എന്ന പ്രവൃത്തിയുടെ പ്രൊപ്പോസലാണ് നിലവിൽ സർക്കാരിലേയ്ക്ക് ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളത്.

(ബി) പ്രൊപ്പോസലുകളിന്മേൽ ഉത്തരവിറക്കുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമില്ല. പ്രൊപ്പോസലുകൾ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന ഉന്നതതല സമിതി മുമ്പാകെ സമർപ്പിച്ച് സർക്കാരിൽ നിന്നാണ് ഭരണാനുമതി സംബന്ധിച്ച് ഉത്തരവിറങ്ങുന്നത്.

(സി&ഡി) 'കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശനൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയിൽ വലതുകര സംരക്ഷണ ഭിത്തി നിർമ്മാണം' എന്ന പ്രവൃത്തിയുടെ പ്രൊപ്പോസലാണ് നിലവിൽ ഭരണാനുമതിക്കായി കോട്ടക്കൽ മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുള്ളത്. സർക്കാരിന് പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ 3-11-2017-ാം തീയതി ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം പരിഗണിക്കുകയും പ്രൊപ്പോസലിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും പുതുക്കിയ പ്രൊപ്പോസൽ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

## മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

254(2754) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയുടെ റിവർ മാനേജ് മെന്റ് ഫണ്ട് മറ്റ് ജില്ലയിലെ/ ജില്ലകളിലെ പദ്ധതികൾക്ക് ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിൽ ഉത്തരവിറക്കാൻ നിർദ്ദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് ജില്ലയുടെ വികസനത്തിന് ഉപയോഗിക്കാതെ മറ്റ് ജില്ലകളുടെ വികസനത്തിന് ഉപയോഗിക്കുവാൻ കാരണം വ്യക്തമാക്കാമോ; ഏത് ജില്ലയിലേക്കാണ് പ്രസ്തുത ഫണ്ട് കൈമാറിയതെന്ന് വ്യക്തമാക്കാമോ;

(ഡി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രപ്പോസലുകൾ തയ്യാറാക്കുമ്പോൾ എം.എൽ.എ.-മാരെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 3-11-2017-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന സംസ്ഥാന ഉന്തതല സമിതി യോഗത്തിലെ തീരുമാന പ്രകാരം 10 കോടി രൂപ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും പത്തനംതിട്ട ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് കൈമാറാൻ നിർദ്ദേശം നൽകിയിരുന്നു.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22A പ്രകാരമാണ് ഒരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് കൈമാറു ന്നതിനുള്ള അധികാരം സർക്കാർ നൽകുന്നത്. പ്രസ്തുത ചട്ടപ്രകാരം ഒരു കോടിയോ അതിൽ കൂടുതലോ നീക്കിയിരിപ്പുള്ള ഏതൊരു ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും അങ്ങനെയുള്ള തുകയുടെ 50 ശതമാനത്തിൽ കവിയാത്ത ഒരു തുക, ആ ജില്ലയ്ക്ക് ഉടൻ ആവശ്യമില്ലാത്ത പക്ഷം സർക്കാരിന് പ്രത്യേക ഉത്തരവു വഴി വരുമാനം കുറഞ്ഞ മറ്റു ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്കോ നദീതീര വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിലേയ്ക്കോ ഈ ചട്ടങ്ങളിൽ പരാമർശിക്കുന്ന മറ്റേതെങ്കിലും ചെലവുകൾ അടിയന്തരമായി വിനിയോഗിക്കുന്നതിലേയ്ക്കോ കൈമാറാവുന്നതാണ്. ടി ഉത്തരവ് റദ്ദാക്കുന്നതിനുവേണ്ടിയുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) കേരളത്തിലെ വിവിധ ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 9 പാലങ്ങൾ പണിയാൻ തീരുമാനിക്കുകയും അതിൽ 5 പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടറുടെ RMF ഉപയോഗപ്പെടുത്തി പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് പ്രസ്തുത പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചത്. എന്നാൽ പത്തനംതിട്ട ജില്ലയിൽ RMF-ൽ ഫണ്ട് കുറവായതിനാൽ പാലം പണി പൂർത്തിയാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് RMF-ൽ ഏറ്റവുമധികം നീക്കിയിരിപ്പുണ്ടായിരുന്ന മലപ്പുറം ജില്ലയിൽനിന്നും ഫണ്ട് പത്തനംതിട്ട ജില്ലയ്ക്ക് കൈമാറാൻ നിർദ്ദേശം നൽകിയത്. എന്നാൽ ഫണ്ട് ഇതുവരെ കൈമാറിയിട്ടില്ല.

(ഡി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ എം.എൽ.എ.-മാരെ ഉൾപ്പെടുത്താനുള്ള നടപടി നിലവിലില്ല.

## 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

255(2755) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയലോ നീർത്തടമോ നികത്തുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് നിരീക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള തദ്ദേശ-ജില്ലാ-സംസ്ഥാനതല നിരീക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിയമലംഘന കേസുകളും അതിനെതിരെ കൈക്കൊണ്ട നടപടികളും സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട റവന്യൂ ഡിവിഷൻ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ടോ;

(സി) നിയമ വിരുദ്ധമായി പരിവർത്തനം നടത്തിയതായി കണ്ടെത്തിയ ഭൂമി പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി നടത്തിയിട്ടുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5,9,8 എന്നീ വകുപ്പുകൾ പ്രകാരം, പ്രാദേശിക-ജില്ലാ - സംസ്ഥാനതല നിരീക്ഷണ സമിതികൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ടി സമിതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) എല്ലാ റവന്യൂ ഡിവിഷൻ ഓഫീസുകളിലും നിയമലംഘന കേസുകളും അതിനെതിരെ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

(സി) ഉണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്താകെ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ട 6830 കേസുകളിൽ സ്റ്റോപ്പ് മെമ്മോ നൽകുകയും 740 കേസുകളിൽ ഉൾപ്പെട്ട 260.60.32 ഹെക്ടർ പൂർവ്വസ്ഥിതിയിലാക്കാൻ ഉത്തരവിടുകയും 135 കേസുകളിൽ ഉൾപ്പെട്ട 15.61.65 ഹെക്ടർ ഭൂമി പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്.

**വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി**

256(2756) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടിക്ക് നേരിടുന്ന തടസ്സങ്ങൾ വിശദമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കൽ പദ്ധതിയിലെ തടസ്സങ്ങൾ നീക്കുന്നതിനായി ആകർഷക പാക്കേജ് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ;

(സി) ഭൂമി വിട്ടുകൊടുക്കുന്നവരുടെ പുനരധിവാസ പാക്കേജിൽ മാറ്റങ്ങൾ വരുത്തി പുനരധിവാസ നയം രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച മറ്റ് നടപടികൾ വിശദമാക്കുമോ;

(ഇ) ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥാപിച്ച പ്രത്യേക ഓഫീസുകളിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വഹിക്കുന്നതിലെ വ്യവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ തടസ്സം കുടിയൊഴിപ്പിക്കലിന് വിധേയരാകുന്ന ആളുകളുടെ ഭാഗത്തുനിന്നുള്ള നിസ്സഹകരണവും എതിർപ്പുകളുമാണ്.

(ബി&സി) ഭൂമി ഏറ്റെടുക്കൽ പദ്ധതിയിലെ തടസ്സങ്ങൾ നീക്കുന്നതിന് ആകർഷകമായ പുനരധിവാസ പാക്കേജുകൾ 2013-ലെ LARR ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂമി വിട്ടുകൊടുക്കുന്നവരുടെ പുനരധിവാസ പാക്കേജിൽ മാറ്റം വരുത്തി പുനരധിവാസ നയമുൾപ്പെടെ മെച്ചപ്പെട്ട പുനരധിവാസ പാക്കേജ് ഉൾപ്പെടുന്ന സംസ്ഥാന നയം 29-12-2017-ലെ G.O.(Ms.) No. 448/17/RD. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(ഇ) പൊന്നുംവില നടപടികളുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ 2015-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് (കേരള) ചട്ടങ്ങളിലെ ചട്ടം 4-ലെ ഉപചട്ടം (2)-ൽ പ്രതിപാദിക്കുന്ന നിർബന്ധിത 30 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് (ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള അർത്ഥന ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അവസരത്തിൽ പ്രസ്തുത ഭൂമിയുടെ മതിപ്പ് ചെലവിന്റെ 30 ശതമാനം തുക) കെട്ടി വയ്ക്കേണ്ടതുണ്ട്. 23-1-2017-ൽ ബഹുമാനപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2015-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന 30 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി :

1. സ്പെഷ്യൽ യൂണിറ്റുകളെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള റിക്വിസിഷൻ അതോറിറ്റികൾ നഷ്ടപരിഹാരത്തിന്റെ 30 ശതമാനം

എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് റിക്വയറിംഗ് ബോഡി മുമ്പാകെ കെട്ടിവയ്ക്കേണ്ടതില്ല. ഈ വിഷയത്തിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന മൊത്തം എസ്റ്റാബ്ലിഷ്മെന്റ് തുക തവണകളായി (പ്രതിവർഷം) റിക്വിസിഷനിംഗ് അതോറിറ്റി അടയ്ക്കേണ്ടതാണ്.

2. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിർവ്വഹിക്കുന്ന ഭൂമി ഏറ്റെടുക്കലുകളിൽ നഷ്ടപരിഹാരത്തിന്റെ അനുപാതിക എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് റിക്വയറിംഗ് ബോഡി മുമ്പാകെ റിക്വിസിഷൻ അതോറിറ്റികൾ കെട്ടിവയ്ക്കേണ്ടതില്ല.

മേൽ തീരുമാനം സർക്കാർ അംഗീകരിക്കുകയും 2015-ലെ LARR Rules ചട്ടം 4, ഉപചട്ടം (2) ഭേദഗതി ചെയ്തുകൊണ്ട് 23-1-2018-ൽ 301/ബി1/ 2017/ ആർ.ഡി. പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ച് 30 ദിവസങ്ങൾക്കുശേഷവും ആക്ഷേപമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വൻകിട കമ്പനികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം**

257(2757) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്നതും മറ്റ് പലർക്കും കൈമാറ്റ ചെയ്തതുമായ ഭൂമി തിരികെ എടുക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 30-12-2015-ലെ സ.ഉ.(എംഎസ്.) 703/2015/ആർ.ഡി. ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും വൻകിട കമ്പനികളിൽനിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) വൻകിട കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ എടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിൽ കാലതാമസം ഉണ്ടാകുന്നത്എന്തുകൊണ്ടെന്ന് അറിയിക്കുമോ; നിയമനിർമ്മാണം നടത്തുന്നതിനായി കരട് ബിൽ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കരട് ബിൽ തയ്യാറാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കാലാവധി എത്രയാണെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ വിഷയം വിശദമായി പഠിക്കുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഈ സർക്കാർ നാളിതുവരെ ഇക്കാര്യങ്ങൾക്കായി എത്രരൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-12-2015-ലെ G.O.(Ms.) 703/2015/RD നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശം വച്ചിരുന്ന മുഴുവൻ സർക്കാർ ഭൂമിയും പരിശോധിച്ച് നിലവിലെ കൈവശക്കാർക്ക് നിയമനാനുസൃതം സർക്കാരിൽനിന്നും ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ലെങ്കിൽ അത്തരം ഭൂമികൾ സർക്കാരിലേയ്ക്ക് എറ്റെടുക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഭൂമികൾ ഉൾപ്പെടുന്ന വൻകിട തോട്ടങ്ങളുടെ വിവരം ജില്ലകളിൽ നിന്നും ശേഖരിച്ച് ബന്ധപ്പെട്ട കമ്പനികൾക്ക് നോട്ടീസ് നൽകി കെ.എൽ.സി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടി G.O.(Ms.) 703/2015/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച് ഇടുക്കി ജില്ലയിൽ ഏലപ്പാറ, പീരുമേട്, പെരിയാർ എന്നീ വില്ലേജുകളിലായി ആർ.ബി.റ്റി. (എം.എം.എസ്.), (സി.ബി.എസ്.) കമ്പനികളുടെ പേരിലുള്ള 6217.25 ഏക്കർ സ്ഥലം സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടി കമ്പനികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ഇതുകൂടാതെ 62 കമ്പനികൾക്ക് പരിശോധനയ്ക്കായുള്ള പ്രാഥമിക നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഇതിൽ 1,43,814,48 ഏക്കർ ഭൂമിയാണ് ഉൾപ്പെട്ടുവരുന്നത്. 9 കമ്പനികൾക്ക് കെ.എൽ.സി. നിയമം സെക്ഷൻ 12 പ്രകാരമുള്ള ഫോറം ബി നോട്ടീസ് നൽകിയിട്ടുമുണ്ട്. ഇതിലെല്ലാം തന്നെ പരിശോധനകൾ നടത്തി ഉചിതമായ കേസ്സുകളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വൻകിട കമ്പനികൾ കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ എടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് കരട് ബിൽ തയ്യാറാക്കി ആയതിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കുന്നതിനായി അയച്ചിട്ടുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പിലായതിനാൽ ടി വകുപ്പിൽ ത്തന്നെയാണ് കരട് ബിൽ തയ്യാറാക്കിയിരിക്കുന്നത്.

(ഇ & എഫ്) ഇല്ല.

(ജി) ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## കൊല്ലങ്കോട് ബൈപ്പാസ് - ഭൂമി ഏറ്റെടുക്കുന്ന നടപടി

258(2758) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപാസ്സ് റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ;

(സി) ഭൂമി അളന്ന് തിട്ടപ്പെടുത്താൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച്, പട്ടിക എന്നിവ അർത്ഥനാധികാരി ജില്ലാ കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി പ്രസ്തുത പദ്ധതിക്കുള്ള ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ചതിനുശേഷം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതും കമ്മിറ്റിയുടെ അംഗീകാരത്തിനുവിധേയമായി സ്ഥലമേറ്റെടുക്കൽ നടപടിക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

## കോട്ടയ്ക്കൽ ബൈപ്പാസ് റോഡ്

259(2759) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ G3/697/2017 നമ്പർ ഫയലിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി എസ്.എൽ.ഇ.സി. (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി) യും എച്ച്.എൽ.സി യും കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എസ്.എൽ.ഇ.സി. അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് 2.3276 സ്ഥലം ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ 14-2-2018-ലെ SLEC-HLC യോഗത്തിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത യോഗത്തിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ എന്ന വിഷയത്തിൽ കമ്മിറ്റി അംഗങ്ങൾ സംശയം പ്രകടിപ്പിച്ചതിനാൽ പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ അടുത്ത SLEC-HLC യോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള തീരുമാനം യോഗം കൈക്കൊള്ളുകയുണ്ടായി.

## ഭൂവിനിയോഗവും കൈമാറ്റവും സംബന്ധിച്ച നടപടിക്രമങ്ങൾ

260(2760) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂവിനിയോഗവും കൈമാറ്റവും സംബന്ധിച്ച നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഭൂമിയുടെ ക്രയ-വിക്രയത്തിൽ റവന്യൂ- രജിസ്ട്രേഷൻ-സർവ്വേ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ഭൂവിനിയോഗവും കൈമാറ്റവും സംബന്ധിച്ച നടപടിക്രമങ്ങൾ സുതാര്യമാക്കുന്നത് സംബന്ധിച്ചും ഭൂമിയുടെ ക്രയവിക്രയത്തിൽ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ ഏകോപിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഭൂരഹിതർക്ക് ഭൂമി നൽകാൻ നടപടി**

261(2761) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ആളുകൾക്ക് ഭൂമി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ നൽകുന്നതിനാവശ്യമായ ഭൂമി ഇപ്പോൾ സർക്കാരിന്റെ കൈവശമുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഭൂമി ഏതു വിധത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിസ്തൃതി കണ്ടെത്താൻ സർക്കാർ അവലംബിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങളെന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത പാർപ്പിട രഹിത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്ന പ്രവർത്തനം നടക്കുന്നുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലിസ്റ്റിൽ അവശേഷിക്കുന്നതിൽ അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നിലവിൽ 270 ഹെക്ടർ ഭൂമി ലഭ്യമാണെന്ന് ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) റീ-സർവ്വെ നാളിതുവരെ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിയന്തരമായി റീ-സർവ്വെ നടപടികൾ നടത്താൻ നിശ്ചയിട്ടുണ്ട്. റീസർവ്വെ പൂർത്തിയായ വില്ലേജുകളെ സംബന്ധിച്ച വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയുടെ വിസ്തൃതി ലഭ്യമാണ്.

**പേരൂർക്കട ലാ അക്കാദമിക്ക് പാട്ടത്തിന് നൽകിയ ഭൂമി**

262(2762) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരൂർക്കട ലാ അക്കാഡമി ലാ കോളേജിന് ഭൂമി പാട്ടത്തിന് പതിച്ച് നൽകുമ്പോൾ ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് അത് പതിച്ച് നൽകിയത്;

(ബി) പ്രസ്തുത നിബന്ധനകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ച് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ഒഴിപ്പിച്ച് സ്ഥലം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പതിച്ചു നൽകിയതു സംബന്ധിച്ച് സർക്കാർ കത്തിൽ പരാമർശിക്കുന്ന നിബന്ധനകൾ ചുവടെ ചേർക്കുന്നു :

(i) The land shall be used only for the purpose for which it is assigned.

(ii) The land shall not be alienated without the prior permission of Government.

(iii) The land will be resumed without payment of compensation, if any of the above conditions is violated.

(ബി) നിബന്ധനകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

**കടുത്ത വേനലിൽ ഭൂഗർഭജലനിരപ്പ് സംരക്ഷിക്കാനായുള്ള പ്രവർത്തനങ്ങൾ**

263(2763) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്ത വേനലിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണവും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കാനും, ഭൂഗർഭജലനിരപ്പ് കുറയുന്നത് കണ്ടെത്തി അത്തരം പ്രദേശങ്ങളിൽ ഭൂഗർഭജലനിരപ്പ് സംരക്ഷിക്കാനായി കുളങ്ങളും തോടുകളും കിണറുകളും സംരക്ഷിക്കാനും നടത്തുന്ന പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കടുത്ത വേനലിൽ കുടിവെള്ളവും കൃഷിയും സംരക്ഷിക്കാനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(സി) കാർഷിക പ്രാധാന്യമുള്ള പാലക്കാട് ജില്ലയിൽ കുടിവെള്ളവും കാർഷികമേഖലയ്ക്ക് അവശ്യം വേണ്ടുന്ന ജലലഭ്യതയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.* കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 3 കോടി രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 600 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപണികൾ, 30 ചെറുകിട കുടിവെള്ള പദ്ധതികൾ, 50 കുഴൽക്കിണർ നിർമ്മാണം, 30 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ ആ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെയും കൃത്രിമ ഭൂജല സംപോഷണ കുടിവെള്ള പദ്ധതികളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വേനലിന്റെ കാഠിന്യംമൂലമുണ്ടാകാവുന്ന പ്രശ്നങ്ങൾ

264(2764) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനുഷിക ഇടപെടലുകൾ കാലാവസ്ഥാ വ്യതിയാനം മറ്റ് പ്രശ്നങ്ങൾ എന്നിവയാലുണ്ടാകാവുന്ന കഠിനവേനൽ കാരണം കൃഷിനാശവും, കുടിവെള്ളക്ഷാമവും, സൂര്യാതപംമൂലമുണ്ടാകാവുന്ന മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ സംബന്ധിച്ച് റവന്യൂ വകുപ്പ് ഇതര വകുപ്പുകളെ കൂടി ഉൾക്കൊള്ളിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കടുത്ത വേനൽ മൂലമുണ്ടാകാൻ സാധ്യതയുള്ള കുടിവെള്ളക്ഷാമവും കൃഷിനാശവും പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഠിന വേനൽ, കുടിവെള്ള ക്ഷാമം, സൂര്യാതപം എന്നിവ അംഗീകൃത ദുരന്തങ്ങൾ അല്ല. ഈ വർഷം ഇവമൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിലെ പല ഭാഗങ്ങളിലും കുടിവെള്ളക്ഷാമം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കഠിനമായ വേനൽ കാരണം കൃഷിനാശം സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) മഴക്കുറവുമൂലം രൂക്ഷമായ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണത്തിനും ജലപുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം നൽകിവരുന്നുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളങ്ങൾ എന്നിവയുടെ നവീകരണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ എന്നിവ നടപ്പാക്കിവരുന്നു. മൂപ്പ് കുറഞ്ഞ വിത്തുകൾ കൃഷി ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ എന്നിവ അവലംബിക്കുന്നതിനും ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, എള്ള് തുടങ്ങിയ പയറുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന കനാലുകൾ മണ്ണ് നീക്കി കൃഷിടങ്ങളിലേയ്ക്കുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി നാശം ഒഴിവാക്കാൻ പാടശേഖരങ്ങളിൽ തടയണ നിർമ്മിക്കാൻ

നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കൂടുതൽ കൃഷിനാശം ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേയ്ക്ക് നയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജലവിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികൾ ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/ അരുവികൾ എന്നിവ മാലിന്യ മുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, തടയണകൾ നിർമ്മിക്കുക, ശുദ്ധജല സ്രോതസ്സുകളിലേയ്ക്ക് ലവണ ജലം കലരാതിരിക്കുന്നതിനായി ഓരു മുട്ടുകൾ/തടയണകൾ നിർമ്മിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ് ചെയ്തുവരുന്നു.

## പാലക്കാട് ജില്ലയിൽ വരൾച്ച നേരിടുന്നതിനുള്ള മുൻകരുതൽ

265(2765) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാല ആരംഭത്തിൽ കടുത്ത വരൾച്ച നേരിടുന്ന ജില്ലയാണ് പാലക്കാട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) കടുത്ത വരൾച്ച നേരിടുന്നതിനായി റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തി വേനലിന്റെ കാഠിന്യം കുറയ്ക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ;

(ഡി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കുടിവെള്ളം പോലും ലഭിക്കാത്ത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര വരൾച്ചാ മാന്വൽ 2016-ന്റെ മാനദണ്ഡങ്ങൾ പ്രകാരം പാലക്കാട് ജില്ല ഉൾപ്പെടെ വിവിധ ജില്ലകളിലെ താലൂക്കുകൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ സാധിക്കുമോ എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ചുവരുന്നു. പ്രസ്തുത മാന്വൽ പ്രകാരം മാർച്ച് 31-നുമുമ്പ് ഈ വിശകലനം

പൂർത്തിയാക്കി, സംസ്ഥാന അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗ്ഗങ്ങൾ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വരൾച്ച പ്രഖ്യാപിച്ച ശേഷമുള്ള വരൾച്ചാ പ്രതികരണ പ്രവർത്തനങ്ങൾ മാത്രമേ അനുവദനീയമായിട്ടുള്ളൂ. മഴയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് കേരളത്തെ വരൾച്ചയിലേയ്ക്ക് നയിക്കാൻ സാധ്യതയുണ്ടെന്ന് കണക്കാക്കി ലഭ്യമായ ജല വിഭവം പരമാവധി സംരക്ഷിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനുമുള്ള നടപടികൾ ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/ചിറകൾ/അരുവികൾ എന്നിവ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, തടയണകൾ നിർമ്മിക്കുക, ശുദ്ധജല സ്രോതസ്സുകളിലേയ്ക്ക് ലവണ ജലം കലരാതിരിക്കുന്നതിനായി ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ജലവിഭവ വകുപ്പ് ചെയ്തുവരുന്നു.

(ഡി) വരൾച്ചാ മാന്വലിലെ വ്യവസ്ഥകൾ പ്രകാരം വരൾച്ച പ്രഖ്യാപിക്കുന്ന സാഹചര്യം ഉണ്ടെങ്കിൽ മാത്രമേ ദുരന്തപ്രതികരണ നിധി വിനിയോഗിച്ചുകൊണ്ട് കുടിവെള്ള വിതരണം നടത്തുന്നതിന് സാധിക്കുകയുള്ളൂ.

**കാലാവസ്ഥാ വ്യതിയാനത്താലുള്ള കടുത്ത വരൾച്ച**

266(2766) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം മാർച്ച് ആദ്യം തന്നെ സംസ്ഥാനത്ത് 40 ഡിഗ്രി സെൽഷ്യസ് ചൂട് പാലക്കാട് ജില്ലയിലും മറ്റു ജില്ലകളിലും റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പു വർഷത്തെ കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന കൃഷിനാശം, കുടിവെള്ള ക്ഷാമം, കടുത്ത വരൾച്ച എന്നിവ സംബന്ധിച്ച് കാലാവസ്ഥാ പഠന കേന്ദ്രവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും റവന്യൂ വകുപ്പും നാളിതുവരെ നടത്തിയ നിരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 40 ഡിഗ്രി ചൂട് രേഖപ്പെടുത്തിയിട്ടില്ല.

(ബി) വരൾച്ചാ അവലോകനത്തിനായി സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. വരൾച്ചാ മാന്വൽ 2016 പ്രകാരം ഏതെങ്കിലും താലൂക്കിൽ വരൾച്ച പ്രഖ്യാപിക്കാൻ സാധ്യതയുണ്ടോ എന്ന വിശകലനം നടന്നുവരുന്നു. പ്രസ്തുത മാന്വൽ പ്രകാരം മാർച്ച് 31-നുമുമ്പ് ഈ വിശകലനം പൂർത്തിയാക്കി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി, ആവശ്യമെങ്കിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ വരൾച്ച പ്രഖ്യാപിക്കേണ്ടതുണ്ട്. മേൽ വിശകലനം പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമേ വരൾച്ച പ്രഖ്യാപിക്കുന്ന താലൂക്കുകളിൽ വരൾച്ചയുടെ തോത് അനുസരിച്ച് പ്രതികരണ മാർഗ്ഗങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രവചനത്തിലുള്ള അപര്യാപ്തത കണ്ടുകൊണ്ട് കേരളത്തിലെ സ്ഥിതി മനസ്സിലാക്കുന്നതിനും ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഗവേഷണ പദ്ധതി 'Amrita Deemed University'-യുമായി ചേർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തിവരുന്നു.

വിവിധ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രവും ചേർന്ന് 2016 നവംബർ 21-ന് 'Climate Variability in Kerala in Recent Years: Climate Change Perspectives' എന്ന വിഷയത്തിൽ വിശദമായ ഒരു വർക്ക്ഷോപ്പ് നടത്തിയിരുന്നു. കൂടാതെ ഇതേ പേരിൽ വിശദമായ ഒരു പുസ്തകവും തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു.

### റവന്യൂ ഓഫീസുകളിൽ നിന്നുള്ള സേവനം മെച്ചപ്പെടുത്തൽ

267(2767) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) എല്ലാ വില്ലേജാഫീസുകളെയും ഇ-ഗവേണൻസ് സേവനമുള്ള ഓഫീസുകളാക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

(സി) വില്ലേജാഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെയും ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) വില്ലേജ് ഓഫീസുകളിൽ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്.

(സി) ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് 24-ഓളം സർട്ടിഫിക്കറ്റുകൾക്ക് നേരിട്ട് അപേക്ഷിക്കുന്നതിനും അത് ലഭിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. പൊതുജനങ്ങൾക്ക് ഓൺലൈനായി നികുതി അടയ്ക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനവും നിലവിലുണ്ട്.

**ജനസൗഹൃദ വില്ലേജ് ഓഫീസുകൾ**

268(2768) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി ആധുനിക സംവിധാനങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിച്ച് ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നത്. 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി പ്രകാരം നാളിതുവരെ 80 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി

269(2769) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ (15 കോടി രൂപ) 38.38 ശതമാനം ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

## വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

270(2770) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ ജോലിഭാരം കണക്കിലെടുത്താൽ വില്ലേജ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ തികച്ചും അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസുകളിലെ ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ ഏതൊക്കെ വില്ലേജുകളിലാണ് അമിത ജോലിഭാരം ഉള്ളതായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| വില്ലേജ് ഓഫീസർ | - | 1 (ഒന്ന്) |
| വില്ലേജ് അസിസ്റ്റന്റ്/ സ്പെഷ്യൽ വില്ലേജ് ഓഫീസർ | - | 2 (രണ്ട്) |
| വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | - | 2 (രണ്ട്) |
| പാർട്ട്ടൈം സ്വീപ്പർ | - | 1 (ഒന്ന്) |

(ബി) ഉണ്ട്.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിൽ അമിത ജോലിഭാരമുള്ളതായി കണക്കാക്കിയിട്ടുള്ള 140 വില്ലേജുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശകളിൽ നടപ്പിലാക്കേണ്ടവ/നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയാണ്, നടപ്പിലാക്കാൻ കഴിയുന്ന ശിപാർശകളുടെ സാമ്പത്തിക ചെലവ്, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം എങ്ങനെ ലഭ്യമാക്കാം, വർക്ക് സ്റ്റഡി റിപ്പോർട്ടിലെ ശിപാർശകൾക്ക് പുറമേ ഏതെങ്കിലും ശിപാർശ പുതുതായി ഉൾപ്പെടുത്തേണ്ടതുണ്ടോ ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ എന്നിവ സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തിയശേഷം അഭിപ്രായം അറിയിക്കാൻ 44160/റ്റി2/2010/റവ. നമ്പർ ഫയലിൽ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി**

271(2771) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്നുകണ്ട് ജോലിഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സർവ്വേയർ തസ്തികയിലെ ഒഴിവുകൾ**

272(2772) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് റവന്യൂ സർവ്വേ & ലാന്റ് റിക്കോർഡ്സ് വകുപ്പുകളിൽ രണ്ടാം ഗ്രേഡ് സർവ്വേയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർവ്വേ & ലാന്റ് റിക്കോർഡ്സ് വകുപ്പിൽ സർവ്വേയർ തസ്തികയിൽ സേവനം അനുഷ്ഠിച്ചവർ ഡ്രാഫ്റ്റ്സ് മാൻ തസ്തികയിലേയ്ക്ക് മാറിയിട്ടുണ്ടോ; എങ്കിൽ എത്ര പേർ എന്ന് വ്യക്തമാക്കാമോ;

(സി) ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് മാറിയപ്പോൾ നിലവിൽ വന്ന സർവ്വേയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുമോ;

(ഡി) പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള സർവ്വേയർ റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 415/15) നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നല്കിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 135 ഒഴിവുകൾ.

(ബി) സർവ്വെയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന 58 പേർ പി.എസ്.സി. വഴി നിയമനം ലഭിച്ച് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ പ്രവേശിച്ചിട്ടുണ്ട്.

(സി) 58 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

## ഡെപ്യൂട്ടി കളക്ടർ/തഹസിൽദാർ തസ്തികയിൽനിന്നും 2018-ൽ വിരമിക്കുന്നവർ

273(2773) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ/തഹസിൽദാർ തസ്തികയിൽ നിന്നും 2018-ൽ വിരമിക്കുന്ന ജീവനക്കാരുടെ എണ്ണം ലഭ്യമാണോ എന്നറിയിക്കുമോ;

(ബി) 2018-ൽ വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടേയും, തഹസിൽദാർ മാരുടെയും പേരും വിരമിക്കുന്ന മാസവും അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലാൻഡ് റവന്യൂ വകുപ്പിൽനിന്ന് 2018-ൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 33 പേരും, തഹസിൽദാർ തസ്തിയിൽ 48 പേരും 2018 വർഷത്തിൽ വിരമിക്കുന്നുണ്ട്.

(ബി) ലാൻഡ് റവന്യൂ വകുപ്പിൽനിന്ന് 2018-ൽ വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർ/തഹസിൽദാർമാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കോങ്ങാട് മണ്ഡലത്തിലെ സർക്കാർ ഭൂമി

274(2774) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോങ്ങാട് മണ്ഡലത്തിൽ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയുന്ന സർക്കാർ ഭൂമിയുടെ വില്ലേജ് തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

| വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| പാലക്കയം | 2268 | 7.5 ഏക്കർ | ബോട്ട് - ഇൻ ലാൻഡ് |
| കാരകുറിശ്ശി | 11 വാർഡ് 35/8 ബി, 35/7 ബി | 0.5 ഏക്കർ | സർക്കാരിന്റെ സമ്പൂർണ്ണ പാർട്ടി പദ്ധതി (ലൈഫ് മിഷൻ)-യിലേയ്ക്ക് പ്രൊപ്പോസൽ ചെയ്തത് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) |
|---|---|---|---|
| പറളി 1 | ബ്ലോക്ക് 17, സർവ്വെ നമ്പർ 633/6 | 0.7529 ഏക്കർ | റെയിൻഗേജ് എന്ന വിവരണത്തിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം**

275(2775) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് റവന്യൂ എസ്ചീറ്റ് ഭൂമി റീ സർവ്വേ നമ്പർ 111/11 വിട്ട് തരണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പിൽ പരിഗണനയിലുള്ള യു. 3/25/2016 ഫയലിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റീ-സർവ്വേ 366/2-ലെ 180 സെന്റ് സ്ഥലം പകരം വിട്ട് കൊടുത്ത് റവന്യൂ വകുപ്പിന്റെ സ്ഥലം പഞ്ചായത്തിന് കളിക്കളം നിർമ്മിക്കുവാൻ വിട്ട് നൽകുമോ?

ഉത്തരം

(എ-സി) പുൽപ്പറ്റ ഗ്രാമപഞ്ചായത്തിന് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി റവന്യൂ എസ്ചീറ്റ് ഭൂമി റീ.സ.നമ്പർ 111/11-ൽപ്പെട്ട 60 സെന്റ് സ്ഥലം നൽകുന്നതിനും പകരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റീ.സ.നമ്പർ 366/2-ലെ 180 സെന്റ് സ്ഥലം സർക്കാരിലേയ്ക്ക് കൈമാറുന്നതിനും മലപ്പുറം ജില്ലാ കളക്ടർക്ക് അനുമതി നൽകാൻ യു3/25/16 ഫയലിൽ തീരുമാനമായിട്ടുണ്ട്.

**കസ്റ്റഡിയിലെടുത്ത വാഹനങ്ങളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ**

276(2776) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ കടത്തുമായി ബന്ധപ്പെട്ട് കസ്റ്റഡിയിൽ എടുത്ത വാഹനങ്ങൾ സിവിൽ സ്റ്റേഷൻ പരിസരത്ത് കൂടി കിടക്കുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു എന്നതും ഇത്തരം വാഹനങ്ങൾ കൊതുക് വളർത്തൽ കേന്ദ്രങ്ങൾ ആകുന്നത് ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു എന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പട്ടാമ്പി മണ്ഡലം പകർച്ച പനിയും, അനുബന്ധിച്ചുള്ള മരണവും കുറെയേറെ നടന്ന പ്രദേശമായതിനാൽ ഇത്തരം വാഹനങ്ങൾ എത്രയും പെട്ടന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സ്റ്റേഷൻ പരിസരത്ത് വാഹനങ്ങൾ കൂടി കിടക്കുന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നുവെന്നും ഇത്തരം വാഹനങ്ങൾ കൊതുകുകളുടെ ആവാസ കേന്ദ്രങ്ങളാകുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം 2013 പ്രകാരം ഒറ്റപ്പാലം റവന്യൂ ഡിവിഷനിലെ താലൂക്ക് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും ബന്തവസ്സിലെടുത്തിട്ടുള്ള വാഹനങ്ങൾ എല്ലാ മാസവും 100-ൽപ്പരം വാഹനങ്ങൾ ലേലത്തിൽ വയ്ക്കുന്നതാണ്. വാഹനങ്ങൾ ലേലത്തിൽ വയ്ക്കാറുണ്ടെങ്കിലും ബന്ധപ്പെട്ട സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം കുന്നുകൂട്ടിയിരിക്കുന്ന വാഹനങ്ങളിൽനിന്ന് ആയവ കണ്ടെത്തി വില നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റേഷൻ അധികാരികൾക്ക് കഴിയാറില്ല. വളരെ കുറച്ച് വാഹനങ്ങൾ മാത്രമാണ് കണ്ടെത്തി വില നിർണ്ണയിച്ച് ലേലം നടക്കാറുള്ളത്. ടി പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ലേലം ചെയ്യുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

**കായിക സമുച്ചയം എന്ന പദ്ധതി**

277(2777) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം കണ്ടെത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ടി പദ്ധതിയ്ക്കായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളതെന്നും മലപ്പുറം സിവിൽ സ്റ്റേഷൻ വളപ്പിലോ മലപ്പുറം വില്ലേജിലോ റവന്യൂ പുറമ്പോക്ക് ഭൂമി ഇതിനായി കണ്ടെത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് പി. മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം സ്ഥലം ഏറ്റെടുത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ പദ്ധതിക്കായി മലപ്പുറം, പാണക്കാട് വില്ലേജിൽ മലബാർ സിമന്റ്സിന്റെ കൈവശമുള്ള സ്ഥലം അനുയോജ്യമാണോ എന്നും പരിശോധിച്ചുവരുന്നുണ്ട്.

## റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട സേവനങ്ങൾ

278(2778) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളും സർവ്വീസ് ഡെലിവറിയും മെച്ചപ്പെടുത്തുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എത്രത്തോളം ഉപകരിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സർവ്വീസ് ഡെലിവറിയിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) റവന്യൂ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ വേഗത്തിലും എളുപ്പത്തിലുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി) ജില്ലാതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വില്ലേജ് ഓഫീസുകളിലെ സിറ്റിസൺ സപ്പോർട്ട് ഡസ്ക്**

279(2779) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര വില്ലേജ് ഓഫീസുകളിലാണ് സിറ്റിസൺ സപ്പോർട്ട് ഡെസ്ക് സ്ഥാപിക്കുന്നതെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) സിറ്റിസൺ സപ്പോർട്ട് ഡെസ്കിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സിറ്റിസൺ സപ്പോർട്ട് ഡസ്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) പൊതുജനങ്ങൾക്ക് വില്ലേജാഫീസ് മുഖേന ലഭിക്കുന്ന എല്ലാ സേവനങ്ങളും കാര്യക്ഷമവും സുതാര്യവുമായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ വില്ലേജാഫീസുകളിൽ തന്നെ ലഭ്യമാക്കുകയാണ് സിറ്റിസൺ സപ്പോർട്ട് ഡസ്ക് എന്ന പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

**മാവേലിക്കര താലൂക്കിലെ തഴക്കര വില്ലേജ് ഓഫീസ് കെട്ടിടം**

280(2780) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിലെ തഴക്കര വില്ലേജ് ആഫീസ് കെട്ടിടം ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും തുകയും അനുവദിക്കുമോ; ഇതിനാവശ്യമായ എന്തെങ്കിലും നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തഴക്കര വില്ലേജ് ഓഫീസിന്റെ സീലിംഗ് അടർന്നുവീഴുന്നത് പരിഹരിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി**

281(2781) <u>ശ്രീ. പി. കെ. ബഷീർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി സംബന്ധിച്ച കേസുകൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്; സമിതി ഇതുസംബന്ധിച്ച ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം പാട്ട ഭൂമികളാണ് തിരിച്ചെടുക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുണ്ടായിരുന്നതും എന്നാൽ ഇപ്പോൾ ബിലീവേഴ്സ് ചർച്ച് കൈവശം വെച്ചിരിക്കുന്നതും നിർദ്ദിഷ്ട വിമാനത്താവളത്തിന് വേണ്ടി കണ്ടെത്തിയതുമായ സ്ഥലം സർക്കാർ പാട്ട ഭൂമിയാണോ; എങ്കിൽ ഇത് സംബന്ധിച്ച് സമിതിയുടെ ശിപാർശ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസ്സുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് 18-2-2017-ലെ ജി.ഒ.(എംഎസ്.) 55/2017/റവ. നമ്പർ ഉത്തരവ് പ്രകാരം (1) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (2) നിയമ വകുപ്പ് സെക്രട്ടറി (3) ലാൻഡ് റവന്യൂ കമ്മീഷണർ (4) ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിരുന്നതും

17-1-2018-ലെ ജി.ഒ.(എംഎസ്.) 15/2018/റവ നമ്പർ ഉത്തരവ് പ്രകാരം ടി സമിതി ധനകാര്യം (വ്യയം) വകുപ്പ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുള്ളതുമാണ്. സമിതി ഇത് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിലേക്കാവശ്യമായ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും സ്വീകരിച്ചു വരുന്നു. ആയത് പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(ഡി) ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുണ്ടായിരുന്നതും നിലവിൽ ബിലിവേഴ്സ് ചർച്ച് കൈവശം വച്ചിരിക്കുന്നതും നിർദ്ദിഷ്ട വിമാനത്താവളത്തിന് വേണ്ടി കണ്ടെത്തിയതുമായ സ്ഥലം ഹാരിസൺ മലയാളം കമ്പനിക്കോ ബിലിവേഴ്സ് ചർച്ചിനോ പാട്ടത്തിന് നൽകിയത് സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമല്ലെന്ന് കോട്ടയം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കോട്ടയം ജില്ല, എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി ബിലിവേഴ്സ് ചർച്ച് കൈവശം വച്ചിരുന്ന 2264 ഏക്കർ ഭൂമി (ചെറുവള്ളി എസ്റ്റേറ്റ്) സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ലാൻഡ് റിസപ്ഷൻ സ്പെഷ്യൽ ആഫീസർ ഉത്തരവായിട്ടുള്ളതുമാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ടി ഭൂമി 'സർക്കാർ ശ്രീ. പണ്ടാരക്കാര്യം ചെയ്വാർകൾ' എന്ന ഇനത്തിൽപ്പെട്ടതാണെങ്കിലും വിദേശ കമ്പനികൾ തമ്മിലുണ്ടാക്കിയ 1923-ലെ 1600-ാം നമ്പർ ഉടമ്പടി പ്രകാരം മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് (ഇംഗ്ലണ്ട്) കൈവശം വച്ചിരുന്നതായും എന്നാൽ 1947-ലെ രണ്ട് ആധാരങ്ങൾ പ്രകാരം സ്വകാര്യ വ്യക്തികൾ മലയാളം പ്ലാന്റേഷന് വിൽപ്പന നടത്തിയിട്ടുള്ള രേഖകളാണ് അവസാനമായി ബിലിവേഴ്സ് ചർച്ച് ഹാജരാക്കിയിട്ടുള്ളതെന്നും അറിയുന്നു. ഈ ഭൂമിയിൽ യാതൊരു അവകാശവുമില്ലാത്ത M/s HML 2005-ൽ ചെറുവള്ളി എസ്റ്റേറ്റ് ബിലിവേഴ്സ് ചർച്ചിന് വിൽപന നടത്തുകയായിരുന്നതും ടി ഭൂമി സർക്കാർ ഭൂമിയാണെന്ന് പരിശോധനയിൽ വ്യക്തമായതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്ത് ഉത്തരവായതുമാണ്. ടി ഉത്തരവിനെതിരെ ബിലിവേഴ്സ് ചർച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസ്സിൽ സ്റ്റാറ്റസ്കോ ഉത്തരവ് നിലനിൽക്കുന്നതുമാണ്.

## കമ്പ്യൂട്ടർവത്കരണം

282(2782) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയുടെ പരാജയത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 14.43% ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി പരാജയമല്ല, വിജയകരമായി പുരോഗമിച്ചു വരികയാണ്. റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവത്കരണത്തിൽ പ്രഥമ പരിഗണന നൽകിയിട്ടുള്ളത് ഭൂരേഖാ കമ്പ്യൂട്ടർവത്ക്കരണത്തിനാണ്. ആയത് ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചു വരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഡിജിറ്റൈസ് ചെയ്ത് ഭൂരേഖാ സംവിധാനവുമായി യോജിപ്പിക്കുന്നു.

## ഇ-രേഖ പദ്ധതി

283(2783) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച ഇ-രേഖ പദ്ധതി ഏതുഘട്ടത്തിലാണ്; ഈ സർക്കാർ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ എത്ര വില്ലേജുകളിലെ ഭൂരേഖകൾ (എഫ്.എം.ബി.) പൊതുജനങ്ങൾക്ക് ഓൺലൈനിൽ എടുക്കാൻ സൗകര്യമുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നു:

(സി) ഇപ്പോൾ എത്ര വില്ലേജുകളിൽ ബി. റ്റി. ആർ. ഡിജിറ്റൈസ് ചെയ്തുവെന്നും അതിൽ മുൻ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നുവെന്നും അറിയിക്കുമോ;

(ഡി) ഇപ്പോൾ എത്ര വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടത്തുന്നുണ്ടെന്നും ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച ഇ-രേഖ പദ്ധതിയിലൂടെയും ഡിജിറ്റൈസേഷൻ സെന്ററുകളിലൂടെയും ഡിജിറ്റൈസ് ചെയ്ത ലാൻഡ് റെക്കോർഡുകളിൽ നിലവിൽ 659 വില്ലേജുകളുടെ FMB പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. റീ സർവ്വേ പൂർത്തിയാക്കിയ ബാക്കി വില്ലേജുകളിലെ ലാൻഡ് റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇ-രേഖ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. മുമ്പ് ഡിജിറ്റൈസേഷൻ നടത്തി വന്നിരുന്നെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇ-രേഖ വെബ് പോർട്ടൽ നിലവിൽ വന്നതും ഓൺലൈനായി റെക്കോഡുകൾ നൽകിത്തുടങ്ങിയതും.

(ബി) ഇപ്പോൾ 659 വില്ലേജുകളിലെ ഭൂരേഖകൾ (FMB) പൊതുജനങ്ങൾക്ക് ഓൺലൈനിൽ എടുക്കാൻ സൗകര്യമുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 337 വില്ലേജുകൾ ഡിജിറ്റൈസ് ചെയ്തിരുന്നെങ്കിലും ഓൺലൈനിൽ ലഭ്യമാക്കിയിരുന്നില്ല

(സി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1464 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 415 വില്ലേജുകളിൽ ബി.ടി.ആർ. ഡിജിറ്റൈസ് ചെയ്തിരുന്നു.

(ഡി) ഇപ്പോൾ 1464 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 415 വില്ലേജുകളിൽ നടപ്പിലാക്കിയിരുന്നു.

**വില്ലേജ് ഓഫീസ് മാന്വൽ പരിഷ്കരണം**

284(2784) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസ് മാന്വൽ എന്നാണ് അവസാനമായി പരിഷ്കരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) വില്ലേജ് ഓഫീസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 23-4-1988 തീയതി പ്രാബല്യത്തിലാണ് പരിഷ്കരിച്ച വില്ലേജ് ഓഫീസ് മാന്വൽ നടപ്പിൽ വരുത്തിയത്.

(ബി) വില്ലേജ് ഓഫീസ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സർക്കാർ ഭൂമിക്കുപകരം സ്വകാര്യ ഭൂമി**

285(2785) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറി പകരം സ്വകാര്യ ഭൂമി തിരികെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം കേസ്സുകളിൽ സർക്കാർ ഭൂമിയുടെ നിശ്ചയിച്ച കമ്പോള വില ഓരോ സ്ഥലത്തും എത്രയായിരുന്നുവെന്നറിയിക്കാമോ;

(സി) പകരം സ്വീകരിച്ച സ്വകാര്യ ഭൂമിയുടെ കമ്പോള വില നിശ്ചയിച്ചത് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതു നിയമപ്രകാരമാണ് ഇത്തരത്തിൽ ഭൂമി കൈമാറ്റം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) എറണാകുളം ജില്ലയിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തിക്ക് കൈമാറ്റം ചെയ്തതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ കൈമാറ്റം നടത്തിയ ഭൂമിയെ സംബന്ധിച്ച ഫയലുകളുടെ പകർപ്പ് മേശപ്പുറത്തു വെക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ കോഴിക്കോട് ജില്ലയിൽ വളയനാട് വില്ലേജിൽ കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിലുള്ള 19 സെന്റ് പുറമ്പോക്ക് സ്ഥലം, നെല്ലിക്കോട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്ററിന്റെ കൈവശത്തിലുള്ള 26.19 സെന്റ് സ്ഥലവുമായി കൈമാറ്റം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 17-10-2017-ലെ സ.ഉ.(കൈ) നമ്പർ 113/17/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മാറാടി വില്ലേജിൽ ഈസ്റ്റ് മാറാടി കായനാട്-ഊരുമന റോഡ് വികസനത്തിനായി ശ്രീ. അവിരമേപ്പിള്ളിൽ എന്നയാളുടെ

മാറാടി വില്ലേജ് സർവ്വെ നമ്പർ 285/10-ൽപ്പെട്ട 4.45 ആർ. ഭൂമി ഏറ്റെടുത്തിട്ടുള്ളതും പകരമായി മാറാടി വില്ലേജ് സർവ്വെ നമ്പർ 285/5-ൽപ്പെട്ട 2.66 ആർ.പി.ഡബ്ല്യു.ഡി. റോഡ് പുറമ്പോക്ക് ഭൂമി നൽകിയിട്ടുള്ളതുമാണ്. മറ്റ് ജില്ലകളിൽ ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്.

(ബി&സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത സർക്കാർ ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്നതിന് തഹസീൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ വിട്ടു കൊടുത്ത 285/5-ൽപ്പെട്ട ഭൂമിക്ക് ആർ ഒന്നിന് 2,47,000 രൂപ കമ്പോള വില നിശ്ചയിച്ചിട്ടുള്ളതാണ്.

(ഡി) കോഴിക്കോട് ജില്ലയിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിൽ റവന്യൂ (എ) വകുപ്പിലെ 5-1-2016-ലെ സ.ഉ.(കൈ)നമ്പർ11/2016/റവ നമ്പർ ഉത്തരവ് പ്രകാരം ടി കൈമാറ്റത്തിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഇ) ബാധകമല്ല.

(എഫ്) കോഴിക്കോട് ജില്ലയിലെ ഭൂമി കൈമാറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും അറിയാവുന്നതാണ്. എറണാകുളം ജില്ലയിലെ പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കാര്യാലയത്തിലെ ബന്ധപ്പെട്ട എൽ.ആർ.ജെ7-23376/15/കെ.ഡിസ്. നമ്പർ ഫയലിന്റെ (4+24 പേജുകളുടെ) പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## സർവ്വേയർ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

286(2786) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ നടപടികൾ സ്വകാര്യവത്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാറ്റഗറി നമ്പർ 415/2015 ലിസ്റ്റ് പ്രകാരം സർവ്വേയർ ഗ്രേഡ് II-ന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) സർവ്വേയർ ഗ്രേഡ് II-ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

(ഡി) റവന്യൂ വകുപ്പിൽ സർവ്വേയർ ഗ്രേഡ് II ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുമോ;

(ഇ) റവന്യൂ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന പൂർത്തിയാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

(ബി) ഇല്ല

(സി) 135 ഒഴിവുകൾ

(ഡി) നിലവിലുള്ള ഒഴിവുകൾ പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**ചാലക്കുടി ടൗണിൽ വാണിജ്യ-പാർപ്പിട സമുച്ചയ നിർമ്മാണം**

287(2787) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ടൗണിൽ വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഹൗസിംഗ് ബോർഡ് വക വാണിജ്യ സമുച്ചയവും പാർപ്പിട സമുച്ചയവും നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇല്ലെങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 24-9-2016-ലെ സ.ഉ.(കൈ) നമ്പർ 31/2016/ഭവനം ഉത്തരവ് പ്രകാരം ഉപഭോക്താക്കളിൽനിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ വാണിജ്യ സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡ്രോയിംഗ് തയ്യാറാക്കി നഗരസഭയുടെ അംഗീകാരത്തിനായി നൽകിയപ്പോൾ പ്രസ്തുത സ്ഥലം നിലം ആയാണ് രേഖയിൽ കാണുന്നത്. ആയതിനാൽ കെട്ടിട നിർമ്മാണ അനുമതി ലഭ്യമായിട്ടില്ല.

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നഗരസഭയുടെ നിർമ്മാണ അനുമതി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭവനനിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ

288(2788) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം ഭവന നിർമ്മാണ രംഗത്ത് ആവിഷ്കരിച്ച പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എല്ലാപേർക്കും ഭവനം എന്ന ആശയം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഭവന നിർമ്മാണ പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടുകൂടി ലൈഫ് മിഷൻ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് മുഖാന്തരം 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള എല്ലാ ഭൂമിയുള്ള ഭവനരഹിതർക്കും അടുത്ത വർഷം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. ആയത് 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഭൂരഹിതരായ എല്ലാവർക്കും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. പദ്ധതി കാലയളവിൽ തന്നെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും ഭവനം വിഭാവനം ചെയ്തിരിക്കുന്നു.

(സി) ഭവനരഹിതർ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനവും അയൽക്കൂട്ടവും കണ്ടെത്തിയവരുടെ ഭവനം സന്ദർശിച്ച് വിശദമായ സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയത്. ആയതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്.

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്.

2. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ചു സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ് (പട്ടിക വർഗ്ഗത്തിന് ബാധകമല്ല.)

5. ഉപജീവനതൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തു ഭാഗംചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കേണ്ടതാണ്.

റേഷൻ കാർഡില്ലാത്ത അർഹരായ അഗതികൾക്ക് ഇളവ് നൽകുന്നതാണ്. നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല.

**ആശ്വാസ് റെന്റൽ ഹൗസിഗ് സ്കീം**

289(2789) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡിന്റെ കീഴിൽ ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ജില്ലകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഹൗസിംഗ് ബോർഡിന്റെ കീഴിൽ ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം എന്ന പദ്ധതി മെഡിക്കൽ കോളേജിനോട് ചേർന്നുള്ള ഭൂമിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളുള്ള എല്ലാ ജില്ലയിലും സർക്കാർ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

(സി) ഇത്തരം ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് ഭവനനിർമ്മാണ ബോർഡിന് നൽകാൻ ജില്ലാ കളക്ടർമാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഹൗസിംഗ് ബോർഡ് കോളനിക്കകത്തെ റോഡുകൾ നന്നാക്കുന്നതിന് നടപടി**

290 (2790) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള, ഒറ്റപ്പാലം നഗരസഭ വാർഡ് II-ലെ കോളനിക്കകത്തെ റോഡുകൾ ഉപയോഗ ശൂന്യമായി കിടക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഉപയോഗ യോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നഗരസഭയുമായി ബന്ധപ്പെട്ട് ടി റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ ആക്ട് അട്ടിമറിക്കാൻ നീക്കം**

291(2791) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മറൈൻ ഷിപ്പിംഗ് റെഗുലേഷൻ ആക്ട് അട്ടിമറിക്കാൻ നീക്കം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആക്ട് ഏത് സർക്കാരിന്റെ കാലത്താണ് രൂപം കൊണ്ടത്; ആയതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആക്ടിൽ 58 ഇനം മത്സ്യങ്ങളെ പിടിക്കാൻ പാടില്ലാ എന്ന നിബന്ധന ഉണ്ടോ; പ്രസ്തുത മത്സ്യങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) ചെറുമീനുകളെ പിടിച്ച് നശിപ്പിക്കുന്നതുമൂലം മത്സ്യ സമ്പത്ത് നശിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വൻകിട ബോട്ടു ലോബികൾ ഒത്തുകളിച്ച് മത്സ്യ സമ്പത്ത് ഇല്ലായ്മ ചെയ്യാൻ ശ്രമം നടത്തുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) മത്സ്യസമ്പത്ത് സംരക്ഷിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മറൈൻ ഷിപ്പിംഗ് ആക്ട് ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ടതല്ല. മത്സ്യമേഖലയിലുള്ള നിയമം 1980-ലെ (Act 10 of 1981) കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് (KMFR Act) ആണ്. ടി നിയമം അട്ടിമറിക്കാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) KMFR ആക്ട് 1980 നവംബർ 24 നാണ് പ്രാബല്യത്തിൽ വന്നത്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) ടി ആക്ടിലെ സെക്ഷൻ 4 പ്രകാരം 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലുപ്പം (minimum legal size) നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ബോട്ടുകൾ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറുമീനുകളെ പിടിക്കുന്ന ബോട്ടുകളെ കണ്ടെത്താൻ ഫിഷറീസ് വകുപ്പ് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. യാനങ്ങൾ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(എഫ്) മത്സ്യസമ്പത്ത് സംരക്ഷിക്കാൻ മത്സ്യവകുപ്പ് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും വല നിർമ്മാണ യൂണിറ്റുകൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ എഞ്ചിനുകളുടെ ശേഷി (കുതിരശക്തി), വലകളുടെ വലുപ്പം, കണ്ണികളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വലുപ്പം എന്നിവ നിയന്ത്രിക്കുന്നതിനും തീരുമാനിച്ചു. കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധന രീതികൾ, ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, ഫിഷ് അഗ്രിഗേറ്റിംഗ് യൂണിറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നിരോധിച്ചു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീറാംഞ്ചിംഗ് എന്ന പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കൃത്രിമപാരു നിക്ഷേപിക്കൽ പദ്ധതി നടപ്പാക്കുന്നുണ്ട്. കൂട്ടുകൃഷി പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതുകൂടാതെ അനുവദനീയമല്ലാത്ത മത്സ്യബന്ധന രീതികളും വലകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതു തടയുന്നതിന് മറൈൻ എൻഫോഴ്സ് മുഖേന കടലിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ മത്സ്യങ്ങളുടെ പ്രജനനകാലമായ ജൂൺ 15 മുതൽ ജൂലൈ 30 വരെയുള്ള 45 ദിവസ കാലയളവിൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നു.

## മണൽവാരൽമൂലം മത്സ്യലഭ്യതയിൽ കുറവ്

292 (2792) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ തോതിലുള്ള മണൽവാരൽമൂലം കക്ക, കല്ലുമ്മക്കായ, മുരു, മത്സ്യങ്ങൾ എന്നിവയുടെ ലഭ്യതയ്ക്ക് ഉണ്ടായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനിയന്ത്രിതമായ ഇത്തരം പ്രവർത്തനം നിയന്ത്രിക്കാനും ഉൾനാടൻ മത്സ്യ സമ്പത്തിൽ വർദ്ധനവ് ഉണ്ടാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉൾനാടൻ ജലാശയങ്ങളിൽനിന്നും മണൽവാരൽ നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2001-ൽ കേരള നദീ തീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും (2001-ലെ 18-ാംനമ്പർ നിയമം) പാസ്സാക്കി നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽനിന്നും മത്സ്യങ്ങളെയും മറ്റ് ജലജീവികളെയും ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി കേരള സർക്കാർ 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് (2010 ലെ 15-ാം നമ്പർ ആക്ട്) പാസ്സാക്കി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ "കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ്" എന്ന പദ്ധതിയിലുൾപ്പെടുത്തി അനധികൃത മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ്, സംരക്ഷിത മേഖലയിൽ മത്സ്യസങ്കേതങ്ങൾ

സ്ഥാപിക്കൽ ഉൾനാടൻ പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ ചൂഷണം ഉൾനാടൻ ജലാശയങ്ങളിൽ കുറയ്ക്കുന്നതിനായി അത്തരം മത്സ്യങ്ങളെ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ഫിഷറീസ് വകുപ്പ് വഴി നൽകി വരുന്നതിനോടൊപ്പംതന്നെ ഇത്തരം മത്സ്യങ്ങളുടെ വംശവർദ്ധനവ് ഉൾനാടൻ ജലാശയങ്ങളിലുണ്ടാക്കുന്നതിനായി ഹാച്ചറികളിൽ ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള മത്സ്യവിത്തിനങ്ങളാണ് പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്.

**മത്സ്യോല്പാദനം**

293(2793) ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ കേരളത്തിലെ മൊത്ത മത്സ്യോല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മൊത്ത മത്സ്യോല്പാദനത്തിൽ ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ പങ്ക് ദേശീയ ശരാശരിയേക്കാൾ പിന്നിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2015-16 വരെ വർദ്ധിച്ചുകൊണ്ടിരുന്ന ഉൾനാടൻ മത്സ്യോല്പാദനം 2016-17 വർഷത്തിൽ കുറയാനുണ്ടായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ മൊത്തം മത്സ്യോല്പാദനത്തിൽ 51.041 ടണ്ണിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2016-17-ലെ ഉൾനാടൻ മത്സ്യോല്പാദനം സംബന്ധിച്ച കണക്ക് വസ്തുനിഷ്ഠമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ളതാണ്. കുറയാനുണ്ടായ സാഹചര്യം പരിശോധിക്കുന്നതാണ്.

**സമുദ്ര മത്സ്യോല്പാദനത്തിൽ കുറവ്**

294(2794) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമുദ്ര മത്സ്യോത്പാദനത്തിൽ 2016-17 വർഷത്തിൽ കുറവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, കണ്ടൽകാടുകളുടെ തിരോധനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് കുറവ് സംഭവിക്കുന്നു. ഇവയിൽ ചിലത് മനുഷ്യകാരണങ്ങളും മറ്റ് ചിലത് പ്രകൃത്യായുള്ളവയുമാണ്. വിഭവശോഷണം ഒഴിവാക്കാൻ മത്സ്യബന്ധന സമ്മർദ്ദം പരമാവധി കുറച്ച് ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ച്, KMFR ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 1980-ലെ KMFR ആക്ട് ഇതിനുവേണ്ടി സമഗ്രമായി പരിഷ്കരിച്ച് നിയമഭേദഗതി നടത്തുകയും ചെയ്തിട്ടുണ്ട്.

**മത്സ്യനയം**

295(2795) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മത്സ്യനയം വിശദമാക്കുമോ;

(ബി) കേന്ദ്രമത്സ്യബന്ധനനയം സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതാണോയെന്ന് വ്യക്തമാക്കുമോ;

(സി) മുൻകാലങ്ങളിൽ ലഭിച്ചിരുന്ന തരത്തിൽ സുലഭമായി മത്സ്യങ്ങൾ ലഭ്യമാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് വിഷമയമില്ലാത്തതും ശുദ്ധവും ഗുണനിലവാരമുള്ളതുമായ മത്സ്യം ലഭിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ ഫിഷറീസ് നയം രൂപീകരിക്കുന്നതിനായി 30-9-2016-ൽ പ്രിൻസിപ്പൽ സെക്രട്ടറി (ഫിഷറീസ്), ചെയർമാനായി ഒരു സമിതി രൂപീകരിക്കുകയുണ്ടായി. ടി സമിതിയുടെ 3 യോഗങ്ങൾ ചേരുകയും മേഖലയിലെ വിദഗ്ദ്ധരുമായി ആശയവിനിമയം നടത്തി കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കരട് മത്സ്യനയം പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയിലാണ്.

(ബി) 28-4-2017-ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി. നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യ ബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും അന്താരാഷ്ട്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുമുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നുവരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ നിലനിൽക്കുന്നുണ്ട്. സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതികവിദ്യയും വൻതോതിൽ കടന്നുവരുന്നത് മത്സ്യ സമ്പത്തിന്റെ അമിതമായ ചൂഷണത്തിനും തന്മൂലം മത്സ്യസമ്പത്തിന്റെ ശോഷണത്തിനും കാരണമാവുകയും ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ നേരിട്ട് ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും ഉണ്ട്.

(ഡി) വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽ കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി നിരവധി കാരണങ്ങളാൽ മത്സ്യ സമ്പത്തിന് ശോഷണം സംഭവിക്കുന്നതായി കണക്കാക്കുന്നു.

(ഇ) ഉപഭോക്താക്കൾക്ക് വിഷമയമില്ലാത്തതും ശുദ്ധവും ഗുണനിലവാരമുള്ള മത്സ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിയമനിർമ്മാണം ഉദ്ദേശിക്കുന്നു.

## നീലവിപ്ലവം

296(2796) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലവിപ്ലവം പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജലകൃഷിയിലൂടെയും മത്സ്യവിഭവ മാനേജ്മെന്റിലൂടെയും ഉൾനാടൻ, സമുദ്ര മേഖലകളിലെ മത്സ്യോല്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് നീലവിപ്ലവം. ഈ പദ്ധതിയുടെ കീഴിൽ മത്സ്യകൃഷി വികസനം, കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ, പോസ്റ്റ് ഹാർവസ്റ്റ് ഓർപ്പറേഷനുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1298.10 ലക്ഷം രൂപ കേന്ദ്രവിഹിതം ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം, കായലിലെ കൂട് മത്സ്യകൃഷി, കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം, കടലിലെ കൂട് കൃഷി, റീട്ടെയിൽ ഫിഷ് മാർക്കറ്റ്, ഭവന നിർമ്മാണം, പരിശീലന പരിപാടികൾ എന്നീ ഘടക പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു. 2017-18 നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലുമ്മക്കായ് കൃഷി, ഓരുജല കൂട് കൃഷി, പുനർ പര്യയന മത്സ്യകൃഷി (ആർ.എ.എസ്.), വെള്ളക്കെട്ട് പ്രദേശങ്ങളുടെ പുനരുദ്ധാരണം മത്സ്യകൃഷി, ചെമ്മീൻ കൃഷിക്കുള്ള കുളങ്ങളുടെ നവീകരണം, ചെമ്മീൻ കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി, കുളം നവീകരിച്ചുകൊണ്ടുള്ള ആസാം വാള കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 686.6 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

**ഉൾനാടൻ മത്സ്യോൽപ്പാദനം**

297(2797) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യോപ്പാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

ഉൾനാടൻ മത്സ്യോല്പാദനം പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി അനുവദിച്ച തുക**

298(2798) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിനു വേണ്ടി എത്ര തുക അനുവദിച്ചിരുന്നു;

(ബി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലാ വികസന പദ്ധതിക്കായി 4888 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിനു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യബന്ധന ബോട്ടുകളുടെ മണ്ണെണ്ണ സബ്സിഡി

299(2799) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് നൽകിയിരുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണയുടെ പരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നൽകി വരുന്ന മണ്ണെണ്ണ സബ്സിഡി നിർത്തലാക്കിയിട്ടില്ല. സർക്കാർ നൽകുന്ന തുക ഉപയോഗിച്ച് കേരളത്തിലെ മത്സ്യഫെഡിന്റെ 13 ബങ്കുകൾ മണ്ണെണ്ണ വിതരണം നടത്തിവരുന്നു. സബ്സിഡി തുകയായി ലിറ്റർ ഒന്നിന് 25 രൂപ നിരക്കിൽ നിശ്ചിത അളവിന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റായി അനുവദിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 35 കോടി രൂപ സബ്സിഡി ഇനത്തിൽ വെള്ള മണ്ണെണ്ണയ്ക്കായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണയുടെ പരിധി ഉയർത്തുന്നത് പരിശോധിക്കാവുന്നതാണ്.

## സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം

300(2800) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്നുമുള്ള സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം അളവിലും മൂല്യത്തിലും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് വർദ്ധിപ്പിക്കാനുള്ള എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) മത്സ്യക്കയറ്റുമതി വിഹിതം കുറയാനുള്ള പ്രധാന കാരണങ്ങൾ മത്സ്യ ബന്ധനത്തിലൂടെയുള്ള ഉല്പാദനം കുറഞ്ഞതും മത്സ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം കാര്യമാത്ര പ്രസക്തമായി വർദ്ധിക്കാത്തതുമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ജലകൃഷിയിൽ നിന്നുള്ള ഉല്പാദനം നാൾക്കുനാൾ വർദ്ധിച്ചു വരുന്നതും കേരളത്തിന്റെ കയറ്റുമതി ശതമാന വിഹിതം (രാജ്യത്തിന്റെ ആകെ കയറ്റുമതിയിൽ കേരളത്തിന്റെ ശതമാന വിഹിതം) കുറയുന്നതിന് കാരണമായിട്ടുണ്ട്. കേരളത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ചെമ്മീൻ, ഞണ്ട്, കൂന്തൽ, കണവ, ഉയർന്ന മൂല്യമുള്ള മറ്റ് മത്സ്യഇനങ്ങൾ എന്നിവയുടെ ഉല്പാദനം കൂട്ടേണ്ടതായിട്ടുണ്ട്. ഇതിനായി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി, കടലിലെ കൂട്ടുകൃഷി പദ്ധതി, സീ-റാഞ്ചിംഗ് പദ്ധതി എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇതിന് പുറമെ മൂല്യം താരതമ്യേന കുറഞ്ഞ കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നത് ഒഴിവാക്കാൻ നടപടികളെടുത്തിട്ടുണ്ട്. 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിഷ്കർഷിച്ചു കൊണ്ട് വിജ്ഞാപനം ഇതിനകം തന്നെ ഇറക്കിയിട്ടുണ്ട്. അതുപോലെ മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണി വലിപ്പവും നിഷ്കർഷിച്ചിട്ടുണ്ട്. കൂന്തൽ, കണവ എന്നിവയുടെ വിഭവ ശോഷണത്തിന് ഹേതുവായ ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസസ് (FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിരിക്കുന്നു.

**മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ**

301(2801) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്ര മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അൻപത്തിയെട്ട് ഇനം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചു കൊണ്ട് കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) മത്സ്യത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും വളത്തിനുമായി മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിക്കുന്നതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കടൽ മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ-റാഞ്ചിംഗ് പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്താൻ കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതിയും മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ കൂട് കൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ അനുവദനീയമല്ലാത്ത മത്സ്യബന്ധന രീതികളും വലയും ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് കടലിൽ പട്രോളിംഗ് നടത്തിവരുന്നു. ഭൂരിഭാഗം മത്സ്യങ്ങളുടെയും പ്രജനന കാലമായ മൺസൂൺ കാലത്ത് മേയ് മാസം 15-ാം തീയതി മുതൽ ജൂൺ 30 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നുണ്ട്. മത്സ്യബന്ധന സമ്മർദ്ദം, വിഭവ ശോഷണം എന്നിവ കുറയ്ക്കുന്നതിന് എഞ്ചിനുകളുടെ ശേഷി, വലകളുടെ വലിപ്പം, കണ്ണി വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) 58 ഇനം മത്സ്യങ്ങളുടെ കാര്യത്തിൽ കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. അതുപോലെ പ്രധാനപ്പെട്ട മത്സ്യബന്ധന വലകൾക്ക് കുറഞ്ഞ കണ്ണിവലിപ്പം നിഷ്കർഷിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ.എ.-ൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുകയും ചെയ്യുന്നതിനാൽ കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ വലിയ ഒരളവുവരെ സാധിച്ചിട്ടുണ്ട്. കൂടാതെ അനധികൃത മത്സ്യബന്ധനം, നിയമലംഘനം, പിഴ എന്നിവ സംബന്ധിച്ച് പത്രമാധ്യമങ്ങളിലൂടെ വാർത്തകൾ നൽകുകയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവൽക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളെയും പിടിക്കുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടികളിലൂടെ ചെറിയകണ്ണി വലിപ്പമുള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയാൻ കഴിഞ്ഞിട്ടുണ്ട്.

## നെയ്യാറ്റിൻകരയിൽ കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി മുഖേനയുള്ള നിർമ്മാണം

302(2802) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി മുഖേന നെയ്യാറ്റിൻകര നഗരസഭ മത്സ്യമാർക്കറ്റ്, പൊഴിയൂർ സർക്കാർ ആശുപത്രി എന്നീ സ്ഥലങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് ഓരോന്നിനും തയ്യാർ ആക്കിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) നെയ്യാറ്റിൻകര നഗരസഭ മാർക്കറ്റ്, പൊഴിയൂർ സാമൂഹിക ആരോഗ്യ കേന്ദ്രം എന്നിവയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു എങ്കിൽ അതിന്റെ ഉത്തരവ് നമ്പർ, തീയതി എന്നിവ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഫിഷറീസ് വകുപ്പ് കോസ്റ്റൽ ഡെവലപ്മെന്റ് അതോറിറ്റി മുഖേന നെയ്യാറ്റിൻകര നഗരസഭ മത്സ്യമാർക്കറ്റ്, പൊഴിയൂർ സർക്കാർ ആശുപത്രി എന്നീ സ്ഥലങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. എന്നാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസാടിസ്ഥാന സൗകര്യവികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണം

303(2803) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

മത്സ്യത്തൊഴിലാളികളായ സ്ത്രീകളുടെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസ്ഡ് ഫിഷർമെൻ**

304(2804) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെൻഷൻ ഫോർ വൈവ്സ് ഓഫ് ഡിസീസ്ഡ് ഫിഷർമെൻ പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്രപേർക്ക് ആനുകൂല്യങ്ങൾ നല്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് നൽകുന്ന പെൻഷൻ പദ്ധതി പ്രകാരം 8751 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം**

305(2805) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കണം എന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക്

1. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യഫെഡ് 6% പലിശ നിരക്കിൽ സ്വയംതൊഴിൽ സംരംഭങ്ങൾ, മത്സ്യബന്ധനോപകരണങ്ങൾ എന്നിവയ്ക്കുള്ള ടേം വായ്പകൾ.
2. 6% പലിശ നിരക്കിൽ മൈക്രോ ഫിനാൻസ് വായ്പകൾ
3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ, വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു.

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്രവികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ഫിഷറീസ് വകുപ്പിനുകീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്). മത്സ്യത്തൊഴിലാളി വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കി താഴെപറയുന്ന പദ്ധതി സാഫ് മുഖേന നടപ്പിലാക്കുന്നു. തീരമൈത്രീ സംരംഭങ്ങളുടെ ബാങ്ക് വായ്പയുള്ള പലിശ സബ്സിഡി (Interest free credit Support)-തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ബിസിനസ്സ് വിപുലീകരണത്തിന്റെ ഭാഗമായി ബാങ്കിൽ നിന്നും എടുക്കുന്ന ലോണുകളുടെ 12% വരുന്ന പലിശ സബ്സിഡിയായി ഗ്രൂപ്പുകളുടെ ബാങ്ക് ലോണിലേക്ക് അടക്കുന്ന പദ്ധതിയാണിത്. ഒരു ഗ്രൂപ്പിന് പരമാവധി 60,000 രൂപ വരെ പലിശ സബ്സിഡിയായി നൽകിവരുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്**

306(2806) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ 2017-18 വർഷത്തിൽ തുക വകയിരുത്തിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 237800 മത്സ്യത്തൊഴിലാളികളെ 17-12-2017 മുതൽ ഇൻഷ്വർ ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ആളൊന്നിന് 265.50 രൂപ) ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞു. ടി പദ്ധതിപ്രകാരം 17-12-2017 മുതൽ 16-12-2018 വരെ ഒരു വർഷത്തേയ്ക്ക് മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകടമരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്ന രീതിയിൽ മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്തിട്ടുമുണ്ട്.

(ബി) 17-12-2017 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ഇൻഷ്വർ ചെയ്ത പ്രകാരം നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ ഇൻഷ്വറൻസ് കമ്പനി ഇതുവരെ തീർപ്പുകല്പിച്ച് ധനസഹായം അനുവദിച്ചിട്ടില്ല.

**മറൈൻ ആംബുലൻസുകൾ**

307(2807) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി മറൈൻ ആംബുലൻസുകൾ വാങ്ങാൻ 2017-18 വർഷത്തിലെ ബഡ്ജറ്റിൽ നിന്ന് തുക വകയിരുത്തിയിരുന്നോ ;

(ബി) ഇതുവരെ എത്ര മറൈൻ ആംബുലൻസുകൾ വാങ്ങാൻ സാധിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ മറൈൻ ആംബുലൻസ് വാങ്ങുന്നതിന് 2405-00-103-86 എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഒരു ടെണ്ടർ മാത്രമാണ് ലഭിക്കുകയുണ്ടായത്. ആയത് ഒരു ആംബുലൻസിന് 8.24 കോടി രൂപയുടേതായിരുന്നു. പിന്നീട് മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റ് സ്ഥാപനമായ കൊച്ചിൻ ഷിപ്പ്‌യാർഡുമായി ചർച്ചകൾ നടത്തുകയും ഒരു ആംബുലൻസിന് 5.6 കോടി രൂപ (നികുതികൾ ഉൾപ്പെടാതെ) നിരക്കിൽ നിർമ്മിച്ചു തരാൻ ടി സ്ഥാപനം തയ്യാറാകുകയുണ്ടായി. എന്നാൽ 3 ആംബുലൻസുകൾ വാങ്ങാൻ തയ്യാറാകേണ്ടതുണ്ട്. ഒരു ആംബുലൻസിന്റെ നിർമ്മാണ ചെലവിന്റെ പകുതിയായ 2.80 കോടി രൂപ CSR സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് സംഭാവന നൽകാനും കൊച്ചിൻ ഷിപ്പ്‌യാർഡ് തയ്യാറായിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെകൂടി പശ്ചാത്തലത്തിൽ ഒരു മറൈൻ ആംബുലൻസിന് വേണ്ടിവരുന്ന ഏകദേശ തുകയായ 6.08 കോടി രൂപ (നികുതിയും മെഡിക്കൽ ഉപകരണങ്ങളുടെ വിലയും ഉൾപ്പെടെ) CSR സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ വിധത്തിൽ 18.24 കോടി രൂപയ്ക്ക് 3 മറൈൻ ആംബുലൻസുകൾ (ഇതിൽ പകുതിയോളം തുക ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചിൻ ഷിപ്പ്‌യാർഡ് എന്നിവയുടെ CSR സ്കീമിൽ ഉൾപ്പെടുത്തിയും പകുതി സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും) നിർമ്മിക്കുന്നതിനുള്ള കരാറിൽ ഈ സാമ്പത്തിക വർഷംതന്നെ ഏർപ്പെടുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുന്നു.

## മത്സ്യബന്ധന യാനങ്ങളുടെ രൂപകൽപ്പനയിൽ സുരക്ഷാ മാനദണ്ഡങ്ങൾ

308(2808) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വള്ളങ്ങളുടെയും ബോട്ടുകളുടെയും രൂപകൽപ്പന രാജ്യാന്തര മാനദണ്ഡങ്ങൾ അനുസരിച്ചുള്ളതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓഖി ദുരന്തം പോലുള്ള ദുരന്തങ്ങളിൽപ്പെട്ട് അപകടത്തിലാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടസാധ്യത കുറയ്ക്കുന്നതിന് വള്ളങ്ങളുടെയും ബോട്ടുകളുടെയും രൂപകല്പനയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടു വരുന്നതിന് ആലോചനയുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് പരിഗണനയിലുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള തീരത്ത് മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളുടെയും ബോട്ടുകളുടെയും രൂപകല്പന രാജ്യാന്തര മാനദണ്ഡങ്ങൾ പാലിച്ചല്ല. എന്നാൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ പരിഗണിച്ച് കെ.എം.എഫ്.ആർ.എ. ഭേദഗതി ചെയ്ത് യാനങ്ങളുടെ ജീവൻരക്ഷാ/സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) യാനങ്ങളുടെ അപകട സാധ്യത കുറയ്ക്കുന്നതിന് കേന്ദ്ര മത്സ്യ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് (CIFT)-ന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

## ഓഖി ദുരന്തത്തിൽ കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

309(2809) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തത്തെത്തുടർന്ന് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകിയിട്ടുണ്ടോ; എങ്കിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തരംതിരിച്ച് വിശദമാക്കുമോ;

(സി) ദുരന്തത്തെത്തുടർന്ന് കാണാതായ മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മരണപ്പെട്ടവർക്ക് 20 ലക്ഷം രൂപ വീതം ഇതിനകം സാമ്പത്തിക സഹായം അനുവദിച്ചു കഴിഞ്ഞു. കൂടാതെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യമേഖലയിലെ 74 വീടുകൾ പൂർണ്ണമായും 458 വീടുകൾ ഭാഗികമായും തകർന്നു. പൂർണ്ണമായും ഭാഗികമായും വീട് തകർന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താല്ക്കാലിക ആശ്വാസമായി 47.06 ലക്ഷം രൂപ റവന്യൂ വകുപ്പുവഴി വിതരണം ചെയ്തിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യ തൊഴിലാളികളെ അതിന്റെ ആഘാതത്തിൽ നിന്ന് മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ആകെ 384 മത്സ്യബന്ധന യാനങ്ങൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. കേടായ മത്സ്യബന്ധന യാനങ്ങൾക്കുള്ള നഷ്ടം കണക്കാക്കി നഷ്ടപരിഹാരം മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമയ്ക്ക് ഉടൻ നൽകുന്നതാണ്. പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യബന്ധന യൂണിറ്റുകൾ ഗ്രൂപ്പടിസ്ഥാനത്തിൽ പുനഃസ്ഥാപിച്ച് മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 9.88 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതവും ബലവത്തായതുമായ എഫ്.ആർ.പി. ബോട്ടുകൾ നൽകുന്നതിനും തിരുവനന്തപുരം ജില്ലയിൽ നിശ്ചിത എണ്ണം തങ്ങൽ വള്ളങ്ങൾക്ക് (stay boats) പകരമായി ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന സ്റ്റീൽ ബോട്ടുകൾ (ലോംഗ് ലൈനേഴ്സ്) നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നതാണ്. അതോടൊപ്പം കടലിൽ മത്സ്യ ബന്ധനത്തിന് പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവർക്ക് സൗകര്യപ്രദമായി ഉപയോഗിക്കാൻ പര്യാപ്തമായ ലൈഫ് ജാക്കറ്റുകൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എഫ്.ആർ. ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇത്തരം ജീവൻ രക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കി. അതോടൊപ്പം കേരളത്തിലെ

വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടതെന്നും റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പ് മുഖേന നഷ്ടപരിഹാരത്തുകയൊന്നും നൽകിയിട്ടില്ല. മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക ബന്ധപ്പെട്ട ജില്ലാകളക്ടർമാർ വഴി സമയബന്ധിതമായി നൽകിയിട്ടുണ്ട്. എന്നാൽ മത്സ്യബന്ധന യാനങ്ങളുടെ നഷ്ടം കണക്കാക്കി നഷ്ടപരിഹാരം ഫിഷറീസ് വകുപ്പ് നൽകുന്നതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ഇപ്പോൾ ലഭ്യമല്ലെങ്കിലും പിന്നീട് ശേഖരിച്ച് നൽകുന്നതാണ്.

(സി) ഓഖി ദുരന്തത്തെത്തുടർന്ന് കാണാതായ മത്സ്യത്തൊഴിലാളികൾക്ക് മരണപ്പെട്ടവരുടെ അതേ നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനമെടുക്കുകയും അതിൽ നിലവിലുള്ള നിയമ തടസ്സങ്ങൾ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി റവന്യൂ/ആഭ്യന്തരം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അടങ്ങിയ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾക്കനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ്.

**മത്സ്യമേഖല നേരിടുന്ന പ്രതിസന്ധി**

310(2810) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖല നേരിടുന്ന കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓഖി ദുരന്തത്തിന് ശേഷം മത്സ്യലഭ്യതയിൽ വന്ന കുറവ്, വ്യാജ പ്രചരണം എന്നിവ സൃഷ്ടിച്ച കനത്ത ആഘാതത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണെന്നത് അറിയാമോ;

(സി) ഓഖി ദുരന്തത്തെ തുടർന്ന് ദിവസവും നൽകുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ തൊഴിലാളികളെ ഭയപ്പാടിലാക്കുകയുംഅവർ മത്സ്യബന്ധനത്തിന് പോകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഓഖി ചുഴലിക്കൊടുങ്കാറ്റ് കടലിനുള്ളിലെ ആവാസ വ്യവസ്ഥയെ ബാധിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) മത്സ്യമേഖല നേരിടുന്ന അതീവഗുരുതരമായ പ്രതിസന്ധിയിൽ നിന്നും പ്രസ്തുത മേഖലയെ രക്ഷിക്കുവാൻ സർക്കാർ തലത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യമേഖല വെല്ലുവിളികൾ നേരിടുന്നുണ്ട്. മത്സ്യ വിഭവ ശോഷണം, അമിത മത്സ്യബന്ധന സമ്മർദ്ദം, ഉല്പാദന മാന്ദ്യം, ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയ മത്സ്യബന്ധനം, ഇടനിലക്കാരുടെ ചൂഷണം, ആഗോളവത്ക്കരണം തുടങ്ങിയവയാണ് ഇതിന് കാരണങ്ങൾ.

(ബി) ഓഖി ദുരന്തത്തിന് തൊട്ടടുത്തുള്ള ദിവസങ്ങളിൽ മത്സ്യലഭ്യതയിൽ കുറവ് ഉണ്ടായി മത്സ്യങ്ങൾ മനുഷ്യ മൃതദേഹങ്ങൾ വ്യാപകമായി ഭക്ഷിക്കുന്നു എന്ന തരത്തിൽ വന്ന വ്യാജ പ്രചരണവും ഉണ്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ സർക്കാർ സംസ്ഥാനത്ത് മുഴുവനായി കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് 2,000 രൂപ വീതം 1.66 ലക്ഷം പേർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്. ഒരു മാസത്തെ സൗജന്യ റേഷനും വിതരണം ചെയ്യുകയുണ്ടായി. ഓഖി ദുരന്തത്തിൽ അകപ്പെട്ട മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽ നിന്നകറ്റാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്. അതുപോലെ മത്സ്യവകുപ്പും സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (CMFRI) പോലുള്ള സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞരും നിരന്തരമായി വ്യാജ പ്രചാരങ്ങൾക്കെതിരെ പ്രചാരണം നടത്തുകയും സത്യാവസ്ഥ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയുമുണ്ടായി.

(സി) ഓഖി ദുരന്തത്തെ തുടർന്നുള്ള ഒരാഴ്ച മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിനെതിരെ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ തുടർന്നുള്ള ദിവസങ്ങളിൽ ജാഗ്രതാ നിർദ്ദേശങ്ങളും കാലാവസ്ഥ മുന്നറിയിപ്പുകളും അതിന്റെ തീവ്രത ഉൾക്കൊണ്ടു കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നൽകിയതിന്റെയും തീരത്തുടനീളം മൈക്കിലൂടെ അനൗൺസ്മെന്റുകൾ നടത്തുകയും ചെയ്തതിന്റെയും മത്സ്യഭവനുകൾ, ഹാർബറുകൾ എന്നിവിടങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉള്ളിലെ ആശങ്ക വലിയ പരിധിവരെ ദൂരീകരിച്ചിരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾമൂലം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പോകാതിരിക്കുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ആവശ്യമായ മുന്നറിയിപ്പുകൾ മാത്രം നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഓഖി ചുഴലിക്കൊടുങ്കാറ്റ് കടലിലെ ആവാസവ്യവസ്ഥയിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റത്തെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര ഗവേഷണ സ്ഥാപനമായ സി.എം.എഫ്. ആർ.ഐ. ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളിൽനിന്നും മേഖലയെ രക്ഷിക്കുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും ലക്ഷ്യമിട്ടുകൊണ്ടാണ് വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത്. കടലാക്രമണം പോലെയുള്ള പ്രകൃതി ദുരന്തത്തിൽനിന്നും തീരത്തെ സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ ബാധിക്കാതിരിക്കുന്നതിനുമായി തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, സ്വന്തമായി ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണ പദ്ധതി, കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനും സുസ്ഥിര ഉല്പാദനം ഉറപ്പുവരുത്തുന്ന കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഫിഷറീസ് റിസോഴ്സ് (ഇൻലാന്റ്) & (മറൈൻ) മത്സ്യകൃഷി വികസനം, മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. കെ.എം.എഫ്.ആർ.എ. യിൽ വരുത്തിയിട്ടുള്ള ഭേദഗതികളും ഉൾനാടൻ മത്സ്യസംരക്ഷണ നിയമവും മത്സ്യത്തൊഴിലാളികളുടെയും മത്സ്യ സമ്പത്തിന്റെയും സംരക്ഷണത്തിന് ഊന്നൽ നൽകുന്നു. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള 'സാഗര, നാവിക് ' മുതലായവ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും പ്രയോജനപ്രദമാകുന്നു. ഇങ്ങനെയുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും മത്സ്യമേഖലയുടെ സമഗ്ര പുരോഗതിക്കും കുറ്റമറ്റ പ്രവർത്തനങ്ങൾ വകുപ്പുവഴി നടത്തിവരുന്നു. മേൽ പദ്ധതികൾ മത്സ്യമേഖലയിലെ വെല്ലുവിളികൾ പരിഹരിക്കാൻ സഹായിക്കും.

## മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

311(2811) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽക്ഷോഭത്തിലും പ്രകൃതി ദുരന്തങ്ങളിലും വള്ളം, വല, മറ്റ് മത്സ്യബന്ധന ഉപാധികൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി മത്സ്യത്തൊഴിലാളി കൾക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഇത്തരത്തിൽ നാശനഷ്ടങ്ങൾക്കിരയായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി ആവിഷ്കരിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിന് കാരണം; അടിയന്തരമായി ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കടൽക്ഷോഭത്തിലും പ്രകൃതി ദുരന്തങ്ങളിലുംപെട്ട് വള്ളം, വല, മറ്റ് മത്സ്യബന്ധനോപാധികൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ ഫിഷറീസ് വകുപ്പിൽ പദ്ധതികളില്ല, നഷ്ടപരിഹാരത്തിനായി ലഭ്യമാകുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ടിയാൻ നഷ്ടപരിഹാരത്തിന് അർഹനാണെങ്കിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ SDRF/NDRF ദുരിതാശ്വാസ നിധിയിൽ നിന്നും ആയത് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ഓഖി ചുഴലിക്കാറ്റിൽ വള്ളവും മറ്റ് അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ടുപോയ മത്സ്യത്തൊഴിലാളികൾക്ക് പുതിയ മത്സ്യബന്ധന യൂണിറ്റുകൾ നൽകുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭാഗികമായി കേടുപാടുകൾ വന്നവർക്കും വീട് നഷ്ടപ്പെട്ടവർക്കുമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതികൾ ആവിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും ഫിഷറീസ് വകുപ്പ് നേരിട്ടാണ്. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

312(2812) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി (തഴക്കര) എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് ഡി.പി.ആർ. തയ്യാറാക്കി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിന് ഭരണാനുമതി നല്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിനായി ഭരണാനുമതി നല്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മങ്കാംകുഴി (തഴക്കര) എന്നീ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**മത്സ്യവിപണന സൗകര്യം**

313(2813) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തുവാനായി സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശം നൽകാമോ?

<u>ഉത്തരം</u>

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്താനായി ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 39 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും 34 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 4 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. 1 മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും മറ്റ് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകാവുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

കൂടാതെ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും ലാന്റിംഗ് സെന്ററുകളിലും മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. വനിതാ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണനം ചെയ്യുന്നതിന് മത്സ്യഫെഡ് മുഖേന നാല് വനിതാ ബസുകൾ പ്രവർത്തിപ്പിക്കുന്നു. മത്സ്യക്കച്ചവടത്തിൽ ഏർപ്പെടുന്ന വനിതാ കച്ചവടക്കാർക്ക് പലിശ രഹിത വായ്പാ പദ്ധതിയും മത്സ്യഫെഡ് നടപ്പിലാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ലേലം ചെയ്ത് മത്സ്യ വിപണനത്തിനുള്ള സൗകര്യങ്ങളും ഒരുക്കുന്നതിലൂടെ മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുന്നതിന് കഴിയുന്നതാണ്.

## ഉൾനാടൻ മത്സ്യകൃഷി

314(2814) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷിവഴി വർഷംതോറും ലഭിക്കുന്ന മത്സ്യസമ്പത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് നൽകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി കഴിഞ്ഞ വർഷം നൽകിയ ധനസഹായത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വഴി വർഷംതോറും ലഭിക്കുന്ന മത്സ്യസമ്പത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | മത്സ്യസമ്പത്തിന്റെ കണക്ക് |
|---|---|
| 2014-15 | 57414 മെട്രിക് ടൺ |
| 2015-16 | 36017 മെട്രിക് ടൺ |
| 2016-17 | 28447 മെട്രിക് ടൺ |

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മത്സ്യവിത്തുകളുടെ ഉല്പാദനം

315(2815) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നല്ലയിനം മത്സ്യവിത്തുകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും ഗുണമേന്മ ഉറപ്പു വരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം നിലവിലുള്ള ഫിഷ് സീഡ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണത്തിനും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരുജല മത്സ്യക്കുഞ്ഞുങ്ങളുടെ വിത്തുല്പാദനത്തിനായി വർക്കല ഓടയത്ത് ഒരു മത്സ്യ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കടൽ മത്സ്യ ക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി ഒരു ഹാച്ചറി വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനായി 1350 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കല്ലാനോട്, തൃശ്ശൂർ ജില്ലയിലെ പീച്ചി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, വെസ്റ്റ് കല്ലട, തേവള്ളി എന്നിവിടങ്ങളിൽ പുതിയ ഹാച്ചറികൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന 2 കോടി എണ്ണം മത്സ്യവിത്തുകളുടെ ഉല്പാദനം 5.14 കോടിയിലേയ്ക്ക് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു. വരുംവർഷം അത് 8.5 കോടിയായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്. ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന നാല് തരം വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അഡാക്കിന്റെ പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി ഫിഷറീസ് വകുപ്പ്/അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേൻമയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം വിജ്ഞാപനം ചെയ്തു. അതിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനം ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യഫെഡ് വഴി പലിശ രഹിത വായ്പ**

316(2816) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി പലിശ രഹിത വായ്പ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യഫെഡ് വഴി മത്സ്യവിപണനത്തിന് പലിശരഹിത വായ്പയായി 16627 ഗുണഭോക്താക്കൾക്ക് 3164.58 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

**തലശ്ശേരി നിയോജക മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

317(2817) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

മത്സ്യബന്ധന വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭൂരഹിത-ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കുന്ന പദ്ധതി (10 ലക്ഷം) പ്രകാരം 46 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ധനസഹായത്തിന് (4 ലക്ഷം) 8 പേർക്ക് ആനുകൂല്യം അനുവദിച്ചു. ഫിഷറീസ് വകുപ്പിനുകീഴിലുള്ള ചാലിൽ ഗോപാലപേട്ടയിലുള്ള 1.60 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നതിന് കണ്ടെത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ 163 ലക്ഷം രൂപയുടെ "ഇൻഫ്രാസ്ട്രക്ചർ വർക്ക്സ് റിലേറ്റഡ് വിത്ത് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഇൻഡോർ ഹാച്ചറി ഫെസിലിറ്റീസ് ഇൻ ഇരഞ്ഞോളി ഫിഷ് ഫാം, കണ്ണൂർ" എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അപ്രോച്ച് റോഡിന്റെയും കരിമീൻ ബ്രീഡിംഗ് യൂണിറ്റിന്റേയും ഫീഡ്/ഫെർട്ടിലൈസർ ഷെഡിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ മത്സ്യകൃഷിക്ക് പ്രോത്സാഹനം

318(2818) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷിക്കാർക്കും ഉൾനാടൻ മത്സ്യ വർദ്ധനവിന് വഴിയൊരുക്കുന്നവർക്കും പ്രോത്സാഹനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ നിലവിൽ വന്നശേഷം നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) നിലമ്പൂർ മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷിക്കാർക്കും ഉൾനാടൻ മത്സ്യവർദ്ധനവിന് വഴിയൊരുക്കുന്നവർക്കും പ്രോത്സാഹനം നൽകുന്നതിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ മത്സ്യസമൃദ്ധി -II എന്ന പദ്ധതിയിലൂടെ നിലമ്പൂർ മണ്ഡലത്തിലെ 530 മത്സ്യകർഷകർക്ക് 90.7 ഹെക്ടർ കുളങ്ങളിലേയ്ക്കായി 870340 കാർപ്പ് ഇനം മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. കൂടാതെ സംയോജിത മത്സ്യകൃഷി എന്ന സ്കീമിൽ ഒരു ഹെക്ടറിന് 40,000 രൂപ നിരക്കിൽ (ഒരു ഹെക്ടർ വിസ്തൃതിയിൽ) മൂന്ന് കർഷകർക്കും പടുതാക്കുളം എന്ന സ്കീമിൽ ഒരു യൂണിറ്റിന് 10000 രൂപ നിരക്കിൽ രണ്ട് കർഷകർക്കും കുളങ്ങളിലെ കൂട് കൃഷി എന്ന സ്കീമിൽ ഒരു യൂണിറ്റിന് 40,000 രൂപ നിരക്കിൽ ഒരു കർഷകനും സബ്സിഡി അനുവദിച്ചു. 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം എന്ന പദ്ധതിയിലൂടെ ഒരു ഹെക്ടറിന് 1.50 ലക്ഷം രൂപ സബ്സിഡി നിരക്കിൽ മാതൃകാ മത്സ്യക്കുളം എന്ന പദ്ധതിയിലുൾപ്പെടുത്തി നിലമ്പൂർ മണ്ഡലത്തിൽ 7.5 ഹെക്ടർ വിസ്തൃതിയിൽ 22 മത്സ്യ കർഷകർ മത്സ്യകൃഷി ചെയ്തു വരുന്നു. കൂടാതെ ചെറിയകുളം, വലിയകുളം എന്നീ പദ്ധതിയിലുൾപ്പെടുത്തി 521 മത്സ്യകർഷകർക്ക് 66.5 ഹെക്ടർ വിസ്തൃതിയിലുള്ള കുളങ്ങളിലേക്കായി 623795 കാർപ്പ് ഇനം മത്സ്യക്കുഞ്ഞുങ്ങൾ വിതരണം ചെയ്തു. ഉൾനാടൻ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുജലാശയങ്ങളിലെ മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം അഥവാ റാഞ്ചിംഗ്, ചാലിയാർ പുഴയുടെ മത്സ്യസമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ചാലിയാറിന്റെ പോഷകനദി കരിമ്പുഴയിൽ 170000 കാർപ്പ് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലേയ്ക്കായി ഗുണഭോക്താക്കളെ ലഭിക്കുന്ന മുറയ്ക്ക് 2018-19 വർഷത്തിൽ 40 ശതമാനം സബ്സിഡി നിരക്കിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ് കോസ്റ്റ് |
|---|---|---|
| 1 | ശാസ്ത്രീയ സമ്മിശ്ര കാർപ്പ് കൃഷി | 2.5 ലക്ഷം/ഹെക്ടർ |
| 2 | ഏകയിന (എയർ ബ്രീത്തിങ്ങ്) മത്സ്യകൃഷി | 16 ലക്ഷം/ഹെക്ടർ |
| 3 | കുളങ്ങളിലെ ഗിഫ്റ്റ് തിലാപ്പിയ കൃഷി | 12.50 ലക്ഷം/ഹെക്ടർ |
| 4 | റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 6 ലക്ഷം/ഹെക്ടർ |
| 5 | പടുതാക്കുളങ്ങളിലെ കരിമീൻ കൃഷി | 1.25 ലക്ഷം/ഹെക്ടർ |
| 6 | അടുക്കള കുളങ്ങളിലെ കരിമീൻ കൃഷി | 13000/യൂണിറ്റ് |
| 7 | സംയോജിത മത്സ്യകൃഷി | 1 ലക്ഷം/ഹെക്ടർ |
| 8 | കൂടുകളിലെ അലങ്കാര മത്സ്യകൃഷി | 2 ലക്ഷം/യൂണിറ്റ് |

## വാടാനപ്പള്ളി ഫിഷറീസ് യു.പി. സ്കൂളിന് കെട്ടിടം

319(2819) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഫിഷറീസ് യു. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഫിഷറീസ് യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ ഫിഷറീസ് വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസാടിസ്ഥാന സൗകര്യവികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

## കോട്ടിക്കുളം ലൈബ്രറി നിർമ്മാണം

320(2820) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ വികസന കോർപ്പറേഷൻ കോട്ടിക്കുളം ലൈബ്രറി നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) സ്ഥലം ലഭ്യമാക്കാൻ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംയോജിത മത്സ്യഗ്രാമവികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം മത്സ്യഗ്രാമത്തിൽ ലൈബ്രറി നിർമ്മാണത്തിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ട സ്ഥലം വിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. ടി സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉചിതമായ മറ്റ് സ്ഥലം കണ്ടെത്തുവാനും ഉദുമ ഗ്രാമപഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ ഫ്ലാറ്റുകൾ

321(2821) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികളുടെ പുന:രധിവാസത്തിനായി മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച 3.5 ഏക്കർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം എന്നായിരുന്നു നിർവ്വഹിച്ചതെന്ന് വിശദമാക്കുമോ ;

(സി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) മുൻസർക്കാരിന്റെ കാലത്ത് 3.5 ഏക്കർ സ്ഥലം മുട്ടത്തറ സ്വീവേജ് ഫാമിൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുവദിച്ച് ഉത്തരവിറക്കിയിരുന്നുവെങ്കിലും അന്നത്തെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് മന്ത്രി മുൻകയ്യെടുത്ത് ഡയറി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ വച്ച് നിലവിൽ കെട്ടിടനിർമ്മാണത്തിന് അനുവദിക്കപ്പെട്ട മറ്റു സ്ഥാപനങ്ങൾക്ക് അരികിലേയ്ക്ക് മുട്ടത്തറയിലെ ഫ്ലാറ്റ് നിർമ്മാണത്തിന് സ്ഥലം മാറ്റിയെടുക്കുകയായിരുന്നു. കൂടാതെ ഡയറി ഫാമിലെ 6 തൊഴിലാളികളെക്കൂടി പുനരധിവസിപ്പിച്ചശേഷമാണ് സ്ഥലം വിട്ടുകിട്ടിയത്. അപ്രകാരം മുട്ടത്തറയിൽ ഫിഷറീസ് വകുപ്പിന് കൈമാറിക്കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണോദ്ഘാടനം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി 2017 ജനുവരി 4-ന് നിർവ്വഹിക്കുകയുണ്ടായി. 24 ഫ്ലാറ്റുകളിലായി 192 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സ്വീവേജ് ലൈൻ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം**

322(2822) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് 2017-18-ൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തെരഞ്ഞെടുത്തിട്ടുള്ള ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിലേക്ക് ഭരണാനുമതിക്ക് ശിപാർശ ചെയ്യുവാൻ ബാക്കിയുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ റോഡുകൾ ശിപാർശ ചെയ്യുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് 2017-2018-ൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ലിസ്റ്റിലെ ക്രമനമ്പർ | റോഡിന്റെ പേര് |
|---|---|
| (I) | 2017-18 ലിസ്റ്റ് - 1 |
| 33 | ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടി, കായൽ കോട്ടുവിള റോഡ് |
| 34 | ഇടവ പഞ്ചായത്ത് പുറ്റിൽ ക്ഷേത്രം കമ്മ്യൂണിറ്റി ഹാൾ റോഡ് |
| 35 | വെട്ടൂർ പഞ്ചായത്ത് റഹമത്ത് റോഡ് വാർഡ്-13 |
| 36 | വർക്കല നഗരസഭ വാർഡ് 20, ചെറിയ തുരപ്പ് ചിറമുക്ക് റോഡ് |
| 37 | വർക്കല നഗരസഭ ആറാട്ട് റോഡ് വാവ്കട ചന്ത മുതൽ ആലിയിറക്കം വരെയുള്ള റോഡ് |
| (II) | 2017-18 ലിസ്റ്റ് നമ്പർ 2 |
| 3 | ഇടവ പഞ്ചായത്ത് പാലത്തൊടി പൈങ്കുളം ഏല മാന്തറക്ഷേത്രം റോഡ് |
| 4 | വെട്ടൂർ പഞ്ചായത്ത് കുന്നക്കൻകല്ല് റോഡ് |
| 5 | ഇടവ പഞ്ചായത്ത്, കിഴക്കേ ചന്ദ്രാത്തിൽ ഇടവക്കുളം റോഡ് |

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടിയിൽ കായൽ കോട്ടുവിള റോഡിന് 14.70 ലക്ഷം രൂപയുടെയും വെട്ടൂർ പഞ്ചായത്ത് റഹമത്ത് റോഡിന് 56.50 ലക്ഷം രൂപയുടെയും ചെറിയ തുരപ്പ് ചിറമുക്ക് റോഡിന് 11.90 ലക്ഷം രൂപയുടെയും വെട്ടൂർ പഞ്ചായത്ത് കുണക്കൻകല്ല് റോഡിന് 13.65 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ഇടവ പഞ്ചായത്ത് പുറ്റിൽ ക്ഷേത്രം കമ്മ്യൂണിറ്റി ഹാൾ റോഡ്, വർക്കല നഗരസഭ ആറാട്ട് റോഡ്, വാവ്കട ചന്ത മുതൽ ആലിയിറക്കം വരെയുള്ള റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഇടവപഞ്ചായത്ത് പാലത്തൊടി പൈങ്കുളം ഏലമാന്തറ ക്ഷേത്രം റോഡ്, ഇടവ പഞ്ചായത്ത്, കിഴക്കേചന്ദ്രാത്തിൽ ഇടവക്കുളം റോഡ് എന്നിവ നിലം ഉൾപ്പെട്ട റോഡ് ആയതിനാൽ പരിഗണിക്കാൻ കഴിയുകയില്ല.

(ഡി) എസ്റ്റിമേറ്റുകൾ എടുക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡിന്റെ ചില ഭാഗം മറ്റ് ചില ഏജൻസികൾ ചെയ്തതിനാലും റോഡിന്റെ ഉടമസ്ഥാവകാശം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അല്ലാത്തതിനാലും പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കിയ ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡിന് പുറമേ സ്ഥലം എം.എൽ.എ. ശിപാർശചെയ്ത റോഡുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം മാത്രമേ റോഡിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിൽ ഉണ്ടായിട്ടുള്ളൂ. എസ്റ്റിമേറ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

323(2823) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിത്തീറ്റയ്ക്കും വളത്തിനുമായി ഉപയോഗിക്കുന്നതിനായി വൻതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിനാൽ കടലിലെ മത്സ്യ സമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കർശനമായി തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ച് അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ നടപടി എടുത്തിട്ടുണ്ട്. 58 മത്സ്യ ഇനങ്ങളുടെ കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് കർശനമായി നിരോധിക്കുകയും ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പം, കുറഞ്ഞ കണ്ണി വലിപ്പം എന്നിവ നിഷ്കർഷിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ.എ.-യിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തിയ യാനങ്ങൾ ഇംപൗണ്ട് ചെയ്യുകയും ചെയ്തു. കനത്ത പിഴ ഈടാക്കുന്നതിനാൽ ട്രോൾ വലകൾ, റിംഗ് വലകൾ എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അനധികൃത മത്സ്യബന്ധനം, നിയമലംഘനം, പിഴ എന്നിവ സംബന്ധിച്ച് പത്ര മാധ്യമങ്ങളിലൂടെ വാർത്തകൾ നൽകുകയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവൽക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും മുട്ടകളെയും പിടിക്കുന്നത് വഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നു. ഇത്തരം നടപടികളിലൂടെ ചെറിയ കണ്ണിവലിപ്പമുള്ള റിംഗ് വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ-റാഞ്ചിംഗ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. മത്സ്യങ്ങളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതിയും മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കൂടുകൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. മത്സ്യശോഷണം തടയുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട്. അതുപോലെ മത്സ്യബന്ധന സമ്മർദ്ദം കുറയുന്നതിന് എഞ്ചിനുകളുടെ ശേഷി (കുതിരശക്തി) നിയന്ത്രിക്കുന്നതിനും വലകളുടെ വലിപ്പം, കണ്ണിവലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ചെല്ലാനം മത്സ്യബന്ധന തുറമുഖം**

324(2824) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന്റെ നിജസ്ഥിതി വിശദമാക്കാമോ; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) നിർമാണ പ്രവർത്തനങ്ങളും സ്ഥലമെടുപ്പ് നടപടികളും എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെയും രണ്ടാംഘട്ട വികസന പ്രവൃത്തികൾക്ക് നബാർഡ് RIDF XV ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 29.90 കോടി രൂപയുടെയും ഭരണാനുമതികൾ നൽകിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 2548.29 ലക്ഷം രൂപ ചെലവിൽ തെക്കേ പുലിമുട്ട് 570 മീറ്റർ നീളവും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. കരയിലുള്ള അടിസ്ഥാന സൗകര്യങ്ങളായ വാർഫ്, ഓക്ഷൻ ഹാൾ, ലോക്കർ റൂം, നെറ്റ് മെന്റിംഗ് ഷെഡ്, ടോയ്‌ലെറ്റ് ബ്ലോക്ക്, കാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുടങ്ങിയ അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. നബാർഡ് RIDF XV പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പ്രവൃത്തികൾക്കുള്ള സാമ്പത്തിക സഹായം 31-3-2016-ൽ നബാർഡ് നിർത്തുകയുണ്ടായി. ചെല്ലാനം ഫിഷറി ഹാർബറിന്റെ സ്ഥലമെടുപ്പ് നടപടികൾ വൈകിയതിനാലാണ് ശേഷിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണം നടത്തുവാൻ സാധിക്കാത്തത്. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഹാർബറിലേയ്ക്കുള്ള റോഡിന്റെ പുതുക്കിയ അലൈൻമെന്റ് അനുസരിച്ച് 141.911 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ജി.ഒ.(ആർ.റ്റി.)നമ്പർ 72/18/മഉവ. തീയതി 31-1-2018 പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (ഭരണാനുമതി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.)* അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നബാർഡ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി (RIDF- 23) 3-1-2018-ലെ 10/2018/മഉവ. ഉത്തരവ് പ്രകാരം 1037 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് (ഭരണാനുമതി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.)* സ്ഥലം ഏറ്റെടുപ്പ് നടപടി പൂർത്തിയായി സ്ഥലം ലഭിച്ചാൽ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏർപ്പാടാക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തുടർന്ന്, സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി, മറ്റ് അനുബന്ധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവൃത്തികൾ

325 (T*2825) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി വകയിരുത്തിയ തുക എത്രയാണെന്നും പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി വെള്ളയിൽ മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ലൈബ്രറി നിർമ്മാണം എന്നിവയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്.

2. 2013-14 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് വെള്ളയിൽ ഫിഷറീസ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

3. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ എൽ.എ.സി.-എ.ഡി.എസ്. 2016-17 ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ " കൺസർവേഷൻ, റിട്രോഫിറ്റിംഗ് ആന്റ് റിനോവേഷൻ ഓഫ് ലൈറ്റ് ഹൗസസ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് പാക്ക്, റെയിൻ ഷെൽട്ടേഴ്സ് ഇൻ കാലിക്കട്ട് ബീച്ച്" എന്ന പദ്ധതിയും തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക, ഇപ്പോഴത്തെ അവസ്ഥ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തലശ്ശേരി നിയോജക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ**

326(2826) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം ന്യൂമാഹി എഫ്.എൻ.സി. റോഡിന്റെ നവീകരണ പ്രവൃത്തി | 39.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | തലായി മത്സ്യബന്ധന തുറമുഖ പദ്ധതി | 3479.50 | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. 88% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ ഒളവിലം പാത്തിക്കൽ മോന്താൽകടവ് റോഡ് ഫേസ് - 1 | 85.11 | പ്രവൃത്തി 60% പൂർത്തീകരിച്ചു. |
| 4 | ചൊക്ലി ഗ്രാമപഞ്ചായത്തിലെ പാത്തിക്കൽ മോന്താൽകടവ് റോഡ് ഫേസ് - 2 | 93.70 | പ്രവൃത്തി 40% പൂർത്തീകരിച്ചു. |
| 5 | തലശ്ശേരി മുനിസിപ്പാലിറ്റിയിലെ തലായി ഹാർബർ ചാലിൽ ഗോപാലപേട്ട മത്സ്യബന്ധന കേന്ദ്രം എന്നിവയെ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | 268.60 | പ്രവൃത്തി 10% പൂർത്തീകരിച്ചു. |

**വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി**

327(2827) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയതുറ-പൂന്തുറ ഭാഗത്തെ മത്സ്യബന്ധനം സുഗമമാക്കുന്നതിനും മത്സ്യ വിപണനം സാധ്യമാക്കുന്നതിനുമായി മാതൃകാപഠനം, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കി വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിരുന്നുവോ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഓഖി ദുരന്തത്തെത്തുടർന്ന് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിഷമതകൾ കണക്കിലെടുത്ത് പ്രസ്തുത തുറമുഖങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്ര സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ച് നിർമ്മാണം നടന്നുവരുന്ന ഹാർബറുകൾക്കുപോലും ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നില്ല. ആയതിനാൽ നിർമ്മാണം നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണവും പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടുംമൂന്നും ഘട്ടങ്ങളിലുള്ള വികസനത്തിനും നവീകരണത്തിനുമാണ് സർക്കാർ മുൻഗണന നൽകിവരുന്നത്. പൂന്തുറ, വലിയതുറ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ബീച്ച് ലാന്റിംഗ് സൗകര്യം ഒരുക്കുന്നതിനുള്ള സാദ്ധ്യത പഠിക്കുന്നതിനായുള്ള കൺസെപ്റ്റ് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. പൂന്തുറയിൽ ഒരു ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റിൽ വലിയതുറ, പൂന്തുറ പദ്ധതികൾക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. എങ്കിലും ആവശ്യമായ തുക അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

## കുളത്തൂർ, കാരോട് ഗ്രാമപഞ്ചായത്തുകളിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ഭരണാനുമതി നൽകിയ പ്രവൃത്തികൾ

328(2828) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ, കാരോട് ഗ്രാമ പഞ്ചായത്തുകളിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം എത്ര വർക്കുകൾക്ക് ഭരണാനുമതി നൽകി; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; ഓരോ വർക്കിന്റേയും തുക എത്ര എന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ വർക്കുകളിൽ എത്ര എണ്ണം പൂർത്തീകരിച്ചു; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകി പൂർത്തീകരിക്കാത്ത വർക്കുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; അതിന്റെ അടങ്കൽ തുക എത്രയാണ്;

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വർക്കുകൾക്ക് കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുളത്തൂർ, കാരോട് എന്നീ ഗ്രാമപഞ്ചായത്തിലെ 9 തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലക്കടവ് കുന്നുവിള വീരാളി റോഡ് | 62.00 |
| 2 | കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പോലീസ് സ്റ്റേഷൻ തെക്കേ പഴവൻഞ്ചാല റോഡ് | 20.10 |
| 3 | പൊഴിയൂർ പോലീസ് സ്റ്റേഷന് അടുത്തുള്ള കോളനികളുടെ മുഴുവൻ ഇന്റർലോക്കിംഗ് പ്രവൃത്തി | 65.00 |
| 4 | കാരോട് പഞ്ചായത്തിലെ പൊഴിയൂർ ക്ഷേത്രനടകല്ലി റോഡ് | 11.70 |
| 5 | കുളങ്ങരകുഴി മറ്റവിളാകം ചെന്നിയോട് റോഡ്, കാരോട് പഞ്ചായത്ത് | 13.70 |
| 6 | കുളത്തൂർ പഞ്ചായത്ത് മുല്ലശ്ശേരി വാർഡിലെ ഇടവഴികൾ ഇന്റർലോക്കിംഗ് ചെയ്യുന്നത്. | 13.50 |
| 7 | കുളത്തൂർ പഞ്ചായത്ത് ബീച്ച് വാർഡിലെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യുന്നത്. | 33.50 |
| 8 | കുളത്തൂർ പഞ്ചായത്ത് വെട്ടുകാട് തുമ്പക്കൽ കോളനി റോഡ് | 41.80 |
| 9 | കാരോട് പഞ്ചായത്ത് വാളാംകുളം കുവരവിള റോഡ് | 18.40 |

(ബി) ഭരണാനുമതി നൽകിയ 9 പ്രവൃത്തികളിൽ 3 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

1. കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഷൻ തെക്കേ പഴവൻഞ്ചാല റോഡ്.
2. കാരോട് പഞ്ചായത്തിലെ ക്ഷേത്രനട – കല്ലിറോഡ്
3. കാരോട് പഞ്ചായത്തിലെ കുളങ്ങരക്കുഴി മറ്റവിളാകം ചെന്നിയോട് റോഡ്.

(സി) ഭരണാനുമതി നൽകിയിട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | പൊഴിയൂർ പാലക്കടവ് കുന്നവിള വീരാളി റോഡ്, കുളത്തൂർ പഞ്ചായത്ത് | 62 |
| 2 | പൊഴിയൂർ പോലീസ് സ്റ്റേഷന് അടുത്തുള്ള കോളനികളുടെ മുഴുവൻ ഇന്റർലോക്കിംഗ് പ്രവൃത്തി | 65 |
| 3 | കുളത്തൂർ പഞ്ചായത്തിലെ മുല്ലശ്ശേരി വാർഡിലെ ഇടവഴികൾ ഇന്റർലോക്കിംഗ് ചെയ്യുന്നത്. | 13.50 |
| 4 | കുളത്തൂർ പഞ്ചായത്ത് ബീച്ച് വാർഡിലെ ഇടവഴികൾ ഇന്റർലോക്കിംഗ് ചെയ്യുന്നത് | 33.50 |
| 5 | കുളത്തൂർ പഞ്ചായത്ത് വെട്ടുകാട് തുമ്പക്കൽ കോളനി റോഡ് | 41.80 |
| 6 | കാരോട് പഞ്ചായത്ത് വാളാംകുളം കുവരവ് വിള റോഡ് | 18.40 |

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിന് കാലതാമസം വരുത്തിയിട്ടില്ല. കോസ്റ്റൽ റോഡുകളുടെ ഉടമസ്ഥാവകാശം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനല്ല. അതിനാൽ എസ്റ്റിമേറ്റ് എടുക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി എന്നിവരുമായി ബന്ധപ്പെട്ട് ലാൻഡ് അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന കാലതാമസം മാത്രമേ പ്രവൃത്തി ഏർപ്പാടാക്കുന്നതിൽ വരുന്നുള്ളൂ. എന്നാൽ ഏർപ്പാടാക്കിയ പ്രവൃത്തിക്കുള്ള മെറ്റീരിയൽസിന്റെ ലഭ്യത കുറവും പണിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്.

## പുരിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ

329(2829) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പുരിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ;

(ബി) സി. ഡബ്ല്യൂ. പി. ആർ. എസ്. മുഖേന നടത്തുന്ന മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; മാതൃകാപഠനം പൂർത്തീകരിച്ച് പരിസ്ഥിതി പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വെ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സിഡി വാല്യൂ സ്ഥാപിക്കൽ, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർ ലൈൻ സർവ്വെ, ബാത്തിമെട്രിക് സർവ്വെ ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റിൽ പ്രഖ്യാപിച്ചതിനു പുറമെ പുതിയ ഹാർബറുകൾ ഈ സർക്കാരിന്റെ കാലത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

**കശുവണ്ടി വ്യവസായത്തിന്റെ സമഗ്രവികസനവും പുനരുദ്ധാരണവും**

330(2830) <u>ശ്രീ. ഇ. പി. ജയരാജൻ</u> :

<u>ശ്രീമതി പി. അയിഷാ പോറ്റി</u> :

<u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി വ്യവസായത്തിന്റെ സമഗ്രവികസനത്തിനും പുനഃരുദ്ധാരണത്തിനും നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വ്യവസായ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു മേഖലയിലെ കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും തനത് ബ്രാൻഡ് സൃഷ്ടിക്കുന്നതിനുമായി 2018-19 ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്തർദ്ദേശീയ സഹകരണം ഉറപ്പുവരുത്തി കശുവണ്ടി വ്യവസായ മേഖലയുടെ ഉയർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും തോട്ടണ്ടി സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചുവരുന്നു. കശുവണ്ടി വ്യവസായം

സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനിക വൽക്കരണത്തിനും നിയന്ത്രിത യന്ത്രവൽക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്. ഇടതു മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞതിനു പുറമെ 2050 പേർക്ക് പുതുതായി ജോലി നൽകാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി പരമാവധി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭ്യമായ സ്ഥലങ്ങളിൽ എസ്റ്റേറ്റ് അടിസ്ഥാനത്തിലും അല്ലാതെയും അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്യുന്നതിനും നടപടി ഇതിനകം കശുമാവ് കൃഷി വികസന ഏജൻസി മുഖേന ആരംഭിച്ചിട്ടുണ്ട്. കൂടാതെ കശുമാവ്, പുതു കൃഷി, കശുമാവ് തോട്ടം നിർമ്മാണം തുടങ്ങി പദ്ധതികൾ കശുമാവ് കൃഷി വികസന ഏജൻസി മുഖേന നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി 20 കോടി രൂപയും സി.ഡി.സി. ബ്രാൻഡ് പ്രൊമോഷനുവേണ്ടി 50 ലക്ഷം രൂപയും കശുവണ്ടി വികസന കോർപ്പറേഷന്റെ പുതിയ ഉല്പന്നങ്ങളുടെ വികസനത്തിനു വേണ്ടി 1 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന് പദ്ധതി വിഹിതമായി 50 ലക്ഷം രൂപ കാപെക്സിന് വകയിരുത്തിയിട്ടുണ്ട്.

(സി) 2017-ൽ തിരുവനന്തപുരത്തുവച്ച് നടന്ന ഡിപ്ലോമാറ്റിക് കോൺക്ലേവിൽ കശുവണ്ടി ഉല്പാദകരായ 15 ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികളെ പങ്കെടുപ്പിച്ച് ചർച്ച നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ കേരള കാഷ്യൂ ബോർഡ് മുഖേന പരിശോധിച്ച് തുടർനടപടി സ്വീകരിച്ചു വരികയാണ്.

## പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും നേരിട്ട് കശുവണ്ടി വാങ്ങൽ

331(2831) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവ് തോട്ടങ്ങളിൽ നിന്നും കശുവണ്ടി കോർപ്പറേഷന് നേരിട്ട് കശുവണ്ടി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ സ്വകാര്യ കുത്തകകൾക്ക് കശുവണ്ടി നൽകുന്നത് ഒഴിവാക്കി സർക്കാർ നേരിട്ട് വാങ്ങാൻ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 2018-ൽ പ്ലാന്റേഷൻ കോർപ്പറേഷൻ തങ്ങളുടെ 70% തോട്ടങ്ങളിലെ തോട്ടണ്ടി ലേലവുമായി മുന്നോട്ടുപോയിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് വനം, കൃഷി, കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ലേലം ചെയ്യാൻ ബാക്കിയുള്ള 30% തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച് കോർപ്പറേഷനും കാപെക്സിനും നൽകുന്ന രീതിയിൽ ടെൻഡർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ലേലം പിടിച്ചവരോട് അവർ സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് നൽകാനും യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വരുംവർഷങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടത്തിലെ കശുവണ്ടി ലേലം ചെയ്യുന്നതിനു മുമ്പ് സർക്കാരുമായി ആലോചിക്കേണ്ടതാണെന്നും പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അടുത്ത സീസണുമുമ്പ് പ്ലാന്റേഷൻ കോർപ്പറേഷനിലെ മുഴുവൻ തോട്ടണ്ടിയും സംഭരിക്കുന്നതിനെ കുറിച്ചും കാഷ്യൂ കോർപ്പറേഷനും കാപെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ചും ആസൂത്രണം നടത്തുന്നതിന് ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ ബന്ധപ്പെട്ട മന്ത്രിമാർ പങ്കെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷനിൽ യോഗം വിളിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്യ നടപടി

332(T*2832) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്തെ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തനം നിർത്തിയിട്ടുണ്ടെന്നും എത്ര ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഫാക്ടറിയും ഭൂമിയും ഈട് നൽകി ബാങ്കിൽ നിന്ന് വായ്പ എടുത്തവരെ വീടുകളിൽ നിന്ന് ഇറക്കി വിടരുതെന്ന് ബാങ്ക് പ്രതിനിധികളുടെയും ചെറുകിട വ്യവസായികളുടെയും യോഗത്തിൽ ബാങ്കുകളോട് സർക്കാർ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി എത്ര വീടുകൾ ബാങ്കുകൾ ജപ്തി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 790 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളുള്ളതിൽ 450 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 340 ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല. ലഭ്യമായ വിവരമനുസരിച്ച് 6 ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ നിർദ്ദേശിച്ചിരുന്നു. നിർദ്ദേശത്തിന് വിരുദ്ധമായി വീടുകൾ ജപ്തി ചെയ്തിട്ടില്ല.

## കശുമാവ് കൃഷി വ്യാപിപ്പിക്കാൻ നടപടി

333(2833) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപ്പരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകി ധനസഹായം നൽകുന്ന കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>കശുമാവ് പുതുകൃഷി</u> :

കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവിൻതൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധനയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു.

<u>കശുമാവ് തോട്ടം</u> :

2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.

<u>മുറ്റത്തൊരു കശുമാവ്</u> :

അത്യുല്പാദന ശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ സ്കൂൾ കുട്ടികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ മുഖാന്തിരം നൽകി വരുന്നു.

2017-ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്ത് 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 300 ഏക്കർ സ്ഥലത്ത് 2017-ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018-ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസികളുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന

ഏജൻസിയും സംയുക്തമായി ആർ.പി.എൽ., ബീ ബീ എസ്റ്റേറ്റ് പുനലൂർ, ചെമ്പന്തുർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷിയുടെ പ്രാധാന്യം കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ മുൻകയ്യെടുത്ത് ഒരു കശുമാവ് കർഷക മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്.

## പനങ്ങാട് കുഫോസ് ക്യാംപസിലെ നിർമ്മാണം

334(2834) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പനങ്ങാട് കുഫോസ് ക്യാംപസിലെ ഓഫീസ് സൗകര്യങ്ങളുടെയും സ്റ്റേഡിയത്തിലെ റെസ്റ്റ് റൂമിന്റെയും നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ പനങ്ങാട് കുഫോസ് ക്യാംപസിലെ ഓഫീസ് സൗകര്യങ്ങളുടെയും സ്റ്റേഡിയത്തിലെ റെസ്റ്റ് റൂമിന്റെയും നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും അനുവദിച്ച തുക നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യു.ഡി.-യിലേയ്ക്ക് കൈമാറ്റം ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് '4405-00-800-75-Projects under LAC ADS(NP)' എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ മാത്രമേ നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളൂവെന്നതിനാലും അതിൽത്തന്നെ 39,04,843 രൂപ ഇതിനകം ചെലവ് ചെയ്തുകഴിഞ്ഞ സാഹചര്യത്താലും 150 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ഉൾപ്പെടുത്താൻ സാധിക്കില്ല. സർക്കാർ ടി വിഷയം പരിശോധിച്ചു വരികയാണ്. ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### കശുവണ്ടിമേഖല നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളും സ്വകാര്യ ഫാക്ടറികളും പ്രവർത്തിക്കാത്തതുമൂലം ജോലിയില്ലാതെ കഴിയുന്ന തൊഴിലാളികൾ കഷ്ടപ്പെടുകയാണെന്നും അവരുടെ ഇ.എസ്.ഐ. ആനുകൂല്യവും ചികിത്സയും നിരസിക്കുകയാണെന്നും ഇതുമൂലം കശുവണ്ടി മേഖലയിൽ നില നിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഷ്യു കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുകയും 2018 ജനുവരി 30 വരെ 228 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കാപ്പക്സ് 2017-18 കാലയളവിൽ ഡിസംബർ മാസംവരെ 178 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാപ്പക്സിലും കോർപ്പറേഷനിലും തോട്ടണ്ടി ലഭ്യമാക്കി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ പുതുതായി ആരംഭിച്ച 'കേരള കാഷ്യു ബോർഡ്' മുഖാന്തിരം സർക്കാർ സ്വീകരിച്ചു വരികയാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ 'അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള'യുമായി ചർച്ച നടത്തിയിട്ടുണ്ട്. വനംവകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് 2017-ൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2018-ൽ 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് വനം വകുപ്പ് നടപടിയെടുക്കുകയാണ്. മറ്റു തോട്ടങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥലത്തെ റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ട്. കശുമാവ്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിൽ കേരള സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തിരം 'ന്യൂ ഗാർഡൻസ് സ്കീമിൽ' 2000 ഹെക്ടറിൽ ഏകദേശം 4 ലക്ഷം ഗ്രാഫ്റ്റ്, പൊതുമേഖലയിലും മറ്റും തരിശായി കിടക്കുന്ന 1000 ഹെക്ടർ ഭൂമിയിൽ 2 ലക്ഷം തൈകൾ, കുടുംബശ്രീ, തൊഴിലുറപ്പ്

പദ്ധതികൾവഴി സ്കൂളുകളുടെയും കോളേജുകളുടെയും സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തി 1250 ഹെക്ടറിൽ ഏകദേശം രണ്ടര ലക്ഷം തൈകൾ എന്ന രീതിയിൽ വിതരണം ചെയ്തുവരുന്നു.

കാഷ്യൂ ബോർഡ് 2017 ഒക്ടോബറിലാണ് നിലവിൽ വന്നത്. ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കാഷ്യൂ ബോർഡ് പ്രവർത്തിക്കുകയാണ്. കശുവണ്ടി ഉല്പാദക രാജ്യങ്ങളായ ടാൻസാനിയ, ഐവറി കോസ്റ്റ്, മൂസാംബിക് എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലെ അംബാസിഡർമാരും കശുവണ്ടിമേഖലയിൽ പ്രവർത്തിക്കുന്നവരുമായും കാഷ്യൂ ബോർഡ് നേരിട്ട് ചർച്ച നടത്തിയിരുന്നു. കാഷ്യൂ ബോർഡിന് സർക്കാർ ഈടിന്മേൽ വായ്പ നൽകാമെന്ന് സമ്മതിച്ച് ബാങ്കുകളുടെ കൺസോർഷ്യം തീരുമാനമെടുത്തിട്ടുണ്ട്.

തൊഴിലാളികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനും ഗുരുതരമായ രോഗം ബാധിച്ചവരെ സൗജന്യമായി ചികിത്സിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ജീവനക്കാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നുണ്ട്. പരമ്പരാഗത മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് കടക്കെണിയിലകപ്പെട്ട കശുവണ്ടി മേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തുകയും ജപ്തി നടപടികളിൽനിന്ന് പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മേയ് 31 വരെ ഈ വായ്പകളിൽ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഒരുമാസത്തിനുള്ളിൽ ഫാക്ടറികൾക്ക് പ്രത്യേകം പ്രത്യേകമായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കാൻ നിശ്ചയിച്ചിട്ടുമുണ്ട്. പുനരുദ്ധരിക്കാൻ കഴിയാത്ത ഫാക്ടറികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും പരിഗണനയിലുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ നമ്മുടെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നല്ലനിലയിൽ കൊണ്ടുപോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇന്ന് കശുവണ്ടി വികസന കോർപ്പറേഷൻ 30 ഫാക്ടറികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ കാപ്പക്സിന്റെ നേതൃത്വത്തിൽ 10 ഫാക്ടറികളും സ്വകാര്യമേഖലയിൽ ഏതാണ്ട് 900-നടുത്ത് ഫാക്ടറികളുമുണ്ട്. ഇതെല്ലാം ഇന്ന് അടച്ചുപൂട്ടിയിരിക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുകയാണ്. ഈ രംഗത്ത് ഏതാണ്ട് രണ്ടുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുകയാണ്. ആ രണ്ട് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുമ്പോൾ അതിൽ ഏതാണ്ട് 90 ശതമാനത്തിലധികം വരുന്നത് സ്ത്രീ

തൊഴിലാളികളാണ്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇവർക്ക് എല്ലാ ദിവസവും തൊഴിൽ നൽകുമെന്നും 'ഞങ്ങളെല്ലാം ശരിയാക്കിത്തരാം' എന്ന് അങ്ങയെപ്പോലുള്ള ആളുകൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലുമാണ് ആ തൊഴിലാളികൾ ഒന്നടങ്കം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങളെ സഹായിച്ചതും നിങ്ങൾക്ക് അനുകൂലമായി തീരുമാനമെടുത്തതും. എന്നാൽ ആ തീരുമാനങ്ങൾ കൈക്കൊണ്ടുവെങ്കിലും ഇന്ന് ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരൊക്കെ പട്ടിണിയിലായിരിക്കുന്ന സ്ഥിതിവിശേഷം നിലനില്ക്കുകയാണ്. അതിന് ഒരു പരിഹാരമാർഗ്ഗം ഏറ്റവും അത്യാവശ്യമാണ്. 2016-17, 2017-18 സാമ്പത്തികവർഷം കശുവണ്ടി വികസന കോർപ്പറേഷൻ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് കൊടുത്ത ഒരു രേഖയുണ്ട്. അതിൽ 2016-17-ൽ 75 ദിനങ്ങളും 2017-18 വരെ ഏതാണ്ട് 139 ദിനങ്ങളും പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നാണ് പറഞ്ഞിരിക്കുന്നത്. ആ ഫാക്ടറികളെല്ലാം അടച്ചുപൂട്ടിയിരിക്കുന്നു. അവശ്യംവേണ്ട അസംസ്കൃത വസ്തുവായ തോട്ടണ്ടി കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് അങ്ങനെയൊരു അവസ്ഥാവിശേഷം ഉണ്ടായിട്ടുള്ളത്. ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യുമെന്നും കശുമാവ് കൃഷി വികസനത്തിനായി കശുമാവ് കൃഷി വിസ്തൃതി വർദ്ധിപ്പിക്കുമെന്ന മൊക്കെയാണ് കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്. കശുമാവ് കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാണ് അങ്ങ് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് തോട്ടങ്ങൾ വികസിപ്പിക്കുമെന്നും തോട്ടണ്ടി ഇറക്കുമതിക്കായി ആഫ്രിക്കൻ രാജ്യങ്ങളിലെ സർക്കാർ ഏജൻസിയുമായി ചേർന്ന് സ്ഥായിയായ ഒരു ക്രമീകരണം നടത്തുമെന്നുമൊക്കെ നയപ്രഖ്യാപനത്തിൽ ഇവിടെ ബഹുമാന്യനായ ഗവർണറെ കൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ പോയി സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്ത് അവിടെ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ഇവിടെ കൊണ്ടുവന്ന് വിതരണം ചെയ്യുമെന്നും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നും പറഞ്ഞതിൽ എന്തെങ്കിലും നടപ്പാക്കാൻ രണ്ട് വർഷക്കാലം പൂർത്തീകരിക്കുന്ന ഈ വേളയിൽ കഴിഞ്ഞിട്ടുണ്ടോയെന്നുകൂടി അങ്ങ് ഇവിടെ പറയണം. ഇന്ന് ആ തൊഴിലാളികളെല്ലാം പട്ടിണിയിലാണ്. അവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു. അങ്ങ് അത് പറഞ്ഞത് സത്യസന്ധമായിട്ടാണോയെന്ന് പരിശോധിക്കണം. ഞാൻ അങ്ങ് പറഞ്ഞതിനെയെല്ലാം നിഷേധിക്കുകയല്ല. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്കെങ്കിലും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് അങ്ങ് ഒരു പരിശോധന നടത്തണം. ജോലിയില്ലാതെ പട്ടിണിയിലായ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നിലച്ചിരിക്കുന്നു. അതൊരു തിരിച്ചടിയായി മാറിയിരിക്കുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയമ

ഭേദഗതി പ്രകാരം 156 ദിവസത്തെ ഹാജരുണ്ടെങ്കിൽ മാത്രമേ കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഉൾപ്പെടെയുള്ള ആനുകൂല്യത്തിന് അർഹതയുള്ളൂ. കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും ഇത്രയും ഹാജർ ലഭിക്കുന്നില്ല എന്നതാണ് സത്യാവസ്ഥ. ഹൃദ്രോഗവും വൃക്കരോഗവും പിടിപ്പെട്ട തൊഴിലാളികൾ സൗജന്യ ചികിത്സയ്ക്കുവേണ്ടി നെട്ടോട്ടമോടുകയാണ്. കൂടാതെ പത്ത് വർഷത്തിനിടയിൽ 3650 ദിവസത്തെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കാത്ത തൊഴിലാളികൾക്ക് മിനിമം പെൻഷൻ പോലും ലഭിക്കുന്നില്ല. 3650 തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്തുവെങ്കിൽ മാത്രമേ അവർക്ക് മിനിമം പെൻഷൻ ലഭിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ഓരോ പ്രവർത്തനങ്ങളും ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടക്കുകയാണ്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കൂടുതൽ തോട്ടണ്ടികൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അവിടെ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സർക്കാർ ഏറ്റെടുക്കുമെന്നാണ് ബഹുമാന്യനായ അങ്ങ് ഈ സഭയിൽ പറഞ്ഞത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നും തോട്ടണ്ടി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് അവിടെയുള്ള സ്വകാര്യ മുതലാളികളുമായി ഒരു കൂട്ടുകച്ചവടം നടന്നുവെന്നാണ് ഇക്കഴിഞ്ഞ നാളുകളിൽ പുറത്തുവന്നൊരു വാർത്ത. സ്വകാര്യ മുതലാളിമാരുമായി കൂട്ടുകച്ചവടം നടന്നത് എങ്ങനെയാണ്? തോട്ടണ്ടി സംഭരണം നടത്താൻ ജില്ലാ പഞ്ചായത്തിനെ ചുമതലയേൽപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. വി. സുമേഷിന്റെ അദ്ധ്യക്ഷതയിൽ യോഗമൊക്കെ വിളിച്ചുകൂട്ടി. അതിനുശേഷം ഒരു സമിതിയെ നിയോഗിച്ചു. ആ സമിതിയുടെ നേതൃത്വത്തിൽ തോട്ടണ്ടി ഏറ്റെടുക്കാനുള്ള തീരുമാനമെടുത്തു. ആ തീരുമാനമൊക്കെ വാർത്തകളിൽ വന്നതും എഴുതി വച്ചതുമല്ലാതെ അവിടെ ഒന്നും നടപ്പിലാക്കിയില്ലെന്നു മാത്രമല്ല അവിടെയുണ്ടായിരുന്ന കശുവണ്ടി സംഭരിച്ചത് സ്വകാര്യ മുതലാളിമാരാണ്. അതുകൊണ്ട് എന്ത് സംഭവിച്ചു? കാഷ്യൂ കോർപ്പറേഷൻ, കാപ്പക്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ അസംസ്കൃത വസ്തുക്കൾ എത്തിക്കാൻ കഴിഞ്ഞില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി ഏറ്റവും ഗുണനിലവാരമുള്ളതാണ്. അതുകൊണ്ടാണ് ഇവിടെനിന്നും കയറ്റുമതി ചെയ്യുന്ന കശുവണ്ടിക്ക് ഏതാണ്ട് ആറായിരത്തിലധികം കോടി രൂപയുടെ വിദേശനാണ്യം കിട്ടുന്നത്. സ്വകാര്യമേഖലയിലുള്ളവരുടെ നേതൃത്വത്തിൽ അത് നടത്തപ്പെടുമ്പോൾ എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന തിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കണം. ഈ വിഷയങ്ങളൊക്കെ പരിഹരിക്കപ്പെടുന്നതിനാണ് അങ്ങയുടെ മന്ത്രിസഭയിൽ പ്രഗത്ഭയായ ഒരു മന്ത്രിയെ ചുമതലപ്പെടുത്തിയത്. ബഹുമാന്യയായ ആ മന്ത്രി ആ മേഖലയിൽനിന്നും കടന്നു വരുന്ന ആളാണ്. സത്യം പറഞ്ഞാൽ ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കേണ്ട ആൾ ഞാനല്ല. അപ്പുറത്തിരിക്കുന്ന ശ്രീ. എം. നൗഷാദ് മിണ്ടാട്ടമില്ലാതെ വായ് മൂടിക്കെട്ടി ഇരിക്കുകയാണ്.

അദ്ദേഹത്തെപോലുള്ളൊരു ജനപ്രതിനിധിക്ക് ഇക്കാര്യത്തെക്കുറിച്ചുള്ള അഭിപ്രായം എന്താണെന്ന് അറിയണ്ടേ? അദ്ദേഹം എങ്ങനെയാണ് ഈ സഭയിൽ വന്നത്? പതിനായിരക്കണക്കിന് തൊഴിലാളികളുടെ വികാരങ്ങൾ ഉണർത്തി വിട്ടുകൊണ്ട് ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ എല്ലാം ശരിയാക്കിത്തരാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ എം. നൗഷാദ് ഉൾപ്പെടെയുള്ള ആളുകൾ കൊല്ലം ജില്ലയിൽനിന്നും ഈ സഭയിലേയ്ക്ക് കടന്നുവരാനുള്ള അവസരം ഉണ്ടായത്. ഈ പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കണം. പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ സംഭാവന ചെയ്യാൻ കഴിയണം. ഒരാൾ ആത്മഹത്യ ചെയ്തു, മറ്റൊരാൾ ആത്മഹത്യയ്ക്ക് ശ്രമിച്ചു എന്ന് പത്രത്തിൽ വാർത്തയുണ്ട്. ആത്മഹത്യയ്ക്ക് ശ്രമിച്ചയാളെ തീവ്ര പരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ആത്മഹത്യയുടെ എണ്ണം വർദ്ധിക്കാൻ പോകുകയാണ്. പാവപ്പെട്ട തൊഴിലാളികളെ ആത്മഹത്യയുടെ വക്കിലേയ്ക്ക് നയിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടാക്കിയെടുത്തതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അങ്ങ് തന്നെ പലയിടങ്ങളിലും വാക്കാൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കാൻവേണ്ട നടപടികളാണ് സ്വീകരിക്കേണ്ടത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെയും പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീറിന്റെയും നേതൃത്വത്തിൽ തൊഴിലാളി സംഘടനകളുടെ നേതാക്കന്മാർ ഈയടുത്ത ദിവസം അങ്ങയെ വന്ന് കാണുകയുണ്ടായി, അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൊഴിൽ കൊടുക്കാൻ കഴിയാതെ വന്നപ്പോൾ ഗവൺമെന്റ് ഇടപെട്ട് താൽക്കാലിക ആശ്വാസമെന്ന നിലയിൽ അവരെ സഹായിക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയുണ്ടായി. ഇന്ന് ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നു, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു. തൊഴിൽ നഷ്ടപ്പെട്ട അവസ്ഥയിൽ പതിനായിരം രൂപയെങ്കിലും അവർക്ക് ആശ്വാസമെന്ന നിലയിൽ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. മാത്രമല്ല സൗജന്യ റേഷനും നൽകണം. തൊഴിലാളികളെ പട്ടിണിക്കിട്ട് കൊല്ലാനുള്ള അവസരം ഉണ്ടാകാൻ പാടില്ല. അതുകൊണ്ടുതന്നെ വളരെ ഗൗരവമേറിയ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി അത് നിഷേധിച്ചത് തൊഴിലാളികളുടെ കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടാണോയെന്ന് ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഒരു പുനരാലോചന നടത്തിക്കൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കശുവണ്ടി തൊഴിലാളികളുടെ പ്രശ്നം ആത്യന്തികമായി പരിഹരിക്കണമെങ്കിൽ ആവശ്യമായ തോട്ടണ്ടി നമുക്ക് ലഭ്യമാകേണ്ടതുണ്ട്. അക്കാര്യത്തിലാണ് ഗൗരവമായ നടപടികൾ സ്വീകരിച്ചുവരുന്നത്. നേരത്തെ മറുപടിയിൽ പ്രസ്താവിച്ച രീതിയിലുള്ള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം ഫലപ്രദമായിത്തന്നെയാണ് നീങ്ങുന്നത്. ഇതുമായി ബന്ധപ്പെട്ട് തോട്ടണ്ടി കൂടുതൽ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ അംബാസിഡർമാരുമായി ഒരു യോഗം നടന്നിരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ സഹായം ചെയ്യാൻ അവരും തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ഇന്ന് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവുന്നതെല്ലാം അടിയന്തര പ്രാധാന്യത്തോടെ ചെയ്യാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വകാര്യമേഖലയിലുള്ള പ്രശ്നവും കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പക്സിലുമുള്ള പ്രശ്നവും വ്യത്യസ്തങ്ങളായിട്ടുള്ളതാണ്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും നല്ല നിലയ്ക്ക് തൊഴിൽദിനങ്ങൾ നൽകിയിരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ 228 തൊഴിൽദിനങ്ങളും കാപ്പക്സ് ഡിസംബർ വരെ 178 തൊഴിൽദിനങ്ങളുമാണ് ലഭ്യമാക്കിയത്. ഇത് വർദ്ധിക്കണമെന്ന കാര്യത്തിൽ സംശയമില്ല. വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. തോട്ടണ്ടിയുടെ ആഭ്യന്തര സംഭരണത്തിന്റെ കാര്യത്തിൽ ദശാബ്ദങ്ങൾക്കുമുമ്പുണ്ടായിരുന്ന നിലപാടല്ല ഇപ്പോൾ നിലവിലുള്ളത്. കശുവണ്ടിയുടെ കുത്തക സംഭരണം ഉണ്ടായിരുന്ന ഘട്ടത്തിൽ അതിനെ എല്ലാവരും ശക്തമായി എതിർത്തിരുന്നു. ഇപ്പോൾ കുത്തക സംഭരണമില്ല. മാർക്കറ്റിൽനിന്ന് മറ്റുള്ളവരോടൊപ്പം കശുവണ്ടി സംഭരിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അതാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എല്ലാവരുടെയും യോഗം വിളിച്ചുചേർത്തുവെന്ന് ബഹുമാന്യനായ അംഗം പറഞ്ഞത്. യോഗം വിളിച്ചാലും മാർക്കറ്റിലൂടെ സംഭരിക്കാൻ കഴിയുന്നതേ സംഭരിക്കാൻ സാധിക്കൂ. എന്നാൽ ഓരോ ഗ്രാമത്തിലുമുള്ള കടകളിൽനിന്നും കച്ചവടക്കാർ കശുവണ്ടി വാങ്ങുന്നത് ആർക്കും നിരോധിക്കാൻ സാധിക്കില്ല. അതാണ് കശുവണ്ടി കുത്തക സംഭരണം ഇല്ലാത്തതിന്റെ പ്രത്യേകത. അതിന്റെ അടിസ്ഥാനത്തിൽ അവിടെ കച്ചവടക്കാർ കശുവണ്ടി വാങ്ങിയിട്ടുണ്ടാകും. അതാണ് അങ്ങ് കച്ചവടക്കാരുമായി ഒത്തുകളിച്ചുവെന്ന് പറഞ്ഞത്. ഒരു ഒത്തുകളിയും അതിനകത്തില്ല. പരസ്യമായ കളിയേയുള്ളൂ. കാരണം ഇന്ന് അവർക്ക് അതിന് അവകാശമുണ്ട്. നേരത്തെയായിരുന്നുവെങ്കിൽ അതിന് തടസ്സമുണ്ടായിരുന്നു. ഇപ്പോൾ ആ തടസ്സമില്ല. അതാണ് സംഭവിച്ചത്. അതോടൊപ്പം ആവശ്യമായത്ര കശുവണ്ടി സംഭരിക്കാൻതന്നെയാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

ഇ.എസ്.ഐ. ആനുകൂല്യം കഴിയുന്നത്ര തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന നടപടി തന്നെയാണ് സ്വീകരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലുള്ള കർക്കശമായ വ്യവസ്ഥകളൊന്നും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമായി വരുന്നില്ല.

ഇവിടെ 82000 തൊഴിലാളികൾക്ക് ഇ.എസ്.ഐ.-യുടെ ചികിത്സാ ആനുകൂല്യം നൽകുന്നുണ്ട്. അത് ഇ.എസ്.ഐ. ഏതെങ്കിലുംതരത്തിലുള്ള കർക്കശനിലപാട് സ്വീകരിക്കുന്നില്ല എന്നുതന്നെയാണ് കാണിക്കുന്നത്. മാത്രമല്ല സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടതിന്റെ ഭാഗമായി ഇ.എസ്.ഐ. കോർപ്പറേഷൻ കശുവണ്ടി മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാമെന്ന് ധാരണയായിട്ടുണ്ട്. സ്വകാര്യമേഖലയും വളരെ താല്പര്യപൂർവ്വം ഈ ബിസിനസ്സിൽ ഏർപ്പെട്ടവരാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാൻ നിശ്ചിതമായ ഹാജർ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇ.എസ്.ഐ. കോർപ്പറേഷൻ അതിൽ ഉറച്ചുനിൽക്കുന്നതുകൊണ്ടാണ് ഈ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം കിട്ടാത്തത്. അത് ഇളവ് ചെയ്യാനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനും തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്നതാണ് തൊഴിലാളികളുടെ പ്രധാന ആവശ്യം. അങ്ങ് പറയുന്നത് ശരിയാണ് എന്ന് എനിക്ക് തോന്നുന്നില്ല. അത് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: ഇതിൽ ഇ.എസ്.ഐ.-യുടെ വിഹിതത്തിന്റെ പ്രശ്നമുണ്ട്. ഒന്നോ രണ്ടോ ദിവസത്തെ വിഹിതം അടച്ചാൽത്തന്നെ ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന നിലയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടാണ് എൺപത്തിരണ്ടായിരത്തോളം തൊഴിലാളികൾക്ക് ചികിത്സ നൽകുന്നതിന് കഴിഞ്ഞിട്ടുള്ളത്. തൊഴിൽ വകുപ്പുകൂടി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് ഇ.എസ്.ഐ. കോർപ്പറേഷൻ ഈ മേഖലയിലെ സവിശേഷമായ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കാമെന്ന് ധാരണയായിട്ടുള്ളത്.

പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും പരമാവധി തോട്ടണ്ടി സംഭരിക്കുന്നതിന് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പക്സുമൊക്കെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൃഷി വകുപ്പുമന്ത്രിയുമായി ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്തിട്ടുണ്ട്. നല്ല രീതിയിൽ ആ മേഖലയിൽനിന്നും സംഭരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ കശുവണ്ടി വച്ചുപിടിപ്പിക്കുന്നത് എത്രത്തോളം പുരോഗമിച്ചുവെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. ആന്ധ്രയിലാണ് ഒരു ശ്രമം നമ്മുടെ ബഹുമാന്യനായ മന്ത്രി ഇടപെട്ട് നടത്തിയത്. പക്ഷേ ആന്ധ്രാ ഗവൺമെന്റ് അത് വിഷമമാണ് എന്ന് പറഞ്ഞു. നമ്മൾ പഴയ ധാരണയിൽ നിന്നുകൊണ്ടാണ് ഇതൊക്കെ ചിന്തിക്കുന്നത്. നമ്മുടെ പഴയ ധാരണ എന്താണ്; കേരളത്തിൽ മാത്രമാണ് കശുവണ്ടി ഉല്പാദിപ്പിച്ചിരുന്നതും സംസ്കരിച്ചിരുന്നതും എന്നതാണ്. ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളിലും കശുവണ്ടി സംസ്കരിക്കൽ തുടങ്ങി. അവിടെ കശുവണ്ടി

നട്ടുവളർത്താൻ സാധിക്കുമെങ്കിൽ അവർക്കുതന്നെ ആ കശുവണ്ടി ഉപകരിക്കുമല്ലോ. മറ്റ് സംസ്ഥാനങ്ങളിൽ കശുമാവ് വളർത്തി തോട്ടണ്ടി ഇങ്ങോട്ട് കൊണ്ടുവരാം എന്ന് ചിന്തിച്ചാൽ അതൊന്നും അത്രകണ്ട് പ്രായോഗികമായ കാര്യമല്ല. അതാണ് അവസാനം പിൻവാങ്ങിയതെന്നാണ് തോന്നുന്നത്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് തന്നെ ആറളം ഫാമിൽനിന്ന് ഈ വർഷം 20 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. കണ്ണൂരിൽ നിന്നും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി ടെണ്ടർ മുഖാന്തരം എടുക്കാൻ കാപ്പക്സ് നടപടി സ്വീകരിച്ചുവരുന്നു. നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തര രംഗത്തുള്ള തോട്ടണ്ടിയാകെ സംഭരിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

സ്വകാര്യ മുതലാളിമാർ നല്ല രീതിയിൽ ഈ രംഗത്ത് പ്രവർത്തിച്ചവരാണ്, നമ്മുടെ കശുവണ്ടി മേഖലയുടെ വികസനത്തിനുവേണ്ടി നല്ല പങ്കുവഹിച്ചവരുമാണ്. ഇന്ന് അവർക്ക് വ്യവസായം നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം വന്നു. അതുകൊണ്ടാണ് ഫാക്ടറികൾ അടഞ്ഞുകിടക്കുന്നത്. അത് തുറക്കുക എന്നത് വളരെ പ്രധാനമാണ്. അതുകൊണ്ടാണ് ബാങ്കുകളുമായി ഗവൺമെന്റ് ചർച്ച ചെയ്യാൻ തയ്യാറായത്. ഇവിടെ നിർഭാഗ്യകരമായ ഒട്ടേറെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങ് ഒരാൾ ആത്മഹത്യ ചെയ്ത കാര്യം പറയുകയുണ്ടായി, അത് വസ്തുതയാണ്. എനിക്ക് ആത്മഹത്യയല്ലാതെ മറ്റ് വഴിയുണ്ടാകില്ലെന്ന് ആ നിർഭാഗ്യവാൻ നേരത്തെതന്നെ പറഞ്ഞിരുന്നു. ബാങ്ക് സ്വീകരിച്ച നടപടിയുടെ മുന്നിൽ നിസ്സഹായനായി അദ്ദേഹം ആത്മഹത്യ ചെയ്തു. അതിന്റെ തുടർച്ചയായി വേറൊരാളും ആത്മഹത്യയ്ക്ക് ശ്രമിച്ചുവെന്ന് അങ്ങ് പറയുകയുണ്ടായി. ഒരുകൂട്ടം ആളുകൾ സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ വന്ന് എന്നോട് പറഞ്ഞു, ഇതിൽ അങ്ങ് ഇടപെടുന്നി ല്ലെങ്കിൽ ഞങ്ങൾക്ക് വേറെ മാർഗ്ഗമൊന്നുമില്ല ആത്മഹത്യ മാത്രമേയുള്ളൂ എന്ന്. അതിൽ ഒരാൾ പറഞ്ഞത്, അദ്ദേഹത്തിന്റെ രണ്ട് മക്കളുടെയും വീട് ജപ്തി ചെയ്തുകഴിഞ്ഞു, തന്റെ വീടും ജപ്തി ചെയ്യാൻ പോകുകയാണ്, ഇതുവന്നാൽ വേറെ മാർഗ്ഗമൊന്നുമില്ല, ഞങ്ങൾ ആത്മഹത്യ ചെയ്യേണ്ടിവരും എന്നാണ്. അത്തരമൊരു സാഹചര്യം ഈ രംഗത്ത് നിലനിൽക്കുകയാണ്. അതുകൊണ്ടാണ് അവരെ വിളിച്ചുകൂട്ടിയത്. ആ യോഗത്തിൽ റിസർവ് ബാങ്കിന്റെ പ്രതിനിധിയും ഉണ്ടായിരുന്നു. റിസർവ് ബാങ്കിനോട് ഇതിൽ ഇടപെട്ട് ഒരു ക്രമീകരണമുണ്ടാക്കണമെന്ന് പറഞ്ഞു. അങ്ങനെയാണ് തൽക്കാലം ജപ്തിനടപടികൾ നിർത്തിവയ്ക്കലും പുനരുദ്ധാരണ പാക്കേജ് സമർപ്പിക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിക്കാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയത്.

വ്യവസായവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. ട്രേഡ് യൂണിയനുകളെല്ലാമായി ചർച്ച ചെയ്ത് വ്യവസായം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സാഹചര്യം അവിടെ

സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങൾ ചർച്ചചെയ്ത് ചില പ്രതിസന്ധിയുടെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർ എന്തൊക്കെ ചെയ്യണമോ അതൊക്കെ ചെയ്യാൻ സന്നദ്ധവുമാണ്. കശുവണ്ടി രംഗത്ത് നല്ല അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. പക്ഷേ എല്ലാവരുടെയും സഹകരണം ഒന്നുകൂടി ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ പ്രത്യേക ആവശ്യം ഇപ്പോൾ ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തും, അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.' ഇടതുമുന്നണിയുടെ പ്രകടന പത്രികയിലെ 98-ാമതായിട്ടുള്ള വാഗ്ദാനമാണ് ഞാൻ ഇവിടെ പറഞ്ഞത്. കേരളത്തിൽ ഇന്ന് 50 വൻകിട ഫാക്ടറികൾ ഒഴികെ ബാക്കിയുള്ള എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. കേരളത്തിൽ മൊത്തം 824 ഫാക്ടറികളാണുള്ളത്. രണ്ട്-രണ്ടര ലക്ഷത്തോളം തൊഴിലാളികൾ കടുത്ത പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ്. കേരളത്തിൽ ഈ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ ഒമ്പത് ലക്ഷം ടൺ തോട്ടണ്ടി വേണം. 75000 ടൺ തോട്ടണ്ടി മാത്രമാണ് നമ്മൾ ഉത്പാദിപ്പിക്കുന്നത്. ആഫ്രിക്കൻ തോട്ടണ്ടിക്കച്ചവടം മൊത്തം അഗ്രി ട്രേഡ് കോർപ്പറേഷന്റെ കൈവശമാണ്. അവരുടെ ഊഹക്കച്ചവടംമൂലം പലപ്പോഴും തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കേരളത്തിലെ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും നൽകാൻ നടപടി സ്വീകരിക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഈ വർഷത്തെ സ്ഥിതി എന്താണ് എന്നറിയാമോ; കേരള പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിംഗ് കോർപ്പറേഷനും ഉത്പാദിപ്പിച്ച ഒരു കശുവണ്ടിപോലും കാഷ്യൂ കോർപ്പറേഷന് കൊടുത്തില്ല. അത് ഈ ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള താൽപ്പര്യക്കുറവ് വ്യക്തമാക്കുന്ന ഒരു കാര്യമാണ്. എല്ലാ ഫാക്ടറികളും തുറക്കുമെന്ന് പ്രഖ്യാപിച്ചാണ് ഈ ഗവൺമെന്റ് അധികാരത്തിൽ കയറിയത്. സ്വകാര്യ മേഖലയിലെ 700 കശുവണ്ടി ഫാക്ടറികൾ സമ്പൂർണ്ണമായി പൂട്ടിക്കിടക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും ശക്തമായ ആരോപണമുന്നയിച്ചത് മുതലാളിമാരുമായി ഒത്തുകളിക്കുന്നതുകൊണ്ടാണ്

ഈ കശുവണ്ടി ഫാക്ടറികൾ തുറക്കാത്തത് എന്നാണ്. ഞങ്ങൾ അധികാരത്തിൽ വന്നാൽ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുമെന്ന് പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രി ഏതെങ്കിലുമൊരു സ്വകാര്യ കശുവണ്ടി ഫാക്ടറി ഏറ്റെടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞില്ല. കഴിഞ്ഞ കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ഉന്നയിച്ച ആരോപണം 'തുറക്കാത്ത സ്വകാര്യ കശുവണ്ടി ഫാക്ടറികൾ നിങ്ങൾ എന്തുകൊണ്ട് ഏറ്റെടുക്കുന്നില്ല' എന്നുള്ളതായിരുന്നു. ചരിത്രത്തിലെ ഏറ്റവും വലിയ പതനത്തിലാണ് ഈ പരമ്പരാഗത വ്യവസായം ഇന്ന് എത്തിച്ചേർന്നിരിക്കുന്നത്. തൊഴിലാളികൾക്ക് പട്ടിണി മാറ്റാനുള്ള യാതൊരു നടപടിയുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫാക്ടറി തുറക്കാൻ കഴിയാത്തതുകൊണ്ട് 4,000 രൂപ അവർക്ക് ഇൻസെന്റീവായി കൊടുത്തിരുന്നു. അതുപോലെതന്നെ ഇപ്പോൾ ഇ.എസ്.ഐ. ആനുകൂല്യം നിലച്ച കാര്യം ഇവിടെ പറഞ്ഞു. റിട്ടയർ ചെയ്തവർക്ക് ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ചെറുകിട ഫാക്ടറി ഉടമകൾ അങ്ങയെ കണ്ടതിനുശേഷം എന്നെയും വന്നുകണ്ടിരുന്നു. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഒന്നും രണ്ടും കശുവണ്ടി ഫാക്ടറികൾ നടത്തുന്നവരുള്ളത്. മിക്കവാറും പേർ ആത്മഹത്യയിലേക്ക് പോകുകയാണ്. ഒരാൾ ആത്മഹത്യ ചെയ്തു. 91 ഫാക്ടറി ഉടമകൾക്ക് ബാങ്കിൽ നിന്നും നോട്ടീസ് നൽകിയിരിക്കുകയാണ്. സർഫാസി നിയമം അനുസരിച്ച് 55 ഫാക്ടറികൾക്ക് ജപ്തി നോട്ടീസ് ലഭിച്ചിരിക്കുകയാണ്. നൂറോളം സ്ഥാപനങ്ങൾ എൻ.പി.എ.യുടെ വക്കത്താണ്. 60-ൽപ്പരം വ്യവസായ സ്ഥാപനങ്ങൾ എൻ.പി.എ. ആയിക്കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴത്തെ ദുരവസ്ഥയ്ക്ക് ഈ സർക്കാർ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചതായി കാണാൻ കഴിയുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞങ്ങൾ തൊഴിലാളി പ്രതിനിധികളോടൊപ്പം പോയി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഇവിടെ സൂചിപ്പിച്ചതുപോലെ ബാങ്കർമാരുടെ യോഗം വിളിച്ചുകൂട്ടി എന്നാണ്. ഇത് അവരുടെ ഒരു യോഗം വിളിച്ചുകൂട്ടിയാൽ തീരുന്ന പ്രശ്നമാണെന്ന് ഞാൻ കണക്കാക്കുന്നില്ല. രണ്ട് കാര്യങ്ങൾ അടിയന്തരമായി ചെയ്യണം. ഒന്ന്, സെയിൽസ് ടാക്സിന്റെ RR അടിയന്തരമായി നിർത്തിവയ്ക്കണം. അക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങനെയുള്ള നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ട് അങ്ങ് പറയുന്നതിന് മുമ്പുതന്നെ ആക്ഷേപങ്ങൾ കിട്ടിയിരുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്ലാന്റേഷൻ കോർപ്പറേഷനും ഫാമിംഗ് കോർപ്പറേഷനും കശുവണ്ടിയൊന്നും കൊടുത്തില്ല എന്നുപറയുന്നത് ശരിയല്ല. ഈ വർഷത്തെ ടെണ്ടർ നടപടിയിൽ ചില സ്ഥലത്ത്

പങ്കെടുക്കാൻ കഴിഞ്ഞില്ല. അതിൽ ഉടൻതന്നെ ഗവൺമെന്റ് ഇടപെടുകയും പ്ലാന്റേഷൻ കോർപ്പറേഷന്റെ ബാക്കിയുള്ള എല്ലാ തോട്ടങ്ങളിൽനിന്നും കശുവണ്ടി കാപ്പെക്സിന് കൊടുക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ കശുവണ്ടി പൂർണ്ണമായും കാപ്പെക്സിനാണ് കൊടുക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി, ഒന്നുകൂടി പരിശോധിക്കണം. മുഖ്യമന്ത്രിയെയും കണ്ട് പറഞ്ഞതാണ്. അവർ ടെണ്ടറിൽ പങ്കെടുക്കാത്തതുകൊണ്ടാണോ എന്നറിയില്ല.

ശ്രീ. എം. നൗഷാദ്: സർ, കശുവണ്ടി മേഖലയിലെ പ്രധാനപ്പെട്ട പ്രതിസന്ധിയെപ്പറ്റിയാണ് അങ്ങ് ഉന്നയിച്ചിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനം കശുവണ്ടിയുടെ ലഭ്യതയാണെന്ന് നമുക്കറിയാം. വിദേശത്തുനിന്നാണ് കശുവണ്ടി കൊണ്ടുവന്നുകൊണ്ടിരുന്നത്. കശുവണ്ടി ഇറക്കുമതിക്ക് ടാക്സ് ഏർപ്പെടുത്തിയത് ബഹുമാന്യനായ കൊല്ലം എം.പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് എന്നുള്ള കാര്യം അറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രം ഭരിക്കുന്നത് ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റാണ് എന്നാണ് എന്റെ വിശ്വാസം. ശ്രീ. എൻ. കെ. പ്രേമചന്ദ്രനാണെന്നുള്ള കാര്യം എനിക്കറിയില്ലായിരുന്നു. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ധനകാര്യ വകുപ്പുമന്ത്രി അല്ലെങ്കിൽ പ്രധാനമന്ത്രിയാണെന്നുള്ള കാര്യം എനിക്കറിയില്ലായിരുന്നു. അതൊരു പുതിയ കണ്ടുപിടിത്തമാണ്. ശ്രീ. എൻ. കെ. പ്രേമചന്ദ്രനാണ് 5 ശതമാനം ടാക്സ് ഏർപ്പെടുത്തണമെന്ന് ശ്രീ. നരേന്ദ്ര മോദിയോട് പറഞ്ഞതെന്നുപറഞ്ഞാൽ ആരാണ് വിശ്വസിക്കുന്നത്; എന്താണ് ഇവിടെ നടക്കുന്നത്? .......(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....ശ്രീ. എം. നൗഷാദ് ചോദിച്ചു, പ്രതിപക്ഷ നേതാവ് മറുപടി പറഞ്ഞു. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഏതായാലും ബഹുമാന്യനായ അംഗം ശ്രീ. എം. നൗഷാദ് ഈ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമാണല്ലോ; അത് പരിശോധിക്കട്ടെ. അങ്ങ് അതിന് സന്നദ്ധനാണോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ഇ. പി. ജയരാജനും കശുവണ്ടിയുമായി എന്ത് ബന്ധമാണുള്ളത്? ഞങ്ങൾ കൊല്ലത്തുള്ള കാര്യമാണ് പറയുന്നത്. .....(ബഹളം)..... അങ്ങ് കശുവണ്ടി കഴിക്കുമെന്നല്ലേയുള്ളൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാന്യനായ അടൂർ പ്രകാശ് പറഞ്ഞത് സ്വകാര്യ മേഖലയിലുള്ള കമ്പനികൾ കണ്ണൂരിൽവന്ന് കശുവണ്ടി സംഭരിക്കുന്നുവെന്നാണ്. കണ്ണൂരിന്റെ ഒരു ഭാഗം കശുവണ്ടി മേഖലയാണ്. ഇന്ത്യയിലെ തന്നെ

ഏറ്റവും ഗുണനിലവാരമുള്ള കശുവണ്ടിയുള്ളത് ഇരിട്ടി മേഖലയിലാണ്, ആറളം ഫാമിലാണ്. കശുവണ്ടി ഉൽപ്പാദിക്കുന്നൊരു നാടാണത്. അങ്ങേയ്ക്ക് അതറിയില്ല എന്ന് ഞാൻ മനസ്സിലാക്കിയില്ല. ശ്രീ. അടൂർ പ്രകാശ് പറഞ്ഞത് സ്വകാര്യ മേഖല അത് സംഭരിക്കാൻ പാടില്ലെന്നാണ്. ആ കമ്പനി കൂടി പൂട്ടിക്കണമെന്നാണ് ഈ പറഞ്ഞതിനർത്ഥം. എവിടെ എത്തും അവിടത്തെ തൊഴിലാളികൾ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാനും കൊല്ലത്തുകാരനാണ്. നിങ്ങളുടെ ഭരണം അവസാനിക്കുന്ന സമയത്ത് ഈ മേഖലയിൽ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്; കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും. അതിന്റെ രണ്ടിന്റെയും ഉടമസ്ഥതയിലുണ്ടായിരുന്ന എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. താങ്കൾ അംഗമായിരുന്ന ഗവൺമെന്റ് അധികാരം അവസാനിപ്പിക്കുന്ന സമയത്ത് ആ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയായിരുന്നു. അത് ഈ ഗവൺമെന്റ് വന്നതിനുശേഷം തുറന്നു പ്രവർത്തിപ്പിച്ചു. ഈ ഗവൺമെന്റ് വന്ന ആദ്യത്തെ ഓണക്കാലത്തുതന്നെ ആ രണ്ട് സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിച്ചു. ഈ ഒരാഴ്ച അല്ലെങ്കിൽ 10 ദിവസങ്ങൾക്കുമുമ്പാണ് കശുവണ്ടി തീർന്നതുകൊണ്ട് പൂട്ടിയത്. ഏതാണ്ട് ഒന്നര വർഷക്കാലത്തോളം ആ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെയും എല്ലാ തൊഴിലാളികൾക്കും എല്ലാ ദിവസവും ജോലി കൊടുത്ത ഗവൺമെന്റാണിത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജു പറഞ്ഞത് അടിസ്ഥാനരഹിതമായ കാര്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2011-2012-ൽ 285 ദിവസം വരെ ജോലി കൊടുത്തു. ഇപ്പോൾ 100 ദിവസം പോലും കൊടുക്കുന്നില്ല. കേരളത്തിലെ 824 ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. 50 വൻകിട എക്സ്പോർട്ടേഴ്സിന്റെ കമ്പനി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. കെ. രാജു ഈ വസ്തുതകൾ കാണാതെ പറയുകയാണ്. കാഷ്യു കോർപ്പറേഷന്റെയും കാപ്പക്സിന്റെയും തലപ്പത്ത് വൻ ശമ്പളത്തിന് ഇഷ്ടക്കാരെ കുടിയിരുത്തിയിരിക്കുകയാണ്. ഫാക്ടറികൾ അടഞ്ഞു കിടക്കുമ്പോഴും തൊഴിലാളികൾ പട്ടിണി കിടക്കുമ്പോഴും കാപ്പക്സിലെ ധൂർത്തിന് യാതൊരു കുറവുമില്ല. കാപ്പക്സ് പ്രവർത്തിക്കുന്നില്ലെങ്കിലും കഴിഞ്ഞ 18 മാസത്തിനിടയിൽ 3 വിലകൂടിയ കാറുകളാണ് കാപ്പക്സ് മാനേജ്മെന്റ് വാങ്ങിയത്. 2 ഹോണ്ടാ സിറ്റി കാറും ഒരു സിയാസ് കാറുമാണ് വാങ്ങിയത്. കാഷ്യു കോർപ്പറേഷന്റെ പ്രതിമാസ നഷ്ടം 7.89 കോടി രൂപയും കാപ്പക്സിന്റെ പ്രതിമാസ നഷ്ടം 3.69 കോടി രൂപയുമാണ്. നഷ്ടം കുറയ്ക്കാൻ എന്തെങ്കിലും ചെയ്തോ? എന്തിനാണ് ആഡംബര കാറുകൾ വാങ്ങിക്കൂട്ടുന്നത്. ഇനി കാറുകൾ വാങ്ങുകയില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. കാപ്പക്സിനും കാഷ്യു കോർപ്പറേഷനും വാങ്ങിയ വില കൂടിയ കാറുകൾ

എന്തിനുവേണ്ടിയാണ്? ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നില്ല, കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യമില്ല, തൊഴിലില്ല, ശമ്പളമില്ല. അപ്പോഴാണ് വിലകൂടിയ കാറുകൾ വാങ്ങിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ കാഷ്യു ബോർഡിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കാഷ്യു ബോർഡ് ഇപ്പോൾ ഒരു വെള്ളാനയായി മാറിയിരിക്കുകയാണ്. ഇടനിലക്കാരെ ഒഴിവാക്കാനായി കാഷ്യു ബോർഡിന്റെ ഉദ്യോഗസ്ഥർ ആഫ്രിക്കൻ രാജ്യങ്ങളിൽ പോയി. വിദേശ യാത്രകൾ നടത്തിയെങ്കിലും ഒരു കിലോ കശുവണ്ടിപോലും വാങ്ങാൻ അവർക്ക് കഴിഞ്ഞില്ല. ഇടനിലക്കാർ വഴിയാണ് ഇപ്പോഴും കശുവണ്ടി വാങ്ങുന്നത്. ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരം ഏറ്റെടുത്തതിന് തൊട്ടുപിന്നാലെ ആഫ്രിക്കയിൽനിന്നും തോട്ടണ്ടി വാങ്ങിയതിലുള്ള അഴിമതിയെപ്പറ്റി ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചതാണ്. ശ്രീ. ലോക്നാഥ് ബെഹ്റ വിജിലൻസ് ഡയറക്ടറായിരുന്ന സന്ദർഭത്തിൽ എല്ലാ അഴിമതി കേസുകളും അദ്ദേഹം എഴുതിത്തള്ളി. അക്കൂട്ടത്തിൽ കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഇവിടെ ഉന്നയിച്ച കേസും എഴുതിത്തള്ളി. എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സർക്കാരിന്റെ പണം തിന്നുകൊണ്ടിരിക്കുന്നത്? രസകരമായ കാര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: കശുവണ്ടിയെ സംബന്ധിച്ച് ഈ നിയമസഭയിൽ ഉന്നയിച്ചത് മന്ത്രിക്കെതിരായുള്ള ആരോപണമല്ല. അവിടത്തെ ഉദ്യോഗസ്ഥർക്കെതിരെയും കശുവണ്ടി കോർപ്പറേഷന്റെ എം.ഡി.ക്കെതിരായുമാണ് ആരോപണം ഉന്നയിച്ചത്. ആ എം.ഡി. എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ അതേ ബാച്ചിലുള്ള, അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത സ്നേഹിതനായ മറ്റൊരു വിജിലൻസ് എസ്.പി.യെക്കൊണ്ടാണ് ഈ കേസ് അന്വേഷിപ്പിച്ച് തള്ളിയതെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: തീർച്ചയായും. ശ്രീ. ലോക്നാഥ് ബെഹ്റ വിജിലൻസ് ഡയറക്ടറായിരുന്ന കാലത്ത് എല്ലാ അഴിമതി കേസുകളും അദ്ദേഹം എഴുതിത്തള്ളുകയാണുണ്ടായത്. അതിലൊരു കേസാണിത്. കശുവണ്ടി മേഖലയിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് അറിയാമോ? 2.5 ലക്ഷം തൊഴിലാളികൾക്ക് ജോലിയില്ല. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ, കാഷ്യു സ്പെഷ്യൽ ഓഫീസ്, കാഷ്യു ബോർഡ് ഇങ്ങനെ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. 2.5 ലക്ഷം തൊഴിലാളികൾ പട്ടിണിയിലും പരിവട്ടത്തിലും കഴിയുമ്പോൾ അതിനെപ്പറ്റി ചിന്തിക്കാതെ ഈ സ്ഥാപനങ്ങളിൽ കാറുകൾ വാങ്ങുകയും ധൂർത്തുമായി മുന്നോട്ട് പോകുകയുമാണ് ചെയ്യുന്നത്. മിനിമം കൂലി കൊടുക്കാതിരിക്കാൻ യു.ഡി.എഫ്.ഉം

മാനേജ്മെന്റുകളും ഒത്തുകളിച്ച് ഫാക്ടറികൾ അടച്ചുപൂട്ടിയെന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പറഞ്ഞത്. ഇപ്പോൾ എന്താണ് തുറക്കാത്തത്; ഇപ്പോൾ എന്തുകൊണ്ടാണ് സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുക്കാത്തത്? കശുവണ്ടി തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാകുകയാണ്. ഇവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതറിയണം. ദേശീയതലത്തിൽ ഒരു ഉത്തേജന പാക്കേജ് കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. മുഖ്യമന്ത്രി ഇടപെട്ട് അടിയന്തരമായി ആ ഉത്തേജന പാക്കേജ് കേന്ദ്ര സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകണം. കാരണം, കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ഉണ്ടെങ്കിലേ ഇത് മുന്നോട്ടുപോകൂ. ടാക്സ് 2 ശതമാനമായി കുറച്ചെങ്കിലും പ്രശ്നം തീരുന്നില്ല. അത് പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ തോട്ടണ്ടിയുടെ വിലയിൽ കുറവുണ്ടാകുകയുള്ളൂ. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്, ഒരുകാലത്ത് കേരളത്തിന് കശുവണ്ടിയുടെ കാര്യത്തിൽ കുത്തകയുണ്ടായിരുന്നു. ഇന്ന് മറ്റ് സംസ്ഥാനങ്ങളിലും കശുവണ്ടി ഉത്പാദിപ്പിക്കുന്നു. വിയറ്റ്നാം ഏറ്റവും വിലകുറച്ച് പ്രോസസിംഗ് നടത്തി കശുവണ്ടി മാർക്കറ്റിലെത്തിക്കുന്നു. നമ്മുടെ പ്രോസസിംഗിന് ചെലവ് കൂടുതലാണ്. ചെലവുകുറച്ച് പ്രോസസ് ചെയ്ത് മെക്കനൈസേഷൻ നടത്തി വിയറ്റ്നാമിൽനിന്നും ലഭിക്കുന്ന കശുവണ്ടി നമ്മുടെ മാർക്കറ്റിൽ ഇന്ന് സജീവമാണ്. മാത്രമല്ല, വിയറ്റ്നാം പോലുള്ള സ്ഥലങ്ങളിൽ നിന്നുവരുന്ന പല ഉത്പ്പന്നങ്ങൾക്കും ഉപയോഗിക്കുന്ന പൊടി രൂപത്തിലുള്ള കശുവണ്ടി ഇവിടെ വ്യാപകമാകുകയാണ്. അക്കാരണംകൊണ്ടും കാഷ്യു വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ട്. ആന്ധ്രയിൽ പോയി കൃഷി ചെയ്യുമെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞു. ആന്ധ്രയിലെ മന്ത്രിയുമായി ചർച്ചചെയ്തുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി സമ്മതിച്ചു, അത് നടന്നില്ല. പക്ഷെ, ഗവർണറെക്കൊണ്ട് അത് പറയിപ്പിക്കേണ്ടായിരുന്നു. 6.5 കോടി രൂപ അതിനായി വകയിരുത്തി. ഒരു രൂപപോലും ചെലവഴിച്ചില്ല. അതുപോലെതന്നെ ഇവിടെ കൂടുതൽ കശുമാവ് വച്ചുപിടിപ്പിക്കുമെന്ന് പറഞ്ഞു. അതിനുള്ള നടപടികളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. കശുവണ്ടി ഉത്പാദക രാജ്യങ്ങളായ ടാൻസാനിയ, ഐവറികോസ്റ്റ്, മൂസാംബിക്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ വൻതോതിൽ കശുവണ്ടി ശേഖരിക്കുകയാണ്. അവരുമായി ഒരു കോമ്പറ്റീഷൻ ഇക്കാര്യത്തിൽ നമുക്ക് നടത്താൻ കഴിയുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്ത്യയിൽ വിയറ്റ്നാമിൽ നിന്നുള്ള കശുവണ്ടി വൻതോതിൽ എത്തിച്ചേരുകയാണ്. അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷെ, എനിക്കിവിടെ ആവശ്യപ്പെടാനുള്ളത്, കശുവണ്ടി തൊഴിലാളികൾക്ക് ഇടക്കാല ആശ്വാസമായി 10,000 രൂപ വീതമെങ്കിലും നൽകണം. അതുപോലെ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഒറ്റ ഫാക്ടറി മാത്രമുള്ള, ആത്മഹത്യയിലേയ്ക്ക് എത്തിച്ചേരുന്ന കശുവണ്ടി ഫാക്ടറി ഉടമകളെ സഹായിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ മേഖലയിൽ പൂർണ്ണമായും നിലനിൽക്കുന്ന പ്രശ്നങ്ങൾ തൊഴിലാളികളുമായും മാനേജ്മെന്റുമായും സംസാരിച്ച് പ്രശ്നപരിഹാരത്തിനായി യാഥാർത്ഥ്യബോധത്തോ ടെയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണം. പ്രതിപക്ഷത്തിരിക്കുമ്പോൾ നിങ്ങൾക്ക് എന്തും പറയാം. പക്ഷേ ഞങ്ങൾ അങ്ങനെ പറയുന്നില്ല. മുഴുവൻ ഫാക്ടറികളും ഏറ്റെടുക്കാമെന്ന് പറഞ്ഞ ആളുകളാണ് ഇപ്പോൾ ഇവിടെ ഭരിക്കുന്നത്. നിങ്ങൾ ഏറ്റെടുക്കുമോ? നിങ്ങൾ പറയണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ മുതലാളിമാരുമായി കച്ചവടമുണ്ടാക്കിയതിന്റെ ഫലമായാണ് ഫാക്ടറികൾ ഏറ്റെടുക്കാത്തതെന്ന് നിങ്ങൾ അന്ന് പറഞ്ഞു. നിങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുമോ? അപ്പോൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഒരു നിലപാടും അധികാരത്തിൽ വരുമ്പോൾ വേറൊരു നിലപാടും. അത് ശരിയായ നടപടിയല്ല. ഈ സംസ്ഥാനത്ത്, എന്റെ നിയോജകമണ്ഡലമടക്കമുള്ള സ്ഥലത്ത് കശുവണ്ടി ഫാക്ടറികളുണ്ട്. ഒന്നോ രണ്ടോ ഫാക്ടറികളേയുള്ളൂ. ആ ഫാക്ടറികളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നം അതീവ ഗുരുതരമാണ്. കാപ്പക്സിലെയും കോർപ്പറേഷനിലെയും തൊഴിലാളികൾക്കുപോലും പണിയില്ല. ഈ ഗുരുതരാവസ്ഥ അടിയന്തരമായി ചർച്ചചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, കശുവണ്ടി തൊഴിലാളികളുടെ രോഷാഗ്നിയിൽ ഈ സർക്കാരിനെത്തന്നെ വറുത്തെടുക്കുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ കാര്യഗൗരവമായി ചില വിഷയങ്ങൾ ഇവിടെ പറയുകയുണ്ടായി. രണ്ട് മക്കളുടെയും വീട് ജപ്തി ചെയ്തു, ഇനി തന്റെ വീടുകൂടി ജപ്തി ചെയ്താൽ ആത്മഹത്യ മാത്രമേ മാർഗ്ഗമുള്ളൂ എന്നുപറഞ്ഞ ഒരു കശുവണ്ടി തൊഴിലാളിയുടെ വേദന അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അതുതന്നെ ഇത് ചർച്ചയ്ക്കെടുക്കേണ്ട ഒരു വിഷയമാണ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമുക്ക് പറയാൻ കഴിയും. മാത്രമല്ല, ഇവിടെ പറഞ്ഞതുപോലെ 9 ലക്ഷം മെട്രിക് ടൺ കശുവണ്ടി വേണ്ടിടത്ത് 75000 മെട്രിക് ടൺ മാത്രമാണ് ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നത്. ഒരു കാരണത്താലും ഇത് മാച്ച് ചെയ്തുപോകാനാവശ്യമായ കശുവണ്ടി നമുക്ക് ഉല്പാദിപ്പിക്കാൻ കഴിയില്ല. ടാൻസാനിയ, ഐവറികോസ്റ്റ്, മൂസാംബിക് എന്നിവിടങ്ങളിൽ നിന്നൊക്കെ കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ആന്ധ്രയിൽ പാട്ടത്തിനെടുത്ത് കൃഷിചെയ്ത്

തോട്ടണ്ടി ഇവിടെ കൊണ്ടുവരുമെന്നൊക്കെ മന്ത്രി വാചാലമായി സംസാരിച്ചിരുന്നു. അത് നടക്കാത്ത സ്വപ്നമാണെന്ന് ഇപ്പോൾ ഇവിടെ പ്രഖ്യാപി ക്കപ്പെട്ടുകഴിഞ്ഞു. മാത്രമല്ല, അവിടെ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്കു തന്നെ ഉപയോഗിച്ചു കൂടേയെന്നുള്ള ഒരു ചിന്ത അവർക്ക് വരികയും മൊത്തത്തിൽ അവിടെ ഉത്പാദിപ്പിക്കാൻ തുടങ്ങുന്ന ഒരവസ്ഥ വരികയും ചെയ്യുന്നതോടുകൂടി കേരളത്തിന്റെ സ്ഥിതിയെന്താകും? ഇവിടെയുള്ള മുതലാളിമാർതന്നെ അവരുടെ ഫാക്ടറി പറിച്ചെടുത്ത് മറ്റ് സംസ്ഥാന ങ്ങളിലേയ്ക്ക് പോയി അവിടെ ഉത്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടത്തുമ്പോൾ ഇവിടെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 2 ലക്ഷത്തോളം തൊഴിലാളികളുടെയും പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 16000-ത്തോളം തൊഴിലാളികളുടെയും അവസ്ഥയെന്താകും? തൊഴിൽദിനം കിട്ടാത്തതുകൊണ്ട് അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം പോലുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ സർക്കാരിന്റെ വിഹിതം കൊടുത്ത് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയാണെങ്കിൽ അതെങ്കിലും ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ശ്രമം നടത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഒന്നോ രണ്ടോ ദിവസം വിഹിതം അടച്ചിട്ടുള്ള തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യത്തിന്റെ ഭാഗമായി ചികിത്സ നൽകുന്നുണ്ട്. അതാണ് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 82,000 തൊഴിലാളികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന്. അത് തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്. ഇ.എസ്.ഐ. കവറേജിൽപ്പെടാത്ത കശുവണ്ടി തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കൊല്ലം ജില്ലയിൽതന്നെ 30,000 തൊഴിലാളികൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. അവർക്ക് ഈ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

ഡോ. എം. കെ. മുനീർ: സർ, നമ്മൾ രണ്ട് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ കാര്യമാണ് പറയുന്നത്. ഹൃദ്രോഗവും മറ്റ് മാരകരോഗങ്ങളും പിടിപെട്ടുകഴിയുന്ന എല്ലാ തൊഴിലാളികൾക്കും അതിന്റെ ആനുകൂല്യം കിട്ടുന്നതിനുള്ള സൗകര്യം ചെയ്യണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇറങ്ങിപ്പോക്ക് പ്രസംഗം നീണ്ടുപോകരുത് എന്ന അങ്ങയുടെ ആഗ്രഹത്തോട് നിൽക്കണമെന്നുണ്ട്. പക്ഷേ വിഷയം ഇങ്ങനെയൊക്കെ വരുമ്പോൾ പറയാതെ എങ്ങനെ പോകും എന്നുള്ളതാണ് ഞങ്ങളുടെ പ്രതിസന്ധി. അതുകൊണ്ടാണ് ഇത്രയും പറയേണ്ടിവരുന്നത്. ഏതായാലും അങ്ങുതന്നെ സമ്മതിച്ച സാഹചര്യത്തിൽ, മേയ് വരെ നമുക്ക് സമയം കിട്ടി എന്നാണ് പറയുന്നത്. മേയ് കഴിഞ്ഞാൽ വൺടൈം സെറ്റിൽമെന്റിലേയ്ക്ക് പോകും. ഈ രണ്ട് മാസംകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോ? ഇപ്പോൾ

ബാങ്കുമായി നടത്തിയ ചർച്ചപോലും എവിടെയും എത്താത്തൊരു സ്ഥിതിയിലേയ്ക്ക് വരികയാണ്. അപ്പോൾ ഇത് നമുക്കെല്ലാവർക്കുംകൂടി ഇരുന്ന് ചർച്ചചെയ്ത് ഇത്രയും തൊഴിലാളികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് എന്തിനാണ് ഒരു ഈഗോ ഇഷ്യൂ? നിങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞ കാര്യം വിശ്വസിച്ചിട്ടല്ലേ 11 എം.എൽ.എ.മാരെ അവിടെനിന്ന് ഇങ്ങോട്ട് അയച്ചത്? അവരിൽ ആരെങ്കിലുമല്ലേ ഇക്കാര്യത്തെക്കുറിച്ച് ഇവിടെ വന്ന് ഗൗരവമായി പറയേണ്ടത്? ഇത് ചർച്ച ചെയ്യണമെന്ന് ആ പതിനൊന്ന് പേരാണ് പറയേണ്ടത്. ഞങ്ങൾ ആ പതിനൊന്ന് പേർക്കുകൂടി വേണ്ടിയാണ് ഇവിടെ സംസാരിക്കുന്നത്. അതുകൊണ്ട് മുഖ്യമന്ത്രി ഇക്കാര്യം ചർച്ചചെയ്യാൻ വിസമ്മതിച്ചതിലുള്ള ഞങ്ങളുടെ പ്രതിഷേധം അറിയിച്ചു കൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കശുവണ്ടി മേഖല വലിയൊരു പ്രതിസന്ധിയെ നേരിടുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ചെറുകിട കശുവണ്ടി വ്യവസായം വൻ തകർച്ചയെ നേരിടുന്നു; അതുമായി ബന്ധപ്പെട്ടുനിൽക്കുന്ന ചെറുകിട വ്യവസായികളിൽ ജപ്തി നേരിട്ടവരുണ്ട്, ജപ്തി ഭീഷണിയുടെ മുന്നിൽ നിൽക്കുന്നവരുണ്ട്. ഇവിടെ അങ്ങുതന്നെ സമ്മതിച്ചതുപോലെ ഒരു വ്യവസായി ആത്മഹത്യ ചെയ്യുന്ന സാഹചര്യവും ഉണ്ടായിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്യുന്നതും ചെറുകിട വ്യവസായികൾ ആത്മഹത്യ ചെയ്യുന്നതുമൊക്കെ കാണേണ്ടൊരു സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുന്നു. ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകണമെങ്കിൽ മിനിമം തൊഴിൽ ദിനങ്ങൾ വേണ്ട എന്ന നിലയിലാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇപ്പോൾ സൂചിപ്പിച്ചിരിക്കുന്നത്. പക്ഷേ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ പലർക്കും ലഭ്യമാകുന്നില്ല എന്നതൊരു വാസ്തവമാണ്. അതാണ് ഞങ്ങളിവിടെ ചൂണ്ടിക്കാട്ടിയത്. കഴിഞ്ഞ 2016 ജൂലൈ മാസത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രതിസന്ധിയാണ് ഉള്ളത് എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിനോട് ചോദിച്ച ചോദ്യത്തിന് അന്ന് ബഹുമാനപ്പെട്ട മന്ത്രി ഏതാണ്ട് എട്ടോളം വിഷയങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധികളെന്ത്? 11-7-2016-ൽ ചോദിച്ച ചോദ്യമാണ്. അതിന് അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, പ്രവർത്തന മൂലധനം സമയബന്ധിതമായി ലഭ്യമാക്കാത്തത് ഉൾപ്പെടെ എട്ടോളം വിഷയങ്ങളാണ് ഗവൺമെന്റ് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ പ്രശ്നമെന്താണെന്ന് ഗവൺമെന്റ് പറയുകയും അവ പരിഹരിക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് ഇടപെടലുകൾ ഫലപ്രദമാകുകയോ ക്രിയാത്മകമാകുകയോ ചെയ്യാത്തതു കൊണ്ടാണ് ഇന്ന് ഈ വിഷയം വീണ്ടും സഭയിൽ ചർച്ചചെയ്യേണ്ടതായി വന്നത്. എന്തായാലും ഇവിടെ

ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്, ഈ തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെയുള്ള ആശ്വാസ പദ്ധതികൾ നൽകാൻ ഗവൺമെന്റ് തയ്യാറാകണം എന്നതാണ്. ജപ്തി ഭീഷണി നേരിടുന്ന അല്ലെങ്കിൽ അതിന്റെ വക്കിലെത്തി നിൽക്കുന്ന വ്യവസായികളെ ഈ പ്രതിസന്ധിയിൽനിന്ന് കരകയറ്റാനുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് കടക്കണം. വളരെ ഗൗരവമേറിയ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം ഏറ്റവും രൂക്ഷമായി നിൽക്കുന്ന ഈ സന്ദർഭത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പുനരുദ്ധാരണ പാക്കേജ്

ശ്രീ. ആർ. രാമചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ ഒന്നൊന്നായി പരിഹരിക്കുന്നതിനുവേണ്ട ശ്രമമാണ് ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ അദ്ദേഹത്തെ അക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ കയർ മേഖലയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്.

കേരള സംസ്ഥാനത്തെ അഞ്ച് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമായ കയർ വ്യവസായം ഇന്ന് വലിയ പ്രതിസന്ധിയിലാണ്. സംസ്ഥാനത്തിന്റെ തീരദേശ മേഖലയിലെ ജനങ്ങൾ പ്രധാനമായും തൊഴിലെടുക്കുന്ന ഈ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി അതിന്റെ അസംസ്കൃത വസ്തുവായ ചകിരിയുടെ ദൗർലഭ്യമാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാന നാളികേര ഉൽപ്പാദക

സംസ്ഥാനമായ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തൊണ്ട് സംഭരിക്കുന്നതിനോ സംസ്കരിച്ച് കയർ ഉല്പാദകർക്ക് ലഭ്യമാക്കുന്നതിനോ കാര്യക്ഷമമായ സംവിധാനങ്ങളില്ലാത്തതിനാൽ ഇവിടത്തെ ചെറുകിട കയർ ഉല്പാദകർ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചകിരി ഉപയോഗിച്ചാണ് കയർ ഉല്പാദിപ്പിക്കുന്നത്. ഇത് വളരെ നിലവാരം കുറഞ്ഞതും നഷ്ടമുണ്ടാക്കുന്നതുമാണ്. ആയതിനാൽ സർക്കാർ നേരിട്ട് തൊണ്ട് സംഭരിച്ച് ഗുണമേന്മയുള്ള ചകിരിയാക്കി കയർ ഉല്പാദകർക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഏറ്റവും പാവപ്പെട്ടവരും പട്ടിണിക്കാരുമാണ്. അവർ ഉൽപ്പാദിപ്പിക്കുന്ന ഒരു വള്ളി കയറിന്റെ നീളം 13 മീറ്ററാണ്. 280 വള്ളി കയർ രണ്ട് തൊഴിലാളികൾ ചേർന്ന് ഒരു ദിവസം ഉല്പാദിപ്പിക്കണം എന്നാണ് വ്യവസ്ഥ. അതായത് 3640 മീറ്റർ കയറാണ് ഒരു ദിവസം ഉല്പാദിപ്പിക്കേണ്ടിവരുന്നത്. ഇതിനുവേണ്ടി തൊഴിലാളികൾ 9.50 കിലോമീറ്റർ മുന്നോട്ടും 9.50 കിലോമീറ്റർ പിറകോട്ടും ഒരു ദിവസം നടക്കണം. 280 വള്ളി കയർ ഉല്പാദിപ്പിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന വേതനം സർക്കാരിന്റെ ഇൻകം സപ്പോർട്ടായ 110 രൂപ ഉൾപ്പെടെ 310 രൂപയാണ്. ഈ തുക തൊഴിലെടുത്ത് മാസങ്ങൾ കഴിയുമ്പോഴാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. ഇത് തൊഴിലാളികൾക്ക് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് വളരെ വലുതാണ്. ആയതിനാൽ തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിച്ച് പ്രതിവാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതിനോടൊപ്പംതന്നെ കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുംവേണ്ടി ഒരു സമഗ്ര പാക്കേജ് നടപ്പിലാക്കണമെന്നും ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കയർ വ്യവസായം അതീവ ഗുരുതരമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ചികിരി ഉൽപ്പാദനം ഇന്ന് കേരളത്തിലില്ല. കയർ കേരളത്തിന് പുറത്ത് നമുക്ക് വിൽക്കാൻ സാധിക്കാത്ത അവസ്ഥയാണ്. കയർ ഉൽപ്പന്നങ്ങൾ ഇന്ന് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനെക്കാൾ കൂടുതൽ യന്ത്രം ഉപയോഗിച്ച് പുറത്ത് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഒരുകാലത്ത് 99 ശതമാനവും കയറ്റുമതി കേരളത്തിൽ നിന്നായിരുന്നുവെങ്കിൽ ഇന്ന് കേരളത്തിന്റെ വിഹിതം 20 ശതമാനത്തിൽ താഴെയാണ്. അപ്പോൾ ചെറിയൊരു ഇടപെടൽ പോരാ. സർക്കാർ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന നടപടികളിൽ ഏറ്റവും പ്രധാനം ചകിരി ഉൽപ്പാദനമാണ്. ചകിരി ഉൽപ്പാദനം നടത്താതെ കേരളത്തിലെ വ്യവസായത്തിന് നിലനിൽക്കാനാവില്ല. 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനാണ് പരിപാടിയിട്ടിട്ടുള്ളത്. അതിൽ

ഈ വർഷം 65 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 3 കോടി രൂപ മിഷൻ ഫാക്ടറിക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് 8.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾക്കും ഡി.എഫ്. മിൽ നൽകാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഡി.എഫ്. -മിൽ സ്ഥാപിച്ചാലും തൊണ്ട് കിട്ടണം. അത് സർക്കാർ സംഭരിച്ച് കൊടുക്കുക എന്നുപറയുന്നത് പ്രായോഗികമല്ല. പക്ഷേ തൊണ്ട് സംഭരിക്കുന്നതിനുള്ള സഹായങ്ങൾ സംഘങ്ങൾക്ക് നൽകുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം തേങ്ങ സമയത്ത് പറിക്കുക എന്നുള്ളതാണ്. അത് നടക്കുന്നില്ല. തേങ്ങ ഉണങ്ങി വീഴുമ്പോഴാണ് എടുക്കുന്നത്. അതുകൊണ്ട് തൊണ്ട് ചകിരിക്ക് ലഭ്യമാകുന്നില്ല. വളരെ ശ്രദ്ധേയമായ പരീക്ഷണങ്ങൾ നടക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റിയുടേതാണ്. ഒരു ദിവസം ഏതാണ്ട് 30000 തേങ്ങയിടുന്നതിനും അത് മുഴുവനും കൊപ്രയാക്കുന്നതിനുമുള്ള പരിപാടിയാണ് അവർ ചെയ്തിട്ടുള്ളത്. സംഘത്തിന്റെ ആളുകൾ മുൻകൂട്ടി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ തേങ്ങയിടാൻ പോകും. തേങ്ങയിട്ടുകഴിഞ്ഞാൽ അപ്പോൾത്തന്നെ കൃഷിക്കാർക്ക് പണം നൽകും. മാർക്കറ്റ് വിലയെക്കാൾ 3 രൂപ കൂടുതൽ നൽകുന്നതിനുള്ള ഏർപ്പാടാണ്. ഈ തൊണ്ട് അതാതുദിവസം ചകിരിയാക്കുന്നതിന് 30000 തൊണ്ടിന്റെ കപ്പാസിറ്റിയുള്ള മിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ പരീക്ഷണം വിജയപ്രദമാണെങ്കിൽ ഇതുപോലുള്ള സംവിധാനങ്ങൾ കോക്കനട്ട് പ്രൊഡ്യൂസർ സംഘങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പാലക്കാട് ജില്ലയാണ് ഏറ്റവും ശാസ്ത്രീയമായി തെങ്ങ് കൃഷി ചെയ്യുന്നത്. 5 ഏക്കർ മുതൽ 10 ഏക്കർ വരെ വളരെ ശാസ്ത്രീയമായി അവിടെ കൃഷി ചെയ്യുന്നുണ്ട്. അവിടെ തമിഴ്നാട്ടിൽനിന്നും കച്ചവടക്കാർ വന്ന് തേങ്ങയിട്ട് അവർതന്നെ കൊണ്ടുപോകുകയാണ്. അതുകൊണ്ടാണ് തൊണ്ട് കിട്ടാത്തത്. അത് എങ്ങനെ നമുക്ക് പരിഹരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു ചർച്ചനടത്തി ആലോചിക്കണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: രണ്ട് മാർഗ്ഗങ്ങളുണ്ട്. ഒന്ന്, കേര ഗ്രാമങ്ങളായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ കൊണ്ടുവരാൻ കൃഷി ഡിപ്പാർട്ടുമെന്റ് പരിശ്രമിക്കുന്നുണ്ട്. രണ്ട്, കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളെ ഉപയോഗിച്ച് അവർതന്നെ നേരിട്ട് തേങ്ങയിടുന്നതിന് ശ്രമിക്കുന്നുണ്ട്. കുറ്റ്യാടി പോലുള്ള പ്രദേശങ്ങളിൽ അങ്ങ് പറഞ്ഞതുപോലെ തേങ്ങയിട്ട് മൊത്തത്തിൽ തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുകയാണ്. കാശും ഉടൻ തന്നെ കൊടുക്കുന്നു. നമ്മളും അതുപോലെ റെഡി ക്യാഷ് കൊടുക്കണം, തെങ്ങിൽ

കയറി തേങ്ങയിടുന്നതിനുള്ള യന്ത്രമുണ്ടാക്കണം. രണ്ട് തരത്തിലുള്ള യന്ത്രങ്ങൾ ഇപ്പോൾ സംവിധാനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളൊക്കെ ഏർപ്പാടാക്കിയാൽ മാത്രമേ നമുക്ക് പ്രശ്നം പരിഹരിക്കാൻ പറ്റുകയുള്ളൂ.

മറ്റൊന്ന്, കയറുപിരികളുടെ ആധുനികവൽക്കരണമാണ്. പഴയ റാട്ടുകൾ ഇലക്ട്രോണിക് റാട്ടുകളിലേക്ക് മാറുകയാണ്. ഈ വർഷം മുതൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷത്തോടു കൂടി കേരളത്തിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പ്രവർത്തിക്കുന്നുണ്ടാകുമെന്ന് ഉറപ്പുവരുത്തും.

അടുത്തത്, കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും അതിന്റെ യന്ത്രവൽക്കരണവുമാണ്. കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാകണം. നമ്മുടെ പരമ്പരാഗത മേഖലയിൽ പത്ത് ശതമാനം മുതൽ അമ്പത് ശതമാനം വരെ സബ്സിഡി നൽകിക്കൊണ്ടാണ് വിൽക്കുന്നത്. അമ്പത് ശതമാനം സബ്സിഡി കൊടുത്താലും കേരളത്തിൽ വാങ്ങാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിലെ എല്ലാ സൂപ്പർ മാർക്കറ്റുകളിലും നമ്മുടെ കയർ ഉൽപ്പന്നങ്ങളുടെ സ്റ്റാൻഡ് എങ്കിലും വയ്ക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു പ്രത്യേക ഏജൻസിയെ/കമ്പനിയെ രൂപീകരിച്ച് നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാം നടക്കുമ്പോഴാണ് കൂലി വർദ്ധിപ്പിക്കണം, കൂലി അപര്യാപ്തമാണ് എന്നൊക്കെ അങ്ങ് ശ്രദ്ധക്ഷണിക്കലിലൂടെ ചൂണ്ടിക്കാണിച്ചത്. കൂലി കുറവാണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷേ ഇപ്പോൾ 300 രൂപയിൽ 110 രൂപ സർക്കാരാണ് കൊടുക്കുന്നത്. കൂലി ഇനിയും വർദ്ധിപ്പിക്കുകയെന്നുപറഞ്ഞാൽ സർക്കാർ കൂടുതൽ കൊടുക്കുക എന്നതാണ്. ആ രീതിയിൽ നമുക്ക് സബ്സിഡി നൽകാൻ സാധിക്കുകയില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് യന്ത്രവൽക്കരണത്തിലേക്ക് പോകുക, ഉൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ കൂലി വർദ്ധിപ്പിക്കുക എന്നുള്ളതാണ്. പരമ്പരാഗത മേഖലയിൽ കൂലി വർദ്ധനവിനെക്കാൾ പ്രധാനപ്പെട്ടത് തൊഴിൽ കൊടുക്കുക എന്നുള്ളതാണ്. കയർ എത്ര പിരിച്ചാലും സർക്കാർ ഈ വിലയ്ക്കെങ്കിലും ഇന്നുള്ള കൂലികൊടുത്തുകൊണ്ട് വാങ്ങുമെന്ന് ഉറപ്പുവരുത്തുകയാണ്. അങ്ങനെ വാങ്ങുന്ന കയർ എന്തുചെയ്യുമെന്ന് അറിയില്ല. അതിന്റെ ക്വാളിറ്റി പോയി, പുതിയ ഉൽപ്പന്നങ്ങളുണ്ടാക്കാൻ യന്ത്രത്തിൽ ഈ കയർ ഉപയോഗിക്കില്ല, പകരം തമിഴ്നാട്ടിലെ കയർ ഉപയോഗിക്കുന്നു. അപ്പോഴാണ് ഭാഗ്യവശാൽ നമുക്ക് ജിയോടെക്സ്റ്റൈൽസിന്റെ ഡിമാന്റ് വന്നത്. ജിയോടെക്സ്റ്റൈൽസിനുവേണ്ടി 120 കോടി രൂപയുടെ ഓർഡർ കിട്ടിയതുകൊണ്ട് ഇന്നിപ്പോൾ സംഘങ്ങൾ ശേഖരിക്കുന്ന കയർ മുഴുവൻ അതിനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്നുണ്ട്. സങ്കീർണ്ണമായ ഒരു അവസ്ഥയാണ്. അതിൽ ഇടപെടാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വർഷത്തിനുള്ളിൽ

അതിന്റെ സത്ഫലങ്ങൾ ഉണ്ടാകുമെന്നാണ് കരുതുന്നത്. നവീകരണത്തിന്റെ അടിസ്ഥാനത്തിലുള്ള കൂലിവർദ്ധനവ് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി സമഗ്രമായി ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഉദാഹരണത്തിന് കയർ വ്യവസായത്തിൽ 30% ആണ് ബോണസ്. 30% ബോണസ് കൊടുക്കേണ്ടി വന്നാൽ ആരെങ്കിലും ഒരു ആധുനിക കയർ വ്യവസായ ഫാക്ടറിക്കുവേണ്ടി കേരളത്തിൽ മുതൽമുടക്കുമോ? പരമ്പരാഗത റാട്ടോ തറിയോ ഉപയോഗിച്ച് നെയ്യുമ്പോൾ 30% ബോണസ് എന്നത് പ്രശ്നമല്ല. കാരണം കൂലി വളരെ കുറവാണ്. എന്നാൽ ആധുനിക ഫാക്ടറി വരുമ്പോൾ 30% ബോണസ് കൊടുക്കണമെന്നു പറഞ്ഞാൽ മുതൽമുടക്കാൻ ആരും തയ്യാറാകുകയില്ല. ഇൻവെസ്റ്റ്മെന്റിന് 25% സബ്ഡിഡി കയർബോർഡും 25% സബ്സിഡി സർക്കാരും എന്ന രീതിയിൽ 50% ശതമാനം സബ്സിഡി കൊടുക്കാൻ തയ്യാറായിട്ടും ഇന്നുവരെ ഒരു സ്വകാര്യവ്യക്തിപോലും കേരളത്തിൽ മുതൽമുടക്കാൻ തയ്യാറായിട്ടില്ല. അതേസമയം തമിഴ്നാട്ടിൽ അവരെല്ലാവരും ഫാക്ടറികൾ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങളെക്കുറിച്ച് അടിസ്ഥാനപരമായി കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയനുകളും ഒരുമിച്ചിരുന്ന് ചർച്ച ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ ഇതുമായി ബന്ധപ്പെടുത്തി പരിശോധിക്കാം.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, തൊഴിലാളികൾക്ക് ലഭ്യമാകുന്ന വേതനം പരിമിതമാണെന്ന് അങ്ങ് സമ്മതിച്ചു. ആ പരിമിതമായ വേതനമെങ്കിലും ആഴ്ചതോറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നിശ്ചയമായും അത് ചെയ്യാം. സംഘങ്ങളിൽ നിന്നുതന്നെ കൂലി നൽകണം ബാങ്ക് വഴിയാക്കരുതെന്നുള്ളതാണ് സംഘങ്ങളിൽ നിന്നുള്ള ഒരു ഡിമാന്റ്. ഡയറക്ട് പ്രൊഡക്ഷനുള്ള സ്ഥലത്ത് ഇതിനകം അത് അംഗീകരിച്ചുകഴിഞ്ഞു. മറ്റുള്ള സ്ഥലങ്ങളിലും ചില ക്രമീകരണങ്ങൾ വരുത്തി സംഘങ്ങളിൽ നിന്നുതന്നെ ആഴ്ചതോറും കൂലി കൊടുക്കുന്ന ഏർപ്പാടുണ്ടാക്കാം.

### (2) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ സമഗ്രക്ഷേമം ഏറ്റെടുത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനു വേണ്ടിയാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ. ഇതര സംസ്ഥാന തൊഴിലാളികളെ ഇന്ന് നമ്മുടെ സംസ്ഥാനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവർ ഒരു ദിവസം പണിമുടക്കിയാൽ കേരളത്തിന് 'പണി' കിട്ടുന്ന അവസ്ഥയാണുള്ളത്. അടുത്തിടെ കോഴിക്കോടുനിന്ന് ഇതരസംസ്ഥാന തൊഴിലാളികൾ തിരിച്ചു പോകാനൊരുങ്ങിയപ്പോൾ അവിടെയുള്ള ഹോട്ടലുടമകൾ പെരുവഴിയിലായത്

ഓർക്കുമല്ലോ. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ തടി വ്യവസായം പൂർണ്ണമായും നിലനിന്നുപോരുന്നത് ഒരു ലക്ഷത്തിലധികംവരുന്ന ഇതരസംസ്ഥാന തൊഴിലാളികളെ ആശ്രയിച്ചാണ്. അവർ തിരിച്ചുപോകുന്ന സാഹചര്യമുണ്ടായാൽ കഞ്ഞികുടി മുട്ടുന്നത് നമ്മൾ മലയാളികളുടേതുതന്നെയാണ്. സെന്റർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് 2017-ൽ നടത്തിയ പഠനപ്രകാരം ഇന്ന് കേരളത്തിൽ പരമ്പരാഗത വ്യവസായങ്ങളായ കയർ, ബീഡി, കൈത്തറി തുടങ്ങിയവ ഒഴിവാക്കിയാൽ ലാഭത്തിൽ നടക്കുന്ന ഒട്ടുമിക്ക വ്യവസായങ്ങളും അവരെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കേരളത്തിലൊട്ടാകെയുള്ള നിർമ്മാണ മേഖല, മൽസ്യബന്ധനം, മത്സ്യ സംസ്കരണം, തോട്ടം മേഖല, ഹോട്ടൽ മേഖല, ഖനനം, കോഴിക്കോടുള്ള ചെരുപ്പ് വ്യവസായം, എറണാകുളത്തും, തിരുവനന്തപുരത്തുമുള്ള വസ്ത്ര നിർമ്മാണ മേഖല ഇവയൊക്കെ നിലനിന്നുപോരുന്നത് ഇതര സംസ്ഥാന തൊഴിലാളികളെ ആശ്രയിച്ചാണ്. ഇങ്ങനെയൊക്കെയാണെങ്കിലും അവരോടുള്ള മലയാളികളുടെ മനോഭാവം പഴയ ജന്മി-കുടിയാൻ അവസ്ഥയെക്കാൾ കഷ്ടമാണ്. ഇവരിൽ മഹാഭൂരിപക്ഷവും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവരാണ്. മലയാളികളെക്കാൾ കൂടുതൽ ജോലി ചെയ്യുന്ന ഇവർക്ക് കുറഞ്ഞ കൂലിയാണ് നൽകുന്നത്, കൂടാതെ നിശ്ചയിക്കുന്ന കൂലി നൽകുന്നില്ല, നൽകുന്ന കൂലിതന്നെ പിടിച്ചുവയ്ക്കുന്നു. അപകടത്തിൽപ്പെടുന്നവർക്ക് മൃഗതുല്യമായ അവസ്ഥയാണ്. മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കാൻപെടുന്ന പെടാപ്പാട് നമുക്കെല്ലാപേർക്കും അറിയാം. ഭാഷാ പരിമിതികൾ, ആരോഗ്യ സേവനങ്ങളുടെ അപര്യാപ്തത, കുട്ടികളുടെ പഠനത്തിനുള്ള തടസ്സങ്ങൾ അങ്ങനെ പോകുന്നു പ്രശ്നങ്ങളുടെ നീണ്ട പട്ടിക. സമീപഭാവിയിൽ സർക്കാർ പ്രതിഛായാ വർദ്ധക പദ്ധതികളല്ലാതെ മറ്റൊരു ഗുണവും കാര്യമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് ലഭ്യമായിട്ടില്ല. തൊഴിൽ വകുപ്പ് നടത്തിയ പഠനപ്രകാരം കേരളത്തിൽ 2013-ൽ 25 ലക്ഷം ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടായിരുന്നു. ഓരോ വർഷവും 182000 വീതം വർദ്ധനവുണ്ടാകുമെന്നാണ് കണ്ടെത്തിയത്. ഇപ്പോൾ 32 ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. നോട്ടുനിരോധനവും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലവും താൽക്കാലിക കുറവുണ്ടായെങ്കിലും ഇവരുടെ സംഖ്യ 29 ലക്ഷം വരുന്ന പ്രവാസി മലയാളികളുടെ എണ്ണത്തിനൊപ്പം വരുന്നു. കേരളത്തിലെ ജനസംഖ്യ ചുരുങ്ങാൻ തുടങ്ങുകയാണ്. ഇന്ന് പത്തനംതിട്ടയിലും ഇടുക്കിയിലും ജനസംഖ്യാ വർദ്ധനവ് പൂജ്യത്തിലും താഴെയാണ്. അടുത്ത 10 വർഷങ്ങൾക്കകം കേരളത്തിന്റെ ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് പൂജ്യത്തിലും താഴെയാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ ഇനിയും കേരളത്തിലേക്ക് വരേണ്ടത് നമ്മുടെ ആവശ്യമാണെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ഇത്തരം സാഹചര്യത്തിൽ

കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ കേവലം തൊഴിൽ വകുപ്പിനുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ല. പ്രവാസി മലയാളികൾക്ക് നോർക്ക വകുപ്പും ലോക കേരള സഭയും ഉള്ളപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിലുള്ളവർ ഭൂരിപക്ഷം വരുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി നിലവിലുള്ള ആവാസ് ഇൻഷ്വറൻസ് പദ്ധതിക്കും അപ്നാ ഘർ പാർപ്പിട സമുച്ചയത്തിനപ്പുറം ഒരു അതോറിറ്റിയോ ബോർഡോ വകുപ്പോ രൂപീകരിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള നോർക്ക വകുപ്പിനെ ഇവരുടെ കാര്യങ്ങൾകൂടി പരിഗണിക്കുന്ന പ്രവാസികാര്യ വകുപ്പായി ഉയർത്തുകയോ ചെയ്യണമെന്ന കാര്യം ഗവൺമെന്റിന്റെ സജീവശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് എന്റെ ഈ ശ്രദ്ധക്ഷണിക്കൽ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് തൊഴിലാളികൾ വരികയും പോകുകയും ചെയ്യുന്ന എന്നുള്ളത് ഒരു സ്ഥിരമായ പ്രക്രിയയാണ്, അങ്ങനെയൊരു പ്രവണത ഇവിടെ കണ്ടുവരുന്നു എന്നുള്ള വസ്തുത നാം പരിഗണിക്കേണ്ടതുണ്ട്. ഇവിടെ വന്നുചേരുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും നേരിട്ട് സംസ്ഥാനത്തെത്തി തൊഴിലെടുക്കുന്നവരാണ്. പ്രസ്തുത തൊഴിലാളികളെല്ലാവരും തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ ലൈസൻസ് സംവിധാനത്തിനുകീഴിൽ വരുന്നവരല്ല. പശ്ചിമ ബംഗാളിൽ നിന്നുള്ള തൊഴിലാളികളാണ് സംസ്ഥാനത്ത് കൂടുതലായി ജോലി ചെയ്തുവരുന്നത്. ബീഹാർ, ആസ്സാം, ഒഡീഷ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ജോലിചെയ്തുവരുന്നുണ്ട്. ഇവരിലധികവും നിർമ്മാണ/ഹോട്ടൽ/കൃഷി/ഗാർഹിക/പ്ലൈവുഡ് മേഖലകളിലാണ് ജോലിചെയ്തുവരുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ് പൂർത്തിയായവരും 60 വയസ് കഴിയാത്തവരുമായിട്ടുള്ളവർക്കാണ് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ അർഹതയുള്ളത്. ചികിത്സാ സഹായം 25,000 രൂപ, ടെർമിനൽ ബെനിഫിറ്റ് 10,000 രൂപ മുതൽ 25,000 രൂപ വരെ, വിദ്യാഭ്യാസ ആനുകൂല്യം 1000 രൂപ മുതൽ 3000 രൂപ വരെ, അപകട മരണ ധനസഹായം 50,000 രൂപ, ഭൗതിക

ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം 5000 രൂപ മുതൽ 15,000 രൂപ വരെ, പ്രസവ ധനസഹായം 15,000 രൂപ എന്നീ ആനുകൂല്യങ്ങൾക്ക് ഈ പദ്ധതി പ്രകാരം അർഹതയുണ്ട്. ഈ പദ്ധതിയിൽ അംഗമാകുന്ന ഒരു തൊഴിലാളി 30 രൂപ അംശദായം അടച്ചാണ് രജിസ്റ്റർ ചെയ്യേണ്ടത്. എന്നാൽ വിവിധ കാരണങ്ങളാൽ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും പദ്ധതിയിൽ അംഗങ്ങളാകാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതി ഇപ്പോഴും തുടരുകയാണ്. ഇതിൽ താല്പര്യമുള്ള തൊഴിലാളികൾക്ക് അംഗങ്ങളാകുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഇപ്പോഴുമുണ്ട്. അപകടമരണ ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികൾക്കും അപകടമരണ സഹായം ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച് കൂടുതൽ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി തദ്ദേശസ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ജില്ലാ ലേബർ ഓഫീസർ കൺവീനറായും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ അംഗങ്ങളായും ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള, ഇവർക്ക് താമസസൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് അതിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കിൻഫ്രയിൽ നിന്നും ഓരോ ഏക്കർ വീതം സ്ഥലം 30 വർഷത്തേയ്ക്ക് പാട്ടത്തിനെടുത്ത് ഇത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് പോകുകയാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജോലി എടുക്കുന്ന, ഇപ്പോൾ അതിഥി തൊഴിലാളികളെന്ന് പേര് നിശ്ചയിച്ചിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്ട്രേഷനിലൂടെ സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഏകദേശ കണക്ക് ലഭ്യമാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽനിന്നും വളരെ വ്യത്യസ്തമായ കാഴ്ചപ്പാടോടെയാണ് ആവാസ് പദ്ധതി നടപ്പിലാക്കിവരുന്നത്. രണ്ട് പദ്ധതികളും രണ്ടായിത്തന്നെയാണ് കാണേണ്ടത്, ഈ രണ്ട് പദ്ധതികളുടെയും ആനുകൂല്യം തൊഴിലാളികൾക്ക്

അനുവദനീയമാണ്. ആവാസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിനുശേഷം 172250 തൊഴിലാളികളാണ് ഇതുവരെ രജിസ്റ്റർ ചെയ്ത് കാർഡ് വാങ്ങിയിട്ടുള്ളത്. രജിസ്ട്രേഷൻ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ ദിവസവും ഈ പദ്ധതിയിലേയ്ക്ക് തൊഴിലാളികൾ ഓരോ മേഖലയിൽനിന്നും ചേർന്നുകൊണ്ടിരിക്കുന്നുണ്ട്. ഒരേ തൊഴിലിലേർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനം തന്നെയാണ് നൽകുന്നത്. ഇത്തരത്തിൽ കൂലി കുറച്ച് ലഭ്യമാകുന്നതായി ഇതര സംസ്ഥാന തൊഴിലാളികളിൽനിന്നും പരാതി ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും പരിഹാരം കണ്ടെത്താറുമുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകട മരണം സംഭവിക്കുന്ന അവസരങ്ങളിൽ മറ്റ് വകുപ്പുകളുമായിചേർന്ന് മൃതദേഹം നാട്ടിലെത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി സുരക്ഷിതത്വം തുല്യജോലിക്ക് തുല്യ വേതനം, ആരോഗ്യ പരിരക്ഷ, പാർപ്പിട സൗകര്യങ്ങൾ എന്നീ വിഷയങ്ങളിൽ മതിയായ ഇടപെടൽ തൊഴിൽ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളോട് യാതൊരുവിധ വിവേചനവും പാടില്ലെന്നും അവരെ തുല്യരായി തന്നെ കാണണമെന്നുമാണ് സർക്കാർ നയം. അവരുടെ എല്ലാ കാര്യങ്ങളിലും സർക്കാർ സജീവമായി ഇടപെടുന്ന സാഹചര്യത്തിൽ ഈ വിഭാഗങ്ങൾക്കായി പ്രത്യേകിച്ച് ഒരു അതോറിറ്റിയോ വകുപ്പോ രൂപീകരിക്കേണ്ട സ്ഥിതി നിലവിലില്ല. നിലവിലുള്ള നോർക്ക പോലുള്ള വകുപ്പുമായി സംയോജിച്ച് പരിഷ്കരിച്ച് നടപ്പാക്കേണ്ട ആവശ്യകതയും ഈ പ്രശ്നത്തിൽ കാണുന്നില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2010-ൽ രൂപം കൊടുത്ത കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി കാലാനുസൃതമായി ഇപ്പോഴും പരിഷ്കരിച്ചിട്ടില്ല. അത് പരിഷ്കരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 25,000 രൂപവീതം എത്രപേർക്ക് കൊടുത്തുവെന്ന് പറയാൻ കഴിയുമോ? തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വലിയ ആനുകൂല്യങ്ങളൊന്നും അവർക്ക് ലഭിച്ചിട്ടില്ല. പിരിവെടുത്താണ് പലരുടെയും മൃതദേഹങ്ങൾ നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത്. പെരുമ്പാവൂരിൽ എല്ലാ ദിവസവുമെന്നോണം ഓരോരുത്തർ അപകടങ്ങളിൽപ്പെട്ട് മരിക്കുന്നുണ്ട്. വേണ്ടത്ര ശ്രദ്ധ ഈ പാവങ്ങൾക്ക് ലഭിക്കുന്നില്ല. ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നത് നന്നായിരിക്കും.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 55321 പേർ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. നിർമ്മാണമേഖലയിലെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന നിരവധി ട്രേഡ് യൂണിയൻ സംഘടനകൾ കേരളത്തിൽ

പ്രവർത്തിക്കുന്നുണ്ട്. അത്തരം സംഘടനകൾക്കെല്ലാം ഈ തൊഴിലാളികളുടെ പ്രശ്നത്തിൽ ഇടപെടാൻ അവസരമുണ്ട്. ട്രേഡ് യൂണിയൻ സംഘടനകളുടെ ഇടപെടലിന്റെ ഭാഗമായാണ് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവരിൽ ബഹുഭൂരിപക്ഷവും അംഗങ്ങളായി ചേർന്നിട്ടുള്ളത്. അവർക്ക് ഈ മേഖലയിൽ ഇടപെടാൻ സാധിക്കണം, ആവശ്യങ്ങൾ ഉന്നയിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. അങ്ങനെ വരുമ്പോൾ കൂടുതൽ ആളുകൾക്ക് ഇതിനകത്ത് ചേരാനും അതിലൂടെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും സഹായകരമാകും. അങ്ങനെയൊരു ഇടപെടൽ ഉണ്ടാകുന്നില്ല എന്നതാണ് പ്രശ്നം. ഇത്തരം സൗകര്യങ്ങളും ആനുകൂല്യങ്ങളും അനുവദനീയമാണ്, അത് ഉപയോഗിക്കാൻ തയ്യാറാകുന്നില്ല. ഏതെങ്കിലും തരത്തിലുള്ള പരാതി ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ മുമ്പിൽ ഇതുവരെയും വന്നിട്ടുമില്ല. നിലവിൽ പ്രഖ്യാപിക്കപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓരോ പ്രദേശത്തും ഇടപെടൽ നടത്തേണ്ടതുണ്ട്. ഇടപെട്ടാൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇത് പ്രയോഗത്തിൽ വരുത്തുന്നതിൽ ഇന്ന് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## IV പ്രത്യേക പരാമർശം

### ജാഗ്രതാ നിർദ്ദേശം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കന്യാകുമാരിക്ക് തെക്ക് ശ്രീലങ്കയ്ക്ക് പടിഞ്ഞാറായി ന്യൂനമർദ്ദം രൂപപ്പെട്ടിരിക്കുന്നത് ശക്തമായിട്ടുണ്ട് എന്ന വാർത്ത ഇന്ന് എല്ലാ വാർത്താമാധ്യമങ്ങളിലും വന്നിട്ടുണ്ട്. അത് വടക്ക പടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുമെന്നൊരു പുതിയ നിഗമനമാണ് ഇപ്പോഴുള്ളത്. അങ്ങനെ വന്നാൽ കേരളത്തിനും ലക്ഷദ്വീപിനുമിടയിൽ ന്യൂനമർദ്ദം കടന്നു പോകുമെന്നും മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് അത് പ്രശ്നമായി മാറുമെന്നുമുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 'കാലാവസ്ഥാ വകുപ്പ് പിന്നെയും ഉറങ്ങി' എന്നുള്ള വാർത്തയാണ് മനോരമ പത്രമടക്കം ഇവിടെ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈയൊരു സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയ്ക്കും ജനങ്ങൾക്കും അറിയാനുള്ള അവകാശമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വിശദീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്. 10-3-2018-ന് രാത്രി 9.23-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ കാലാവസ്ഥ സംബന്ധിച്ച

മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്കും എല്ലാ ഉന്നത ഉദ്യോഗസ്ഥർക്കും വിവരങ്ങൾ കൈമാറുക യുണ്ടായി. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്ന കന്യാകുമാരി, ശ്രീലങ്ക, ലക്ഷദ്വീപ്, തിരുവനന്തപുരം എന്നിവ ഉൾപ്പെടുന്ന തീര പ്രദേശങ്ങളിൽ ഈ ന്യൂനമർദ്ദം ശക്തിപ്പെടുമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനത്തിൽനിന്നും വ്യക്തമാകുന്നത്. മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനത്തിന് പോകരുതെന്ന ജാഗ്രതാനിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശത്ത് ഉച്ചഭാഷിണിയിലൂടെ അനൗൺസ് ചെയ്തും ഫോണിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സന്ദേശം നൽകിയുമാണ് ജാഗ്രതാ നിർദ്ദേശം നൽകിയത്. കന്യാകുമാരിക്ക് തെക്ക് രൂപപ്പെട്ടുവരുന്ന ന്യൂനമർദ്ദം ശക്തി പ്രാപിക്കുമെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തല ത്തിലായിരുന്നു ഈ നടപടികൾ. തിരുവനന്തപുരത്ത് കളക്ടറേറ്റിൽ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. മത്സ്യത്തൊഴിലാളി മേഖലയിൽ സന്ദേശമെത്തിക്കാൻ മത്സ്യത്തൊഴിലാളി വകുപ്പും കോസ്റ്റൽ പോലീസും റവന്യൂ വകുപ്പും ഉണർന്നു പ്രവർത്തിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി മേഖലയിലെ വിവിധ സംഘടനകളുടെ സേവനംകൂടി ഇതിന് ലഭിച്ചുവെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കന്യാകുമാരിക്ക് തെക്ക് രൂപപ്പെട്ട ന്യൂനമർദ്ദം ശക്തമാകുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം 11-3-2018-ൽ മുന്നറിയിപ്പ് നൽകിയത്. ശ്രീലങ്കയ്ക്ക് പടിഞ്ഞാറും ലക്ഷദ്വീപിന് കിഴക്കും കന്യാകുമാരിക്കും തിരുവനന്തപുരത്തിനും പടിഞ്ഞാറുമുള്ള തെക്കൻ ഇന്ത്യൻ കടലിൽ മത്സ്യബന്ധനം പാടില്ലെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചത്. തെക്കൻ കേരളത്തിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാദ്ധ്യത യുള്ളതിനാൽ ഈ മാസം 14 വരെ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്. ഇതനുസരിച്ചുള്ള ജാഗ്രതാ നിർദ്ദേശമാണ് നൽകിയത്. 11-3-2018-ന് ഉച്ചയ്ക്കുശേഷം 2.30-ന് ഇതുസംബന്ധിച്ച റിവ്യൂ നടത്തിയപ്പോൾ പൊതുവിൽ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോയില്ലെന്നാണ് റിപ്പോർട്ട് ലഭിച്ചത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പത്രവാർത്തയെക്കുറിച്ച് പറഞ്ഞു. അത് കേരളത്തിലെ കാലാവസ്ഥാ വകുപ്പിനെക്കുറിച്ചുള്ള വാർത്തയല്ല.

## V സബ്മിഷൻ

### (1) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ സബ്മിഷൻ അഞ്ചര ലക്ഷത്തോളംവരുന്ന സർവ്വീസ് പെൻഷൻകാരുടെ സൗജന്യ പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തശേഷം ആരോഗ്യപ്രശ്നങ്ങൾ കാരണം ബുദ്ധിമുട്ടുന്ന ഏകദേശം അഞ്ചരലക്ഷത്തോളം സർവ്വീസ് പെൻഷണേഴ്സാണ് കേരളത്തിലുള്ളത്. ഇതിന് വലിയൊരു ചരിത്രമുണ്ട്. 1996-ൽ ശ്രീ. എ. കെ. ആന്റണി

മുഖ്യമന്ത്രിയായിരുന്ന കാലത്താണ് സമഗ്ര ചികിത്സാ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചത്. അതിനുവേണ്ടി ഒരു കോടി രൂപ മാറ്റിവയ്ക്കുകയും ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. പിന്നീട് വന്ന ഇ. കെ. നായനാർ ഗവൺമെന്റ് കൂടുതൽ വിപുലമായ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് അന്നുകൊണ്ടു വന്ന പദ്ധതി മരവിപ്പിച്ചു. 2016-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് അത് നടപ്പാക്കാൻ തീരുമാനിച്ച് G.O(P) No. 9/16 Fin. Dated, 21-1-2016-ാം നമ്പരായി ഉത്തരവിറക്കിയിരുന്നു, എന്നാൽ അത് നടപ്പായില്ല. അതോടൊപ്പം ന്യായമായി അവകാശപ്പെടുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച ശമ്പള-പെൻഷൻ പരിഷ്കാര കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസായി പെൻഷൻകാരുടെ ചികിത്സാ പദ്ധതികൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. അത് പഠിച്ച് വിശദമായ റിപ്പോർട്ടുകൂടി ഉൾപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചത്. അതിനനുസരിച്ച് പെൻഷൻ പരിഷ്കരണ ശിപാർശയോടൊപ്പം കമ്മീഷൻ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ അത് ഉൾപ്പെടുത്തി സമർപ്പിക്കുകയും ചെയ്തു. 2017-18-ലെ ബഡ്ജറ്റിൽ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കേരളത്തിലെ പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. ജി.ഒ.(പി) നമ്പർ 54/17 ഫിൻ. തീയതി, 24-4-2017 പ്രകാരം ഈ പദ്ധതി 2017-18-ൽത്തന്നെ നടപ്പാക്കുമെന്ന് ഉത്തരവാകുകയും ചെയ്തു. തുടർന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തി ൽ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും കണ്ട് നിവേദനങ്ങൾ സമർപ്പിച്ചു. 8-11-2017-ലെ എച്ച്1/ഇ.ഒ.1/2017 ഫൈനാൻസ് എന്ന ഉത്തരവുപ്രകാരം നടപ്പാക്കുന്നത് സംബന്ധിച്ച് ഇൻഷ്വറൻസ് കമ്പനിയുടെ താല്പര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള സമ്മതപത്രങ്ങൾ ക്ഷണിക്കുകയുണ്ടായി. സർവ്വീസ് പെൻഷൻകാർക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പാക്കണമെന്ന നിർദ്ദേശത്തോട് സർക്കാർ മുഖം തിരിക്കുകയാണ്. കേരളത്തിലെ അഞ്ചരലക്ഷം വരുന്ന സർവ്വീസ് പെൻഷൻകാർക്ക് ന്യായമായി അവകാശപ്പെട്ട ഇൻഷ്വറൻസ് പദ്ധതിയാണ് അട്ടിമറിക്കപ്പെടുന്നത്. ഇൻഷ്വറൻസ് കമ്പനികൾക്ക് സമ്മതപത്രം സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ നവംബർ 4-ന് കഴിഞ്ഞുപോയി. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സർക്കാർ സ്വീകരിച്ചിട്ടില്ല. സർവ്വീസ് സംഘടനകളുമായി മന്ത്രിതലത്തിൽ ഇതുവരെ ചർച്ച ഉണ്ടായിട്ടില്ല. ജീവിതത്തിന്റെ സിംഹഭാഗവും നാടിനുവേണ്ടി സമർപ്പിച്ച ഒരു വിഭാഗം മനുഷ്യർക്ക് ശാരീരികമായി അവശത അനുഭവിക്കുന്ന കാലത്ത് കൈത്താങ്ങായി മാറേണ്ടത് ക്ഷേമ രാഷ്ട്രത്തിന്റെ കർത്തവ്യമാണ്. അതുകൊണ്ട് ശ്രീ. എ. കെ. ആന്റണിയിൽ തുടങ്ങി ശ്രീ. പിണറായി വിജയനിൽ എത്തിനിൽക്കുന്ന ഈ ഗവൺമെന്റുകൾ ഇതുസംബന്ധിച്ച് പലതവണ

പല നടപടികളും സ്വീകരിച്ചെങ്കിലും ഒരു നടപടി ഉണ്ടായിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഇത് അവതരിപ്പിച്ചു. അതുകഴിഞ്ഞ് ഉത്തരവിറക്കിയിട്ടും ഇൻഷ്വറൻസിനുള്ള സമ്മതപത്രം കൊടുക്കാത്തതു കൊണ്ട് ആ പദ്ധതി അട്ടിമറിക്കപ്പെടുമെന്നുള്ള സംശയം ആളുകൾക്ക് നിലവിലുണ്ട്. സർവ്വീസിൽനിന്ന് വിരമിച്ച് വാർദ്ധക്യത്തിലെത്തി നിൽക്കുന്ന ഈ പാവങ്ങളെ സഹായിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ശ്രീ. എ. കെ. ആന്റണിയുടെ കാലം മുതൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന കാര്യം ഈ സർക്കാരിന്റെ കാലത്ത് പ്രായോഗികമാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അങ്ങ് പറഞ്ഞതുപോലെ 24-4-2017-ൽ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഇതുസംബന്ധിച്ച്പഠനങ്ങളും ജീവനക്കാരുൾപ്പെടെയുള്ളവരുമായി ചർച്ചകളും നടത്തി. അതിനുശേഷം ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളുടെ താല്പര്യപത്രം ക്ഷണിച്ചു. ഐ.ആർ.ഡി.എ. അംഗീകാരമുള്ള അഞ്ച് ഇൻഷ്വറൻസ് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. അത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളിലേയ്ക്ക് പോകുകയാണ്. കേരളത്തിൽ സർക്കാർ നടപ്പാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയോടുകൂടി ഇത് ബന്ധിപ്പിക്കുന്നതല്ലേ നല്ലത് എന്ന ചിന്ത ഉണ്ടായതുകൊണ്ടാണ് രണ്ട് മാസത്തെ കാലതാമസമുണ്ടായത്. കാരണം അഞ്ച് ലക്ഷം പേരുകൂടി ചേരുമ്പോൾ പ്രീമിയം കുറയുന്നതിനുള്ള സാധ്യതയുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആരോഗ്യ പദ്ധതിയുടെ കാര്യങ്ങളിൽ തീരുമാനമായെങ്കിൽ മാത്രമേ നമുക്ക് സമഗ്ര ആരോഗ്യ പരിപാടിയിലേക്ക് കടക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതിൽനിന്ന് വേർപെടുത്തി പിന്നീട് വേണമെങ്കിൽ സംയോജനമാകാം എന്ന രീതിയിൽ ഇപ്പോൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഇൻഷ്വറൻസ് പദ്ധതി എത്രയുംവേഗം നടപ്പാക്കുന്നതാണ്.

## (2) കുടുംബ കോടതി

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതാണ് സബ്മിഷന്റെ വിഷയം. നെയ്യാറ്റിൻകര താലൂക്കിൽ നിലവിൽ കുടുംബ കോടതി ഇല്ല. അത്തരമൊരാവശ്യം സംബന്ധിച്ച് 2013-ലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപേക്ഷ നൽകിയത്. 2015-ൽ

ഹൈക്കോടതി കുടുംബ കോടതി ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ നിലവിൽ അതിന്റെ പ്രവർത്തനങ്ങൾ കാര്യമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ഇപ്പോൾ കുടുംബ കോടതികൾ പ്രവർത്തിക്കുന്ന നെടുമങ്ങാട്ടും തിരുവനന്തപുരത്തെ വഞ്ചിയൂരുമാണ് അത്തരം കേസ്സുകളിൽപ്പെട്ട ആളുകൾ എത്തി ചേരുന്നത്. ഏകദേശം 1700-ൽപ്പരം കേസ്സുകൾ നെയ്യാറ്റിൻകര താലൂക്കിൽത്തന്നെയുണ്ട്. നെയ്യാറ്റിൻകരയുടെ പ്രാന്തപ്രദേശങ്ങളിൽനിന്ന് നെടുമങ്ങാട് എത്തണമെങ്കിൽ ഏകദേശം 50 കിലോമീറ്റർ യാത്ര ചെയ്യണം. വഞ്ചിയൂരെത്താനും അതുപോലെ യാത്ര ചെയ്യേണ്ടതുണ്ട്. നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതി നാവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ടെങ്കിലും അത് വേഗത്തിൽ നടപ്പാക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ പാവപ്പെട്ട ആളുകളാണ് കൂടുതലായും ഇത്തരം കേസ്സുകളിൽ അകപ്പെടുന്നത്. അത്തരം കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരമായ നിലപാടുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കുന്നതു സംബന്ധിച്ച് 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലസൗകര്യങ്ങൾ വ്യക്തമായി ഉൾപ്പെട്ടിരുന്നില്ല. സർക്കാർ, ഹൈക്കോടതി രജിസ്ട്രാറുമായി വീണ്ടും കൂടിയാലോചിച്ചതിനുശേഷം ചൂണ്ടിക്കാണിച്ച സ്ഥലം കുടുംബ കോടതിക്കുവേണ്ടി നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് പോലീസ് മേധാവി അറിയിച്ചിരിക്കുന്നു. മറ്റൊരു സ്ഥലം കണ്ടെത്തി നെയ്യാറ്റിൻകരയിൽ കുടുംബ കോടതി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

11.00 AM]

### (3) അദ്ധ്യാപകന്റെ മരണം

ശ്രീ. കെ. സി. ജോസഫ്: സർ, ഷുഹൈബ് വധത്തിന്റെ വേദനകൾ അടങ്ങുന്നതിനുമുമ്പ് കാസർഗോഡ് ജില്ലയിലെ കൊലപാതകം സഭയിൽ ഉന്നയിക്കേണ്ടി വന്നതിൽ എനിക്ക് വളരെയേറെ പ്രയാസമുണ്ട്. കാസർഗോഡ് ജില്ലയിലെ ചീമേനി നാലിലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂൾ അദ്ധ്യാപകനും കേരള പ്രദേശ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ ചെറുവത്തൂർ ജില്ലാ കമ്മിറ്റി അംഗവുമായ പി. ടി. രമേശനെ മാർച്ച് 3-ാം തീയതി ശനിയാഴ്ച രാത്രി 10 മണിയോടുകൂടി മകനുമായി വീട്ടിലേയ്ക്കുപോകുന്ന വഴിയിൽവച്ച് ഒരു സംഘം അക്രമികൾ മാരകമായി ആക്രമിക്കുകയും തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തു. ഈ കേസ്സിലെ പ്രതികൾ മാർക്സിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകരാണ്. രാഷ്ട്രീയമല്ലെന്നും

വ്യക്തി വിരോധമാണെന്നും അങ്ങ് പറയുമായിരിക്കും. അതൊരു പതിവ് പല്ലവിയാണ്. കയ്യൂർ ചീമേനിയിലെ ആലന്തട്ട അങ്ങയുടെ കൈവെള്ളയിലെ രേഖപോലെ അങ്ങേയ്ക്ക് അറിയാവുന്ന പ്രദേശമാണ്. ആലന്തട്ട സി.പി.ഐ.(എം.)-ന്റെ പാർട്ടി ഗ്രാമമാണ്. കൊല്ലപ്പെട്ട രമേശൻ പ്രിയദർശിനി ക്ലബ്ബിലെ പ്രവർത്തകനാണ്. അവിടെ മാർക്സിസ്റ്റ് പാർട്ടിക്ക് മുൻതൂക്കമുള്ള മേഖലകളിൽ മറ്റൊരു പാർട്ടിക്ക് പ്രവർത്തിക്കാൻ സാധിക്കില്ല. ഇതുതന്നെയാണ് ബി.ജെ.പി.യുടെയും സമീപനം. അസഹിഷ്ണത, വേറെ ആരെയും ഉൾക്കൊള്ളാതിരിക്കുക തുടങ്ങിയ സമീപനത്തിന്റെ ആത്യന്തിക ഫലമാണ് ഈ കൊലപാതകം. കഴിഞ്ഞയാഴ്ച പയ്യന്നൂർ കോളേജിൽ കെ.എസ്.യു. പ്രവർത്തകരെ ആക്രമിച്ച് പരിക്കേൽപ്പിച്ചു. കഴിഞ്ഞ ദിവസം തളിപ്പറമ്പിൽ എസ്.എഫ്.ഐ.-ക്കാരനായ പ്രവർത്തകനെ ആർ.എസ്.എസ്. പ്രവർത്തകൻ കുത്തിപ്പരിക്കേൽപ്പിച്ചു. അക്രമങ്ങൾ കണ്ണൂർ ജില്ലയിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 25 കൊല്ലത്തിനിടയിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കോൺഗ്രസ് പ്രവർത്തകർ പ്രതികളായ ഒരു കേസും ഉണ്ടായിട്ടില്ല. കണ്ണൂരിൽ അക്രമങ്ങൾ കുറയുന്നുവെന്നുകാണിച്ച് കഴിഞ്ഞയാഴ്ച ഐ.ജി. ഒരു കണക്ക് പറഞ്ഞു. 208 കേസുകളിലെ പ്രതികൾ മാർക്സിസ്റ്റുകാരാണ്. 196 കേസുകളിലെ പ്രതികൾ ബി.ജെ.പി.ക്കാരാണ്. 6 കേസുകളിലാണ് കോൺഗ്രസ്സുകാർ പ്രതികളായിട്ടുള്ളത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അക്രമങ്ങൾക്ക് അവസാനമുണ്ടാകണം. അക്രമങ്ങൾ അവസാനിക്കണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാത്രം വിചാരിച്ചാൽ മതി. ദയവായി പോലീസിനെ നിയന്ത്രിക്കാൻ പാർട്ടിക്കാരെ അനുവദിക്കരുത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അക്രമങ്ങൾ അവസാനിക്കണം. ഈ കൊലപാതകത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യണം. അതിനുപിന്നിലുള്ള ഗൂഢാലോചനകൂടി അന്വേഷിക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ ശ്രീ. കെ. സി. ജോസഫ് പ്രസ്താവിച്ചതുപോലെ രാഷ്ട്രീയമായ കാരണമാണെന്ന് കാണാൻ കഴിയുന്ന തരത്തിലല്ല എന്റെ മുന്നിലുള്ള റിപ്പോർട്ടുകൾ. കാസർഗോഡ് ചീമേനി നാലിലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂൾ അദ്ധ്യാപകനായ പി. ടി. രമേശൻ, 3-3-2018-ന് ആലന്തട്ട എന്ന സ്ഥലത്തുവച്ച് ആക്രമിക്കപ്പെടുകയും തുടർന്ന് മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ ചീമേനി പോലീസ് ക്രൈം നമ്പർ 63/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം പ്രതി തമ്പാന്റെ മകന് കുസാറ്റിൽ എൻട്രൻസ് പരീക്ഷ എഴുതുന്നതിന് കുടുംബ വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി മൂത്ത മകൻ ഉദ്യോഗസ്ഥനാണെന്നുള്ള വിവരം മറച്ചുവച്ചിരുന്നു. ഇക്കാര്യം വില്ലേജ് ഓഫീസറോട് പറഞ്ഞുകൊടുത്തത് മരണപ്പെട്ട രമേശനായിരിക്കുമെന്ന് കരുതിയുള്ള വിരോധവും വർഷങ്ങളായുള്ള സ്വത്ത് തർക്കവുമാകാം മരുമക്കളായ ഒന്നും മൂന്നും പ്രതികളും മകനായ നാലാം പ്രതിയും ചേർന്ന് രമേശനെ ആക്രമിച്ചതെന്നാണ് ഈ കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ

നിന്ന് പോലീസിന് വെളിവായിട്ടുള്ളത്. ഈ കേസ്സിലെ ഒന്നും രണ്ടും പ്രതികൾ 9-3-2018-ന് സ്റ്റേഷനിൽ നേരിട്ട് ഹാജരായിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. മൂന്നും നാലും പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. ഒരു തരത്തിലുള്ള അലംഭാവവും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല, കർക്കശമായിത്തന്നെ നടപടി സ്വീകരിക്കും.

## (4) വിദ്യാർത്ഥിനിയെ മർദ്ദിച്ച സംഭവം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആലങ്ങാട് കളപ്പറമ്പത്ത് ജോസഫിന്റെ ഭാര്യ നീതാ ജോസഫ് ലാ കോളേജിലെ വിദ്യാർത്ഥിനി കൂടിയായ വീട്ടമ്മയാണ്. ലോക വനിതാ ദിനത്തിൽ ഒരു ഓട്ടോറിക്ഷാ ഡ്രൈവറുടെ ഭാഗത്തുനിന്നും അവർക്ക് വളരെ ക്രൂരമായ മാനസിക പീഡനവും മർദ്ദനവും ഏൽക്കേണ്ടിവന്നു. ആദ്യം പോലീസ് മടിച്ചുനിന്നെങ്കിലും പിന്നീട് കേസെടുത്തു. ഇനിയൊരിക്കലും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും ഓട്ടോറിക്ഷകൾ സ്ത്രീസൗഹൃദമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാവർക്കും പാഠമാകുന്ന രീതിയിൽ കുറ്റവാളിയെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 8-3-2018-ന് ആലുവ ബൈപ്പാസ് കവലയിൽനിന്ന് റെയിൽവേ സ്ക്വയറിലേയ്ക്ക് ഓട്ടോറിക്ഷയിൽ യാത്ര ചെയ്ത നിയമ വിദ്യാർത്ഥിനിയും വീട്ടമ്മയുമായ ശ്രീമതി നീതാ ജോസഫിനെ ഓട്ടോ ഡ്രൈവറും ആലുവ കുട്ടമശ്ശേരി സ്വദേശിയുമായ അബ്ദുൾ ലത്തീഫ് അസഭ്യം പറയുകയും ഓട്ടോയിൽ നിന്നിറങ്ങിയ വീട്ടമ്മയെ പ്രതി തള്ളി താഴെയിടുകയും മുഖത്തടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി. ശ്രീമതി നീതാ ജോസഫ് ചില്ലറ ഇല്ലാത്തതിനാൽ കൈവശമുള്ള 35 രൂപയാണ് ഓട്ടോറിക്ഷാ കൂലിയിനത്തിൽ നൽകിയത്. 40 രൂപയായിരുന്നു കൂലി. ഓട്ടോഡ്രൈവർ 40 രൂപ തന്നെ നൽകണമെന്നാവശ്യപ്പെട്ടപ്പോൾ 500 രൂപ നൽകി. ബാക്കി നൽകിയപ്പോൾ 10 രൂപ കുറച്ചാണ് നൽകിയത്. ഇത് ചോദിച്ചതിനാണ് ഓട്ടോ ഡ്രൈവർ പ്രകോപനപരമായി, സ്ത്രീയെന്ന പരിഗണനപോലും നൽകാതെ പരസ്യമായി അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്തത്. ആശുപത്രിയിൽ ചികിത്സ തേടിയ നീതാ ജോസഫിൽനിന്ന് വനിതാ പോലീസ് ഉദ്യോഗസ്ഥ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആലുവ ഈസ്റ്റ് പോലീസ് ക്രൈം നമ്പർ 932/2018 U/s 323, 325, 354, 294(b) IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രതിയായ അബ്ദുൾ ലത്തീഫിനെ പോലീസ് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. പ്രതിയുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്. കേസിൽ ആലുവ ഈസ്റ്റ് പോലീസ് വനിതാ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്.

## (5) പട്ടയ വിതരണം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കാട്ടാക്കട താലൂക്കിൽ പാറശ്ശാല മണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ ജനങ്ങളുടെ 70-ൽപ്പരം വർഷങ്ങളായുള്ള ആവശ്യമാണ് പട്ടയം ലഭിക്കുക എന്നത്. ഈ വിഷയം സംബന്ധിച്ച് ഗവൺമെന്റുകൾ പല സന്ദർഭങ്ങളിലും ചർച്ച ചെയ്യുകയും നടപടിക്ക് തയ്യാറാകുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ അവർക്ക് പട്ടയം ലഭിച്ചിട്ടില്ല. പാറശ്ശാല മണ്ഡലത്തിൽ നടപടി പൂർത്തിയാക്കിയാൽ 1106 പേർക്ക് പട്ടയം നൽകാൻ കഴിയും. കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി എന്നീ വില്ലേജുകളുടെ സർവ്വേ നടത്തിയതിൽ ആകെ വിസ്തൃതി 331.5068 ഹെക്ടർ (818 ഏക്കർ) ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. പതിറ്റാണ്ടുകളായി വീടുവച്ച് താമസിച്ചുവരുന്ന 477 കുടുംബങ്ങൾക്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കളക്ടർ ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പതിച്ച് നൽകാവുന്ന ഭൂമിയുടെ പരിധി ഒരു ഹെക്ടർ ആണെന്ന് ഗവൺമെന്റ് ഓർഡർ വന്നിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22-12-2015-ലെ എൽ.ആർ.ജെ. 6/1076/10 നമ്പർ കത്തും ജില്ലാ കളക്ടറുടെ 20-1-2016, 23-1-2016 തീയതികളിലെ ബി3 1343/03 നമ്പർ കത്തുകളുമുണ്ട്. ഓരോ വില്ലേജിനും കൊടുക്കേണ്ട പട്ടയങ്ങളുടെ നമ്പർ രേഖപ്പെടുത്തിയും ഭൂപരിധി തിട്ടപ്പെടുത്തിയും വച്ചിട്ടുണ്ട്. എല്ലാ നടപടികളും പൂർത്തിയാക്കിയെങ്കിലും ചില ഉദ്യോഗസ്ഥർ നടത്തിക്കൊണ്ടിരിക്കുന്ന തടസ്സവാദങ്ങൾ കാരണമാണ് ഈ നിർധന കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാതായത്. റവന്യൂ, ഇറിഗേഷൻ, പൊതുമരാമത്ത് വകുപ്പുകൾക്കും കാണിപ്പറ്റ, തരിശുഭൂമി മേഖലകളിലുമാണ് ഭൂമിയുള്ളത്. അവിടെ വനം വകുപ്പ് ഭൂമിയുണ്ടെന്ന് ഏതോ ഒരു ഉദ്യോഗസ്ഥൻ നടത്തിയ തെറ്റായ പരാമർശത്തിന്റെ ഭാഗമായാണ് പട്ടയം കൊടുക്കാൻ കഴിയാതെ വന്നത്. എന്നാൽ വനം വകുപ്പുദ്യോഗസ്ഥർ വനം വകുപ്പിന് അവിടെ ഭൂമിയില്ലെന്ന വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. നെയ്യാർ റിസർവോയറിന്റെ എം.എഫ്.എൽ. ആയ 86.6 മീറ്ററിനുള്ളിൽ വരുന്ന സ്ഥലം സുരക്ഷിത മേഖലയായി നിലനിർത്തേണ്ടതാണെന്ന് ജില്ലാ കളക്ടറും ഇറിഗേഷൻ വകുപ്പ് അധികൃതരും പറഞ്ഞിട്ടുണ്ട്. സാങ്കേതിക തടസ്സങ്ങൾ സൃഷ്ടിച്ച് പാവപ്പെട്ടവർക്ക് പട്ടയം കൊടുക്കാതിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നടന്ന കാര്യം ഞാൻ എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചുവെങ്കിലും വ്യക്തമാക്കിയിട്ടില്ല. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. അടൂർ പ്രകാശിന്റെ നിർദ്ദേശപ്രകാരം കുറച്ചുപേർക്ക് 60 ദിവസത്തേയ്ക്ക് പ്രൊവിഷണൽ പട്ടയം കൊടുത്തു. 60 ദിവസ കാലത്തെ പട്ടയം എത്രമാത്രം വിരോധാഭാസവും പരിഹാസവുമാണ്. തെരഞ്ഞെടുപ്പിന് മൂന്ന് മാസം മുമ്പാണ് ഈ പട്ടയങ്ങൾ കൊടുത്തിട്ടുള്ളത്. ഏകദേശം 600 പേർക്ക് ഇത്തരത്തിൽ പട്ടയം കൊടുത്ത് കബളിപ്പിച്ചിട്ടുണ്ട്. അവർ ഇപ്പോൾ നെട്ടോട്ടമോടുകയാണ്. എം.എൽ.എ. എന്ന നിലയിൽ എന്റെ മുന്നിൽ ദിവസേന ആളുകൾ വരികയാണ്.

ഗവൺമെന്റ് പ്രഖ്യാപിക്കുന്ന അടിയന്തര ആശ്വാസ പദ്ധതികളായ ലൈഫ് മിഷനിൽ വീട് ലഭിക്കുന്നില്ല, കുട്ടികളെ കല്ല്യാണം കഴിപ്പിക്കാനോ കുട്ടികൾക്ക് വിദ്യാഭ്യാസ വായ്പയെടുക്കാനോ നിവൃത്തിയില്ല. അവരുടെ കയ്യിൽ കുറച്ച് ഭൂമിയുണ്ട്, കെട്ടിടമുണ്ട്, പത്തുറുപതോളം വർഷമായി സ്ഥിരമായി താമസിക്കുന്നവരാണ്. ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന സാങ്കേതിക തടസ്സം മാറ്റി അവർക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നതാണ് എന്റെ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കെ. ഹരീന്ദ്രൻ ഉന്നയിച്ച പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വിവിധ സന്ദർഭങ്ങളിലായി ഉദ്യോഗസ്ഥതല ചർച്ചകളൊക്കെ നടത്തിയിരുന്നതാണ്. അർഹതപ്പെട്ട ഒരുപാടുപേർ അവിടെ പട്ടയത്തിന് കാത്തിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞത് വളരെയേറെ ശരിയാണ്. പക്ഷെ, ചില സാങ്കേതിക തടസ്സങ്ങളുള്ളതിന്റെ പേരിലാണ് യഥാസമയം ഈ പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നത്. അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട് എന്നീ പ്രദേശങ്ങളിലെ കയ്യേറ്റക്കാരിൽനിന്നും വീടുവച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി സർവ്വെ നടപടികൾ സർക്കാർ പൂർത്തിയാക്കിയിരുന്നു. അഞ്ചുചങ്ങല പ്രദേശവുമായി ബന്ധപ്പെട്ട പട്ടയത്തിനുവേണ്ടിയുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് വനം, ഇറിഗേഷൻ, പൊതുമരാമത്ത് എന്നീ വകുപ്പുകൾ നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിന്റെ 16-2-2016-ലെ 118/2016 സർക്കാർ ഉത്തരവുപ്രകാരം അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ എന്നീ പ്രദേശങ്ങൾ സർവ്വെ നടത്തിയതിൽ ആകെ വിസ്തൃതിയായ 331.5069 ഹെക്ടർ (818.82 ഏക്കർ) ഭൂമിയിൽ വീടുവച്ച് താമസിക്കുന്ന 477 കുടുംബങ്ങൾക്കാണ് പട്ടയം അനുവദിക്കാൻ ഉത്തരവായത്. ഡാം സ്ഥിതിചെയ്യുന്ന സ്ഥലം നിരോധിത മേഖലയായതിനാൽ ഡാം സുരക്ഷാ സമിതിയുടെ അനുവാദം ആവശ്യമാണെന്നും ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ ക്ലാമിലാർ റിസർവ്വെന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങൾ പതിച്ച് നൽകുന്നതിനായി ഇത് വനമായി നോട്ടിഫൈ ചെയ്തിട്ടുള്ളതാണോ; വനം വകുപ്പിന് ഈ ഭൂമിയിൽ എന്തെങ്കിലും അവകാശമുണ്ടോ എന്നതും വനം വകുപ്പ് വ്യക്തമാക്കേണ്ടതാണ്. കൂടാതെ കാണിപ്പറ്റ് ഇറിഗേഷൻ, നെയ്യാർഡാം റിസർവോയർ എന്നിവിടങ്ങളിൽ ഇനം മാറ്റുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് നിരാക്ഷേപ പത്രം ആവശ്യമാണ്. ഇപ്രകാരം നിരാക്ഷേപ പത്രം ലഭിച്ചാൽ മാത്രമേ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്താനും ഭൂമി പതിവ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളൂ. കാണിപ്പറ്റ്

ഉൾപ്പെടെയുള്ള പട്ടയ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 14-3-2018-ന് അഡീഷണൽ ചീഫ് സെക്രട്ടറി മീറ്റിംഗ് വിളിച്ചിട്ടുണ്ട്. രണ്ട് ദിവസങ്ങൾക്കുശേഷം വീണ്ടും യോഗം ചേരുകയാണ്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന വില്ലേജുകളായ പെരുങ്കടവിള, കൊല്ലയിൽ, വെള്ളറട, ആനാവൂർ, കുന്നത്തുകാൽ, പരശ്ശുവയ്ക്കൽ, ഒറ്റശേഖരമംഗലം, കീഴാറ്റൂർ, അമ്പൂരി, കള്ളിക്കാട്, വാഴിച്ചൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. എന്നാൽ നിയമപരമായി തടസ്സങ്ങളില്ലാത്ത അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 153 പട്ടയങ്ങൾ പാറശ്ശാല മണ്ഡലത്തിൽ വിതരണത്തിനായി തയ്യാറായിട്ടുമുണ്ട്. പാറ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് എന്നിവ പതിച്ചുനൽകാൻ നിയമ വ്യവസ്ഥയില്ലാത്തതിനാൽ അത്തരത്തിലുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ടതുണ്ട്. കോളനി പട്ടയത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിമാർ അവരവരുടെ പഞ്ചായത്തുകളിലെ കോളനി ആവശ്യത്തിലേയ്ക്ക് വാങ്ങിയ ഭൂമിയുടെ ആധാരങ്ങൾ ലഭ്യമല്ലെങ്കിൽ ആധാരത്തിന്റെ പകർപ്പ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നെടുക്കാനും അതിനുശേഷം പ്രസ്തുത കോളനികളിൽ താമസിക്കുന്നവരുടെ പേർക്ക് പ്രമാണം ചെയ്ത് നൽകുന്നതിനും തീരുമാനിച്ചിരുന്നു. അതിനായി പ്രത്യേക സർക്കാർ ഉത്തരവ് അനിവാര്യമാണെങ്കിൽ പുതിയ ഉത്തരവിനുവേണ്ടി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും ശിപാർശയൊന്നും ലഭിച്ചിട്ടില്ല. കണ്ടുകൃഷി ഭൂമി പട്ടയങ്ങളുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാനുള്ള കാലതാമസം മാപ്പാക്കി പട്ടയം നൽകുന്നതിന് ഫയൽ വരുന്ന മുറയ്ക്കുതന്നെ അനുമതി നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ പാറശ്ശാല മണ്ഡലത്തിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനം, ഇറിഗേഷൻ, പൊതുമരാമത്ത്, പഞ്ചായത്ത് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടി സ്വീകരിച്ച് പ്രശ്നത്തിന് എത്രയുംവേഗം പരിഹാരം കാണുന്നതാണ്. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് പട്ടയ നടപടികൾ സ്വീകരിച്ചുവരുന്നത്. ചട്ടങ്ങൾ പ്രകാരം നിയമപ്രശ്നങ്ങളില്ലാത്ത അപേക്ഷകളിന്മേൽ കാലതാമസമില്ലാതെ പട്ടയ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 14-3-2018-ന് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന യോഗത്തിനുശേഷം ഈ വിഷയത്തിൽ എത്രയുംവേഗം നടപടി സ്വീകരിക്കുന്നതായിരിക്കും.

## (6) താലൂക്ക് ആശുപത്രി വികസനം

ശ്രീ. ഇ. കെ. വിജയൻ: സർ, 2001-02 കാലഘട്ടത്തിലാണ് നാദാപുരം ആശുപത്രിയെ താലൂക്കാശുപത്രിയാക്കി ഉയർത്തിയത്. ഇതനുസരിച്ച് ജീവനക്കാരുടെയും മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെയും കുറവ് ഇപ്പോഴും ആശുപത്രിയിൽ നിലനിൽക്കുകയാണ്. ഇത് പരിഹരിക്കുന്നതിനാവശ്യമായ വിഷയം സബ്മിഷനിലൂടെ

ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ പരിഗണനയ്ക്കായി ഞാൻ അവതരിപ്പിക്കുകയാണ്. ആശുപത്രിയിൽ ഇപ്പോൾ എട്ട് സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ തസ്തികയാണുള്ളത്. അതിൽത്തന്നെ ഒരു ഗൈനക്കോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. മറ്റൊരു ഗൈനക്കോളജിസ്റ്റ് ലീവിലാണ്. ഒരു ഡെർമെറ്റോളജിസ്റ്റ് അനധികൃത അവധിയിലുമാണ്. അതുകൊണ്ടുതന്നെ മൂന്ന് ഡോക്ടർമാരുടെ അപര്യാപ്തത നിലനിൽക്കുന്നുണ്ട്. ഏകദേശം ആയിരത്തിലധികം ഒ.പി.യും നൂറോളം ഐ.പി.യുമുള്ള ആശുപത്രിയാണിത്. ആദിവാസികൾ ഉൾപ്പെടെയുള്ള വളരെ പാവപ്പെട്ട മനുഷ്യരുടെ ആശ്രയകേന്ദ്രമാണ് ഈ ആശുപത്രി. ഇത്രയധികം സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ കുറവ് അവിടെ വലിയ ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. കൂടാതെ ഒരു എല്ലുരോഗ വിദഗ്ദ്ധന്റെ തസ്തികകൂടി പ്രസ്തുത ആശുപത്രിയിൽ ആവശ്യമാണ്. ഒഫ്ത്താൽമോളജിസ്റ്റിന്റെ സേവനം ലഭ്യമാണെങ്കിലും ഒഫ്ത്താൽമോളജിസ്റ്റ് ഡോക്ടർ തസ്തികയില്ല. അതും അത്യാവശ്യമാണ്. 2001-02 കാലഘട്ടത്തിൽ എട്ട് സ്റ്റാഫ് നഴ്സിന്റെ തസ്തികയടക്കം പതിനാറോളം സ്റ്റാഫ് നഴ്സുമാരുടെ തസ്തികകൾ നിലനിന്നിരുന്നതാണ്. സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി അത് എട്ട് തസ്തികയായി മാറുകയാണുണ്ടായത്. സ്റ്റെങ്ത് ഫിക്സേഷനുമായി ബന്ധപ്പെട്ട് എട്ട് തസ്തികകൾ ഇല്ലാതായത് പരിഹരിക്കപ്പെടേണ്ടതുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ കുറവുമൂലം രോഗികൾക്ക് കൃത്യമായ സേവനം ലഭിക്കുന്നില്ല. ആകെ ഒരു ഫാർമസിസ്റ്റിന്റെ തസ്തിക മാത്രമാണ് അവിടെയുള്ളത്. അതും ഒഴിഞ്ഞുകിടക്കുകയാണ്. ഫാർമസിയിൽ ഒരു ഫാർമസിസ്റ്റിന്റെയും ഒരു സ്റ്റോർ കീപ്പറുടെയും പുതിയ തസ്തികകൾ ആവശ്യമാണ്. ആശുപത്രിയിൽ 300 എം.എ.-യുടെ ഒരു ഡിജിറ്റൽ എക്സ്-റേ മെഷീൻ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ, അവിടെ ഒരു എക്സ്-റേ ടെക്നീഷ്യന്റെയോ എക്സ്-റേ അറ്റൻഡറുടെയോ സ്ഥിരം തസ്തിക നിലവിലില്ല. അവിടെ ഒരു ബ്ലഡ് ബാങ്കുണ്ട്. എന്നാൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യനില്ല. ക്ലീനിംഗ് ജോലിക്ക് നിയമിക്കപ്പെടുന്ന ആശുപത്രി അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ രണ്ട് ഒഴിവുകളും നികത്തപ്പെടാനുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന മറ്റൊരു കാര്യം, കേരളത്തിൽ ഏറ്റവും കൂടുതൽ വൃക്ക സംബന്ധമായ രോഗികളുള്ള ഒരു പ്രദേശമാണ് നാദാപുരം മേഖല. അതുകൊണ്ട് ഒരു ഡയാലിസിസ് യൂണിറ്റിന്റെ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ളതും അത് അനുവദിക്കാമെന്ന് മന്ത്രി വാക്കാൽ സൂചിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. അക്കാര്യംകൂടി പരിഗണിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നൊരു പ്രദേശം കൂടിയാണിത്. വർദ്ധിച്ചുവരുന്ന അപകടസാധ്യതയ്ക്ക് നിദാനമായ ഈ മേഖലയിലെ വാഹനപ്പെരുപ്പവും മേഖലയുടെ വിസ്തൃതിയും മെച്ചപ്പെട്ട ആശുപത്രിയുടെ അമിതമായ ദൂരപരിധിയും കണക്കിലെടുത്ത് 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന ട്രോമാ കെയർ സെന്റർ, ഒ.പി.യുടെയും ഐ.പി.യുടെയും കണക്കിനനുസരിച്ചുള്ള കൃത്യമായ സ്റ്റാഫ് നഴ്സ് പാറ്റേൺ,

ഗൈനക്കോളജിസ്റ്റ്, ഒഫ്ത്താൽമോളജിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റ് ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാനും നിയമനം നടത്താനുമുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നാദാപുരം ആശുപത്രിയെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിരുന്നുവെങ്കിലും താലൂക്കാശുപത്രിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യവും സ്റ്റാഫ് പാറ്റേണും പൂർത്തിയായിട്ടില്ല. സ്റ്റാഫ് പാറ്റേൺ വളരെ പരിമിതമാണെന്നതാണ് വസ്തുത. മലബാർ പാക്കേജിലുൾപ്പെടുത്തി അവിടെ അഞ്ചുനില കെട്ടിടം പണിതുകൊണ്ടിരിക്കുകയാണ്. നേരത്തെ അനുവദിച്ചതാണെങ്കിലും ഇതുവരെ അതിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. മൂന്ന് കോടി രൂപയ്ക്ക് അത് പൂർത്തിയാകാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ ബാക്കി പണി പൂർത്തിയാക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നാഷണൽ ഹെൽത്ത് മിഷനെ ചുമതലപ്പെടുത്തുകയും ഏകദേശം നാൽപത് ലക്ഷത്തോളം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതോടെ പശ്ചാത്തല സൗകര്യങ്ങളുടെ പരിമിതി പരിഹരിക്കപ്പെടും; അത് ഉടൻതന്നെ പൂർത്തിയാകും. ആയിരത്തോളം ഒ.പി.യും 110 കിടക്കകളുമുള്ള ആ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫില്ലെന്നത് കേരളത്തിലെ മറ്റു പല ആശുപത്രികളെയുംപോലെ തന്നെ അനുഭവപ്പെടുന്ന ഗുരുതരമായ പ്രശ്നമാണ്. ആർദ്രം മിഷന്റെ ഭാഗമായി ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയെ എല്ലാ സ്പെഷ്യാലിറ്റികളോടുംകൂടി വികസിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റിയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ അവിടെ പോസ്റ്റ് ക്രിയേഷനും നടത്തിക്കൊണ്ടിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 44 ആശുപത്രികളെടുത്ത് പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനും സ്പെഷ്യാലിറ്റികൾ വർദ്ധിപ്പിക്കുന്നതിനും പോസ്റ്റ് ക്രിയേഷനുമുള്ള നടപടി കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ സ്വീകരിച്ചു. അടുത്ത ഘട്ടത്തിൽ നാദാപുരം ആശുപത്രിയെ അതിൽ ഉൾപ്പെടുത്തുന്നതും അവിടെ പോസ്റ്റ് ക്രിയേഷനാവശ്യമായ ഫയലുകൾ ധനകാര്യ വകുപ്പിലേയ്ക്കയയ്ക്കുന്നതുമാണ്. മാത്രമല്ല സൗകര്യം ഒരുക്കുന്ന മുറയ്ക്ക് അടിയന്തരമായി ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതാണ്. താലൂക്ക് ലെവൽ ആശുപത്രിയാണെങ്കിലും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ ലേ സെക്രട്ടറി (Lay Secretary), ട്രഷറർ, ഹെഡ് ക്ലാർക്ക് തുടങ്ങിയ തസ്തികകൾ പോലുമില്ലാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ഗൈനക്കോളജിസ്റ്റ് അവധിയിലാണ്, എന്നാൽ ഒരാൾ ജൂനിയർ കൺസൾട്ടന്റായിട്ടുണ്ട്. ഒഴിവുള്ള തസ്തിക നികത്തുന്നതിന് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡെലിവറി പോയിന്റുകൾ നന്നാക്കുന്നതിന്റെ

ഭാഗമായി കിട്ടാവുന്നിടത്തോളം ഗൈനക്കോളജിസ്റ്റുകളെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഗൈനക്കോളജിസ്റ്റുകളെ ലഭിക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ടെങ്കിലും നാദാപുരം ആശുപത്രിയിൽ ഉടൻതന്നെ ഗൈനക്കോളജിസ്റ്റുകളെ നിയമിച്ച് ഡെലിവറി യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിച്ചുകൊണ്ട് ഏറ്റവും നല്ല വിഭാഗമായി മെറ്റേണിറ്റി വിഭാഗത്തെ മാറ്റുന്നതിനും ആലോചിച്ചിട്ടുണ്ട്. അടുത്തഘട്ടത്തിൽ നാദാപുരം ആശുപത്രിയും പരിഗണനയിലുണ്ട്. എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. ഡയാലിസിസ് യൂണിറ്റ് ഉടൻതന്നെ അനുവദിക്കുന്നതാണ്.

## (7) കിടത്തി ചികിത്സ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ അലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കേണ്ടതിന്റെ ആവശ്യകത വകുപ്പിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജനസാന്ദ്രതയേറിയ അഞ്ച് പഞ്ചായത്തുകൾ ആശ്രയിക്കുന്ന സാമൂഹികാരോഗ്യ കേന്ദ്രമാണിത്. 22 കിടക്കകളും ആവശ്യത്തിന് കെട്ടിടവും ഭാവിയിൽ കെട്ടിടം വികസിപ്പിക്കുന്നതിനുള്ള സ്ഥലവുമുണ്ട്. എല്ലാ തരത്തിലും കിടത്തിച്ചികിത്സയുള്ള ആശുപത്രിയാക്കി അതിനെ മാറ്റേണ്ടത് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. പ്രധാനമായും അലനല്ലൂർ, കോട്ടോപ്പാടം, തച്ചനാട്ടുകര എന്നീ പാലക്കാട് ജില്ലയിലെ മൂന്ന് പഞ്ചായത്തുകളും മലപ്പുറം ജില്ലയിലെ താഴെക്കോട്, വെട്ടത്തൂർ പഞ്ചായത്തുകളും ആശ്രയിക്കുന്നത് ആ ആരോഗ്യ കേന്ദ്രത്തെയാണ്. 2008-ൽ സി.എച്ച്.സി.യാക്കി മാറ്റിയെങ്കിലും മറ്റ് സൗകര്യങ്ങളില്ലാത്തതുകൊണ്ട് കിടത്തിച്ചികിത്സയ്ക്ക് കഴിയുന്നില്ല. ഡെങ്കിപ്പനിയൊക്കെ വ്യാപകമായുണ്ടാകുമ്പോൾ ചില സമയത്ത് രണ്ടോ മൂന്നോ മാസത്തേക്ക് കിടത്തി ചികിത്സ നടത്താറുണ്ട്. അപ്പോൾ കിടത്തിച്ചികിത്സ നടത്താൻ കഴിയുമെന്ന് അത് തെളിയിക്കുന്നുണ്ട്. പകർച്ചവ്യാധിയുടെ സമയത്ത് ആയിരത്തോളം ആളുകൾ ഈ ആശുപത്രിയിലെത്താറുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു ആരോഗ്യ കേന്ദ്രമാണത്. അവിടെ കിടത്തിച്ചികിത്സ അനുവദിച്ച് അതിനുള്ള സൗകര്യങ്ങളുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളത്തിലെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളാണ് ഒരോ സബ്മിഷനിലും വെളിവാകുന്നത്. സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്തെങ്കിലും സി.എച്ച്.സി.-ക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേൺ അവിടെയില്ല എന്നതാണ് വസ്തുത. വർഷങ്ങളായിട്ടും അത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു സിവിൽ സർജൻ, ഒരു അസിസ്റ്റന്റ് സർജൻ, സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 രണ്ട്, ഗ്രേഡ്-II രണ്ട്, ഒരു ഫാർമസിസ്റ്റ്, ഒരു ലാബ്

ടെക്നീഷ്യൻ, രണ്ട് നഴ്സിംഗ് അസിസ്റ്റന്റ് എന്നിങ്ങനെയാണ് സ്റ്റാഫ് പാറ്റേൺ. രണ്ട് ഡോക്ടർമാരെക്കൊണ്ട് എങ്ങനെയാണ് കിടത്തിച്ചികിത്സ ഉറപ്പാക്കുക? അലനല്ലൂരിൽ കിടത്തിച്ചികിത്സ ആരംഭിക്കേണ്ടതുതന്നെയാണ്, ആരംഭിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. എന്നാൽ സംസ്ഥാനത്തുടനീളമുള്ള സി.എച്ച്.സി.-കളുടെയും സ്ഥിതി ഇതാണ്. അതുകൊണ്ട് ഒരുമിച്ച് അത്രയും തസ്തിക ക്രിയേറ്റ് ചെയ്യുക എന്നത് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എത്ര വലിയ ബാധ്യതയായി വരുമെന്നുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും മനസ്സിലാക്കേണ്ട വസ്തുതയാണ്. 4200-ൽപ്പരം തസ്തിക സൃഷ്ടിച്ചിട്ടും തികയാതെവരുന്നത് ഇവിടെ കാലാകാലങ്ങളായുള്ള അലംഭാവത്തിന്റെ ഭാഗമായാണ്. അതുകൊണ്ട് അത് ഉപേക്ഷിക്കണമെന്നല്ല ഞാൻ പറയുന്നത്. ആദിവാസികളടക്കം വലിയ തോതിൽ ജനങ്ങൾ ചികിത്സയ്ക്കെത്തുന്ന സി.എച്ച്.സി.-യാണത്. ആർദ്രം പദ്ധതിയിൽ എല്ലാ സി.എച്ച്.സി.കളുമെടുക്കാൻ കഴിയില്ല. ഒന്നേമുക്കാൽ വർഷംകൊണ്ട് കേരളത്തിൽ അത്ഭുതാവഹമായ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഡയാലിസിസ് യൂണിറ്റടക്കം കൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സി.എച്ച്.സി.-കൾ മുഴുവൻ എടുക്കുമ്പോൾ അതൊരു വലിയ ബാധ്യതയായി വരുന്നു. എങ്കിലും വളരെ പ്രധാനപ്പെട്ട കുറെ സി.എച്ച്.സി.കളെങ്കിലും കിടത്തിച്ചികിത്സയുള്ളതാക്കി മാറ്റി അപ്ഗ്രേഡ് ചെയ്യണമെന്ന ആഗ്രഹമുണ്ട്. ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന ഘട്ടത്തിൽ അലനല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന് മുന്തിയ പരിഗണന നൽകും.

## (8) റോഡ് വികസനം

ശ്രീ. ആർ. രാജേഷ് : സർ, കായകുളം-പുനലൂർ റോഡിന്റെ നവീകരണവും വികസനവും സംബന്ധിച്ചാണ് ഈ സബ്മിഷൻ. കായംകുളം, മാവേലിക്കര, അടൂർ എന്നീ മൂന്ന് നിയോജക മണ്ഡലങ്ങളിലാണ് പ്രധാന പ്രശ്നം. കായംകുളത്തുനിന്ന് മാവേലിക്കരവഴി അടൂരിലേയ്ക്ക് പോകുന്ന റോഡിൽ ഗുരുതരമായ ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ദിവസവും അവിടെ അപകടങ്ങളുണ്ടാകുകയും ആളുകൾ മരണപ്പെടുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. കഴിഞ്ഞ ദിവസം അപകടത്തിൽപ്പെട്ട് ഒരു കുടുംബത്തിലെ മൂന്നുപേർ മരണപ്പെട്ടു. ദേശീയപാതയിൽ ആരംഭിച്ച് എം.സി. റോഡിൽ അവസാനിക്കുന്ന റോഡ് വരെയാണ് കൂടുതൽ ഗതാഗതക്കുരുക്ക്. കൊല്ലം-തേനി ദേശീയപാതയും ആ റോഡിൽക്കൂടി കടന്നുപോകുന്നുണ്ട്. റോഡ് വീതി കൂട്ടുന്നതിനായി നിലവിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ വീതി ഉപയോഗപ്പെടുത്തിയുള്ള ടാറിംഗ് നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി. ബസുകളും പ്രൈവറ്റ് ബസുകളും ഇരുചക്ര വാഹനങ്ങളുമുൾപ്പെടെ ആയിരക്കണക്കിന് വാഹനങ്ങളാണ് അതുവഴി കടന്നുപോകുന്നത്. അശാസ്ത്രീയമായ പാർക്കിംഗും ബസ്ബേകൾ ഇല്ലാത്തതും

അപകടം വർദ്ധിപ്പിക്കുന്നു. ആധുനിക ട്രാഫിക് സംവിധാനങ്ങളോടെ റോഡിന്റെ വീതികൂട്ടിയും ആളുകൾക്ക് നടന്നുപോകാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തിയും ഈ റോഡിന്റെ ശാസ്ത്രീയ പുനർനിർമ്മാണം നടത്തണമെന്നാണ് സബ്മിഷന്റെ ഭാഗമായി ആവശ്യപ്പെടാനുള്ളത്. തുടർച്ചയായി അപകടമുണ്ടാകുന്നതിന് ശാശ്വത പരിഹാരമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കായംകുളം-പത്തനാപുരം റോഡിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ആർ. രാജേഷ് ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ ആദ്യകാല റോഡുകളിലൊന്നാണിത്. കായംകുളം, പത്തനാപുരംവഴി പുനലൂർ, അടൂർവഴി കൊട്ടാരക്കര, കോന്നി, റാന്നി സ്ഥലങ്ങളിലേയ്ക്കെല്ലാം പോകുന്ന പ്രധാനപ്പെട്ട റോഡാണിത്. രാജവാഴ്ചക്കാലത്തു തന്നെ കോൺക്രീറ്റ് ചെയ്ത ആദ്യത്തെ റോഡായിരുന്നു കായംകുളം-പുനലൂർ റോഡ്. സ്കൂൾ വിദ്യർത്ഥികളോട് ഇതുസംബന്ധിച്ച് പരീക്ഷയ്ക്ക് ചോദ്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. എന്നാൽ പിന്നീട് ഈ റോഡിന് വേണ്ടത്ര പ്രാധാന്യം ഗവൺമെന്റുകൾ നൽകിയിട്ടില്ലെന്നാണ് കാണുന്നത്. ശാസ്ത്രീയമായി ആ റോഡ് നിർമ്മിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് ശരിയാണ്, അപകടങ്ങളുണ്ടാകുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള റോഡ് സേഫ്റ്റി പ്രവൃത്തികൾക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതും വളരെ അപര്യാപ്തമാണ്. 20 ലക്ഷം രൂപകൊണ്ട് റോഡിന് സെൻട്രൽ ലൈൻ, റിഫ്ലക്ടീവ് സ്റ്റഡുകൾ, അപകടസൂചക ബോർഡുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്. കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കോൺട്രാക്ടർക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണ്. 7-1-2018-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം നടന്ന യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ട്രാഫിക് വർദ്ധിച്ച സാഹചര്യത്തിൽ റോഡിന്റെ വീതി 9 മീറ്ററാക്കി ബിറ്റുമിൻ കോൺക്രീറ്റ് ഓവർലേ നടത്തി പുനരുദ്ധരിക്കുന്നതിനുള്ള 40 കോടി രൂപയുടെ ഡി.പി.ആർ. ആണ് നടപ്പാക്കിവരുന്നത്. സബ്മിഷൻകൂടി ഉന്നയിച്ച സ്ഥിതിക്ക് റോഡിൽ ഗവൺമെന്റിന്റെ പക്കലുള്ള മുഴുവൻ സ്ഥലവും എടുക്കുന്നതായിരിക്കും നല്ലതെന്നാണ് തോന്നുന്നത്. അവിടെയുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ശാസ്ത്രീയമായി റോഡ് നിർമ്മിക്കേണ്ടതുണ്ട്. മൂന്ന് അസംബ്ലി മണ്ഡലങ്ങളാണ്, മൂന്ന് എം.എൽ.എ.-മാരും സംയുക്തമായി ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. കേരളത്തിലെ പുരാതനവും വലിയ ജനസഞ്ചാരവും വാഹനസഞ്ചാരവുമുള്ളതും യാത്രാപരവും തന്ത്രപ്രധാനമായതും തീരദേശത്തെയും മലയോരത്തെയും ബന്ധിപ്പിക്കുന്നതുമായ ഈ റോഡ് മികച്ചതാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## (9) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: സർ, നമുക്ക് അന്നംതരുന്ന നെൽകർഷകരെ മില്ലുടമകളുടെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സപ്ലൈകോയും മില്ലുടമകളും തമ്മിൽ നിലവിലുള്ള കരാർപ്രകാരം കൊയ്ത്ത് കഴിഞ്ഞ നെല്ല് ചാക്കിലാക്കി ചാക്കുനൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി തൂക്കം നോക്കി വണ്ടിയിൽ കയറ്റുന്ന പണികൾ മില്ലുടമകൾ നിർവ്വഹിക്കേണ്ടതാണ്. നെല്ലിന്റെ തൂക്കം നോക്കി കർഷകർക്ക് രസീത് നൽകണം. ഈ പണികൾക്കായി ഒരു കിലോഗ്രാം നെല്ലിന് 49 പൈസ സർക്കാർ മില്ലുടമകൾക്ക് നൽകുന്നുണ്ട്. ഈ പണികൾ മില്ലുകാർ ചെയ്യാതെ കർഷരെക്കൊണ്ട് ചെയ്യിക്കുകയാണ്. കർഷകർ തയ്യാറായില്ലെങ്കിൽ സംഭരണം നിർത്തുമെന്ന് മില്ലുകാർ ഭീഷണിപ്പെടുത്തുമ്പോൾ കൊയ്ത നെല്ല് പാടത്തുകിടന്ന് നശിച്ചുപോകുമെന്ന ഭയത്താൽ കർഷകർ ഈ പണിയെടുക്കാൻ നിർബന്ധിതരാകുകയാണ്. എന്നാൽ മില്ലുകാർ ചെയ്യേണ്ട പ്രവൃത്തികൾ ഏറ്റെടുക്കുന്ന കർഷകർക്ക് സർക്കാർ നൽകുന്ന സംഖ്യ കൊടുക്കാതെ മില്ലുകാർ തട്ടിയെടുക്കുകയാണ്. സർക്കാർ നൽകുന്ന 49 പൈസയിൽ കയറ്റുകൂലി ഇനത്തിൽ 12 പൈസ മാത്രമാണ് കർഷകർക്ക് മില്ലുകാർ നൽകുന്നത്. മില്ലുകാരുടെ ഈ പ്രവൃത്തി ഒരർത്ഥത്തിൽ നോക്കുകൂലി തന്നെയാണ്. ഈ തട്ടിപ്പിന് അറുതി വരുത്തണം. ഒന്നുകിൽ മില്ലുകാരുടെ ഉത്തരവാദിത്വം അവർ നിർവ്വഹിക്കണം. അല്ലെങ്കിൽ ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന കർഷകർക്ക് സർക്കാർ നൽകുന്ന തുക കൊടുക്കണം. ബഹുമാന്യരായ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ജില്ലയിൽ രണ്ടുപ്രാവശ്യം യോഗം ചേർന്നിരുന്നുവെങ്കിലും ഈ വിഷയത്തിൽ ഒരു തീരുമാനവുമായില്ല. പിന്നീട് കളക്ടറുടെ സാന്നിദ്ധ്യത്തിൽ മില്ലുടമകളുമായി ചർച്ച നടന്നു. മില്ലുടമകൾ ഒഴികെ അവിടെ പങ്കെടുത്തവരെല്ലാം കർഷകരുടെ ന്യായമായ ഈ ആവശ്യത്തോടൊപ്പമാണ് നിന്നത്. പക്ഷെ തീരുമാനമാകാതെ യോഗം പിരിയുകയാണുണ്ടായത്. കർഷകർ സമരരംഗത്തേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. കർഷകരെ കൊണ്ട് പണിയെടുപ്പിച്ചാൽ 49 പൈസ അവർക്ക് കൊടുക്കണം. അല്ലെങ്കിൽ മില്ലുകാർതന്നെ ആ പണി നേരിട്ട് നിർവ്വഹിക്കണം. സർക്കാർ ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടിയെടുക്കണമെന്നാണ് ഈ സബ്മിഷൻവഴി ഉന്നയിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം കേരളത്തിലെ നെൽകർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽനിന്നും ഏറ്റെടുത്ത് ആധുനിക

മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കേരളത്തിലെ വിവിധ മില്ലുകളുമായി സപ്ലൈകോ ഏർപ്പെടുന്ന കരാർ പ്രകാരമാണ് സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലേയ്ക്ക് നൽകുന്നത്. തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണത്തിൽ നെല്ല് ചാക്കിലാക്കൽ, ചാക്ക് തുന്നിക്കെട്ടൽ, തൂക്കം നോക്കൽ എന്നീ പ്രവൃത്തികൾക്കുള്ള തുക കർഷകർക്ക് നൽകുന്നതിനെപ്പറ്റി മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാറിൽ പ്രതിപാദിച്ചിട്ടില്ല. എന്നാലും മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാർ പ്രകാരം കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്നതിനായി ചണച്ചാക്കുകൾ നൽകുന്നതിനും തൂക്കം നോക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായിവരുന്ന ചെലവുകൾ മില്ലുകാർതന്നെ വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കർഷകരിൽനിന്നും നെല്ല് ഏറ്റെടുത്തതുമുതൽ സംസ്കരിച്ച് അരിയാക്കി വിതരണയോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾക്ക് പ്രോസസിംഗ് ചാർജ്ജായി ഒരു ക്വിന്റൽ നെല്ലിന് 214 രൂപ സപ്ലൈകോ മില്ലുകാർക്ക് നൽകിവരുന്നു. ഈ തുകയുടെ വിഭജനം ചുവടെ ചേർക്കുന്നു :

1. നെല്ലുകളുടെ ചണച്ചാക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതിനും നെല്ല് തൂക്കിയെടുക്കുന്നതിനും - 37 രൂപ.
2. നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലി - 12 രൂപ.
3. നെല്ല് കടത്തുകൂലി, മിൽ ഗോഡൗണിലേയ്ക്ക് - 30 രൂപ.
4. മില്ലിലെ ഗോഡൗണിൽ ഇറക്കുകൂലി, സൂക്ഷിപ്പ് മുതലായവയ്ക്ക് -19 രൂപ
5. നെല്ല് സംസ്കരണം, അരി, ചണച്ചാക്ക് കയറ്റുകൂലി -116 രൂപ.

അങ്ങനെ ആകെ 214 രൂപ. ടി തുകയിൽ നിന്നും 12 രൂപ ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകാൻ മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് കൃത്യമായും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കയറ്റുകൂലിയിൽ വർദ്ധനവ് വേണമെന്നത് നാളുകളായി കൃഷിക്കാർ ഉന്നയിച്ചുപോരുന്ന പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. കൃഷിക്കാർക്ക് നൽകിവരുന്ന കയറ്റുകൂലിയിൽ വർദ്ധനവുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## (10) ടീച്ചിംഗ് ജോലി ഒഴിവാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അങ്ങ് വിദ്യാഭ്യാസരംഗത്ത് നല്ല ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. പുതിയ പരിഷ്കരണമെന്നുള്ള നിലയിൽ ഞാൻ അതിനെ കാണുകയാണ്. പക്ഷെ അതൊരു ആകാശകുസുമമായി മാറാതിരിക്കണം. നിലവിലുള്ള സിസ്റ്റം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്ക് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പൊതുഭരണം, പരീക്ഷകളുടെ നടത്തിപ്പ്, മൂല്യനിർണ്ണയവും സർട്ടിഫിക്കറ്റ് വിതരണവും, പി.ടി.എ.യുടെ കാര്യം, മറ്റ് മീറ്റിംഗുകൾ, പ്ലാനും പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കൽ, ഏകജാലകംവഴി കുട്ടികളുടെ അഡ്മിഷൻ തുടങ്ങി നോൺ അക്കാദമിക്കായ നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. അതുകൂടാതെ 24 പിരീഡുകൾ അവർക്ക് ക്ലാസുമെടുക്കണം. എന്നാൽ താഴെയുള്ള എൽ.പി. സ്കൂളുകളിൽ 125 കുട്ടികളുണ്ടെങ്കിൽ 4 ടീച്ചർമാരും ഒരു ഹെഡ്മാസ്റ്ററുമാണുള്ളത്. ഹെഡ്മാസ്റ്റർക്ക് ക്ലാസെടുക്കണ്ട. യു.പി. വിഭാഗത്തിലും ആ സിസ്റ്റമുണ്ട്. ഏകദേശം 150 ആൺകുട്ടികളുടെ ഒരു നിബന്ധന വച്ചിട്ടുണ്ട്. അപ്പോൾ ഹയർ സെക്കണ്ടറിയിലെ പ്രിൻസിപ്പൽമാരുടെ ബാദ്ധ്യത വളരെ കൂടുതലാണ്. ക്ലാസെടുക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കിയാൽ മറ്റ് ആക്ടിവിറ്റികളുമായി അവർക്ക് മുന്നോട്ടു പോകാൻ കഴിയും. ഹയർ സെക്കണ്ടറി പ്രിൻസിപ്പലിനുമാത്രമാണ് ക്ലാസിൽ പോയി പഠിപ്പിക്കേണ്ടിവരുന്നത്. അങ്ങനെ വരുമ്പോൾ മൊത്തത്തിലുള്ള പ്രവർത്തനത്തെ അത് ബാധിക്കും. അത് അങ്ങയുടെ സങ്കല്പത്തിന് വിരുദ്ധമാകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് അവരെ അതിൽനിന്ന് മാറ്റിയെടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇന്ന് ഒരു ചോദ്യം ചോദിച്ചതിന് ഏകദേശ രൂപത്തിൽ അങ്ങ് മറുപടി പറഞ്ഞെങ്കിലും സ്പെസിഫിക്കായ ഒരു മറുപടി പറഞ്ഞില്ല. അതുകൊണ്ട് ഇനിയെങ്കിലും അവരെ ഇതിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടിയെടുക്കണം. രണ്ടായിരത്തോളം സ്കൂളുകളാണ് നമുക്കുള്ളത്. അവയെല്ലാം മെച്ചപ്പെട്ട രീതിയിൽ പോകണമെങ്കിൽ അഡ്മിനിസ്ട്രേഷൻ കറക്ടാകണം, കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. അതുകൊണ്ട് ഈ ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുള്ള നടപടികളെടുക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളാക്കി ഉയർത്തിയപ്പോൾ ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് തന്നെയാണ് ഹയർ സെക്കണ്ടറി വിഭാഗത്തിലും സേവനം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഹയർ സെക്കന്റണ്ടറിയിൽ

കൂടുതൽ ബാച്ചുകൾ അനുവദിച്ചപ്പോൾ ഹൈസ്കൂൾ മിനിസ്റ്റീരിയൽ വിഭാഗത്തിന് ഈ ജോലികൾ ഏറ്റെടുത്ത് നടത്താൻകഴിയാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത ജോലികൾകൂടി പ്രിൻസിപ്പൽമാർ നിർവ്വഹിക്കേണ്ടിവന്നത്. 6-1-2006-ലെ 11/2006/പൊ.വി.വ. ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തിക അപ്ഗ്രേഡ് ചെയ്താണ് പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. സർക്കാർ/ എയ്ഡഡ് മേഖലകളിലായി 1450 സ്കൂളുകളിൽ പ്രിൻസിപ്പാൾ തസ്തിക നിലവിലുണ്ട്. ടി തസ്തികകൾ അദ്ധ്യാപന തസ്തികകളല്ലാതാക്കുമ്പോൾ അത്രയും എച്ച്.എസ്.എസ്.ടി. തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടിവരും. അത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾമാരെ അദ്ധ്യാപന ചുമതലയിൽനിന്ന് ഒഴിവാക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. വിവിധ കോടതി വിധികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട് ടൈം/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ് -IV എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015-ലെ സ.ഉ. 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. സി. ദിവാകരൻ: സർ, ചട്ടങ്ങൾ സംബന്ധിച്ച സമിതിയിലെ അംഗമായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

## VII റിപ്പോർട്ട് സമർപ്പണം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത്തെയും അഞ്ചാമത്തെയും റിപ്പോർട്ടുകൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത്തെയും അഞ്ചാമത്തെയും റിപ്പോർട്ടുകൾ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ധനകാര്യം

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാംനമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു :

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2018-2019<br>സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XXII | നഗരവികസനം | 2601,85,48,000 | 1,00,000 | 2601,86,48,000 |
| XXXV | പഞ്ചായത്ത് | 660,78,04,000 | 672,62,01,000 | 1279,40,05,000 |
| XXXVI | ഗ്രാമവികസനം | 3870,95,92,000 | 1,000 | 3870,95,93,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയെയും പഞ്ചായത്ത് എന്ന XXXV-ാം ധനാഭ്യർത്ഥനയെയും ഗ്രാമവികസനം എന്ന XXXVI-ാംനമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരവികസനത്തിന് ആവശ്യാനുസരണം കേന്ദ്ര ഗവൺമെന്റിന്റേതുൾപ്പെടെയുള്ള ഫണ്ട് ലഭിച്ചിരുന്നുവെങ്കിലും യാതൊന്നും പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരവികസനത്തിനായി മെച്ചപ്പെട്ട മാസ്റ്റർ പ്ലാനുകൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. :സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരവികസന വകുപ്പിൻ കീഴിൽ വരുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ അനാവശ്യ കാലതാമസം ഉണ്ടാക്കി അഴിമതിക്ക് സാഹചര്യമൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ചേരി നിർമ്മാർജ്ജന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിൽ വീഴ്ചഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിലെ ചേരി പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിൽ വീഴ്ച വന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിൽ ഖരമാലിന്യ പ്ലാന്റുകൾ സ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിലെ ഗുരുതരമായ മാലിന്യപ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നഗരങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ആവശ്യമായ പദ്ധതികൾ ഇതുവരെയും പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിൽ നഗരസഭകൾക്കുള്ള പോരായ്മകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തെരുവുനായ്ക്കളിൽ നിന്നും സംരക്ഷണം നൽകാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തെരുവു നായ്ക്കളുടെ വന്ധീകരണ പദ്ധതി വേണ്ടവിധത്തിൽ നടപ്പിലാക്കാത്തതുമൂലം രാത്രികാലങ്ങളിൽ പുറത്തിറങ്ങുന്നവർക്കും, പ്രഭാത സവാരിക്ക് പോകുന്നവർക്കും നായ്ക്കൾ ഭീഷണിയാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അറവുശാലകൾ നവീകരിച്ച് ശുദ്ധമായ മാംസലഭ്യത ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നഗരവികസനം എന്ന XXII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2601,86,48,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ശമ്പള വർദ്ധനവും, നികുതി പിരിവിലെ ഗുരുതരമായ വീഴ്ചയും കാരണം നഗരസഭകളുടെ തനത് ഫണ്ട് ചുരുങ്ങി പല സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ടിലാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് തടയുന്നതിന്, നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, പഞ്ചായത്ത് എന്ന XXXV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ മലിനമാകുന്നതു തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ക്രിയാത്മക നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പകർച്ച വ്യാധികളുടെ വ്യാപനം തടയുന്നതിന് പൂർണ്ണമായ മാലിന്യ സംസ്കരണം ഏർപ്പെടുത്തണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാത്തതും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തതുംമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിൽ ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിലെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്ത് ഓഫീസുകളിൽ ഉള്ളതായി പറയപ്പെടുന്ന ശോചനീയാവസ്ഥയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിവിധ പഞ്ചായത്ത് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഇതുവരെയും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് യഥാക്രമം ലഭിച്ചിട്ടും സാങ്കേതിക കാരണങ്ങളാൽ വീട് നിർമ്മാണം പാതി വഴിയിലായവരുടെ വീടുകളുടെ പൂർത്തീകരണത്തിലുണ്ടായതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകൾ വഴി ഭവനരഹിതർക്ക് നൽകിയ ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിന് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കെട്ടിട നികുതി അശാസ്ത്രീയമായി വർദ്ധിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം നിമിത്തം പഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പഞ്ചായത്തുകളിലെ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്നവരുടെ വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1279,40,05,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമങ്ങളുടെ വികസനത്തിന് ആവശ്യമായ പരിഗണന നൽകാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമവികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ധനവിനിയോഗം മന്ദഗതിയിലാണെന്നു പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കേന്ദ്രാവിഷ്കൃത പദ്ധതികൾ യഥാസമയം നടപ്പാക്കാത്തതുമൂലം കേന്ദ്രസഹായം നഷ്ടപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസവും പ്രതിസന്ധിയും വരുന്നതായി പറയപ്പെടുന്ന വിഷയം പരിഹരിക്കണമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള കേന്ദ്രപദ്ധതികൾ നടപ്പാക്കുന്നതിൽ ഉള്ളതായി പറയപ്പെടുന്ന പോരായ്മകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മാലിന്യ സംസ്കരണത്തിനായി വാങ്ങിയ കോടിക്കണക്കിന് രൂപ വിലയുള്ള യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗ്രാമങ്ങളിലെ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപയിൽ നിന്ന് നൂറ് രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപയിൽ നിന്ന് നൂറ് രൂപയായി കുറവുചെയ്യേണ്ടതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപയിൽ നിന്ന് നൂറ് രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപയിൽ നിന്ന് നൂറ് രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3870,95,93,000 രൂപയിൽ നിന്ന് നൂറ് രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ത്യക്കും ലോകത്തിനും മാതൃകയായിട്ടാണ് കേരളം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് ത്രിതല പഞ്ചായത്ത് സംവിധാനം ഇന്ത്യയിലാകമാനം വന്നപ്പോൾ കേരളത്തിൽ അത് ആദ്യം നടപ്പാക്കി വികസന പ്രവർത്തനങ്ങളിൽ മാതൃക കാണിച്ചുകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കേരള സർക്കാർ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള വിവിധ പരിപാടികളിലൂടെ താഴെത്തട്ടിലേയ്ക്ക് അധികാരം എത്തിച്ചുകൊണ്ടുള്ള പ്രവർത്തനം ആരംഭിച്ചത്. 12-ാം പഞ്ചവത്സര പദ്ധതിവരെയും ഗ്രാമ-നഗര-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ആസൂത്രണ മാർഗ്ഗരേഖ വേർതിരിച്ച് ഇറക്കിയിരുന്നില്ല. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന സർക്കാരും നീതി ആയോഗും പഞ്ചവത്സര പദ്ധതി നവഉദാരവത്കരണത്തിന് ചേർന്നതല്ലെന്നുപറഞ്ഞ് തിരസ്കരിക്കുമ്പോൾ സംസ്ഥാന സർക്കാർ പ്രസിദ്ധപ്പെടുത്തിയ 13-ാം പദ്ധതിയുടെ സമീപനരേഖയ്ക്ക് പ്രസക്തിയും പ്രാധാന്യവും ഏറെയുണ്ട്. ഗ്രാമ-നഗര-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന വെല്ലുവിളികളും മുൻഗണനാടിസ്ഥാനത്തിൽ ഊന്നൽ കൊടുക്കേണ്ട വികസന കാര്യങ്ങളും വ്യത്യസ്ത മായിരിക്കുമെന്ന വസ്തുത തിരിച്ചറിഞ്ഞാണ് സർക്കാർ പതിമൂന്നാം പദ്ധതിക്കായുള്ള മാർഗ്ഗരേഖ നഗരപാലിക സ്ഥാപനങ്ങൾക്കായി പ്രത്യേകം തയ്യാറാക്കിയത്. കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം കർഷകരുടെ ജീവനോപാധികൾ ഇല്ലായ്മ ചെയ്യുന്ന സാഹചര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പന്ത്രണ്ടാം പദ്ധതിയുടെ മാർഗ്ഗ രേഖയിൽ ഉത്പാദനമേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി നിർബന്ധമായും പണം മാറ്റിവയ്ക്കേണ്ടതില്ലായെന്നാണ് നിഷ്കർഷിച്ചത്. ഒമ്പതാം പദ്ധതിയുടെ തുടക്കത്തിൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിൽ നാൽപ്പത് ശതമാനത്തിൽ കുറയാത്ത തുക ഉത്പാദന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

ഇതാണ് ഈ രണ്ട് നയങ്ങൾ തമ്മിലുള്ള വ്യത്യാസം. ബി.ജെ.പി.-യും യു.ഡി.എഫ്.-ഉം ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളായി കോർപ്പറേറ്റുകളെ സഹായിക്കുമ്പോൾ ജനകീയ ബദലുമായി ജനകീയാസൂത്രണത്തിലൂടെ ഉത്പാദന മേഖലയിൽ നല്ല നിലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള നയസമീപനവുമായാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോകുന്നത്. യു.ഡി.എഫ്. നയം ഉത്പാദന മേഖലയിലെ പദ്ധതികളുടെ കുറവിനും ആസൂത്രണത്തിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം കുറയുന്നതിനും കാരണമായപ്പോൾ ചെറുകിട ഉത്പാദകരെ അതിശക്തമായി ഉത്പാദന മേഖലയിൽ ഉറപ്പിച്ചുനിർത്തുന്ന നയസമീപനങ്ങൾക്കാണ് എൽ.ഡി.എഫ്. എന്നും ശ്രമിച്ചിട്ടുള്ളത്. ഉത്പാദന മേഖലയോടൊപ്പം കേരളം നേരിടുന്ന പ്രധാന പ്രശ്നമായ മാലിന്യ സംസ്കരണത്തിന് ഗ്രാമ-നഗര വേർതിരിവില്ലാതെ പൊതു പദ്ധതിവിഹിതത്തിൽ നിന്ന് ഗ്രാമങ്ങൾക്ക് 10 ശതമാനവും നഗരങ്ങൾക്ക് 15 ശതമാനവും എന്ന രീതിയിൽ നിശ്ചിത ശതമാനം തുക മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു. സഹകരണ സ്ഥാപനങ്ങളും പ്രാദേശിക ജനകീയ സംരംഭങ്ങളും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള പുതിയ മാർഗ്ഗരേഖ കേരള സർക്കാർ നിർദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ സഹകരണ സംഘങ്ങളോടുള്ള നിഷേധാത്മകമായ സമീപനത്തിന്റെ ഫലമായി വികേന്ദ്രീകൃത ആസൂത്രണവിഭവ സമാഹരണത്തിൽ ഇതിന് പ്രസക്തി ഏറുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളെയാകെ നശിപ്പിക്കുന്ന നിലയിൽ നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള നടപടികളെല്ലാം നമുക്കറിയാം. അതിനെയൊക്കെ അതിജീവിക്കാൻ കേരള സർക്കാർ പല മാർഗ്ഗങ്ങളിലൂടെ മുന്നോട്ട് വന്നിട്ടുണ്ടെന്നുള്ളതും നമുക്കറിയാം. മാർഗ്ഗരേഖ മാത്രമല്ല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സമ്പത്ത് നൽകുന്നതിലും എൽ.ഡി.എഫ്. സർക്കാരുകൾ എന്നും മാതൃകയായിട്ടുണ്ടെന്നുള്ളത് നമുക്ക് കാണാൻ കഴിയും. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ 7,000 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തിന് 3406.89 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും അതിനനുസൃതമായി നല്ല നിലയ്ക്കുള്ള പദ്ധതിവിഹിതം നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. തദ്ദേശസ്വയം ഭരണ രംഗത്തെ പ്രധാന പരിഷ്കാരമായ ജില്ലാ പദ്ധതി രൂപീകരണം മറ്റൊരു പ്രധാന ചുവടുവയ്പാണ്. 2003-ൽ കൊല്ലം ജില്ലാ പഞ്ചായത്ത് യു.ഡി.എഫ്. സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടും അതുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ സർക്കാർ വളരെ ശക്തമായി അക്കാര്യങ്ങളിൽ മുന്നോട്ടുവന്നിട്ടുണ്ട്. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നത്. ജില്ലാതലത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളും സർക്കാരിന്റെ ഇതര പദ്ധതികളും ക്രോഡീ കരിച്ചുകൊണ്ട് സർവ്വ മേഖലകളെയും

സ്പർശിച്ചുകൊണ്ട് ഒരു ജില്ലയെ ഒന്നായി കണ്ടുകൊണ്ടുള്ള സ്ഥലപരാസൂത്രണ രീതിയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി യെടുക്കാൻ സാധിക്കുന്നത്. ഭരണ ഘടനയുടെ 243-ZD അനുസരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് കൊടുത്തിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിൽ ആദ്യമായാണ് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പ്രാദേശിക സർക്കാരുകളെയും മറ്റ് സർക്കാർ വകുപ്പുകളെയും ഏകോപിപ്പി ക്കുന്നതുവഴി സംയോജിത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സാധിക്കും. പദ്ധതി ആസൂത്രണത്തെപ്പോലെ പ്രധാനമാണ് പദ്ധതി നിർവ്വഹണവും. സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ യാതൊരുവിധ മുന്നൊരുക്കങ്ങളുമില്ലാതെ തട്ടിക്കൂട്ടി എങ്ങനെയെങ്കിലും പണം ചെലവഴിക്കുകയെന്നുള്ള രീതി വർഷങ്ങളായി നടന്നുവരുന്നുണ്ട്. അത്തരത്തിലുള്ള പദ്ധതി നിർവ്വഹണത്തിന്റെ അരാജകത്വത്തിന് എൽ.ഡി.എഫ്. സർക്കാർ വിരാമമിട്ടിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 93 ശതമാനം പദ്ധതികൾക്കും സെപ്റ്റംബർ മാസത്തോടുകൂടി ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാനും സർക്കാർ ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനുപുറമെ, വരുന്ന സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കാൻ പോകുകയാണ്. ഇത് വലിയൊരു ചരിത്ര നേട്ടമായിരിക്കും. ചരിത്രത്തിൽ ആദ്യമായാണ് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു സാമ്പത്തിക വർഷത്തിന്റെ ആദ്യമാസം മുതൽ പദ്ധതി നിർവ്വഹണം നടപ്പാക്കാൻ കഴിയുന്നത്. 12 മാസം പദ്ധതിനിർവ്വഹണത്തിന് കിട്ടുമെന്നുള്ളതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. വെറുതെ ആസൂത്രണം ചെയ്ത് സമയം കളയാതെ സമയനിഷ്ഠമായി പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനക്കുതിപ്പിലെ വിപ്ലവകരമായ ഒരു മാറ്റമാണിത്. സാധാരണനിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം ജൂൺ 15-നുമുമ്പ് പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതിനാൽ പദ്ധതിനിർവ്വഹണത്തിന് ഒമ്പതര മാസക്കാലം ലഭിച്ചു. അതാണ് വരുന്ന സാമ്പത്തികവർഷം ഒരു വർഷമാകാൻ പോകുന്നത്. ഇത്തരത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജനകീയാസൂത്രണ വിഷയത്തിനുപുറമെ മറ്റു നിരവധി മേഖലകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് എന്ന എൽ.ഡി.എഫ്.ന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനം നിറവേറ്റുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗ്രാമ വകുപ്പിന് ഒരു മന്ത്രി, നഗര വകുപ്പിന് മറ്റൊരു മന്ത്രി,

ഗ്രാമവികസനത്തിന് വേറൊരു മന്ത്രി എന്നിങ്ങനെ മൂന്ന് കഷ്ണങ്ങളാക്കി മുറിച്ച് ഒരു ഏകോപനവുമില്ലാതെ പോയി എന്നുള്ളത് ഒരുതരത്തിലും അംഗീകരിച്ചുകൊടുക്കാൻ കഴിയുന്നതല്ല. നമ്മൾ കണ്ടുകൊണ്ടിരുന്ന വിഷയങ്ങളാണത്. ഏകോപനമില്ലായ്മമൂലം പല പദ്ധതികളും സമയക്രമം അനുസരിച്ച് ചെയ്തുതീർക്കാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായി. അതൊക്കെ ഇടതുപക്ഷ സർക്കാർ വരുമ്പോൾ ഒറ്റ വകുപ്പിന്റെ കീഴിലാക്കി ഒരുമിച്ചുകൊണ്ടുപോകുന്ന അവസ്ഥയുണ്ടാക്കി.

ഈ സർക്കാർ വന്നതിനുശേഷം പഞ്ചായത്ത് വകുപ്പിൽ ആയിരത്തിലധികം തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തി. പഞ്ചായത്ത് വകുപ്പിലെ ഏറ്റവും വലിയ പ്രശ്നം ആവശ്യത്തിന് ജീവനക്കാരില്ല എന്നുള്ളതാണ്. അതിന് സാദ്ധ്യമായ രീതിയിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ആയിരത്തിലധികം തസ്തികകൾ വന്നിട്ടുള്ളത്. വളരെ നാളുകളായി നിർജ്ജീവമാക്കിയിരുന്ന 2485 പ്രൊമോഷനുകൾ അനുവദിച്ചുകൊടുത്തു. പുതിയ 448 തസ്തികകൾ സൃഷ്ടിച്ചു. അതുപോലെ സ്ത്രീകൾക്ക് സ്വതന്ത്രമായ സഞ്ചാരസൗകര്യം ഉറപ്പാക്കുകയും സുരക്ഷിതമായി താമസിക്കുന്നതിന് ഷീ-ലോഡ്ജിംഗ് ശൃംഖല വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയന്മാർ, ശിശുമന്ദിരങ്ങളിലെ ടീച്ചർമാർ, ആയമാർ എന്നിവരുടെ വേതനം 2050 രൂപയിൽ നിന്ന് 12,000 രൂപയായും 1,400 രൂപയിൽ നിന്ന് 8,000 രൂപയായും വർദ്ധിപ്പിച്ചുവഴി സാധനങ്ങളുടെ വിലയും ജീവിതച്ചെലവും വർദ്ധിച്ച സാഹചര്യത്തിൽ അവരെക്കൂടി നന്നായി പരിഗണിച്ചു വെന്നുള്ളതാണ് കാണാൻ കഴിയുന്നത്.

ഈ സർക്കാർ വന്നതിനുശേഷം 200 പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചു. 2010-ൽ പാർട്ട്-ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയ 630 ലൈബ്രേറിയന്മാർ, നഴ്സറി ടീച്ചർമാർ, ആയമാർ എന്നിവർക്ക് അവരുടെ ഓണറേറിയം കാലഘട്ടം പെൻഷന് പരിഗണിച്ച് ഉത്തരവിറക്കി. പാലിയേറ്റീവ് കെയറിന് പ്രത്യേക പദ്ധതികൾ ആരംഭിച്ചു. ഇങ്ങനെ നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുന്നുണ്ട്. കൂടാതെ ഈ സർക്കാരിന്റെ വളരെ പ്രധാനപ്പെട്ട പദ്ധതിയായ നവകേരള മിഷന്റെ 4 മിഷനുകളുടെ പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വളരെ ഭംഗിയായി നടക്കുന്നുണ്ട്.

സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് പഞ്ചായത്ത് വകുപ്പും നഗരവകുപ്പും ഗവൺമെന്റുമായി ചേർന്നുകൊണ്ട് സാദ്ധ്യമായ ഇടപെടൽ നടത്തി സ്കൂളുകൾക്ക് ഭൗതിക സാഹചര്യങ്ങളും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്തുന്നതിന് വളരെ നല്ല പങ്കുവഹിച്ചുകൊണ്ടാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അതുപോലെ മാലിന്യനിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള ഹരിത കേരള മിഷൻ എന്ന നവകേരള സൃഷ്ടിക്കായുള്ള പ്രധാനപ്പെട്ട മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾവഴിയാണ് ഭംഗിയായി നടപ്പാക്കുന്നത്. മാലിന്യനിർമ്മാർജ്ജനം പൂർണ്ണമായി മാറിയെന്നല്ല, ആദ്യത്തേതിൽനിന്നും വലിയതോതിൽ മാറ്റം വന്നിട്ടുണ്ട്. നിരവധി പഞ്ചായത്തുകളിൽ ഷ്രഡ്ഡിംഗ് യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഫലമായി റോഡുകൾ നിർമ്മിക്കാൻ ഏറ്റവുംകൂടുതൽ ഡ്യൂറേഷൻ കിട്ടുന്ന തരത്തിൽ പ്ലാസ്റ്റിക് ഷ്രഡ്ഡ് ചെയ്ത് മിക്സ് ചെയ്ത് ഉപയോഗപ്പെടുത്തുന്നതുവഴി പുനരുപയോഗം ചെയ്യാനും അങ്ങനെ വേസ്റ്റായിട്ടുള്ളതിനെ വെൽത്താക്കി മാറ്റാൻ നമുക്ക് കഴിയുന്നുണ്ടെന്നുള്ളതും യാഥാർത്ഥ്യമാണ്. കൂടാതെ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അതുപ യോഗിച്ച് ജൈവകൃഷിയിലൂടെ പച്ചക്കറി ഉല്പാദനം വൻതോതിൽ വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 'ഒലിവ്' പഞ്ചായത്തുകൾവഴിയും കുടുംബശ്രീ വഴിയും നടപ്പാക്കുന്ന നല്ല പദ്ധതികളാണ്. അതൊക്കെ വളരെ ഭംഗിയായി കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. അതുപോലെ തൊഴിലുറപ്പ് പദ്ധതികളെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ട് പഞ്ചായത്ത് ത്രിതല സംവിധാനംവഴി നടപ്പാക്കുന്ന ആസ്തികൾ വികസിപ്പിക്കാനും കൂടുതൽ പദ്ധതികൾ അതുവഴി ചെയ്യാനുമുള്ള പ്രവർത്തനങ്ങളും വളരെ ഭംഗിയായി ഈ ഗവൺമെന്റ് സാദ്ധ്യമായ രീതിയിൽ കൊണ്ടുപോകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് ഏറ്റെടുക്കുന്നുണ്ടെന്നുള്ളതും നമുക്കറിയാം. അതുപോലെ എം.എൽ.എ.-മാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നീരൊഴുക്ക് നിന്നു പോയ "വരട്ടാർ' ഉൾപ്പെടെയുള്ള ആറുകളെ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. നിരവധി സ്ഥലങ്ങളിൽ അതിന് വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്.

ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് ജലം സമ്പുഷ്ടമാക്കുന്ന നടപടികളും വളരെ ശക്തമായിട്ടാണ് മുന്നോട്ടുപോകുന്നത്. കുറച്ചുകാലം കഴിഞ്ഞ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ മുഴുവൻ സ്ഥലത്തേയ്ക്കും വ്യാപിപ്പിക്കുമ്പോൾ സർക്കാർ ലക്ഷ്യമിടുന്ന തരത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. വിഷം ചേർക്കാത്ത പച്ചക്കറി പരമാവധി ഉപയോഗിക്കാനും ശുദ്ധമായ വെള്ളം കുടിക്കാനും ജലസമ്പുഷ്ട മാക്കാനും വേനൽക്കാലത്തുള്ള വരൾച്ചയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനുമുള്ള ദീർഘവീക്ഷണത്തോടെയുള്ള പരിപാടികളാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജനശ്രീ എന്ന മിഷൻ ഒരു രാഷ്ട്രീയകക്ഷി രൂപീകരിച്ച് കുടുംബശ്രീക്ക് കൊടുക്കേണ്ട പണം അവർക്ക് കൊടുത്തു. അതിനെതിരെ ഇവിടെ 7 ദിവസം രാപ്പകൽ സമരം നടത്തി. ശക്തമായി സമരം നടത്തിയപ്പോൾ മാത്രമാണ് അതിൽനിന്ന് പിന്തിരിഞ്ഞത്. എല്ലാ രാഷ്ട്രീയ കക്ഷികളിലുംപെട്ട വീട്ടിനകത്തിരിക്കുന്ന സ്ത്രീകളെ ഒരു കുടക്കീഴിൽകൊണ്ടുവന്ന് അവരുടെ കഴിവുകളെ സമൂഹത്തിന് ഗുണകരമാകുന്ന വിധത്തിൽ ഉപയോഗപ്പെടുത്തി ഓരോ വീടിനും സാമ്പത്തികവും സാംസ്കാരികവുമായ മുന്നേറ്റം ഉണ്ടാകുന്ന രീതിയിൽ നിരവധി ട്രെയിനിംഗുകൾ കൊടുത്ത് 1998-ൽ തുടങ്ങിയ കുടുംബശ്രീക്ക് ഇന്ന് 20 വർഷം

പൂർത്തിയാകുമ്പോൾ വലിയ തോതിലുള്ള മാറ്റം വന്നിരിക്കുന്നു. യു.ഡി.എഫ്.ന് വിരുദ്ധമായി എൽ.ഡി.എഫ്. നിരവധി പദ്ധതികളിലൂടെ അവരെ സഹായിക്കുന്നുണ്ട്. കുടുംബശ്രീ സ്കൂൾ, സംരംഭക മേഖല, കഫേ കുടുംബശ്രീ, ട്രാവൽസ്, ബാലസഭ, സമഗ്ര, ആശ്രയ, സാന്ത്വനം, മൈക്രോ ഫിനാൻസ്, തെളിമ, സ്വാസ്ഥ്യം തുടങ്ങി എണ്ണിയാലൊടുങ്ങാത്തത്ര പുതിയ പദ്ധതികൾ വരുന്നുണ്ട്. മധ്യപൂർവ്വേഷ്യൻ രാജ്യങ്ങൾ ഉൾപ്പെടെയുള്ളവയുമായി വാണിജ്യബന്ധം ഉറപ്പാക്കാൻ കുടുംബശ്രീയെ മുന്നോട്ടുകൊണ്ടുവന്നുവെന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. 'കമോൺ കേരള' എന്ന പരിപാടിയുടെ ഭാഗമായി ഷാർജ ഫെസ്റ്റിൽ കഫേ യൂണിറ്റുകളെ പങ്കെടുപ്പിക്കാനും കൊമേഴ്സ്യൽ സ്റ്റാൾ ഒരുക്കുന്നതിനും ആയതിലൂടെ നിരവധി വിപണന സാദ്ധ്യതകളെ കുറിച്ച് ചർച്ചകൾ നടത്താനും സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾ യു.എ.ഇ. മാർക്കറ്റിൽ വിപണനം നടത്താനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്. ഇത്തരത്തിൽ വ്യാപകമായ രീതിയിൽ കുടുംബശ്രീ യൂണിറ്റുകളെ വികസിപ്പിച്ചു കൊണ്ടുവരാനും ജനകീയമാക്കി മാറ്റാനുമുള്ള വലിയ പരിശ്രമമാണ് പഞ്ചായത്ത് വകുപ്പുവഴി ഗവൺമെന്റ് നടത്തുന്നത്. ഈ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ അപ്പുറത്തുമിപ്പുറത്തും ഇരിക്കുന്നവർ യോജിച്ച് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ]

[12.00 Noon]

ശ്രീ. കെ. സി. ജോസഫ്: സർ, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നിവയ്ക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ രണ്ട് കൊല്ലക്കാലത്തെ ഈ വകുപ്പിന്റെ പ്രവർത്തനം വളരെയധികം നിരാശാജനകമാണ്. ബഹുമാന്യനായ എന്റെ സുഹൃത്ത് ഊർജ്ജസ്വലനാണെന്ന് കരുതുന്ന ഡോ. കെ. ടി. ജലീൽ ആണ് ഈ വകുപ്പുകളുടെ ചുമതല വഹിക്കുന്നത്. പക്ഷേ അദ്ദേഹത്തിന്റേതായ ഒരു റിഫ്ലക്ഷൻ ഈ വകുപ്പുകളിൽ ഉണ്ടായിക്കാണുന്നില്ല. പദ്ധതിവിഹിതം ചെലവഴിക്കുന്നതിലുണ്ടായ ഗുരുതരമായ വീഴ്ചയാണ് ഒന്നാമത്തെ കാര്യം. ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് എന്നിവരുടെ ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരം ഞാൻ വായിക്കാം. ഫെബ്രുവരി 28 വരെ ജില്ലാ പഞ്ചായത്തിന്റെ ചെലവ് 37.47 ശതമാനവും ബ്ലോക്ക് പഞ്ചായത്തിന്റേത് 56.59 ശതമാനവും മുനിസിപ്പാലിറ്റിയുടേത് 51 ശതമാനവും കോർപ്പറേഷന്റേത് 45 ശതമാനവും പഞ്ചായത്തിന്റേത് 61 ശതമാനവുമാണെന്നാണ് 6-3-2018-ന് നൽകിയ ഉത്തരത്തിൽ അങ്ങ് പറഞ്ഞത്. ഗൈഡ്‌ലൈൻ അനുസരിച്ച് ഫെബ്രുവരി

28-നുമുമ്പായി പദ്ധതി വിഹിതത്തിന്റെ 85 ശതമാനം ചെലവഴിക്കണം. ചെലവ് 54 ശതമാനത്തിൽ താഴെയാണ്. കഴിഞ്ഞ കാലത്തെക്കാൾ വളരെ മോശമായ നിലപാടാണ് ഉണ്ടായിരിക്കുന്നത്. പദ്ധതി വിഹിതം ചെലവഴിക്കാൻ സാധിക്കുന്നില്ല. എന്താണ് കാരണം? പല ത്രിതല പഞ്ചായത്ത് സമിതികളിലും ആവശ്യത്തിന് സ്റ്റാഫോ നഗരസഭാ സെക്രട്ടറിയോ പഞ്ചായത്ത് സെക്രട്ടിമാരോ എ.ഇ.മാരോ കൃഷി ഉദ്യോഗസ്ഥരോ വെറ്ററിനറി ഡോക്ടർമാരോ ഇല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുനിന്നും മെച്ചപ്പെട്ടുവെന്ന് അങ്ങ് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു. പഞ്ചായത്ത്, നഗരസഭ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ പദ്ധതി പ്രവർത്തനം മുന്നോട്ട് പോകണമെങ്കിൽ അടിയന്തരമായി ഈ തസ്തികകൾ നികത്താൻ കഴിയണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആദ്യമായി പഞ്ചായത്തുകളിൽ പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കി. അതിനുമുമ്പ് വാർഷിക പദ്ധതിയായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ സാമ്പത്തിക വർഷം ആരംഭിച്ച് 8 മാസം കഴിയുമ്പോഴാണ് പ്ലാൻ ആരംഭിക്കുന്നത്. പദ്ധതി നടപ്പിലാക്കാൻ ലഭിക്കുന്നത് നാലോ അഞ്ചോ മാസങ്ങൾ മാത്രമായിരുന്നു. അത് മാറ്റാൻവേണ്ടിയാണ് ഞങ്ങൾ പഞ്ചവത്സര പദ്ധതി കൊണ്ടുവന്നത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാമ്പത്തിക വർഷത്തിന്റെ തൊട്ടുമുമ്പുള്ള വർഷംതന്നെ പദ്ധതി അംഗീകരിക്കാൻ വ്യവസ്ഥ ചെയ്തു. ഇന്ന് ഏതായാലും അത് നന്നായി മുന്നോട്ടുപോകുന്നുണ്ട്. ഈ വർഷമെങ്കിലും മാർച്ച് 31-നുമുമ്പായി പദ്ധതി അംഗീകരിച്ചാൽ ഏപ്രിൽ 1-ന് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

ഗ്രാമവികസന വകുപ്പിൽ മാത്രം എൻ.ആർ.എൽ.എം., പി.എം.എ.വൈ., സ്വച്ഛ്ഭാരത്, പി.എം.ജി.എസ്.വൈ., എം.ജി.എൻ.ആർ.ഇ.ജി.എസ്. തുടങ്ങി ഏതാണ്ട് പതിനാറോളം കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പിൽ ഗുരുതരമായ വീഴ്ചയുണ്ട്. ആവശ്യമായ മോണിറ്ററിംഗ് ഇല്ല, ആവശ്യമായ ഫണ്ട് സംസ്ഥാനം വകയിരുത്തുന്നില്ല. ഇപ്പോഴത്തെ കേന്ദ്ര പദ്ധതികൾക്കെല്ലാം സാമ്പത്തിക സഹായം ലഭിക്കുന്നത് 60:40, 75:25 തുടങ്ങി ഓരോരോ റേഷ്യോയിലാണ്. കേന്ദ്രസർക്കാർ വിഹിതം പൂർണ്ണമായും ലഭിക്കുന്നില്ല. കേരളത്തിന്റേതായ സംസ്ഥാന വിഹിതം മാറ്റിവച്ചില്ലെങ്കിൽ നമുക്ക് കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായം ലഭിക്കുകയില്ല. ഇന്ന് അത്തരത്തിലുള്ളൊരു സമീപനം സ്വീകരിച്ചുകാണുന്നില്ല. കേന്ദ്രഗവൺമെന്റ് മാനദണ്ഡം അനുസരിച്ച് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഇന്ത്യയിൽ മൊത്തമായി 50,000 കിലോമീറ്റർ റോഡാണ് ഈ വർഷം നടപ്പിലാ ക്കുന്നത്. രണ്ടായിരം കിലോമീറ്റർ റോഡെങ്കിലും കേരളത്തിന് ലഭിക്കണം. ഞങ്ങളുടെ കാലത്ത് അതിനുള്ള നടപടി സ്വീകരിച്ചിരുന്നു. ഇക്കഴിഞ്ഞ രണ്ട്

കൊല്ലത്തിനിടയിൽ ഒരു കിലോമീറ്റർ റോഡെങ്കിലും പുതിയതായി കേന്ദ്ര ഗവൺമെന്റിൽനിന്നും നമുക്ക് ലഭിച്ചിട്ടുണ്ടോ? ആകെ ലഭിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡ്രോപ് ചെയ്ത 135 കിലോമീറ്റർ റോഡിന് പകരമായി ബഹുമാനപ്പെട്ട എം.പി.മാർ തെരഞ്ഞെടുത്ത സ്വച്ഛ്ഗ്രാമം പദ്ധതി ഗ്രാമങ്ങളിൽ ആരംഭിക്കാൻവേണ്ടി കോമ്പൻസേറ്റ് ചെയ്ത ചില റോഡുകൾ മാത്രമാണ്. രണ്ട് കൊല്ലമായി പി.എം.ജി.എസ്.വൈ.-യിൽ ഒരു കിലോമീറ്റർ റോഡുപോലും കേരളത്തിന് ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുന്ന ഈ പദ്ധതികളുടെ ആനുകൂല്യം നമുക്ക് ലഭിക്കുന്നില്ലെങ്കിൽ ഗ്രാമീണ വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമോ? ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കണമെന്നതാണ് നമ്മുടെ ആവശ്യം. എല്ലാ ജനങ്ങളുടെയും ആഗ്രഹം ഗ്രാമീണ റോഡുകളാണ്. ആ റോഡുകൾ നിർമ്മിക്കാനുള്ള കേന്ദ്ര പദ്ധതിയുടെ സഹായം ലഭിക്കാതെ പോകുന്നത് ഗുരുതര വീഴ്ചയാണ്. ഈ വർഷം പി.എം.ജി.എസ്.വൈ.യിൽ 140 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. കേന്ദ്രസർക്കാർ നൽകിയ ആ പണംപോലും സംസ്ഥാന സർക്കാർ റിലീസ് ചെയ്യുന്നില്ല. അത് ധനകാര്യ വകുപ്പ് തടഞ്ഞുവച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകാതെ തുടർ പദ്ധതിക്ക് അംഗീകാരം ലഭിക്കുകയില്ല. ഇവിടെ അനുവദിച്ച പണംപോലും റിലീസ് ചെയ്യുന്നില്ല, യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നില്ല. ഇതിന്റെ ഫലമായി കേരളത്തിന് ലഭിക്കേണ്ട പദ്ധതികൾ ലഭിക്കാതെ പോകുന്നത് നമ്മൾ കാണാതെ പോകരുത്.

ഈ സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. റോഡ് നടപ്പിലാക്കിയത് എങ്ങനെയാണ്? 2016-17-ൽ 122 എസ്റ്റിമേറ്റുകളും 2017-18-ൽ 57 എസ്റ്റിമേറ്റുകളും ടെൻഡർ നൽകി വർക്ക് അവാർഡ് ചെയ്തവർക്ക് എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്തുകൊടുത്തു. എന്തിന് റിവൈസ് ചെയ്തു; ആരെ സഹായിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്? റോഡിന്റെ എല്ലാ സാങ്കേതിക വശങ്ങളും പരിശോധിച്ചുവേണം ഡി.പി.ആർ. തയ്യാറാക്കേണ്ടത്. അങ്ങനെ ഡി.പി.ആർ. തയ്യാറാക്കി ടെൻഡർ വിളിച്ച് വർക്ക് കൊടുത്തിട്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് കോൺട്രാക്ടർമാരെ സഹായിക്കുന്നതിനുവേണ്ടിയാണ്. ഈ സർക്കാരിന്റെ കാലത്ത് 2016-17-ൽ അംഗീകരിച്ചുകൊടുത്ത 122 എസ്റ്റിമേറ്റുകളും 2017-18-ലെ 57 എസ്റ്റിമേറ്റുകളും കോൺട്രാക്ടർക്കുവേണ്ടി റിവൈസ് ചെയ്തുകൊടുത്തു. അധികമായി ആ പണം ആര് നൽകും; കേന്ദ്ര സർക്കാർ നൽകുമോ? ഇല്ല. നമ്മൾ പണം കണ്ടെത്തണം. ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഒരു ugly haste ഉണ്ടായി. അതിന്റെ പിന്നിലുള്ള താൽപ്പര്യം കോൺട്രാക്ടർമാരെ സഹായിക്കുക എന്നതാണ്. പി.എം.ജി.എസ്.വൈ.-യിൽ കേരളത്തിന് ലഭിച്ച റോഡുകളുടെ കണക്ക് നോക്കണം. കേന്ദ്ര ശരാശരി 98.9 കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് ഒരു ദിവസം

പി.എം.ജി.എസ്.വൈ.യിൽ രാജ്യത്ത് ചെയ്യുന്നത്. തമിഴ്നാടിന്റേത് 3.6 കിലോമീറ്ററും മണിപ്പൂരിന്റേത് 1.3 കിലോമീറ്ററും മദ്ധ്യപ്രദേശിന്റേത് 12 കിലോമീറ്ററും ഒറീസയുടേത് 14 കിലോമീറ്ററും ആണ്. കേരളത്തിന്റേത് 0.7 കിലോമീറ്റർ മാത്രമാണ്. ഇതാണ് നമ്മുടെ പെർഫോർമൻസ്. ഇക്കാര്യം അങ്ങ് പരിശോധിക്കണം. എന്തുകൊണ്ട് കേരളം പുറകോട്ട് പോകുന്നു? കേന്ദ്രസർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിച്ചില്ലെങ്കിൽ നമുക്ക് പി.എം.ജി.എസ്.വൈ.ക്ക് ലഭിക്കേണ്ട വിഹിതം നഷ്ടപ്പെട്ടുപോകും. അങ്ങ് അതിൽ ദയവായി താൽപ്പര്യം കാണിക്കണം.

മറ്റൊന്ന് ലൈഫ് മിഷൻ, ശ്രീ. പി. കെ. ബഷീർ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അങ്ങ് പറഞ്ഞത് ലൈഫ് മിഷന്റെ ഒന്നാം വാർഷികം കഴിഞ്ഞു എന്നാണ്. അങ്ങ് മന്ത്രിയായശേഷം ഈ 21 മാസത്തിനിടയിൽ ഒരു വീടെങ്കിലും പുതിയതായി കൊടുക്കാൻ സാധിച്ചിട്ടുണ്ടോ; സാധിച്ചിട്ടില്ല. സ്പിൽ ഓവർ മാത്രമാണ് ആകെ നടക്കുന്നത്. ലൈഫ് മിഷന്റെ ഒന്നാംഘട്ടത്തിൽ 66,780 പൂർത്തീകരിക്കാത്ത വീടുകളിൽ 10000 വീടുകൾ പൂർത്തീകരിച്ചുവെന്നാണ് അങ്ങ് പറയുന്നത്. അപ്പോൾ 56000-ൽ അധികം വീടുകൾ പൂർത്തീകരിച്ചിട്ടില്ല. ഓൺ ഗോയിംഗ് സ്കീമുകൾ നിർത്തലാക്കാൻ പാടില്ലായിരുന്നു. എസ്.സി./എസ്.ടി. പദ്ധതികളും പി.എം.എ.വൈ.-യും ഇല്ലാതായി. ലൈഫ് മിഷൻ പദ്ധതി വരുന്നതു വരെ ഉണ്ടായിരുന്ന പദ്ധതികൾ തുടരുന്നതിനുപകരം എല്ലാം നിർത്തിവച്ച് ആനയും അമ്പാരിയുമായി ലൈഫ് മിഷൻ പ്രഖ്യാപിച്ച് ഒരു വർഷമായിട്ടും പഞ്ചായത്തുകളിലൂടെ പുതിയതായി ഒരു വീടുപോലും കൊടുത്തിട്ടില്ല. അത് ഗുരുതരമായ വീഴ്ചയാണ്. ഇതാണ് അങ്ങയുടെ വകുപ്പിന്റെ പെർഫോർമൻസ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞങ്ങൾ മൂന്ന് മന്ത്രിമാരായിരുന്നു തദ്ദേശ സ്വയംഭരണ വകുപ്പിനുണ്ടായിരുന്നതെന്ന് ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞു, ശരിയാണ്. ഞാനും ബഹുമാന്യനായ ഡോ. എം. കെ. മുനീറും ശ്രീ. മഞ്ഞളാംകുഴി അലിയും ഗ്രാമവികസന-പഞ്ചായത്ത്-നഗരവികസന മന്ത്രിമാരായിരുന്നു. ആ ഗവൺമെന്റിന്റെ കാലത്ത് ക്യാബിനറ്റിനുമുമ്പായി ഞങ്ങൾ എല്ലാ ബുധനാഴ്ചയും മൂന്ന് മന്ത്രിമാരടങ്ങുന്ന കോ-ഓർഡിനേഷൻ കമ്മിറ്റി ചേരും, പദ്ധതി വിലയിരുത്തും, അപാകതകളുണ്ടെങ്കിൽ പരിശോധിച്ച് തീരുമാനങ്ങളെടുക്കും. ഓരോ ബുധനാഴ്ചയും ക്യാബിനറ്റിനുമുമ്പായി യോഗം ചേർന്ന് അതുവരെയുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമായിരുന്നു. ഇന്ന് ഒരു ഫയൽ പോയാൽ തീരുമാനമുണ്ടാകുന്നില്ല. എല്ലാം അങ്ങ് കാണണം. അങ്ങ് തീരുമാനമെടുക്കുന്നില്ല. അങ്ങയുടെ ഓഫീസിൽ അങ്ങയുടെ കർട്ടന് പിന്നിലുള്ള ചില ആളുകളുണ്ട്. അവരാണ് തീരുമാനമെടുക്കുന്നത്. സി.പി.ഐ.(എം)-ന്റെ ഫ്രാക്ഷൻ അങ്ങയുടെ ഓഫീസിലുണ്ട്. അവർ തീരുമാനിക്കുന്നു, ഉദ്യോഗസ്ഥന്മാരെ തലങ്ങും വിലങ്ങും മാറ്റുന്നു. സാമാന്യ മര്യാദകൾ പാലിക്കുന്നില്ല.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ പെർഫോർമൻസ് അങ്ങ് വിലയിരുത്തണം. ഞങ്ങളുടെ കാലത്ത് ഗ്രാമവികസനം, പഞ്ചായത്ത്, നഗരവികസനം എന്നീ മൂന്ന് വകുപ്പുകളിലുമുണ്ടായ ശ്രദ്ധേയമായ മാറ്റം കഴിഞ്ഞ രണ്ട് വർഷമായി ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ ഞാൻ ഈ ഡിമാന്റുകളെ എതിർക്കുകയാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനു വേണ്ടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത് രാജ്, നഗരപാലികാ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച അധികാരം ലഭ്യമാക്കി. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ശ്രീ. എ. കെ. ആന്റണിയുടെ സർക്കാർ കേരളത്തിൽ നടപ്പിലാക്കിയെങ്കിലും അത് പ്രവൃത്തിതലത്തിൽ കൊണ്ടുവരുന്നതിനുള്ള ഇച്ഛാശക്തിയില്ലായിരുന്നു. 1997-ൽ സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും നഗരപാലികാ സ്ഥാപനങ്ങളെയും പ്രാദേശിക സർക്കാരെന്ന് കണ്ടുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെയും പദ്ധതി വിഹിതത്തിന്റെയും ഇരുപത്തിയഞ്ച് ശതമാനം വികസന ഫണ്ടായും സംസ്ഥാന നികുതി വരുമാനത്തിന്റെ 3.5 ശതമാനം തുക ജനറൽ പർപ്പസ് ഗ്രാന്റായും 5.5 ശതമാനം തുക മെയിന്റനൻസ് ഫണ്ടായും നൽകാൻ തീരുമാനമായി. ഇതുവഴി ഓരോ തദ്ദേശവാസികളുടെയും ആവശ്യങ്ങൾ കണ്ടെത്തി മുൻഗണന നിശ്ചയിച്ച് അവർക്ക് അനുയോജ്യമായ പദ്ധതികൾ കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ അധികാര വികേന്ദ്രീകരണത്തിന് ഇടതുപക്ഷ സർക്കാർ ശ്രമിച്ചുവെന്നുള്ള യാഥാർത്ഥ്യം നമുക്ക് ഈ അവസരത്തിൽ തിരിച്ചറിയാൻ സാധിക്കും. ഈ കാലഘട്ടത്തിൽ ഫലപ്രദമായ രീതിയിൽ പങ്കാളിത്ത ജനാധിപത്യം നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എം.എൻ. ഗോവിന്ദൻനായരുടെ നേതൃത്വത്തിൽ കേരളത്തിൽ ലക്ഷം വീട് പദ്ധതി നടപ്പിലാക്കിയത് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തിലൂടെ വിപുലമായ പദ്ധതി നടപ്പിലാക്കാമെന്നതിന്റെ ആദ്യ ഉദാഹരണമാണ് എം.എൻ. ഗോവിന്ദൻനായരുടെ നേതൃത്വത്തിൽ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. വനിതാ സംവരണവും പട്ടികജാതി സംവരണവും ഏർപ്പെടുത്തിയത് അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ 33 ശതമാനം സ്ത്രീ സംവരണം നടപ്പിലാക്കിയപ്പോൾ കേരളത്തിൽ 50 ശതമാനം സംവരണം നൽകി മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കഴിഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകളുടെ ഇടപെടലുകളിലൂടെയാണ് ഇത് സാദ്ധ്യമായത്. അത് ഇന്നും കേരളത്തിലെ സ്ത്രീസമൂഹത്തിന് നീതിപരമായ ഒരു അംഗീകാരം തന്നെയാണ്. ജനപ്രതിനിധി സ്ഥാനത്തും സ്ത്രീകൾ വളരെ ശോഭനമായ പ്രവർത്തനങ്ങളും വികസന

സാദ്ധ്യതകളും നടപ്പിലാക്കിയിട്ടുണ്ട്. കുടുംബശ്രീ വഴിയും സ്ത്രീ ശാക്തീകരണ രംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അദ്ധ്യക്ഷ പദവികളിലും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ പദവികളിലും സംവരണം ഏർപ്പെടുത്തി സ്ത്രീശാക്തീകരണത്തിലൂടെയും സ്ത്രീ സാമൂഹ്യനീതിയിലൂടെയും അഴിമതിരഹിതമായ ഭരണത്തെ സാധൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരളത്തിലെ മിക്കവാറും എല്ലാ മേഖലകളിലും ഇന്ന് പെൻഷൻ പ്രാവർത്തികമാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ജനപ്രതിനിധികളായിരുന്നവർക്ക് പെൻഷൻ നൽകുന്ന കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഗീതാ ഗോപി: സർ, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളായിരുന്ന മെമ്പർമാർക്കുവേണ്ടി ഈ നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. അവർക്കും ഒരു പെൻഷൻ സംവിധാനം നടപ്പാക്കണമെന്നതാണ് ഈ സർക്കാരിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ എന്ന നിലയിൽ സംവരണം ഏർപ്പെടുത്തുമ്പോൾ അതുവഴി അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തെ കൂടുതൽ മികവുറ്റതാക്കുന്നതിന് നേതൃത്വം നൽകാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് അന്നത്തെ കാലഘട്ടത്തിൽ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് 50 ശതമാനം സംവരണം വന്നതിനുശേഷം ഭരണപക്ഷത്തെ വനിതാ ജനപ്രതിനിധികളായി ഞങ്ങൾക്കൊക്കെ ശോഭിക്കാൻ സാധിച്ചിട്ടുള്ളത്.

ഗതാഗത-കുടിവെള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ആരോഗ്യ, വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: പഞ്ചായത്തിന്റെ റോഡുകൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താത്തതുമായി ബന്ധപ്പെട്ട പ്രശ്നം ശ്രദ്ധ ക്ഷണിക്കലായി നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്നിരുന്നു. അന്ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിക്കുവേണ്ടി പ്രൊഫ. സി. രവീന്ദ്രനാഥാണ് മറുപടി പറഞ്ഞത്. പതിനാല് ജില്ലകളിലും പ്രത്യേകം യോഗം വിളിച്ചുചേർത്ത് വിവിധ പദ്ധതികളിലൂടെ പൂർത്തിയാക്കിയിട്ടുള്ള ആസ്തിയിൽപ്പെടുത്തേണ്ട റോഡുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് ഉൾപ്പെടുത്തേണ്ട റോഡുകളുടെ ലിസ്റ്റ് ഉൾപ്പെടുത്തുമെന്നും അതോടൊപ്പം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ആ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമാണ് ഗവൺമെന്റ് അന്നുനൽകിയ ഉറപ്പ്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം എന്താണെന്നറിഞ്ഞാൽ നന്നായിരിക്കും.

ശ്രീമതി ഗീതാ ഗോപി: പഞ്ചായത്ത് റോഡുകളുടെ ശോചനീയാവസ്ഥ തിരിച്ചറിഞ്ഞ് ജനങ്ങളുടെ പ്രാദേശികമായ ഇത്തരം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ സ്പീഡ് അപ് ചെയ്ത് റോഡുകളുടെ വികസനം സാധൂകരിക്കുന്നതിന് സർക്കാർ നിലപാടും തീരുമാനങ്ങളും വേഗത്തിലാക്കുമെന്നാണ് ഞാനും വിശ്വസിക്കുന്നത്.

ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്ന ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ്. പാവപ്പെട്ടവർക്ക് സഹകരണസംഘം ബാങ്കുകൾ വഴി ലോണുകൾ നൽകി ആ വീടുകൾ പൂർത്തീകരിക്കാനുള്ള സൗകര്യമൊരുക്കി. അങ്ങനെ ഒരു വ്യക്തിക്ക് പാർപ്പിട സമുച്ചയം പണിയുന്നതിന് ലോൺ സംവിധാനം നടപ്പിലാക്കിയ ചരിത്ര പദ്ധതിയാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി. ഗ്രാമപഞ്ചായത്തുകൾ ജനങ്ങൾക്കുവേണ്ടി ശ്ലാഘനീയമായി ഏറ്റെടുത്ത പദ്ധതിയാണിത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലഘട്ടത്തിലാണ് ടി പദ്ധതി ആരംഭിച്ചതെന്ന് നമ്മൾ ഓർക്കുന്നത് നല്ലതാണ്.

ലൈഫ് മിഷൻ പദ്ധതി ഈ വർഷം സർക്കാർ നടപ്പിലാക്കും. കേരളത്തിൽ തലചായ്ക്കാൻ ഒരു തുണ്ട് ഭൂമിയില്ലാതെ തെരുവിൽ അന്തിയുറങ്ങുന്ന പാവങ്ങൾക്കു വേണ്ടിയാണ് അത്തരമൊരു സംരംഭം ഈ സർക്കാർ നടപ്പാക്കുന്നത്. സർക്കാർ ഭൂമിയിൽ വീടോ ഫ്ലാറ്റോ പണിതുകൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ സർക്കാരിനു വേണ്ടി ആ പദ്ധതി നടപ്പിലാക്കാനും സൗജന്യമായി ഭൂമി നൽകാനും ഫ്ലാറ്റ് നിർമ്മിക്കാനും സർക്കാരുമായി സഹകരിക്കാൻ തയ്യാറാണെന്ന് പ്രവാസികളും ഭൂവുടമകളുമായ എത്രയോ വ്യക്തികൾ പൊതുവേദികളിലും പൊതുസംരംഭ പരിപാടികളിലും പറയുന്നു. അതുകൊണ്ടുതന്നെ ലൈഫ് മിഷൻ പദ്ധതി വിജയകരമാകുമെന്ന പ്രതീക്ഷയാണുള്ളത്. രണ്ട് വർഷമായിട്ട് ഏതെങ്കിലും ഒരു വീട് പണിതുകൊടുക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. ലൈഫ് പദ്ധതിയിൽ പാവപ്പെട്ടവരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവന് പാർപ്പിടം, തലചായ്ക്കാൻ ഒരിടം കൊടുക്കുന്ന ഒരു സംരംഭത്തിലേയ്ക്ക് വന്നിട്ട് രണ്ടുവർഷമല്ലേ ആയിട്ടുള്ളൂ. ഇനിയും മൂന്നുവർഷം നമ്മുടെ മുന്നിൽ കിടക്കുകയല്ലേ? ഇനിയുള്ള ഒന്നരവർഷത്തിനുള്ളിൽ ഈ പദ്ധതി പൂർണ്ണമാകുന്നതോടുകൂടി കേരള ചരിത്രത്തിൽ ലൈഫ് മിഷൻ ഇടം പിടിക്കുമെന്നതിൽ തർക്കമില്ല. ഈ കർമ്മ പദ്ധതികൾ സർക്കാരിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ജനാധിപത്യ ഭരണസംവിധാനത്തിൽ നമ്മൾ മുന്നോട്ടുപോയാലേ ശക്തമായ നേട്ടം കൈവരിക്കാൻ സാധിക്കൂ. ഭക്ഷണവും വസ്ത്രവും

കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ് പാർപ്പിടം. വെയിലും മഴയുമേൽക്കാതെ താമസിക്കാനുള്ള ഒരു സങ്കേതം എന്നതിലുപരി സമൂഹത്തിന്റെ പുരോഗതിക്കും സുരക്ഷിതമായ നിലനിൽപ്പിനുമായി ക്രിയാത്മക ഇടപെടൽ നടത്തുന്ന ഉത്തമ പൗരന്മാരായി നമ്മുടെ ജനതയെ നിലനിർത്തുക എന്ന ലക്ഷ്യമാണ് ഈ സർക്കാരിനുള്ളത്. ലൈഫ് മിഷനിലൂടെ ആ ലക്ഷ്യം നിറവേറ്റാൻ സർക്കാരിന് സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

ഉല്പാദന സേവന വിതരണ മേഖലകൾക്ക് പദ്ധതി വിഹിതമായി ഒരു നിശ്ചിത വരുമാനം മാറ്റിവയ്ക്കണമെന്ന നിബന്ധന കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇല്ലാതാക്കി. അത് ഉല്പാദനമേഖലയെ സാരമായി ബാധിച്ചു. നെൽകൃഷിയുടെ ഉല്പാദനത്തിൽ കുറവുവന്നു. അതുകൊണ്ട് ഈ സർക്കാർ ഓരോ മേഖലയ്ക്കും നിശ്ചിത ശതമാനം തുക മാറ്റിവയ്ക്കണമെന്ന നിബന്ധന നിർബന്ധമാക്കി. അതുവഴി ഉല്പാദന മേഖലയ്ക്ക് ഉണർവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്ത ഭരണത്തിൽ നേരിട്ട് ഇടപെടാൻ അവസരം നൽകുന്നതാണ് ഗ്രാമസഭകൾ. അധികാരം ജനങ്ങളിലേയ്ക്ക് പകർന്ന് കൊടുത്തപ്പോൾ ഗ്രാമസഭകളിലുണ്ടാകുന്ന നിറഞ്ഞ സാന്നിദ്ധ്യവും ജനം നിശ്ചയിക്കുന്ന വികസനങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിന്റെ തെളിവാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെയുള്ള ഭരണ സംവിധാനം. ഗ്രാമസഭകളുടെ ശാക്തീകരണത്തിന് പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നിയമം അനുശാസിക്കും പ്രകാരമുള്ള സോഷ്യൽ ഓഡിറ്റിംഗിന് തുടക്കമായിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിന്റെ പിടിപ്പുകേടുമൂലം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വീണ്ടും പ്രതിസന്ധിയിലേയ്ക്കാണ് പോകുന്നത്. കേരളത്തിൽ മാത്രം വേതനത്തിൽ 250 കോടി രൂപ ആറ് മാസത്തെ കുടിശ്ശികയായുണ്ട്. അതുപോലെ ട്രാൻസ്പരൻസി ആന്റ് അക്കൗണ്ടബിലിറ്റി നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഒറ്റ വകുപ്പാക്കി മാറ്റുന്നതിലൂടെ അവയുടെ കാര്യക്ഷമത വർദ്ധിക്കുമെന്നതിൽ തർക്കമില്ല. ഇത്തരത്തിൽ വകുപ്പുകളെ ഏകോപിപ്പിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ജീവനക്കാർ ഭയാശങ്കയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ലോകത്തിന് മാതൃകയാകത്തക്കനിലയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് വലിയ പങ്ക് വഹിക്കുന്നവരാണ് ജീവനക്കാർ. നിലവിലുള്ള പ്രൊമോഷൻ സാധ്യതകൾ നിലനിർത്താനുള്ള നടപടി ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വയോജനങ്ങളുടെ സംരക്ഷണം ഒരു സാമൂഹ്യപ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിനും ആരോഗ്യപരമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം. ജില്ലാ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും പകൽവീട്, സീനിയർ സിറ്റിസൺ പദ്ധതി എന്നിവ ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പാക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഇരുപത് വർഷത്തെ വികേന്ദ്രീകരണ ആസൂത്രണത്തിലൂടെ ജനങ്ങളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ, ആരോഗ്യ രംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷ സർക്കാരിന്റെ ജനകീയ പദ്ധതികൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ഹ്രസ്വകാല പദ്ധതികൾ ജനാധിപത്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും ഉല്പാദന വരവ് പ്രദാനം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുംവേണ്ട തയ്യാറെടുപ്പുകൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വികസന പരിപാടി എന്ന തരത്തിൽ ആവിഷ്കരിക്കണം. ഒരു ജില്ലയുടെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ബൃഹത്തായ ഒരു പദ്ധതി ആവിഷ്കരിക്കുകയും അവയുടെ വികസന ഫണ്ടുകൾ ഇതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യണം. ഈ സർക്കാർ ഒട്ടനവധി സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള മാറ്റത്തിന് ഇനി അധികനാൾ കാത്തിരിക്കേണ്ടിവരില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടുകൾ വർദ്ധിപ്പിക്കണം. സ്ഥിരമായ ഭരണസംവിധാനം ഉറപ്പാക്കുന്നതിനും ജനാധിപത്യ സംവിധാനത്തിലൂടെയും ജനപ്രതിനിധി അധികാരത്തിലൂടെയും ഈ സർക്കാർ മുന്നോട്ടുവച്ച വികസന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനും ശക്തമായ പിന്തുണയും അതിനാവശ്യമായ നടപടികളുമായി ഞങ്ങൾ എം.എൽ.എ.മാർ മുന്നോട്ടുപോകുമെന്നുമാത്രം ഉറപ്പുനൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് നിരന്തരം പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷം ഇപ്പോൾ അധികാര കേന്ദ്രീകരണത്തിന്റെ വക്താക്കളായി മാറിയിരിക്കുകയാണ്. ത്രിതല പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് നൽകിയ അധികാരങ്ങൾ ഒന്നൊന്നായി കവർന്നെടുക്കുകയാണ് ഇപ്പോൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. അതിലൂടെ സ്വന്തമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന അധികാരമാണ് ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. സർക്കാർ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുന്നു. അതിന്റെ വിഹിതം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നൽകണമെന്ന് പറയുന്നു, സർക്കാർ പദ്ധതികൾക്ക് പണം

ചെലവഴിക്കുന്നത് പഞ്ചായത്തുകളാണ്. എന്നിട്ട് അതിന്റെ മേനിപറയുന്ന ഒരവസ്ഥയിലാണ് ഇപ്പോൾ വകുപ്പുകൾ. തന്റെ വകുപ്പിൽ എന്താണ് നടക്കുന്നത് എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ലാത്ത ബഹുമാനപ്പെട്ട കെ. ടി. ജലീൽ ഈ വകുപ്പിനുതന്നെ ഒരു അപമാനമാണ്. യു.ഡി.എഫ്.ന്റെ കാലത്ത് മൂന്ന് മന്ത്രിമാരാണ് വകുപ്പ് കൈകാര്യം ചെയ്തിരുന്നത് എന്ന് ഇവിടെ നേരത്തേ പറഞ്ഞു. ഇപ്പോൾ താൻ ഒറ്റയ്ക്ക് കൈകാര്യം ചെയ്യുന്നുവെന്ന് മേനി പറയുന്നുണ്ട്. ഒന്നും നടക്കാത്ത വകുപ്പാണെങ്കിൽ 10 വകുപ്പുകൾ വേണമെങ്കിലും ഒരു മന്ത്രിക്ക് കൈകാര്യം ചെയ്യാൻ കഴിയുമല്ലോ. ആ രീതിയിലാണ് വകുപ്പ് പോകുന്നത്. ഭരണപക്ഷത്തുള്ള മെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ വാസ്തവത്തിൽ കേരളത്തിലെ കാര്യം തന്നെയാണോ പറയുന്നത് എന്ന് സംശയം തോന്നിപ്പോയി. പാവപ്പെട്ടവർക്ക് വീടുണ്ടാക്കി കൊടുക്കുന്നതിനുള്ള നൂതനമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ പഞ്ചായത്തുകളാണ് നമ്മുടെ നാട്ടിലുള്ളത്. നേരത്തേ തന്നെ കേരളത്തിലെ സഹകരണ ബാങ്കുകളുമായി സഹകരിച്ചുകൊണ്ട് സമ്പൂർണ്ണ ഭവന പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി വിഹിതത്തിനുപുറമെ സ്വന്തമായി പണം സ്വരൂപിക്കുന്നതിനുള്ള അധികാരം നൽകുകയാണ് വേണ്ടത്. ഇതല്ലേ ജനകീയാസൂത്രണത്തിന്റെ അന്തഃസത്ത; അപ്പോഴല്ലേ തനതായതും ഭാവനാ സമ്പന്നവുമായ പദ്ധതികളുണ്ടാകുന്നത്? അതിനുപകരം പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിലുള്ള അധികാരംകൂടി കവർന്നെടുത്ത് ലൈഫ് മിഷൻ എന്നൊരു പേരിട്ട് ഭവന പദ്ധതി നടപ്പിലാക്കാനുള്ള കാര്യമെന്തായിരുന്നു? നിലവിലുള്ള പഞ്ചായത്ത്-മുനിസിപ്പൽ ഭരണ സമിതികൾ രണ്ട് വർഷം പൂർത്തിയാക്കുന്ന ഈ ഘട്ടത്തിൽ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ പാവപ്പെട്ടവർക്ക് ഒരു വീടുപോലും നിർമ്മിച്ചുനൽകാൻ കഴിയാത്ത ദുരവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കുകയാണ് ഈ സർക്കാർ. പഞ്ചായത്തുകളിലെ പദ്ധതി രൂപീകരണ പ്രക്രിയ ആകപ്പാടെ താളംതെറ്റിയ അവസ്ഥയിലാണ്. ഞങ്ങളൊക്കെ പഴയ കാലങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന ആളുകളാണ്. ഗ്രാമസഭകൾ കൂടും, പഞ്ചായത്ത് പദ്ധതികൾ അംഗീകരിക്കും. അതുകഴിഞ്ഞ് ബ്ലോക്കിലേയ്ക്കും ജില്ലാ പഞ്ചായത്തിലേയ്ക്കും പോകും. അങ്ങനെയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. എന്നാൽ ഇപ്പോൾ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ പ്രക്രിയയാകെ തലതിരിഞ്ഞ രീതിയിലാണ് നടക്കുന്നത്. ആദ്യം ഗ്രാമ പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ ഗ്രാമസഭ, വികസന സെമിനാർ, പിന്നീട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഗ്രാമസഭ, വികസന സെമിനാർ ഇതാണ് പദ്ധതി രൂപീകരണത്തിന്റെ ശരിയായ ക്രമം. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ അവയുടെ പദ്ധതി രൂപീകരണവുമായി ഏറെ മുന്നോട്ടുപോയിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ തുടങ്ങിയിട്ടേയുള്ളൂ. ഇത് എന്തുതരം ജനകീയാസൂത്രണമാണ്? വാർഡ് തലത്തിലുള്ള ഗ്രാമസഭകളിൽ

നിന്നാണ് നിർദ്ദേശങ്ങൾ വരേണ്ടത്. ഇതൊന്നുമില്ലാതെ തീർത്തും കുത്തഴിഞ്ഞ രീതിയിലാണ് ഇപ്പോൾ പദ്ധതി രൂപീകരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ വകുപ്പുമന്ത്രി പദ്ധതിപ്പണം ചെലവഴിച്ചതിന്റെ കണക്കുമാത്രം പെരുപ്പിച്ചുകാണിച്ച് അഭിമാനം കൊള്ളുകയാണ്. ഈ പണം ചെലവഴിച്ച് എത്ര സ്ഥലത്ത് കൃഷി വർദ്ധിച്ചു; എത്ര പേർക്ക് വീട് ലഭിച്ചു എന്ന കണക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പരിശോധിച്ചിട്ടുണ്ടോ; പാവപ്പെട്ടവർക്കുള്ള പെൻഷൻ കൃത്യമായി കൊടുക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നുണ്ടോ; പഞ്ചായത്തുകളിലെ എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും സെക്രട്ടറി അടക്കമുള്ള മറ്റ് ജീവനക്കാരുടെയും തസ്തികകൾ മുമ്പെങ്ങുമില്ലാത്തവിധം ഒഴിഞ്ഞുകിടക്കുകയാണ്. എഞ്ചിനീയർമാരും ഓവർസിയർമാരും ഇല്ലാത്തതിനാൽ മാർച്ച് മാസമായിട്ടും പദ്ധതികളുടെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കാൻ കഴിയാത്ത നിരവധി പഞ്ചായത്തുകളുണ്ട്. അതോടൊപ്പം രാഷ്ട്രീയ പകപോക്കലും ഇതിന്റെ ഭാഗമായുണ്ട്. ഇത് രണ്ടുംകൂടി 'കുനിൻമേൽ കുരു' എന്നുപറയുന്നതു പോലെയാണ്. രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമായി യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളിലെ ജീവനക്കാരെ നിരന്തരം സ്ഥലംമാറ്റുക എന്ന ക്രൂരവിനോദവും തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ വകുപ്പുമന്ത്രിയുടെ അറിവോടെയാണോ നടക്കുന്നത് അതോ എ.കെ.ജി. സെന്ററിൽ നിന്നുള്ള തിട്ടൂരങ്ങളാണോ എന്നറിയില്ല. ഒരു ഉദാഹരണം പറയാം, മലപ്പുറം ജില്ലയിലെ പൊന്മുണ്ടം പഞ്ചായത്തിൽ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എട്ടോളം പഞ്ചായത്ത് സെക്രട്ടറിമാരെയാണ് മാറ്റി നിയമിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ 9 സെക്രട്ടറിമാരെ ഒരു വർഷത്തിനിടെ മാറ്റി. അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, പ്ലാൻ ക്ലാർക്ക് എന്നിവരെയും നിരന്തരം മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇത് എന്ത് ഭരണമാണ്? സങ്കുചിത രാഷ്ട്രീയത്തിനതീതമായി ഭരണ-പ്രതിപക്ഷ വ്യത്യാസം പോലുമില്ലാതെ പ്രവർത്തിക്കത്തക്ക വിധത്തിലാണ് പഞ്ചായത്ത് രാജ് ആക്ടിൽ പ്രാദേശിക സർക്കാരുകളായി പഞ്ചായത്ത് ഭരണ സമിതികളെ വിഭാവനം ചെയ്തിരിക്കുന്നത്. അവിടെയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വൃത്തികെട്ട രാഷ്ട്രീയക്കളി. ഇത് അങ്ങേയറ്റം ആപത്കരവും ഗ്രാമീണ ജനതയോടുള്ള വെല്ലുവിളിയുമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളായ തൊഴിലുറപ്പ് പദ്ധതി, പി.എം.ജി.എസ്.വൈ. എന്നിവയുടെ നടത്തിപ്പിലും ഈ സർക്കാർ അനാസ്ഥ കാണിക്കുകയാണ്. മഹാത്മാഗാന്ധിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് ആണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിത്തറ. 1958-ൽ സമർപ്പിക്കപ്പെട്ട ബൽവന്തറായ് മേത്ത കമ്മീഷൻ റിപ്പോർട്ട് ഇന്ത്യയിൽ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് അടിത്തറ ഒരുക്കി. രാജീവ് ഗാന്ധിയുടെ ഭരണകാലത്തെ 73, 74 ഭരണഘടനാ ഭേദഗതികൾ പഞ്ചായത്തുകൾക്ക് ഭരണഘടനാ പരിരക്ഷയൊരുക്കിയതിലൂടെ രൂപപ്പെട്ടുവന്നതാണ് ത്രിതല പഞ്ചായത്തുകളും മുനിസിപ്പൽ കോർപ്പറേഷൻ ഭരണസമിതികളും.

ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളം. പല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും തങ്ങൾക്ക് കൈവന്ന അധികാരമുപയോഗിച്ച് നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കി. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പരിരക്ഷ പദ്ധതിയും കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റിയുമൊക്കെ അതിന് ഉദാഹരണമാണ്. പഞ്ചായത്തുകൾ നിശ്ചിത വിഹിതം ജില്ലാ പഞ്ചായത്തിന് നൽകിക്കൊണ്ടാണ് കിഡ്നി വെൽഫയർ സൊസൈറ്റി പ്രവർത്തിച്ചിരുന്നത്. ഡയാലിസിസ് രോഗികൾക്ക് മാസംതോറും നിശ്ചിത തുക നൽകുക, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ കഴിഞ്ഞവർക്ക് മരുന്നിന് സഹായം നൽകുകയും ബോധവത്കരിക്കുകയും ചെയ്യുക തുടങ്ങിയവയൊക്കെ ആ സൊസൈറ്റിയിലൂടെ ചെയ്തിരുന്നു. എന്നാൽ ആറ് മാസമായി ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശപ്രകാരം അത് നിർത്തിവച്ചിരിക്കുകയാണ്. അത്തരം പദ്ധതികൾ തടസ്സപ്പെടുത്തുന്നത് നാണക്കേടാണ്, പാവപ്പെട്ട കിഡ്നി രോഗികളോട് കാണിക്കുന്ന ക്രൂരതയാണ്.

ഒരു പദ്ധതിയുടെ പേരിൽ അടിക്കടി ഉത്തരവുകൾ ഇറങ്ങുന്നത് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പിടിപ്പുകേടാണ് സൂചിപ്പിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിപ്രകാരം 450 സ്ക്വയർ ഫീറ്റുള്ള ഒരു വീടുണ്ടാക്കുന്നതിനുവേണ്ടി എത്ര ഉത്തരവുകളാണ് ഇറക്കിയത് എന്ന് വകുപ്പുമന്ത്രിക്കുപോലും പറയാൻ സാധിക്കില്ല. നാഴികയ്ക്ക് നാല്പത് വട്ടം ഫാസിസ്റ്റ് വിരോധവും ബി.ജെ.പി.യോടുള്ള എതിർപ്പുമൊക്കെ പ്രസംഗിച്ചു നടക്കുന്ന സി.പി.ഐ.(എം) ബി.ജെ.പി.യെ ഭരണത്തിലെത്താൻ സഹായിക്കുന്നത് കാണണമെങ്കിൽ പാലക്കാട് നഗരസഭയിലേക്കും ബി.ജെ.പി. ഭരിക്കുന്ന മറ്റ് ചില പഞ്ചായത്തുകളിലേക്കും നോക്കിയാൽ മതി. സി.പി.ഐ.(എം.)-ന്റെ നെറികെട്ട രാഷ്ട്രീയത്തിന്റെ നാറുന്ന ചിത്രം നമുക്ക് അവിടെ കാണാൻ കഴിയും.

<u>ശ്രീ. എം. ഉമ്മർ</u>: സർ, മന്ത്രി മൂന്ന് വകുപ്പുകൾ കൈകാര്യം ചെയ്യുന്നു എന്നുമാത്രമല്ല എല്ലാ വകുപ്പുകളും ഇപ്പോൾ അദ്ദേഹത്തെ ഏൽപ്പിച്ച് ബാക്കി മന്ത്രിമാരൊക്കെ സ്ഥലം വിട്ടിരിക്കുകയാണ്. അദ്ദേഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാൻപോലും ഒരു മന്ത്രി സ്ഥലത്തില്ല. ഇത് വിരോധാഭാസമല്ലേ; ഇതിനെ കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ എല്ലാവരും കൂടി ഒറ്റപ്പെടുത്തിയിരിക്കുകയാണ്. ത്രിതല പഞ്ചായത്തുകളുടെ അധികാരം കശാപ്പ് ചെയ്യുന്നതിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ പങ്കും ചർച്ച ചെയ്യപ്പെടേണ്ടതാണ്. പ്ലാനിംഗ് ബോർഡ് മെമ്പറായിരിക്കെ പഞ്ചായത്തുകൾക്ക് അധികാരം നൽകാൻ

ജനകീയാസൂത്രണം പ്രസംഗിച്ച് നടന്നിരുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹം തന്നെ പഞ്ചായത്തുകൾക്ക് നൽകിയ പണം തിരിച്ചുപിടിക്കാൻ ഇറങ്ങിയത് കാണുമ്പോൾ സഹതാപം തോന്നുകയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി അതിശക്തമായി വാദിക്കുന്നവർ അത് അത്ര എളുപ്പത്തിൽ നൽകാറില്ല എന്ന് ഇംഗ്ലീഷ് കവിയായ മിൽട്ടൺ 'Paradise Lost' എന്ന കവിതയിൽ പറയുന്നുണ്ട്. അതുപോലെയാണ് ഇപ്പോൾ ഡോ. ടി. എം. തോമസ് ഐസക്കിന്റെ സ്ഥിതി. പ്രസംഗിച്ചിരുന്നതിൽ പലതും ചെയ്യാൻ കഴിയുന്നില്ല, കൊടുക്കാൻ കഴിയുന്നില്ല എന്നതാണ് സ്ഥിതി. പഞ്ചായത്തുകൾക്ക് കൂടുതൽ പണം നൽകി ശക്തിപ്പെടുത്തുന്നതിനുപകരം കൊടുത്ത പണം തിരിച്ചുപിടിക്കുന്നത് ശരിയായ അധികാര വികേന്ദ്രീകരണമാണോ? പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ഡോ. കെ. ടി. ജലീൽ. പണം ചെലവഴിച്ച് ശതമാനം ഒപ്പിക്കലാണോ ജനകീയാസൂത്രണം; ലക്ഷ്യം കൈവരിക്കാൻ കഴിയണ്ടേ? കാർഷിക മേഖലയിൽ പഞ്ചായത്തുകൾ ചെലവിട്ട പണംകൊണ്ട് നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടായോ; കൃഷി/തദ്ദേശസ്വയംഭരണ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏകോപനമുണ്ടോ; എത്ര കുടുംബങ്ങൾ ദാരിദ്ര്യത്തിൽനിന്നും കരകയറി; എത്ര തൊഴിലവസരങ്ങളുണ്ടായി എന്നിവയുടെ കണക്ക് നിരത്തിയല്ലേ മന്ത്രി മേനി നടിക്കേണ്ടത്? 2016 നവംബറിൽ ഈ സർക്കാർ തുടങ്ങിവച്ച നവകേരള മിഷൻ പഞ്ചായത്തുകളുടെ പദ്ധതികളുമായി സംയോജിപ്പിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചത്? അതിന്റെ പ്രഖ്യാപനം കഴിഞ്ഞിട്ട് ഒരു വർഷത്തിലധികമായല്ലോ; എന്താണ് ഇതുകൊണ്ടുണ്ടായ നേട്ടം. സർക്കാർ ഇതൊക്കെ വെറും പബ്ലിസിറ്റി സ്റ്റണ്ടാക്കി മാറ്റുകയാണ്. ഇവയുടെ നടത്തിപ്പിൽ സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിയെത്തന്നെ സംശയിക്കേണ്ട സാഹചര്യ മാണുള്ളത്. ലക്ഷക്കണക്കിന് രൂപ ശമ്പളം നൽകി മുഖ്യമന്ത്രി ഉപദേശകരെ നിയമിച്ചതുപോലെ പഞ്ചായത്ത് പ്രസിഡന്റുമാരെ ഉപദേശിക്കാനാണോ ലൈഫ് മിഷനുവേണ്ടി പഞ്ചായത്തുകളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത്; അതോ പാർട്ടി പ്രവർത്തകരെ പഞ്ചായത്തുകളിൽ കുടിയിരുത്താനുള്ള നീക്കമാണോ? പഞ്ചായത്ത് ഭരണ സമിതികൾ പ്രവർത്തിക്കേണ്ടത് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ്. അവരെ സഹായിക്കാൻ ഉദ്യോഗസ്ഥരുണ്ട്. ആ തസ്തികകളിൽ ആളെ നിയമിക്കാതെ പുറത്തുനിന്നും കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നത് എന്തിനാണ്? മുഖ്യമന്ത്രിയുടെ മാതൃകയിൽ പഞ്ചായത്ത് പ്രസിഡന്റുമാർക്കും ഉപദേശകരായിക്കോട്ടെ എന്നതാണോ സർക്കാർ നയം? ഒരു ജനകീയ സർക്കാരിന്റെ തലവനായ മുഖ്യമന്ത്രിക്ക് എന്തിനാണ് ഇത്രയും ഉപദേശകർ? കേരളത്തിൽ ഇതിനുമുമ്പ് ഇങ്ങനെ ഉണ്ടായിട്ടുണ്ടോ;

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു. അവസാനിപ്പിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഒരു മിനിട്ടുകൂടി. കേരളത്തിനുപുറത്ത് എവിടെയെങ്കിലും മുഖ്യമന്ത്രിമാർക്ക് ഇങ്ങനെ ഉപദേശിപ്പടയുണ്ടോ? തദ്ദേശസ്വയംഭരണ വകുപ്പിൽ ഇപ്പോൾ നടക്കുന്നതാണോ വികേന്ദ്രീകൃത ആസൂത്രണം? ഇതേക്കുറിച്ച് ഇ.എം.എസ്. എഴുതിയ ലേഖനങ്ങളെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വായിച്ചുനോക്കുന്നത് നന്നായിരിക്കും. ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ഡോ. ടി. എം. തോമസ് ഐസക്കിന്റെ ലേഖനങ്ങളും ഉപകാരപ്പെട്ടേക്കും. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഓഫീസിനെ കുറിച്ച് ഇപ്പോൾ വലിയ ആക്ഷേപമാണുള്ളത്. അവിടെ നടക്കുന്ന പല കാര്യങ്ങളും മന്ത്രി അറിയുന്നില്ലെന്നാണ് പറയപ്പെടുന്നത്. ഇടതുപക്ഷ സംഘടനകൾ നൽകുന്ന ലിസ്റ്റ് പ്രകാരം ഉദ്യോഗസ്ഥരെ അകാരണമായി സ്ഥലം മാറ്റുക, സത്യസന്ധരായ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിക്ക് വിധേയരാക്കുക. ഇതൊക്കെ മന്ത്രിയുടെ ഓഫീസിൽ അദ്ദേഹം അറിഞ്ഞോ അറിയാതെയോ നിർബാധം നടന്നുകൊണ്ടിരിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന പല ഉദ്യോഗസ്ഥരും ഇപ്പോൾ ഭയത്തോടെയാണ് ജോലി ചെയ്യുന്നത്. 'വരും ഓരോ ദശ, വന്നപോലെ പോകും' എന്നുപറഞ്ഞതു പോലെയാണ് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അവസ്ഥ. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്നുപറഞ്ഞ് ആളുകളെ പറ്റിച്ച് അധികാരത്തിൽവന്ന ഈ സർക്കാരിനെ നോക്കി എൽ.ഡി.എഫ്. പോകും എല്ലാം ശരിയാകുമെന്ന ഒറ്റ പ്രതീക്ഷയിലാണ് കേരളത്തിലെ ജനങ്ങൾ ഇപ്പോൾ ജീവിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. മതന്യൂനപക്ഷങ്ങളെ ഏറ്റവുമധികം കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്ന സർക്കാരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് കോൺഗ്രസ്സിനെയും യു.ഡി.എഫ്.-നെയും വിശ്വാസമില്ലാത്ത ഒരു കാലഘട്ടമാണ് കടന്നുപോകുന്നത്. അടുത്തകാലത്തായി ന്യൂനപക്ഷങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ചില കേന്ദ്രങ്ങൾ ആസൂത്രിതമായ ശ്രമം നടത്തുന്നുണ്ട്. രാഷ്ട്രീയ വിഷയങ്ങളെ വർഗ്ഗീയവൽക്കരിക്കാനും അതുവഴി സർക്കാരിന്റെ പ്രതിച്ഛായ തകർക്കാനുമാണ് യു.ഡി.എഫ്. ശ്രമിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കിടയിൽ അരക്ഷിത ബോധമുള്ള വർത്തമാനകാലത്താണ് നമ്മുടെ കൊച്ചുകേരളം വ്യത്യസ്തമാകുന്നത്. പ്രതീക്ഷകളുടെ വെളിച്ചമാണ് ഈ തുരുത്തിൽനിന്നും ഉയരുന്നത്. ക്രൈസ്തവർ ഉൾപ്പടെയുള്ള എല്ലാ മതന്യൂനപക്ഷങ്ങൾക്കും ദളിതർക്കും തുല്യനീതിയാണ് ഈ സർക്കാർ ലക്ഷ്യമാക്കുന്നത്. നാട്ടിൽ ഐക്യവും സാഹോദര്യവുമില്ലാതെ ഭാവിയില്ലെന്ന്

തിരിച്ചറിഞ്ഞ സർക്കാരാണ് സഖാവ് പിണറായി വിജയന്റേത്. ന്യൂനപക്ഷ ക്ഷേമത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയ നമ്മുടെ സംസ്ഥാനം ഇന്ന് ഒന്നാം സ്ഥാനത്താണ്. മൊത്തം ദേശീയ ജനതയുടെ 20 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങളാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിൽ അത് 40 ശതമാനം വരുന്നു. ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ് കേരളത്തിലെ മതന്യൂനപക്ഷ വിഭാഗങ്ങൾ. ന്യൂനപക്ഷമെന്നാൽ മുസ്ലീങ്ങൾ മാത്രമല്ല. മുസ്ലീങ്ങൾ, ക്രൈസ്തവർ, സിക്കുകാർ, ബൗദ്ധർ, ജൈനർ, പാഴ്സികൾ എന്നീ 6 വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ. യു.ഡി.എഫ്.-ന് വേണ്ടത് ന്യൂനപക്ഷ സമുദായ വോട്ടുകൾ മാത്രമാണ്. അതിന് അവരുടെ പീഡിതാവസ്ഥയാണ് കൂടുതൽ സൗകര്യമെന്ന് കോൺഗ്രസ്സും യു.ഡി.എഫ്.ഉം തിരിച്ചറിയുന്നു. ന്യൂനപക്ഷ വികസനത്തിന്റെ പേരിൽ കേൾക്കാൻ ഇമ്പമുള്ള പദ്ധതികൾ പ്രഖ്യാപിക്കുക, പണം നീക്കിവയ്ക്കാതിരിക്കുക, വകയിരുത്തുന്ന തുക ചെലവഴിക്കാതിരിക്കുക, ചെലവഴിക്കുന്നത് ന്യൂനപക്ഷങ്ങൾക്ക് പ്രയോജനപ്പെടാതെ പോകുക എന്നതായിരുന്നു കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇവിടെ നടന്നിരുന്നത്. ഇമ്പിച്ചി ബാവ ഭവന പദ്ധതി പ്രകാരം ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിധവകൾ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിനായി 50 കോടി രൂപ നീക്കിവച്ചു. കഴിഞ്ഞ വർഷം 1200 വീടുകളാണ് ഇത്തരത്തിൽ നിർമ്മിച്ചത്. കഴിഞ്ഞ വർഷം 2.5 ലക്ഷം രൂപയായിരുന്നു ഓരോ വീടിനും നൽകിയിരുന്നതെങ്കിൽ ഈ വർഷം 3.5 ലക്ഷം രൂപയായി അത് വർദ്ധിപ്പിച്ചു. ലൈഫ് പദ്ധതിയിൽ നിന്നാണ് അധികമായി അനുവദിച്ച ഒരു ലക്ഷം രൂപ നൽകുന്നത്. ന്യൂനപക്ഷ വിഭാഗത്തിലെ 1000 കുടുംബങ്ങൾക്ക് 50,000 രൂപ വീട് റിപ്പയറിന് പദ്ധതി ആവിഷ്കരിച്ചതും ഈ ഇടതുപക്ഷ സർക്കാരാണ്. ന്യൂനപക്ഷ ക്ഷേമത്തിനുള്ള കേന്ദ്ര സർക്കാർ വിഹിതം കുറച്ചുകൊണ്ടുവരുന്ന സാഹചര്യത്തിലാണ് ഇടതുപക്ഷ സർക്കാർ ന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നത്. ന്യൂനപക്ഷ ക്ഷേമത്തിനായി 40 ശതമാനം പദ്ധതി വിഹിതമാണ് സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളത്. ന്യൂനപക്ഷങ്ങളുടെ യഥാർത്ഥ സംരക്ഷകർ ഇടതുപക്ഷം തന്നെയാണെന്ന് തെളിയിക്കുന്നതാണ് ഈ കണക്കുകളെല്ലാം.

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫോർ ടാലന്റഡ് സ്റ്റുഡന്റ്സ് എന്ന പേരിൽ ഒരു പുതിയ സ്കോളർഷിപ്പ് ആരംഭിച്ചു. ഈ ഇനത്തിൽ കഴിഞ്ഞ വർഷം 1.5 കോടി രൂപയാണ് വിതരണം ചെയ്തത്. ഈ വർഷം 2.5 കോടി രൂപ ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. 10,000 രൂപയാണ് സ്കോളർഷിപ്പ് തുക.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾക്ക് 10,000 രൂപയും ഡിഗ്രി, പി.ജി. പരീക്ഷകളിൽ 80 ശതമാനം മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000 രൂപയുമാണ് നൽകുന്നത്.

ചരിത്രത്തിലാദ്യമായി മദ്രസ അദ്ധ്യാപകർക്ക് ചികിത്സാധനസഹായം പ്രഖ്യാപിച്ച സർക്കാരാണിത്. സാധാരണ രോഗങ്ങൾക്ക് 5,000 രൂപയും ഗുരുതര രോഗങ്ങൾക്ക് 25,000 രൂപയും സഹായം ലഭ്യമാക്കുന്ന പദ്ധതി ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഏറെ ആശ്വാസകരമാണ്. മദ്രസ അദ്ധ്യാപകർക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ച് സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പാലോളി കമ്മിറ്റി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിലാണ് മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി വന്നത്. മദ്രസ അദ്ധ്യാപകരുടെ പെൻഷൻ 1,000 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് മന്ത്രിമാർ ചേർന്ന് ഭരിച്ചിരുന്ന ഈ വകുപ്പ് ഇന്ന് ബഹുമാന്യനായ കെ. ടി. ജലീൽ ഒറ്റയ്ക്ക് ഭരിക്കുകയാണ്. കഴിഞ്ഞ കാലഘട്ടത്തിൽ 60 പേരെ അധികമായി പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെടുത്തിയെന്നല്ലാതെ യാതൊരു പ്രയോജനവുമുണ്ടായില്ലെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ വകുപ്പുകൾ വിഭജിക്കപ്പെട്ടപ്പോൾ കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഐ.എ.വൈ. ഭവന പദ്ധതി, ബി.പി.എൽ. സർവ്വേ എന്നിവയെല്ലാം താറുമാറായിരുന്നു. ഇടതുപക്ഷ സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പ് വീണ്ടും ഒന്നാക്കിയതോടെയാണ് അതിന്റെ പ്രവർത്തനം ഊർജ്ജിതമായത്. തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര ലക്ഷ്യത്തിലുമധികമായി 113 ശതമാനം നേട്ടമുണ്ടാക്കാനായത് ഈ സർക്കാരിന്റെ കാലത്താണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലുമായി പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സമ്പൂർണ്ണമായി ഏർപ്പെടുത്താനുള്ള നടപടി ആരംഭിച്ചത് എടുത്തുപറയേണ്ടതാണ്. മലപ്പുറം ജില്ലയിലെ ഏകദേശം മുഴുവൻ പഞ്ചായത്തുകളിലും ഈ സംവിധാനം നിലവിൽ വന്നുകഴിഞ്ഞു. വസ്തു നികുതി അടയ്ക്കൽ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ തുടങ്ങിയ നിരവധി സേവനങ്ങളാണ് ഓൺലൈൻവഴി ലഭ്യമാക്കുന്നത്. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിയമിച്ച ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം 5 ഇരട്ടിയായി വർദ്ധിപ്പിച്ചു. ട്രാൻസ്ജെന്റർ വിഭാഗങ്ങൾക്കായി പ്രത്യേക കുടുംബശ്രീ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചതിലൂടെ ഈ സർക്കാർ സഹജീവികളോട് അനുഭാവമുള്ളവരാണെന്ന് തെളിയിച്ചു.

ഈ സഭ പിരിഞ്ഞ് പുറത്തേക്കിറങ്ങുന്നത് അടുത്ത ഒരു തെരഞ്ഞെടുപ്പ് ഘട്ടത്തിലേയ്ക്കാണ്. ചെങ്ങന്നൂർ തെരെഞ്ഞെടുപ്പാണ് ഇനി വരാൻ പോകുന്നത്. ആ തെരഞ്ഞെടുപ്പ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചുവരണമോ ബി.ജെ.പി.-യെ കോൺഗ്രസ്സും കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്നവരും കൂടി വിജയിപ്പിച്ച് രണ്ടാമതൊരു താമരയുടെ മെമ്പറെക്കൂടി ഈ അസംബ്ലിയിൽ എത്തിക്കണമോയെന്ന് തീരുമാനിക്കുന്ന തെരെഞ്ഞെടുപ്പാണ്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് കടന്നുവരുന്നതിന് തൊട്ടുമുമ്പായി കഴിഞ്ഞ തെരഞ്ഞെടുപ്പിനെക്കുറിച്ച് നമുക്കൊന്ന് ആലോചിക്കണ്ടേ? ഇന്ന് കേരളത്തിൽ അങ്ങോളമിങ്ങോളം സി.പി.ഐ.(എം)-നും ഇടതുപക്ഷത്തിനും പ്രത്യേകിച്ച് മുഖ്യമന്ത്രിക്കുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന വിമർശനങ്ങൾ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഏകദേശം പത്തിരുപത് മാസങ്ങൾക്കുമുമ്പ് കേരളത്തിൽ തെരെഞ്ഞെടുപ്പ് നടക്കുന്നതിന്റെ മുന്നോടിയായി പറഞ്ഞുകൊണ്ടിരുന്നത് അതിവേഗം ബഹുദൂരം യു.ഡി.എഫ്. കേരളത്തിലേയ്ക്ക് തിരിച്ചുവരാൻ പോകുന്നു, ഭരണത്തുടർച്ച ഉണ്ടാകാൻ പോകുന്നു എന്നാണ്. കേരളത്തിൽ ആദ്യമായി യു.ഡി.എഫ്. അടുത്ത ഭരണംകൂടി പിടിച്ചെടുക്കുമെന്ന പ്രചരണം നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി നടന്നതാണ്. ഇവിടെ എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരുന്നത് അതായിരുന്നു. തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന ഇവിടത്തെ എല്ലാ സർവ്വേ ഫലങ്ങളും യു.ഡി.എഫ്.-ന് അനുകൂലമായിരുന്നു. പക്ഷേ തെരഞ്ഞെടുപ്പ് റിസൾട്ട് വന്നപ്പോൾ ചിത്രം മാറി. 90-ൽപ്പരം സീറ്റുകളുമായി സഖാവ് പിണറായി വിജയൻ കേരളത്തിൽ അധികാരത്തിൽ വന്നു. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ കേരളത്തിൽ അധികാരത്തിൽ വരാതിരിക്കുന്നതിനുവേണ്ടി ആ കാലഘട്ടത്തിൽ യു.ഡി.എഫ്. നടത്തിയ കുറെ നീക്കങ്ങൾ നമുക്കൊന്ന് ആലോചിക്കേണ്ടതുണ്ട്. കേരളത്തിൽ ബി.ഡി.ജെ.എസ്. എന്ന പാർട്ടിക്ക് ആരാണ് രൂപം നൽകിയത്? കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഈഴവ സമുദായത്തെ അടർത്തിയെടുക്കാൻ ശ്രീ. വെള്ളാപ്പള്ളി നടേശനെ മുന്നിൽ നിർത്തിക്കൊണ്ട് യു.ഡി.എഫ്.-മായി സഹകരിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചരണം നടത്തി ഒരു പാർട്ടിയുണ്ടാക്കി. ആ പാർട്ടി പ്രഖ്യാപനത്തിന് തിരുവനന്തപുരത്തേയ്ക്ക് ആളുകളെ അയച്ചവരാണ് യു.ഡി.എഫ്.കാർ. മലപ്പുറം ജില്ലയിലെ മിക്ക മണ്ഡലങ്ങളിൽനിന്നും ആളുകളെ കൂട്ടി തിരുവനന്തപുരത്തേയ്ക്ക് അയച്ച് ഒരു പാർട്ടി രൂപീകരിച്ച് ഇടതുപക്ഷത്തിൽ ഒരു വിള്ളലുണ്ടാക്കാനുള്ള ശ്രമം നടന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ആ ബി.ഡി.ജെ.എസ്. ഇന്ന് ബി.ജെ.പി.യുടെ ക്യാമ്പിലാണ് ഉറങ്ങുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി. വി. അൻവർ</u>: സർ, അതുതന്നെയാണ് പറഞ്ഞുവരുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ മുന്നിൽ ഓച്ചാനിച്ചുനിൽക്കുന്ന ഒരു അവസ്ഥയിലാണ് ഇന്നത്തെ ബി.ഡി.ജെ.എസ്. ഞാൻ പറഞ്ഞുവരുന്നത് അതല്ല. ഇന്ന് ഇന്ത്യയിൽ ഈ വർഗ്ഗീയ ശക്തികളെ തടഞ്ഞുനിർത്തിക്കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്ന ഏക സംസ്ഥാനം കേരളമാണ്. കേരളത്തിലേയ്ക്ക് ബി.ജെ.പി.യെ എങ്ങനെ കടത്തി കൊണ്ടുവരാൻ ശ്രമിക്കാമെന്നും അവരെ ഭരണത്തിൽ പങ്കാളിയാക്കാൻ എന്ത് മാർഗ്ഗമെന്നും അന്വേഷിക്കുന്നത് ഈ രാജ്യത്തിലെ കോൺഗ്രസ്സുകാരാണ്. എങ്ങനെയാണ് ശ്രീ. ഒ. രാജഗോപാൽ കേരളത്തിലെ നിയമസഭാ ഹാളിലേയ്ക്ക് കടന്നുവന്നത്; നേമം നിയോജക മണ്ഡലത്തിൽ എത്ര വോട്ടാണ് യു.ഡി.എഫ്.ന്റെ സ്ഥാനാർത്ഥിക്ക് കിട്ടിയത്? 40,000-ത്തോളം വോട്ടുകൾ ശ്രീ. ഒ. രാജഗോപാലിനുവേണ്ടി മറിച്ചു കൊടുത്തു. ചെങ്ങന്നൂരിലും ഇത് സംഭവിക്കില്ലെന്ന് എങ്ങനെ പറയാൻ സാധിക്കും? ചെങ്ങന്നൂരിൽ ഇതുതന്നെ സംഭവിക്കും. കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും ഏക സ്ഥാനാർത്ഥിയാണ് ചെങ്ങന്നൂരിൽ വരാൻ പോകുന്നത് എന്നാണ് ജനസംസാരം. ഈ അവസ്ഥ തുടർന്നാൽ കേരളത്തിന്റെ സ്ഥിതി എന്താകും? ഈ അവസ്ഥയ്ക്ക് തടയിടുകയും ശക്തമായ നിലപാട് എടുക്കുകയും ചെയ്യേണ്ടവർതന്നെ അവരുടെ കൂടെ നിൽക്കുകയാണ്.

പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സും ആണ് കേരളത്തിലെ കോൺഗ്രസ്സ് എന്നുപറഞ്ഞത് ശ്രീ. പിണറായി വിജയനോ കേരളത്തിലെ ഇടതുപക്ഷ നേതാക്കളോ അല്ല, ശ്രീ. എ. കെ. ആന്റണിയാണ്. ആ കോൺഗ്രസ്സിനെ വിശ്വസിച്ചുകൊണ്ട് അവരുടെ കൂടെ ഇടതുപക്ഷം കേന്ദ്രത്തിൽ ബി.ജെ.പി.യെ നേരിടാൻ നിൽക്കണം എന്നാണ് ഇവിടെ ആവശ്യമുയരുന്നത്. എങ്ങനെ അത് അംഗീകരിച്ചുകൊടുക്കും; എങ്ങനെ അവരെ വിശ്വസിക്കും? ത്രിപുരയിൽ ഉണ്ടായ അനുഭവം നമ്മളൊക്കെ കണ്ടതാണ്. ത്രിപുരയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തോറ്റതല്ല, തോൽപ്പിച്ചതാണ്. കോൺഗ്രസ്സ് എന്ന പ്രസ്ഥാനംതന്നെ അവിടെ പിരിച്ചുവിട്ടു. 33 പേർ കോൺഗ്രസ്സിൽനിന്നാണ് ത്രിപുരയിൽ മത്സരിച്ചത്. കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവ് ശ്രീ. രാഹുൽ ഗാന്ധി ഇത്ര വലിയൊരു തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ത്രിപുരയിൽ ഒരു പ്രാവശ്യമാണ് സന്ദർശനം നടത്തിയത്. എന്താണ് ഇവരും കോൺഗ്രസ്സും തമ്മിലുള്ള വ്യത്യാസം? ഇവരെല്ലാം ഒറ്റക്കെട്ടായി, ഒരു മെയ്യായി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.യുമായി ചേർന്നാൽ ഒരു കുഴപ്പവുമില്ലെന്നുപറയുന്ന നേതാക്കൻമാർ ഇന്ന് കേരളത്തിൽ ജീവിച്ചിരിക്കുകയാണ്. അവരുടെ പിന്തുണക്കാരാണ് ഈ അസംബ്ലിയിൽ പലപ്പോഴും ശബ്ദം ഉണ്ടാക്കുന്നവർ.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്സ്.-ഉം ആണ് എന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞപ്പോൾ അത് ചോദിക്കാൻ ധൈര്യം കാണിച്ച ഏതെങ്കിലുമൊരു യുവതുർക്കിയുണ്ടോ? ആരാണ് അതിന്റെ പിന്നിലെന്ന് ശ്രീ. എ. കെ. ആന്റണിയോട് മര്യാദയോടുകൂടി, ബഹുമാനത്തോടുകൂടി ചോദിക്കാനെങ്കിലും ഇവിടെ പ്രശ്നമുണ്ടാക്കുന്നവർ, ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറക്കുന്നവർ ഇന്നുവരെ തയ്യാറായിട്ടില്ല. അവരൊക്കെ ഈ പറയുന്ന കൂട്ടുകെട്ടിന്റെ പിന്നണി പടയാളികളാണ് എന്ന് ജനങ്ങൾ പറയുന്നുണ്ടെങ്കിൽ അതിൽ യാതൊരു തെറ്റുമില്ല. അതാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഇന്ന് കേരളത്തിൽ ചർച്ചചെയ്യുന്ന ഒരു വലിയ വിഷയം, ബഹുമാന്യരായ മുസ്ലീം ലീഗിന്റെ നേതാക്കൾ ഉയർത്തിപ്പിടിച്ച ശ്രീ. എം. എം. അക്ബറിന്റെ വിഷയമാണ്. ശ്രീ. എം. എം. അക്ബറിന്റെ പീസ് ഇന്റർനാഷണൽ സ്കൂളുമായി ബന്ധപ്പെട്ട വിഷയത്തിൽ അദ്ദേഹത്തിന്റെ പേരിൽ കേസെടുത്തു. അദ്ദേഹം വിദേശത്തായിരുന്നപ്പോൾ പറഞ്ഞു ഇടതുപക്ഷം അദ്ദേഹത്തെ ഇവിടെനിന്ന് നാട് കടത്തിയെന്ന്. തിരിച്ചുവന്നപ്പോൾ പറഞ്ഞു അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് തുറുങ്കി ലടച്ചുവെന്ന്. അങ്ങനെ വിപ്ലവമുണ്ടാക്കാൻ നോക്കി. അദ്ദേഹത്തിന്റെ കേസ് അന്വേഷിച്ചു. ശ്രീ. എം. എം. അക്ബർ കുറ്റക്കാരനല്ലെങ്കിൽ സത്യസന്ധമായ റിപ്പോർട്ട് വരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. റിപ്പോർട്ട് വന്നു. അദ്ദേഹം പുറത്തിറങ്ങി. അതിന് പകരമായി ചോദിക്കുന്നത് ശ്രീമതി ശശികലയെ അറസ്റ്റ് ചെയ്തോ എന്നാണ്. ആർക്കാണ് ശ്രീമതി ശശികലയെ അറസ്റ്റ് ചെയ്യേണ്ടത്? എന്നെ അറസ്റ്റ് ചെയ്യൂ, എന്നെ അറസ്റ്റ് ചെയ്യൂ എന്നുപറഞ്ഞ് തീവ്രവാദ പ്രസംഗം നടത്തി തെരുവുകളിലൂടെ നടക്കുന്ന ശ്രീമതി ശശികലയെ അറസ്റ്റ് ചെയ്യണമെന്നതാണ് ആർ.എസ്.എസ്.ന്റെയും ബി.ജെ.പി.യുടെയും ആവശ്യം. കാരണം, അവരെ അറസ്റ്റ് ചെയ്യുമ്പോൾ ഇവിടെ വിപ്ലവമുണ്ടാക്കണം. ഒരു ശശികലയുടെ അറസ്റ്റുകൊണ്ട് ഈ സമൂഹത്തിന് ഉണ്ടാകാൻ പോകുന്ന ഭവിഷ്യത്ത് മനസ്സിലാക്കിയ സർക്കാരാണ് ഇവിടെ നിൽക്കുന്നത്. അത് മനസ്സിലാക്കിയ യു.ഡി.എഫ്.കാർ അതിനുവേണ്ടി ഇവിടെ ശബ്ദമുണ്ടാക്കുകയാണ്. എന്തിനാണ് സമൂഹത്തെ ഇങ്ങനെ കൊലയ്ക്ക് കൊടുക്കുന്നത്? ഇന്ത്യയിലെ ഇരുപത്തിയൊന്നോളം സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഭരിക്കുന്നുണ്ട്. അവിടെയൊന്നും കൊടി ഉയർത്താതെ ശ്രീ. മോഹൻ ഭഗവത് കേരളത്തിൽ പാലക്കാട് വന്ന് കൊടി ഉയർത്തിയത് എന്തിനാണ്? ശ്രീ. മോഹൻ ഭഗവതിനെ അറസ്റ്റ് ചെയ്യണം, അങ്ങനെ ഇവിടത്തെ മുസ്ലീങ്ങളും ഹൈന്ദവരും തമ്മിൽ വിപ്ലവം ഉണ്ടാകണം, അതിലൂടെ നാല് വോട്ട് കിട്ടണം. അതായിരുന്നു അതിന്റെ പിന്നിലെ ലക്ഷ്യം. അതിന് ഈ സർക്കാർ നിന്നുകൊടുക്കണോ? ഒരു

മോഹൻ ഭഗവതിനെ അറസ്റ്റ് ചെയ്തിട്ട് അതിന്റെ പേരിൽ ഇവിടത്തെ ന്യൂനപക്ഷങ്ങളെ കുരുതി കൊടുക്കണമോ? നാല് വോട്ട് ഉണ്ടാക്കാനുള്ള ശ്രമമാണ് അവർ നടത്തുന്നത്. അത് ഈ സമൂഹം തിരിച്ചറിയും, ഒരു സംശയവുമില്ല.

മി. ചെയർമാൻ: ദയവായി അങ്ങ് അവസാനിപ്പിക്കണം. അല്ലെങ്കിൽ എനിക്ക് അടുത്ത ആളെ വിളിക്കേണ്ടിവരും.

ശ്രീ. പി. വി. അൻവർ: കാസർഗോഡ് പള്ളിയിൽ കിടന്നുറങ്ങിയ മൗലവിയെ കൊന്നപ്പോൾ സർക്കാർ നിയമപരമായ നടപടികൾ എടുക്കുമെന്ന വിശ്വാസത്തിലാണ് മുസ്ലീം സമൂഹം സമാധാനം പാലിച്ചത്. ആ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ സാധിച്ചു. മുസ്ലീങ്ങളെ വിപ്ലവത്തിലേയ്ക്ക് നയിക്കാനും തമ്മിലടിപ്പിക്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. നിങ്ങൾ ശ്രീ. ഉവൈസിയുടെ അനുയായികളാകരുത് എന്നാണ് മുസ്ലീം ലീഗിന്റെ പ്രധാനപ്പെട്ട നേതാക്കൻമാരോട് എനിക്ക് പറയാനുള്ളത്. ഹൈദരാബാദിലെ ശ്രീ. ഉവൈസി ഇന്ത്യൻ പാർലമെന്റിൽ മുസ്ലീങ്ങൾക്കുവേണ്ടി ഘോരഘോരം ശബ്ദിക്കുന്നു. ഗുജറാത്തിലെ തെരഞ്ഞെടുപ്പിൽ ശ്രീ. ഉവൈസിയുടെ സ്ഥാനാർത്ഥികളാണ് 26-ഓളം സീറ്റ് ബി.ജെ.പി.-ക്ക് ഉണ്ടാക്കിക്കൊടുത്തത് എന്നുള്ള സത്യാവസ്ഥ നിങ്ങൾ മനസ്സിലാക്കണം. ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് പരിപൂർണ്ണ സംരക്ഷണം കൊടുക്കുന്നവരാണ് ഇടതുപക്ഷ സർക്കാർ. ......(മൈക്ക് ഓഫ്)........

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ ഈ വർഷത്തെ ജനകീയാസൂത്രണ പ്രക്രിയയുടെ ഏതാണ്ട് അവസാന സമയത്താണ് ഈ ചർച്ച ഇവിടെ നടക്കുന്നത്. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് ആരംഭിച്ച ജനകീയാസൂത്രണ പ്രവർത്തനങ്ങൾ 13-ാം പദ്ധതിയുടെ തുടക്കത്തിലെത്തിയിരിക്കുന്ന ഈ സന്ദർഭത്തിൽ പുറകോട്ടുനോക്കുമ്പോൾ അവിശ്വസനീയമായ ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. ധനകാര്യ വികേന്ദ്രീകരണ പ്രക്രിയ വളരെയേറെ സുതാര്യമാക്കാൻ കഴിഞ്ഞൊരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. ഇന്ന് കേരളം അനുഭവിക്കുന്ന രണ്ടാം തലമുറ പ്രശ്നങ്ങളെ വളരെ ഗൗരവമായി കണ്ടുകൊണ്ടാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം ജനകീയാസൂത്രണ പ്രക്രിയയിൽ കൂടുതൽ ജനകീയമായ ഇടപെടൽ ഉണ്ടാക്കിയെടുക്കുക എന്നുള്ള ലക്ഷ്യമാണ് പതിമൂന്നാം പദ്ധതിയുടെ ഭാഗമായി വിഭാവന ചെയ്യുന്നത്. അങ്ങനെയൊരു ജനാധിപത്യ ഭരണ നവീകരണം ആഗ്രഹിക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തിൽ എത്രമാത്രം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു, കോട്ടങ്ങൾ എന്തൊക്കെയാണ്

എന്നുള്ളത് പഠനവിധേയമാക്കേണ്ടതുണ്ട്. അതിന്റെ രീതി ശാസ്ത്രത്തിൽ വളരെയേറെ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നും നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ശ്രമിച്ചുവെന്നും അവകാശപ്പെടുമ്പോൾത്തന്നെ ഇപ്പോഴും വളരെയേറെ ബോട്ടിൽനെക്ക് ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം.

കേരളത്തിന്റെ ബഡ്ജറ്റ് വിഹിതത്തിന്റെ 40%-ത്തോളം ചെലവഴിക്കപ്പെടുന്ന, പ്രത്യേകിച്ച് ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ പരിഹരിക്കപ്പെടുന്ന ഒരു മേഖല എന്ന നിലയിൽ അതിന്റെ ചരിത്രം സംബന്ധിച്ച് ഒരു പഠനം ഉണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റും പദ്ധതി നിർവ്വഹണവും സംയോജിപ്പിച്ച് സമന്വയിപ്പിച്ച് മുന്നോട്ടുപോകണമെന്നുപറഞ്ഞ് ഒരു സർക്കുലർ ഇറക്കിയിരിക്കുകയാണ്. അങ്ങേയ്ക്കും ഈ സഭയിലിരിക്കുന്ന എല്ലാപേർക്കുമറിയാം ബഡ്ജറ്റും പദ്ധതി നിർവ്വഹണവുമായി അല്ലെങ്കിൽ പദ്ധതിയുടെ രൂപരേഖകളുമായി യഥാർത്ഥത്തിൽ യാതൊരു ബന്ധവുമില്ല എന്ന്. എക്സാജിറേറ്റ് ചെയ്യപ്പെടുന്ന, പലപ്പോഴും വളരെ കാല്പനികമായി പറയപ്പെടുന്ന പദ്ധതികൾക്കപ്പുറത്ത് പദ്ധതി നിർവ്വഹണത്തിന് ബഡ്ജറ്റുമായി അടിസ്ഥാനപരമായ യാതൊരു ബന്ധവുമില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ കുറച്ചു വർഷക്കാലത്തെ ബഡ്ജറ്റുകൾ സാമ്പിളായെടുത്ത് പരിശോധിച്ചാൽ പദ്ധതി നിർവ്വഹണവുമായി അവയ്ക്ക് യാതൊരു ബന്ധവുമില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. വർക്കിംഗ് ഗ്രൂപ്പുകൾ കൂടുകയും വികസന സെമിനാറുകൾ നടത്തുകയും ചെയ്തിട്ട് അവസാനം ആകെയുള്ള പദ്ധതിവിഹിതം ഡിവിഷനുകൾക്ക് അല്ലെങ്കിൽ വാർഡുകൾക്ക് വീതം വയ്ക്കുന്നത് വർഷങ്ങളായി തുടരുന്ന ഒരു പ്രക്രിയയാണ്. ജില്ലാ പഞ്ചായത്ത് ഒരു ജില്ലയുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികൾക്ക് നേതൃത്വം നൽകേണ്ടതാണ്. എന്നാൽ നമ്മുടെ ജില്ലാ പഞ്ചായത്തുകളിൽ നടക്കുന്നതെന്താണ്? കോട്ടയം ജില്ലയിൽ ജില്ലാ പഞ്ചായത്തിന് 23 ഡിവിഷനുകളുണ്ട്. 23 ഡിവിഷനുകൾക്കുള്ള ഫണ്ടുകൾ വിവിധ തലങ്ങളിൽ മാറ്റിവയ്ക്കുന്നതിനപ്പുറം ആ ജില്ലയുടെ സമഗ്രമായ വികസനത്തിനാവശ്യമായ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ? ജില്ലാ പദ്ധതികൾക്ക് രൂപം നൽകിക്കഴിഞ്ഞു. 2018 ജനുവരി മാസം ആദ്യവാരം അതുമായി ബന്ധപ്പെട്ട രേഖകൾ ഗവൺമെന്റിന് സമർപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എല്ലാ സ്ഥലങ്ങളിലും അത് തയ്യാറാക്കിയിട്ടുണ്ട്. ലംബത്തിലും ദീർഘത്തിലുമൊക്കെയുള്ള സംയോജന പ്രക്രിയയെ നമ്മുടെ ജില്ലകളിലുള്ള വിഭവങ്ങളുമായി ബന്ധപ്പെടുത്തി കൊണ്ട് ഏകോപിപ്പിക്കണം എന്നൊക്കെയുള്ള വളരെ ഭംഗിയായ വാക്കുകൾ പറയുമ്പോഴും എന്ത് പ്രക്രിയയാണ് യഥാർത്ഥത്തിൽ നടക്കുന്നത്; ജില്ലാ പദ്ധതികളുടെ രൂപീകരണത്തിൽ കാര്യമായ ഇടപെടലുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: പഞ്ചായത്തുകളുടെ കൈവശമുള്ള തുക മുഴുവൻ ലൈഫ് പദ്ധതിക്കുവേണ്ടി മാറ്റാതെ അത് നടപ്പിലാക്കാൻ കഴിയാത്ത വലിയ പ്രതിസന്ധിയിലേക്ക് പഞ്ചായത്തുകൾ വന്നിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് 20 ശതമാനത്തോളം പ്ലാൻ ഫണ്ട് വയ്ക്കാൻ പറഞ്ഞു. ബാക്കിയുള്ള പണം സന്നദ്ധസംഘടനകളിലൂടെയും ജനകീയമായ ഇടപെടലുകളിലൂടെയും കിട്ടുമെന്നാണ് പറഞ്ഞത്. സെക്രട്ടറിമാരുടെയും പ്രസിഡന്റുമാരുടെയും പേരിൽ ജോയിന്റ് അക്കൗണ്ട് ഉണ്ട്. പക്ഷേ കേരളത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളിലും അങ്ങനെയുള്ള ഒരു കോൺട്രിബ്യൂഷൻ യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ല. വളരെ ഭാവനാപൂർണ്ണമായി നടപ്പിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണിത്. അങ്ങയെ സംബന്ധിച്ചിടത്തോളം അങ്ങയുടെ ഭരണ കാലഘട്ടത്തിലെ ഏറ്റവും നല്ല ഒരു പ്രവർത്തനമായിരിക്കും. പക്ഷേ യാഥാർത്ഥ്യ ത്തോടടുക്കുമ്പോൾ ലൈഫ് പദ്ധതിയെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമ്മർദ്ദത്തിലാകുന്ന അവസ്ഥയാണ് യഥാർത്ഥത്തിൽ ഉണ്ടാകുന്നത്. ഇക്കാര്യത്തിൽ കുറെക്കൂടി ഗൗരവതരമായ ഒരു ഇടപെടൽ ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. 'ആശയങ്ങൾ ഉണ്ടാക്കുകയെന്നത് പൂക്കൾ ശേഖരിക്കലാണ് ചിന്തിക്കുന്നതാകട്ടെ അവയെ പൂമാലകോർത്തുകെട്ടലും' എന്ന സെറ്റ്ലൈനിന്റെ വചനങ്ങൾ പോലെയാണ് കഴിഞ്ഞ രണ്ടുവർഷമായി എൽ.ഡി.എഫ്. സർക്കാരിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പ്രവർത്തന മെന്നതിൽ അഭിമാനിക്കുന്നു. എൽ.ഡി.എഫ്. പ്രകടന പത്രികയിലെ ഒരു വാഗ്ദാനംകൂടി നിറവേറ്റിയിരിക്കുന്നു. പഞ്ചായത്ത്, ഗ്രാമവികസനം, നഗരവികസനം, നഗര-ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ ഏകീകരിച്ച് പൊതു സർവ്വീസിന് രൂപം നൽകി. അതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്. അതിനൊരു പ്രിൻസിപ്പൽ ഡയറക്ടറെയും സഹായിക്കാൻ 14 ഉദ്യോഗസ്ഥരെയും നിശ്ചയിച്ചു. കുഞ്ഞുണ്ണി മാസ്റ്റർ പറഞ്ഞതുപോലെ 'ഒന്നായാൽ അത് നന്നായി, നന്നായാൽ അത് ഒന്നാകും.' യു.ഡി.എഫ്. ഭരണകാലത്ത് മൂന്നായി വെട്ടിമുറിച്ച് ശരശയ്യയിൽ കിടത്തിയിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഡോ. കെ.ടി. ജലീൽ നൽകിയ കായകല്പ ചികിത്സയിലൂടെ പുതുജീവനാണ് ഉണ്ടായിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ നവകേരള മിഷന്റെ സാക്ഷാത്കാരത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. ജില്ലാ ആസൂത്രണത്തിലൂടെ എൽ.ഡി.എഫ്. മറ്റൊരു ചരിത്രം രചിക്കുകയാണ്. ഗ്രാമ, ബ്ലോക്ക്, ജില്ല, മുൻസിപ്പൽ കോർപ്പറേഷനുകൾ, എം.പി.മാർ, എം.എൽ.എ.മാർ, വിവിധ വകുപ്പുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയെ സമന്വയിപ്പിച്ച് ജില്ലാ വികസന പരിപ്രേക്ഷ്യത്തിന് തുടക്കം

കുറിക്കുകയും 40 കോടി രൂപ ബഡ്ജറ്റിനകത്ത് വകയിരുത്തുകയും ചെയ്തിരിക്കുന്നു. പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കുത്തിക്കുറിക്കാൻ ആറുമാസവും അംഗീകാരത്തിന് മൂന്നുമാസവും നിർവ്വഹണത്തിന് കേവലം മൂന്നുമാസവും മാത്രമായിരുന്നു ലഭിച്ചിരുന്നത്. 20 വർഷത്തെ ചരിത്രത്തിലാദ്യമായി 2017-18-ൽ 10 മാസക്കാലയളവിനുള്ളിൽ 87 ശതമാനം ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞത് ആത്മാഭിമാനത്തോടു കൂടിയാണ് ഞങ്ങൾ കാണുന്നത്. 2018-19 സാമ്പത്തിക വർഷം ഏപ്രിൽ 1-ന് പദ്ധതി നിർവ്വഹണത്തിന് തുടക്കംകുറിക്കാൻ കഴിഞ്ഞതും ഏറെ ആശാവഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഓരോ ബഡ്ജറ്റിലും പ്രഖ്യാപിച്ച ഫണ്ടുപോലും വെട്ടിക്കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. അടങ്കൽ തുക 7000 കോടി രൂപയും മെയിന്റനൻസ് ഗ്രാന്റ് 2343.88 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് 1426.71 കോടി രൂപയും ഈ ഗവൺമെന്റ് അനുവദിച്ചു. കേന്ദ്ര സർക്കാർ ജി.എസ്.ടി.യിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിനോദ നികുതി പിരിക്കുന്നതിനുള്ള അധികാരവും അവർക്ക് ലഭിക്കേണ്ട സമ്പത്തും പോക്കറ്റടിക്കുകയാണ് ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് 133 കോടി രൂപയാണ് അത്തരത്തിൽ നഷ്ടപ്പെടുന്ന പഞ്ചായത്തുകൾക്ക് കൊടുക്കാൻ തീരുമാനിച്ചതെന്നതിൽ ഏറെ അഭിമാനിക്കുന്നു. പെൻഷൻ തുകപോലും കൊടുക്കാൻ കഴിയാത്ത മുനിസിപ്പാലിറ്റികളുടെ പെൻഷൻ ഫണ്ടിലേ ക്ക് 50 കോടി രൂപയാണ് ഗവൺമെന്റ് നൽകിയത്. തനത് വരുമാനമില്ലാതെ കഷ്ടതയനുഭവിക്കുന്ന 33 പഞ്ചായത്തുകൾക്കും 6 മുനിസിപ്പാലിറ്റികൾക്കും നിവർന്നുനിൽക്കാൻ ഒരു ഊന്നുവടിപോലെയാണ് 6 കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചത് എന്നതിൽ അഭിമാനിക്കാം. സർക്കാർ പദ്ധതികൾക്കാവശ്യമായ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നിർബന്ധമായും മാറ്റിവയ്ക്കുന്നതിൽ യു.ഡി.എഫ്.-ലെ ഒരു മുൻമന്ത്രിയും ഒരു സീനിയർ അംഗവും ഈ സഭയ്ക്കകത്ത് ചോദ്യോത്തര വേളയിൽ ഏറെ വിഷമിക്കുന്നത് ഞാൻ കണ്ടു. 5 വർഷം മന്ത്രിയായിരുന്നിട്ടും സർക്കാർ പദ്ധതികൾക്കാവശ്യമായ വിഹിതം നൽകേണ്ടതില്ലെന്ന ഒരു ഉത്തരവിറക്കാൻ യു.ഡി.എഫ്.ന് കഴിഞ്ഞോ? അതുമാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കൊടുക്കുന്ന ഓണറേറിയത്തിന്റെ വർദ്ധിപ്പിച്ച സംഖ്യ നിർബന്ധിതമായി കൊടുക്കണമെന്നാണ് അവർ പറഞ്ഞത്. അതിൽ പകുതി തുക കൊടുത്തുതീർത്തത് എൽ.ഡി.എഫ്. സർക്കാരാണ് എന്നത് അവർ തിരിച്ചറിയണം. ആർഭാട വിവാഹങ്ങൾക്ക് പണ്ടുപണ്ടേ നികുതി ഏർപ്പെടുത്തിയ സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ടായിരുന്നു. പഞ്ചായത്തുകളുടെ തനതു വരുമാനം വർദ്ധിപ്പിക്കാൻ അധികരിച്ചുവരുന്ന ആർഭാട വിവാഹത്തിന് ഒരു ശതമാനം നികുതി ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. പദ്ധതി ആനുകൂല്യം ലഭിക്കേണ്ട വരുമാന പരിധി ഒരു ലക്ഷത്തിൽനിന്ന് രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിച്ചു. കർഷകർക്ക് വരുമാന പരിധിയില്ലാതെ കാർഷികാനുകൂല്യങ്ങൾ നൽകാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ചരിത്രവിരുദ്ധവും ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധപരവുമായ മനു സിദ്ധാന്തം ഭരണഘടനാപരമായി കൊണ്ടുപോകണമെന്ന താൽപ്പര്യത്തോടുകൂടി

പോകുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേന്ദ്രം ഭരിക്കുന്നത്. എന്നാൽ അതിന് ബദൽ തീർത്തുകൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ മുന്നോട്ടു പോകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും ട്രാൻസ്ജെന്ററുകൾക്കുമായി പ്രത്യേക വകുപ്പും ബഡ്ജറ്റും അവതരിപ്പിച്ച് ചരിത്രത്തിൽ ഇടം തേടിയിരിക്കുകയാണ്. ദിശ 2017 ക്യാമ്പയിന്റെ ഭാഗമായി ഏതാണ്ട് 9068 യൂണിറ്റുൾപ്പെടെ 2.54 ലക്ഷം പുതിയ യൂണിറ്റുകൾ രൂപീകരിക്കാനും അതിലൂടെ 43 ലക്ഷം വനിതകളെ കുടുംബശ്രീയുടെ ഭാഗമാക്കാനും കഴിഞ്ഞു. 20 വർഷത്തിലാദ്യമായി 6 ആഴ്ചകൊണ്ട് 43 ലക്ഷത്തോളം വരുന്ന കുടുംബശ്രീയിലെ വനിതകൾക്ക് അവർക്കാവശ്യമായ ക്ലാസ്സെടുത്തുകൊടുത്തതിൽ അഭിനന്ദിക്കുകയാണ്. 2015-16-ൽ യു.ഡി.എഫ്. സർക്കാർ നൽകിയത് 75 ലക്ഷം രൂപ മാത്രമായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ 2016-17-ൽ 130 കോടി രൂപയും 2017-18-ൽ 161 കോടി രൂപയും വകയിരുത്തിയതിനുപുറമെ 2018-19 അയൽക്കൂട്ട വർഷമായി ഏറ്റെടുക്കുകയാണ്. ഇരുപത് വർഷം, ഇരുപതിന പരിപാടി. 200 കോടി രൂപയാണ് കുടുംബശ്രീയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മാറ്റിവച്ചിരിക്കുന്നത്. സ്ത്രീശാക്തീകരണം എൽ.ഡി.എഫ്. സർക്കാരിന്റെ മാതൃകയാണ്. അതുകൊണ്ടാണല്ലോ എ.ഡി.എസ്., സി.ഡി.എസ്. എന്ന് സ്ത്രീ പങ്കാളിത്തം മാത്രമുള്ള തെരെഞ്ഞെടുപ്പ് നടന്നപ്പോൾ പൊടിപോലുമില്ല കണ്ടുപിടിക്കാൻ എന്ന അവസ്ഥയിലേക്ക് യു.ഡി.എഫ്. അധഃപതിച്ചത്.

'തുറിച്ച് നോക്കരുത്, ഞങ്ങൾക്ക് മുലയൂട്ടണം' എന്ന അടിക്കുറിപ്പോടുകൂടി ഗൃഹലക്ഷ്മി എന്ന പ്രസിദ്ധീകരണത്തിൽ വന്ന മുലയൂട്ടുന്ന ഒരമ്മയുടെ ചിത്രമാണ് ഇപ്പോൾ ഏറെ ചർച്ചചെയ്യപ്പെടുന്ന ചിത്രവും വാർത്തയും. വിശന്നു കരയുന്ന കൈക്കുഞ്ഞുങ്ങൾക്ക് പൊതുയിടങ്ങളിൽ വച്ച് മുലയൂട്ടാൻ കഴിയാത്ത അമ്മമാർക്ക് ആശ്വാസമായി പൊതുസ്ഥലങ്ങളിൽ ഒരിടമുണ്ടാക്കാൻ വന്ന സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതമായും മുലയൂട്ടുന്ന അമ്മമാർക്കുവേണ്ടി പൊതുസ്ഥലങ്ങളിൽ ഒരിടമുണ്ടാക്കാൻ ഉത്തരവിറക്കണം എന്നതാണ് എന്റെ അഭിപ്രായം. ഇരുന്നൂറ് ബഡ്സ് സ്കൂളുകളും ജില്ലകൾതോറും ഷീ ലോഡ്ജിംഗ് സമ്പ്രദായവും ട്രാൻസ്ജെൻഡറുകൾക്ക് സുരക്ഷിത സേഫ് ഹോംസും സർക്കാർ നടപ്പിലാക്കിയിരിക്കുന്നു. ലൈഫ് പദ്ധതികൾക്കായി ഇറങ്ങുന്ന ഉത്തരവുകളുടെ പേരിൽ കിടക്കപ്പായിൽ ഉറക്കം നഷ്ടപ്പെട്ട അംഗങ്ങളും ഈ സഭയിലുണ്ട്. അഞ്ച് വർഷംകൊണ്ട് ഭൂരഹിതരും ഭവനരഹിതരുമായ 759523 പേർക്ക് കയറിക്കിടക്കാൻ ഒരു വീട് എന്ന സ്വപ്ന പദ്ധതിയായ ലൈഫിന് 2500 കോടി രൂപ വകയിരുത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നു. മൂന്ന് മന്ത്രിമാർ അഞ്ച് വർഷം കൊണ്ടിറക്കിയ ഉത്തരവുകളും സഭയ്ക്കകത്ത് അവതരിപ്പിച്ച ബില്ലുകളുംകൊണ്ട് ഒരു വീടെങ്കിലും നിർമ്മിച്ചുകൊടുക്കാൻ അവർക്ക് കഴിഞ്ഞോ എന്ന് ഉത്തരവുകൾ കണ്ട് ഉറക്കം

നഷ്ടപ്പെട്ടവരോട് ഞാൻ ചോദിക്കുകയാണ്. അതിന് കഴിയാത്ത വേവലാതിയിലാണോ ഉറക്കം പോയതെന്ന് ആ അംഗം വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് ഭൂരഹിതർക്ക് 759523 പേർക്ക് ഭൂമിയുൾപ്പെടെ വീടു നൽകുന്നതിന് ലൈഫ് പദ്ധതിയിൽ 2500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യതിലുള്ള ബേജാറുകൊണ്ടാണോ ഇപ്പോൾ അവർക്ക് ഉറക്കം നഷ്ടമാകുന്നത്? ആദ്യഘട്ടമായി പണിതിട്ടും പണിതിട്ടും പണിതീരാത്ത വീടുള്ള 66750 പേരെ കണ്ടെത്തി. അതിൽ 9448 വീടുകൾ പൂർത്തീകരിച്ചു, 51624 വീടുകൾ മാർച്ച് 31-നകം പൂർത്തീകരിക്കപ്പെടും. ആദ്യവർഷം 1.76 ലക്ഷം പേർക്ക് വീട് നൽകും. കയറിക്കിടക്കാൻ ഇടമില്ലാത്ത മുഴുവൻ പേർക്കും അഞ്ച് വർഷംകൊണ്ട് വീട് ലഭിക്കുമ്പോൾ 2021-ൽ യു.ഡി.എഫ്.-ന് കേരള ജനത സമ്മാനിക്കുക ഉറക്കമില്ലാത്ത രാവുകളായിരിക്കും എന്നോർക്കുന്നത് നല്ലതാണ്. റേഷൻ കാർഡില്ലാത്തതുൾപ്പെടെയുള്ള കാരണങ്ങൾ പറഞ്ഞ് അർഹതപ്പെട്ട ഒരാൾപോലും ലൈഫ് പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെടാൻ പാടില്ല എന്നതാണ് എന്റെ അഭിപ്രായം.

കേരളത്തിൽ ശുചിത്വത്തിന് ഏറ്റവും വലിയ മാതൃകയാണ് ആറ്റുകാൽ പൊങ്കാല കഴിഞ്ഞ് മണിക്കൂറുകൾക്കകം തിരുവനന്തപുരം നഗരം വൃത്തിയാക്കുന്ന പ്രവൃത്തി. അവിടെ അടുപ്പുകൂട്ടിയ ഇഷ്ടികകൾ അമ്മവീട് ഉണ്ടാക്കാൻ എടുത്തത് നമുക്ക് ഏറെ അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ത്രിപുരയിലെ തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) നേതൃത്വം നൽകിയ ഇടതുപക്ഷം പരാജയപ്പെട്ടപ്പോൾ യു.ഡി.എഫ്.-ലെ ചില അംഗങ്ങൾക്ക് എന്തൊരു ആഹ്ളാദമായിരുന്നു. ത്രിപുരയിലെ കോൺഗ്രസ് എക്കാലവും വിജയിക്കുന്നൊരു മണ്ഡലമുണ്ട്, അതാണ് അഗർത്തല. 2013-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് കിട്ടിയ വോട്ട് 22160-ഉം ബി.ജെ.പി.ക്ക് 823-ഉം ആയിരുന്നു, അന്നവിടെ കോൺഗ്രസ് വിജയിച്ചു. 2018-ൽ കോൺഗ്രസിന് 646 വോട്ടും ബി.ജെ.പി.-ക്ക് 25234 വോട്ടും ലഭിച്ചു. കോൺഗ്രസ്സിന്റെ 21514 വോട്ട് എവിടെയാണ് പോയത്? അവിടെ വിജയിച്ചത് കോ.ജെ.പി.യാണ് എന്ന് നിങ്ങൾ ഓർക്കണം. ത്രിപുരയിൽ മാത്രമല്ല, രാജ്യത്താകെ കോൺഗ്രസിന്റെ അവസ്ഥ പരമദയനീയമാണ്. ഇവിടെ ചില കോൺഗ്രസ് സുഹൃത്തുക്കളുടെ വർത്തമാനം കേൾക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് കുഞ്ചൻ നമ്പ്യാരുടെ രുഗ്മിണീ സ്വയംവരത്തിലെ വരികളാണ്,

ഉപ്പു ചുമന്നു നടക്കുന്നവനൊരു-
കപ്പൽ കടലിലിറക്കാൻ മോഹം,
അണ്ടികൾ ചപ്പി നടക്കുന്നവനൊരു-

തണ്ടിലിരിപ്പാനാശ കണക്കെ,

കുണ്ടു കിണറ്റിൽ തവളക്കുഞ്ഞിന്-

കുന്നിനുമീതെ പറക്കാൻ മോഹം.

എന്തൊരു മോഹമാണ്! സ്വപ്നലോകത്തിലെ ബാലഭാസ്കരന്മാരായി കോൺഗ്രസ് അധഃപതിച്ചിരിക്കുന്നു. ജനങ്ങൾ വിശ്വസിച്ച് തെരഞ്ഞെടുപ്പിൽ വിജയിപ്പിച്ചാൽ പിന്നെ ആർക്കും വിലയ്ക്കു വാങ്ങാവുന്ന മുക്കുപണ്ടങ്ങളായി കോൺഗ്രസ് അധഃപതിച്ചിരിക്കുന്നു. എ.ഐ.സി.സി. മുതൽ നാലണ കോൺഗ്രസുകാർ വരെ ബി.ജെ.പി.യിലേയ്ക്ക് ചേക്കേറുകയാണ്. അവർ മുങ്ങുന്ന കപ്പലിൽനിന്നും തിമിംഗലത്തിന്റെ തുറന്നുവച്ചിരിക്കുന്ന വായിലേയ്ക്കാണ് എടുത്തുചാടുന്നത് എന്ന് കോൺഗ്രസ് മനസ്സിലാക്കുന്നത് നല്ലതാണ്. ജർമ്മനിയിൽ ഹിറ്റ്ലർ വിജയിച്ചതിനെക്കുറിച്ച് ബെർടോൾട് ബ്രഹ്ത് (Bertolt Brecht) ഇങ്ങനെ കുറിച്ചു, " Sheep angry with the Shepherd, voted for the Wolf," - ആട്ടിടയനോടുള്ള ദേഷ്യംകൊണ്ട് ആട്ടിൻപറ്റം ചെന്നായയ്ക്ക് വോട്ടുചെയ്തു എന്ന അവസ്ഥയാണ് ഇപ്പോൾ കോൺഗ്രസിനുള്ളത്. ജർമ്മനിയിലെ മധ്യവർഗ്ഗം ചെയ്ത ഈ അപരാധത്തിന് യൂറോപ്പിന് പിന്നീട് വലിയ വിലകൊടുക്കേണ്ടി വന്നു. നാളെ നമ്മുടെ രാജ്യത്തിനും വലിയ വിലകൊടുക്കേണ്ടി വരുമെന്ന് ഞാൻ യു.ഡി.എഫ്.നെയും കോൺഗ്രസിനെയും ഓർമ്മപ്പെടുത്തുകയാണ്. തെരഞ്ഞെടുപ്പിനു ശേഷം ത്രിപുരയിൽ ഗർഭിണിയായ സ്ത്രീയെയുൾപ്പെടെ ഫാസിസ്റ്റുകാർ കൊലപ്പെടുത്തി, വീടുകളും പാർട്ടി ഓഫീസുകളും തകർത്തു, ലെനിന്റെയും അംബേദ്കറുടെയും പ്രതിമകളും തകർത്തു. ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരെ മാത്രമല്ല കമ്മ്യൂണിസ്റ്റ് ആചാര്യന്മാരുടെ പ്രതിമകളെപ്പോലും ഇന്ന് ഫാസിസ്റ്റുകൾ ഭയപ്പെടുകയാണ്. സഖാവ് ലെനിൻ അവർ മോഹിക്കുംവിധം പൊളിയുന്നൊരു പ്രതിമയല്ല, ജ്വലിക്കുന്നൊരു പ്രക്ഷോഭ ചരിത്രത്തിന്റെ ചുരുട്ടിയ മുഷ്ടിയാണ് എന്ന് അവരെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അവർക്കെന്നല്ല, ഒരു ശക്തിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഇടതുപക്ഷത്തേയും തകർക്കാനാകില്ല.

അറിയാം നിങ്ങൾക്കൊരു കഥയല്ലത്-

പൊരുതും വർഗ്ഗചരിത്രത്തിൻ,

ഉടനീളം ചുടുചോരയിലെഴുതിയ,

തുടുതുടെ നിൽക്കും പരമാർത്ഥം.

വയലാർ രാമവർമ്മയുടെ ഈ വരികൾ ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണ്. ആത്മഹത്യയല്ല പോരാട്ടമാണ് മാർഗ്ഗമെന്ന് പ്രഖ്യാപിച്ച് 180 കി. മീ. ലോംഗ് മാർച്ചിലൂടെ മുംബൈ നിയമസഭയെ ഇന്ന് വളയുന്ന സമരം കർഷക നേതൃത്വത്തിലുള്ള

ഇന്ത്യയുടെ രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ തുടക്കമാണ്. ആ തുടക്കംക്കുറിക്കുന്ന കർഷക പോരാട്ടത്തിന് അഭിവാദ്യം ചെയ്തുകൊണ്ടും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

[1.00 PM]

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ശ്രീ. കെ. ബാബുവിന്റെ പ്രസംഗം കേൾക്കുകയായിരുന്നു. അദ്ദേഹം കോൺഗ്രസിനെ ഉപദേശിച്ച് നന്നാക്കാൻ ശ്രമിക്കുകയാണ്. അപ്പുറത്ത് ആകെ മൂന്ന് അംഗങ്ങളെയുള്ളൂ, ബാക്കി ആരേയും കാണാനില്ല. ആരോടാണ് പ്രസംഗിക്കുന്നത്? സഭയിൽ ആളില്ലല്ലോ. അങ്ങയുടെ പ്രസംഗം കേൾക്കാനോ ഉപദേശം സ്വീകരിക്കാനോ അവരാരും തയ്യാറല്ല. അതുകൊണ്ട് അവർ അവരുടെ വഴിക്കുപോയി. എന്തിനാണ് വെറുതെ സമയം കളയുന്നത്? നിങ്ങൾ രണ്ടുകൂട്ടരുംകൂടി പറഞ്ഞുപറഞ്ഞ് ബി.ജെ.പി.-യെ ഈ രാജ്യത്തെ ഏറ്റവും വലിയ പാർട്ടിയാക്കി മാറ്റിയിരിക്കുകയാണ്. 2017 മുതൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുടക്കിയ പണം 20096 കോടി രൂപയാണ്. ഈ പണം എവിടെപ്പോയി എന്ന് അന്വേഷിക്കാമോയെന്ന് കഴിഞ്ഞ ദിവസം സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയോട് ചോദിച്ചപ്പോൾ അദ്ദേഹം വാ പൊളിച്ചു കാണിച്ചു. അന്വേഷിക്കാൻ അദ്ദേഹം തയ്യാറല്ല. അങ്ങനെ ചെയ്താൽ അദ്ദേഹം ഉൾപ്പെടെ ജയിലിൽ പോകേണ്ടിവരുമെന്ന് എനിക്ക് പേടിയുണ്ട്. ഞാൻ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, ഇത്രയും നാളായല്ലോ 40 ശതമാനം തുക ഈ പാവപ്പെട്ട ജനങ്ങൾക്ക് കൊടുക്കേണ്ടതിന്റെ മഹത്വമെല്ലാം അങ്ങ് പറഞ്ഞല്ലോ, പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന പണം എവിടെപ്പോയെന്ന് അന്വേഷിക്കാൻ തന്റേടമുണ്ടോ; എത്ര ശതമാനം ചെലവഴിച്ചുവെന്ന് നോക്കാമോ; അതിൽ എത്ര ശതമാനം പട്ടികജാതിക്കാർക്ക് കിട്ടിയെന്ന് പരിശോധിക്കാമോ? അത് പരിശോധിച്ച് അത് കട്ടവനാരെന്ന് കണ്ടുപിടിക്കാമോ? അതിൽ ഒരുവനെയെങ്കിലും പിടിച്ച് ജയിലിലിടണം. നിങ്ങൾ അതിന് തയ്യാറാകാതെ മുന്നോട്ടുപോയിട്ട് കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മഹാരാഷ്ട്രയിൽ പ്രകടനം നടക്കുകയാണ്. വെറും ഇരുപത് പേർ മാത്രമായി തുടങ്ങിയ ജാഥയിൽ ഇന്ന് നാൽപ്പതിനായിരം പേരായി എന്ന് ഓർക്കണം. കേരളത്തിൽ വരാൻ പോകുന്ന വലിയ സംഘർഷം ഈ പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നാകും. അതിൽ പഞ്ചായത്ത് വകുപ്പുമന്ത്രിക്ക് ഉത്തരവാദിത്വമുണ്ടാകും. കർഷകർ ഇവിടെ അടിപ്പെട്ടിരിക്കുകയാണ്. കർഷകർക്ക് ഒന്നുമില്ലാതെയായി, അവന്റെ കാർഷികോത്പന്നങ്ങൾക്ക് വിലയില്ല, അവന് ജീവിക്കാൻ വകയില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. സി. ജോർജ്: സർ, കൺക്ലൂഡ് ചെയ്യാൻ പോകുകയാണ്, ഞാൻ നിങ്ങളുടെ ആരുടെയും സമയം പിടിച്ചുപറിക്കുന്നില്ല. കർഷകന്റെ ജീവിതം പോയി. അവൻ അടികൊണ്ട് മരിക്കാറായി കിടക്കുകയാണ്. പാവപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗക്കാരുണ്ട്, അവരിറങ്ങും, അവരുടെ പ്രക്ഷോഭമായിരിക്കും കേരളത്തിൽ വരാൻ പോകുന്നത്. ആ പ്രക്ഷോഭത്തെ നേരിടാൻ നിങ്ങൾക്ക് കഴിയില്ല. നിങ്ങൾ വിറങ്ങലിച്ചുനിൽക്കേണ്ട ഗതികേടുണ്ടാകും. അതുകൊണ്ട് പഞ്ചായത്തു വകുപ്പുമന്ത്രി യെങ്കിലും പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാരോട് നീതികാണിക്കണം. ഈ ഗവൺമെന്റിന്റെ ഭരണകാലത്തെങ്കിലും അവർക്കുവേണ്ടി ചെലവഴിച്ച തുക അവർക്ക് കിട്ടിയോയെന്നും അല്ലെങ്കിൽ അത് എവിടെപ്പോയിയെന്നും അവർക്ക് കൊടുത്ത വീടുകളുടെ എണ്ണം എത്രയാണെന്നും അവ എങ്ങനെയാണ് പണിതതെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നഷ്ടം വന്നിട്ടുണ്ടെങ്കിൽ കണ്ടെത്താനും കുട്ടവനെ കണ്ടെത്തി പിടികൂടാനുമുള്ള നടപടി അങ്ങ് സ്വീകരിച്ചാൽ നന്നായിരിക്കും എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളം നിശബ്ദമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിനൊരു രാഷ്ട്രീയ സംസ്കാരമുണ്ടായിരുന്നു. നവോത്ഥാന നായകൻമാരിൽനിന്ന് ഉടലെടുത്ത് ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തിൽ കണ്ണി ചേർക്കപ്പെട്ട ആ രാഷ്ട്രീയ സംസ്കാരത്തിൽ ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും വിഷം കലർത്തി മലിനപ്പെടുത്തിയ വിമോചന സമരത്തിന്റെ ഹാംഗ് ഓവറിലാണ് ഇന്നും കേരളത്തിലെ പ്രതിപക്ഷം. അവർക്ക് യാഥാർത്ഥ്യങ്ങൾ കാണാനാകുമോ? ഇപ്പോഴും അവർ തുടങ്ങിവച്ച പ്രതിലോമപരമായ രാഷ്ട്രീയം കേരളത്തിന്റെ സുസ്ഥിര വികസനത്തിന് തടസ്സമായി നിൽക്കുന്നു. 60 വർഷത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കക്ഷിരാഷ്ട്രീയ ത്തിനതീതമായി മലയാളി തിരിച്ചറിയുന്നു, ഒരു പുതിയ കേരളം വേണം, നവകേരളം വേണമെന്ന്. നവകേരളം സാദ്ധ്യമാക്കാനുള്ള ഇച്ഛാശക്തിയാണ് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുള്ളത്. ആ ഇച്ഛാശക്തിയുടെ പ്രതിഫലനം കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രകടമായിരിക്കുന്നു. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം പലപ്പോഴും ഒരു പരിഹാസമായി മാറാറുണ്ട്. ധനകാര്യ വർഷത്തിന്റെ അവസാന ദിവസങ്ങളിലെ തുക ചെലവഴിക്കൽ യജ്ഞത്തിന്റെ കാലം കഴിയുകയാണ്. മാർച്ച് മാസത്തിൽ പദ്ധതി രൂപീകരണം പൂർത്തിയാകുകയും ഏപ്രിൽ മാസത്തിൽ പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണത്തിന് ഒരു വർഷം പൂർണ്ണമായി

ഉപയോഗിക്കാൻ സാധിക്കുന്നത് കേരളത്തിൽ അടിസ്ഥാനപരമായ മാറ്റത്തിന് തുടക്കം കുറിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ധനകാര്യവർഷം ആദ്യമായി പദ്ധതി രൂപീകരിച്ച് സമർപ്പിച്ചത് എന്റെ മണ്ഡലത്തിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തായിരുന്നുവെന്നത് അഭിമാനപൂർവ്വം ഞാൻ ഓർക്കുകയാണ്. മാത്രമല്ല, ജില്ലാ വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പെടുത്ത കാലോചിതമായ തീരുമാനം വാക്കുകളാൽ അഭിനന്ദിക്കാൻ കഴിയുന്നതല്ല. തിരുവനന്തപുരം ജില്ലയിലെ വികസന പരിപ്രേക്ഷ്യം ചർച്ചചെയ്യുന്ന യോഗത്തിൽ പങ്കെടുത്ത ഒരാളാണ് ഞാൻ. ദൂരക്കാഴ്ചയുള്ള, ഉൾക്കാഴ്ചയുള്ള ബൃഹത്തായ പദ്ധതികൾക്ക് ത്രിതല പഞ്ചായത്ത് ഭരണ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുകയും കേരളത്തിലെ എല്ലാ ജില്ലകളിലും വികസന പദ്ധതികൾക്ക് രൂപം നൽകുകയും ആ വികസന കാഴ്ചപ്പാടനുസരിച്ച് പദ്ധതി നിർവ്വഹണത്തിന് നിർദ്ദേശം നൽകുകയും ചെയ്തു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയൊരു അനുഭവമാണ്. പരസ്പരം ഉറക്കാത്ത അറകളായി പ്രവർത്തിച്ചിരുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും സംയോജിപ്പിച്ചും തയ്യാറാക്കിയ ജില്ലാ പദ്ധതികൾ ഒരു പുതിയ അനുഭവമായി മാറുക തന്നെ ചെയ്യും. മാത്രമല്ല, പഞ്ചായത്ത്, ധനകാര്യം, ഗ്രാമവികസനം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു എകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾക്ക് രൂപം നൽകിക്കഴിഞ്ഞിരിക്കുന്നു. നൂതന/സംയോജിത വികസന പദ്ധതികൾക്കായി പ്രത്യേക ധനസഹായമായി 40 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ ആവശ്യക്കാരന്റെ വിരൽത്തുമ്പിലെത്തിക്കുന്ന സമീപനം കാലോചിത മാണെന്ന് പറയാതിരിക്കാനാവില്ല. ചുരുക്കത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് സുസ്ഥാപിതമാക്കാനുള്ള, ചരിത്രത്തിലിടം തേടുന്ന ഇടപെടലുകളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തുന്നത്. ഇത് ഇന്ത്യക്കാകെ മാതൃകയാണ്. ഈ മാതൃക ഇല്ലാതാക്കാൻ വലതുപക്ഷ രാഷ്ട്രീയ ശക്തികൾ ഒരുമിക്കുന്നു എന്നത് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ്. ത്രിപുരയിൽ ഇടതുപക്ഷത്തിനു പരാജയമേറ്റു, ആ പരാജയം ഇടതുപക്ഷ പ്രവർത്തകരിൽ വേദനയുണ്ടാക്കിയെന്ന് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. പക്ഷെ, ഞങ്ങളാരും ഒളിവിൽ പോയിട്ടില്ല. കാരണം കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പുകൾ ആത്യന്തികമായ, പരമമായ ലക്ഷ്യമല്ല. ത്രിപുരയിൽ ഇതിനുമുമ്പും അർദ്ധ ഫാസിസ്റ്റ് വാഴ്ച അരങ്ങേ റിയിട്ടുണ്ടല്ലോ. അന്ന് കോൺഗ്രസിന്റെ നേതൃത്വത്തിൽ ബൂത്തുകൾ പിടിച്ചെടുത്ത് ഞങ്ങളെ അധികാരത്തിൽ നിന്ന് പുറത്തുനിർത്തി. കൊടുങ്കാറ്റിന്റെ ശക്തിയോടെ ത്രിപുരയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റ് അധികാരത്തിൽ

വന്നു. പശ്ചിമ ബംഗാളിന്റെ സാമൂഹ്യ രാഷ്ട്രീയ ചരിത്രമാണ് ജ്യോതി ബസുവിന്റെ ജീവചരിത്രത്തിലൂടെ നിഴലിക്കുന്നത്. നിയമസഭയിൽനിന്ന് കീറിയ വസ്ത്രങ്ങളുമായി പാർട്ടി ഓഫീസിലേയ്ക്ക് വൈകുന്നേരം നടന്നുപോയ ജ്യോതി ബസുവിന്റെ ചിത്രമുണ്ട്. 1971 മാർച്ച് 31-ാം തീയതി പാട്ന നഗരത്തിൽവച്ച് ജ്യോതി ബസുവിനുനേർക്ക് വധശ്രമമുണ്ടായി. അലി ഇമാം എന്ന ഒരു എൽ.ഐ.സി ജീവനക്കാരന്റെ ജീവൻ നഷ്ടപ്പെട്ടു. 1972-ലെ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള മാസം തുടർച്ചയായി മൂന്ന് ആഴ്ചകളിൽ സഖാവ് ജ്യോതി ബസുവിനെതിരായി ബോംബാക്രമണം ഉണ്ടായി. അന്ന് അതിനെല്ലാം നേതൃത്വം നൽകിയത് സിദ്ധാർത്ഥ ശങ്കർ റേ-യുടെ നേതൃത്വത്തിൽ കോൺഗ്രസുകൂടിയാണ് എന്നത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒടുവിൽ ബൂത്തുകൾ പിടിച്ചെടുത്തു. ജ്യോതിബസു സ്ഥിരമായി മൽസരിക്കുന്ന ബാരാനഗർ മണ്ഡലത്തിൽ ജ്യോതിബസു 38000 വോട്ടിന് തോൽവിയടഞ്ഞതായി തെരഞ്ഞെടുപ്പുഫലം വന്നു. 38000 വോട്ടിന് ജ്യോതിബസു തോറ്റു എന്നുപറഞ്ഞാൽ ജനങ്ങൾ വിശ്വസിക്കുമോയെന്ന് ഇന്ദിരാഗാന്ധി സിദ്ധാർത്ഥ ശങ്കർ റേ-യോട് ചോദിക്കുകയുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ]

ശ്രീ. പി. സി. ജോർജ്: സർ, ജ്യോതിബസു ഇന്ത്യയുടെ പ്രധാനമന്ത്രിയാകേണ്ട ആളാണെന്ന കാര്യത്തിൽ ഇവിടെ ആർക്കും തർക്കമില്ല. ജ്യോതി ബസു പ്രധാനമന്ത്രിയാകുന്ന സാഹചര്യമുണ്ടായപ്പോൾ നിങ്ങളുടെ പോളിറ്റ് ബ്യൂറോ കൂടി ഒരു വോട്ടിനാണ് അദ്ദേഹത്തെ തോൽപ്പിച്ചത്. കേരളത്തിൽ നിന്നുള്ള പോളിറ്റ് ബ്യൂറോ മെമ്പർമാരാണ് അതിന് ഉത്തരവാദികൾ. അങ്ങ് അക്കാര്യത്തിൽ ദു:ഖം രേഖപ്പെടുത്താൻ തയ്യാറാകണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആരുടെയെങ്കിലും ചെലവിൽ പ്രധാനമന്ത്രി ആകുന്നതല്ല അന്തസ്സ്. അതിന് ജനങ്ങളുടെ പിന്തുണ വേണം. പാർലമെന്റിൽ അതിനുള്ള സ്വാധീനമുണ്ടാകണം. ഏതെങ്കിലും ചെലവിൽ പ്രധാനമന്ത്രി പദം എന്നാഗ്രഹിക്കുന്നവർക്ക് അതനുസരിച്ച് ഭരിക്കാനേ കഴിയുകയുള്ളൂ. ബഹുമാന്യനായ പി. സി. ജോർജിനെപ്പോലെയുള്ള ഒരാൾ തത്വാധിഷ്ഠിതമായ നിലപാടുകൾ കാണാതെ അവസരവാദപരമായ അധികാര മോഹത്തിന്റെ വാക്കുകൾ ഉപയോഗിക്കരുത്. അങ്ങയുടെ ചിന്ത അധികാരമോഹമാണ്. അതാണ് അങ്ങയുടെ നിരീക്ഷണം, ആ നിരീക്ഷണം തിരുത്തണം.

ശ്രീ. ഐ. ബി. സതീഷ്: സർ, ശ്രീ. ഇ. പി. ജയരാജൻ വളരെ കൃത്യമായ വാക്കുകളിൽ അതിനുത്തരം പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകമായ ഇടപെടൽ ശക്തിയാകാത്ത പശ്ചാത്തലത്തിൽ അധികാരം പങ്കിടേണ്ട എന്ന ഏറ്റവും ശരിയായ രാഷ്ട്രീയ നിലപാടാണ് എന്റെ കക്ഷി സ്വീകരിച്ചത് എന്നതിൽ

യാതൊരു തർക്കവുമില്ല. ഇന്നിപ്പോൾ ബി.ജെ.പി.യുടെ ഫാസിസ്റ്റ് വാഴ്ചയ്ക്ക് എതിരായി ചില ഒറ്റപ്പെട്ട ശബ്ദങ്ങൾ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ചരിത്ര ബോധമുള്ള എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമുണ്ട്. ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്രം മെയിൻ കാംഫിൽനിന്ന് രൂപപ്പെട്ടതാണ്. അതാണ് The Bunch of Thoughts (വിചാരധാരയിൽ)-ൽ കാണാൻ കഴിയുന്നത്. ഹിറ്റ്ലറുടെ തവിട്ട് സേനയും മുസോളിനിയുടെ കരിങ്കുപ്പായപ്പടയും ചേർന്നാണ് ഗണപേഷം ഉണ്ടാക്കിയത്. എന്നാൽ ഇന്ത്യാ രാജ്യത്ത് ഭരണ മേഖലയിൽ ആർ.എസ്.എസ്.-ന്റെ ഗുരുസ്ഥാനീയർ കോൺഗ്രസ്സാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ത്രിപുരയിലും ബംഗാളിലുമടക്കം ജനാധിപത്യ കശാപ്പിന് നേതൃത്വം നൽകിയത് പലപ്പോഴും കോൺഗ്രസ്സായിരുന്നു. ധീരേന്ദ്ര ബ്രഹ്മചാരിയിൽനിന്ന് രാംദേവിലേയ്ക്കുള്ള അകലമാണ് കോൺഗ്രസ്സിൽ നിന്ന് ബി.ജെ.പി.യിലേയ്ക്കുള്ളത്. തീർച്ചയായും കോൺഗ്രസ് ചരിത്രപരമായ പാതകമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ത്രിപുരയിൽ സംഭവിച്ചതിനെക്കുറിച്ച്, കളിപ്പാട്ടം കയ്യിൽ കിട്ടിയ കുട്ടിയെപ്പോലെ കൈകൊട്ടി ചിരിക്കുന്ന വിഡ്ഢിരാമന്മാർ അപ്പുറത്തുണ്ട്. ഇക്കരെനിന്ന് അക്കരയ്ക്ക് കടക്കണ്ണെറിയുന്ന ആളുകളുണ്ട്. കെ.പി.സി.സി. പ്രസിഡന്റ് മുതൽ ബൂത്ത് പ്രസിഡന്റ് വരെ ബി.ജെ.പി.യിലേയ്ക്ക് ചേക്കേറിയ അവസ്ഥയെ കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്ന് ഞങ്ങൾ ചോദിക്കുന്നു. ഞങ്ങളുടെ രാഷ്ട്രീയം പല സഖാക്കളും ചൂണ്ടിക്കാണിച്ചതാണ്. തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയം മാത്രമല്ല. ഇന്ന് മാർച്ച് 12 ആണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇടംതേടുന്ന ഒരു ദിവസമായി മുംബൈ മഹാനഗരം മാറുകയാണ്. വരണ്ടുണങ്ങിയ വയൽപ്പാടങ്ങളിൽനിന്ന് വിണ്ടുകീറിയ കാലുകളുമായി പതിനായിരക്കണക്കിന് കർഷകർ മാർച്ച് ചെയ്ത് മുംബൈ മഹാനഗരത്തിൽ എത്തുമ്പോൾ നാവിക കലാപത്തിന്റെ ഓർമ്മകൾ ഉറങ്ങുന്ന മുംബൈ പട്ടണം ഒരു പുതിയ ഇന്ത്യക്കുവേണ്ടിയുള്ള തുടക്കംകുറിക്കുകയാണ്. ജീവിതാനുഭവങ്ങളിൽനിന്ന് പാഠംപഠിച്ച പാവപ്പെട്ട മനുഷ്യൻ, കർഷകൻ അവർ കൈകളിലേന്തുന്നത് ലോകത്ത് എവിടെയുമുള്ള മനുഷ്യന്റെ ചോരയുടെ നിറമുള്ള ചെമ്പതാകയാണ്. ചെമ്പതാകയ്ക്കല്ലാതെ മറ്റൊരു കൊടിക്കും മനുഷ്യന്റെ ജീവിതം തിരിച്ചറിയാൻ ആകില്ലെന്ന യാഥാർത്ഥ്യത്തിലേയ്ക്കുണർന്ന ഇന്ത്യൻ ജനത ഇന്ത്യൻ ചരിത്രത്തെ മാറ്റിമറിക്കും. രാഷ്ട്രീയമെന്നുപറയുന്നത് നേർരേഖയിൽ കയറിപ്പോകുന്ന അഭ്യാസമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയെന്നുപറയുന്നത് വോട്ട് നേടുന്ന യന്ത്രമല്ല. സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളെ ഫലപ്രദമായി വിനിയോഗിച്ച്, ഇടപെട്ട് സമൂഹത്തിൽ സാമൂഹ്യ മാറ്റമുണ്ടാക്കുകയെന്ന ദൗത്യം കൃത്യമായി നിർവ്വഹിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനം തെരഞ്ഞെടുപ്പ് പരാജയങ്ങളുടെ മുന്നിൽ ചൂളിപ്പോകുകയില്ല. ഇവിടെ കോൺഗ്രസ് എന്താണ് പറയുന്നത്? പകൽ കോൺഗ്രസ്സും രാത്രി ബി.ജെ.പി.യുമെന്ന ആദരണീയനായ എ. കെ. ആന്റണിയുടെ പ്രസ്താവന ഇവിടെ പലവട്ടം പരാമർശിക്കപ്പെട്ടു. ഇന്ന് നവമാധ്യമങ്ങളിൽ ട്രോളുകളുടെ പെരുമഴയാണ്.

ആദരണീയനായ കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു വചനമുണ്ട്. അദ്ദേഹം പറഞ്ഞത് ബി.ജെ.പി.യിലേയ്ക്ക് പോകുന്ന ഒരാൾക്കും കോൺഗ്രസ്സിൽ തുടരാനാകി ല്ലെന്നാണ്. എന്താണ് അതിന്റെ അർത്ഥം? കോൺഗ്രസ്സിൽ ദ്വയാംഗത്വമുണ്ടോ? പരസ്യമായി കോൺഗ്രസ്സും രഹസ്യമായി ബി.ജെ.പി.യും എന്നത് കോൺഗ്രസ്സിൽ അംഗീകരിക്കപ്പെട്ട സത്യമാണോ? യഥാർത്ഥത്തിൽ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് ആത്മാർത്ഥതയില്ലാത്തവർ എന്ന നിലയ്ക്ക് സ്വയം നഗ്നരാക്കപ്പെട്ട കോൺഗ്രസ്സിന് ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ യാതൊരു അവകാശവുമില്ലെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ 2018-19 വർഷത്തെ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കാൻ ധാരാളം കാര്യങ്ങളുള്ളതിൽ ചിലതുമാത്രം സൂചിപ്പിക്കാം. 2017-18-ലെ ധനാഭ്യർത്ഥനകൾ ഈ സഭ പാസ്സാക്കിയതാണ്. അത് വിനിയോഗിക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ത്രിതല പഞ്ചായത്തിന് നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്നത് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, അധികാര വികേന്ദ്രീകരണം എന്നുള്ളത് അധികാര കേന്ദ്രീകരണമാക്കി രണ്ടുവർഷം ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോയി എന്നുള്ളതാണ്. മൂന്നാമത്തെ കാരണം, ഇതേ സഭ 2017-18-ൽ പാസ്സാക്കിക്കൊടുത്ത തുക ചെലവഴിക്കുന്നതിനും പദ്ധതിവിഹിതം ചെലവഴിക്കുന്നതിനും പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യം നൽകാതെ പൂർണ്ണമായി നിയന്ത്രിച്ച് വാക്കുകളിൽ ഒന്ന് പറയുകയും മറിച്ച് പ്രവർത്തിക്കാനുള്ള അവസരം നിഷേധിക്കുകയും ചെയ്തു എന്നുള്ളതാണ്. പഞ്ചായത്തുകൾ സ്വതന്ത്രമായി പ്രവത്തിക്കേണ്ടതാണ്. എന്നാൽ ഒരുകാലത്തുമില്ലാത്ത തരത്തിൽ രാഷ്ട്രീയമായ ഇടപെടലുകൾ പഞ്ചായത്തുകളിലുണ്ടായി. ഇതൊക്കെക്കൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന് ആമുഖം എഴുതിയ സംസ്ഥാനമാണ് കേരളമെന്നാണ് നമ്മൾ അഭിമാനിക്കുന്നത്. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, കഴിഞ്ഞ 2 വർഷമായി അധികാര വികേന്ദ്രീകരണത്തിന് ചരമക്കുറിപ്പ് എഴുതുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ കാർമ്മികത്വമാണ് ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീൽ ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ കാര്യത്തിൽ കഴിഞ്ഞ രണ്ടുവർഷം സ്വീകരിച്ച നടപടികൾ എന്താണെന്ന് നമുക്കറിയാം. അതിൽ ചില കാര്യങ്ങൾ മാത്രമെടുത്ത് പരിശോധിച്ചാൽ മതി. 55 ശതമാനത്തോളം വരുന്ന പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് നേരിട്ട് പഞ്ചായത്തുകൾക്ക് നൽകുകയാണ്. 20 ശതമാനം വരുന്ന ലൈഫ് പദ്ധതിത്തുക ചെലവഴിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് മെമ്പർമാർക്ക് എന്ത് റോളാണ് ഗവൺമെന്റ്

കൊടുത്തിട്ടുള്ളതെന്ന് ഞാൻ അങ്ങയോട് ചോദിക്കുകയാണ്. ഒരു റോളും കൊടുത്തിട്ടില്ല. കുടുംബശ്രീ തീരുമാനമെടുത്ത് ഉദ്യോഗസ്ഥർക്ക് കൊടുക്കും. ഗ്രാമസഭകൂടി അതിൽ ഒരു പേരുപോലും കൊണ്ടുവരുന്ന കാര്യത്തിൽ പഞ്ചായത്ത് മെമ്പർമാർക്ക് ഒരു റോളുമില്ല. എവിടെയാണ് നിങ്ങൾ പഞ്ചായത്തിനെ ശക്തിപ്പെടുത്തുന്നത്? ഓരോ കാര്യം പരിശോധിച്ചാലും മനസ്സിലാകുന്നത് ദിവസം കഴിയുന്തോറും പഞ്ചായത്തിന്റെ അധികാരങ്ങൾ തിരിച്ചുപിടിക്കുന്നു എന്നാണ്.

മദ്യനയവുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. എവിടെ കള്ളുഷാപ്പ് വേണമെന്ന് പറയാനുള്ള അധികാരമെങ്കിലും കേരളത്തിലെ ജനങ്ങൾക്ക് കൊടുക്കണ്ടേ? അത് കൊടുത്തില്ലെന്നുമാത്രമല്ല, എവിടെ കൊടുക്കണമെന്ന് നിങ്ങൾതന്നെ തീരുമാനിക്കുകയും ചെയ്തു. വ്യവസായ സ്ഥാപനങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവ തുടങ്ങാൻ പഞ്ചായത്ത് ഭരണ സമിതിയുടെ അധികാരം വേണമായിരുന്നു. അതും തിരിച്ചെടുത്തു. അതാർക്കാണ് കൊടുത്തത്? ഭരണസമിതിയുടെ മുകളിലാണ് നിങ്ങൾ സെക്രട്ടറിയെ കാണുന്നത്. സെക്രട്ടറിക്ക് അധികാരം കൊടുത്തു. പഞ്ചായത്ത് ഭരണസമിതിക്ക് ഇപ്പോൾ അധികാരങ്ങളില്ല. നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് കുറച്ച് അധികാരങ്ങൾ ഉണ്ടായിരുന്നു. അതും തിരിച്ചുപിടിച്ചു. അധികാരങ്ങൾ തിരിച്ചുപിടിക്കുക എന്നല്ലാതെ അധികാരങ്ങൾ താഴെത്തട്ടിൽ കൊടുത്ത സാഹചര്യം ഉണ്ടായിട്ടില്ല. സി.ഡി.എസ്. തെരഞ്ഞെടുപ്പ് രാഷ്ട്രീയമായി മാറിയ ഒരു കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. സി.ഡി.എസ്. തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെക്കാൾ രാഷ്ട്രീയമാണ്. എങ്ങനെയാണ് യു.ഡി.എഫ്.ന്റെ കയ്യിലുള്ള സി.ഡി.എസ്.കൾ തിരിച്ചുപിടിക്കുന്നതെന്ന് ആലോചിക്കുകയാണ്. കുടുംബശ്രീ മിഷനെ നിങ്ങൾ അതിനായി ഉപയോഗിച്ചു. കുടുംബശ്രീ മിഷൻ എടുക്കുന്ന തീരുമാനങ്ങൾ മുഴുവൻ എൽ.ഡി.എഫ്.ന്റെ അയൽക്കൂട്ടങ്ങൾ സംരക്ഷിക്കുന്ന രീതിയിലുള്ളതായിരുന്നു. ജില്ലാ ഭരണ സംവിധാനം ഉപയോഗിച്ചാണ് പല പഞ്ചായത്തുകളിലും സി.ഡി.എസ്.കളെ തിരിച്ചുപിടിക്കുന്നതിനും രാഷ്ട്രീയവൽക്കരിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയതെന്ന് പറയാതിരിക്കാൻ വയ്യ. ഇവിടെ സൂചിപ്പിച്ചതുപോലെ, യു.ഡി.എഫ്. നല്ല രീതിയിൽ ഭരണം നടത്തി മുന്നോട്ടുപോയാൽ അവിടത്തെ പ്രതിപക്ഷം യു.ഡി.എഫ്. പഞ്ചായത്തിന് അനുകൂലമായി നിൽക്കുന്ന സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾ എങ്ങനെ എതിരാക്കാമെന്ന് ആലോചിക്കുന്ന, അതിനുവേണ്ടി സഹായിക്കുന്ന സെക്രട്ടറിമാരെ നോമിനേറ്റ് ചെയ്ത് യു.ഡി.എഫ്.-ന്റെ ഭരണ സമിതികളുടെ പ്രവർത്തനം നിശ്ചലമാക്കുന്നു; രാഷ്ട്രീയവൽക്കരിക്കുന്നു. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കേണ്ട പഞ്ചായത്തുകളിൽ എങ്ങനെ ഏറ്റവും മോശമായ പ്രവർത്തനം നടത്താൻ സാധിക്കുമെന്നാണ് ചിന്തിച്ചു കൊണ്ടിരിക്കുന്നത്. അമിതമായ രാഷ്ട്രീയവൽക്കരണം, അധികാര കേന്ദ്രീകരണം, ഫണ്ട് ചെലവഴിക്കാൻ

കഴിയാത്ത സാഹചര്യങ്ങൾ എന്നിവയാണ് ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ളത്. ധാരാളം കാര്യങ്ങൾ സംസാരിക്കാനുണ്ടെങ്കിലും ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

രാഷ്ട്രീയ കാര്യങ്ങൾ പലതും ഇവിടെ സൂചിപ്പിച്ചു. എന്റെ സുഹൃത്ത് നമ്മുടെയെല്ലാം സംശയത്തിന് പരിഹാരം നൽകി. എം. എം. അക്ബറിനെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട കാര്യം ശ്രീ. പി. വി. അൻവർ പറയുകയുണ്ടായി. എന്തുകൊണ്ടാണ് ശശികല ടീച്ചറെ അറസ്റ്റ് ചെയ്യാത്തതെന്നും അതേ കുറ്റം ചെയ്ത എം. എം. അക്ബറിനെ എന്തുകൊണ്ട് അറസ്റ്റ് ചെയ്തുവെന്നും എന്റെ സുഹൃത്ത് ശ്രീ. കെ. എം. ഷാജി ചോദിച്ചു. അത് നമ്മുടെയെല്ലാം സംശയമായിരുന്നു. ശശികല ടീച്ചറെ അറസ്റ്റ് ചെയ്താൽ ആർ.എസ്.എസ്.-കാരും ബി.ജെ.പി.ക്കാരും വിപ്ലവമുണ്ടാക്കും. ആർ.എസ്.എസ്.-കാരും ബി.ജെ.പി.ക്കാരും വിപ്ലവമുണ്ടാക്കിയാൽ ന്യൂനപക്ഷങ്ങൾ അതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരും. ന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിക്കരുതെന്ന് നമുക്ക് ഉറപ്പുണ്ട്. അതുകൊണ്ടാണ് ശശികല ടീച്ചറെ അറസ്റ്റ് ചെയ്യാത്തതെന്ന ഒരു പുതിയ മാർക്സിയൻ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിച്ചത്. ഞങ്ങളുടെ സംശയങ്ങൾ മാറി. എന്തുകൊണ്ട് മോഹൻ ഭാഗവതിനെതിരെ നടപടി എടുത്തില്ലെന്നും എന്തുകൊണ്ട് സ്കൂൾ മാനേജർക്കെതിരെ നടപടിയെടുത്തുവെന്ന കാര്യത്തിലും സംശയമുണ്ടായിരുന്നു. അക്കാര്യവും അദ്ദേഹം വ്യക്തമാക്കിത്തന്നു. മോഹൻ ഭാഗവതിനെ അറസ്റ്റ് ചെയ്താൽ ഇവിടെ ആർ.എസ്.എസ്.-കാരും ബി.ജെ.പി.ക്കാരും പ്രശ്നമുണ്ടാക്കുകയും കേരളം കത്തുകയും ചെയ്യും. പാവപ്പെട്ട ന്യൂനക്ഷങ്ങൾ ബുദ്ധിമുട്ടിലാകും. ന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിക്കാൻ പാടില്ലെന്ന നിലപാട് ഈ ഗവൺമെന്റിനുള്ളതുകൊണ്ടാണ് നിങ്ങൾ മോഹൻ ഭാഗവതിനെ അറസ്റ്റ് ചെയ്യാത്തതെന്ന് വ്യക്തമായി സൂചിപ്പിച്ചു.

പറവൂരിൽ മുജാഹിദ് പ്രവർത്തകരും ആർ.എസ്.എസ്.കാരും തമ്മിൽ പ്രശ്നങ്ങളുണ്ടായി. അപ്പോൾ എന്തുകൊണ്ടാണ് ആർ.എസ്.എസ്.നെ ഒന്നും ചെയ്യാതെ മുജാഹിദ് പ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതെന്ന് ഒരു സംശയം നമുക്കുണ്ടായിരുന്നു. ഇപ്പോൾ ആ സംശയവും മാറി. ആർ.എസ്.എസ്.കാരെ അറസ്റ്റ് ചെയ്തിരുന്നുവെങ്കിൽ ഈ നാട്ടിൽ കലാപമുണ്ടാകും, പ്രശ്നമുണ്ടാകും, ഒരുപാട് ന്യൂനപക്ഷ സഹപ്രവർത്തകർ ബുദ്ധിമുട്ടും. ആ ബുദ്ധിമുട്ടൊരിക്കലും ഉണ്ടാകരുതെന്ന് പിണറായി വിജയൻ ഗവൺമെന്റിന് നല്ല താല്പര്യമുണ്ട്. ആ ന്യൂനപക്ഷ സ്നേഹം നിലനിൽക്കുന്നതുകൊണ്ടാണ് ഇവിടെയൊക്കെ ആർ.എസ്.എസ്.നെതിരെയും ബി.ജെ.പി.ക്കെതിരെയും ഒരു നിലപാടും എടുക്കാതെ മുന്നോട്ടുപോകുന്നത്. അല്ലാതെ ആർ.എസ്.എസ്സുമായുള്ള ബന്ധംകൊണ്ടല്ല, ന്യൂനപക്ഷങ്ങളുമായുള്ള ബന്ധംകൊണ്ടാണ് അവർക്കെതിരെ നടപടിയെടുക്കാത്തതെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

ശ്രീ. ഐ. ബി. സതീഷ് സംസാരിച്ചപ്പോൾ ഞങ്ങൾക്ക് അധികാരമല്ല പ്രശ്നം, സമൂഹത്തിൽ വലിയ മാറ്റങ്ങളുണ്ടാകണം, വലിയ രീതിയിൽ പ്രവർത്തനം നടത്തണം, അങ്ങനെ സാമൂഹിക മാറ്റത്തിലൂടെ മുന്നോട്ടുവരണമെന്നാണ് പറഞ്ഞത്. നിങ്ങൾ അങ്ങനെ ഒരുപാട് കാലം പ്രവർത്തിച്ചു. പശ്ചിമ ബംഗാളിലും ത്രിപുരയിലുമൊക്കെ പ്രവർത്തിച്ചു. അവിടെ സാമൂഹിക മാറ്റമുണ്ടായി. അതിന്റെ ഭാഗമായി മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽനിന്ന് പോകുന്ന, ജനങ്ങളിൽനിന്ന് ഒറ്റപ്പെടുന്ന സാഹചര്യമുണ്ടായി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഇന്നത്തെ ചർച്ചയെന്നുപറയുന്നത് ഗ്രാമവികസനത്തെക്കുറിച്ചാണ്. ആ ചർച്ച വിട്ട് മറ്റ് കാര്യങ്ങൾ പറയുന്നത് ശരിയാണോ?

മി. ചെയർമാൻ: അത് നമ്മുടെ സഭയൊന്ന് പരിഗണിച്ചാൽ മതി.

ശ്രീ. എ. പി. അനിൽകുമാർ: സർ, അദ്ദേഹം വളരെ മുതിർന്ന ഒരാളായതിനാൽ ഞാൻ മറുപടി പറയുന്നില്ല. ഇത് എല്ലാ കാര്യവും ചർച്ച ചെയ്യേണ്ട സഭയാണ്. ഒരു വർഷക്കാലത്തെ പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യം മാത്രമല്ല, ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങൾകൂടി ഈ സഭ ചർച്ച ചെയ്യണം. പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ സമൂഹത്തിലുണ്ടാകുന്ന മാറ്റത്തെക്കാൾ കൂടുതൽ ഒരു ഗവൺമെന്റിന്റെ നയങ്ങളും നിലപാടുകളുമാണ് സമൂഹത്തിൽ മാറ്റത്തിന് കാരണമാകുന്നത്. പഞ്ചായത്ത് ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മാത്രമല്ല മറ്റെല്ലാ കാര്യങ്ങളിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കഴിഞ്ഞ രണ്ട് വർഷക്കാലമായി എടുക്കുന്ന സമീപനം കേരളത്തിലെ വികസന മുന്നേറ്റത്തിന് ഗുണം ചെയ്യുന്നതല്ല, മറിച്ച് വിഘാതം സൃഷ്ടിക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. അരയന്നത്തിന്റെ മുന്നിൽ ജലവും പാലും കൊണ്ടുവച്ചാൽ ആ അരയന്നം ജലത്തെ തള്ളിമാറ്റി പാലിനെ സ്വീകരിക്കുന്നത് പോലെയാണ് കേരളത്തിലെ ജനങ്ങൾ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം ബി.ജെ.പി.യും തെരഞ്ഞെടുപ്പിനെ നേരിട്ടു. അരയന്നം സ്വീകരിച്ചതുപോലെ ജനങ്ങൾ എൽ.ഡി.എഫ്.നെ സ്വീകരിച്ചു. എൽ.ഡി.എഫ്. വമ്പിച്ച ഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നു. ആ എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ കാണാൻ യു.ഡി.എഫ്.-ന് കണ്ണില്ലാതെപോയി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരു നവകേരള സൃഷ്ടിക്കവേണ്ടിയാണ് എൽ.ഡി.എഫ്. പ്രവർത്തിക്കുന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായ

ത്തുകളെല്ലാംതന്നെ ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന സ്ഥാപനങ്ങളാണ്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ഇച്ഛയ്ക്കനുസരിച്ചാണ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തിക്കുന്നത്. ഒരു മരത്തെ നാം നിർണ്ണയിക്കുന്നത് അതിന്റെ ഫലം കണ്ടുകൊണ്ടാണ്. എൽ.ഡി.എഫ്.-ന്റെ ഭരണത്തെ നിർണ്ണയിക്കുന്നത് അതിന്റെ പ്രവർത്തന ഫലംകൊണ്ടാണ്. ആ പ്രവർത്തനം തീർച്ചയായും ജനങ്ങൾക്ക് ഇഷ്ടപ്പെടുന്ന നിലയിലാകണം. ആസൂത്രണം താഴേത്തട്ടിൽനിന്ന് എന്നുള്ള പഞ്ചായത്ത്രാജിന്റെ അടിസ്ഥാന വാക്യം അന്വർത്ഥമാക്കിക്കൊണ്ടാണ് കേന്ദ്രീകൃത അവസ്ഥ മാറ്റി ഗ്രാമസഭകൾക്ക് ആസൂത്രണ വികസനം സാധ്യമാക്കുന്ന തരത്തിലുള്ള തീരുമാന ങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തീരുമാനങ്ങൾ ഇന്ന് കേരളത്തിൽ മാത്രമല്ല, രാജ്യത്താകെ മാതൃകയാണ്. നമ്മുടെ രാജ്യത്ത് മാത്രമല്ല, വിദേശ രാജ്യങ്ങളിൽനിന്നുപോലും കേരളത്തിലെത്തി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പഠിക്കാനും മനസ്സിലാക്കാനും അത് വിദേശ രാജ്യങ്ങളടക്കം പ്രാവർത്തികമാക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമായി ഒട്ടേറെ വിദേശ പ്രതിനിധികൾ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകളിലടക്കം പങ്കെടുക്കുന്നുണ്ട്. അവരെല്ലാം അത് മനസ്സിലാക്കി കേരളത്തിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളെ തങ്ങളുടെ രാജ്യങ്ങളിൽ പ്രാവർത്തികമാക്കാനുള്ള പരിശ്രമം നടത്തുന്നുവെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനമാണ്. അതിനകത്ത് യു.ഡി.എഫ്., എൽ.ഡി.എഫ്., ബി.ജെ.പി. രാഷ്ട്രീയമൊന്നുമില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളും അഭിമാനിക്കേണ്ട കാര്യമാണത്. മനുഷ്യന്റെ അടിസ്ഥാന വിഷയങ്ങളെ ഹൃദയപൂർവ്വം തിരിച്ചറിഞ്ഞ് കേരളത്തിൽ വലിയ മാറ്റം വരുത്തിയ ആളാണ് സഖാവ് എം.എൻ. ഗോവിന്ദൻ നായർ. നമുക്ക് അദ്ദേഹത്തെ മറക്കാൻ കഴിയില്ല. യു.ഡി.എഫ്.-കാർ തീർച്ചയായും ഓർക്കപ്പെടേണ്ടതാണ്. കാരണം, ജനമനസ്സുകളുടെ ഏറ്റവും പ്രധാനമായ ഒന്നാണ് വീടെന്ന സ്വപ്നം. വീട്, വെള്ളം, വെളിച്ചം എന്നതാണ് ഒരു മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ ജനമനസ്സിന്റെ വികാരങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, നെഞ്ചിലേറ്റിക്കൊണ്ട് കേരളത്തിൽ നടപ്പാക്കിയ ലക്ഷം വീട് നമുക്കൊരിക്കലും മറക്കാൻ കഴിയുന്നതല്ല. സഖാവ് എം.എൻ. ലക്ഷം വീടിനെക്കുറിച്ച് പറഞ്ഞപ്പോൾ അത് നടക്കുമോയെന്ന ആശങ്ക പലർക്കുമുണ്ടായിരുന്നു. പക്ഷെ ആ ലക്ഷംവീട് പ്രാവർത്തികമാക്കിയപ്പോൾ ഇതെങ്ങനെ നടപ്പാക്കിയെന്ന് ആളുകൾ അത്ഭുതപ്പെട്ടു. അതാണ് കേരളം, അതാണ് കമ്മ്യൂണിസ്റ്റ് പാർട്ടി, അതാണ് ഇടതുപക്ഷം. ഇവിടെ അതിന്റെ ഭാഗമായാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ കേരളത്തിൽ സഖാവ് എം.എൻ.-ന്റെ പേരിലെ ലക്ഷംവീട് എം.എൻ. ഭവന നിർമ്മാണ പദ്ധതിയെന്ന് പുനരുദ്ധാരണം നടത്തിയത്. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം.എസ്.ന്റെ പേരിൽ വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് വച്ചുകൊടു ക്കാനുള്ള ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചു.

<u>ശ്രീ. കെ. ബാബു</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എം.എൻ.-ഉം ഇ.എം.എസ്.-ഉം കമ്മ്യൂണിസ്റ്റുകാരാണ് എന്നുള്ളതുകൊണ്ട് എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതിയും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും അട്ടിമറിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: തീർച്ചയായും. അട്ടിമറിച്ചുവെന്നുമാത്രമല്ല, അത് നടപ്പാക്കാതിരിക്കാനുള്ള എല്ലാ പരിശ്രമവും അവർ നടത്തി. ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഈ പദ്ധതിയെല്ലാം നിർത്തി എല്ലാവർക്കും ഫ്ലാറ്റ് നിർമ്മിച്ചുകൊടുക്കുമെന്ന് പറഞ്ഞു. കേരളത്തിലെ ജനങ്ങളെ ഫ്ലാറ്റാക്കി കിടത്തിയതല്ലാതെ ഒരാൾക്കുപോലും വീട് വച്ചുകൊടുത്തില്ല. അന്ന് സഖാവ് എം.എൻ.ന്റെ പേരിലും സഖാവ് ഇ.എം.എസ്.ന്റെ പേരിലും ഭവനനിർമ്മാണ പദ്ധതി കേരളത്തിൽ നടപ്പാക്കിയപ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്തിൽ നടപ്പാക്കിയ പദ്ധതിയെ അങ്ങേയറ്റം അംഗീകരിച്ചു. പാവപ്പെട്ട മനുഷ്യരുടെകൂടെ ഇടതുപക്ഷക്കാരേയുള്ളൂ എന്ന ചിന്ത ഉയർത്തിക്കൊണ്ടുവരാൻ ആ പദ്ധതികൾക്ക് സാധിച്ചു. പക്ഷെ അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് ആ പദ്ധതി ഇല്ലാതാക്കി. കഴിഞ്ഞ അഞ്ചുവർഷം പാവപ്പെട്ട ആളുകൾക്ക് വീട് വച്ചുകൊടുക്കുന്നതിന് ഒരു സഹായവും അവർ ചെയ്തില്ല. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ ആ ഗവൺമെന്റിനെ നിഷ്കരുണം തള്ളി എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരാനുള്ള തീരുമാനമെടുത്തത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനം ഏറ്റെടുക്കുമ്പോൾ ഏറ്റവും പ്രധാനമായും വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് വച്ചുകൊടുക്കാനും ഭൂമിയും വീടുമില്ലാത്ത ആളുകൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുകൊടുക്കാനുമുള്ള പദ്ധതികൾക്ക് തീരുമാനമെടുത്തത്. അതിനുവേണ്ടിയുള്ള നല്ല പരിശ്രമമാണ് പഞ്ചായത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയതിനെപ്പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. എം. എൻ. ഗോവിന്ദൻ നായർ നേതൃത്വം നൽകിയ ഭവന പദ്ധതി കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺ മെന്റാണ് നടപ്പിലാക്കിയത് എന്ന കാര്യം അങ്ങേക്കറിയാമോ? അന്ന് അതിനെ നഖശിഖാന്തം എതിർത്തവരാണ് ഇന്നത്തെ നിങ്ങളുടെ സഖ്യകക്ഷിയായ സി.പി.ഐ. (എം) എന്ന വസ്തുത മറന്നുകൊണ്ടാണോ അങ്ങ് സംസാരിക്കുന്നത്? ഏറ്റവും ക്രിയാത്മകമായ ഭവന നിർമ്മാണ പദ്ധതി കേരളത്തിന്റെ ചരിത്രത്തിലാദ്യമായി നടപ്പാക്കിയതിൽ നേതൃത്വപരമായ പങ്കുവഹിച്ചത് കോൺഗ്രസ് ഉൾപ്പെടുന്ന മുന്നണിയാണ് എന്ന കാര്യം അങ്ങ് അംഗീകരിക്കുമോ?

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: ആ ഗവൺമെന്റിൽ ആര് ഭരിച്ചു, ആരുടെ മുന്നണി എന്നതല്ല പ്രശ്നം. കമ്മ്യൂണിസ്റ്റുകാരനായിരുന്ന എം.എൻ. ഭവന നിർമ്മാണ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ടാണ് അത് നടന്നത്. സഖാവ് എം.എൻ.-ഉം സഖാവ് അച്യുതമേനോനും കമ്മ്യൂണിസ്റ്റുകാരാണെന്നുള്ളതുകൊണ്ടാണ് നടന്നത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് ലൈഫ് പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. അതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി വളരെ ജാഗ്രതയോടെയാണ് പ്രവർത്തിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ പഞ്ചായത്തുകൾ അതിനുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തി, ഗ്രാമസഭ കൂടി ലിസ്റ്റുണ്ടാക്കി, അതിനാവശ്യമായ തീരുമാനങ്ങളെടുത്തു കൊണ്ടാണ് ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുന്നത്. ആർദ്രം പദ്ധതിയും കാർഷിക മേഖലയെ സംരക്ഷിക്കാനും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താനുമുള്ള പദ്ധതികളും വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുള്ള ഹൈടെക് വിദ്യാഭ്യാസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കുന്നത്. ജില്ലാ-ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പാണ് നേതൃത്വം കൊടുക്കുന്നത്. ഈ പദ്ധതികളെല്ലാം നന്നായി നടപ്പാക്കുന്ന തോടൊപ്പം ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുകൂടി മുൻകയ്യെടുക്കണം. എസ്.സി./എസ്.റ്റി. മേഖലയിലെ പദ്ധതികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പണം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നാൽ അത് പ്രസ്തുത സാമ്പത്തിക വർഷം മറ്റിതര പദ്ധതികൾക്കുവേണ്ടി ചെലവഴിക്കുന്നതിന് തീരുമാനമെടുക്കാൻ കഴിയുന്ന തരത്തിലുള്ള സ്വാതന്ത്ര്യംകൂടി പഞ്ചായത്തുകൾക്ക് നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് അത് കൂടുതൽ മെച്ചപ്പെടുത്തണം. പഞ്ചായത്തുകൾക്ക് ഏറ്റവും പ്രധാനമാണ് പൊതുശ്മശാനം. പല ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനമില്ലാത്തതിന്റെ ബുദ്ധിമുട്ടുണ്ട്. പഞ്ചായത്തുകളിൽ പഴയ വാഹനമാണ് ഉപയോഗിക്കുന്നത് എന്നുള്ളതുകൊണ്ട് പലയിടത്തും സമയത്ത് എത്തിച്ചേരാൻ കഴിയാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകൾക്ക് പുതിയ വാഹനം വാങ്ങി നൽകുന്നതിനുള്ള തീരുമാനമുണ്ടാകണം. പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർമാർ പി.എസ്.സി.യിൽ നിന്നും നിയമിക്കപ്പെടുന്നവരാണ്. അവർ രാഷ്ട്രീയം നോക്കാതെ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പറയുന്നതിനനുസരിച്ച് സമയം നോക്കാതെ ജോലി ചെയ്യുന്നവരാണ്. അഞ്ചുവർഷം സർവ്വീസ് പൂർത്തീകരിച്ചാലും റേഷ്യോ പ്രൊമോഷൻപ്രകാരം ഗ്രേഡ് ലഭിച്ചാലും സ്വന്തം നാട്ടിലേക്ക് അവർക്ക് സ്ഥലംമാറ്റം ലഭിക്കുന്നില്ല. നിയമനം ലഭിച്ച അതേ ജില്ലയിൽത്തന്നെ അവർ തുടരുകയാണ്. പല ഡ്രൈവർമാർക്കും സ്വന്തം നാടുകളിൽ കഴിയുന്ന പ്രായാധിക്യവും അസുഖവുമുള്ള മാതാപിതാക്കളെ സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. പഞ്ചായത്തിലെ വിവിധ

തസ്തികകളിൽ വിശിഷ്യ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച് മൂന്നോ നാലോ വർഷം കഴിയുമ്പോൾ ഡിപ്പാർട്ടുമെന്റ് ടെസ്റ്റ് പാസ്സായി സീനിയർ ക്ലാർക്കാകുകയും സ്വന്തം ജില്ലകളിലേക്ക് സ്ഥലം മാറിപ്പോകുകയും ചെയ്യുന്നു. അതിനാവശ്യമായ ഒഴിവുകളുമുണ്ടാകുന്നു. സംസ്ഥാനത്തെ 75% പഞ്ചായത്തുകളിലും ഡ്രൈവർമാരുടെ ഒഴിവുകളിൽ താത്കാലിക ഡ്രൈവർമാരാണ് ജോലി ചെയ്തുവരുന്നത്. ഈ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തപ്പെടുന്നില്ല. ഈ ഒഴിവുകൾക്കൂടി പി.എസ്.സി.യുടെ സാങ്ഷൻ പോസ്റ്റാക്കി മാറ്റിയാൽ അഞ്ചുവർഷം പൂർത്തിയാക്കിയ ഡ്രൈവർമാരെ സീനിയർ ക്ലാർക്കാക്കി മാറ്റി സമാനമായി പൊതുസ്ഥലംമാറ്റം നൽകാൻ കഴിയും. അത്തരത്തിലുള്ള തീരുമാനംകൂടി ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പഞ്ചായത്തുകൾ എന്നത് ലോക്കൽ ഗവൺമെന്റുകളെന്നാണ് നമ്മൾ പറയുന്നത്. ആ രൂപത്തിൽ പ്രാദേശിക ഭരണ സംവിധാനത്തിന് സമയം നോക്കാതെ, കാലം നോക്കാതെ ഭരണത്തിന് നേതൃത്വം കൊടുക്കണം. പി.എസ്.സി. മുഖാന്തരം നിയമനം ലഭിക്കുന്ന ഡ്രൈവർമാർ അവധി ദിനങ്ങളിലോ അധിക സമയത്തോ പലയിടത്തും വർക്ക് ചെയ്യാൻ സന്നദ്ധരല്ല, വർക്ക് ചെയ്യാൻ അനുവദിക്കില്ല, റൂട്ട് എഴുതാൻ കഴിയില്ല. അവർക്ക് ക്ലെയിം ചെയ്യാൻ കഴിയില്ലെന്നാണ് അവർ പറയുന്നത്. അതിനൊരു പരിഹാരം കാണേണ്ടതാണ്. പഞ്ചായത്ത് അദ്ധ്യക്ഷൻമാർക്ക് ഞായറാഴ്ചകളിലും മറ്റ് സമയത്തുമെല്ലാം ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് യാത്ര നടത്തേണ്ടിവരും. അതിനൊരു പ്രത്യേക സംവിധാനംകൂടി ഒരുക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അത് നല്ല അഭിപ്രായമാണ്. അതുകൂടി ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. അതുപോലെതന്നെ പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ യാതൊരു ഗ്യാരന്റിയുമില്ല. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് റോഡുകൾ നിർമ്മിക്കണമെന്ന തീരുമാനമുണ്ടായിരുന്നു. പക്ഷെ ഇതുവരെ ആ തീരുമാനം നടപ്പാക്കിയിട്ടില്ല, അത് നടപ്പാക്കണം. മെയിന്റനൻസ് ഗ്രാന്റ് നൽകണം, റോഡ് ലിസ്റ്റ് ചെയ്യണം. പഞ്ചായത്തുകൾക്ക് ചെയ്യാൻ കഴിയാത്ത റോഡുകൾ പി.ഡബ്ല്യു.ഡി.യെക്കൊണ്ട് ഏറ്റെടുപ്പിച്ച് ചെയ്യിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കുടുംബശ്രീ മിഷന്റെ പ്രവർത്തനം വളരെ നല്ല രീതിയിലാണ് നടക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷം കുടുംബശ്രീയെ തകർക്കാൻ ശ്രമിച്ചതിനെപ്പറ്റി ഇവിടെ പലരും സൂചിപ്പിച്ചു. ഏറ്റവും അവസാനം കുടുംബശ്രീ മിഷൻ പ്രവർത്തകർ തെരുവുനായ്ക്കളെ പിടിക്കുന്നതിനുള്ള ദൗത്യം ഏറ്റെടുത്തു. ഒരുകോടി രൂപയ്ക്കാണ് അത് ഏറ്റെടുത്തത്.

സ്ത്രീകളുടെ നേതൃത്വത്തിൽ തെരുവ് നായ്ക്കളെ പിടിച്ചു. അത് എല്ലാവരെയും അത്ഭുതപ്പെടുത്തി. എല്ലാ മേഖലയിലും കുടുംബശ്രീ ഇന്ന് നല്ല നിലയിൽ മുന്നോട്ടു പോകുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞു കഴിഞ്ഞ രണ്ടുവർഷമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു കാര്യവും നടക്കുന്നില്ലെന്ന്. കഴിഞ്ഞ അഞ്ചുവർഷവും ഒന്നും നടന്നില്ല. മൂന്ന് വകുപ്പിനെയും മൂന്നായി വിഭജിച്ച് വറ്റിവരണ്ടിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിനെ കൊട്ടങ്കാറ്റോടു കൂടി മഴപെയ്യിച്ച ഋഷ്യശൃംഗനെപ്പോലെ നല്ല വകുപ്പാക്കി മാറ്റിയ ആളാണ് ഡോ. കെ. ടി. ജലീൽ എന്ന് ഞാൻ ശ്രീ. എ. പി. അനിൽകുമാറിനോട് പറയുകയാണ്.

ത്രിപുര ഇലക്ഷൻ കഴിഞ്ഞതിനുശേഷം എല്ലാവരും പറയുന്നത് കമ്മ്യൂണിസം ഇല്ലാതാകാൻ പോകുകയാണെന്നാണ്. ലെനിന്റെ പ്രതിമ തകർത്തപ്പോൾ അതിനെ അനുകൂലിച്ച് പോസ്റ്റിട്ടവരുണ്ട്. ഈ നിയമസഭയിൽ അംഗങ്ങളായ രണ്ടുപേർ അതിനെ അനുകൂലിച്ച് പോസ്റ്റിട്ടു. അതുമാത്രമല്ല, കേരളത്തിൽ കോൺഗ്രസ്സുകാർ ബി.ജെ.പി.യിലേക്ക് പോകുന്നില്ലെന്നു പറയുമ്പോഴും അവരുടെ ഒരു നേതാവ് പരസ്യമായി പറഞ്ഞു, 'യോജിക്കാമെന്ന് തോന്നിയാൽ ഞാൻ ബി.ജെ.പി.യിൽ ചേരും' ബി.ജെ.പി.യുടെ ദേശീയ നേതാക്കൻമാർ ദൂതന്മാരെ അയച്ചിട്ടുണ്ട് എന്ന്. കോൺഗ്രസുകാർ ധരിച്ചിരിക്കുന്ന വസ്ത്രം മാറ്റിയാൽ കാക്കി നിക്കർ ഉണ്ടോയെന്ന സംശയമുള്ള സാഹചര്യമാണ്. രാജ്യത്ത് ഫാസിസം ശക്തമായിക്കൊണ്ടിരിക്കുകയാണ്. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് മാർക്സ് പറഞ്ഞത്, 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന്'. കാറൽ മാർക്സ് അതുപറഞ്ഞത് മതത്തിന്റെ തെറ്റ് കണ്ടിട്ടല്ല, മതാന്ധരായ മനുഷ്യരെ കണ്ടിട്ടാണ്. ഭൂരിപക്ഷം ആളുകളും മതത്തിന്റെ പേരിൽ മനുഷ്യരെ തമ്മിലടിപ്പിക്കുന്നത് മുൻകൂട്ടി കണ്ടുകൊണ്ടാണ് കാറൽ മാർക്സ് അങ്ങനെ പറഞ്ഞത്. മാർക്സിനെയും ലെനിനെയും ഏംഗൽസിനെയും അറിയാത്തതുകൊണ്ടാണ് അവർ അങ്ങനെ പറയുന്നത്. ഈ രാജ്യത്ത് വർഗ്ഗീയ ഫാസിസം അതിശക്തമായി മുന്നോട്ടുപോകുകയാണ്. നമ്മൾ എന്ത് ചിന്തിക്കണം, എന്ത് പറയണം, എന്ത് ഭക്ഷിക്കണം എന്ന് തീരുമാനിക്കുന്ന നിലയിലേക്ക് ഫാസിസം വളർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഗോവിന്ദപൻസാരെയും നരേന്ദ്ര ധഭോൽക്കറും കൽബുർഗിയും ഗൗരീ ലങ്കേഷും നമ്മോടൊപ്പമില്ലാത്തത്. മതാന്ധൻമാരുടെ പ്രതിഷേധംകൊണ്ട് തമിഴ്നാട്ടിലെ എഴുത്തുകാരൻ പെരുമാൾ മുരുകൻ എഴുത്ത് നിർത്തി. ഇതാണ് ഫാസിസം. ഈ ഫാസിസം വേണമെന്നാണോ കോൺഗ്രസുകാർ പറയുന്നത്? ഫാസിസം ഈ രാജ്യത്ത് ഇല്ലാതാക്കുന്നതിനുള്ള ബാധ്യതയും ഉത്തരവാദിത്വവും നമുക്കെല്ലാവർക്കുമുള്ളതല്ലേ? ഫാസിസം കടന്നുവന്നാലുണ്ടാകാവുന്ന ഗുരുതരമായ പ്രതിസന്ധിയാണ് യു.പി.യിലും മധ്യപ്രദേശിലും ഗുജറാത്തിലുമടക്കം ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ കണ്ടത്. അവിടെയെല്ലാം അധികാരം കിട്ടിയപ്പോൾ

മതന്യൂനപക്ഷങ്ങളെയും ദളിത് വിഭാഗങ്ങളെയും അടിച്ചൊതുക്കി ആക്രമിച്ച് കൊല പ്പെടുത്തുന്ന സമീപനമാണ് സ്വീകരിച്ചത്. ഈ സാഹചര്യം നമ്മുടെ രാജ്യത്തില്ലാത്ത അവസ്ഥയുണ്ടാകണം. ശരിയായ സോഷ്യലിസ്റ്റ് പ്രസ്ഥാനം ഈ രാജ്യത്ത് വളർന്നു വരണം. ഈ രാജ്യത്തെ ഫാസിസത്തിൽനിന്നും രക്ഷപ്പെടുത്താൻ ജനങ്ങൾ മുഴുവൻ ഒറ്റക്കെട്ടായി നിൽക്കേണ്ട സാഹചര്യത്തിലാണ് കോൺഗ്രസുകാരടക്കം ലെനിന്റെ പ്രതിമ തകർത്തപ്പോൾ സന്തോഷിക്കുന്നത്. അവർ സന്തോഷിക്കുന്നതിൽ യാതൊരു തെറ്റും ഞാൻ കാണുന്നില്ല. മഹാത്മാഗാന്ധിയെ കൊന്ന ഗോഡ്സെയെ അംഗീകരിക്കുന്നവരായി അവർ മാറിയിരിക്കുന്നു. അവർ സ്വതന്ത്ര ഇന്ത്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിനെയും ഇന്ദിരാഗാന്ധിയെയും തള്ളിപ്പറഞ്ഞുകൊണ്ട് പുത്തൻ സാമ്പത്തിക പരിഷ്കാരം ഏർപ്പെടുത്തി ഇന്ത്യൻ കുത്തക മുതലാളിമാർക്കും വിദേശ കുത്തക മുതലാളിമാർക്കും ഈ രാജ്യത്തെ അടിയറവച്ചവരാണ് കോൺഗ്രസുകാർ എന്നുള്ളതുകൊണ്ട് അവരുടെ ഈ സമീപനത്തെ ഞാൻ പുച്ഛത്തോടെ കാണുകയാണ്. ഫാസിസത്തെയും അതിനുവേണ്ടി ഒത്താശ ചെയ്യുന്നവരെയും ഇല്ലാതാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഭ്രാന്തന്മാരും ഞരമ്പുരോഗികളും എന്തൊക്കെ പറയുകയും പ്രവർത്തിക്കുകയും ചെയ്താലും മാർക്സും ഏംഗൽസും ലെനിനും സ്റ്റാലിനും കാണിച്ചുതന്ന വഴിയിലൂടെ മുന്നോട്ടുപോകാൻ കമ്മ്യൂണിസ്റ്റുകാരും തൊഴിലാളിവർഗ്ഗവും തയ്യാറുള്ളി ടത്തോളം ഭാവിയെപ്പറ്റി സംശയിക്കേണ്ടതില്ല. വിദൂരമല്ലാത്തൊരു ഭാവിയിൽ ഭൂമിയിലെ എല്ലായിടത്തും സോഷ്യലിസത്തിന്റെ വിജയപതാക പാറിക്കളിക്കും. അന്ന് ആകാശത്തിലെ നക്ഷത്രങ്ങൾ കൂടുതൽ ആഹ്ലാദത്തോടെ പുഞ്ചിരിക്കും. ഭൂമിയിൽ എല്ലായിടത്തും പനിനീർ പുഷ്പങ്ങൾ വിരിഞ്ഞുനിൽക്കും. അതുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനം കരുത്തോടെ വൻശക്തിയോടെ വീണ്ടും അധികാ രത്തിൽവരുമെന്ന് പ്രഖ്യാപിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ധനാഭ്യർത്ഥനകൾ പ്രകാരം പഞ്ചായത്ത്, നഗരവികസനം, ഗ്രാമവികസനം തുടങ്ങിയ വിഷയങ്ങൾക്കുവേണ്ടി ഇവിടെ അനുവാദം ചോദിച്ചിട്ടുള്ള സംഖ്യ കൊടുക്കുന്നതിൽ യാതൊരു കാര്യവുമില്ല. അതിനനുസരിച്ചുള്ള ഒരു പ്രവർത്തനവും ഈ വകുപ്പിൽ നിന്നുണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. സമയം വളരെ പരിമിതമായതു കൊണ്ട് അത്തരം പ്രധാനപ്പെട്ട വിഷയങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഒരു ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും ഒരു കളിസ്ഥലം, ഒരു ആഡിറ്റോറിയം, സ്ഥിരം കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുവേണ്ട സൗകര്യം എന്നിവ ഉണ്ടാകണം. അങ്ങനെ ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾ സ്വയംപര്യാപ്തമാകുന്ന തരത്തിലുള്ള ഭാവനാസമ്പന്നമായ പരിപാടികൾ വേണമെന്നാണ് ഞാൻ

അഭിപ്രായപ്പെടുന്നത്. ഒരു പഞ്ചായത്തിന് മാത്രമായി ഒരു കുടിവെള്ള പദ്ധതി അത്യാവശ്യമാണ്. കോടാനുകോടി രൂപ മുടക്കി ആരംഭിച്ച പല വൻകിട കുടിവെള്ള പദ്ധതികളും കൃത്യസമയത്ത് പൂർത്തീകരിക്കപ്പെടുന്നില്ല.

സംസ്ഥാനത്ത് 152 ബ്ലോക്കുകളും 140 അസംബ്ലി നിയോജക മണ്ഡലങ്ങളുമുണ്ട്. 140 നിയോജകമണ്ഡലങ്ങളും കണക്കാക്കി ഓരോ നിയോജകമണ്ഡലത്തിനും ഒരു ബ്ലോക്ക് എന്ന നിലയിൽ വികസന പ്രവർത്തനങ്ങൾ നടത്തിയാൽ എളുപ്പമാകും. ബാക്കിവരുന്ന 12 ബ്ലോക്കുകളെ ഒന്നുകിൽ ഇല്ലാതാക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനമുണ്ടാക്കുകയോ ചെയ്യണം. ഒരു അസംബ്ലി നിയോജക മണ്ഡലത്തിന്റെ പ്രവർത്തനം ഒരു ബ്ലോക്കിലായിരിക്കുന്നത് വളരെ സൗകര്യ പ്രദമാകുമെന്നാണ് കരുതുന്നത്.

കേരള വികസനത്തിന്റെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. സമ്പൂർണ്ണമായ അധികാരം എല്ലാ പഞ്ചായത്തുകൾക്കും നൽകിയി രിക്കുന്നുവെന്ന രീതിയിൽ ആരൊക്കെയോ പറഞ്ഞു. വാസ്തവത്തിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നു മാത്രമല്ല, ഇപ്പോഴും മന്ത്രിക്ക് നേരിട്ട് ചെയ്യാനാകാത്ത അനേകം കാര്യങ്ങൾ മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലാണ് നടക്കുന്നതെന്നാണ് അനുഭവസ്ഥർ പറയുന്നത്. നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ വേണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമായിരുന്നു. അതിന് 2 കോടി രൂപ കൊടുക്കാമെന്നുപറഞ്ഞിട്ട് കൊടുക്കാതിരിക്കുകയും സർവ്വേ നടത്താതിരിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെ ശ്രീ. ഇ. ശ്രീധരന്റെ വിഷയത്തിലുണ്ടായ കാര്യങ്ങളെക്കുറിച്ച് അടിയന്തര പ്രമേയം നേരത്തെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ശ്രീധരനെപ്പോലെയുള്ള ആളുകൾക്ക് മാത്രമേ കൊങ്കൺ റെയിൽവേയും മെട്രോ റെയിൽവേയും പാമ്പൻ പാലവുമെല്ലാം നിർമ്മിക്കാൻ സാധിക്കൂ. രാഷ്ട്രീയപ്രവർത്തകരും ജനപ്രതിനിധി കളുമായ നമുക്ക് മന്ത്രിയാകുക അല്ലെങ്കിൽ നിയമസഭാ സാമാജികനാകുക എന്നതിന് പ്രത്യേക യോഗ്യതകൾ ആവശ്യമില്ല. എന്നാൽ മറ്റുള്ള കാര്യങ്ങൾ ചെയ്യാൻ ശ്രീധരൻമാർക്ക് മാത്രമേ കഴിയൂ. അതുകൊണ്ട് അത്തരം കഴിവുറ്റ വ്യക്തികളെ പ്രയോജനപ്പെടുത്തലാണ് ജനപ്രതിനിധികളുടെ ബുദ്ധി എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഇവിടെ ഇതുവരെ നടന്ന ചർച്ചകളിൽ ധാരാളം രാഷ്ട്രീയ കാര്യങ്ങൾ പറയുകയുണ്ടായി. രാഷ്ട്രീയ പ്രശ്നങ്ങളിൽ ലെനിന്റെ പ്രതിമ തകർത്തതിനെയും ത്രിപുരയിലെ പരാജയത്തെയുംക്കുറിച്ച് പറഞ്ഞതോടൊപ്പം മാർക്സിസം-ലെനിനിസം അജയ്യശക്തിയായി ഒരു ഫീനിക്സ് പക്ഷിയെപ്പോലെ വീണ്ടും ഉയർത്തെഴുന്നേൽക്കുമെന്ന് ചിലയാളുകൾ ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ലെനിൻ ഞാൻ ജനിക്കുന്നതിനും വളരെ വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ ആളാണ്. ആ ലെനിനിസവും മാർക്സിസവും ആണോ ഇന്നിവിടെ നടക്കുന്നത്? കമ്മ്യൂണിസ്റ്റുകാരായ ആളുകളും അല്ലാത്തവരുമുൾപ്പെടെ

ധാരാളം ചെറുപ്പക്കാർ ജോലി അന്വേഷിച്ചുപോകുന്നുണ്ട്. അതിൽ അധികവും പോകുന്നത് യൂറോപ്യൻ രാഷ്ട്രങ്ങളിലേയ്ക്കും ഗൾഫ് രാഷ്ട്രങ്ങളിലേയ്ക്കുമാണ്. ഇന്നുവരെ ഒരാൾ ക്യൂബയിലോ വിയറ്റ്നാമിലോ ചൈനയിലോ ജോലി അന്വേഷിച്ച് പോകാത്തതെന്താണ്? അതുപോലെ രാഷ്ട്രീയകക്ഷികൾ, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഉൾപ്പെടെ പാർട്ടി ഓഫീസുണ്ടാക്കാനും മറ്റു കാര്യങ്ങൾക്കുമൊക്കെ പണപ്പിരിവിന് പോകാറുണ്ട്. ആരെങ്കിലും ഇന്നുവരെ വിയറ്റ്നാമിലോ ക്യൂബയിലോ പൈസ പിരിക്കാൻ പോയിട്ടുണ്ടോ? ശ്രീ. പിണറായി വിജയനോ ശ്രീ. കോടിയേരി ബാലകൃഷ്ണനോ പോയിട്ടുണ്ടോ? പോകാത്തതിന്റെ കാരണമെന്താണ്? പോയിട്ട് കാര്യമില്ല. കയ്യിലുള്ളതുംകൂടി അവർ വാങ്ങും, അത്രയ്ക്ക് ദാരിദ്ര്യമാണ്. തൊഴിലന്വേഷിച്ച് അവിടെ പോയിട്ട് കാര്യമില്ല. അവിടെ തൊഴിൽ ലഭ്യമല്ല. മനുഷ്യരുടെ പ്രാഥമികാവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് അവിടെയൊക്കെ നിലവിലുള്ളത്. ലെനിന്റെ പ്രതിമയൊക്കെ ത്രിപുരയിൽ മാത്രമല്ല തകർക്കപ്പെട്ടത്. മോസ്കോയിൽ ക്രെയിനുകൾ കൊണ്ടുവന്നാണ് തകർത്തത്. 75 വർഷങ്ങൾക്കുശേഷം അതായത്, ഗോർബച്ചേവിന്റെ ഭരണശേഷം അവിടെ കമ്മ്യൂണിസ്റ്റ് ഭരണമില്ലാതായപ്പോൾ അവിടെ ലെനിന്റെ പ്രതിമ ക്രെയിൻ വച്ച് എടുത്തുകളഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പല സംഭവങ്ങളും പല രാഷ്ട്രങ്ങളിലുമുണ്ടായിട്ടുണ്ട്. അതൊരു മഹാസംഭവമായി എടുക്കേണ്ട കാര്യമില്ല.

കമ്മ്യൂണിസ്റ്റുകാരായ സ്നേഹിതന്മാർ കോൺഗ്രസിനെയാണ് എപ്പോഴും കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ് പാർട്ടിയിൽ നിന്നാണ് ഇന്ത്യയിലെ പല പാർട്ടികളുമുണ്ടായിട്ടുള്ളത്. കമ്മ്യൂണിസ്റ്റുകാരെല്ലാം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലായിരുന്നു. അവരെല്ലാം കോൺഗ്രസിൽ നിന്ന് മാറിയാണ് കമ്മ്യൂണിസ്റ്റായത്. ഇ.എം.എസ്. നമ്പൂതിരിപ്പാട് കെ.പി.സി.സി. ജനറൽ സെക്രട്ടറിയായിരുന്നു. അദ്ദേഹമാണ് പിന്നെ കമ്മ്യൂണിസ്റ്റായത്. അങ്ങനെ പല പാർട്ടികളിൽനിന്നും ആളുകൾ മാറിയിട്ടുണ്ട്. ഇപ്പോൾ ജനാധിപത്യത്തെക്കുറിച്ച് കമ്മ്യൂണിസ്റ്റുകാരായ പല സ്നേഹിതന്മാരും പറയുന്നുണ്ടെങ്കിലും ജനാധിപത്യത്തിൽ അവർക്ക് അത്ര വിശ്വാസമില്ലെന്ന് എല്ലാവർക്കുമറിയാം. ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട വാർത്ത ചൈനയിലെ ഏകാധിപത്യപരമായ ഭരണഘടനാ ഭേദഗതിയാണ്. ഷി ജിൻ പിങിന് മരണം വരെ സൈനികത്തലവനും ഗവൺമെന്റിന്റെ തലവനും പാർട്ടി തലവനുമായി തുടരാനുള്ള ഭരണഘടനാ ഭേദഗതിയാണ് അദ്ദേഹം വരുത്തിയിട്ടുള്ളത്. Mao Zedong ഏകാധിപതിയായിരുന്നു. മാവോയ്ക്കുശേഷം Deng Xiaoping വന്ന് ആ ഏകാധിപത്യത്തിന് ചെറിയൊരു മാറ്റം വരുത്തി. രണ്ട് ടേമിനപ്പുറം ഒരാൾ ഭരണത്തിലിരിക്കാൻ പാടില്ലെന്ന് അദ്ദേഹം പറഞ്ഞു. Hu Jintao-ഉം Jiang Zemin-ഉം അത് അനുസരിച്ചു. ഇപ്പോൾ 2958 പാർട്ടിക്കാർ യോഗം ചേർന്ന് ഷി ജിൻ പിങിന്റെ എല്ലാ ഭരണഘടനാ ഭേദഗതികളെയും അംഗീകരിച്ചിട്ടുണ്ട്. രണ്ടാളുകളാണ്

അതിനെ എതിർത്തത്. ആ സാധുക്കൾ ഇപ്പോഴുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ, ചിലപ്പോൾ ഇന്നലെത്തന്നെ വെടിവച്ച് കൊന്നുകാണും. ഇങ്ങനെയുള്ള സംഭവങ്ങളാണ് ചൈനയിൽ നടക്കുന്നത്. ഫിഡൽ കാസ്ട്രോ കുറേക്കാലം ഭരിച്ച് സുഖമില്ലാതായപ്പോൾ അദ്ദേഹത്തിന്റെ അനുജൻ റൗൾ കാസ്ട്രോയെ ഭരണാധികാരിയാക്കി. ഈ Kim Jong-un എങ്ങനെയാണ് വന്നത്? 40 കൊല്ലം ഉത്തരകൊറിയയിലെ ഭരണാധികാരി Kim il-sung ആയിരുന്നു. Kim il-sung മരിച്ചപ്പോൾ അയാളുടെ മകൻ Kim jong-il വന്നു. അയാൾ 15 കൊല്ലം കഴിഞ്ഞ് മരിച്ചപ്പോൾ അയാളുടെ മകൻ Kim Jong-un വന്നു. അദ്ദേഹമാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. അവിടെയൊന്നും ജനാധിപത്യമില്ല, കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലൊന്നും ജനാധിപത്യമില്ല....(ബഹളം)......ഇതൊന്നും ശബ്ദമുണ്ടാക്കിക്കളയാൻ പറ്റുന്ന സംഗതികളല്ല. ഇതൊക്കെ യാഥാർത്ഥ്യമാണ് മാർക്സ് പറഞ്ഞിട്ടുള്ളത് കമ്മ്യൂണിസം ഒരു രാജ്യത്ത് വന്നാൽ state will wither away; ഭരണകൂടം പൊഴിഞ്ഞുപോകുമെന്നാണ് പറഞ്ഞത്. ഭരണകൂടം പൊഴിഞ്ഞു പോകുന്നു എന്നുമാത്രമല്ല ഭരണകൂടം അതിശക്തമായി വരുമ്പോൾ ജനാധിപത്യം ഘനീഭവിപ്പിക്കുന്ന സാഹചര്യമുണ്ടാകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ചൈനയിൽ എന്താണ് സംഭവിച്ചതെന്നുള്ളത് സംബന്ധിച്ച് അങ്ങ് പറഞ്ഞത് ശരിയാണ്, സമ്മതിക്കുന്നു. ജീവിതാവസാനംവരെ എന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? ഇന്ത്യയിൽ പ്രസിഡന്റിനും കാലപരിധിയില്ല. പക്ഷെ നമ്മൾ അങ്ങനെയാകുന്നില്ല. അതിനെ അങ്ങനെ എടുത്താൽ പോരേ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ ബഹുകക്ഷികളുണ്ട്. ഏതെങ്കിലും കമ്മ്യൂണിസ്റ്റ് രാജ്യത്ത് മറ്റ് പാർട്ടികളുണ്ടോ? വിയറ്റ്നാമിലുണ്ടോ; ക്യൂബയിലുണ്ടോ; ഇതിനുമുമ്പ് കമ്മ്യൂണിസ്റ്റുകാർ ഭരിച്ചിരുന്ന സോവിയറ്റ് യൂണിയൻ ഇന്നുണ്ടോ? ആ സോവിയറ്റ് യൂണിയൻ ഇന്ന് Lithuania, Estonia, Latvia, Kyrgyzstan, Tajikistan, Azerbaijan തുടങ്ങി പല രാഷ്ട്രങ്ങളായി മുറിഞ്ഞുമുറിഞ്ഞ് കഷണങ്ങളായിപ്പോയി. Ceausescu-നെ റൊമാനിയയിലെ ജനങ്ങൾ നടുറോഡിലിട്ട് കൊലപ്പെടുത്തുന്ന സാഹചര്യമാണുണ്ടായത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. പി. സജീന്ദ്രൻ]

പോളണ്ടിനെക്കുറിച്ച് പറയാൻ പാടില്ലാത്തതുകൊണ്ടാണ് പറയാത്തത്. ചൈനയിൽ ഭരണഘടനയല്ല ഉള്ളത് മരണ ഘടനയാണ്. ഏകാധിപത്യമാണ് ചൈനയിലും ഉത്തരകൊറിയയിലും മറ്റും നടക്കുന്നത്. പഞ്ചനക്ഷത്ര ഹോട്ടൽ/സപ്തനക്ഷത്ര ഹോട്ടൽ പോലെ ചൈനയിലും ഉത്തരകൊറിയയിലും ഏകാധിപത്യം നടക്കുമ്പോൾ, കണ്ണൂരിലെ സഖാക്കൾ ഏകാധിപത്യത്തിന്റെ തട്ടുകട നടത്തുകയാണ്. അവർക്ക്

നക്ഷത്ര ഹോട്ടലുകളൊന്നും നടത്താൻ സാധിക്കില്ല. മാർക്സിസവും ലെനിനിസവും എന്താണെന്നുള്ളത് നമുക്ക് ചർച്ചചെയ്യാം. ഇന്ത്യയിൽ ഇരുപത് സംസ്ഥാനവും കേന്ദ്രവും ഭരിക്കുന്നത് ഭാരതീയ ജനതാ പാർട്ടിയാണ്. അത്രയും സ്ഥലം കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്ക് കിട്ടിയാൽ ഈ രാജ്യത്ത് നിയമസഭ നടക്കുമോ; ഒരു സഭയും നടത്താൻ സമ്മതിക്കില്ല. അത്രയും വലിയ ഏകാധിപത്യ പ്രവണതയുടെ വക്താക്കന്മാരാണ്. State will wither away എന്നുപറഞ്ഞിട്ട് wither away ഉണ്ടായില്ല.

പഴുത്തൊരില ഒരു പാഴ്ത്തുവൽ

നിജകൃത്യം നിറവേറ്റിയിട്ടന്യമാകുന്നു,

കൊഴിയുന്നു- എന്ന് ഒ.എൻ.വി. പാടിയിട്ടുണ്ട്. ഇവിടെ കൃത്യം നിറവേറ്റാതെ അന്യമായിപ്പോയ ഒന്നാണ് കമ്മ്യൂണിസം എന്ന യാഥാർത്ഥ്യം അവിസ്മരണീയമായ കാര്യമാണ്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

[2.00 PM]

ശ്രീ. ബി. സത്യൻ : സർ, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഇപ്പോൾ സംസാരിച്ച ഖാദർ സാഹിബ് കുടുംബവാഴ്ചയെക്കുറിച്ചും ഭരണവാഴ്ചയെക്കുറിച്ചും ഒരു ഭാഗം മാത്രം പറഞ്ഞുനിർത്തി. അങ്ങ് രാജഭരണത്തെക്കുറിച്ച് പറഞ്ഞപ്പോൾ നെഹ്റുവിനെയും തുടർഭരണാധികാരികളായി വന്ന ഇന്ദിരാ ഗാന്ധിയെയും രാജീവ് ഗാന്ധിയെയും കുറിച്ച് പറഞ്ഞില്ല. കുടുംബവാഴ്ച വ്യവസ്ഥായികവത്കരിക്കപ്പെട്ടതാണ് തങ്ങൾ കുടുംബം എന്ന കാര്യം അങ്ങ് മറന്നുപോയി.

ശ്രീ. റ്റി. വി. രാജേഷ്: സർ, ശ്രീ പാണക്കാട് പൂക്കോയ തങ്ങൾ, അതിനുശേഷം അദ്ദേഹത്തിന്റെ മകൻ ബഹുമാന്യനായ മുഹമ്മദലി ഷിഹാബ് തങ്ങളും ഇപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ ഹൈദരലി ശിഹാബ് തങ്ങളുമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രസിഡന്റ്. അവിടെ പ്രഗത്ഭരായ ഒരുപാട് പേരുണ്ട്. ഡോ. എം. കെ. മുനീറിന് കഴിവും പ്രാപ്തിയും ഉണ്ടായാലും മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റാകാൻ കഴിയുമോ; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ബി. സത്യൻ: സർ, കഴിവും ശേഷിയുമുള്ള ഖാദർ സാഹിബിന് സ്ഥാനാർത്ഥിയാകാൻ നേരിട്ട പ്രയാസം നമ്മൾ കണ്ടല്ലോ. സാഹിബ് എങ്ങനെയാണ് ഉപതെരഞ്ഞെടുപ്പിൽ വന്നത്? അധികാരമോഹത്തെക്കുറിച്ചും സ്ഥാനങ്ങളെക്കുറിച്ചും

അങ്ങുതന്നെ ഒരു പ്രഭാഷണം നടത്തിയതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പാർലമെന്ററി വ്യവസ്ഥിതിയിൽനിന്ന് അല്പംപോലും മാറി നിൽക്കാൻ അദ്ദേഹത്തിന് വൈരുദ്ധ്യാത്മക ഭൗതികവാദം വായിച്ചപ്പോഴും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിച്ചപ്പോഴും അതിൽനിന്നും ഒന്നും കിട്ടിയില്ല. ചെന്നുകയറിയത് ലീഗിലേയ്ക്കാണ് എന്ന് നമ്മൾ കണ്ടുകഴിഞ്ഞതാണ്. പാർലമെന്ററി വ്യവസ്ഥിതിയിൽനിന്നും മാറാൻ തയ്യാറാകണം. അങ്ങയെപ്പോലെയല്ല ഞങ്ങൾ. കമ്മ്യൂണിസ്റ്റുകാർ അതൊന്നും കണ്ട് വളർന്നവരല്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സഖാവ് നിഷേധത്തിന്റെ നിഷേധ നിയമം പഠിച്ചിട്ടുണ്ടോ; വിപരീതങ്ങളുടെ ഐക്യത്തിന്റെയും സമരത്തിന്റെയും നിയമം പഠിച്ചിട്ടുണ്ടോ; സാമൂഹ്യവികാസ നിയമം പഠിച്ചിട്ടുണ്ടോ; ലെനിന്റെ 'എന്ത് ചെയ്യണം' എന്നുപറയുന്ന പുസ്തകവും ബഹുജനങ്ങൾക്കിടയിലെ 'പാർട്ടി പ്രവർത്തനം' എന്നുപറയുന്ന പുസ്തകവും 'ഇടതുപക്ഷ കമ്മ്യൂണിസം ഒരു ബാലാരിഷ്ടത' എന്ന പുസ്തകവും വായിച്ചാൽ ശ്രീ. ബി. സത്യൻ ഒന്നും പ്രസംഗിക്കില്ല.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട അംഗം കുറച്ചുസമയമായി കമ്മ്യൂണിസം, റഷ്യ, ചൈന, ക്യൂബ എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ അദ്ദേഹം ആവർത്തിച്ച് പറഞ്ഞൊരു വാചകം; മാർക്സ് പറഞ്ഞു, 'ഒരു രാജ്യത്ത് കമ്മ്യൂണിസം വന്നാൽ state will wither away' എന്നാണ് എന്ന്. ഒരു രാജ്യത്ത് കമ്മ്യൂണിസം വന്നാൽ സ്റ്റേറ്റ് കൊഴിഞ്ഞുപോകും എന്ന് അദ്ദേഹം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം ഇടയ്ക്കിടയ്ക്ക് മാർക്സ്, ഏംഗൽസ്, ലെനിൻ എന്നൊക്കെ പറയുമെന്നല്ലാതെ ഒരു പുസ്തകംപോലും വായിച്ചിട്ടില്ലായെന്നുള്ളത് വ്യക്തമാണ്. കാരണം, മാർക്സ് അങ്ങനെ പറഞ്ഞിട്ടില്ല, ഒരു രാജ്യത്ത് മാത്രമായി കമ്മ്യൂണിസം വരികയുമില്ല, കമ്മ്യൂണിസം എന്താണെന്നോ സോഷ്യലിസം എന്താണെന്നോ മനസ്സിലാക്കാൻ കഴിയാത്ത ദൗർഭാഗ്യത്തിൽനിന്ന് ലീഗിൽ ചേക്കേറിയതാണെന്നത് വ്യക്തമായി അങ്ങേയ്ക്ക് ഇപ്പോൾ മനസ്സിലായിട്ടുണ്ടാകുമല്ലോ എന്നാണ് ഞാൻ ചോദിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് രണ്ടുമൂന്ന് തവണ Negation of the Negation എന്നു പറഞ്ഞു, അത് ശരിയാണ്. വൈരുദ്ധ്യാത്മക ഭൗതിക ശാസ്ത്രത്തിലെ പ്രധാനപ്പെട്ട കാര്യമാണ്. അത് മാർക്സ് കണ്ടുപിടിച്ചതല്ല, അതിനെ ആക്ഷേപിക്കുമ്പോൾ മാർക്സിനെയല്ല ശാസ്ത്രത്തെയാണ് ആക്ഷേപിക്കുന്നത്. Positive+ Positive = Repel, Negative+ Negative=Repel, Positive+Negative-= Attract. അതാണ് Negation of the Negation.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, മാർക്സ് കണ്ടുപിടിത്തക്കാരനാണെന്ന് പറഞ്ഞിട്ടില്ല. മാർക്സ് ഹെഗെലിയൻ സിദ്ധാന്തം സ്വീകരിച്ചയാളാണ്. ഇംഗ്ലണ്ടിലെ ധനതത്വശാസ്ത്രം, ജർമ്മനിയിലെ തത്വശാസ്ത്രം, ഫ്രാൻസിലെ സോഷ്യലിസം ഇത് മൂന്നും പരിഷ്കരിച്ചിട്ടാണ് മാർക്സിസമായത്. എന്തെങ്കിലുമൊരു കാര്യം കണ്ടുപിടിച്ചുവെന്ന് മാർക്സും അവകാശപ്പെട്ടിട്ടില്ല. ഈ പറയുന്നതൊക്കെ ശരിയാണ്. മാർക്സ് ആദ്യം യുവ കമ്മ്യൂണിസ്റ്റ് ലീഗായിരുന്നു. അതിന്റെ അർത്ഥം മാർക്സ് ലീഗ് ആണെന്നാണോ?

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഖാദർ സാഹിബ് നിഷേധത്തിന്റെ നിഷേധം ഇവിടെ പ്രയോഗിച്ചതിന്റെ ഉദ്ദേശ്യം നമുക്കെല്ലാവർക്കും പിടികിട്ടാത്തതു കൊണ്ടാണ്. ഉത്തരകൊറിയയുടെ പ്രസിഡന്റുമാരെപോലെ ലീഗിന്റെ സംസ്ഥാന പ്രസിഡന്റുമാർ ആവർത്തിച്ച് വരികയാണ്. അവർ മറ്റുള്ളവരെ നിഷേധിക്കുകയാണ്. അതിനെ നിഷേധിക്കുന്നതാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് മനസ്സിലായിട്ടുണ്ടോ? ഭാവിയിൽ ആ സ്ഥാനത്തേയ്ക്ക് വരണമെന്ന ആഗ്രഹത്തിന്റെ പേരിലാണെന്ന് ഉൾക്കൊള്ളാൻ പറ്റുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ബി. സത്യൻ: സർ, ഖാദർ സാഹിബ് പഠിപ്പിച്ചതിന്റെ ഗുണം ഞങ്ങൾക്കുണ്ടായി. ഡോ. കെ. ടി. ജലീൽ, ശ്രീ. പി. വി. അൻവർ എന്നിവർ ഉൾപ്പെടെയുള്ള സുഹൃത്തുക്കളെ അങ്ങ് പഠിപ്പിച്ച് പ്രാപ്തരാക്കി ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനത്തിന് നൽകിയതിന് പ്രത്യേക നന്ദി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്ന് മന്ത്രിമാരായിരുന്നു. മൂന്ന് മന്ത്രിമാരാൽ പരുവപ്പെടുത്തി, എല്ലും തോലുമാക്കി കരചരണങ്ങളൊക്കെ അറ്റുപോയ സംവിധാന ത്തെയാണ് കുളിപ്പിച്ച് വൃത്തിയാക്കി ഭക്ഷണമൊക്കെ കൊടുത്ത് നല്ല കുട്ടിയാക്കി ഇപ്പോൾ ഏറ്റവും മികച്ച വകുപ്പാക്കി മാറ്റിയത്. സംസ്ഥാനത്ത് മറ്റൊരു വകുപ്പിനും ആർജ്ജിക്കാൻ കഴിയാത്ത നേട്ടങ്ങളുമായി ഇടതുപക്ഷ ജനാധിപത്യ മതേതര ഗവൺമെന്റിന്റെ കീഴിൽ ഏറ്റവും ശക്തിമത്തായ തദ്ദേശസ്വയംഭരണ വകുപ്പുണ്ടെന്ന് കാണിക്കാൻ ഈ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഏകീകൃത സ്വയംഭരണ വകുപ്പ് എന്ന പ്രഖ്യാപനം ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ പ്രഖ്യാപനമായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനെപ്പറ്റി ഒരു തരത്തിലും ആക്ഷേപം പറഞ്ഞിട്ടില്ല. ജലീൽ സാഹിബിനോടുള്ള വിരോധവും ദേഷ്യവും വൈരാഗ്യവും തീർന്നിട്ടില്ലായെ ന്നുള്ളതാണ് ഈ ചർച്ചയിൽ ചില സുഹൃത്തുക്കൾ ഇവിടെ സൂചിപ്പിച്ചത് എന്നല്ലാതെ എങ്ങനെ അതിനെ നിഷേധിക്കാൻ കഴിയും? ഒരു ഏകീകൃത വകുപ്പ്, അതിന്റെ കീഴിൽ വികസന പ്രവർത്തനങ്ങൾ. ജനകീയാസൂത്രണം എന്ന പ്രസ്ഥാനം അതിശക്തമായി നടപ്പിലാക്കുന്നതിനുവേണ്ടി ഈ വകുപ്പിനെ മുന്നോട്ടുകൊണ്ടു

പോയി. ജനകീയാസൂത്രണ പ്രസ്ഥാനം കൂടുതൽ കരുത്തുറ്റതാക്കാൻ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയൊക്കെ നടത്തിയത് നിഷേധിക്കാൻ സാധിക്കുമോ? 2018 ഏപ്രിൽ 1 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം ആരംഭിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഗ്രാമവികസനം, നഗരവികസനം, നഗരകാര്യ വകുപ്പ് ഈ മൂന്ന് സംവിധാനങ്ങളെയും ശാക്തീകരിച്ച് മുന്നോട്ടുകൊണ്ടു പോകുന്നു. ഇതുസംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ കാര്യം ഇവിടെ പറഞ്ഞു. ഈ മൂന്നുവകുപ്പുകളെയും ഏകോപിപ്പിച്ച് ഒരു സെക്രട്ടറിയുടെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടമായി കാണുന്നു. ഈ വകുപ്പിന് കീഴിൽ വരുന്ന ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും കുടുംബശ്രീ എന്ന പ്രസ്ഥാനത്തെ ശാക്തീകരിക്കാനും കഴിഞ്ഞു. 1998-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആവിഷ്കരിച്ചതാണ് കുടുംബശ്രീ. അന്ന് അതിന് കേവലം ചെറിയ തുകകൾ മാത്രമാണ് അനുവദിച്ചിരുന്നതെങ്കിൽ ഇപ്പോൾ കുടുംബശ്രീ ഏറ്റവും വലിയ പ്രസ്ഥാനമായി മാറി. സംസ്ഥാനത്ത് എല്ലാ രാഷ്ട്രീയ കക്ഷിയിൽ പെട്ടവരും എല്ലാ മേഖലയിൽപ്പെട്ടവരും ഇതിന്റെ ഭാഗമായി മാറിയിട്ടുണ്ട്. നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒട്ടനവധി നേട്ടങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീ വഴി നടപ്പിലാക്കാൻ കഴിഞ്ഞു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാനും സ്ത്രീശാക്തീകരണത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കാനും കഴിഞ്ഞു. തെരഞ്ഞെടുപ്പ് അടുത്തുവരുന്ന എ.ഡി.എസ്., സി.ഡി.എസ്., ജില്ലാ മിഷൻ, സംസ്ഥാന അടിസ്ഥാനത്തിലുള്ള ഏകോപനം എന്നിവവഴി കുടുംബശ്രീയെ ശാക്തീകരിക്കാൻ കഴിഞ്ഞു. പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് അയൽക്കൂട്ട സംവിധാനം ശക്തിപ്പെടുത്തി. കുടുംബശ്രീക്ക് സ്കൂൾ, വിവിധ സംരംഭങ്ങൾ, പൊതു സേവന കേന്ദ്രങ്ങൾ, തൊഴിൽ പദ്ധതികൾ തുടങ്ങിയവയെല്ലാം ശാക്തീകരിച്ചെടുക്കാൻ കഴിഞ്ഞു. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് തന്നെ ജെൻഡർ ബഡ്ജാണ്. സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതി, അഗതിരഹിത കേരളം, വൈകല്യമുള്ള കുഞ്ഞുങ്ങൾക്കുള്ള ബഡ്സ് സ്കൂളുകളും അവയ്ക്കാവശ്യമായ സഹായങ്ങളും, സ്ത്രീകൾക്കുവേണ്ടിയുള്ള 'സ്നേഹിത' പദ്ധതി, സ്ത്രീകൾക്കുവേണ്ടി നിർമ്മാണ യൂണിറ്റുകൾ, മൈക്രോ ഫിനാൻസ് യൂണിറ്റ്, കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ചേർന്നുള്ള ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (DDUGKY) തുടങ്ങിയ നിരവധി പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കാനും നേട്ടമുണ്ടാക്കാനും കഴിഞ്ഞു.

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് പറയുന്നത്. എന്നാൽ മാലിന്യ സംസ്കരണവും മാലിന്യം കുമിഞ്ഞുകൂടുന്നതുവഴി സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നതും എപ്പോഴും പ്രയാസമുണ്ടാക്കുന്നുണ്ട്. ശുചിത്വമിഷന്റെ നേതൃത്വത്തിലുള്ള

പദ്ധതികളും നഗരസഭയുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിലുള്ള പദ്ധതികളും സംബന്ധിച്ച് ഇവിടെ ചർച്ചചെയ്തിട്ടുണ്ട്. ലൈഫ് മിഷനെ സംബന്ധിച്ച് വളരെ ക്രിയേറ്റീവായ ചർച്ച ഉണ്ടാകണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുടങ്ങി കിടന്ന ഭവനനിർമ്മാണ പദ്ധതിയാണ് ഇപ്പോൾ പൂർത്തീകരിക്കുന്നത്. 66000-ത്തോളം വീടുകൾ നിർമ്മിക്കുന്നതിന്റെ കണക്ക് ഇവിടെ വിമർശിക്കുകയുണ്ടായി. ആ വീടുകൾ പൂർത്തീകരിക്കണ്ടേ? ഭവന നിർമ്മാണ പദ്ധതിയിൽ 66750 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിക്കുകയാണ്. അതിൽ ഏതാണ്ട് 9448 വീടുകൾ പൂർത്തീകരിച്ചു. ഏതാണ്ട് 51624 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പല ഭവന നിർമ്മാണ പദ്ധതികളും ഏകോപിപ്പിച്ച് ഒരു രാഷ്ട്രീയവുമില്ലാതെ ഒരു മിഷന്റെ കീഴിൽ കൊണ്ടുവരിക എന്നുള്ളതാണ് ലക്ഷ്യം. ഏവരുടെയും ആഗ്രഹമായ ഒരു തുണ്ട് ഭൂമി, ഒരു വീട് എന്നത് യാഥാർത്ഥ്യമാക്കാൻ നടത്തുന്ന വലിയൊരു പരിശ്രമവും യജ്ഞവുമാണിത്. എല്ലാവരുടെയും പിന്തുണയും സഹായവും ഉണ്ടെങ്കിൽ മാത്രമേ ആ പദ്ധതി വിജയിപ്പിച്ചെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ കേന്ദ്രഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ ഇതുമായി ബന്ധിപ്പിക്കുന്നു. പി.എം.എ.വൈ. പദ്ധതിപ്രകാരം 35,000 രൂപയാണ് ഭവന നിർമ്മാണത്തിന് കൊടുത്തുകൊണ്ടിരുന്നത്. അത് 4 ലക്ഷം രൂപവരെയാക്കി വർദ്ധിപ്പിച്ച് നൽകാനുള്ള ഇച്ഛാശക്തി കാണിച്ച ഗവൺമെന്റാണിത്.

ഹരിത കേരളം മിഷനെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തതാണ്. നമ്മുടെ സംസ്ഥാനം വീണ്ടും കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. കേരളം കഴിഞ്ഞ വർഷത്തെക്കാൾ വലിയൊരു വരൾച്ചയിലേക്ക് വരികയാണ്. ആറുകൾ വറ്റിത്തുടങ്ങി, കുടിവെള്ളം കിട്ടാക്കനിയായി മാറുകയാണ്. ഇത് മറികടക്കാൻ ഹരിത കേരളം മിഷനുമായി ചേർന്നുള്ള വിവിധ കർമ്മ പരിപാടികൾ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി കുടിവെള്ള പ്രശ്നം ഉൾപ്പെടെ പരിഹരിക്കാൻ കഴിയും.

പൊതുശ്മശാനങ്ങളില്ലാത്തതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. ഒരു മൃതദേഹം മറവ് ചെയ്യാനുള്ള സൗകര്യം പോലുമില്ലാത്ത കുടുംബങ്ങളും വീടുകളും നമ്മുടെ പഞ്ചായത്തുകളിലും നഗരസഭകളിലുമുണ്ട്. അതിനൊരു പരിഹാരമാണ് പൊതുശ്മശാനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, മാലിന്യം നിർമ്മാർജ്ജനം ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങളാണ്. മാൻഹോൾ വൃത്തിയാക്കാനിറങ്ങിയ എത്രയോ ആളുകൾ മരണപ്പെട്ട വാർത്ത നമ്മൾ കേട്ടിരുന്നു. ഈ അടുത്തകാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ ഏതാനും ചെറുപ്പക്കാർ ചേർന്ന് റോബോട്ടുകളുണ്ടാക്കി. സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി അതിന്റെ സേവനം പ്രയോജന പ്പെടുത്താൻ കഴിഞ്ഞത് വലിയൊരു നേട്ടമായി കാണുന്നു. ആ നിലയിൽ

തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന സഹായവും അവയ്ക്ക് ലഭിക്കുന്ന അധികാരവും പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ ശാക്തീകരിക്കാൻ കഴിയത്തക്ക നിലയിലുള്ള കർമ്മപരിപാടികളുമായി മുന്നോട്ടു പോകുന്നു.

പഞ്ചായത്തുകളിൽ സെക്രട്ടറി, ഓവർസിയർ, എ.ഇ. തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ നികത്തി നിയമനം നടത്താൻ ഈ കാലയളവിൽ കഴിഞ്ഞു എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പ്രഖ്യാപിക്കപ്പെട്ടവയിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് വിശപ്പുരഹിത കേരളം.

നമ്മൾ ഒരിക്കലും പ്രതീക്ഷിക്കാതെ, തീരദേശത്ത് വന്നതാണ് ഓഖി ദുരന്തം. ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങളെ സഹായിക്കാനുള്ള ഒരു പദ്ധതി കൊണ്ടു വരാൻ ഗവൺമെന്റിന് കഴിഞ്ഞു. അങ്ങനെ ഏതു രൂപത്തിൽ നോക്കിയാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കാനും അതുവഴി നമ്മുടെ നാട്ടിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, പാവപ്പെട്ടവർ, സാധാരണക്കാർ എന്നിവരുടെ ജീവിത പ്രശ്നങ്ങളിൽ ഇടപെടാനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയത്തക്കരീതിയിൽ വളരെ ക്രിയാത്മകമായ പദ്ധതികളുമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുന്നോട്ടുപോകുന്നു. ആ തദ്ദേശഭരണ വകുപ്പിന്റെ ഭാഗമായി ഇവിടെ സമർപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നു, സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസംഗത്തിൽ മികവ് കാണിക്കാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഭരണത്തിലുള്ള മികവ് പലപ്പോഴും പുറത്തേക്ക് വരുന്നില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നമ്മുടെ സംസ്ഥാനത്ത് 6 കോർപ്പറേഷനുകളും 87 നഗരസഭകളും 967 പഞ്ചായത്തുകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വളരെ ദയനീയമായൊരു സാഹചര്യമാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നതെന്ന് 6-3-2018-ലെ 1331-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 85% പദ്ധതിവിഹിതം ചെലവഴിക്കേണ്ട സ്ഥാനത്ത് ദയനീയമായ പ്രകടനമാണ് കാഴ്ചവച്ചിരിക്കുന്നത്. അതായത്, 54 ശതമാനത്തിൽ താഴെയാണ് ചെലവഴിക്കാൻ കഴിഞ്ഞിരിക്കുന്നത്. ഇനി കുറച്ചുദിവസം മാത്രമേ ബാക്കിയുള്ളൂ. ജില്ലാ പഞ്ചായത്ത് 37.47 ശതമാനവും കോർപ്പറേഷനുകൾ 45.49 ശതമാനവും നഗരസഭകൾ 51.02 ശതമാനവും ബ്ലോക്ക് പഞ്ചായത്ത് 56.59 ശതമാനവും ഗ്രാമപഞ്ചായത്ത് 61.38 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അത് നമ്മുടെ പദ്ധതി നടത്തിപ്പിനെ സാരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതോടൊപ്പംതന്നെ

ജി.എസ്.ടി. വന്നപ്പോൾ പരസ്യ വിനോദ നികുതി നഷ്ടമായി. അത് അടിയന്തരമായി തിരിച്ചുകൊണ്ടുവരാനുള്ള നടപടിയുണ്ടാകണം. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റാണ് 8848-ഓളം സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നത്. ഏകദേശം ആയിരത്തി അഞ്ഞൂറോളം വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്രമക്കേടുകളുണ്ട്. ഫലപ്രദമായി ഓഡിറ്റ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന് ഇതെല്ലാംകൂടി വഹിച്ചുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നാണ് എന്റെ അഭിപ്രായം.

വികസന അതോറിറ്റികൾ നോക്കുകുത്തികളായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അവ ആവശ്യമുണ്ടോയെന്ന് ഗൗരവതരമായി ആലോചിക്കണം. അതുപോലെതന്നെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് പാർക്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള പ്ലാൻ പാസ്സാക്കിയിട്ട് അവയൊന്നുമില്ലാതെ നഗരങ്ങളിൽ കെട്ടിടങ്ങൾ പണിയുന്നത്. അത്തരം കാര്യങ്ങൾ ഗൗരവതരമായി വിലയിരുത്തേണ്ടതാണ്. വളർന്നുവരുന്ന നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് അനിവാര്യമാണ്; അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 660 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നികുതി ഈടാക്കേണ്ടെന്ന തീരുമാനം കോർപ്പറേഷനുകളുടെയും നഗര സഭകളുടെയും വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പുന:പരിശോധിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ശാസ്ത്രീയമായി നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കാനുള്ള നടപടിയുണ്ടാകണം. പത്തുമുപ്പത് വർഷം മുമ്പുള്ള ഗ്രേഡാണ് ഇപ്പോഴും നിലനിൽക്കുന്നത്. എന്റെ നിയോജമണ്ഡലത്തിലെ തൃക്കാക്കര മുനിസിപ്പാലിറ്റി കേരളത്തിലെ ഏറ്റവും വലിയ മുനിസിപ്പാലിറ്റിയാണ്. അവിടെ ആവശ്യത്തിന് സ്റ്റാഫില്ല, നികുതി പിരിക്കുന്നതിന് സംവിധാനമില്ല. ഗ്രേഡ് ഉയർത്താനുള്ള നടപടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ശുചിത്വ മിഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ തയ്യാറാകണം. സ്വച്ഛ് ഭാരത് അഭിയാൻ നടത്തിയ രാജ്യാന്തര സർവ്വേ പ്രകാരം കേരളത്തിൽ ഒരൊറ്റ വൃത്തിയുള്ള നഗരംപോലുമില്ല എന്നുള്ളത് നമ്മെയെല്ലാം ദുഃഖിപ്പിക്കുന്ന കാര്യമാണ്. കോഴിക്കോട് ജില്ലയ്ക്ക് 254-ാം സ്ഥാനം കിട്ടിയെന്നതാണ് ആകെയുണ്ടായ നേട്ടം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വൃത്തിയുള്ള അറവുശാലകൾ പണിയുന്നതിനുള്ള ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുക്കണം.

കുടുംബശ്രീയുടെ ഫണ്ട് പ്രത്യേകിച്ച്, പി.എം.എ.വൈ.-യുടെ ഭാഗമായ ക്രെഡിറ്റ് ലിങ്ക് സബ്സിഡി നവ ലിബറൽ ബാങ്കുകൾക്ക് വിട്ടുകൊടുത്തത് എന്ത് പുരോഗമന നടപടിയാണെന്ന് വ്യക്തമാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന്

അഭ്യർത്ഥിക്കുകയാണ്. ഭരണഘടനാ ഭേദഗതി അനുസരിച്ച് പ്രാദേശിക സർക്കാരു കളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന നിരവധി ഉദാഹരണങ്ങൾ എന്റെ സ്നേഹിതൻ ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള ഇൻവെസ്റ്റ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ ബില്ലിലെ കൗൺസിലിന്റെ/കമ്മിറ്റിയുടെ അധികാരം സെക്രട്ടറിക്ക് കൈമാറാനുള്ള നീക്കം വളരെ ഉത്കണ്ഠാജനകമാണ്. ആ നടപടി അവസാനിപ്പിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ വളർന്നുവരുന്ന നഗരങ്ങൾക്കായി സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കി, വരുന്ന 19 വർഷത്തെ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ മുന്നോട്ടുനയിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. ഇന്ന് പഞ്ചായത്ത്/നഗരസഭകളിൽ പൊതു സ്ഥലങ്ങളുടെ അഭാവമുണ്ട്. അക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം.

ന്യൂനപക്ഷങ്ങളുടെ സംരക്ഷകർ തങ്ങളാണെന്ന ഇടതുപക്ഷ സ്നേഹിതന്മാരുടെ അഭിപ്രായങ്ങൾ ഞാൻ ഇപ്രാവശ്യം സഭയിൽ വന്നതിനുശേഷം നിരന്തരമായി കേൾക്കുന്നൊരു കാര്യമാണ്. മുസ്ലീം സമുദായത്തിന്റെ സംരക്ഷകരാണ് തങ്ങളെന്ന സി.പി.ഐ.(എം)-ന്റെ അവകാശവാദം കോഴിയെ സംരക്ഷിക്കുന്നത് താനാണെന്ന കുറുക്കന്റെ വാദംപോലെ അർത്ഥശൂന്യമാണ്. സി.പി.ഐ.(എം)-ന്റെ ചരിത്രത്തിൽ ഇതുവരെ മുസ്ലീം സമുദായത്തിന്റെ സംരക്ഷണം ഒരു അജണ്ടയായിട്ടുപോലും ഉണ്ടായിരുന്നില്ല. ആദ്യത്തെ ഇ.എം.എസ്. സർക്കാർ മുതലുള്ള ചരിത്രം അതു തന്നെയാണ്. ശരീ അത്തിന് എതിരെ ആദ്യം വെല്ലുവിളി ഉയർത്തിയത് സംഘ പരിവാറോ ശ്രീ. നരേന്ദ്ര മോഡിയോ ആയിരുന്നില്ല ഇ.എം.എസ്. ആയിരുന്നുവെന്ന് എല്ലാവർക്കും അറിയാം. ശരീ അത്തിനെ മുസ്ലീംങ്ങൾ തള്ളിപറയണമെന്ന ഇ.എം.എസ്.-ന്റെ ആവശ്യവും ശരീ അത്തിനെ തള്ളിപ്പറയാൻ തയ്യാറാകാത്ത അഖിലേന്ത്യാ മുസ്ലീം ലീഗിന് ആ മുന്നണി വിട്ടുപോകേണ്ടിവന്ന സാഹചര്യവുമൊക്കെ ഈ നാട്ടിലെ എല്ലാവർക്കും അറിയാവുന്നതാണ്. ഇ.എം.എസ്.-ഉം സി.പി.ഐ.(എം.)-ഉം ഉയർത്തിവിട്ട മുസ്ലീംവിരുദ്ധ പ്രചരണം പിന്നീട് സംഘപരിവാർ ഏറ്റെടുക്കുകയാണുണ്ടായത്. ഇ.എം.എസ്.-ഉം സി.പി.ഐ.(എം.)-ഉം നടത്തിയ പ്രവർത്തനം പിന്നീട് ഇന്ത്യ മുഴുവൻ മുസ്ലീംവിരുദ്ധ പ്രചരണമായി മാറിയപ്പോഴാണ് സംഘപരിവാർ മുന്നോട്ടുവന്നതെന്ന് കാണാൻ കഴിയുന്നതാണ്. കോൺഗ്രസ്സിനെ ഭരണത്തിൽനിന്നും പുറത്താക്കാൻ ബി.ജെ.പി.യും സി.പി.ഐ.(എം.)-ഉം വി.പി. സിംഗ് സർക്കാരിനെ പിന്തുണച്ചു. ബി.ജെ.പി.-യെ കൂട്ടുപിടിച്ച് വി.പി. സിംഗിനെ മുന്നിൽ നിർത്തി നടത്തിയ കള്ളക്കളി അതുവരെ രണ്ട് സീറ്റുണ്ടായിരുന്ന ബി.ജെ.പി.ക്ക് 89 സീറ്റിലേയ്ക്ക് കടന്നുവരാൻ അവസരമുണ്ടാക്കി. ജ്യോതിബസുവിനെ പ്രധാനമന്ത്രിയാക്കാമെന്ന് പറഞ്ഞിട്ടുപോലും കേൾക്കാതെ വി.പി.സിംഗിന്റെ

പിന്നാലെപോയ സ്നേഹിതന്മാരാണ് 2019-ൽ വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും ബി.ജെ.പി.യും കോൺഗ്രസ്സും തുല്യ ശത്രുക്കളാണെന്ന് പറയുന്ന രാഷ്ട്രീയവുമായി നടക്കുന്നത്. ബി.ജെ.പി.യെയും കോൺഗ്രസ്സിനെയും ഒരുപോലെ മുഖ്യശത്രുവായി കാണണമെന്ന ശ്രീ. പിണറായി വിജയന്റെയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും സംഘപരിവാർ ലൈനിനു പിന്നിൽ വലിയൊരു അജണ്ടയുണ്ട്. ശ്രീ. പ്രകാശ് കാരാട്ട് അത് പറയുന്നതിന് പിന്നിൽ എൻ.ഡി.ടി.വി.യുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കുന്നുവെന്ന ഗുരുതരമായ വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. മുസ്ലീം ലീഗ് ഉൾപ്പെടെ മുസ്ലീം സമുദായത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളെ ആക്രമിക്കുകയെന്നത് സിപി.ഐ.(എം.)-ന്റെ നയമാണ്. മുസ്ലീം ന്യൂനപക്ഷത്തിൽനിന്നും ആരെങ്കിലും സാമ്പത്തികമായോ സാമൂഹികമായോ ഉയർന്നു വന്നാൽ അവരെ തകർക്കുകയെന്നുള്ളത് ഒരു പരിപാടിയായി അംഗീകരിച്ചിട്ടുണ്ട്. നാദാപുരത്ത് നടന്നുകൊണ്ടിരുന്ന കലാപങ്ങൾ തെളിയിക്കുന്നത് അതാണ്. ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട അന്വേഷണ ഏജൻസിയായ ഡെമോക്രസി ആന്റ് കമ്മ്യൂണൽ അമെനിറ്റി എന്നുപറയുന്ന സംഘടന ഇക്കാര്യങ്ങളെപ്പറ്റി വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഗൗരവതരമായി വിലയിരുത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തലശ്ശേരി കലാപ കാലത്ത് കുഞ്ഞിരാമൻ എന്നുപറയുന്ന ഞങ്ങളുടെ സഖാവ് മുസ്ലീം പള്ളി സംരക്ഷിക്കാനുള്ള ശ്രമത്തിൽ കൊലചെയ്യപ്പെട്ടുവെന്ന് ഇടതുപക്ഷത്തെ ഏഴ് അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. 1971 ഡിസംബർ 28 മുതൽ 31 വരെയാണ് തലശ്ശേരി കലാപം നടന്നത്. അതിനെപ്പറ്റി ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷന്റെ അന്വേഷണ റിപ്പോർട്ടുമുണ്ട്. ആ സംഭവം നടന്ന് അഞ്ച് ദിവസം കഴിഞ്ഞ് ജനുവരി 5-നാണ് കുഞ്ഞിരാമൻ മരിക്കുന്നത്. 525 എഫ്.ഐ.ആർ. ജസ്റ്റിസ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിലുണ്ട്. അതിൽ കുഞ്ഞിരാമന്റെ മരണം രേഖപ്പെടുത്തിയിട്ടില്ല. ....(ബഹളം).... ഇപ്പോഴത്തെ മുഖ്യമന്ത്രി ബഹുമാന്യനായ പിണറായി വിജയൻ ഈ സഭയിൽ നടത്തിയ പ്രസംഗമുണ്ട്. അതിൽ കുഞ്ഞിരാമന്റെ പേര് പറഞ്ഞിട്ടില്ല. മുസ്ലീം പള്ളി സംരക്ഷിക്കാൻവേണ്ടി കുഞ്ഞിരാമൻ രക്തസാക്ഷിയായെന്ന കള്ളക്കഥ പ്രചരിപ്പിച്ച് പാവപ്പെട്ട മുസ്ലീങ്ങളെ കബളിപ്പിക്കാനുള്ള ശ്രമമാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. കള്ളുഷാപ്പിൽ നടന്ന അടിപിടിയിലാണ് കുഞ്ഞിരാമൻ മരിക്കുന്നത്. അതും ജനുവരി 5-നാണ്. ... (ബഹളം)... എനിക്ക് സംരക്ഷണം തരണം.

<u>മി. സ്പീക്കർ</u>: പ്ലീസ്,..... ഇരിക്കു, നിങ്ങൾ ഇരിക്കു...., അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ 1972 ഫെബ്രുവരി 22-ന് ഈ സഭയിൽ നടത്തിയൊരു പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. അതിൽ കുഞ്ഞിരാമൻ മരണപ്പെട്ടതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയിട്ടില്ല. 17 മുസ്ലീം പള്ളികൾ തകർന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമുള്ള പ്രദേശത്താണെന്ന വസ്തുത അറിയണം. ഇവരുടെ മുസ്ലീം പ്രേമം കാപട്യമാണ്. ആ മുസ്ലീം പ്രേമം വീതിച്ചെടുക്കാൻ കഴിയുന്ന ഒന്നല്ല. ... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്,..... ഇരിക്കൂ, നിങ്ങൾ ഇരിക്കൂ...., അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. സി. കെ. നാണു: സർ, ഇന്ദിരാഗാന്ധി മരിച്ചതിനുശേഷമുള്ള തെരഞ്ഞെടുപ്പിലാണ് രണ്ട് സീറ്റിലേയ്ക്ക് ബി.ജെ.പി. വന്നതെന്ന വസ്തുത അറിയാമോ?

ശ്രീ. പി. ടി. തോമസ്: സർ, നാണുവേട്ടൻ വളരെ ഉന്നതനായ ഞങ്ങളുടെ പഴയ കെ.എസ്.യു. യൂത്ത് കോൺഗ്രസ് നേതാവാണ്. നാണുവേട്ടന്റെ പഴയ സംഘടനാ കോൺഗ്രസ് പാരമ്പര്യമുൾപ്പെടെ ഞങ്ങൾ ബഹുമാനിക്കുന്നു.

മി. സ്പീക്കർ: അങ്ങ്, അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഒരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. തലശ്ശേരി കലാപത്തിന്റെ നേതൃത്വം ആരുടേതെന്ന് ഇവിടെ ഇരിക്കുന്ന സി.പി.ഐ.(എം.)-ന്റെ സ്നേഹിതന്മാർ പറയണം. അതുസംബന്ധിച്ച് ശ്രീ. പിണറായി വിജയൻ മറുപടി പറയുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. എത്ര ക്രൂരമായ ഹൃദയമുണ്ടെങ്കിലും ഒരു രക്തസാക്ഷി കള്ളുകുടിച്ച് ഷാപ്പിൽ കിടന്ന് മരിച്ചുവെന്ന് പറയുന്നതിന് തെളിവ് വേണം. ഇത് ഗൗരവമുള്ള കാര്യമാണ്. ബഹുമാനപ്പെട്ട സ്പീക്കർ ബന്ധപ്പെട്ട റിപ്പോർട്ട് പരിശോധിച്ച് കള്ള് കുടിച്ചാണോ മരിച്ചതെന്ന് സഭയിൽ വ്യക്തമാക്കണം. അങ്ങനെയാണെങ്കിൽ മഹാത്മാഗാന്ധി കൊതുക് കടിച്ചാണ് മരിച്ചതെന്ന് നാളെ ശ്രീ. പി. ടി. തോമസ് പറയുമോ?

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസിന്റെ പരാമർശം സംബന്ധിച്ച റിപ്പോർട്ട് പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതുപോലെ കള്ളുകുടിച്ചു മരിച്ചുവെന്ന് ഞാൻ പറഞ്ഞിട്ടില്ല. കള്ള് ഷാപ്പിലുണ്ടായ അടിപിടിയെത്തുടർന്നാണ് കുഞ്ഞിരാമൻ മരിച്ചതെന്നാണ് ഞാൻ പറഞ്ഞത്. ആ

സംഭവവുമായി ബന്ധപ്പെട്ട് ആർ.കെ. ബാലകൃഷ്ണൻ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. .....(ബഹളം)..... ജനസംഘവും കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളും കൈകോർത്ത് പിടിച്ചാണ് തലശ്ശേരിയിൽ സമരം നടത്തിയതെന്നും മാടൻകോട് രഘുവെന്ന് പറയുന്ന, കലാപത്തിന് നേതൃത്വം നൽകിയ സി.പി.ഐ. (എം)-കാരൻ പിന്നീട് ആർ.എസ്.എസ്.-ൽ ചേർന്നുവെന്നതും ചരിത്രത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പതിനാല് പേരാണ് ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയിലുണ്ടായ ക്രിയാത്മകമായ നിർദ്ദേശങ്ങളും രചനാത്മകമായ വിമർശനങ്ങളും മുഖവിലയ്ക്കെടുത്ത് സർക്കാർ മുന്നോട്ടുപോകും. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഒരു പുതിയ യുഗത്തിന് എൽ.ഡി.എഫ്. സർക്കാർ സമാരംഭം കുറിച്ചിരിക്കുകയാണ്. നടപ്പ് സാമ്പത്തികവർഷം ജൂൺ 15-ന് മുമ്പ് 1150 തദ്ദേശസ്ഥാപനങ്ങളും അവരുടെ പദ്ധതികൾ രൂപീകരിച്ച് ഡി.പി.സി.യുടെ അംഗീകാരം വാങ്ങി. ഇവിടെ ചില ആളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരില്ലാത്തതിനെക്കുറിച്ച് പറഞ്ഞു. അത് യാഥാർത്ഥ്യമായിരുന്നുവെങ്കിൽ ഈ സാമ്പത്തികവർഷം ജൂൺ 15-നുമുമ്പ് പദ്ധതികൾ മുഴുവൻ രൂപീകരിച്ച് ഡി.പി.സി.യിൽ നിന്ന് അംഗീകാരം വാങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുമായിരുന്നില്ല. ഒൻപത് മാസം പദ്ധതി രൂപീകരണവും മൂന്ന് മാസം പദ്ധതി നിർവ്വഹണവും എന്ന പരമ്പരാഗത രീതി മാറി മൂന്ന് മാസം പദ്ധതി രൂപീകരണവും ഒൻപത് മാസം പദ്ധതി നിർവ്വഹണവും എന്ന ഒരു പുതിയ കാലത്തിലേയ്ക്കാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവേശിച്ചിരിക്കുന്നത്. ഇതൊരു നാഴികക്കല്ലാണ്. പദ്ധതി രൂപീകരണത്തിലെ വേഗത നിർവ്വഹണത്തിൽ പുലർത്താൻ പ്രതീക്ഷിച്ചതുപോലെ സാധിച്ചിട്ടില്ല എന്നുള്ള വിമർശനം ഒരുപരിധിവരെ ഞാൻ അംഗീകരിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കിയ ആദ്യ വർഷമെന്ന നിലയിൽ സംസ്ഥാനം നേരിട്ട സാമ്പത്തികമാന്ദ്യം, കോൺട്രാക്ടർമാരുടെ സമരം, ക്വാറികളുടെ സ്തംഭനാവസ്ഥയെ തുടർന്ന് സംജാതമായ മെറ്റീരിയൽസിന്റെ അഭാവം ഇങ്ങനെ പല പ്രതിബന്ധങ്ങളും പദ്ധതി നിർവ്വഹണത്തിന് വെല്ലുവിളിയായിരുന്നു. എന്നാൽപ്പോലും അഞ്ച് മുൻവർഷങ്ങളെ അപേക്ഷിച്ച് മാർച്ച് 9-വരെ മികച്ച എക്സ്പെന്റിച്ചർ രേഖപ്പെടുത്താനായത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ സാമ്പത്തികവർഷം അവസാനിക്കാൻ 19 ദിവസം ബാക്കി നിൽക്കെ, പദ്ധതി ചെലവ് 59.73 ശതമാനമാണ്. ഇതൊരു സർവ്വകാല റെക്കോർഡാണ്. ട്രഷറികളിൽനിന്നും മാറിക്കിട്ടാനുള്ള 336 കോടി രൂപയും കൂടിയാകുമ്പോൾ ഈ വർഷത്തെ പദ്ധതി ചെലവ് 64.10 ശതമാനമാണ്. 2014-15-ൽ

ഈ കാലയളവിലെ പദ്ധതി ചെലവ് 50.75 ശതമാനവും 2015-16-ൽ 56.7 ശതമാനവും 2016-17-ൽ 34.23 ശതമാനവുമായിരുന്നു. ഒരു സർക്കാർ അല്ലെങ്കിൽ ഒരു മന്ത്രി, ശരിയാംവിധമാണോ വകുപ്പ് കൈകാര്യം ചെയ്യുന്നുവോയെന്ന് പരിശോധിക്കാൻ ഇത്തരം മാനദണ്ഡങ്ങളാണ് സ്വീകരിക്കേണ്ടത്. അല്ലാതെ കുടുംബമഹിമയും കയ്യിലിരിക്കുന്ന കാശിന്റെ ഊക്കവും മാനദണ്ഡങ്ങളായി നിശ്ചയിച്ചാൽ ഒരുപക്ഷേ വകുപ്പിന് ഞാൻ അപമാനം വരുത്തുന്നുവെന്ന് അപ്പുറത്തിരിക്കുന്നവർക്ക് പറയാം. അതാണ് അയോഗ്യതയെങ്കിൽ, അപമാനമെങ്കിൽ, ഞാൻ തീർച്ചയായും അത് അംഗീകരിക്കുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ നികുതി പിരിവിന്റെ കാര്യത്തിലും മെച്ചപ്പെട്ട പ്രകടനമാണ് ഈ വർഷം കാഴ്ചവയ്ക്കാനായത്. മാർച്ച് 9-വരെ പിരിച്ചെടുക്കാനായ നികുതിയെപ്പറ്റി പറയാം. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഫെബ്രുവരി 28 വരെ 69 ശതമാനം പ്രോപ്പർട്ടി ടാക്സ് പിരിച്ചെടുത്തുകഴിഞ്ഞു. കഴിഞ്ഞ വർഷം മൊത്തം 74 ശതമാനമാണ് പിരിച്ചെടുത്തത്. ഇനിയും രണ്ടുമൂന്ന് ആഴ്ചകൾ ബാക്കി നിൽക്കെയാണ് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിന്ന് 69 ശതമാനം പ്രോപ്പർട്ടി ടാക്സ് പിരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നികുതി വരുമാനം മുൻവർഷത്തേതിനെക്കാൾ ഈ വർഷം തീർച്ചയായും വർദ്ധിപ്പിക്കാനാകും. പഞ്ചായത്തുകളിൽ മാർച്ച് 12 വരെ 66.59 ശതമാനം പ്രോപ്പർട്ടി ടാക്സ് പിരിച്ചെടുത്തു. 2016-17 സാമ്പത്തിക വർഷത്തിൽ 56 ശതമാനവും 2015-16-ൽ 40.76 ശതമാനവും 2014-15-ൽ 51.24 ശതമാനവും പ്രോപ്പർട്ടി ടാക്സാണ് പഞ്ചായത്തുകളിൽനിന്ന് പിരിച്ചെടുക്കാൻ സാധിച്ചത്. ഇനിയും 19 ദിവസം ബാക്കിനിൽക്കെ പഞ്ചായത്തുകളിൽ പ്രോപ്പർട്ടി ടാക്സ് കളക്ഷൻ 66.59 ശതമാനത്തിലെത്തിയിരിക്കുകയാണ്. ഈ വർഷം ടാക്സ് കളക്ഷൻ 85 ശതമാനത്തിനപ്പുറത്തെത്തും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട.

ഇക്കഴിഞ്ഞ ഇരുപത് മാസങ്ങൾക്കുള്ളിൽ ഗ്രാമവികസന വകുപ്പിൽ 889 തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നൽകി. ഇതിൽ 749 എണ്ണവും വി.ഇ.ഒ.മാരാണ്. വകുപ്പുതല പരിശീലനം പൂർത്തിയാക്കി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരെ വിന്യസിക്കുകയും 437 സ്ഥാനക്കയറ്റങ്ങൾ നൽകുകയും ചെയ്തു. മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1153 സ്ഥാനക്കയറ്റങ്ങൾ നൽകുകയും 657 തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്തു. 142 ആശ്രിത നിയമനം നടത്താനായത് അർബൻ ഡിപ്പാർട്ട്മെന്റിന്റെ ചരിത്രത്തിൽ തന്നെ സുപ്രധാനമായൊരു അധ്യായമാണ്. മുൻകാലങ്ങളിലൊന്നും ഇത്രയും ചുരുങ്ങിയ കാലയളവിൽ ഇത്രമാത്രം ആശ്രിത നിയമനം നടത്താൻ സാധിച്ചിട്ടില്ല. 1494 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞതും ചാരിതാർത്ഥ്യജനകമാണ്. ബാക്കിയുള്ള നിയമനങ്ങൾ മാർച്ച് 31-ന് മുമ്പ് പി.എസ്.സി. മുഖേന നടത്തും.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് വകുപ്പിൽ 448 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ആയിരത്തിലധികം തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്തു. 131 പുതിയ വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. മാർച്ച് 31-നകം ആ നിയമനങ്ങളും നടത്താനാകും. സീനിയർ ക്ലാർക്ക് മുതൽ ജോയിന്റ് ഡയറക്ടർവരെയുള്ള 2948 തസ്തികകളിൽ പ്രൊമോഷൻവഴി നിയമനം നൽകാൻ സാധിച്ചിട്ടുണ്ട്. ഈ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകളിലേയ്ക്കുള്ള പ്രൊമോഷൻ പട്ടികയടക്കം ഇതിനകം തയ്യാറായിട്ടുണ്ട്.

സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് മാലിന്യക്കൂമ്പാരങ്ങളിൽനിന്ന് കേരളത്തിന് വലിയ അളവോളം മുക്തി നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പ്ലാസ്റ്റിക് ആണ് മാലിന്യങ്ങളിലെ വില്ലൻ. ഹരിത കേരള മിഷന്റെ ഭാഗമായി പ്ലാസ്റ്റിക് സംസ്കരണ പ്ലാന്റുകൾ വ്യാപകമായി സ്ഥാപിക്കാൻ തീരുമാനിക്കുകയും ഓരോ ബ്ലോക്കിലും നഗരസഭാ തലങ്ങളിലും ഓരോ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ ആരംഭിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. അതനുസരിച്ച് 84 ബ്ലോക്കുകളിലും 62 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലുമായി 158 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ക്ലീൻകേരള കമ്പനിയുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും 49 എണ്ണം യാഥാർത്ഥ്യമാക്കുകയും ചെയ്തു. 73 എണ്ണം മെയ് മാസത്തോടെ പ്രവർത്തനക്ഷമമാകും. മുൻകാലങ്ങളിലെന്നപോലെ ഇപ്പോൾ പ്ലാസ്റ്റിക് വേസ്റ്റുകൾ കുടിക്കിടക്കുന്നില്ലായെന്ന് കേരളത്തിന്റെ ഒരറ്റത്തുനിന്നും മറ്റൊരറ്റത്തേയ്ക്ക് സഞ്ചരിക്കുന്ന ആർക്കും മനസ്സിലാക്കാൻ സാധിക്കും. അത് ഒരു സുപ്രഭാതത്തിൽ അപ്രത്യക്ഷമായതല്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ മുഖേന പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് നുറുക്കിയെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതുകൊണ്ടാണ്. തദ്ദേശ സ്ഥാപനങ്ങളുടെ 20 ശതമാനത്തിൽ കുറയാത്ത റോഡുകൾ ഷ്രെഡഡ് പ്ലാസ്റ്റിക്കുകൊണ്ട് പൂർത്തിയാക്കണമെന്ന വ്യക്തമായ നിർദ്ദേശം തദ്ദേശ ഭരണവകുപ്പ് നൽകിയിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെടുന്നത് കേരളത്തിന് നൽകുന്ന ആശ്വാസം ചെറുതല്ല. ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ കോർപ്പറേഷനുകളിലും ജില്ലാ ആസ്ഥാന മുനിസിപ്പാലിറ്റികളിലും സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിക്കുകയും പൈലറ്റ് പ്രോജക്ട് സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയിൽ പൂർത്തിയായി വരികയുമാണ്. സർക്കാരിന്റെ രണ്ടാം വാർഷിക ദിനത്തിൽ അത് നാടിന് സമർപ്പിക്കും. കൊച്ചി ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിരുന്ന തടസ്സങ്ങളെല്ലാം നീക്കപ്പെട്ടുകഴിഞ്ഞു. അതിന്റെ പ്രവൃത്തി മേയ് മാസത്തിൽ ആരംഭിക്കാനാകും. മറ്റ് കോർപ്പറേഷനുകളിലും ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലരും മുന്നോട്ടു വന്നിട്ടുണ്ട്. അക്കാര്യത്തിൽ ഉടൻതന്നെ തീരുമാനമെടുക്കുന്നതാണ്.

സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും Ease of Doing Business-ന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ ബിൽഡിംഗ് പെർമിറ്റ്, ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ രൂപീകരണം അന്തിമഘട്ടത്തിലാണ്. അത് സാദ്ധ്യമാകുന്നതിലൂടെ CRZ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എയർപോർട്ട് അതോറിറ്റി, റെയിൽവേ, സി.റ്റി.പി. എന്നിവയുടെ എൻ.ഒ.സി.കൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ഏപ്രിൽ മാസത്തോടുകൂടി പൈലറ്റ് പ്രോജക്ടായി ഇത് 8 അമൃത് സിറ്റികളിൽ നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. 5 വകുപ്പുകൾ ഇനി വിഭജിക്കാനാകാത്തവിധം ഇന്റഗ്രേറ്റ് ചെയ്യപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതിന്റെ പ്രഥമഘട്ടമെന്ന നിലയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് മൊത്തമായി ഒരു പ്രിൻസിപ്പൽ ഡയറക്ടറെ ഇതിനകം നിയമിച്ചുകഴിഞ്ഞു. ജില്ലാ പദ്ധതികൾ എന്ന നവീന ആശയം കേരളത്തിൽ നടപ്പിലാക്കുകയാണ്. പുഴകളും തോടുകളും വലിയ ജലസ്രോതസ്സുകളും സംരക്ഷിക്കപ്പെടുന്ന സ്ഥിതി ഇനി മുതൽ നാട്ടിലുണ്ടാകും. വികസനത്തിന് ഒരു ജില്ലാ കാഴ്ചപ്പാട് രൂപപ്പെട്ടുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിവരുന്നുണ്ട്.

ബഹുമാന്യനായ കെ. സി. ജോസഫ് ഇവിടെ ചില കാര്യങ്ങൾ പരാമർശി ക്കുകയുണ്ടായി. ഒന്നും രണ്ടും ഘട്ടങ്ങളിൽ പി.എം.ജി.എസ്. വൈ.ൽ നമുക്ക് ലഭിച്ചത് 3798 കിലോമീറ്റർ റോഡുകളാണ്. അതിൽ 3065 കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കി. 2015-വരെ അതിന്റെ 100% നിർമ്മാണച്ചെലവും നൽകിയിരുന്നത് കേന്ദ്രസർക്കാർ ആയിരുന്നു. പിന്നീടത് 60:40 എന്നുള്ള നിലയിലേക്ക് മാറി. അതായത്, 60% കേന്ദ്രവും 40% സംസ്ഥാന സർക്കാരും. ഡീസലിന്റെയും പെട്രോളിന്റെയും സെസ് ചാർജ്ജാണ് പി.എം.ജി.എസ്.വൈ.യ്ക്കായി കേന്ദ്ര ഗവൺമെന്റ് വിവിധ സംസ്ഥാനങ്ങൾക്ക് നൽകുന്നത്. കേരളത്തോട് വലിയ അവഗണനയാണ് കേന്ദ്രഗവൺമെന്റ് കാലങ്ങളായി കാണിച്ചുകൊണ്ടിരിക്കുന്നത്. മൊത്തം അലോട്ട്മെന്റിന്റെ 0.5% മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. അതിനെതിരെ ശക്തമായി പ്രതിഷേധിക്കേണ്ടതാണ്, സംസ്ഥാനത്തിന്റെ വികാരം കേന്ദ്രഗവൺ മെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, 2016 മേയ് മാസം മുതൽ പി.എം.ജി.എസ്.വൈ.-ൽ എത്ര കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. കൊടുത്തിട്ടുണ്ട്; എത്ര ലഭിച്ചു?

ഡോ. കെ. ടി. ജലീൽ: സർ, ഇക്കഴിഞ്ഞ രണ്ട് വർഷം ഒരു കിലോമീറ്റർ റോഡിനുപോലും അംഗീകാരം വാങ്ങിയെടുക്കാനോ പൂർത്തിയാക്കാനോ കഴിഞ്ഞില്ലെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. 2016-17-ൽ 319.948 കിലോമീറ്ററിൽ 84 പ്രവൃത്തികൾക്കുള്ള

അംഗീകാരം വാങ്ങാൻ സാധിച്ചുവെന്ന കാര്യം അങ്ങയുടെ അറിവിലേക്കായി ഞാൻ പറയുകയാണ്. 2017-18-ൽ 263.365 കിലോമീറ്ററിൽ 60 പ്രവൃത്തികൾക്കുള്ള അംഗീകാരമാണ് നാം നേടിയെടുത്തത്. ഈ രണ്ടുവർഷങ്ങളിലായി ആകെ 583.313 കിലോമീറ്റർ റോഡുകൾക്ക് അനുമതി ലഭിച്ചതിൽ 71.306 കിലോമീറ്റർ പൂർത്തീകരിക്കാൻ സാധിച്ചുവെന്നുള്ള സന്തോഷവിവരം ഞാൻ അങ്ങയെ അറിയിക്കുകയാണ്. ഇതിനുപുറമെ 'സാഗി' പദ്ധതി പ്രകാരം 33 പ്രവൃത്തികളിലായി 118.451 കിലോമീറ്റർ റോഡുകൾക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്; അതിന്റെ പ്രവൃത്തിയും നടന്നുവരികയാണ്. പി.എം.ജി.എസ്.വൈ.യുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള അനാവശ്യമായ ധൃതിയെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ന്യൂ കണക്ടിവിറ്റി റോഡുകളായതുകൊണ്ട് ഗവൺമെന്റ് ഓഫ് ഇന്ത്യ ഈ പ്രവൃത്തികൾ ഡ്രോപ്പ് ചെയ്യാൻ സന്നദ്ധമായിരുന്നില്ല. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തിയാക്കാതെ നമുക്ക് പുതിയ റോഡുകൾ കിട്ടുകയുമില്ല. അത്തരമൊരു സന്നിദ്ധ ഘട്ടത്തിലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുവേണ്ടി തീരുമാനിക്കുന്നത്. പി.എം.ജി.എസ്.വൈ. റോഡുകൾ നഷ്ടപ്പെട്ടുപോകാതിരിക്കാൻവേണ്ടി സദുദ്ദേശ്യപരമായെടുത്ത തീരുമാനമാണ്. അല്ലാതെ ഒരു കോൺട്രാക്ടറെയും സഹായിക്കാൻ വേണ്ടി എടുത്തിട്ടുള്ള തീരുമാനമല്ല എന്ന് ഞാൻ അങ്ങയെ അറിയിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ അങ്ങയുടെ ഉദ്ദേശ്യത്തെ ബഹുമാനിക്കുന്നു. പി.ഡബ്ല്യു.ഡി.യിൽ ടെണ്ടർ വിളിച്ച് കോൺട്രാക്ടർ വർക്ക് എടുത്തുകഴിഞ്ഞാൽ എക്സസ് കൊടുക്കാറില്ല. പി.എം.ജി.എസ്.വൈ.യിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ രണ്ട് തവണയായി എക്സസ് കൊടുത്തത് കോൺട്രാക്ടർ വർക്ക് എടുത്തതിന് ശേഷമാണ്. അങ്ങനെ എക്സസ് കൊടുത്തത് കോൺട്രാക്ടറെ സഹായിക്കാനാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, തീർച്ചയായും പരിശോധിക്കാം. പക്ഷേ അത് അങ്ങനെയല്ല. ഞാൻ അതുസംബന്ധിച്ച് ഒരു പരിശോധന നടത്തിയിരുന്നു. എഞ്ചിനീയർമാർ നേരത്തേ എടുത്ത എസ്റ്റിമേറ്റും യാഥാർത്ഥ്യവും തമ്മിലുണ്ടായിരുന്ന പൊരുത്തക്കേടാണ് അത് റിവൈസ് ചെയ്യുന്നതിലേയ്ക്ക് നയിച്ചത് എന്നുള്ള കാര്യം ഞാൻ അങ്ങയെ അറിയിക്കുകയാണ്. അല്ലാതെ കോൺട്രാക്ടർമാർക്ക് ഒരു തരത്തിലുമുള്ള ഫേവർ ചെയ്തുകൊടുക്കുന്നതിന് സർക്കാരോ ഡിപ്പാർട്ടുമെന്റോ ഉദ്ദേശിച്ചിട്ടില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, റിവിഷൻ നടത്തേണ്ടിയിരുന്നത് വർക്ക് അവാർഡ് ചെയ്യുന്നതിന് മുമ്പാണ്. വർക്ക് അവാർഡ് ചെയ്തുകഴിഞ്ഞ് എക്സസ് കൊടുത്തത് എന്തുകൊണ്ടാണ്?

ഡോ. കെ. ടി. ജലീൽ: സർ, അത് പരിശോധിക്കാം. MGNREGS-ൽ 2016-17-ൽ 684 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. 1668 കോടി രൂപ 14 ലക്ഷം തൊഴിലാളികൾക്ക് ലഭ്യമാക്കി. 2017-18-ൽ 500.90 ലക്ഷം തൊഴിൽദിനങ്ങൾ ഇതുവരെയായി സൃഷ്ടിച്ചിട്ടുണ്ട്. 31-3-2018 ആകുമ്പോൾ ഇത് ഏകദേശം 600 ലക്ഷം തൊഴിൽ ദിനങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രഗവൺമെന്റ് കൂലി നൽകുന്നതിൽ കാണിക്കുന്ന കാലതാമസവും അലംഭാവവും ഈ രംഗത്തുനിന്ന് തൊഴിലാളികളെ പുറകോട്ടടിപ്പിച്ചിട്ടുണ്ട്. ഇതേത്തുടർന്നാണ് 25-6-2017-ന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഈ നിയമസഭ ശക്തമായി തങ്ങളുടെ വികാരം പ്രകടിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെതിരായി പ്രമേയം പാസ്സാക്കിയത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ചിറ്റമ്മ നയമാണ് കേരളത്തോട് തുടരുന്നത്. 2013-14-ൽ 875 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകിയപ്പോൾ 2014-15-ൽ 744 ലക്ഷം തൊഴിൽ ദിനങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. 2015-16-ൽ വീണ്ടും അത് 713 ലക്ഷമായി കുറച്ചു. 2016-17-ൽ 603 ലക്ഷം തൊഴിൽ ദിനങ്ങളായി ലേബർ ബഡ്ജറ്റ് ചുരുക്കിയിരിക്കുകയാണ്. 2017-18-ൽ 450 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്രം ഇതിനകം അനുവദിച്ചിട്ടുള്ളത്. ലേബർ ബഡ്ജറ്റ് റിവൈസ് ചെയ്യണമെന്ന കേരള സർക്കാരിന്റെ പൊതുവികാരം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ 177 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും 821 ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്തു. 323 ഒഴിവുകളിൽ മാർച്ച് 31-നകം നിയമനം നടത്തും. കഴിഞ്ഞ എട്ട് വർഷമായി മുടങ്ങിക്കിടന്നിരുന്ന 197 പ്രൊമോഷനുകൾ ഈ വർഷം നടപ്പിലാക്കി. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവുമധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചത് 2013-14-ൽ ആയിരുന്നു. ആ വർഷം 3.96 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. എന്നാൽ ഈ വർഷം ഫെബ്രുവരി 28-നകം 6.38 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും തൊഴിൽ നൽകുകയും അവർക്ക് ഉപജീവനത്തിന്റെ വഴി കണ്ടെത്താൻ അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ഒരു മന്ത്രിയുടെ പ്രധാനപ്പെട്ട ജോലി എന്ന് ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് സാഹിബിനെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അങ്ങയെപ്പോലുള്ള ഒരാൾക്ക് ഒരുപക്ഷെ അത്തരം കാര്യങ്ങൾ നിസ്സാരമായി തോന്നാം. മുൻ സർക്കാരിന്റെ 5 വർഷം 12.32 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചപ്പോൾ 2 വർഷംകൊണ്ട് 10.03 ലക്ഷം തൊഴിൽ ദിനങ്ങളാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഈ ഗവൺമെന്റ് സൃഷ്ടിച്ചി രിക്കുന്നത്.

കുടുംബശ്രീയെ എത്രത്തോളം പ്രോത്സാഹിപ്പിക്കാൻ കഴിയുമോ അത്രത്തോളം അതിനെ പ്രോത്സാഹിപ്പിക്കുകയാണ്. കുടുംബശ്രീയിൽ ഇതുവരെ ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്ക് മാത്രമേ അംഗത്വമുണ്ടായിരുന്നുള്ളൂ. ഇനി മുതൽ ഒരു കുടുംബത്തിൽ

നിന്ന് അഭ്യസ്തവിദ്യരായ ഒരാളെക്കൂടി കുടുംബശ്രീയിൽ അംഗമാക്കുകയാണ്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ഇത് ഇടയാക്കും. യു.ഡി.എഫ്.-നും എൽ.ഡി.എഫ്.-നും കുടുംബശ്രീയോടുള്ള സമീപനം എന്താണെന്ന് മനസ്സിലാക്കാൻ രണ്ട് സർക്കാരുകളുടെയും കാലത്ത് അനുവദിച്ച ബഡ്ജറ്റ് വിഹിതം മാത്രം നോക്കിയാൽ മതി. 2014-15-ൽ 50 കോടി രൂപയാണ് കുടുംബശ്രീക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചത്. 2015-16-ൽ 75 കോടി രൂപയായും 2016-17-ൽ 130 കോടി രൂപയായും 2017-18-ൽ 161 കോടി രൂപയായും ഉയർന്നു. 2018-19-ൽ 200 കോടി രൂപയാണ് കുടുംബശ്രീക്കുവേണ്ടി ബഡ്ജറ്റ് വിഹിതമായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്നത്. ഓൺലൈൻ മാർക്കറ്റിംഗ്, 500 ചകിരിനാര് ഉൽപ്പാദന യൂണിറ്റുകൾ, ഭക്ഷ്യ മേളകൾ, മാസച്ചന്തകൾ, കുടുംബശ്രീ അരി, കേരള ചിക്കൻ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത സംരംഭങ്ങൾക്ക് കുടുംബശ്രീ ഇപ്പോൾ നേതൃത്വം നൽകിവരികയാണ്.

രാഷ്ട്രീയമായ ചില കാര്യങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സി.പി.ഐ.(എം) ഉള്ള സ്ഥലത്ത് മുസ്ലീങ്ങൾ ഇൻസെക്യൂറാണ് എന്ന് പറയുകയുണ്ടായി.

ശ്രീ. പി. കെ. ബഷീർ: സർ, ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനെ കുറിച്ച് നാല് ദിവസം മുമ്പ് പത്രത്തിൽ ഒരു വാർത്ത കണ്ടു. വി.ഇ.ഒ. ഇൻസ്പെക്ട് ചെയ്യുകയും പഞ്ചായത്ത് മെമ്പർമാർ കംപ്ലീഷൻ സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്ത പണി പൂർത്തീകരിക്കാത്ത വീടുകളുടെ പണി പൂർത്തീകരിക്കാൻ ലൈഫ് പദ്ധതിയിൽ പണം കൊടുക്കുമെന്നാണ് വാർത്ത വന്നിരിക്കുന്നത്. എല്ലാ ഗഡുക്കളും വാങ്ങാത്ത ആളുകൾക്ക് പണി പൂർത്തീകരിക്കാനുള്ള പണം നൽകുമെന്നാണ് ആദ്യം പറഞ്ഞത്. 4 ദിവസം മുമ്പ് ലൈഫ് മിഷന്റെ പരസ്യമായി പത്രത്തിൽ വന്നത്, കഴിഞ്ഞ കാലത്ത് മുഴുവൻ ഗഡുക്കളും വാങ്ങിയ വീടുകൾക്കും പണം നൽകുമെന്നാണ്. പഞ്ചായത്ത് മെമ്പറും സെക്രട്ടറിയും ഒപ്പിട്ട കംപ്ലീഷൻ സർട്ടിഫിക്കറ്റുള്ള വീടുകൾക്ക് ഏത് മാനദണ്ഡം അനുസരിച്ചാണ് വീണ്ടും പണം നൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കണം.

ഡോ. കെ. ടി. ജലീൽ: സർ, പൂർത്തീകരിച്ച വീടുകൾക്ക് ഒരിക്കലും പുതിയ ഗഡു നൽകില്ല. 66000-ത്തോളം പൂർത്തീകരിക്കപ്പെടാത്ത വീടുകൾ കണ്ടെത്തിയിട്ടുണ്ട്. അത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് എത്ര രൂപയാണോ ആവശ്യമായി വരുന്നത് അത്രയും രൂപ മാത്രമേ നൽകൂ. 25,000 രൂപകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെങ്കിൽ അത്രയും തുക നൽകും.

ശ്രീ. പി. കെ. ബഷീർ: സർ, കംപ്ലീഷൻ സർട്ടിഫിക്കറ്റുള്ള വീടുകൾക്കും പണം നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, പണി പൂർത്തീകരിച്ച വീടുകൾക്ക് ഒരിക്കലും പണം നൽകുകയില്ല.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, 2016 മേയ് മാസത്തിനുശേഷം പഞ്ചായത്ത് മുഖേന എത്ര പുതിയ വീടുകൾ നൽകാൻ സാധിച്ചിട്ടുണ്ട്?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, കഴിഞ്ഞ നാലഞ്ച് വർഷമായി പി.എം.എ.വൈ. ഗ്രാമീൺ പ്രകാരമാണ് വീടുകൾ നൽകിക്കൊണ്ടിരുന്നത്. SECC (Socio-Economic Caste Census) ലിസ്റ്റിൽനിന്നും ഇപ്രാവശ്യം വളരെ കുറച്ച് ആളുകൾ മാത്രമേ ഈ വീടിന് അർഹരായിട്ടുണ്ടായിരുന്നുള്ളൂ. അപ്പോഴാണ് നമ്മൾ കേന്ദ്ര സർക്കാരിനെ സമീപിച്ച് ലൈഫ് മിഷനെന്ന പുതിയ ഭവന പദ്ധതിക്ക് രൂപം നൽകി സർവ്വേ നടത്തിയിട്ടുണ്ടെന്നും അതനുസരിച്ച് ഗുണഭോക്താക്കൾക്ക് വീട് നൽകാൻ അനുവദി ക്കണമെന്നും പറഞ്ഞത്. അത് തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചി രിക്കുകയാണ്. മൂന്ന് മാനദണ്ഡങ്ങൾ നമുക്ക് അതിൽ വിനയായി വരാൻ സാധ്യതയുണ്ട്. ടൂ വീലർ, ഫ്രിഡ്ജ്, ലാന്റ് ഫോൺ എന്നിവയുള്ള ഒരുപാട് അപേക്ഷകർ അതിൽ പെട്ടുപോകും. എന്നാൽപ്പോലും ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയ 170000-ത്തോളം ആളുകൾക്ക് അടുത്ത സാമ്പത്തിക വർഷം വീടൊരുങ്ങാൻ പോകുകയാണ്. 75000 പി.എം.എ.വൈ. അർബൻ പ്രകാരം വീടിനായി സെലക്ട് ചെയ്യപ്പെട്ടിരിക്കുന്നവർക്കും അടുത്ത സാമ്പത്തികവർഷം വീട് ലഭിച്ചിരിക്കും. ഒരൊറ്റ വർഷംകൊണ്ട് കേരളത്തിൽ 2.5 ലക്ഷം വീടുകളാണ് ഉയരാൻ പോകുന്നത്. അതിന്റെ പ്രാരംഭഘട്ടമെന്ന നിലയിലാണ് 66000-ത്തോളം പണി തീരാത്ത വീടുകളുടെ പണി പൂർത്തിയാക്കുന്ന വലിയ പരിശ്രമം സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, എന്റെ ചോദ്യം വളരെ സ്പെസിഫിക്കാണ്. യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഐ.എ.വൈ. പ്രകാരവും എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്ത് പി.എം.എ.വൈ. പ്രകാരവും വീടുകൾ കൊടുത്തുകൊണ്ടിരുന്നു. അങ്ങ് മന്ത്രിയായതിനുശേഷം ഏതെങ്കിലും പദ്ധതി പ്രകാരം പഞ്ചായത്ത് മുഖേന വീട് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകൾ നൽകി?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി 50000-ത്തോളം വീടുകൾ കൊടുത്തു.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, പഞ്ചായത്ത് മുഖേന എത്ര വീടുകൾ നൽകിയെന്നാണ് ഞാൻ ചോദിച്ചത്;

<u>ഡോ. കെ. ടി. ജലീൽ:</u> സർ, പി.എം.എ.വൈ. ഗ്രാമീൺ പഞ്ചായത്തുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ്. അതിൽ 50000-ത്തോളം വീടുകൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി കഴിഞ്ഞ വർഷം കൊടുക്കുകയുണ്ടായി. ഇപ്പോൾ ആ ഇനത്തിൽ പതിനായിരത്തിലധികം വീടുകളുടെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ, ഇവിടെ നടന്ന ചർച്ചയ്ക്ക് അങ്ങ് മറുപടി പറയൂ. ഇതൊരു ചോദ്യോത്തരവേളപോലെ കൊണ്ടുപോകാൻ കഴിയില്ല.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഒരു വീടുപോലും നൽകിയിട്ടില്ലെന്ന കാര്യം അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ?

<u>ഡോ. കെ. ടി. ജലീൽ:</u> സർ, പി.എം.എ.വൈ. ഗ്രാമീൺ അനുസരിച്ചാണ് ഗ്രാമ പ്രദേശങ്ങളിൽ വീടുകൾ കൊടുത്തിരുന്നത്. ഇ.എം.എസ്. ഭവന പദ്ധതി കഴിഞ്ഞ സർക്കാർ അട്ടിമറിച്ചില്ലേ? നിങ്ങൾ എവിടെയെങ്കിലും അത് തുടർന്ന് നടപ്പിലാക്കുന്നതിന് എന്തെങ്കിലും പിന്തുണയും സഹായവും നൽകിയോ; നൽകിയില്ല.

ഇവിടെ ചില രാഷ്ട്രീയമായ കാര്യങ്ങൾ പറയുകയുണ്ടായി. സി.പി.ഐ.(എം.) ഉള്ളയിടത്ത് മുസ്ലീങ്ങൾ ഇൻസെക്യുവർ ആണെന്ന് ബഹുമാനപ്പെട്ട ഒരു മുസ്ലീംലീഗ് മെമ്പർ ഈ സഭയിൽ പറയുകയുണ്ടായി. രാഷ്ട്രീയ കൊലപാതകങ്ങൾ ഒരുപാട് നടന്നിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. അതിനെ രാഷ്ട്രീയമായി കാണുന്നതിന് പകരം വധിക്കുന്നവന്റെയും വധിക്കപ്പെടുന്നവന്റെയും പേര് നോക്കി വധത്തിൽ വർഗ്ഗീയത ദർശിക്കുന്നത് എല്ലാ പാർട്ടികൾക്കും എത്തുമാത്രം ഗുണം ചെയ്യുന്നതാണെന്ന് നമ്മൾ ഓരോരുത്തരും ആലോചിക്കേണ്ടതുണ്ട്. ബഹുമാന്യനായ സണ്ണി ജോസഫ് ഇവിടെ ഷുഹൈബിന്റെ കൊലപാതകത്തെക്കുറിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിക്കുകയുണ്ടായി. ഞാൻ അതിലെ ഓരോ വാക്കുകളും ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹം എല്ലാ സമയത്തും പറഞ്ഞത് ഒരു കോൺഗ്രസ് പ്രവർത്തകൻ/ കോൺഗ്രസ്സിന്റെ മണ്ഡലം സെക്രട്ടറി ഷുഹൈബ് വധിക്കപ്പെട്ടുവെന്നാണ്. കോൺഗ്രസ് എന്ന പാർട്ടിക്ക് അതിൽ പ്രതിഷേധമുണ്ടാകും. ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെ അതിശക്തമായി ഷുഹൈബിന്റെ വധത്തെ അപലപിച്ചു. കുറ്റക്കാരായ 12 പേരെ അറസ്റ്റുചെയ്തു. ഒരു രാഷ്ട്രീയ കൊലപാതകം നടന്നാൽ എന്താണോ ഒരു സർക്കാർ ചെയ്യേണ്ടത്, അത് ചെയ്തു. പക്ഷെ, അതിനെ തികച്ചും വർഗ്ഗീയമായി ഇവിടെ അവതരിപ്പിച്ചതിനോട് കോൺഗ്രസ്സിന്റെ പക്ഷമെന്താണ്? ഇങ്ങനെ വധിക്കപ്പെടുകയും പ്രതികളെന്ന് സംശയിക്കപ്പെടുകയും ചെയ്യുന്നവരുടെ പേരുകൾ നോക്കി വേർതിരിക്കാൻ തുടങ്ങിയാൽ എന്താകും കേരളത്തിന്റെ അവസ്ഥ? ഒരു രാഷ്ട്രീയ കൊലപാതകം പോലും നടത്താത്തവർക്ക് രോഷം കൊള്ളാം, പൊട്ടിത്തെറിക്കാം. അതിന് മുസ്ലീംലീഗ് എന്ന പാർട്ടിക്ക് അർഹതയുണ്ടോ? 44 പുണ്യമാക്കപ്പെട്ട കൊലപാതകങ്ങളാണ് മുസ്ലീംലീഗ് നമ്മുടെ സംസ്ഥാനത്ത് ഇതിനകം നടത്തിയിട്ടുള്ളത്. മുസ്ലീങ്ങളെ ഞങ്ങൾ കൊല്ലാം. വേറെയാരും കൊല്ലേണ്ടതില്ലായെന്നതാണ് മുസ്ലീംലീഗിന്റെ എക്കാലത്തെയും വലിയ പക്ഷം. കെ. ടി. സി. അബ്ദു റഹിമാൻ എന്നുപറയുന്ന 22 വയസ്സുള്ള ഓമശ്ശേരിയിലെ ഒരു മദ്രസ അദ്ധ്യാപകനെ ഓർമ്മയില്ലേ? തലയോട്ടിയിലേയ്ക്ക്

കമ്പിപ്പാര ഉളച്ചുകയറ്റിയാണ് കെ. ടി. സി. അബ്ദു റഹിമാനെ മുസ്ലീംലീഗ് പ്രവർത്തകർ കൊന്നത്. മണ്ണാർക്കാട്ടെ ഹംസയെയും നൂറുദ്ദീനെയും ഓർമ്മയില്ലേ? ശ്രീ. എൻ. ഷംസുദ്ദീന് ഓർമ്മയുണ്ടാകും, അദ്ദേഹം മറക്കാൻ സാധ്യതയില്ല. മണ്ണാർക്കാട്ടെ ഒരു വീട്ടിൽനിന്ന് രണ്ട് മയ്യത്തുകൾ വെള്ള പുതപ്പിച്ച് ഖബർസ്ഥാനിലേയ്ക്ക് കൊണ്ടു പോയില്ലേ. സി.പി.ഐ.(എം.) പ്രവർത്തകർ കൊന്നതാണോ ആ രണ്ട് പേരെയും. അവർ മുസ്ലീംലീഗായില്ല, എ. പി. അബൂബക്കർ മുസ്ലിയാരുടെ അനുയായികളായില്ല എന്ന തെറ്റേ ചെയ്തുള്ളൂ. രാഷ്ട്രീയ കൊലപാതകമായാലും മറ്റ് തരത്തിലുള്ള കൊലപാതകമായാലും ജീവന്റെ വില പ്രധാനമല്ലേ; മണ്ണാർക്കാട്ടെ ആ രണ്ട് മയ്യത്തുകൾ ഖബറടക്കിയില്ലേ; മുസ്ലീംലീഗ് ഓഫീസിൽ കൊണ്ടുപോയി ആ രണ്ട് മയ്യത്തുകളും നിങ്ങൾ തിന്നുതീർത്തോ? എന്നിട്ട് നിങ്ങളാണ് സി.പി.ഐ.(എം.)-ന് കൊല്ലുന്നവരെ തിന്നുകൂടേ എന്ന് ചോദിക്കുന്നത്.

2015-ലാണ് കൊറ്റി പള്ളിയിലെ ജീവനക്കാരനായിരുന്ന ഹക്കീമിനെ അതിക്രൂരമായി അരുംകൊല ചെയ്തത്. കുനിയിലെ അബൂബക്കറെയും ആസാദിനെയും മുസ്ലീംലീഗ് പ്രവർത്തകർ നിഷ്ഠൂരമായി കൊന്നുതള്ളിയില്ലേ;...... (ബഹളം)..... രണ്ട് സഹോദരങ്ങളുടെ മയ്യത്തുകളാണ് ഒരു വീട്ടിൽനിന്ന് ഇറക്കിക്കൊണ്ടുപോയത്. .....(ബഹളം).....

<u>മി. സ്പീക്കർ:</u> പ്ലീസ്, പ്ലീസ്

<u>ഡോ. കെ. ടി. ജലീൽ:</u> സർ, അന്നില്ലാത്ത സമുദായ സ്നേഹം നിങ്ങൾക്ക് ഷുഹൈബിന്റെ കാര്യത്തിൽ മാത്രം എങ്ങനെയുണ്ടായി? ശ്രീ. അബ്ദു റബ്ബ് സാഹിബ് മറന്നുപോയിട്ടുണ്ടാകില്ല കുണ്ടൂരിലെ കുഞ്ഞുവിനെ. .... (ബഹളം)..... കുണ്ടൂർ അബ്ദുൾ ഖാദർ മുസ്ലിയാരെന്ന എ. പി. അബൂബക്കർ മുസ്ലിയാരുടെ മകനെ ഒരു റമദാൻ ദിനത്തിൽ വൈകുന്നേരം കുണ്ടൂർ അങ്ങാടിയിലിട്ട് കുത്തി കൊലപ്പെടുത്തി. ...... (ബഹളം)..... അവർക്ക് നിയമസഹായം മുഴുവൻ ചെയ്തു കൊടുത്തത് മുസ്ലീംലീഗല്ലേ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ:</u> എന്ത് പോയിന്റ് ഓഫ് ഓർഡറാണ്? മിനിസ്റ്റർ, പോയിന്റ് ഓഫ് ഓർഡർ.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, എന്തേ കുണ്ടൂർ കുഞ്ഞുവിനെ കൊല്ലുമ്പോൾ ഇല്ലാത്ത സമുദായ സ്നേഹം ഷുഹൈബിന്റെ കാര്യത്തിൽ നിങ്ങൾക്കുണ്ടായി? നിങ്ങൾക്ക് പറയാം. നിങ്ങൾക്ക് ചോദ്യം ചെയ്യാം. അതിനുള്ള ധാർമ്മിക അർഹത നിങ്ങൾക്ക് ഒരോരുത്തർക്കും വേണം.

<u>മി. സ്പീക്കർ:</u> മിനിസ്റ്റർ, പോയിന്റ് ഓഫ് ഓർഡർ.

[3.00 PM]

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്ന് പഞ്ചായത്തിന്റെ ഡിമാന്റ് ഡിസ്കഷനാണ്. .......(ബഹളം)..... ഇന്നത്തെ ചർച്ചയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയേണ്ടത്. ഇവിടെ ഉന്നയിക്കാത്ത വിഷയങ്ങൾക്ക് മന്ത്രി ഇങ്ങനെ മറുപടി പറയുകയും ഒരു പാർട്ടിക്കെതിരെ പുതിയ ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നത് ഓർഡറിലാണോ; ...(ബഹളം)... I have a personal explanation.

മി. സ്പീക്കർ: അത് അങ്ങ് എഴുതിത്തന്നാൽ മതി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 'ഞാൻ മറക്കാൻ സാധ്യതയില്ല' എന്ന് പറഞ്ഞു. പള്ളിയിൽ ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ തർക്കമാണ് മണ്ണാർക്കാട് രണ്ടാളുകൾ കൊല്ലപ്പെടാനിടയായത്. അത് മുസ്ലീം ലീഗ് നടത്തിയതല്ല. ഇങ്ങനെ പ്രസംഗിക്കുന്നത് ശരിയല്ല. ഇത് ഓർഡറിലല്ല. ബഹുമാനപ്പെട്ട സ്പീക്കർ നിയന്ത്രിക്കണം. ഞങ്ങൾക്ക് പ്രതിഷേധമുണ്ട്.

മി. സ്പീക്കർ: സഭയിൽ അംഗങ്ങളുടെ പ്രസംഗം എങ്ങനെയായിരിക്കണമെന്ന് ചെയർ റൂൾ ചെയ്യാറില്ല. നിങ്ങളൊക്കെ നടത്തുന്ന പ്രസംഗം നിങ്ങളുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അത് ചെയർ റൂൾ ചെയ്യാറില്ല. അങ്ങനെയൊരു കീഴ്വഴക്കമില്ല. നിങ്ങൾ ഇന്നത് പ്രസംഗിക്കണം, ഇന്നത് പ്രസംഗിക്കാൻ പാടില്ല എന്നുപറയുന്ന രീതി ഇവിടെയില്ല. അക്കാര്യം ശ്രീ. എൻ. ഷംസുദ്ദീനും അറിയാവുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാനിവിടെ പറയുന്ന ഓരോ സംഭവവും അവർക്ക് അറിയാമെന്നുള്ളതുകൊണ്ടാണ് അവർ രോഷംകൊള്ളുന്നത്. മണ്ണാർക്കാട്ടെ രണ്ട് സഹോദരൻമാർ, ഒരു വീട്ടിൽനിന്ന് രണ്ട് മയ്യത്തുകൾ വെള്ളപുതപ്പിച്ച് കൊണ്ടുപോകുന്നത് നമുക്കാർക്കെങ്കിലും ചിന്തിക്കാനാകുമോ? രണ്ട് സഹോദരൻമാരുടെ മയ്യത്തുകളാണ് പള്ളിപ്പറമ്പിലേയ്ക്ക് എടുത്തുകൊണ്ട് പോയത്. ഓർമ്മയില്ലേ മുസ്ലീം ലീഗിന്? ശ്രീ. പി. കെ. അബ്ദു റബ്ബ് സാഹിബിന്റെ നിയോജക മണ്ഡലത്തിന്റെ ഭാഗമായിരുന്ന സ്ഥലത്ത് കുണ്ടൂരിലെ കുഞ്ഞു എന്ന ചെറുപ്പക്കാരനെയാണ് ഒരു റമദാൻ ദിനത്തിൽ, നോമ്പുതുറ അവസാന നിമിഷത്തിലേയ്ക്ക് കടക്കുമ്പോൾ കുത്തിക്കൊലപ്പെടുത്തിയത്. .........(ബഹളം)...... കുറ്റിമൂച്ചി അബ്ദു എന്നുപറയുന്ന ഒരു എസ്.എസ്.എഫ്. പ്രവർത്തകനെ പള്ളിയിൽ കയറി കൊന്നത് മുസ്ലീം ലീഗല്ലേ; മുസ്ലീം ലീഗിന്റെ പ്രവർത്തകരല്ലേ? നാദാപുരത്ത് എട്ടുംപൊട്ടും തിരിയാത്ത അഞ്ച് ചെറുപ്പക്കാർ മരണപ്പെട്ടല്ലോ. പതിനെട്ടും ഇരുപത്തിരണ്ടും വയസ്സുള്ള ഷമീറും സമീറും ഉൾപ്പെടെ യൂത്ത് ലീഗിന്റെ അഞ്ച് പ്രവർത്തകർ, അവർ എങ്ങനെയാണ് കൊലചെയ്യപ്പെട്ടത്; ബദരീങ്ങൾ ആണ്ടിന് ചോറുണ്ടാക്കുമ്പോൾ തീ കത്തി മരിച്ചതല്ല. ബോംബുണ്ടാക്കിയപ്പോൾ വധിക്കപ്പെട്ടതായിരുന്നു അവർ എന്നോർക്കണം. അതൊക്കെ മറച്ചുവച്ചുകൊണ്ട് ഇങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. എം. ഉമ്മർ: സർ, പോയിന്റ് ഓഫ് ഓർഡർ. 44 കൊലപാതകങ്ങൾ നടത്തിയെന്ന് ഒരു പാർട്ടിക്കെതിരായി ഉത്തരവാദപ്പെട്ട ഒരു മന്ത്രി യാതൊരു അടിസ്ഥാനവുമില്ലാതെ വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് യാതൊരു അടിസ്ഥാനവുമില്ലാത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം രേഖയിലുണ്ടാകാൻ പാടില്ല. രാജ്യത്ത് ധാരാളം കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതെല്ലാം ഒരു ഉത്തരവാദപ്പെട്ട പാർട്ടിയുടെ ചുമലിൽ വച്ചുകെട്ടാൻ യാതൊരു രേഖയുമില്ലാതെ ഒരു മന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പ്രസംഗം രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. *

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാര്യം പറഞ്ഞതുകൊണ്ട് പറയുകയാണ്. അബ്ദുവിന്റെ കൊലപാതകം രാഷ്ട്രീയാടിസ്ഥാനത്തിലുള്ളതല്ല. അവിടെയുള്ള എ.പി., ഇ.കെ. തർക്കംമൂലം ഉണ്ടായതാണ്. അങ്ങനെയാണെങ്കിൽ കേരളത്തിൽ നടന്ന മുഴുവൻ എ.പി., ഇ.കെ. തർക്കങ്ങളും നിങ്ങളുടെ അക്കൗണ്ടിൽ എഴുതേണ്ടിവരും.

ഡോ. കെ. ടി. ജലീൽ: സർ, മുസ്ലീം ലീഗിന്റെ കൊലപാതകങ്ങൾക്കൊക്കെ അവർക്ക് അവരുടേതായ ന്യായീകരണമുണ്ടാകും. അത് സമുദായ തർക്കമാണ്, അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള തർക്കമാണ് എന്ന് അവർ പറയും, ആത്യന്തികമായി വധിക്കപ്പെട്ടവർ മുഴുവൻ മുസ്ലീം ലീഗിന്റെ എതിർചേരിയിൽ നിന്നവരായിരുന്നു, സി.പി.ഐ.(എം)നോടും കോൺഗ്രസ്സിനോടും അനുഭാവം പുലർത്തിയവരായിരുന്നു. അവരെയായിരുന്നു ശ്രീ. എ. പി. അബൂബക്കർ മുസ്ലിയാരുടെ അനുയായികളാണെന്നുള്ളതു കൊണ്ട് കൊന്നുതള്ളിയത്.

ഷുഹൈബിന്റെ കൊലപാതകം അപലപിക്കപ്പെടേണ്ടതാണ്. ഷുഹൈബിന് സഹോദരിമാരുണ്ട്, രക്ഷിതാക്കളുണ്ട്. ആ ദുഃഖത്തിൽ നമ്മളും പങ്കുചേരുന്നു. പക്ഷേ 44 ആളുകൾ വധിക്കപ്പെട്ടത്, ആകാശത്തുനിന്ന് പോത്തിന്റെ പുറത്ത് കാലമാടൻ ഇറങ്ങി വന്ന് കൊന്നുതള്ളി പോയതല്ല. മുസ്ലീം ലീഗിന്റെ പ്രവർത്തകർ കൊന്നുതള്ളിയതാണ്. എന്നിട്ട് അതിനെക്കുറിച്ച് ഒന്നും പറയാതെ ഇവിടെ കൊലപാതകത്തെക്കുറിച്ച് ധാർമ്മിക രോഷം കൊള്ളുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസംഗിച്ചപ്പോൾ 44 കൊലപാതകങ്ങളുടെ ഉത്തരവാദിത്വം മുസ്ലീം ലീഗിൽ ആരോപിച്ചു. അങ്ങും പത്തിരുപത്തിയഞ്ച് വർഷക്കാലം മുസ്ലീം യൂത്ത് ലീഗിന്റെയും മുസ്ലീം ലീഗിന്റെയും നേതാവായിരുന്നു. അപ്പോൾ എത്ര കൊലപാതകങ്ങളുടെ ഉത്തരവാദിത്വം വരെ അങ്ങേയ്ക്ക് ഏറ്റെടുക്കാം എന്നത് പറയാമോ?

* ഫ.നമ്പർ455/ഇബി/2018/നി.സെ. തീയതി 12-3-2018 പ്രകാരം സഭാരേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ ഇത് വെറുതെ പറയുന്നതല്ല. 44 ആളുകളുടെ പേരും ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കാം. എന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് അങ്ങ് ചോദിച്ചു. എന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ചോദിച്ച അങ്ങ് അങ്ങയുടെ ഉത്തരവാദിത്വം മറന്നുപോയോ? സമാധാനത്തിന്റെ വെള്ളരിപ്രാവ് എന്ന് ഘോഷിക്കുന്ന പാണക്കാട് തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അങ്ങ് മറന്നുപോയോ; ഇല്ലല്ലോ? കോൺഗ്രസുള്ളിടത്ത് മുസ്ലീങ്ങൾ സുരക്ഷിതരാണ്, സി.പി.ഐ.(എം.) ഉള്ളിടത്ത് മുസ്ലീങ്ങൾ insecure ആണ്. എത്രമാത്രം അബദ്ധജഡിലമായ പരാമർശമാണത്. അത് മുസ്ലീം ലീഗിന്റെ അഭിപ്രായമാണോ? ....(ബഹളം).....

<u>ഡോ. എം. കെ. മുനീർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി, നാദാപുരത്ത് വാരിയംകണ്ടി കുഞ്ഞമ്മദ് ഹാജിയും യൂസുഫ് ഹാജിയും കൊല ചെയ്യപ്പെട്ടപ്പോൾ അവിടെ മാർക്സിസ്റ്റ് മേഖലയിൽ ന്യൂനപക്ഷം insecure ആണെന്നുപറഞ്ഞ് നടത്തിയ പ്രചരണത്തിൽ ഞാനും നിങ്ങളുമാണ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്തത്. അതിൽ അങ്ങ് ചെയ്ത പ്രസംഗം മറന്നുപോയോ?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, നാദാപുരത്ത് എപ്പോഴൊക്കെ കലാപങ്ങൾ ഉണ്ടായിട്ടുണ്ടോ അവയ്ക്കൊക്കെ വഴിമരുന്നിട്ടുകൊടുത്തത് ആരാണ്? ഏറ്റവും അവസാനം നാദാപുരത്ത് നടന്നുവെന്ന് പറയപ്പെടുന്ന കലാപത്തിന്റെ തുടക്കം എവിടെ നിന്നായിരുന്നു? ഷിബിൻ എന്ന 18 വയസ്സുകാരനെ കൊന്നുതള്ളിയതിനെ തുടർന്നായിരുന്നില്ലേ നാദാപുരം കലാപകലുഷിത മേഖലയായി മാറിയത്; നിങ്ങൾക്ക് ഓർമ്മയില്ലേ അത്? ഷിബിന്റെ പിതാവിനെക്കുറിച്ച് പറയാൻ ഒരു സംഭവമുണ്ട്. ഷിബിന്റെ പിതാവ് ഗൾഫിൽ ജോലി ചെയ്യുകയായിരുന്നു. ഗൾഫിലെ കെ.എം.സി.സി.യുടെ ഒരു റിലീഫ് ഫണ്ടുമായി ബന്ധപ്പെട്ട പിരിവിന് ഷിബിന്റെ പിതാവിന്റെയടുത്ത് ചെന്നപ്പോൾ മാർക്സിസ്റ്റ് സഹയാത്രികനായ ആ പിതാവ് സഹായം നൽകി. അതുകഴിഞ്ഞ് മണിക്കൂറുകൾക്കുള്ളിലാണ് ഷിബിൻ കൊലചെയ്യപ്പെടുന്നത്.

നിങ്ങൾക്ക് എന്തും പറയാം. യാതൊരു പ്രശ്നവുമില്ല. വസ്തുതാ വിരുദ്ധമായ പരാമർശങ്ങൾ നിയമസഭ പോലൊരു വേദിയിൽ പറയുകയാണ്. അഗർത്തലയിൽ ലെനിന്റെ പ്രതിമ തകർന്നുവീണപ്പോൾ എന്തേ കമ്മ്യൂണിസ്റ്റുകാരേ നിങ്ങൾ പോയി താങ്ങാതിരുന്നത് എന്ന് പരിഹസിച്ചില്ലേ? ഇതേ പരിഹാസത്തിന്റെ ഒരു ചുവ, ഇതേ പരിഹാസത്തിന്റെ സ്വരം ഞങ്ങൾ കേട്ടിരുന്നു ബാബ്റി മസ്ജിദ് തകർക്കപ്പെട്ട സമയത്ത്. 1992 ഡിസംബർ 6-ാം തീയതി ബാബ്റി മസ്ജിദിന്റെ താഴികക്കുടങ്ങൾ തല്ലിത്തകർക്കുമ്പോൾ മുസ്ലീങ്ങളോട് സംഘപരിവാർ ചോദിച്ചിരുന്നു,

"ഹേ മുസ്ലീങ്ങളേ, നിങ്ങൾക്ക് ആ പള്ളി വേണമെന്നുണ്ടെങ്കിൽ നിങ്ങൾ എന്തേ അയോധ്യയിലെത്തി അത് തടയാൻ ശ്രമിച്ചില്ല" എന്ന്. ആ ചോദ്യത്തിന്റെ തനിയാവർത്തനമാണ് ലീഗിന്റെ ഒരംഗം ഈ സഭയിൽ നടത്തിയതെന്ന് പറയേണ്ടിരിക്കുന്നു. ഷിബിന്റെ വധം, അതാണ് നാദാപുരത്തെ കലാപത്തിലേക്ക് നയിച്ചത്, ഒരു രാഷ്ട്രീയ കൊലപാതകംപോലും നടത്താത്ത വിശുദ്ധർക്ക് ഇത് പറയാം. വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെ ഇവിടെ വന്ന് വാചകമടിക്കരുത്. വാചകമടിക്കുമ്പോൾ മറുപടി പറയാൻ കെല്പുള്ളവർ സഭയിലുണ്ടെന്നെങ്കിലും ഓർക്കണമായിരുന്നു. വിശുദ്ധ ഖുറാനിൽ ഒരു വചനമുണ്ട്, "ലീമാത്തഅ്ലമൂന മാഅഅ്ലാത്തഫ് അഅ്ലമൂൻ ഖബ്മഖ്ത്തൻഇൻതല്ലാഹ്" നിങ്ങൾ ചെയ്യാത്തതാണോ, നിങ്ങൾ മറ്റുള്ളവരോട് പറയുന്നത്, കല്പിക്കുന്നത്, അതിനേക്കാൾ വലിയ പാപം വേറെയൊന്നില്ല. ഈ വാചകം അപ്പുറത്തിരിക്കുന്ന മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾ ഓർത്താൽ നന്നാകുമെന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്. ഡിമാന്റുകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോയിന്റ് ഓഫ് ഓർഡർ........മുസ്ലീം ലീഗിന്റെ പ്രവർത്തകർ 44 പേരെ കൊലപ്പെടുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ 44 ആളുകളുടെ പേര് അദ്ദേഹം പറഞ്ഞിട്ടില്ല. ആ പേരുകൾ അദ്ദേഹം മേശപ്പുറത്തുവയ്ക്കണം, ഞങ്ങൾക്ക് പരിശോധിക്കാനുള്ള അവസരം വേണം. ആയിരക്കണക്കിന് ആളുകളെ കൊലപ്പെടുത്തിയവരാണ് ഇവിടെ മറ്റ് പ്രാദേശിക പ്രശ്നങ്ങളുടെ പേരിൽ നടന്ന കൊലപാതകങ്ങളൊക്കെ മുസ്ലീം ലീഗിന്റെ തലയിൽ വച്ചുകെട്ടുന്നത്. മന്ത്രിക്ക് മന്ത്രിസ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടി ലീഗിന്റെ നേരെ കുതിരകയറരുതെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

മി.സ്പീക്കർ: ഇതിലെന്താണ് ക്രമപ്രശ്നം? ശ്രീ. പി. ഉബൈദുള്ള, ഇതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണുള്ളത്?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ അത് വായിക്കാം, ടി. മനോജ്, ഒ.കെ. കുഞ്ഞിക്കണ്ണൻ, കാരിയത്ത് രമേശൻ, പി. കൃഷ്ണൻ.....

മി. സ്പീക്കർ: മിനിസ്റ്റർ അത് വായിക്കേണ്ട, ആവശ്യമായവർക്ക് കൊടുത്താൽ മതി. സംശയം ദൂരീകരിച്ചാൽ മതി.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം, ലീഗ് പ്രവർത്തകർക്ക് സംശയമുണ്ടെങ്കിൽ അവർക്ക് അങ്ങയെ സമീപിച്ച് ആ ലിസ്റ്റിൽ നിന്ന് പേര് ഏതൊക്കെയാണെന്ന് മനസ്സിലാക്കാം. .....(ബഹളം).....

<u>മി. സ്പീക്കർ</u>: ആവശ്യത്തിന് പ്രതിഷേധമായി. പ്ലീസ്.. പ്ലീസ്.. ..... (ബഹളം)..... പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് നേരത്തെതന്നെ പറഞ്ഞല്ലോ.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഒരു പ്രമുഖമായ രാഷ്ട്രീയ പ്രസ്ഥാനമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞപ്പോൾ 44 ആളുകളെ കൊന്ന ഒരു പാർട്ടിയാണെന്നു പറഞ്ഞു. പ്രാദേശികമായുണ്ടാകുന്ന വഴക്കുകളുടെ പേരിൽ മരിച്ച ആളുകളുടെ എണ്ണമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 44 പേർ മരിച്ചുവെന്ന വാദവും ശരിയല്ല. ഒരു രാഷ്ട്രീയ പാർട്ടിയെ ബോധപൂർവ്വമായി അപമാനിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ശ്രമം അങ്ങേയറ്റം അപലപനീയമാണ്, ഞങ്ങൾ അതിനെ ശക്തമായ ഭാഷയിൽ അപലപിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സാമുദായികമായ വഴക്കുകളുടെ പേരിലുണ്ടാകുന്ന കൊലപാതകങ്ങൾ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനത്തിന്റെമേൽ അടിച്ചേൽപ്പിക്കുന്നത് ഭൂഷണമല്ല, അങ്ങ് സഭാ രേഖകൾ പരിശോധിച്ച് അത് തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: നേരത്തെ ശ്രീ. എം. ഉമ്മർ ഉന്നയിച്ചപ്പോൾത്തന്നെ ശരിയല്ലാത്ത കാര്യങ്ങൾ ഉണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് റൂൾ ചെയ്തതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം എന്നീ ഡിമാന്റുകളാണ് ഇന്ന് ചർച്ചചെയ്തത്. ബഹുമാന്യനായ പി. ടി. തോമസ് സംസാരിച്ചപ്പോൾ തീർത്തും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറയുകയുണ്ടായി. ഇ.എം.എസ്.ൽ നിന്നും സി.പി.ഐ.(എം)-ൽ നിന്നുമാണ് ആർ.എസ്.എസ്. മുസ്ലീം വിരുദ്ധത സ്വീകരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. എന്തിനാണ് ആർ.എസ്.എസ്.നെ ആ രീതിയിൽ പവിത്രവൽക്കരിക്കാൻ ശ്രമിച്ചതെന്ന് മനസ്സിലാകുന്നില്ല. ആർ.എസ്.എസ്. 1925-ലാണല്ലോ ഒരു സംഘടനയായി പ്രവർത്തനം ആരംഭിക്കുന്നത്. അന്നുമുതൽക്കേ അവർ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്നുള്ളത് ആർ.എസ്.എസ്.കാർ ഗുരുജിയെന്ന് വിശേഷിപ്പിക്കുന്ന ഗോൾവാൾക്കർ രേഖപ്പെടുത്തി വച്ചിട്ടുണ്ട്. അതിലാണ് നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര ശത്രുക്കളായി രണ്ട് മതന്യൂനപക്ഷങ്ങളെയും അതായത്, മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും അതോടൊപ്പം കമ്മ്യൂണിസ്റ്റുകാരെയും കുറിച്ച് അദ്ദേഹം പറഞ്ഞത്. ഇത് ആർ.എസ്.എസ്. സ്വീകരിച്ച പ്രത്യയശാസ്ത്രത്തിന്റെ ഭാഗമായുണ്ടായതാണ്. എന്തുകൊണ്ടാണ് ബഹുമാന്യനായ പി. ടി. തോമസ് ഇങ്ങനെ പറഞ്ഞതെന്ന് മനസ്സിലാകുന്നില്ല. ആർ.എസ്.എസ്. സ്വീകരിച്ച പ്രത്യയശാസ്ത്രം നാസിസമായിരുന്നു.

ഹിറ്റ്ലറുടെ നാസിസത്തിൽ നിന്നാണ് ഈ ആശയം അവർ സ്വീകരിച്ചത്. ജർമ്മൻ ദേശീയതയുടെ പ്രചാരകരായി, അതിൽ അഭിമാനംപൂണ്ട് വർത്തമാനങ്ങൾ പറയാൻ ആർ.എസ്.എസ്. അക്കാലത്ത് തയ്യാറായിരുന്നു. ഹിറ്റ്ലർ സ്വീകരിച്ച നിലപാട് എന്തായിരുന്നു? അവിടെ ഒരു ന്യൂനപക്ഷമേ ഉണ്ടായിരുന്നുള്ളൂ, അത് യഹൂദരായിരുന്നു, അതോടൊപ്പം കമ്മ്യൂണിസ്റ്റുകാരും. ഹിറ്റ്ലർ ഉപയോഗിച്ച വാക്ക് ബോൾഷെവിക്കുകൾ എന്നാണ്. ആ കാലത്ത് ബോൾഷെവിക്കുകൾ എന്നാണ് അവിടെ കമ്മ്യൂണിസ്റ്റുകാർ അറിയപ്പെട്ടിരുന്നത്. അതുകൊണ്ട് യഹൂദരെയും ബോൾഷെവിക്കുകളെയുമാണ് ആഭ്യന്തര ശത്രുക്കളായി ഹിറ്റ്ലർ വിശേഷിപ്പിച്ചത്. ഇവിടെ എല്ലാ മതന്യൂനപക്ഷങ്ങളുടെയും പേര് പറഞ്ഞില്ല. പ്രധാന മതന്യൂനപക്ഷങ്ങളായ മുസ്ലീമിന്റെയും ക്രിസ്ത്യാനിയുടെയും പേര് പറഞ്ഞു അക്കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരെയും ചേർത്തു. അന്നുമുതൽ ആർ.എസ്.എസ്. സ്വീകരിക്കുന്ന മുസ്ലീം വിരുദ്ധതയുടെ ഭാഗമായി എന്തിനാണ് സി.പി.ഐ.(എം)-നെയും ഇ.എം.എസ്.-നെയും ചിത്രീകരിച്ചതെന്ന് ഒരു പിടിയും കിട്ടുന്നില്ല. ആർ.എസ്.എസ്.നെ ന്യായീകരിക്കാനുള്ള ശ്രമമായിപ്പോയി എന്നാണ് കാണാൻ കഴിയുന്നത്. ആർ.എസ്.എസ്.കാർ തല്ലിക്കൊലപ്പെടുത്തിയ സി.പി.ഐ.(എം)-ന്റെ ഒരു രക്തസാക്ഷിയെ അപമാനിക്കുന്ന രീതിയിൽ അദ്ദേഹം ഈ സഭാവേദിയിൽ സംസാരിക്കുകയുണ്ടായി. തല്ലിക്കൊല്ലുന്നതിന് നേതൃത്വം നൽകിയ ആർ.എസ്.എസ്.കാർപോലും ഉന്നയിക്കാത്ത ആരോപണം ബഹുമാന്യനായ പി.ടി.തോമസ് ഈ സഭാവേദിയിൽ ഉന്നയിക്കുന്നതാണ് കേട്ടത്. ഇവിടെ തലശ്ശേരി കലാപത്തിൽ പലർക്കും പലതും നഷ്ടപ്പെട്ടിട്ടുണ്ട്. വീട്, സ്വർണ്ണം, വസ്തുവകകൾ അങ്ങനെ വിലപിടിപ്പുള്ള പലതും നഷ്ടപ്പെട്ടവരുണ്ട്. എന്നാൽ ജീവൻ നഷ്ടപ്പെട്ടത് സി.പി.ഐ.(എം)-ന് മാത്രമായിരുന്നു. എങ്ങനെയാണത് സംഭവിച്ചത്? തലശ്ശേരി കലാപം കൊടുമ്പിരികൊണ്ട് നിന്നപ്പോൾ സമാധാനം പുനഃസ്ഥാപിക്കുന്നതിനു വേണ്ടി മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്ന് അന്ന് സി.പി.ഐ.(എം) ബഹുജനങ്ങളോട് ആഹ്വാനം ചെയ്തിരുന്നു. അന്ന് സി.പി.ഐ.(എം) പരസ്യമായി ഒരു പ്രസ്താവന പുറപ്പെടുവിച്ചിരുന്നത് 'മതസൗഹാർദ്ദം സംരക്ഷിക്കാൻ ആത്മാഹുതി ചെയ്തുപോലും രംഗത്തിറങ്ങുക' എന്നായിരുന്നു. സ്വന്തം ശരീരത്തിന് എന്ത് സംഭവിക്കുമെന്ന് ചിന്തിക്കാതെ വർഗ്ഗീയ കലാപത്തെ തടയുന്നതിനുവേണ്ടി ഇറങ്ങണം എന്നായിരുന്നു ആ ആഹ്വാനം. അതിന്റെ ഭാഗമായി നെരുവമ്പായി പള്ളി ഉൾപ്പെടെയുള്ള നിരവധി ആരാധനാല യങ്ങൾക്ക് മുന്നിൽ ആക്രമണം നടന്നുകൂടാ എന്ന ഉദ്ദേശ്യത്തോടെ സഖാവ് യു. കെ. കുഞ്ഞിരാമന്റെ നേതൃത്വത്തിലുള്ള വാളണ്ടിയർ മാർ കാവൽ നിൽക്കുകയായിരുന്നു. രാത്രിയായപ്പോൾ ആർ.എസ്.എസ്.കാർ നെരുവമ്പായി പള്ളി ആക്രമിക്കാനായി വന്നു. അവരോട് അവിടെ കാവൽ നിന്നവർ ഇങ്ങോട്ട് കടക്കാൻ പറ്റില്ലെന്ന് പറഞ്ഞു. കാവൽ നിൽക്കുന്ന വാളണ്ടിയർമാരെ കടന്നുമാത്രമേ ആക്രമണത്തിനായി പള്ളിയുടെ അടുത്തെത്താൻ കഴിയൂ. ഞങ്ങളുടെ ശരീരത്തിൽ കൂടി മാത്രമേ

പോകാൻ പറ്റുകയുള്ളൂവെന്ന് സഖാവ് യു. കെ. കുഞ്ഞിരാമൻ അവരോട് പറഞ്ഞു. ഞങ്ങളുടെ ശരീരത്തിൽക്കൂടി മാത്രമേ പോകാൻ പറ്റൂവെന്ന് പറഞ്ഞതിന്റെ അർത്ഥം ഞങ്ങളെയെല്ലാം വീഴ്ത്തിയതിനുശേഷം മാത്രമേ പോകാൻ പറ്റൂവെന്നാണ് എന്ന് വന്നവർക്ക് മനസ്സിലായി. അതിനുമാത്രം ശേഷി വന്നവർക്കു ണ്ടായിരുന്നില്ല. അതുകൊണ്ട് അവർക്ക് തിരിച്ചുപോകേണ്ടിവന്നു. അങ്ങനെ തിരിച്ചു പോയവർ സഖാവ് യു. കെ. കുഞ്ഞിരാമന്റെ വീട്ടിലേയ്ക്കുള്ള വഴിയിൽ നെരുവമ്പായിക്ക് അപ്പുറത്ത് നീർവേലിയിൽ പുലരുന്നതുവരെ കാവൽ നിന്നു. നേരം പുലർന്നുവരുന്ന സമയത്ത് സഖാവ് യു. കെ. കുഞ്ഞിരാമൻ പ്രഭാതകൃത്യങ്ങൾക്കായി വീട്ടിലേയ്ക്ക് പോകുകയായിരുന്നു. അങ്ങനെ വീട്ടിലേയ്ക്ക് പോകുന്ന വഴിക്കാണ് നീർവേലിയിലെ കവലയിൽവച്ച് അദ്ദേഹത്തെ ആർ.എസ്.എസ്.കാർ ആക്രമിക്കുന്നത്. ആ സംഭവം നടന്നത് പുലർന്നുവരുന്ന സമയത്താണ്. അത്തരത്തിൽ അത്യന്തം ഹീനമായ ആക്രമണത്തിലാണ് ആ സഖാവ് രക്തസാക്ഷിയാകുന്നത്. ആ സംഭവത്തെ ഒരു കള്ളുഷാപ്പിൽനിന്നും കള്ളുകുടിച്ച് അവിടെയുണ്ടായ തമ്മിലടിയിൽ മരണപ്പെട്ടതാണെന്ന് പറയാനുള്ള അത്യന്തം ഹീനമായ ബുദ്ധി എങ്ങനെയാണ് ശ്രീ. പി. ടി. തോമസിനുണ്ടായത്? എന്താണതിന്റെ യഥാർത്ഥ ഉദ്ദേശ്യം? യഥാർത്ഥത്തിൽ യു. കെ. കുഞ്ഞിരാമനെ അപമാനിക്കലല്ല, ആർ.എസ്.എസ്.നെ ന്യായീകരിക്കലാണ് ഉദ്ദേശ്യം. എന്തിനാണ് അങ്ങനെയൊരു നിലപാട് സ്വീകരിച്ചത്? ഇതുവരെ കോൺഗ്രസിലുള്ള ഏതെങ്കിലു മൊരാൾ ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ പറഞ്ഞിട്ടുണ്ടോ? അത് വളരെ ഖേദകരമായിപ്പോയി, അങ്ങേയറ്റം പ്രതിഷേധാർ ഹമായിപ്പോയി. ഇല്ലാത്ത കാര്യം രേഖയിലുണ്ടാക്കുക എന്നുപറയുന്നത് എത്രമാത്രം ചരിത്രവിരുദ്ധമാകും എന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. അങ്ങ് പരിശോധിച്ച് വേണ്ടതു ചെയ്യണം എന്നുകൂടിയാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ഞാൻ പറഞ്ഞതെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടിട്ടുണ്ടാകാം. തലശ്ശേരി വർഗ്ഗീയ കലാപമുണ്ടായപ്പോൾ പള്ളി സംരക്ഷിക്കാനുള്ള പരിശ്രമത്തിനിടയിൽ സഖാവ് കുഞ്ഞിരാമൻ മരണപ്പെട്ടു വെന്ന് ഞാൻ ഈ സഭയിൽ ഇപ്രാവശ്യം വന്നതിനുശേഷം ഏഴ് അംഗങ്ങൾ അവരുടെ പല പ്രസംഗങ്ങളിലും പറഞ്ഞു. ഞാൻ അതിനെ ഖണ്ഡിക്കാൻവേണ്ടി, തലശ്ശേരി കലാപം 1971 ഡിസംബർ 28 മുതൽ 31 വരെയാണ് നടന്നതെന്നും കുഞ്ഞിരാമൻ മരിച്ചത് ജനുവരി 5-ാംതീയതിയാണെന്നും ഇവിടെ പറയുകയുണ്ടായി. തലശ്ശേരി കലാപത്തെപ്പറ്റി അന്വേഷിക്കാൻ ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷൻ ഡിസംബർ 28 മുതൽ 31 വരെയുള്ള കാലാവധിവച്ച് 193 പേജുള്ള കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിനെ അധികരിച്ചുകൊണ്ട് 1972 ഫെബ്രുവരി 22-ന് ബഹുമാന്യനായ

ഇന്നത്തെ മുഖ്യമന്ത്രി അന്ന് സഭയിൽ നടത്തിയ പ്രസംഗത്തിന്റെ കോപ്പിയാണ് എന്റെ കയ്യിലിരിക്കുന്നത്. ഈ പ്രസംഗത്തിലാകട്ടെ, ജസ്റ്റിസ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ 529 എഫ്.ഐ.ആർ.-കൾ ചൂണ്ടിക്കാണിച്ചിരിക്കുന്നതിൽ കുഞ്ഞിരാമൻ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട എഫ്.ഐ.ആർ. ഇല്ല. 33 പള്ളികൾ ആ കലാപത്തിൽ തകർന്നു. 18 പള്ളികൾ സി.പി.ഐ.(എം) മാത്രമുള്ള പ്രദേശത്താണ് തകർന്നത്. അവിടെയൊന്നുമില്ലാത്ത, എഫ്.ഐ.ആർ.-ലോ കമ്മീഷൻ റിപ്പോർട്ടിലോ പരാമർശമില്ലാത്ത സഖാവ് കുഞ്ഞിരാമന്റെ അഞ്ച് ദിവസം കഴിഞ്ഞുള്ള മരണം എങ്ങനെയാണ് തലശ്ശേരി കലാപത്തിന്റെ ഭാഗമായി വന്നത് എന്ന കാര്യം സ്ഥാപിക്കാനാണ് ഞാൻ പ്രസംഗിച്ചത്. അങ്ങയുടെ പ്രസംഗത്തിലും അതില്ല. അതിനപ്പുറം കള്ളുകുടിച്ചു മരിച്ചുവെന്ന വാക്ക് എന്റെ പ്രസംഗത്തിലില്ല, കള്ളുഷാപ്പിൽ നടന്ന അടിപിടി എന്ന വാക്ക് ഞാൻ പറഞ്ഞിട്ടുണ്ട് എന്നുള്ളത് സത്യമാണ്. ഇതാണ് വസ്തുത. അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധരിച്ചതു പോലെയല്ല ഞാൻ പറഞ്ഞത്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ പ്രയോഗത്തിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതുണ്ടോ എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് നേരത്തേ റൂൾ ചെയ്തിട്ടുണ്ട്.

## ധനാഭ്യർത്ഥന നമ്പർ XXII

## നഗര വികസനം

<u>മി. സ്പീക്കർ</u>: സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, അബ്ദുൽ ഹമീദ് പി., കെ. സി. ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, കെ. എൻ. എ. ഖാദർ, എം. ഉമ്മർ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, മഞ്ഞളാംകുഴി അലി, പാറക്കൽ അബ്ദുല്ല, എ. പി. അനിൽ കുമാർ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു

20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. കെ. എൻ. എ. ഖാദർ
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 33 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, സി. മമ്മൂട്ടി, സണ്ണി ജോസഫ്, ടി. വി. ഇബ്രാഹിം, ഐ. സി. ബാലകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, കെ. എൻ. എ. ഖാദർ, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, മോൻസ് ജോസഫ്, പാറക്കൽ അബ്ദുല്ല, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, വി. ടി. ബൽറാം, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ് പി, റോഷി അഗസ്റ്റിൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ

3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ

27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു
37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ

51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. ജി. സുധാകരൻ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ഡോ. ടി. എം. തോമസ് ഐസക്
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ. പി. അനിൽ കുമാർ

8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. പി. കെ. ബഷീർ

13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

15. ശ്രീ. ഹൈബി ഈഡൻ

16. ശ്രീ. ടി. വി. ഇബ്രാഹിം

17. ശ്രീ. കെ. സി. ജോസഫ്

18. ശ്രീ. കെ. എൻ. എ. ഖാദർ

19. ഡോ. എം. കെ. മുനീർ

20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, കെ. എൻ. എ. ഖാദർ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, പാറക്കൽ അബ്ദുല്ല, മഞ്ഞളാംകുഴി അലി, എം. ഉമ്മർ, റോഷി അഗസ്റ്റിൻ, ടി. വി. ഇബ്രാഹിം, സി. മമ്മൂട്ടി, അബ്ദുൽ ഹമീദ് പി, എൻ. എ. നെല്ലിക്കുന്ന്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. പി. വി. അൻവർ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ

13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. മുരളി പെരുനെല്ലി
36. ശ്രീ. സി. കെ. നാണു

37. ശ്രീ. എം. നൗഷാദ്
38. ശ്രീ. യു. ആർ. പ്രദീപ്
39. ശ്രീ. എ. പ്രദീപ് കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീമതി യു. പ്രതിഭ ഹരി
42. ശ്രീ. പുരുഷൻ കടലുണ്ടി
43. ശ്രീ. പി. ടി. എ. റഹീം
44. ശ്രീ. എം. രാജഗോപാലൻ
45. ശ്രീ. കെ. രാജൻ
46. ശ്രീ. എസ്. രാജേന്ദ്രൻ
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. കാരാട്ട് റസാഖ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. സി. കെ. ശശീന്ദ്രൻ
58. ശ്രീ. പി. കെ. ശശി
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്

61. ശ്രീ. ബി. സത്യൻ

62. ശ്രീ. എ. എൻ. ഷംസീർ

63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

64. ശ്രീ. ജി. സുധാകരൻ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. അടൂർ പ്രകാശ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. കെ. എൻ. എ. ഖാദർ
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. കെ. എം. ഷാജി
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവില 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 13-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.29-ന് പിരിഞ്ഞു.)